# ബോധശാസ്ത്രം

# Awarology

*മരണം യാഥാർത്ഥ്യമല്ല എന്ന്*
*തെളിയിക്കുന്ന ശാസ്ത്രം*

# വ്യക്തിബോധത്തിൽ നിന്ന് മഹാബോധത്തിലേക്ക്

*മാനസിക ദുഃഖത്തെ പൂർണ്ണമായും*
*ഇല്ലാതാക്കാൻ കഴിവുള്ള പുസ്തകം*

By
**The Master**

**Nansen School of Awarology and Neutral Life**
4/4 14-A, Vadakottathara, Kottathara P.O., Palakkad Dt, Kerala.
Pin 678581
Tel : +91 9496 520 103, 9496 520 108
web: www.awarology.org

Malayalam
**VYAKTHIBODATHIL NINNU MAHABODATHILEKKU**

By **THE MASTER**

**Typesetting** : Sindhu Ramdas Palluruthy

Cover Design : JB Graphics, Koratty

First Edition : 2017

Rs. 190/-

Copies : 1000

ISBN No :

Rights reserved to publishers

No Part of this book may be reproduced or transmitted in any form or by any means electronic or mechanical including photocopying or recording or by any information storage and retrieval system without permission in writing from Nansen School of Awarology and Neutral Life.

Publishers
**Nansen School of Awarology and Neutral Life**
4/414-A, Vadakottathara, Kottathara P.O.,
Palakkad Dt., Kerala. Tel : +91 9496 520 103, 9496 520 108
web: www.awarology.org

# അവതാരിക

ജീവിതം, അനുഭവങ്ങൾ കൊണ്ട് യാഥാർത്ഥ്യവും അറിവു കൊണ്ട് നശ്വരവുമാണ് എന്ന് ഒരുവനു തോന്നിയാൽ, ജീവിതം ദുസ്സഹമാകും. പരസ്പരം എതിരായി നിൽക്കുന്ന രണ്ട് സത്യങ്ങളെ ഒരുമിച്ച് ഉൾക്കൊള്ളാൻ ബുദ്ധിക്ക് സാദ്ധ്യമല്ല. അതിനാൽ മനുഷ്യർ അനുഭവമാകുന്ന ജീവിതത്തെ സ്വീകരിച്ച് അറിവായ ജീവിതത്തെ തള്ളിക്കളഞ്ഞു.

ആത്മീയനായാലും ഭൗതികനായാലും സ്ഥിതി ഒന്നു തന്നെ. നശ്വരമാണ് എന്ന അറിവിനെ തള്ളിയാലും യാഥാർത്ഥ്യമാണ് എന്ന അനുഭവത്തെ തള്ളിയാലും ജീവിതം ദുഃഖവും വേദനയും കൊണ്ട് ദുസ്സഹമാകും. കാരണം, അറിയുന്ന വ്യക്തിബോധം സത്യമാണ്. അത് ദേഹത്തെ പോലെ നശിച്ചു പോകുന്നതല്ല. ദേഹം, വേദനയെയും സുഖത്തെയും ബോധത്തിന് അനുഭവപ്പെടുത്തി കൊടുക്കുന്ന മാധ്യമം ആയതിനാൽ അതിന്റെ നിലനിൽപ്പ് മിഥ്യയാണെന്ന് ഉൾക്കൊള്ളാനും സാദ്ധ്യമല്ല. അതിനാൽ അനുഭവങ്ങളെ ജീവിത യാഥാർത്ഥ്യങ്ങളായി ന്യായീകരിക്കുന്ന യുക്തികൾക്ക് മനുഷ്യർ രൂപം നൽകി.

യുക്തി കൊണ്ട് സ്വയം സമാധാനിക്കാമെന്നല്ലാതെ നശ്വരതയെ യാഥാർത്ഥ്യം ആക്കാൻ സാദ്ധ്യമല്ല. അത് കേവല യാഥാർത്ഥ്യത്തിൽ നിന്ന് നമ്മെ കൂടുതലായി അകറ്റുകയും ചെയ്യും. അങ്ങിനെയായാൽ എല്ലാവരും ജീവിതം സുഖ-ദുഃഖ സമ്മിശ്രമാണെന്ന സത്യം സ്വീകരിക്കേണ്ടി വരും. അങ്ങിനെ സ്വീകരിച്ചവരിൽ ഒരു വിഭാഗം ദുഃഖവും വേദനയും ജീവിതത്തെ മിക്കവാറും കീഴടക്കുന്നതു കണ്ട് ആത്മഹത്യയും മയക്കു മരുന്നുകളും മദ്യവും ഒരു പോംവഴിയായി സ്വീകരിച്ചു. മറ്റൊരു വിഭാഗം ബുദ്ധിയും ആത്മീയതയും കൊണ്ട് ഇവയെ പല രീതിയിലും പരിഹരിക്കാൻ ശ്രമിച്ചു.

നിരന്തരമായ ദുഃഖവും വേദനയും നൈമിഷിക സന്തോഷവും സുഖവും താഴ്ന്ന ബോധത്തിന്റെ സ്വാഭാവികതയാണെന്ന് മനസ്സിലാക്കിയാൽ, അത് ഉപേക്ഷിച്ച് ഉയർന്ന ബോധത്തിൽ ശാശ്വതമായതും പരമാനന്ദവുമായ ഒരു നിലനിൽപ്പ് സാദ്ധ്യമാണോ എന്ന് അന്വേഷിക്കണം.

ജാഗ്രത്, തുരീയം എന്നീ രണ്ട് ബോധതലങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഈ ഭൂമിയിൽ ജീവിക്കുവാനുള്ള സാദ്ധ്യതയാണ് ഈ പുസ്തകം നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നത്. ബോധം ഖണ്ഡിക്കപ്പെട്ട് വ്യക്തിബോധം

ആയെന്നും അത് ചലിക്കുന്നു എന്നും വികാരങ്ങളിൽ ജീവിക്കുന്നു എന്നുമുള്ള അനുഭവത്തെ ജാഗ്രത് എന്നും; ബോധം അഖണ്ഢ-നിശ്ചല-നിസ്സംഗമാണെന്ന അനുഭവത്തെ തുരീയം എന്നും പറയുന്നു. അവയിൽ ഏത് സ്വീകരിച്ചാലും അത് ശരി തന്നെയാണ്. കാരണം ദേഹത്തിന്റെ സാന്നിദ്ധ്യം തുരീയം എന്ന ശുദ്ധ ബോധത്തെ ജാഗ്രത്തായി തോന്നിക്കുന്നു എന്നേയുള്ളു.

ഒരു ലക്ഷ്യവുമില്ലാത്ത ജീവിതത്തിനു വേണ്ടി ഏത് കഠിന വേദനയും സഹിക്കാൻ തയ്യാറാകുന്നവനു മുമ്പിൽ അറിവുകളും അനുഭവങ്ങളും മാത്രമല്ല ദൈവംപോലും തോറ്റു പോകും. ജീവിതം ഒരു വ്യക്തി-ബോധത്തിന്റെ അവകാശവും സ്വാതന്ത്ര്യവുമാണ്. പക്ഷെ, ആ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുമ്പോൾ വേദനയും ദുഃഖവും മരണശേഷവും തുടരുമെന്നു കൂടി അറിയേണ്ടതുണ്ട്.

ജീവിതത്തിന്റെ അർത്ഥം അന്വേഷിക്കുന്നു എന്ന് നടിക്കുന്ന ഒരു കൂട്ടം ആത്മീയ അന്വേഷകർ ഈ ഭൂമിയിലുണ്ട്. അവരിൽ ചിലർ സത്യം അന്വേഷിച്ച് സന്യാസിനി-സന്യാസികളായും മറ്റു ചിലർ സേവകരായും പിന്നെ ഒരു കൂട്ടർ അവധൂതന്മാരും ബ്രഹ്മചാരികളുമായി ഹിമാലയത്തിൽ പോലും ജീവിക്കുന്നു. മഞ്ഞു മൂടിയ ഹിമാലയവും സത്യവും തമ്മിൽ എന്താണ് ബന്ധമെന്ന് ഇതുവരെയും ആരും കണ്ടെത്തിയിട്ടുമില്ല.

സത്യം അഥവാ ദൈവം അഥവാ കേവല യാഥാർത്ഥ്യം (absolute reality) നിർവ്വചിക്കുവാനും ഭാഷ കൊണ്ട് ബോദ്ധ്യപ്പെടുത്തുവാനും അനുഭവിക്കുവാനും സാദ്ധ്യമല്ല എന്നാണ് പുരാതന കാലം തൊട്ടെ മനുഷ്യർ പറഞ്ഞു പരത്തുന്നത്. വെറും രണ്ട് മണിക്കൂർ കൊണ്ട് സത്യം എന്തെന്ന് ബോദ്ധ്യപ്പെടുത്താൻ ബോധശാസ്ത്രത്തിന് കഴിയും. അങ്ങിനെ **നാൻസെൻ സ്കൂൾ ഓഫ് എവേയ്റോളജി**യിൽ സത്യം അന്വേഷിച്ച് വന്നവരിൽ എല്ലാവരും അത് ബോദ്ധ്യപ്പെട്ട് പോകുകയും ചെയ്തു. പിന്നീട് അവരാരും ഒരിക്കൽ പോലും തിരിച്ചു വന്നില്ല. സത്യത്തെക്കുറിച്ചവരാരും എതിർപ്പും സംശയവും ഉന്നയിച്ചതുമില്ല. പിന്നെ, എന്തു കൊണ്ട് അവർ തിരിച്ചു വന്ന് ഞങ്ങൾക്ക് ദൈവത്തെ അനുഭവപ്പെടുത്തി തരണമെന്ന് ആവശ്യപ്പെട്ടില്ല? അവിടെയാണ് സത്യാനേഷകന്റെ തട്ടിപ്പ് പുറത്തു ചാടുന്നത്.

ദൈവത്തെ അന്വേഷിച്ച് പ്രത്യേക വസ്ത്രവും ഉത്തരീയവും ധരിച്ച് താടിയും വളർത്തി തോളിലൊരു സഞ്ചിയും തൂക്കി നടക്കുന്നവർ, കുടുംബ ജീവിതത്തെ അഭിമുഖീകരിക്കുന്നവരെക്കാളും ഭീരുക്കളും

മടിയന്മാരും സുഖലോലുപരുമാണ്. ഒരദ്ധ്വാനവും ചെയ്യാതെ മറ്റുള്ള വരുടെ സമ്പത്ത് സംഭാവനയായി സ്വീകരിക്കുന്ന ആധുനിക ഭിക്ഷ ക്കാരാണിവർ. ചമ്രംപടഞ്ഞിരുന്ന് ധ്യാനിച്ചാൽ മനസ്സ് നഷ്ടപ്പെടുമെന്നും ദൈവത്തെ അനുഭൂതികളായും നിറങ്ങളായും ഊർജ്ജമായും കുണ്ഡ ലിനി ശക്തിയായും അനുഭവിക്കാമെന്നും; മറ്റുള്ളവർക്ക് വേണ്ടി സേവനം ചെയ്താൽ ദൈവത്തിൽ എത്തിച്ചേരാമെന്നും ഇവർ പറഞ്ഞു പരത്തുന്നു. ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയുടെ വിഭ്രമ മതിഭ്ര മാനുഭവങ്ങളാണോ ഇവയെല്ലാമെന്ന് അവർ അന്വേഷിച്ചിട്ടില്ല. രാസവ സ്തുക്കളായ മയക്കു മരുന്നും മദ്യവും ഉപയോഗിച്ച് അനുഭൂതികളിൽ ലയിക്കുന്നവരും ഇതേ അനുഭവങ്ങൾ തന്നെയാണ് അനുഭവിക്കുന്ന ത്. ഇവ തമ്മിലുള്ള വ്യത്യാസം മനസ്സിലാകണമെങ്കിൽ അൽപമെങ്കിലും ബോധം ഉയർന്നേ പറ്റു.

താഴ്ന്ന ബോധത്തിലാണ് നാമെല്ലാം ജനിക്കുന്നത്. അതിനു കാരണക്കാരായ മാതാപിതാക്കൾക്ക് കുട്ടികളുടെ ബോധം വീണ്ടും താഴ്ത്തുവാനെ കഴിയുകയുള്ളു. പക്ഷെ, താഴ്ത്തുന്നുവെന്ന് അവർക്ക് തിരിച്ചറിയാൻ കഴിയുകയില്ല. കാരണം അവരുടെ ജീവിതാനുഭവങ്ങൾ അവരുടെയും ബോധത്തെ താഴ്ത്തുകയാണ് ചെയ്തത്. **ബുദ്ധിയോ ടൊപ്പം ബോധവും വളരുമെന്നത് തെറ്റായ ധാരണയാണ്.** അതിന്റെ തെളിവാണ് ബുദ്ധിയും വിദ്യാഭ്യാസവും കൂടുതലുള്ളവർ ഭീകരപ്രവർത്ത നങ്ങളും ലൈംഗിക കുറ്റകൃത്യങ്ങളും ആത്മഹത്യയും കൊലപാതക വുമെല്ലാം ചെയ്യുന്നത്. ഇവയെല്ലാം താഴ്ന്ന ബോധത്തിന്റെയും ഉയർന്ന ബുദ്ധിയുടെയും സ്വാഭാവിക പരിണാമമാണ്. സ്വാഭാവികതയ്ക്ക് പരി ഹാരം എളുപ്പമല്ല.

ഉയർന്ന ബോധം, ഉയർന്ന ബുദ്ധിയിൽ നിന്ന് എത്രമാത്രം വ്യത്യസ്തമാണെന്നും അതിന്റെ പിന്നിലുള്ള ആത്മീയ ഭൗതിക അനുഭ വങ്ങൾ എന്തെല്ലാമായിരിക്കുമെന്നും താഴ്ന്ന ബോധത്തിന്റെ പ്രശ്ന ങ്ങൾ എങ്ങിനെ പരിഹരിക്കപ്പെടുമെന്നുമാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

ബുദ്ധി,ബോധം,അവബോധം,മനസ്സ് ഇവയെല്ലാം എന്താണ് ? അവ തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാമാണ് ? ഇവ നാം വ്യക്തമായി മനസ്സിലാക്കിയിരിക്കണം, പ്രത്യേകിച്ച് വളർന്നു വരുന്ന തലമുറയ്ക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്ന മാതാപിതാക്കളും അദ്ധ്യാപകരും ആത്മീയ നേതാക്കളും. അല്ലെങ്കിൽ മനുഷ്യ സമൂഹത്തെയും മറ്റു ജീവജാലങ്ങ ളെയും മാത്രമല്ല പ്രകൃതിയെ തന്നെ നശിപ്പിച്ചു കളയുന്ന ഒരു തലമുറ ഉയർന്നു വരുന്നതിന് സാക്ഷിയാകേണ്ടി വരും.

ലോകം മുഴുവനുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫീസ് വാങ്ങി സ്വാർത്ഥതയായ വ്യക്തിത്വത്തെ വികസിപ്പിക്കാൻ പഠിപ്പിക്കുമ്പോൾ, ഈ സ്കൂൾ ഫീസ് നൽകി വ്യക്തിത്വത്തെ നശിപ്പിക്കുവാൻ പഠിപ്പിക്കുന്നു. വ്യക്തിബോധത്തിൽ നിന്നും വ്യക്തിത്വത്തെ ഇല്ലാതാക്കിയാൽ ശേഷിക്കുന്നത് ബോധമെന്ന സത്യം മാത്രമാണ്. ബോധം, ബുദ്ധിക്കു നൽകുന്ന വ്യക്തത സമൂഹത്തെ സമാധാനത്തിലും സന്തോഷത്തിലും സുഖത്തിലും സമ്പന്നതയിലും നിലനിർത്തുന്നു. കൃതയുഗത്തിന് സമാനമായ അത്തരം സമൂഹത്തിൽ സ്വാർത്ഥത മൂലമുള്ള ദാരിദ്ര്യവും ദുഃഖവും യുദ്ധവും അരാജകത്വവും അഴിമതിയും നിലനിൽക്കുകയില്ല. അങ്ങനെയുള്ള സമൂഹത്തെ നിലനിർത്താൻ നിയമങ്ങളുടെ ആവശ്യം പോലും വരികയില്ല.

മനുഷ്യരുടെ എല്ലാ വേദനകൾക്കും ദുഃഖത്തിനും സുഖത്തിനും സന്തോഷത്തിനും കാരണം കേവല യാഥാർത്ഥ്യം അഥവാ ദൈവം, അഥവാ ബോധം തിരിച്ചറിവും ശ്രദ്ധയും ഓർമ്മയും അനുഭവവുമായി താഴ്ന്നു പോകുന്നതു കൊണ്ടാണ്.

ബോധം ഒരു ദേഹത്തോട് അവബോധമായി ബന്ധപ്പെട്ടാൽ ആ നിമിഷം അത് വ്യക്തിബോധമായി അധഃപതിച്ച് ജാഗ്രത്തിൽ ഉണരുന്നു. അങ്ങിനെ ഉണ്ടാകുന്ന ഓരോ വ്യക്തിബോധവും തന്റെ നിലനിൽപ്പിനും സുഖത്തിനും ഊർജ്ജം ആവശ്യമാണെന്നും അത് നേടാൻ കർമ്മ പ്രാരബ്ധങ്ങൾ അനുഭവിക്കേണ്ടി വരുമെന്നും തിരിച്ചറിഞ്ഞാൽ സ്വാർത്ഥനായി മാറുന്നു. അങ്ങിനെ എല്ലാവരും ഊർജ്ജം ശേഖരിക്കുന്നതിൽ സ്വാർത്ഥരായി മാറിയാൽ അവിടെ സന്തോഷവും സുഖവും നൈമിഷികമായി മാറുകയും ദുഃഖവും വേദനയും അസ്സഹനീയമാകുകയും ചെയ്യും. കാരണം ഊർജ്ജം പണമായും സമ്പത്തായും മാറ്റി ശേഖരിക്കാൻ കഴിയുമെന്ന് എല്ലാവരും മനസ്സിലാക്കുന്നു.

അങ്ങിനെ ഏകമായ ബോധം ഓരോ ദേഹത്തിലും താൻ ഒരു പ്രത്യേക വ്യക്തിബോധമാണെന്ന അജ്ഞതയിൽ കുടുങ്ങി പോകുന്നു. ജ്ഞാനേന്ദ്രിയങ്ങൾ നൽകുന്ന നിലനിൽപ്പിന്റെ അനുഭവങ്ങൾ സത്യമാണെന്ന് തെറ്റിദ്ധരിക്കുന്ന കാലത്തോളം ദേഹം മരിച്ചാലും വ്യക്തിബോധത്തിന് മരിക്കാൻ കഴിയുകയില്ല. ഈ പ്രശ്നം ആധുനിക മനുഷ്യൻ ഗൗരവമായി എടുത്തേ പറ്റു.

കേവല യാഥാർത്ഥ്യത്തിൽ നിന്നും ഭ്രമം കൊണ്ടുണ്ടാക്കപ്പെട്ട ആപേക്ഷിക യാഥാർത്ഥ്യത്തിലേക്ക് ഉണരുമ്പോൾ ബോധം തന്റെ സത്വം

(identity) മറന്നു പോകുന്നു. ഈ മറവിയെ ഇല്ലാതാക്കി തിരിച്ച് കേവല യാഥാർത്ഥ്യത്തിലേക്ക് പോകാൻ എളുപ്പം കഴിയുകയില്ല. അതായത് ബോധം, ദേഹപദാർത്ഥത്തോട് വീണ്ടും വീണ്ടും ചേർന്ന്, ജനിക്കുന്നു മരിക്കുന്നു എന്ന് അനുഭവിച്ചു കൊണ്ടിരിക്കും. വ്യക്തിബോധത്തിന്റെ ഈ മരണമില്ലായ്മ ശാസ്ത്രീയമായി തെളിയിക്കാൻ കഴിയുന്നതാണ്. ഉറക്കമുണരാൻ 8 മണിക്കൂർ ആവശ്യമാണെങ്കിൽ മരണം കഴിഞ്ഞ് പുതിയ ദേഹത്തിൽ ഭ്രമിച്ച് ഉണരാൻ ഏകദേശം 5-6 വർഷം വേണ്ടി വരുമെന്നേയുള്ളു. ഉറക്കമുണർന്നാൽ, താൻ പഴയ വ്യക്തിയാണെന്ന അനുഭവം, മരണം കഴിഞ്ഞ് ഉണർന്നാൽ താൻ ആദ്യമായി ജനിച്ച വ്യക്തി എന്ന അനുഭവം. അത്രയ്ക്ക് വ്യത്യാസമേയുള്ളു. എന്നാൽ വേദനയുടെയും ദുഃഖത്തിന്റെയും കാര്യത്തിൽ കാര്യമായ വ്യത്യാസമൊന്നും ഉണ്ടാകുകയില്ല. വ്യക്തിബോധത്തിൽ നിന്നും വ്യക്തിത്വത്തെ നശിപ്പിച്ച് ബോധത്തെ അതിന്റെ സ്രോതസ്സിൽ ലയിപ്പിക്കുന്നതിനെയാണ് മോക്ഷം അഥവാ നിർവ്വാണ അഥവാ നിത്യജീവൻ എന്ന് പറയുന്നത്.

വ്യക്തിത്വത്തിന് ആധാരമായ വികാരങ്ങൾ ഇല്ലാതായാൽ ജീവിതത്തിന് അർത്ഥമില്ല എന്നാണ് ആധുനിക സമൂഹം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത്. വ്യക്തിത്വം ഇല്ലാതാക്കി ബോധത്തിൽ ഉയർന്നവരല്ല ഇത് പ്രചരിപ്പിച്ചത് എന്നോർക്കണം. വ്യക്തിബോധത്തിൽ നിന്ന് വ്യക്തിത്വം നശിപ്പിക്കപ്പെട്ടാൽ ബാക്കിയാകുന്ന ബോധം പരമാനന്ദ സുഖമായും സന്തോഷമായും മരണംവരെയും മരണശേഷവും നിലനിൽക്കുമോ എന്ന് ഇന്നുവരെ ആരും പരീക്ഷിച്ച് നോക്കിയിട്ടില്ല. അതിനൊരു ശാസ്ത്രീയ മാർഗ്ഗം കണ്ടെത്തിയിട്ടുമില്ല. മനസ്സിനെ ഇല്ലാതാക്കുന്നതിനെക്കുറിച്ച് വേദാന്തങ്ങൾ പറയുന്നുണ്ടെങ്കിലും ആധുനിക മനുഷ്യന് മനസ്സിലാകുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ അതിലില്ല.

നാൻസെൻ സ്കൂൾ ഓഫ് എവേയ്റോളജി അത്തരം ഒരു സ്കൂളിന്റെ തുടക്കമാണ്. ഉയർന്ന ബോധത്തിൽ അദ്വൈതാനുഭവത്തിൽ സമാധാനത്തിലും സന്തോഷത്തിലും സുഖത്തിലും സമ്പന്നതയിലും മുന്നൂറ്റി അറുപത്തഞ്ചേകാൽ ദിവസവും നിലനിൽക്കുന്നത് എങ്ങനെയെന്നും; ജനന-മരണ ഭ്രമങ്ങളിൽ നിന്ന് പുറത്തുവരാൻ ശാസ്ത്രീയമായി എങ്ങനെ കഴിയുമെന്നുമാണ് ഈ സ്കൂൾ തെളിയിക്കുന്നത്.

സംവാദത്തിന്റെ രൂപത്തിലാണ് ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. സ്വന്തം **അസ്തിത്വത്തെ**ക്കുറിച്ച് ഒരു അവധൂതൻ ബോധ

ശാസ്ത്രത്തിന്റെ **മാസ്റ്ററോട്** ചോദിക്കുന്ന 104 ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളുമാണ് ഇതിലെ വിഷയം. ലളിതമായ സത്യത്തെ ലളിതമായി തന്നെ പ്രതിപാദിക്കുന്നതിനു വേണ്ടിയാണ് ഈ മാർഗ്ഗം സ്വീകരിച്ചിരിക്കുന്നത്. എല്ലാ മനുഷ്യരിലും തിരിച്ചറിവും ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളുമായി വിളങ്ങുന്ന ബോധം; തുരീയമെന്ന അവസ്ഥയിലുള്ള അഖണ്ഢ-നിശ്ചല-നിസ്സംഗമായ ബോധം; ദൈവമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ അത് ദൈവമാണെന്ന് ആർക്കും ഇതുവരെ അനുഭവപ്പെട്ടതായി തെളിവുകളില്ല. അത്തരം അറിവുകൾ വേദാന്തങ്ങളിലും ഉപനിഷത്തുക്കളിലും ഉണ്ടെന്ന് കാണാം. എന്നാൽ ബോധത്തെ ദൈവമായി അനുഭവിക്കാൻ കഴിയാതിരുന്ന ജ്ഞാനികൾ വ്യാഖ്യാനങ്ങളും ആസ്വാദനങ്ങളും എഴുതി അവയുടെ അന്തഃസത്ത നശിപ്പിച്ച് അപഹാസ്യമാക്കി കളഞ്ഞു. വരും തലമുറകളെ സത്യം ബോധ്യപ്പെടുത്തുന്ന ഇത്തരം അറിവുകളുടെ പദാനുപദ തർജ്ജമയാണ് നമുക്കാവശ്യം. അവയെ വ്യാഖ്യാനിക്കുന്നതും ആസ്വാദനമാക്കുന്നതും ക്രിമിനൽ കുറ്റമായി സമൂഹം കാണണം.

ലളിതമായ ഒന്നിനെ സങ്കീർണ്ണമായ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ ശ്രമിച്ചാൽ, ലളിതമായത് സങ്കീർണ്ണമായി പോകുമെന്നു മനസ്സിലാക്കണം. ബുദ്ധി എത്രത്തോളം സങ്കീർണ്ണമാകുന്നുവോ അത്രത്തോളം ബോധം താഴ്ന്നു പോകുന്നു. അതാണ് ഈ പുസ്തകം വ്യക്തമാക്കാൻ ശ്രമിക്കുന്നത്

ദി മാസ്റ്റർ

---


ഗ്രന്ഥകാരൻ

## മാക്സി ഡിക്കോസ്റ്റ

1954-ൽ കൊച്ചിയിൽ ജനനം. ഭൗതിക ശാസ്ത്രത്തിൽ ബിരുദം. 44-ാമത്തെ വയസ്സിൽ സ്വന്തം **അസ്ഥിത്വ**ത്തെക്കുറിച്ച് അന്വേഷണം ആരംഭിച്ചു. 15 വർഷത്തെ പരീക്ഷണ നിരീക്ഷണങ്ങളിൽ നിന്ന് ബോധശാസ്ത്രമെന്ന ശാസ്ത്രശാഖയുടെ അടിസ്ഥാന നിയമങ്ങൾ കണ്ടെത്തി. ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ദൈവത്തെ അനുഭവിപ്പിക്കുക എന്നതാണ് ബോധശാസ്ത്രത്തിന്റെ ലക്ഷ്യം.

അദ്ധ്യായം ഒന്ന്

# നിഷേധിക്കാൻ കഴിയാത്ത സത്യം

1. **അവധൂതൻ:-** വികാരങ്ങളിൽ നിസ്സംഗനും യുക്തിയിൽ വസ്തുനിഷ്ഠതയുള്ളവനും നന്മയ്ക്കും തിന്മയ്ക്കും അതീതനായവനും കടങ്ങളും കടപ്പാടുകളും മമതാബന്ധങ്ങളും ഇല്ലാത്തവനും പൂർണ്ണ സ്വതന്ത്രനും സ്വന്തം അദ്ധ്വാനഫലത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവനും അദ്വൈത അനുഭവിയുമായ ഗുരുവിനു പ്രണാമം.

വ്യാജ ഗുരുക്കന്മാരാലും ആൾദൈവങ്ങളാലും ആത്മീയ ശാസ്ത്രങ്ങളാലും വഴി തെറ്റിക്കപ്പെട്ട് അനേക വർഷങ്ങൾ സത്യം അന്വേഷിച്ച് അലഞ്ഞു തിരിഞ്ഞ എന്നെ അങ്ങയുടെ അടുക്കൽ എത്താൻ ഇടയാക്കിയ, എന്റെ ഉള്ളിൽ വിളങ്ങുന്ന ബോധസ്വരൂപനായ ദൈവത്തിനു നന്ദി. ദക്ഷിണയായി വയ്ക്കാൻ ആത്മാർത്ഥമായ ഒരന്വേഷകന്റെ ഹൃദയമല്ലാതെ മറ്റൊന്നും എന്റെ പക്കലില്ല. സ്വീകരിച്ചാലും നിഷേധിച്ചാലും ഇവിടം വിട്ടു പോകാൻ മറ്റൊരിടവുമില്ല. സ്വീകരിക്കുംവരെ കാത്തു നിൽക്കും.

**മാസ്റ്റർ:-** നീ ആരാണ് ? എന്ത് സത്യമാണ് നീ അന്വേഷിക്കുന്നത്?

2. **അവധൂതൻ:-** മതവും ജാതിയും വർഗ്ഗവും നാമവുമെല്ലാം ജന്മം കൊണ്ടു ലഭിച്ചതാണെന്ന് യുക്തി കൊണ്ടു മനസ്സിലാക്കിയ ഒരു സാധാരണ മനുഷ്യൻ. വേദനയും ദുഃഖവും കൊണ്ടു നിറഞ്ഞതും തിരഞ്ഞെടുക്കാൻ കഴിയാത്തതുമായ ജീവിതം ആരാണു നൽകിയത് ? എന്തിനു നൽകപ്പെട്ടു? മറ്റു ജീവജാലങ്ങൾക്ക് നൽകപ്പെടാത്തതും എന്നാൽ മനുഷ്യനു മാത്രം നൽകപ്പെട്ടതുമായ ബോധം എന്താണ് ? ജനന-മരണങ്ങളുടെ അർത്ഥം എന്ത് ? എന്നീ സത്യങ്ങളാണ് അന്വേഷിക്കുന്നത്.

അനേക വർഷത്തെ ധ്യാനവും അന്വേഷണവും എന്നെ ജ്ഞാനിയാക്കുകയും കുറെ അതീന്ദ്രിയ അനുഭവങ്ങൾ ലഭിക്കുകയും ചെയ്തെങ്കിലും ബോധവും ദേഹവും രണ്ട് എന്ന അദ്വൈത അനുഭവത്തിന്റെ പൂർണ്ണ സ്വാതന്ത്ര്യവും (മോക്ഷം) പരമാനന്ദവും അനുഭവമാകാത്തിടത്തോളം അവ കൊണ്ട് പ്രയോജനമില്ല എന്ന് മനസ്സിലാക്കി. മനസ്സ് തിന്മയിൽ നിന്ന് അൽപ്പം നന്മയിലേക്ക് മാറി, 'മഹാത്മ' ചമഞ്ഞു എന്നല്ലാതെ മനസ്സിന്റെ അസ്വസ്ഥതയും നിലനിൽപ്പിന്റെ പ്രാരബ്ധങ്ങളും അവസാനിക്കുന്നതായി കാണുന്നില്ല.

അജ്ഞത നീങ്ങിയാൽ മാനസിക ദുഃഖം നീങ്ങിയേക്കാം പക്ഷെ, ശാരീരിക വേദനയ്ക്ക് അത് പരിഹാരമല്ല. അതിനാൽ ശാരീരിക വേദനയാണ് മനുഷ്യന്റെ ഏറ്റവും അടിസ്ഥാന പ്രശ്നമെന്ന് ഞാൻ മനസ്സിലാക്കി. ജ്ഞാനത്തിൽ പാപം ചെയ്യാതെ നിഷ്കാമകർമ്മിയായി ജീവിച്ചാൽ മരണ ശേഷം സ്വർഗ്ഗവും മോക്ഷവും ലഭിക്കുമെന്ന് മതങ്ങളും; ബ്രഹ്മത്തെ ഉപാസിച്ചാൽ ബ്രഹ്മമായി മാറാമെന്ന് വേദാന്തങ്ങളും പഠിപ്പിക്കുന്നു. മരണ ശേഷമുള്ള ഒരു സ്വർഗ്ഗവും മോക്ഷവും ബ്രഹ്മവും എനിക്കാവശ്യമില്ല. ജീവിച്ചിരിക്കെ നിർവ്വാണ അഥവാ ജീവന്മുക്തി എന്ന മോക്ഷാവസ്ഥ ഉണ്ടെന്നും അതിന് ജ്ഞാനവും ധ്യാനവും പോലും തടസ്സമാണെന്ന് 'അഷ്ടാവക്ര ഗീത' എന്ന വേദാന്ത കൃതിയിൽ നിന്ന് എനിക്ക് ബോദ്ധ്യമായി. എന്നാൽ ജ്ഞാനവും ധ്യാനവും പോലും ആവശ്യമില്ലാതെ ബോധത്തിലുയരാനും ബോധവും ദേഹവും രണ്ട് എന്ന അനുഭവത്തിലേക്ക് ഉണരാനുമുള്ള മാർഗ്ഗം അങ്ങേയ്ക്കല്ലാതെ മറ്റാർക്കും അറിയില്ല എന്ന് മനസ്സിലാക്കിയതു കൊണ്ടാണ് അങ്ങയുടെ പാദങ്ങളിൽ ഞാൻ ശരണപ്പെടുന്നത്. ജനന-മരണങ്ങളിൽ നിന്നുള്ള മോചനത്തിന്റെ രഹസ്യം എന്നെ അനുഭവപ്പെടുത്തിയാലും.

**മാസ്റ്റർ:-** ഈ ലോകത്തുള്ള എല്ലാ ജീവജാലങ്ങളും ശാരീരിക വേദനകൾ അനുഭവിക്കുന്നുണ്ട്. മനുഷ്യരിൽ കുറേ പേർ മാംസ ഭോജികളായതു കൊണ്ടു തന്നെ ജീവജാലങ്ങളുടെ വേദന ഇരട്ടിക്കുന്നു. ശാരീരിക വേദന നിലനിൽപ്പിന്റെ ഭാഗമാണെന്നാണ് എല്ലാ മതങ്ങളും പഠിപ്പിക്കാൻ ശ്രമിക്കുന്നത്. പിന്നെ നിനക്കുമാത്രം ശാരീരിക വേദന എങ്ങിനെ ഒരു പ്രശ്നമായി?

**3**. അവധൂതൻ:- വേദനയെക്കുറിച്ചുള്ള എന്റെ ഗവേഷണത്തിൽ നിന്ന് ഞാൻ ചില കാര്യങ്ങൾ കണ്ടെത്തുകയുണ്ടായി. മനുഷ്യനൊഴിച്ചുള്ള ഒരു ജീവിയും വേദന അനുഭവിക്കുന്നു എന്ന് അറിയുന്നവരല്ല. അബോധത്തിൽ ജീവിക്കുന്ന ജീവജാലങ്ങൾക്ക് വേദന നിലനിൽപ്പിന്റെ ഉൾപ്രേരണ (instinct) മാത്രമാണ്. അല്ലാതെ അനുഭവമല്ല. അതിന്റെ ഏറ്റവും വലിയ തെളിവാണ് അവരിൽ ദുഃഖവും ആത്മഹത്യയും ഭ്രാന്തും ഇല്ല എന്നത്. മനുഷ്യനൊഴിച്ചുള്ള ജീവജാലങ്ങൾക്ക് സ്ഥല-കാല ബോധത്തെ ഓർമ്മ കൊണ്ട് കോർത്തിണക്കാനുള്ള കഴിവില്ല. അവബോധം ഇല്ലാത്തതാണ് അതിന്റെ കാരണം. ബോധം അവബോധമായി നിൽക്കുന്ന മനുഷ്യനിൽ മാത്രമെ വേദന ഭ്രാന്ത് പിടിപ്പിക്കുന്ന അനുഭവമായി മാറാറുള്ളു.

**മാസ്റ്റർ:-** വേദന ഭ്രാന്ത് പിടിപ്പിക്കുന്ന അനുഭവമാണെങ്കിലും ബോധമാണ് വേദന അനുഭവിക്കുന്നത് എന്നതിന് എന്താണ് തെളിവ് ?.

4. **അവധൂതൻ:-** കല്ലിൽ തലയടിച്ച് വീണ് 3 മാസത്തോളം ഓർമ്മ നഷ്ടപ്പെട്ട ഒരാളെ എനിക്കറിയാം. ഈ കാലയളവിൽ അയാൾ ഒരു സാധാരണ മനുഷ്യനെപ്പോലെ ഒരു പ്രത്യേക സംവിധാനത്തിൽ ജീവിക്കുകയും ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും എല്ലാ പ്രാഥമിക ആവശ്യങ്ങളും സ്വയം നിറവേറ്റുകയും മുറിവിന്റെ വേദന അനുഭവിക്കുന്നു എന്ന് പ്രകടിപ്പിക്കുകയും ചെയ്യുകയുണ്ടായി. നാലാം മാസം ബോധം തിരിച്ചറിവായി വീണ്ടും വരികയും ചെയ്തു. ഈ രീതിയിൽ ഓർമ്മ നഷ്ടപ്പെട്ട് വീണ്ടും ഓർമ്മയിലേക്ക് തിരിച്ചു വന്നവരാരും തങ്ങൾ ഒരു തരത്തിലുള്ള വേദനയും അനുഭവിച്ചിരുന്നുവെന്ന് സമ്മതിക്കുന്നില്ല. ബോധം തിരിച്ചറിവായും ഓർമ്മയായും ബുദ്ധിയോട് ബന്ധപ്പെട്ടില്ലെങ്കിൽ വേദന അനുഭവമാകുന്നത് മറ്റൊരു രീതിയിലാണെന്ന് ഈ സംഭവം തെളിവ് നൽകുന്നു. അതിനാൽ മനുഷ്യന്റെ ദുഃഖവും വേദനയും വളരെ പ്രസക്തമായി മാറുന്നു.

**മാസ്റ്റർ:-** ഓർമ്മശക്തിയും അനുഭവവും കൊണ്ട് എല്ലാവരും ജ്ഞാനിയാകാൻ ശ്രമിക്കുകയും പാശ്ചാത്യ ശാസ്ത്രജ്ഞർ പോലും ധ്യാനത്തെ മോക്ഷമാർഗ്ഗമെന്ന് അംഗീകരിക്കാൻ തുടങ്ങുകയും ചെയ്യുന്ന ഈ ലോകത്ത് ജ്ഞാനവും ധ്യാനവും വേണ്ടെന്ന് വയ്ക്കാൻ ആരെങ്കിലും ശ്രമിക്കുമോ ?

5. **അവധൂതൻ:-** ചെറുപ്പം മുതലെ അജ്ഞാനമാണ് മനുഷ്യരുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന് പഠിപ്പിക്കപ്പെട്ടിരുന്നു. അങ്ങിനെ എന്റെയും മറ്റുള്ളവരുടെയും അജ്ഞാനത്തെയും പാപത്തെയും തിന്മകളെയും കുറിച്ച് ആഴത്തിൽ പഠിച്ചു. അപ്പോഴാണ് ഇവയെല്ലാം മനുഷ്യരുടെ വെറും സങ്കൽപ്പങ്ങളാണെന്ന് മനസ്സിലായത്. നിലനിൽപ്പിന്റെ ആഗ്രഹങ്ങളിൽ പരസ്പരം ഇടപെടുമ്പോൾ മാത്രമാണ് ഇവയ്ക്കെല്ലാം അർത്ഥം ഉണ്ടെന്ന് തോന്നുന്നത്.

ബോധം തിരിച്ചറിവായും ഓർമ്മയായും നിൽക്കുന്ന മനുഷ്യരെല്ലാവരും ജ്ഞാനികളാണ്. പണ്ഢിതനും പാമരനും ധനികനും ദരിദ്രനുമെല്ലാം അവരവരുടെതായ തിരിച്ചറിവിന്റെ ജ്ഞാനത്തിലാണ് ജീവിക്കുന്നത്. ഒരാൾക്ക് ശരിയായത് അപരന് തെറ്റെന്ന് തോന്നുന്നതും ഒരാൾ അറിയുന്നത് മറ്റൊരാൾ അറിയാത്തതും അജ്ഞാനമാണെന്ന് പറയുന്നത് ഓരോരുത്തരുടെയും ആഗ്രഹങ്ങളുടെയും സങ്കൽപ്പങ്ങളുടെയും വ്യത്യാസം കൊണ്ടാണ്.

ബോധം തിരിച്ചറിവായി നിലനിൽക്കാത്ത ജീവജാലങ്ങൾക്കു മാത്രമെ അജ്ഞാനമുള്ളു. ജ്ഞാനത്തിൽ നിന്നാണ് അജ്ഞാനബോധവും ദുഃഖവും പാപബോധവും തിന്മബോധവും കർമ്മഫലവും അനുസരണക്കേടുമെല്ലാം രൂപം കൊണ്ടത്. വ്യക്തിബോധം **'ഞാൻ'** എന്ന് അഹങ്കരിക്കുകയും **'എന്റേത്'** എന്ന് ചിന്തിക്കുകയും ചെയ്യുന്നത് കൊണ്ടാണ് മാനസിക ദുഃഖം ഉണ്ടാകുന്നത്. വിവാഹം കഴിക്കാത്തതുകൊണ്ട് എന്റേതെന്ന് ചിന്തിക്കാൻ ഒന്നുമുണ്ടായിരുന്നില്ല, ബാക്കിയുണ്ടായിരുന്നവയെ നിഷ്പ്രയാസം എനിക്ക് തള്ളിക്കളയാനും കഴിഞ്ഞു. അതോടെ ഞാൻ ദുഃഖമുക്തനായ ഒരു അവധൂതനായി.

ദുഃഖമുക്തൻ സ്വാഭാവികമായും കൂടുതൽ ജ്ഞാനിയാണ്. സ്വന്തം അഹങ്കാരവും മമതാബന്ധങ്ങളുടെ വികാരങ്ങളും കളയാൻ വേദാന്ത പഠനത്തിന്റെയും മത-തത്വശാസ്ത്രങ്ങളുടെയും ആവശ്യമില്ല. സ്വന്തം മനസ്സിന്റെ വികാര - വിചാരങ്ങളെ ഒന്നു ശ്രദ്ധിച്ചാൽ മാത്രം മതി.

ജ്ഞാനം തനിയെ തെളിയേണ്ട മനസ്സിൽ വ്യക്തിബോധത്തെ അഹങ്കാരമായി വളർത്തിയതും വിവാഹത്തിന് പ്രേരിപ്പിച്ച് മമതാബന്ധങ്ങളിൽ അടിമയാകാനും പഠിപ്പിച്ചത് എന്റെ മാതാപിതാക്കളും അദ്ധ്യാപകരും സമൂഹവുമാണെന്ന് ഇപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങിനെ യഥാർത്ഥ ജ്ഞാനം സ്വാഭാവികമായി വളരേണ്ട എന്നിൽ അജ്ഞതയുടെ വികാരാനുഭവങ്ങളെ വളർത്തി പിന്നീട് അതില്ലാതാക്കാൻ നന്മ, സ്നേഹം, സേവനം, അനുകമ്പ എന്നിവ ദൈവീക മൂല്യങ്ങളായി ഉപയോഗിക്കാൻ ആവശ്യപ്പെടുന്ന ഈ സമൂഹവും മതങ്ങളും ആത്മീയ ശാസ്ത്രങ്ങളുമെല്ലാം മനുഷ്യരെ കബളിപ്പിക്കുകയാണ്.

ആയിരക്കണക്കിന് തലമുറകളിലായി ഇതാവർത്തിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. മനുഷ്യ വംശത്തിന്റെ നിലനിൽപ്പിന്റെ ഒരു വലിയ രഹസ്യമാണിത്. ഈ രഹസ്യം സൂക്ഷിക്കുന്നത് ആത്മീയ ഗുരുക്കന്മാരും ആൾദൈവങ്ങളും പുരോഹിതരുമാണെന്ന് വ്യക്തമായി. മാതാപിതാക്കളും അദ്ധ്യാപകരും ഇക്കാര്യത്തിൽ നിരപരാധികളാണ്. കാരണം അവരും എന്നെ പോലെ പഠിപ്പിക്കപ്പെട്ടവരാണ്.

ജ്ഞാനികൾ സമൂഹത്തിന്റെ വ്യക്തിബോധത്തെ വളർത്തുന്നതിന് നൂതന വിദ്യാഭ്യാസ സമ്പ്രദായങ്ങൾ കൊണ്ടു വരും. സ്വയം ബ്രഹ്മചാരികളും അല്ലാത്തവരുമായ ഇവർ മറ്റുള്ളവരെ വിവാഹം ചെയ്യുവാനും പ്രത്യുൽപ്പാദനം നടത്തുവാനും ശക്തമായ മമതാബന്ധങ്ങൾ വളർത്തുവാനും പ്രേരിപ്പിക്കും. അതിനാവശ്യമായ ആരാധന-സാധന രീതികൾ സംസ്ക്കാരമായും ആചാരാനുഷ്ഠാനങ്ങളായും വളർത്തിയെടുക്കും.

അജ്ഞതയെ ഇങ്ങനെ നിലനിർത്തിയാലെ ജ്ഞാനത്തെ ഉപയോഗിച്ച് ചൂഷണം ചെയ്യാൻ കഴിയുകയുള്ളു എന്നതാണ് ഇതിന്റെ അടി

സ്ഥാന തത്വം. അഹങ്കാരവും മമതാബന്ധങ്ങളും ഉപേക്ഷിച്ച് ദുഃഖമുക്തനായ ഞാൻ ശാരീരിക വേദനയിൽ തളർന്നു പോയി. വിശപ്പു പോലും രോഗമാണെന്നും അതിന്റെ മരുന്നാണ് ആഹാരമെന്നും മനസ്സിലാക്കിയതോടെ വിദേഹമുക്തിയുടെ രഹസ്യം അന്വേഷിക്കാൻ തുടങ്ങി. അതിന് സ്വായത്തമാക്കിയ ജ്ഞാനം പോലും തടസ്സമാണെന്ന് മനസ്സിലാക്കി.

ധ്യാനത്തിലൂടെ മോക്ഷം നേടാമെന്ന് വേദാന്തങ്ങൾ പറയുന്നുണ്ടെങ്കിലും മോക്ഷത്തിന്റെ നിർവ്വചനം അവ്യക്തമാണെന്ന് കാണാം. പരമാർത്ഥജ്ഞാനം നേടുന്നതിനെയാണ് വേദാന്തങ്ങൾ മോക്ഷം, നിർവ്വാണ, ബോധോദയം എന്നെല്ലാം പറയുന്നത്. ഇനി ഒന്നും അറിയാൻ ബാക്കിയില്ല എന്ന അറിവിനെ അഥവാ ജീവനും ബ്രഹ്മവും ഒന്നു തന്നെ എന്നുള്ള ജ്ഞാനത്തെയാണ് പരമാർത്ഥ ജ്ഞാനമെന്ന് അതിൽ കൊടുത്തിരുക്കുന്നത്.

ഒരു വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകകരിക്കുന്നതിനെയാണ് ധ്യാനം എന്ന് പറയുന്നത്. ധ്യാനം കൊണ്ട് മനസ്സ് ശക്തമാകുകയും ശക്തമായ മനസ്സ് അതീന്ദ്രിയ അനുഭവങ്ങൾ നൽകുന്നതുമായാണ് ഇത്തരം ധ്യാനം ചെയ്യുമ്പോൾ മനസ്സിലാകുന്നത്. മോക്ഷത്തിന്റെ നിർവ്വചനവും അതിലേക്കുള്ള മാർഗ്ഗവും പരസ്പര വിരുദ്ധങ്ങളാണെന്ന് കാണാം.

എന്തെങ്കിലും അറിയാനുണ്ടെന്ന് തോന്നുന്നവനെ ഇനിയൊന്നും അറിയാൻ ബാക്കിയില്ല എന്ന് തോന്നുകയുള്ളൂ. നശ്വരമായ ഈ പ്രപഞ്ചത്തിൽ എന്തെങ്കിലും അറിയാനുണ്ടെന്ന് എനിക്ക് ഇതുവരെ തോന്നിയിട്ടില്ല. അപ്പോൾ ഞാൻ പരമാർത്ഥ ജ്ഞാനിയാണ്. മോക്ഷം എന്താണെന്നുള്ള അറിവും എനിക്കുണ്ട്, എന്നാൽ മോക്ഷം എന്തെന്ന് ഇതുവരെ എനിക്ക് അനുഭവമായിട്ടില്ല.

ജീവിച്ചിരിക്കെ മോക്ഷാനുഭവമുള്ള ഒരു ഗുരുവിനു മാത്രമെ മോക്ഷത്തിന്റെ രഹസ്യം എന്തെന്ന് പഠിപ്പിക്കാൻ കഴിയുകയുള്ളൂ. ആ രഹസ്യം അറിയുന്ന ഗുരുവിന്റെ പ്രത്യേകതയും ഞാൻ കണ്ടെത്തി. അതെല്ലാം അങ്ങിൽ സത്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു.

**മാസ്റ്റർ:-** നിനക്ക് അകത്തേക്ക് വരാം. ബോധത്തിന്റെ സാന്നിദ്ധ്യമാണ് ദുഃഖത്തിനും വേദനയ്ക്കും കാരണമെന്ന് മനസ്സിലാക്കിയ നിന്റെ ബോധം ജ്ഞാനിയെക്കാളും ഏറ്റവും വലിയ ബുദ്ധിമാനെക്കാളും അൽപം ഉയർന്നതാണ്. ജനന-മരണങ്ങളുടെ രഹസ്യം അറിയാൻ യോഗ്യനായ ശിഷ്യനാണ് നീ, നിനക്ക് ചോദ്യങ്ങൾ തുടരാം.

**6. ശി:-** എല്ലാവരിലും തിരിച്ചറിവായി നിൽക്കുന്ന ബോധം, ചിന്തകളെ ദുഃഖമായും ശരീരക്ഷതങ്ങളെ വേദനയായും അനുഭവപ്പെടുത്തുന്നു. ഈ ബോധം ജീവിച്ചിരിക്കെ നഷ്ടപ്പെട്ടാൽ ദുഃഖത്തിൽ നിന്നും വേദനയിൽ നിന്നും മുക്തനാകുമെന്നത് യുക്തിയും അനുഭവവുമാ

ണ്. ദേഹം മരിക്കുന്നതോടെ വിദേഹമുക്തനാകുകയും ദേഹം വീണ്ടും എടുക്കാതിരുന്നാൽ മോക്ഷമെന്ന ഏറ്റവും ഉയർന്ന ബോധത്തിൽ എത്തുമെന്നും ഞാൻ മനസ്സിലാക്കുന്നു. അതിനുള്ള മാർഗ്ഗം ഉപദേശിച്ചാലും.

**മാസ്റ്റർ:-** നീ എന്താണ് ചോദിക്കുന്നതെന്ന് നിനക്കറിയില്ല. തിരിച്ചറിവു നഷ്ടപ്പെട്ടാൽ ജ്ഞാനവും അതുകൊണ്ട് ദുഃഖവും ഇല്ലാതായേക്കാം. ഈ അവസ്ഥയാണ് ഭ്രാന്ത്, സ്വയം ഭ്രാന്തനായി നിലനിന്നു മരിച്ചാൽ വിദേഹമുക്തിയും മോക്ഷവും കിട്ടുമെന്ന് നിന്നോടാരാണ് പറഞ്ഞത് ? അതിന്റെ യുക്തി എന്താണ് ? അല്ലെങ്കിൽ നീ അങ്ങിനെ സ്വയം സങ്കൽപ്പിച്ചതാണോ ?

**7. ശി:-** എന്റെ വിശേഷ ബുദ്ധിയെന്നറിയപ്പെടുന്ന ബോധമാണ് എല്ലാ ദുഃഖങ്ങൾക്കും വേദനകൾക്കും കാരണമെന്ന് എന്നെ ബോദ്ധ്യപ്പെടുത്തിയത് എന്റെ നിദ്രാവസ്ഥയാണ്. ഗാഢനിദ്രയിൽ ഞാൻ പരമാനന്ദ സുഖം അനുഭവിച്ചിരുന്നു എന്ന് ഉണരുമ്പോൾ എനിക്ക് മനസ്സിലാകുന്നു. അങ്ങിനെയെങ്കിൽ ആ നിദ്രാവസ്ഥ എന്നെന്നേയ്ക്കുമായി നീണ്ടു പോകുന്നത് മോക്ഷമാണെന്നത് യുക്തിയുക്തമായ അറിവാണ്. അതിനാൽ എന്റെ ചോദ്യം അർത്ഥവത്താണ്.

**മാസ്റ്റർ:-** ജീവിതത്തിൽ ദുഃഖവും വേദനയും മാത്രമല്ല, സന്തോഷവും സുഖവും ഭംഗിയുമുണ്ട്. സുഖ-ദുഃഖ സമ്മിശ്രമാകുമ്പോഴാണ് ജീവിതം അതിന്റെ പൂർണ്ണതയെ കൈവരിക്കുന്നത് എന്നാണ് ആത്മീയ ശാസ്ത്രങ്ങൾ പറയുന്നത്. ബോധത്തെ കൂടാതെ ജീവിതത്തെ വികാരഭരിതമാക്കാൻ സാദ്ധ്യമല്ല. വികാരങ്ങളില്ലെങ്കിൽ ജീവിതം വിരസമാണെന്നല്ലെ നിന്റെ അനുഭവം?

**8. ശി:-** സുഖവികാരങ്ങൾ നൈമിഷികവും ദുഃഖവികാരങ്ങൾ അനന്തവുമായാൽ, ബോധത്തിലുള്ള ജീവിതം അസ്സഹനീയമാകും. അതുകൊണ്ടാണ് നിലനിൽപ്പിന്റെ എല്ലാ സൗകര്യങ്ങളും ഉള്ളവർപോലും സുഖങ്ങൾ തേടി അലഞ്ഞു തിരിയുന്നതും മയക്കു മരുന്നുകളും മദ്യവും വേദന സംഹാരികളും വിനോദോപാധികളും ധ്യാനംപോലുള്ള ആത്മീയ സാധനകളും ഉപയോഗപ്പെടുത്തുന്നത്. എന്നാൽ ദുഃഖത്തെ അനുഭൂതികളിലൂടെ അവ താൽക്കാലികമായി അകറ്റുന്നു എന്ന് ധരിപ്പിച്ചിട്ട് പിന്നീടത് വീണ്ടും വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ബോധമില്ലാത്ത മറ്റു ജീവജാലങ്ങൾക്ക് നിലനിൽപ്പിന്റെ പ്രശ്നങ്ങളല്ലാതെ മറ്റ് പ്രശ്നങ്ങളൊന്നും തന്നെയില്ല.

അവധൂതനായി ജീവിക്കുന്ന എന്നെ സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന ജീവിതം പ്രശ്നരഹിതമാണ്. തീവ്ര വികാരങ്ങളൊന്നും എന്നെ കാര്യമായി സ്പർശിക്കുന്നുമില്ല. ഈ ജീവിതം ദുഃഖമുക്തമാക്കാൻ ഒരു പരിധിവരെ എനിക്കു കഴിഞ്ഞു. എന്നാൽ ശാരീരിക വേദ

നയെ സഹിക്കുവാൻ പലപ്പോഴും കഴിയുന്നില്ല. മാത്രമല്ല അൽപ്പം ഉയർന്ന എന്റെ ബോധം കണ്ടെത്തിയ ഒരു സത്യം എന്റെ ഉറക്കം കെടുത്തുന്നു. **ഈ ജീവിതം ഞാൻ എന്റെ ഇഷ്ടത്താൽ തിരഞ്ഞെടുത്തതല്ല. മറിച്ച് അത് സംഭവിച്ചതാണ്. 7-8 വയസ്സായപ്പോഴാണ് ഞാൻ നിലനിൽക്കുന്നു എന്നുതന്നെ ബോദ്ധ്യപ്പെട്ടത്.** അജ്ഞതയിൽ ജനിച്ച് ജ്ഞാനത്തിൽ സ്വാഭാവികമായി വളരേണ്ട എന്നിൽ സമൂഹവും പ്രകൃതിയും വാസന, സാധന, ആരാധനാദോഷങ്ങൾ വളർത്തി. അതിനായി അവർ പാപ ബോധവും അനുസരണക്കേടും തിന്മബോധവും നൽകി. അങ്ങിനെ അജ്ഞതയിൽ നിന്നും കൂടുതൽ അജ്ഞതയിലേക്ക് ഞാൻ അധഃപതിച്ചു. ഈ അജ്ഞത താങ്ങാനാവാത്ത ദുഃഖമായി മാറിയപ്പോൾ പുണ്യ ബോധവും അനുസരണവും നന്മബോധവും പ്രാർത്ഥനയും ഉപവാസവും ധ്യാനവും എല്ലാം ഉപയോഗിച്ച് പരിഹരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഇതുകൊണ്ടൊന്നും ദുഃഖം മാറിയില്ല അത് വർദ്ധിക്കുകയെ ചെയ്തുള്ളു.

അങ്ങിനെ മനസ്സിന്റെ അസ്വസ്ഥത താങ്ങാനാവാതെവന്നപ്പോൾ എല്ലാം ഉപേക്ഷിച്ച് വീടു വിട്ടിറങ്ങി പ്രകൃതിയോടിണങ്ങി ജീവിക്കാൻ പഠിച്ചു. 'ഞാൻ' എന്ന അഹങ്കാരവും 'എന്റേത്'എന്ന മമതാബന്ധങ്ങളും ഉപേക്ഷിക്കാൻ എന്നെ പഠിപ്പിച്ചത് പ്രകൃതിയും മറ്റു ജീവജാലങ്ങളും ആയിരുന്നു. അങ്ങിനെ ദുഃഖമുക്തിയിൽ എത്തിയ എന്നെ മാറാതെ നിൽക്കുന്ന ശാരീരിക വേദന വീണ്ടും ഉണർത്തി. വികാരങ്ങളിൽ നിസ്സംഗമായ മനസ്സ് ബോധത്തിന്റെ പരമാനന്ദം അനുഭവിച്ചെങ്കിലും ശാരീരിക വേദന ആ പരമാനന്ദത്തെ നശിപ്പിച്ച് വീണ്ടും മനസ്സിനെ വികാരങ്ങളിൽ ശക്തമായി തിരിച്ചു കൊണ്ടുവരികയാണ് ചെയ്തത്.

<u>ഇപ്പോഴുള്ള ജീവിതം തിരഞ്ഞെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇതിനു മുമ്പും ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നുവെന്നും മരണത്തിന് ശേഷവും വീണ്ടും ദേഹത്തിൽ പ്രത്യക്ഷപ്പെടുമെന്നതും ശാസ്ത്രീയ യുക്തിയാണ്.</u> ആ അറിവാണ് ദുഃഖമുക്തിയല്ല വിദേഹമുക്തിയാണ് യഥാർത്ഥ മോക്ഷമെന്ന് എന്നെ ബോദ്ധ്യപ്പെടുത്തിയത്. അല്ലെങ്കിൽ ഞാനും ഒരാൾദൈവമായി അധഃപതിച്ചു പോകുമായിരുന്നു.

എത്ര പരിശ്രമിച്ചിട്ടും വിദേഹമുക്തിയുടെ രഹസ്യം എനിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. ഈ ജന്മം നഷ്ടപ്പെട്ടു പോയാൽ ഇനി എത്ര ജന്മങ്ങൾ എങ്ങിന്നെയുള്ള ബുദ്ധിയിൽ കൂടി കടന്നു പോകുമ്പോഴാണ് ഇപ്പോഴുള്ള ഈ ജ്ഞാനം ലഭിക്കുന്നതെന്ന് നിശ്ചയിക്കാനും കഴിയുന്നില്ല.

**മാസ്റ്റർ**:- ഇതിനു മുമ്പ് ജനിച്ചിട്ടുണ്ടെന്നും ഇനി വീണ്ടും ജനിക്കുമെന്നും എന്താണ് തെളിവ് ? കർമ്മഫലം കൊണ്ട് പുനർജനിക്കുമെന്ന് വിശ്വസിക്കുന്നുണ്ടോ?

**9. ശി**:- ഇപ്പോൾ നിലനിൽക്കുന്ന ജീവിതം ഞാൻ തിരഞ്ഞെടുത്തതല്ല. അത് സംഭവിച്ചതാണ്. സംഭവങ്ങൾ, കാരണം അറിയാത്ത പ്രതിഭാസങ്ങളാണ്. അതിനാൽ വീണ്ടും അത് സംഭവിക്കുകയില്ല എന്ന് ശാസ്ത്രീയമായി പറയുക സാദ്ധ്യമല്ല. സംഭവിച്ചാൽ, അതിനെ തടയുവാനും കഴിയില്ല എന്ന് ഇപ്പോൾ നിലനിൽക്കുന്ന ജീവിതം തെളിവു നൽകുന്നു.

വീണ്ടും ജനിക്കുന്നതല്ല എന്നെ ഭയപ്പെടുത്തുന്നത്. ജനനത്തിലൂടെ ലഭിക്കുന്ന വ്യക്തിബോധം എത്ര സമ്പന്നവും ആരോഗ്യവുമുള്ള സാഹചര്യത്തിലായിരുന്നാലും വേദനയെ ഇല്ലാതാക്കാൻ സാദ്ധ്യമല്ല എന്ന സത്യമാണ് എന്നെ ഭയപ്പെടുത്തുന്നത്. അതിന് തെളിവായി എന്റെ ചുറ്റും കാണുന്ന കോടാനുകോടി മനുഷ്യർ അനുഭവിക്കുന്ന ദുഃഖങ്ങളും വേദനകളും എന്നെ ഭ്രാന്തു പിടിപ്പിക്കുന്നു. കാരണം അവരാരും അത്തരം ദേഹവും സാഹചര്യവും ബുദ്ധിയും സ്വയം തിരഞ്ഞെടുത്തവരല്ല.

പുനർ ജന്മത്തിലും അന്ത്യനാളിൽ ആത്മാക്കളുടെ ഉയർത്തെഴുന്നേൽപ്പിലും ഞാൻ വിശ്വസിക്കുന്നില്ല. അടിസ്ഥാനമില്ലാത്ത വിശ്വാസങ്ങൾ സ്വീകരിക്കുന്നത് ബുദ്ധി ശൂന്യതയാണ്.

പുനർജനിക്കുന്നത് ദേഹമല്ല. വ്യത്യസ്ത ജനിതക സ്വഭാവമുള്ള ദേഹപദാർത്ഥത്തിന് പുനർ ജനിക്കാൻ കഴിയുകയില്ലായെന്ന് ജനിതക ശാസ്ത്രം തെളിവു നൽകുന്നു. ദേഹപദാർത്ഥം നിലനിൽക്കുന്നതോ ഇല്ലാതാകുന്നതോ അല്ല എന്റെ പ്രശ്നം. ദേഹപദാർത്ഥത്തോട് ബോധം അവബോധമായി ലിങ്ക് ചെയ്ത് 'ഞാൻ' എന്ന വ്യക്തിബോധമായി അഥവാ ആത്മാവായി മാറുന്നതാണ് എന്റെ പ്രശ്നം.

ബോധമാണ് വ്യക്തിബോധമെന്ന ആത്മാവായി പുനർജനിക്കുന്നത് അല്ലാതെ ദേഹമല്ല. വ്യത്യസ്ത വ്യക്തിബോധമായി ഒരേഒരു ബോധം പല ദേഹങ്ങളിൽ പ്രത്യക്ഷപ്പെടുന്നു എന്ന് ഭ്രമിച്ചാൽ ആ ഭ്രമത്തിൽ നിന്നും പുറത്തു കടക്കുവാൻ എളുപ്പമല്ല കാരണം എന്താണ് ബോധം എന്നും എന്തു കൊണ്ടാണ് ബോധം ഭ്രമിക്കുന്നത് എന്നും പഠിപ്പിക്കുന്ന ഒരു ശാസ്ത്രവും മനുഷ്യർ കണ്ടെത്തിയിട്ടില്ല.

**മാസ്റ്റർ**:- ജാഗ്രത് ഭ്രമമാണെന്നും, പ്രപഞ്ചവും ജീവനുമെല്ലാം ഒരു വ്യക്തിയുടെ ബോധമണ്ഡലത്തിലെ വെറും നാമരൂപങ്ങൾ മാത്രമാണെന്നും വേദാന്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ സത്യം മനസ്സിലാക്കിയ ഏതൊരുവനും ഭ്രമത്തിൽ നിന്ന് പുറത്തു കടന്ന് മോക്ഷം പ്രാപിക്കാമെന്നും അതിൽ പറഞ്ഞിട്ടുണ്ട്.

### അദ്ധ്യായം രണ്ട്

## സൃഷ്ടി എന്ന ഭ്രമം

**10. ശി:-** അറിവും അനുഭവവും രണ്ടാണ്. ഏതൊരറിവും അനുഭവമാകണമെങ്കിൽ അതിനൊരു മാർഗ്ഗം ഉണ്ടാകും. ആ മാർഗ്ഗത്തിലൂടെ പരിശ്രമിച്ചാൽ മാത്രമെ അറിവ് അനുഭവമാകുകയുള്ളു. സൈക്കിളിന്റെ പ്രവർത്തനവും ഘടനയും മനസ്സിലാക്കിയതു കൊണ്ട് സൈക്കിൾ സവാരി ഒരനുഭവമാകുകയില്ല. ശരിയായ മാർഗ്ഗം കണ്ടെത്തി ആത്മാർത്ഥതയോടെ കഠിനാദ്ധ്വാനം ചെയ്ത് പരിശ്രമിച്ചാലെ ഏത് അറിവും അനുഭവമാകുകയുള്ളു. മാർഗ്ഗം യുക്തി ഇല്ലാത്തതും ബുദ്ധിക്ക് മനസ്സിലാകാത്തതും വിശ്വാസങ്ങളും ആണെങ്കിൽ എല്ലാ പരിശ്രമവും പാഴായിപ്പോകും. അതുകൊണ്ടാണ് യഥാർത്ഥ മോക്ഷം അനുഭവപ്പെടുത്തി കൊടുക്കുന്നതിൽ വേദാന്തങ്ങളും മതങ്ങളും പരാജയപ്പെട്ടത്.

ജനിക്കുന്നവൻ മരിക്കുമെന്നും മരിക്കുന്നവൻ വീണ്ടും ജനിക്കുകയില്ലായെന്നും എല്ലാവരുടെയും അറിവും അനുഭവവുമാണ്. എന്നാൽ നാം ആവശ്യപ്പെടാതെ ജന്മം സംഭവിക്കുമെങ്കിൽ മരണശേഷവും വീണ്ടും അത് സംഭവിക്കുകയില്ലായെന്ന് ശാസ്ത്രീയമായി പറയാൻ കഴിയുകയില്ലല്ലൊ.

ജനനവും മരണവും ഭ്രമമാണെന്ന് വേദാന്തങ്ങൾ പറയുന്നുണ്ടെങ്കിലും അത് ഭ്രമമാണെന്ന് അനുഭവപ്പെട്ടാൽ മാത്രമെ ജനന-മരണങ്ങളിൽ നിന്നും പുറത്തു കടന്നു എന്ന് ഉറപ്പിക്കാൻ കഴിയുകയുള്ളു. മരണ ശേഷമുള്ള ഒരവസ്ഥയാണ് മോക്ഷമെങ്കിൽ അത് തെളിയിക്കുവാൻ ഒരുകാലത്തും ഒരു ജന്മത്തിലും മനുഷ്യന് കഴിയുകയില്ല. അതുകൊണ്ടാണ് മോക്ഷം ഒരു വിശ്വാസമായി മാറിയത്.

<u>ലോകത്ത് ഇന്ന് നിലവിലുള്ള ഒരു മതവും ജീവിച്ചിരിക്കെയുള്ള ഒരു മോക്ഷാവസ്ഥയെക്കുറിച്ച് പറയുന്നില്ല.</u>

'അഷ്ടാവക്ര ഗീത' എന്ന വേദാന്ത കൃതിയിൽ അത്തരം ഒരു മോക്ഷാവസ്ഥയുടെ ലക്ഷണങ്ങൾ പറയുന്നുണ്ടെങ്കിലും അതിലേക്കുള്ള മാർഗ്ഗത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. ജീവിച്ചിരിക്കെ മോക്ഷാനുഭവമുള്ള ഒരാൾക്കു മാത്രമെ മരണ ശേഷവും ആ മോക്ഷാവസ്ഥ നിലനിൽക്കും എന്ന് ആധികാരികമായി പറയാൻ പറ്റുകയുള്ളു. തീർച്ചയായും അത്തരം

ഒരാൾക്കു മാത്രമെ മോക്ഷാനുഭവം മറ്റൊരാൾക്ക് നൽകാനും കഴിയുകയുള്ളു. അങ്ങ് ജീവിച്ചിരിക്കുന്ന ജീവന്മുക്തനാണെന്ന് എനിക്കുറപ്പുണ്ട്. അതിന്റെ തെളിവും ഞാൻ കാണുന്നു. അതിനാൽ ജനന-മരണ ഭ്രമങ്ങളിൽ നിന്ന് കേവല യാഥാർത്ഥ്യത്തിലേക്ക് ജീവിച്ചിരിക്കെ തന്നെ എന്നെ ഉണർത്തണമെന്ന് അങ്ങയോടപേക്ഷിക്കുന്നു.

**മാസ്റ്റർ:-** നീ ഇപ്പോൾ തന്നെ മോക്ഷാവസ്ഥയിലാണ്. എന്നാൽ ജനിതകമായി ലഭിച്ച വാസന, ആരാധന, സാധനാദോഷങ്ങളുടെ അനുഭവങ്ങളും; തിരിച്ചറിവു കൊണ്ട് നേടിയ ജ്ഞാനവും; സാഹചര്യങ്ങൾ ഉണ്ടാക്കുന്ന ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളുമാണ് നിന്റെ അദ്വൈതാനുഭവത്തെ അഥവാ മോക്ഷാനുഭവത്തെ ദ്വൈതാനുഭവമാക്കി അഥവാ ജാഗ്രത് ആക്കി മാറ്റുന്നത്.

11. **ശി:-** എന്താണ് ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ? ഈ വികാരാനുഭവങ്ങൾ എങ്ങിനെയാണ് ഞാൻ ദൈവമാണെന്ന എന്റെ അനുഭവത്തെ മറച്ചു പിടിക്കുന്നത്?

**മാസ്റ്റർ:-** അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിയും അവബോധവും കൊണ്ട് ഏതൊരു മനുഷ്യനും തിരിച്ചറിയാൻ കഴിയുന്ന ബോധമെന്ന സത്യത്തെ അഥവാ ദൈവത്തെ ചില രാസവസ്തുക്കൾ ഉപയോഗപ്പെടുത്തി അസത്യമെന്ന് അഥവാ ഇല്ലാത്തതെന്ന് തോന്നിപ്പിക്കുന്ന ശക്തി എന്താണോ അതിനെയാണ് ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളെന്ന് വിളിക്കുന്നത്.

അഞ്ച് ജ്ഞാനേന്ദ്രിയങ്ങളെ ഒരുമിച്ച് ഉപയോഗപ്പെടുത്തി പ്രപഞ്ചത്തേയോ വസ്തുക്കളെയോ ജീവനെയോ യഥാർത്ഥമെന്ന് തിരിച്ചറിഞ്ഞ് അനുഭവിക്കുന്നതിനെയാണ് ഭ്രമ വികാരാനുഭവം എന്ന് പറയുന്നത്. യാഥാർത്ഥ്യാനുഭവം ഏറ്റവും കൂടുതൽ ഈ അനുഭവത്തിനായിരിക്കും.

ഞാനും എന്റെ അച്ഛനും അമ്മയും ഭാര്യയും മക്കളുമാണ് ഏറ്റവും വലിയ യാഥാർത്ഥ്യമെന്നും മറ്റുള്ളവരും പ്രപഞ്ചവും ജീവജാലങ്ങളും ഞങ്ങളുടെ നിലനിൽപ്പിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്നുമുള്ള യാഥാർത്ഥ്യ ബോധമാണ് ഭ്രമവികാരാനുഭവം എന്ന് പറയുന്നത്.

സൃഷ്ടി-സ്ഥിതി-നാശം സത്യമെന്ന് വിശ്വസിക്കുന്ന ഒരുവനിൽ സാഹചര്യങ്ങൾ കൊണ്ടും മമതാബന്ധങ്ങൾ കൊണ്ടും തനിയെ ഉയർന്നു താഴുന്ന ദേഷ്യം, വെറുപ്പ്, പ്രതികാരം, സ്നേഹം, അനുകമ്പ, ദയ എന്നീ വികാരങ്ങളെയാണ് വിഭ്രമ വികാരാനുഭവങ്ങൾ എന്ന് പറയുന്നത്.

ഭ്രമ-വിഭ്രമ വികാരാനുഭവങ്ങൾ കൊണ്ടുണ്ടായ സ്വാർത്ഥതയും മമതാബന്ധങ്ങളും സമ്പന്നതയും സമാധാനവും തനിക്ക് അനുകൂലമായി വരണമെന്ന് പുറമെ നിൽക്കുന്ന ഒരു ശക്തിയോട് പ്രാർത്ഥിക്കുകയും അതിനെ ആരാധിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന അനുഭവത്തെയാണ് മതിഭ്രമ വികാരാനുഭവം എന്ന് പറയുന്നത്.

ഈ മൂന്ന് ഭ്രമാനുഭവങ്ങളും അനുഭവിക്കുന്നവനെ സംബന്ധിച്ച് യാഥാർത്ഥ്യാനുഭവങ്ങളാണെങ്കിലും സുഖകരവും സമ്പന്നവും സമാധാനപരവുമായ ജീവിതത്തെ സംബന്ധിച്ച് വിഭ്രമ മതിഭ്രമ വികാരങ്ങൾ കൊണ്ട് യാതൊരുവിധ പ്രയോജനവുമില്ല. എന്നാൽ ജീവിതകാലം മുഴുവനും ജീവിതത്തെ ദുഃഖവും വേദനയും കൊണ്ട് ശ്വാസം മുട്ടിക്കാനും വീണ്ടും ജന്മം ആവർത്തിക്കുന്നു എന്ന് ഭ്രമിപ്പിക്കുവാനും ഇവയ്ക്ക് കഴിവുണ്ട്.

ഭ്രമവികാരാനുഭവം എല്ലാവർക്കും ഒരുപോലെ ശാസ്ത്രീയമായി അനുഭവമാകുമെങ്കിലും വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ അശാസ്ത്രീയമായും വ്യത്യസ്ത രീതിയിലും മാത്രമെ എല്ലാവർക്കും അനുഭവപ്പെടുകയുള്ളു. ബുദ്ധിയുമായി ഈ വികാരങ്ങൾക്ക് കാര്യമായ ബന്ധമൊന്നുമില്ല. അതായത് ബുദ്ധിയുള്ളവനെയും ഇല്ലാത്തവനെയും വിഭ്രമ-മതിഭ്രമ വികാരങ്ങൾ ഒരുപോലെ ബാധിക്കും.

വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളുടെ പ്രോഗ്രാമുകൾ virtual ജീനുകളായി മനസ്സിലും ഭ്രമ-വികാരാനുഭവം real ജീനുകളായി ദേഹത്തിലും കോഡ് ചെയ്ത് വച്ചിരിക്കുന്നു. ഇവയുടെ പ്രവർത്തനമാണ് വാസന-സാധന-ആരാധനാദോഷങ്ങളായി മനുഷ്യരിൽ പ്രത്യക്ഷപ്പെടുന്നത്.

ഈ വികാരാനുഭവങ്ങളിൽ മതിഭ്രമ വികാരത്തെ അഥവാ ദൈവം പുറത്തോ അകത്തോ നിൽക്കുന്ന ശക്തിയാണെന്ന വിശ്വാസത്തെ ആധുനിക ഭൗതിക ശാസ്ത്രം കൊണ്ട് ഇല്ലാത്തതെന്ന് ആർക്കും തെളിയിക്കാൻ കഴിയും.

ബോധശാസ്ത്രപരമായ സൂക്ഷ്മമായ നിരീക്ഷണം കൊണ്ടും സാക്ഷിത്വം കൊണ്ടും വിഭ്രമ വികാരത്തെ നിസ്സംഗമാക്കാൻ കഴിയും.

ഈ രണ്ട് വികാരാനുഭവങ്ങൾക്കും സാക്ഷിയാകുന്ന ബോധം വ്യക്തിത്വം നഷ്ടപ്പെട്ട് സ്വയം ദൈവമെന്ന് അനുഭവിക്കും. ഈ അനുഭവത്തിന്റെ തുടക്കത്തെയാണ് ബോധോദയം, ആത്മസാക്ഷാത്ക്കാരം,

ഭ്രമാനുഭവം എന്നെല്ലാം പറയുന്നത്. ദേഹവും ബോധവും രണ്ടെന്ന അനുഭവത്തിന്റെ തുടക്കമാണിത്.

ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് തുരീയമെന്ന അഖണ്ഢ-നിശ്ചല -നിസ്സംഗമായ ബോധത്തിലേക്ക് വ്യക്തിബോധം സാവധാനം ഉണരാൻ തുടങ്ങുന്ന ആദ്യ ഘട്ടമാണിത്.

ജീവനും ജീവിതവും പ്രപഞ്ചാനുഭവവും വികാരാനുഭവങ്ങളെന്ന രാസ യാഥാർത്ഥ്യമാണെന്ന് അറിയണം. ഈ രാസവസ്തുക്കൾ ശരീരത്തിലും മനസ്സിലും എങ്ങിനെ ഉണ്ടാകുന്നുവെന്നും അവ ആപേക്ഷിക അനുഭവങ്ങൾ കൊണ്ട് നശ്വരതയെയും മായയെയും ഊർജ്ജാനുഭവങ്ങളെയും യഥാർത്ഥമെന്ന് ബോദ്ധ്യപ്പെടുത്തുന്നത് എങ്ങിനെയെന്നും സൂക്ഷ്മമായി മനസ്സിലാക്കണം.

ശാസ്ത്രീയമായ അറിവും സൂക്ഷ്മമായ ബുദ്ധിയും ശ്രദ്ധയും ശക്തമായ ഓർമ്മയും ഉപാധികൾക്കതീതമായ നിസ്സംഗതയും എല്ലാം ഈ രാസവസ്തുക്കളെ അറിയാനും ഇല്ലാതാക്കാനും എങ്ങിനെ ഉപയോഗപ്പെടുത്താമെന്ന് കണ്ടെത്തണം. അപ്പോൾ മാത്രമെ ബോധത്തെ മറച്ചു പിടിക്കുന്നതിന് ഈ രാസവസ്തുക്കൾക്കുള്ള പങ്ക് എന്തെന്ന് മനസ്സിലാകുകയുള്ളു.

വികാരങ്ങൾക്കും അവയുടെ രാസവസ്തുക്കൾക്കും സ്വയം നിർണ്ണയ ശേഷി ഉണ്ട്. അതായത് സ്വയം ഉണ്ടാകാനും ഇല്ലാതാകാനും അവയ്ക്ക് കഴിവുണ്ട്. അതിന് നമ്മുടെ അനുവാദമോ ചിന്തയോ ഇച്ഛാശക്തിയോ ആവശ്യമില്ല, എന്നുമാത്രമല്ല സങ്കൽപ്പത്തിനും ചിന്തയ്ക്കും ഇച്ഛയ്ക്കും ഈ രാസവസ്തുക്കളെ ഉണ്ടാക്കുവാനുള്ള കഴിവും ഉണ്ട്. എന്നാൽ അവയെ ഇല്ലാതാക്കാൻ ഇവയ്ക്കൊന്നിനും കഴിവുമില്ല. അതാണ് ഈ വികാരങ്ങൾ നേടിയ ഏറ്റവും പ്രധാനപ്പെട്ട വരം.

എന്തുകാരണം കൊണ്ടാണോ നാം വികാരത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത് അതേ കാരണം കൊണ്ട് തന്നെ അത് സ്വയം ഉണ്ടായികൊണ്ടിരിക്കും. ഇലക്ട്രോണിനെ കാണുവാൻ നാം ഉപയോഗിക്കുന്ന പ്രകാശ രശ്മിയുടെ ഊർജ്ജ കണങ്ങൾ കൊണ്ട് ഇലക്ട്രോണിന് തന്നെ സ്ഥാനഭ്രംശം ഉണ്ടാകുകയും കാഴ്ചയിൽ നിന്ന് അത് അപ്രത്യക്ഷമാകുകയും ചെയ്യുന്നതുപോലുള്ള ഒരു പ്രതിഭാസമാണിത് (വികാരങ്ങളെക്കുറിച്ചുള്ള പരീക്ഷണ നിരീക്ഷണങ്ങൾ കൂടുതൽ അറിയുവാനായി '**ബോധശാസ്ത്രത്തിന് ഒരു പാഠ പുസ്തകം**' എന്ന പുസ്തകം വായിക്കുക).

ധ്യാനവും ജ്ഞാനവും പോലും വികാരാനുഭവങ്ങളെയാണ് ഉണ്ടാക്കുന്നതെന്ന് നീ അറിയണം. അതുകൊണ്ടുതന്നെയാണ് നിനക്ക് ഈ ചോദ്യങ്ങൾ പോലും ചോദിക്കാൻ കഴിയുന്നത്. വികാരാനുഭവങ്ങൾ ഇല്ലാതായാൽ ധ്യാനാനുഭവങ്ങളും ജ്ഞാനവും അജ്ഞാനവും അപ്രത്യക്ഷമാകും. അതോടെ ചോദ്യങ്ങളും ഇല്ലാതാകും. അഷ്ടാവക്ര മുനി ധ്യാനത്തെയും ജ്ഞാനത്തെയും നിഷേധിക്കാൻ ജനക മഹാരാജാവിനെ ഉപദേശിക്കുന്നതിന്റെ രഹസ്യം ഇതാണ്.

12. **ശി**:- ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളെ ഇല്ലാതാക്കി ജനന-മരണ ഭ്രമങ്ങളിൽ നിന്നെങ്ങിനെ പുറത്തു കടക്കാം?

**മാസ്റ്റർ**:- മനുഷ്യവർഗ്ഗത്തിന്റെ ഉൽഭവം മുതലുള്ള ദൈവസങ്കൽപ്പങ്ങളാണ് വാസന,ആരാധന, സാധനാദോഷങ്ങളായി പരിണമിച്ച് ഇന്ന് നിന്നിലുള്ള വ്യക്തിബോധമെന്ന മനസ്സിനെ രൂപപ്പെടുത്തിയിരിക്കുന്നത്. സാഹചര്യങ്ങളനുസരിച്ച് തനിയെ ഉണരുന്ന ഇവയുടെ വിഭ്രമ, മതിഭ്രമ വികാരങ്ങൾ ചില രാസവസ്തുക്കളെ സൃഷ്ടിക്കുകയും ആ രാസവസ്തുക്കൾ മനസ്സിന് നൽകുന്ന അനുഭവങ്ങൾ യാഥാർത്ഥ്യമാണെന്ന് തോന്നിപ്പിക്കുകയും ഓരോ തലമുറകൾ കഴിയുന്തോറും പുതിയ പുതിയ സങ്കൽപ്പങ്ങൾ ഇവയോട് ചേർക്കപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്യും. അതുകൊണ്ടാണ് ഒരു മതവിശ്വാസിക്ക് മറ്റൊരു മതവിശ്വാസിയുടെ സങ്കൽപ്പങ്ങൾ സ്വീകരിക്കാൻ കഴിയാത്തത്. എല്ലാ മതക്കാരും വളർന്നു വരുന്ന തലമുറയിലേക്ക് അവരവരുടെ മതങ്ങളുടെ ഉറങ്ങിക്കിടക്കുന്ന ഈ വാസന,ആരാധന,സാധനാദോഷങ്ങൾ ഉണരാൻ തക്കവിധം നിർദ്ദേശങ്ങൾ നിർബന്ധമായി നൽകിക്കൊണ്ടിരിക്കുന്നു.

എല്ലാ പ്രപഞ്ചവസ്തുക്കളെയും ജീവനെയും മനുഷ്യനെയും ദൈവം സൃഷ്ടിക്കുകയും അവയെ ആസ്വദിച്ച് ജീവിക്കാനും ദൈവത്തെ നന്ദിയോടെ ആരാധിക്കുവാനും മനുഷ്യനെ തന്റെ ഛായയിൽ തന്നെ പ്രത്യേകം സൃഷ്ടിച്ചുവെന്നാണ് സെമറ്റിക് മതങ്ങളുടെ സങ്കൽപ്പം.

ബോധം ബ്രഹ്മമെന്ന ജീവശക്തിയായി പ്രപഞ്ചത്തെയും ജീവനെയും സൃഷ്ടിച്ചുവെന്നാണ് വേദാന്തങ്ങളുടെ സങ്കൽപ്പം. പ്രപഞ്ചവും ജീവനും എന്തുകൊണ്ടാണോ നിർമ്മിച്ചിരിക്കുന്നത് അതാണ് ദൈവം. ദൈവം ഒരു വ്യക്തിയല്ല, ശക്തിയും സൃഷ്ടിപരതയുമാണ്. സൃഷ്ടാവും സൃഷ്ടിയും ഒന്നു തന്നെ, ഇതാണ് വേദാന്തങ്ങൾ പ്രചരിപ്പിക്കുന്നത്.

ഈ സങ്കൽപ്പങ്ങളെല്ലാം ശരിയോ തെറ്റോ, യുക്തിക്കു നിരക്കുന്നതോ എന്നതല്ല പ്രശ്നം. ഇവയെല്ലാം സത്യമെന്ന് വിശ്വസിക്കുന്ന മനു

ഷ്യന്റെ മനസ്സ് പരിണാമ വിധേയമായാൽ ഇപ്പോൾ ലോകമെങ്ങിനെ നിലനിൽക്കുന്നുവോ അതുപോലെ തന്നെ എന്നും നിലനിൽക്കുകയും വേദനയും കഷ്ടതകളും വർദ്ധിക്കുകയും ജനന-മരണങ്ങൾക്ക് അതീതനാകാൻ കഴിയാതാകുകയും ചെയ്യും.

പ്രകൃതി ശക്തികളുടെ വൈവിദ്ധ്യവും ഭീമാകാരത്വവും ഭീകരതയും സങ്കീർണ്ണതയും അനിശ്ചിത സംഭവങ്ങളുമാണ് ഇവയെല്ലാം ദൈവത്തിന്റെ ശക്തിയായി കാണിക്കുന്ന തെളിവുകൾ. അത്തരം ഒരു ഏക ശക്തി നിലനിൽക്കുന്നു എന്ന് തെളിയിക്കുന്ന സമവാക്യം കണ്ടുപിടിക്കുന്ന തിരക്കിലാണ് ആധുനിക ഭൗതിക ശാസ്ത്രജ്ഞരും.

അനശ്വരനായ ദൈവത്തിൽ നിന്ന് നശ്വരമായ സൃഷ്ടിയുണ്ടാകുന്നത് യുക്തിക്ക് നിരക്കുന്നതല്ല എന്ന് ഇവരാരും ശ്രദ്ധിച്ചിട്ടില്ല. എന്നാൽ നശ്വരമായ സൃഷ്ടിയിൽ അനന്തമെന്ന് തോന്നിപ്പിക്കുന്ന ഊർജ്ജവും പദാർത്ഥങ്ങളും ജീവന്റെ വൈവിദ്ധ്യവും സങ്കീർണ്ണതയും കാണുമ്പോൾ ദൈവമെന്ന ഒരു അതിഭൗതിക ശക്തിയിൽ നിന്നല്ല ഇവ ഉണ്ടാകുന്നത് എന്ന് സങ്കൽപ്പിക്കാതിരിക്കാനും കഴിയുകയില്ല. ഇത് ഉത്തരമില്ലാത്ത വൈരുദ്ധ്യമാണെന്ന് തോന്നും. അതുകൊണ്ടാണ് എല്ലാ മതങ്ങളും വേദാന്തങ്ങളും ദൈവത്തെ അദൃശ്യ ശക്തിയായി പുരാതന കാലം മുതൽക്കേ ആരാധിക്കാൻ തുടങ്ങിയത്.

ശക്തിയും ഊർജ്ജവും ഒന്നു തന്നെയാണ്. അവ അദൃശ്യവുമാണ്. ദൈവത്തിൽ നിന്ന് ശക്തിയുണ്ടാകുന്നു എന്ന് സങ്കൽപ്പിച്ചാൽ ദൈവവും ശക്തിയും; അദൃശ്യവും, ദ്വന്ദവും, സ്വതന്ത്രവും ആകും. അനശ്വരനായ ദൈവത്തിൽ നിന്ന് ഉപയോഗിച്ചാലും ഇല്ലെങ്കിലും ഇല്ലാതായിപ്പോകുന്ന ഊർജ്ജം ഉണ്ടാകുന്നു എന്ന് തിരിച്ചറിഞ്ഞാൽ അത് യുക്തിക്ക് നിരക്കുന്നതല്ല. അനശ്വരതയിൽ നിന്ന് അനശ്വരതയല്ലാതെ മറ്റൊന്നും ഉണ്ടാകുകയില്ല. എന്നാൽ നശ്വരമായത് ഉണ്ടായിട്ടുണ്ടെങ്കിൽ അത് സ്വപ്ന സമാനമായ അനുഭവമായിരിക്കുമെന്ന് മനസ്സിലാക്കാൻ സാമാന്യ ബുദ്ധി മതി.

തെറ്റായ സൃഷ്ടിയുടെ ഈ സങ്കൽപ്പത്തിൽ നിന്നാണ് ഇല്ലാത്ത ഭ്രമ,വിഭ്രമ,മതിഭ്രമ വികാരങ്ങളും അനുഭവങ്ങളും ഉണ്ടായത്. കാരണം ഊർജ്ജമാണ് ജീവനെ നിലനിർത്തുന്നത് എന്നാണ് എല്ലാവരുടെയും അനുഭവം. അങ്ങിനെയെങ്കിൽ ഊർജ്ജം നൽകിക്കൊണ്ടിരുന്നാൽ ജീവൻ എന്നെന്നും നിലനിൽക്കണം. ജീവന്റെ സങ്കീർണ്ണത കൊണ്ട് ജീവൻ അതിഭൗതിക ശക്തിയായ ദൈവസൃഷ്ടിയാണെന്ന് മനുഷ്യർ

തെറ്റിദ്ധരിക്കുന്നു. ഊർജ്ജവും ജീവനും പ്രപഞ്ചവും ഭ്രമാനുഭവമാണെന്ന് മനസ്സിലാക്കിയാൽ അതിന്റെ സങ്കീർണ്ണത നഷ്ടപ്പെട്ടു പോകും. സങ്കീർണ്ണമായ ഒരു യന്ത്രം ഉണ്ടാക്കിയെന്ന് സ്വപ്നം കണ്ട് ഉണരുന്ന ഒരാൾ പിന്നീട് ആ സങ്കീർണ്ണത അന്വേഷിച്ച് പോകുകയില്ല.

സാധാരണ മനുഷ്യനെ സംബന്ധിച്ച് പണവും നിലനിൽപ്പിന്റെ സമ്പത്തുക്കളുമാണ് ഊർജ്ജമായി അനുഭവപ്പെടുന്നത്. അതിനാൽ സ്വന്തം ദേഹവും പ്രപഞ്ചവും നശിച്ചുപോകുന്നവയാണെന്ന് അറിഞ്ഞാലും ഭ്രമ, വിഭ്രമ, മതിഭ്രമ വികാരാനുഭവങ്ങൾ കൊണ്ട് അവ യാഥാർത്ഥ്യമാണെന്ന് അംഗീകരിച്ചു കൊണ്ടിരിക്കും. ഇതാണ് മനുഷ്യരുടെ ദുഃഖമായി പരിണമിച്ചത്.

തെറ്റായ സൃഷ്ടിയുടെയും ദൈവത്തിന്റെയും ഈ സങ്കൽപ്പങ്ങൾ പ്രോഗ്രാമായി നിന്റെ മനസ്സിലും ശരീരത്തിലും വച്ചിരിക്കുന്നതു കൊണ്ടാണ് നിനക്ക് ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഉണരാൻ കഴിയാത്തത്.

അഖണ്ഡ-നിശ്ചല-നിസ്സംഗ ബോധത്തിൽ സങ്കൽപ്പങ്ങൾ അഥവാ ചിന്തകൾ കൊണ്ടുവന്നാൽ ആ നിമിഷം ബോധത്തിന്റെ നിസ്സംഗത വിഭചിക്കപ്പെട്ട് വികാരങ്ങൾ ഉണ്ടാകും. വികാരങ്ങൾ രാസവസ്തുക്കളെ സൃഷ്ടിച്ച് അവ അനുഭവമാക്കും. രാസവസ്തുക്കൾ ഉണ്ടാക്കി കാണിക്കുന്ന അനുഭവത്തെയാണ് ജീവിതമെന്നും ജീവനെന്നും ജീവപദാർത്ഥമെന്നും പ്രപഞ്ചാനുഭവമെന്നും വിളിക്കുന്നത്.

ഈ രാസവസ്തുക്കളിൽ ഭ്രമവികാരം കൊണ്ടുണ്ടാകുന്ന രാസവസ്തുവാണ് ഏറ്റവും യാഥാർത്ഥ്യം കൂടിയ അനുഭവം നൽകുന്നത്. അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ട് ഇതനുഭവിക്കാമെന്നാണ് ഇതിന്റെ പ്രത്യേകത. അതായത് പഞ്ചസാരയെ തൊട്ട് മണത്ത് രുചിച്ച് കണ്ട് കേട്ട് അനുഭവിക്കാം. മറ്റൊരാളെ അതുപോലെ തന്നെ അത് ബോദ്ധ്യപ്പെടുത്തുകയും ചെയ്യാം.

എന്നാൽ വിഭ്രമ വികാരങ്ങളായ ദേഷ്യം,പ്രതികാരം,സ്നേഹം ഇവയെ ഇതുപോലെ ജ്ഞാനേന്ദ്രിയങ്ങൾ ഉപയോഗിച്ച് അനുഭവിക്കാൻ കഴിയുകയില്ല. കാരണം ഇവ ആന്തരിക അനുഭവങ്ങളാണ്.

മതിഭ്രമാനുഭവത്തെ ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കുന്നു എന്ന് തോന്നുമെങ്കിലും മറ്റൊരാളെ അത് അനുഭവപ്പെടുത്താൻ ഒരു കാരണവശാലും സാദ്ധ്യമല്ല. മരിച്ചുപോയ കാമുകിയെയോ ധ്യാനിക്കുന്ന ആൾദൈവത്തെയോ കുണ്ഡലിനിയുടെ ഊർജ്ജമോ ഒക്കെ ഇത്തര

ത്തിൽ സങ്കൽപ്പങ്ങൾ കൊണ്ട് ഒരാൾക്ക് ഉള്ളത് എന്ന് അനുഭവിക്കാം. എന്നാൽ ഈ അനുഭവം അനുഭവിക്കുന്നവന് മാത്രം സ്വന്തമായ ഒന്നാണ്. അതുകൊണ്ടാണ് ഈ അനുഭവത്തിന്റെ മൂർദ്ധന്യാവസ്ഥയെ സ്കീസോഫ്രേനിയ എന്ന മാനസിക രോഗമായി മനഃശ്ശാസ്ത്രം കണക്കാക്കുന്നത്.

ഇങ്ങനെ ബോധത്തിന്റെ സങ്കൽപ്പം മൂന്ന് രീതിയിലുള്ള ഭ്രമാനുഭവങ്ങളുടെ രാസവസ്തുക്കളായി മാറുമെങ്കിലും വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ രാസവസ്തുക്കൾ നൽകുന്ന അനുഭവങ്ങൾ ഒരാളുടെ സ്വകാര്യ അനുഭവമായിരിക്കും. അതുകൊണ്ടാണ് അത്തരം രാസവസ്തുക്കളെ virtual ഹോർമോണുകളെന്ന് ബോധശാസ്ത്രം വിളിക്കുന്നത്. അവ ഇന്ദ്രിയ അനുഭവമല്ലാത്ത ആന്തരിക അനുഭവങ്ങളാണ്.

ഭ്രമാനുഭവത്തിന്റെ രാസവസ്തുക്കൾ അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ടും വിഭ്രമ-മതിഭ്രമ അനുഭവത്തിന്റെ രാസസവസ്തുക്കൾ മനസ്സിന്റെ ഭാവനകളും ചിന്തകളും സംശയങ്ങളും ഭയവും കൊണ്ടുമാണ് ഉണ്ടാകുന്നത്.

അതായത് ഭ്രമാനുഭവത്തിന്റെ രാസവസ്തുക്കൾ ഭൗതിക വസ്തുക്കളെയും വിഭ്രമ-മതിഭ്രമാനുഭവത്തിന്റെ രാസവസ്തുക്കൾ മനസ്സിനെയും സൃഷ്ടിക്കുന്നു. ഭ്രമാനുഭവത്തിന്റെ രാസവസ്തുക്കൾ പൊസിറ്റീവും ഭൗതികവുമായതിനാൽ ദേഹവും ജീവനും പ്രപഞ്ചവും എല്ലാം കൂടുതൽ യാഥാർത്ഥ്യവും സ്ഥല-കാലങ്ങളിൽ ഉണ്ടായി നിലനിന്ന് മറയുന്നുവെന്ന് അനുഭവപ്പെടുന്നവയുമാണ്.

വിഭ്രമ-മതിഭ്രമാനുഭവത്തിന്റെ രാസവസ്തുക്കൾ ആന്തരീകവും virtual -ലുമായതിനാൽ അവ നെഗറ്റീവ് മാറ്ററിനെപ്പോലെ നിലനിൽക്കുന്നുവെന്ന് ഇന്ദ്രിയങ്ങൾ കൊണ്ട് കണ്ടുപിടിക്കാൻ കഴിയില്ലെങ്കിലും അനുഭവിക്കുന്നു എന്ന കാരണത്താൽ അതിന്റെ നിലനിൽപ്പ് അനുമാനിക്കാനും കഴിയും.

വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ കൊണ്ടുണ്ടായ മനസ്സ് അഥവാ വ്യക്തിബോധം അഥവാ ആത്മാവ് യാഥാർത്ഥ്യമാണെന്നത് വെറും തോന്നൽ മാത്രമാണ്. അതായത് വ്യക്തിത്വംvirtual ഹോർമോണുകളുടെ ഒരാവരണമാണെന്ന് കാണാം. ഈ ആവരണമാണ് അഖണ്ഢ-നിശ്ചല-നിസ്സംഗ ബോധത്തെ മറച്ചു പിടിക്കുന്നത്. ഏത് വിഭ്രമ-മതിഭ്രമ വികാരാനുഭവത്തിന്റെയും സ്രോതസ്സിൽ ചെന്നാൽ ഈ വികാരങ്ങൾ ജീവിതത്തിന് ആവശ്യമില്ലാത്തവയെന്ന് കണ്ടെത്താനും മനസ്സെന്ന ആവരണത്തെ നശിപ്പിക്കുവാനും കഴിയും.

പ്രതികാരം അനുഭവപ്പെട്ടാൽ ആ പ്രതികാരത്തിന്റെ സ്രോതസ്സിൽ ചെന്നാൽ പ്രതികാരത്തിന് കാരണം തന്റെ തന്നെ സ്വാർത്ഥതയാണെന്ന് കണ്ടെത്തും. അതോടെ പ്രതികാരം അപ്രത്യക്ഷമാകും. ഇനി ആരോടെങ്കിലും സ്നേഹമാണ് അനുഭവപ്പെടുന്നതെങ്കിൽ അതിന്റെ സ്രോതസ്സിൽ തന്റെ തന്നെ സ്വാർത്ഥതയുടെ തന്ത്രങ്ങൾ ഒളിഞ്ഞിരിക്കുന്നതായി കണ്ടെത്തും.

സ്വന്തം മക്കളെപ്പോലെ മറ്റു മക്കളെ സ്നേഹിക്കാൻ കഴിയാത്ത അമ്മയുടെ സ്നേഹമാണ് അറിയപ്പെട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സ്വാർത്ഥമായ സ്നേഹം. ഇതൊരു സത്യമാണെങ്കിലും ആരെങ്കിലും ഇത് അംഗീകരിക്കുമോ? അങ്ങിനെ പ്രതികാരത്തിന്റെയും സ്നേഹത്തിന്റെയും സ്രോതസ്സ് അംഗീകരിക്കാൻ കഴിഞ്ഞാൽ വിഭ്രമ വികാരങ്ങൾ നഷ്ടപ്പെട്ടു പോകും.

ദർശനത്തിൽ സത്യമായി അനുഭവിക്കുന്നതിനെ സ്പർശിച്ചു നോക്കിയാൽ അത് ഇല്ലാത്തതാണെന്ന് കണ്ടെത്താൻ കഴിയും. ഇനി സ്വന്തം ശരീരത്തിൽ ഒരു ദൈവീക അനുഭവം ഉണ്ടായാൽ അത് എന്നും നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. എന്നും നിലനിൽക്കുന്നുവെങ്കിൽ അത് ദൈവീകം തന്നെ. ഇടയ്ക്ക് വെച്ച് അത് ഇല്ലാതായാൽ തീർച്ചയായും അത് ഒരു മതിഭ്രമ അനുഭവമായിരിക്കും. മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങൾക്കും അസാധാരണമായ ധൈര്യവും ആത്മാർത്ഥതയും വേണം. മരണത്തെപ്പോലും അവഗണിക്കുന്ന ചങ്കൂറ്റവും സാഹസവും ഉണ്ടാകണം. അതില്ലാത്തതു കൊണ്ടാണ് നിന്റെ ബോധം ജനന-മരണ ഭ്രമങ്ങൾ സത്യമെന്ന് ധരിച്ച് ഒരു വ്യക്തിബോധമായി അധഃപതിച്ച് സത്യം അന്വേഷിച്ച് അലഞ്ഞു തിരിയുന്നത്.

**13. ശി**:- ഞാൻ ഒരു അവധൂതനാണ്, സ്വാഭാവികമായി വന്നു ചേരുന്നതിൽ ജീവിക്കുന്ന ബ്രഹ്മചാരിയാണ്. കടങ്ങളും കടപ്പാടുകളും ബന്ധങ്ങളും അന്ധവിശ്വാസങ്ങളും ആരാധന-സാധനാദോഷങ്ങളൊന്നും ഇല്ലാത്തവനുമാണ്. മരണത്തെ ഭയപ്പെടുന്നില്ല, അതിനാൽ വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളുടെ ആവരണം എന്നിൽ ഇല്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങിനെയെങ്കിൽ അദ്വൈതാനുഭവം എന്ന ഭ്രമാനുഭവം എനിക്കുണ്ടാകേണ്ടതല്ലേ? എന്തുകൊണ്ടാണ് അങ്ങിനെ സംഭവിക്കാത്തത്?

**മാസ്റ്റർ**:- നിന്റെ ചോദ്യത്തിൽ തന്നെ അതിന്റെ ഉത്തരവുമുണ്ട്. വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ ഇല്ലാ എന്ന് സങ്കൽപ്പിച്ചതു കൊണ്ടോ യുക്തി കൊണ്ട് സ്വയം ബോദ്ധ്യപ്പെട്ടതു കൊണ്ടോ അതി

നാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചതു കൊണ്ടോ മനസ്സ് അഥവാ വ്യക്തിബോധം എന്ന ആവരണം ഇല്ലാതാവുകയില്ല.

ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട്, തലമുറകളിലൂടെ വാസന-ആരാധന-സാധനാദോഷങ്ങളുടെ വികാരങ്ങളെ real-virtual ജീനുകളായി ദേഹ കോശങ്ങളിലും മനസ്സിലും പ്രോഗ്രാം ചെയ്തുവച്ചിരിക്കുകയാണ്. അവയെ ഉണർത്തുന്ന ചിന്തകളും സാഹചര്യങ്ങളും സങ്കൽപ്പങ്ങളും ഇല്ലാതാക്കിയാൽ അവ അവിടെ ഉറങ്ങിക്കിടക്കുമെന്നേയുള്ളു, ഇല്ലാതാവുകയില്ല. അതുകൊണ്ടാണ് അവയൊന്നും നിനക്കില്ല എന്ന് തോന്നുന്നത്. സാഹചര്യം വന്നാൽ അവയെല്ലാം ചാടി എഴുന്നേൽ ക്കുകയും താൻ യഥാർത്ഥ ബോധമല്ല വ്യക്തിബോധമാണെന്ന് അനുഭവിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യും. ലോകജനതയുടെ മൂന്നിലൊരു ഭാഗം സന്യാസിനി-സന്യാസികളും സത്യാന്വേഷികളുമാണ്. അവരെല്ലാം മനസ്സ് അനുഭവപ്പെടുത്തുന്ന ഇത്തരം മൂഢസ്വർഗ്ഗത്തിലാണ് ഇപ്പോഴും ജീവിക്കുന്നത്.

ബോധം മനസ്സായി മാറി, ബോധത്തെ തന്നെ ആവരണമായി മൂടിയെങ്കിൽ, ആ മൂടിക്ക് ദൈവത്തോളം ബുദ്ധിയും ശക്തിയും ഉണ്ടാകുമെന്നോർക്കണം.

ഉപാധികളൊന്നും ഇല്ലാത്ത ഒരു സത്യാന്വേഷണത്തിനല്ല നീ ഇറങ്ങിയിരിക്കുന്നത്. സത്യാന്വേഷണത്തിലൂടെ എന്തോ ലഭിക്കുമെന്നാണ് നീ ഇപ്പോഴും ധരിച്ചിരിക്കുന്നത്. ആ ധാരണ ചോദ്യത്തിൽ വ്യക്തമാണ്.

വികാരങ്ങളിലൂടെയുള്ള സുഖവും സന്തോഷവും മാത്രമെ മനസ്സ് നേട്ടമായി കണക്കാക്കുകയുള്ളു. ഉപാധികൾക്കതീതമായി സത്യം അന്വേഷിച്ചാൽ മാത്രമെ മനസ്സ് എന്ന ആവരണം ഇല്ലാതാകുകയുള്ളു.

ഉപാധികളില്ലാതെ ചിന്തിക്കുവാനും കർമ്മം ചെയ്യുവാനും മറ്റുള്ളവരുമായി ഇടപഴകാനും കഴിയുമെന്ന് സ്വാഭാവികമായി വന്നു ചേരുന്ന സാഹചര്യങ്ങൾ കൊണ്ട് സ്വന്തം മനസ്സിനെ അനുഭവപ്പെടുത്തണം.

സാഹചര്യങ്ങളും അവസരങ്ങളും ഇല്ലെങ്കിൽ മനസ്സ് ഉപാധികൾക്കതീതമാണെന്നും നിസ്സംഗമാണെന്നും അനുഭവപ്പെടുത്തും. അത്തരം സാഹചര്യങ്ങളെയും അവസരങ്ങളെയും ബുദ്ധിപൂർവ്വം മരണംവരെ നിലനിർത്താനും മനസ്സിന് കഴിയും.

മനസ്സ് എന്ന ആവരണത്തെ നശിപ്പിക്കുക എളുപ്പമല്ല. ഓരോ ദേഹവും ജീർണ്ണിച്ച് നശിക്കുമ്പോൾ അത് വീണ്ടും അടുത്ത ദേഹത്തിൽ

ഭ്രമിച്ചുണരും അഥവാ അടുത്ത ദേഹത്തിൽ താൻ മറ്റൊരു വ്യക്തിയാണെന്ന അനുഭവവുമായി പ്രത്യക്ഷപ്പെടും.

ജനക മഹാരാജാവിന്റെ ആത്മാർത്ഥതയും ഭരത മഹാരാജാവിന്റെ അറിവും സിദ്ധാർത്ഥ രാജകുമാരന്റെ സാഹസികമായ അന്വേഷണ ബുദ്ധിയും ഉണ്ടെങ്കിലെ വികാരങ്ങളാകുന്ന മനസ്സെന്ന ആവരണത്തെ നീക്കി താൻ സ്വയം ദൈവമാണെന്നും അഖണ്ഢ-നിശ്ചല-നിസ്സംഗ ബോധമാണെന്നും; ദേഹവും ജീവനും പ്രപഞ്ചവും തന്റെ തന്നെ സങ്കൽ പത്തിൽ നിന്നുണ്ടായ ഭ്രമ സൃഷ്ടികളാണെന്നും അനുഭവപ്പെടുകയുള്ളു.

ആത്മാന്വേഷണം ഒരു ഫലവും ഇല്ലാത്ത അന്വേഷണമാണെന്ന് അറിയണം. അത് മനസ്സിനെ ഇല്ലാതാക്കലാണ്. താഴ്ന്ന ബോധതലത്തിൽ നിന്ന് ഉയർന്ന ബോധതലത്തിലേക്കുള്ള ഉണർവ്വാണ് അത്. സ്വപ്നത്തിൽ നിന്ന് ഉണർന്നവൻ ജാഗ്രത് നേടിയെന്നും സ്വപ്നത്തിൽ നിന്നും രക്ഷപ്പെട്ടുവെന്നും പറയില്ല. അതിനാൽ ജന്മങ്ങൾ നീട്ടിക്കൊണ്ടുപോകാനും വർദ്ധിപ്പിക്കുവാനും ആത്മാന്വേഷണത്തെ മനസ്സ് തന്റെ ജാഗ്രത്തിനെ നിലനിർത്താനുള്ള സൂത്രമായി ഉപയോഗിക്കുന്നു. അതാണ് ഇന്നത്തെ ആത്മീയതയായി പരിണമിച്ചത്.

**14. ശി:-** അദ്വൈതാനുഭവത്തിലേക്ക് മനുഷ്യനെ നയിക്കുന്ന സൃഷ്ടിയുടെ സങ്കൽപ്പമെന്താണ്?

**മാസ്റ്റർ:-** ഓരോ വ്യക്തിയിലും തിരിച്ചറിവായും ശ്രദ്ധയായും ഓർമ്മയായും അനുഭവമായും നിൽക്കുന്ന ബോധത്തെ ദൈവമായി സങ്കൽപ്പിക്കുക. പ്രപഞ്ചവും ജീവജാലങ്ങളും സ്വന്തം ദേഹം പോലും ഈ ബോധത്തിലെ വെറും ഭ്രമങ്ങളാണെന്ന് അവയുടെ നശ്വരതയെ തിരിച്ചറിഞ്ഞ് മനസ്സിലാക്കുക. ബോധം തിരിച്ചറിവായി ജാഗ്രത്തിൽ നിന്ന് ഉണർന്നാൽ മാത്രമെ ഇവയെല്ലാം യാഥാർത്ഥ്യമായി അനുഭവപ്പെടുകയുള്ളു. ബോധം ഉറങ്ങുകയോ ഇല്ലാതാകുകയോ ചെയ്താൽ പ്രപഞ്ചാനുഭവം നഷ്ടപ്പെടുന്നത്, ഇത് ഭ്രമാനുഭവമാണെന്നതിന്റെ തെളിവായി കണക്കാക്കുക. അങ്ങിനെ സ്വന്തം ബോധമണ്ഢലത്തിൽ ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങൾ ഉണ്ടാക്കുന്ന അനുഭവത്തെയാണ് സൃഷ്ടി-സ്ഥിതി-സംഹാരമെന്ന് തോന്നുന്നത്.

ഒരേ ഒരു ബോധം അഥവാ അഖണ്ഢ-നിശ്ചല-നിസ്സംഗ ബോധം തന്റെ ബോധമണ്ഢലത്തിൽ ആരോപിക്കുന്ന സങ്കൽപ്പങ്ങൾ നശ്വരമായ വസ്തുക്കൾ കൊണ്ടുള്ള ഒരു പ്രപഞ്ചത്തെയാണ് സൃഷ്ടിക്കുന്നത് എന്ന് മനസ്സിലാക്കിയാൽ ജാഗ്രത് എന്ന ഉണർവ്വ് ഒരു ഭ്രമമായി

കണക്കാക്കാൻ കഴിയും. ഇതിൽ സങ്കൽപ്പിക്കുന്ന ബോധം സത്യവും സൃഷ്ടി ഭ്രമവുമായാൽ ഈ ഭ്രമത്തിൽ നിന്നുണരാൻ വികാരാനുഭവങ്ങളെ ഇല്ല എന്ന് അനുഭവിച്ചാൽ മാത്രം മതിയാകും. അങ്ങിനെ അനുഭവിക്കുമ്പോഴാണ് ഭ്രമാനുഭവം അഥവാ അദ്വൈതാനുഭവം അഥവാ തുരീയാനുഭവം അഥവാ ബോധവും ദേഹവും രണ്ടെന്ന അനുഭവം ഉണ്ടാകുന്നത്.

**15. ശി:-** ബോധം പോകുന്നയാൾക്ക് പ്രപഞ്ചാനുഭവവും വേദനകളും ഇല്ലെങ്കിലും മറ്റുള്ളവർക്ക് പ്രപഞ്ചാനുഭവവും വേദനകളും ഉണ്ടാകുമല്ലൊ. അപ്പോൾ പ്രപഞ്ചാനുഭവം സങ്കൽപ്പമാണെന്നും ഭ്രമമാണെന്നും എങ്ങിനെ കരുതാൻ കഴിയും?

**മാസ്റ്റർ:-** ഭ്രമാനുഭവം എന്ന വാക്കിന്റെ അർത്ഥം ഇല്ലാത്തത് ഉണ്ട് എന്നല്ല മറിച്ച് ഉള്ളത് നാശത്തിന് വിധേയമാകുന്നു എന്നാണ്. അതായത് ഉണ്ടായി, നിലനിന്നു, മറയുന്നു അഥവാ നശ്വരം എന്നർത്ഥം. ഇങ്ങനെ ഉണ്ടായി, നിലനിന്നു, മറയുന്ന പ്രപഞ്ചത്തെയും ജീവനെയും നശ്വരമെന്ന് അനുഭവിക്കാതെ വിഭ്രമ, മതിഭ്രമ വികാരാനുഭവങ്ങൾ കൊണ്ട് യാഥാർത്ഥ്യമാണെന്ന് ആന്തരീകമായും അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ട് ബാഹ്യമായും അനുഭവിക്കുന്നതു കൊണ്ടാണ് മേൽപ്പറഞ്ഞ ചോദ്യം ഉണ്ടാകുന്നത്. അതുകൊണ്ട് തന്നെയാണ് സ്വന്തം ബോധം ദൈവമെന്ന അനുഭവമല്ലാതാകുകയും ആ ബോധം പഞ്ചേന്ദ്രിയങ്ങളിലൂടെ കാണിച്ചു തരുന്ന പ്രപഞ്ചവും ജീവനും സത്യമെന്ന് അനുഭവപ്പെടുകയും ചെയ്യുന്നത്, അതാണ് നിന്റെ അദ്വൈതാനുഭവത്തിന്റെ തടസ്സം.

നശ്വരമായതിനെ നീ അനുഭവിച്ചാലും മറ്റുള്ളവർ അനുഭവിച്ചാലും അത് നശ്വരമല്ലാതാകുകയില്ല. <u>അനുഭവിക്കുന്നു എന്ന ഒരേഒരു കാരണത്താൽ നശ്വരം യാഥാർത്ഥ്യമാകുകയില്ല</u>. അങ്ങിനെയായിരുന്നുവെങ്കിൽ സ്വപ്നാനുഭവങ്ങളും യാഥാർത്ഥ്യമാണെന്ന് അംഗീകരിക്കേണ്ടി വരുമായിരുന്നു. ജാഗ്രത്തിലും സ്വപ്നത്തിലും അനുഭവങ്ങൾ ഉണ്ടാകുന്നതു കൊണ്ടാണ് ഇവ രണ്ടും അനുഭവിക്കുന്ന സമയം അവ യാഥാർത്ഥ്യമാണ് എന്ന് തോന്നുന്നത്.

ബാഹ്യ പ്രപഞ്ചവും ജീവനും ഊർജ്ജവും എല്ലാം നിന്റെ അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾക്ക് അകത്തു മാത്രമുള്ള അനുഭവങ്ങളാണ്. അവ ഇല്ലെങ്കിലോ അഥവാ ബോധം തിരിച്ചറിവായി അവയോട് ബന്ധപ്പെട്ടില്ലെങ്കിലോ അനുഭവം ഉണ്ടാകുകയില്ല.

സൂക്ഷ്മ ലോകത്ത് കാണുന്നവനെയും കാഴ്ച്ചവസ്തുവിനെയും തമ്മിൽ വേർതിരിക്കാൻ കഴിയില്ല. അവിടെ വസ്തുക്കൾക്ക് രൂപമില്ല,

ഊർജ്ജ വ്യതിയാനങ്ങളേയുള്ളു. നിരീക്ഷകന്റെ സാന്നിദ്ധ്യം പ്രതിഭാസങ്ങളെ സ്വാധീനിക്കുമെന്ന് ക്വാണ്ടം ബലതന്ത്രം കണ്ടെത്തിയിരിക്കുന്നു. ഈ വ്യതിയാനങ്ങളെ സംഭവങ്ങളെന്നാണ് ആധുനിക ഭൗതിക ശാസ്ത്രം വിളിക്കുന്നത്.

സൂക്ഷ്മത ഉള്ളവനെ സൂക്ഷ്മ ലോകത്തിന്റെ കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. സൂക്ഷ്മലോകം സ്ഥൂല ലോകത്തിന്റെ അടിസ്ഥാനമാണ്. സൂക്ഷ്മ ലോകത്തിൽ ഇല്ലാത്ത രൂപങ്ങൾ സ്ഥൂല ലോകത്ത് എങ്ങിനെ ഉണ്ടായി എന്ന് ഭൗതിക ശാസ്ത്രത്തിന് കണ്ടെത്താൻ എളുപ്പമല്ല. ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ടുണ്ടായ സ്വാർത്ഥതയുടെ സങ്കൽപ്പങ്ങളാണ് രൂപം ഇല്ലാത്തവയ്ക്ക് രൂപം കൊടുത്ത് സ്വന്തം ദേഹം ഉൾപ്പെടുന്ന സ്ഥൂല ലോകം ഉണ്ടാക്കിയത് എന്നാണ് ബോധശാസ്ത്രം പറയുന്നത്. സ്വാർത്ഥത കൊണ്ടാണ് രൂപ-ഭാവ-മൂല്യ വ്യത്യാസമുള്ള പദാർത്ഥങ്ങളും ജീവനും ഭ്രമം കൊണ്ട് സൃഷ്ടിക്കപ്പെട്ടത്. എന്നാൽ ഇവ ഭ്രമമാണെന്നും സ്വപ്നമാണെന്നും തോന്നാത്തതിനു കാരണം അവ അനുഭവങ്ങൾ ആയതു കൊണ്ടാണ്.

മറ്റൊരാളുടെ ഭ്രമ-വിഭ്രമ-മതിഭ്രമ അനുഭവങ്ങൾ ഒരു കാരണവശാലും അതേപടി നിനക്ക് അനുഭവിക്കാൻ കഴിയാത്തിടത്തോളം അവയെല്ലാം നിന്റെ അറിവു മാത്രമാണ്. അതായത് നീ നിലനിൽക്കുന്നു എന്നത് മാത്രമാണ് സത്യം. സ്വന്തം ദേഹം അടക്കം മറ്റുള്ളവയെല്ലാം നിന്റെ ഭ്രമം മാത്രമാണ്. ബോധം വികാരങ്ങളിൽ ഭ്രമിക്കുമ്പോഴെല്ലാം അവിടെ അനുഭവങ്ങൾ ഉണ്ടെന്ന് തോന്നും. അനുഭവങ്ങളെല്ലാം യാഥാർത്ഥ്യമായി അനുഭവപ്പെടും.

പ്രപഞ്ചാനുഭവം ഇല്ലാത്തതാണെന്ന് കരുതാനല്ല പറയുന്നത്. ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളെ ഇല്ലാതാക്കി പ്രപഞ്ചവും ജീവനും എങ്ങിനെ അനുഭവപ്പെടുന്നു എന്ന് നോക്കാനാണ് ബോധശാസ്ത്രം ആവശ്യപ്പെടുന്നത്. ഒരു വസ്തു എങ്ങിനെ നിലനിൽക്കുന്നു എന്നതല്ല അതിനെ യാഥാർത്ഥ്യമാക്കുന്നത്, മറിച്ച് നിലനിൽക്കുന്ന രീതിയിൽ അത് അനുഭവപ്പെടുന്നുണ്ടൊ എന്നതാണ് യാഥാർത്ഥ്യാനുഭവത്തിന്റെ മാനദണ്ഡം.

സ്വർണ്ണത്തിന്റെയും കരിക്കട്ടയുടെയും അടിസ്ഥാന കണികകൾ ഒന്നു തന്നെയാണ്. എന്നാൽ സ്വർണ്ണത്തെ അനുഭവിക്കുന്നതുപോലെ കരിക്കട്ടയെ അനുഭവിക്കാൻ ആർക്കും കഴിയുകയില്ല. സ്വർണ്ണവും കരിക്കട്ടയും രണ്ടാണെന്ന് അനുഭവിക്കുന്നവന്റെ അനുഭവത്തെയാണ് ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവം എന്ന് വിളിക്കുന്നത്. അവ രണ്ടും

ഒന്നായി അനുഭവിക്കുന്നതിനെയാണ് യാഥാർത്ഥ്യാനുഭവം അഥവാ ഭ്രമാനുഭവം അഥവാ അദ്വൈതാനുഭവം എന്ന് വിളിക്കുന്നത്. സ്വർണ്ണം സ്വീകരിക്കുകയും കരിക്കട്ട നിഷേധിക്കുകയും ചെയ്യുമ്പോൾ ഭ്രമം, വിഭ്രമ വികാരമായി മാറുന്നു. ഇനി കരിക്കട്ട സ്വീകരിച്ച് സ്വർണ്ണം നിരാകരിച്ചാൽ എളിമയെന്ന വിഭ്രമവികാരം ഉണ്ടാകുന്നു. അദ്വൈത അനുഭവമുള്ളവൻ അഥവാ ഭ്രമ വികാരം ഇല്ലാത്തവൻ രണ്ടിനേയും ഒരുപോലെ തള്ളിക്കളയുന്നു.

**സ്വയം ദൈവമെന്ന് അനുഭവിക്കുന്നവനു മാത്രമെ സ്വർണ്ണവും കരിക്കട്ടയും ഒന്നാണെന്ന് അനുഭവിക്കാൻ കഴിയുകയുള്ളു. അല്ലാത്തവന് ശാസ്ത്രീയത കൊണ്ട് അവ ഒന്നാണെന്ന് അറിയുവാനെ കഴിയുകയുള്ളു.** സ്വർണ്ണത്തിന്റെയും കരിക്കട്ടയുടെയും അടിസ്ഥാന കണികകൾ ഒന്നാണെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ പോലും സ്വർണ്ണത്തിന് പകരം കരിക്കട്ട സ്വീകരിക്കുകയില്ല. കാരണം അടിസ്ഥാന കണികകൾ ഒന്നായിരുന്നിട്ടും അവയിൽ നിന്ന് രണ്ട് തരം വസ്തുക്കൾ എങ്ങിനെ എന്തു കൊണ്ട് ഉണ്ടായി എന്ന് ശാസ്ത്രജ്ഞർക്ക് പോലും അറിയില്ല. ബോധം, അവബോധം ആയപ്പോൾ ഉണ്ടായ സ്വാർത്ഥത യാണ് രൂപ-ഭാവ-മൂല്യ വ്യത്യാസത്തെ സൃഷ്ടിച്ചത്. ഈ വ്യത്യാസങ്ങൾ വ്യത്യസ്ത അനുഭവങ്ങളെ സൃഷ്ടിച്ച് എല്ലാവരെയും ഭ്രമിപ്പിക്കുന്നു.

ഭ്രമ വികാരത്തിൽ നിന്നും വികാരം പോയാൽ രൂപ-ഭാവ-മൂല്യ വ്യത്യാസങ്ങൾ പോകും. വ്യത്യാസം പോയാൽ താൻ മാത്രമാണ് യാഥാർത്ഥ്യം എന്ന് അനുഭവിക്കും. താൻ മാത്രമാണ് യാഥാർത്ഥ്യമെന്ന് അറിയുന്നവനെ സ്വയം സ്വാർത്ഥനാണെന്ന് അറിയുവാനും സ്വാർത്ഥതയെ ഉപേക്ഷിക്കാനും കഴിയുകയുള്ളു. സ്വയം സ്വാർത്ഥനാണ് എന്ന് അറിയാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് അന്വേഷിക്കുക, അതാണ് മോക്ഷ മാർഗ്ഗം.

എന്റെ അഞ്ച് ജ്ഞാനേന്ദ്രിയങ്ങളിലൂടെ അല്ലാതെ മറ്റൊരാളുടെ ജ്ഞാനേന്ദ്രിയത്തിലൂടെ ഞാൻ ഈ പ്രപഞ്ചത്തേയും അതിലെ സൃഷ്ടികളെയും അനുഭവിച്ചിട്ടില്ല. അതിനാൽ അനുഭവിക്കുന്നു എന്ന സത്യത്തെ ആധാരമാക്കി എന്റെ ബോധത്തിലൂടെയല്ലാതെ സൃഷ്ടിയെ ഞാൻ തിരിച്ചറിഞ്ഞിട്ടില്ല. അതുകൊണ്ട് മറ്റുള്ളവരുടെ പ്രപഞ്ചാനുഭവുമായി എന്റെ പ്രപഞ്ചാനുഭവത്തിന് യാതൊരു വിധ ബന്ധവുമില്ല. മറ്റുള്ളവരും പ്രപഞ്ചത്തെ അനുഭവിക്കുന്നു എന്നത് എന്റെ അറിവു മാത്രമാണ്, അനുഭവമല്ല.

അദ്ധ്യായം മൂന്ന്

# മരണത്തിൽ നിന്ന് മരണമില്ലായ്മയിലേക്ക്

**16. ശി:-** യാഥാർത്ഥ്യാനുഭവത്തിന്റെ മാനദണ്ഡം എന്താണ് ? ഒരിക്കൽ യാഥാർത്ഥ്യമായി അനുഭവപ്പെടുന്നത് പിന്നീട് യാഥാർത്ഥ്യമായി അനുഭവപ്പെടുകയില്ല എന്നാണോ ഇതിനർത്ഥം?

**മാസ്റ്റർ:-** അനുഭവങ്ങൾ യാഥാർത്ഥ്യമാണെന്ന് തോന്നുന്നതുകൊണ്ടാണ് നിരീശ്വരവാദികൾക്കും ഭൗതികർക്കും ബോധം ബുദ്ധിയുടെ സവിശേഷതയാണെന്ന് പറയേണ്ടി വന്നത്. അനുഭവങ്ങൾ രണ്ട് തരത്തിലാണ് ബോധത്തിൽ നിലനിൽക്കുന്നത്. 1. മാനസികം 2. ശാരീരികം. ദുഃഖവും സന്തോഷവും മാനസിക അനുഭവങ്ങളും, വേദനയും സുഖവും ശാരീരിക അനുഭവങ്ങളുമാണ്. ഈ നാല് അനുഭവങ്ങളും ഞാൻ അനുഭവിക്കുന്നു എന്ന് തോന്നാൻ കാരണം ബോധവും ദേഹവും ഒന്നാണെന്ന് ധരിക്കുന്നത് കൊണ്ടാണ്. എല്ലാ അനുഭവങ്ങളും ആപേക്ഷികമാണ്. കേവലാനുഭവം എന്ന ഒന്നില്ല. അനുഭവങ്ങളുടെ തീവ്രത അനുസരിച്ച് യാഥാർത്ഥ്യ ബോധം കൂടുകയും കുറയുകയും ചെയ്യുന്നു.

ആഹാരം,ജലം,വായു ഇവ ലഭിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങളും മാരകമായ രോഗങ്ങൾ കൊണ്ട് ഉണ്ടാകുന്ന വേദനകളുമാണ് ഏറ്റവും കൂടിയ യാഥാർത്ഥ്യം. മറ്റെല്ലാ അനുഭവങ്ങളും ഇതിനേക്കാൾ യാഥാർത്ഥ്യം കുറഞ്ഞവയാണ്.

വെള്ളപ്പൊക്കം വന്ന് രക്ഷയ്ക്കായി ടെറസ്സിൽ കയറി നിൽക്കുന്ന ഒരുവനെ സംബന്ധിച്ച് ആഹാരത്തേക്കാളും കുടിവെള്ളത്തേക്കാളും യാഥാർത്ഥ്യമായി സ്വർണ്ണമോ പണമോ സ്വത്തുക്കളോ ഭാര്യയോ കുട്ടികളോ അനുഭവപ്പെടണമെന്ന് നിർബന്ധമില്ല. അതായത് നാം അനുഭവിക്കുന്ന എല്ലാ ജീവിതാനുഭവങ്ങളും ആപേക്ഷികമാണെന്നർത്ഥം. ഒരു സാഹചര്യത്തിൽ യാഥാർത്ഥ്യമെന്ന് അനുഭവപ്പെട്ട വസ്തു മറ്റൊരു സാഹചര്യത്തിൽ അങ്ങിനെ അനുഭവപ്പെടണമെന്ന് നിർബന്ധമില്ല. മനുഷ്യർ പരസ്പരം കൽപ്പിക്കുന്ന യാഥാർത്ഥ്യം ഒരിക്കലും കേവല യാഥാർത്ഥ്യമാകുകയില്ല. അതായത് താൻ കേവല യാഥാർത്ഥ്യമാണെന്ന് സ്വയം അനുഭവിക്കുന്നവനെ സംബന്ധിച്ച് സ്വന്തം ദേഹവും പ്രപഞ്ചവും ആപേ

ക്ഷിക യാഥാർത്ഥ്യമാണെന്നേ അനുഭവപ്പെടുകയുള്ളു. ഈ അവസ്ഥ യെയാണ് ജീവിച്ചിരിക്കെയുള്ള മോക്ഷം എന്ന് പറയുന്നത്. അല്ലെങ്കിൽ ജനന-മരണങ്ങളിൽ നിന്നുള്ള മോചനം എന്ന് പറയുന്നത്.

ആപേക്ഷികത അറിവായി നിലനിന്നാൽ ദൈവം വിശ്വാസമായി മാറും. ആപേക്ഷികത അനുഭവമായി മാറിയാൽ താൻ സ്വയം ദൈവ മെന്ന് അനുഭവിക്കും അഥവാ താനാണ് കേവല യാഥാർത്ഥ്യം എന്ന് അനുഭവിക്കും. ആപേക്ഷികത മനസ്സിലാക്കിയ ആൽബർട്ട് ഐൻസ്റ്റീനും സർ ഐസക് ന്യൂട്ടനും ശക്തരായ ദൈവ വിശ്വാസികളായതിന്റെ കാരണം ആപേക്ഷികത അവരുടെ ഏറ്റവും വലിയ അറിവായതു കൊണ്ടായിരുന്നു. കേവല യാഥാർത്ഥ്യം തങ്ങൾക്ക് പുറമേ നിൽക്കുന്ന ഒരു ശക്തിയാണെന്ന് വിശ്വസിച്ചിരുന്നവരാണ് ഈ രണ്ട് പ്രഗത്ഭരായ ശാസ്ത്രജ്ഞരും.

**17. ശി:-** ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഉണരുന്നതിന് ബോധത്തെ ഉയർത്തുവാൻ എന്തും സഹിക്കുവാനും ത്യജിക്കുവാനും ഞാൻ തയ്യാറാണ്. അദ്വൈതാനുഭവം എനിക്ക് ലഭിച്ചേ മതിയാകു.

**മാസ്റ്റർ:-** സ്വന്തം ദേഹവും ബോധവും രണ്ടാണെന്ന് അനുഭവിക്കുകയും അവയിൽ ബോധം, ദൈവം തന്നെയെന്നും ദേഹവും ജീവനും നശ്വരവും ആവർത്തന സ്വഭാവമുള്ളതാണെന്നും അനുഭവിക്കുന്നതിനെയാണ് അദ്വൈതാനുഭവം അഥവാ തുരീയാനുഭവം എന്ന് പറയുന്നത്.

അദ്വൈതാനുഭവത്തിലെത്താൻ ജ്ഞാനത്തിനും അജ്ഞാനത്തിനും അതീതനായെ പറ്റു. എല്ലാ മതവിശ്വാസങ്ങളിൽ നിന്നും നന്മ-തിന്മ, നീതി-അനീതി, പാപം-പുണ്യം, ഭാഗ്യം-നിർഭാഗ്യം എന്നീ താഴ്ന്ന ബോധാവസ്ഥയുടെ ആപേക്ഷിക വൈരുദ്ധ്യങ്ങളിൽ നിന്നും മുക്തനാകണം. അതിനായി സത്യാന്വേഷികൾ ചില ഗുണങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഉപാധികൾക്കതീതമായി അവനവനോടു തന്നെയുള്ള പൂർണ്ണമായ ആത്മാർത്ഥത, വിശ്വാസം, അനുസരണം ഇവ വികസിപ്പിക്കണം. അവബോധം നൽകുന്ന ശക്തമായ തിരിച്ചറിവും ഓർമ്മയും ശ്രദ്ധയും ബുദ്ധികൊണ്ട് വളർത്തിയെടുക്കണം.

ജാഗ്രത് എന്ന ഉണർവ്വ് യാഥാർത്ഥ്യമാണെന്ന് എല്ലാവർക്കും തോന്നാൻ കാരണം അവരവരുടെ സ്വാർത്ഥതയും അതുമൂലമുണ്ടാകുന്ന വിഭ്രമ-മതിഭ്രമ വികാരങ്ങളും കൊണ്ടാണ്. സ്വാർത്ഥതയുടെ വികാരങ്ങളും അനുഭവങ്ങളും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണ്. സ്വാർത്ഥത പോയാൽ വിഭ്രമവും മതിഭ്രമവും പോകും.

അഥവാ വിഭ്രമവും മതിഭ്രമവും പോയാൽ സ്വാർത്ഥതയും പോകും. ഇവ രണ്ടും ഇല്ലാതാകണമെങ്കിൽ പലതും ത്യജിക്കുകയും സഹിക്കുകയും അനുഭവിക്കേണ്ടതായും വരും. അത് നീ വിചാരിക്കുന്നതുപോലെ എളുപ്പമല്ല.

നിലനിൽക്കാൻ ആഗ്രഹിക്കുകയും നിലനിൽപ്പ് യാഥാർത്ഥ്യമാണെന്ന് അറിയുമ്പോഴുമാണ് സ്വാർത്ഥതയും അതിന്റെ വിഭ്രമ-മതിഭ്രമ-വികാരാനുഭവങ്ങളും ഉണ്ടാകുന്നത് . മിനിമം ആഹാരം, ജലം, ജീവിത സാഹചര്യങ്ങൾ ഇവ നേടുന്നതിന് വികാരങ്ങളുടെ ആവശ്യമില്ല. സ്വാർത്ഥനാകാതെയും വിഭ്രമ-മതിഭ്രമ വികാരങ്ങൾ ഇല്ലാതെയും നിലനിൽക്കാൻ കഴിയുമെന്നാണ് ബോധശാസ്ത്രം പഠിപ്പിക്കുന്നത്.

മതങ്ങളും വേദാന്തങ്ങളും ഭൗതിക ശാസ്ത്രങ്ങളുമെല്ലാം പഠിച്ചിട്ടും കേവല യാഥാർത്ഥ്യമായ ദൈവമാണ് താൻ എന്ന് അനുഭവിക്കാൻ മനുഷ്യന് കഴിയാത്തതിന്റെ കാരണം വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ട് സ്വാർത്ഥതയും, സ്വാർത്ഥത കൊണ്ട് വിഭ്രമ-മതിഭ്രമ വികാരങ്ങളെയും നിലനിർത്തുന്നത് കൊണ്ടാണ്. ഭ്രമങ്ങൾ ഇല്ലാതാകണമെങ്കിൽ ബോധത്തെ ഉയർത്തണം.

ബോധത്തെ ഉയർത്തുന്നതിനെ സംബന്ധിക്കുന്ന കാര്യങ്ങൾ തിരിച്ചറിയാനും ഓർമ്മിക്കാനും ശ്രദ്ധിക്കാനുമുള്ള കഴിവ് മനുഷ്യ ബുദ്ധിക്ക് സ്വാഭാവികമായി തന്നെ ഇല്ലാത്ത ഒന്നാണ്. സ്വാർത്ഥ താൽപ്പര്യങ്ങളിൽ നിലനിൽക്കുന്നതിന് ആവശ്യമായ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിന് വേണ്ട തിരിച്ചറിവും ഓർമ്മ ശക്തിയും ശ്രദ്ധയും മാത്രമെ ജന്മനാ നമുക്ക് ലഭിച്ചിട്ടുള്ളു. അദ്വൈതാനുഭവം ഉണ്ടാകണമെന്ന ശക്തമായ ആഗ്രഹം നിലനിർത്തി മുക്തിയുടെ തിരിച്ചറിവിനെയും ഓർമ്മയെയും ശ്രദ്ധയെയും ബലമായി പിടിച്ചു നിർത്തണം. അതിനായി മനസ്സിനെ മുഴുവനും ഗുരുവിന്റെ മുമ്പിൽ തുറന്നിടണം. ജീവിതത്തിന്റെ കർമ്മ ധർമ്മങ്ങളിൽ മനസ്സിൽ കയറിക്കൂടിയ എല്ലാവിധ രഹസ്യങ്ങളും ഗുരുവിനോട് തുറന്നു പറയണം.

രഹസ്യങ്ങളുടെ കലവറയാണ് മനസ്സ്. അത് തന്നെയാണ് അതിന്റെ അമരത്വവും. അങ്ങിനെ രഹസ്യങ്ങൾ തുറന്നു പറയാനുള്ള ധൈര്യം ഉണ്ടാകണമെങ്കിൽ ലൈംഗിക ഊർജ്ജത്തെ അതിന്റെ സ്വാഭാവികതയിൽ പ്രവർത്തിക്കാൻ അനുവദിക്കണം, അതിനായി ബോധശാസ്ത്ര ബ്രഹ്മചര്യം പരിശീലിക്കണം. വികാരങ്ങളെ നിസ്സംഗതയിൽ നിലനിർത്തണം.

ഭൗതിക വിഷയമായാലും ആത്മീയ വിഷയമായാലും എന്തും ശരിയായി മനസ്സിലാകാനും അനുഭവമാകാനും ലൈംഗിക ഊർജ്ജത്തെ ഉയർത്തണം. അതിനായി സ്വയംഭോഗ,സംഭോഗങ്ങളിൽ നിന്നും താൽക്കാലികമായി പിൻമാറണം. ഓർഗാസം സംഭവിക്കാതെ ലൈംഗിക ഹോർമോണുകൾ മൂത്രത്തിലൂടെ പുറത്തേക്ക് പോകുവാനുള്ള പരിശീലനം ശാസ്ത്രീയമായി നടത്തണം. കർമ്മ-ധർമ്മങ്ങൾ നിസ്സംഗതയിൽ ചെയ്യണം. ഇതിനായി പലതും ത്യജിക്കുകയും സഹിക്കുകയും ചെയ്യേണ്ടതായി വരും.

**18. ശി:-** രണ്ട് തരം തിരിച്ചറിവും ഓർമ്മശക്തിയും ശ്രദ്ധയും അനുഭവങ്ങളും മനുഷ്യരിൽ നിലനിൽക്കുന്നു എന്നല്ലെ ഇതിനർത്ഥം? ഇത്തരം ഒരറിവ് ആദ്യമായാണ് എനിക്ക് ലഭിക്കുന്നത്. അൽപ്പം കൂടി അത് വ്യക്തമാക്കാമോ ?

**മാസ്റ്റർ :-** സഹജാവബോധമെന്ന ബുദ്ധി കൊണ്ടാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും നിലനിൽക്കുന്നത്. നിലനിൽപ്പിനാവശ്യമായ തിരിച്ചറിവും ഓർമ്മയും ശ്രദ്ധയും അനുഭവങ്ങളും വരുന്നത് സഹജാവബോധത്തിൽ നിന്നാണ്. ഒരു ജീവി തന്റെ ഇണയെ തിരിച്ചറിയുന്നതും പാർപ്പിടം ഓർമ്മിക്കുന്നതും അപകടങ്ങളെ ശ്രദ്ധിക്കുന്നതും അനുഭവങ്ങൾ ഉണ്ടെന്ന് കാണിക്കുന്നതും സഹജാവബോധം കൊണ്ടാണ്. ഇവയെ നാം ഉൾപ്രേരണ എന്നാണ് വിളിക്കുന്നത്.

മനുഷ്യന് സഹജാവബോധം കൂടാതെ അവബോധം കൂടി ഉള്ളതിനാൽ ഉൾപ്രേരണകളുടെ തിരിച്ചറിവും ഓർമ്മയും ശ്രദ്ധയും അനുഭവങ്ങളും ഞാൻ അനുഭവിക്കുന്നു എന്നും എന്റെ അനുഭവങ്ങളാണെന്നും ഒന്നുകൂടി തിരിച്ചറിയാൻ കഴിയുന്നു. അതിനാൽ മനുഷ്യന് രണ്ട് തരം തിരിച്ചറിവും ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളും ഉണ്ടാകുന്നു. ദുഃഖം-സന്തോഷം, സുഖം-വേദന എന്നീ അനുഭവങ്ങൾ മനുഷ്യനിൽ മാത്രം ഉയർന്ന തോതിൽ കാണപ്പെടുന്നു. ഇവയിൽ ദുഃഖവും വേദനയും ഒഴിവാക്കി സന്തോഷവും സുഖവും മനുഷ്യന് അനുഭവിക്കാനും കഴിയും. എന്നാൽ ആ രീതിയിൽ ഉയർന്ന ബോധത്തിൽ ജീവിക്കാനുള്ള ഒരു പരിശീലനവും അറിവും മനുഷ്യർക്ക് ലഭിക്കുന്നില്ല.

ബോധം വ്യക്തിബോധമായി അഥവാ ആത്മാവായി ബുദ്ധിയോട് ബന്ധപ്പെടുമ്പോൾ സഹജ വാസനകൾ തന്റെ വാസനകളാണെന്ന് തെറ്റിദ്ധരിക്കാൻ ഇടയാകുന്നു. അതോടെ ബോധം താഴ്ന്ന് പോകുകയും ചെയ്യുന്നു.

താഴ്ന്ന ബോധം, സഹജാവബോധത്തിൽ തനിയെ സംഭവിക്കുന്നവയെ താൻ മൂലമാണ് സംഭവിക്കുന്നത് എന്നും അത് കാര്യകാരണങ്ങൾക്ക് വിധേയമാണെന്നും തെറ്റായി മനസ്സിലാക്കുന്നതിനാൽ അവയെ മറച്ചു പിടിക്കാനും സൂത്രം കൊണ്ട് പരിഹരിക്കാനും ബുദ്ധിയെ ഉപയോഗപ്പെടുത്തുന്നു. അതുകൊണ്ടാണ് മനുഷ്യരിൽ മനഃസ്സാക്ഷിക്കുത്തും പശ്ചാത്താപവും ഉണ്ടാകുന്നത്. ബോധം എന്താണെന്ന് മനസ്സിലാക്കാതെ അത് ബുദ്ധിയുടെ വിശേഷതയാണെന്ന് താഴ്ന്ന ബോധമുള്ളവർ വിശ്വസിക്കുന്നു.

ബോധത്തെ ഉയർത്തുമ്പോൾ സഹജാവബോധത്തിലെ തിരിച്ചറിവും ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളും തന്റേതല്ല എന്നും ഉയർന്ന ബോധത്തിന്റെ തിരിച്ചറിവും ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളും മറ്റൊന്നാണെന്നും മനസ്സിലാകും. സഹജാവബോധത്തിലെ മൃഗീയതയും സ്വാർത്ഥതയും പ്രതികാരവും തന്റേതല്ലാ എന്നും തിരിച്ചറിയുന്നു. അതിനാൽ ഉയർന്ന ബോധം ദേഹത്തെ 'അസത്ത്' എന്ന് തിരിച്ചറിഞ്ഞ് അതിനെ ഉപേക്ഷിക്കുകയും ചെയ്യുന്നു, ഇതാണ് മോക്ഷം.

അതായത്, താഴ്ന്ന ബോധത്തിൽ ദേഹം താനാണെന്നും ഉയർന്ന ബോധത്തിൽ ദേഹം താൻ അല്ല എന്നും തിരിച്ചറിയുന്നു. ദേഹം താൻ അല്ല എന്ന് അനുഭവിക്കുമ്പോഴാണ് തനിക്ക് മരണമില്ലായെന്നും തന്റെ യഥാർത്ഥ സ്വഭാവം നിത്യമായ പരമാനന്ദമാണെന്നും വ്യക്തിത്വം ഇല്ലാത്തതാണെന്നും ബോധം തിരിച്ചറിയുന്നത്.

അങ്ങിനെയാണ് മനുഷ്യന് മാത്രം രണ്ടു തരം തിരിച്ചറിവും ഓർമ്മയും ശ്രദ്ധയും അനുഭവങ്ങളും ഉണ്ടാകുന്നത്. ഒന്ന് താഴ്ന്ന ബോധത്തിലും മറ്റേത് ഉയർന്ന ബോധത്തിലും.

താഴ്ന്ന ബോധത്തിലാണ് നാം ജന്മമെടുക്കുന്നത്. പ്രതികരണവും ശ്രദ്ധയുമാണ് നമ്മുടെ ജീവിതത്തെ മുന്നിലേക്ക് നയിക്കുന്നത്. മാതാപിതാക്കളോടും അദ്ധ്യാപകരോടും സമൂഹത്തോടും പ്രതികരിച്ചും അവരെ ശ്രദ്ധിച്ചുമാണ് ബുദ്ധി വളരുന്നതും വികസിക്കുന്നതും. ഈ പ്രതികരണത്തിലും ശ്രദ്ധയിലും വികാരം വരുമ്പോഴാണ് പ്രതിവികാരമെന്ന ശക്തമായ പ്രതികാരം നമ്മുടെ മനസ്സിൽ വളരുന്നത്. അത് മനസ്സിന്റെ അടിസ്ഥാന സ്വഭാവമായി മാറുന്നതോടെ പ്രതികാരം ശക്തമായ ഓർമ്മയായും ശ്രദ്ധയായും മനസ്സിൽ ബലമായി പിടിച്ചു നിൽക്കുന്നു. അതു കൊണ്ടാണ് പ്രതികാരത്തെ മറക്കാനും അതിനെ ശ്രദ്ധിക്കാതിരിക്കാനും മനുഷ്യന് കഴിയാത്തത്.

മറക്കാനും ശ്രദ്ധിക്കാതിരിക്കാനും കഴിയാത്തതിനെയാണ് ഓർമ്മ ശക്തിയായും ശ്രദ്ധയായും നാം തെറ്റിദ്ധരിക്കുന്നത്. ബുദ്ധിയുടെ ഒരളവായി ഈ ശ്രദ്ധയെയും ഓർമ്മശക്തിയെയും നാം അംഗീകരി ക്കാറുണ്ട്. നമുക്ക് സ്വാധീനമില്ലാത്ത താഴ്ന്ന ബോധത്തിലുള്ള ഈ ഓർമ്മശക്തിയും ശ്രദ്ധയുമാണ് കാരണമില്ലാത്ത അസ്വസ്ഥതയായി (mood change - ആയി) മനസ്സിൽ നിലനിൽക്കുന്നത്.

അനാവശ്യമായി മറ്റുള്ളവരുടെ കാര്യം ശ്രദ്ധിക്കുവാനും അവരെ സംശയിക്കുവാനും അവരോട് പ്രതികാര ബുദ്ധിയോടെ പെരുമാറാനും നമുക്ക് എല്ലാവർക്കും ജന്മനാ കഴിവുണ്ടെന്ന് കാണാം.

പ്രതികാരത്തെയും സംശയത്തെയും ഇല്ലാതാക്കാൻ കഠിനമായി പ്രയത്നിക്കണം. ഉപാധികളില്ലാതെ ശ്രദ്ധയെ വളർത്തുവാനും അതി ലൂടെ ബോധത്തെ ഉയർത്തുവാനും കഠിനമായി പരിശ്രമിക്കണം. അതിനായി അഞ്ച് കർമ്മങ്ങൾ (മനസ്സിനെ തുറന്നിടൽ,വസ്തു നിഷ്ഠത,നിഷ്കാമത്വം,നിസ്സംഗത്വം,ബോധശാസ്ത്ര ബ്രഹ്മചര്യം) പ്രാവർത്തികമാക്കണം. അങ്ങിനെയായാൽ ബോധം അൽപ്പം ഉയരു കയും ഓർമ്മശക്തിയും ശ്രദ്ധയും അനുഭവങ്ങളും മറ്റൊരു തലത്തി ലേക്കെത്തുകയും അതോടെ പ്രതികാരമെന്ന താഴ്ന്ന ബോധത്തിലെ ഓർമ്മയും ശ്രദ്ധയും അനുഭവങ്ങളും മറ്റൊന്നായി മാറുകയും അസാ ധാരണമായ സൂക്ഷ്മശ്രദ്ധയും വസ്തുനിഷ്ഠതയും ഉണ്ടാകുകയും നിലനിൽപ്പിന്റെ രഹസ്യം മനസ്സിലാകുകയും ചെയ്യുന്നു. അങ്ങിനെ ബോധവും ദേഹവും രണ്ടാണെന്ന് അനുഭവിക്കാൻ തക്ക ഓർമ്മയും ശ്രദ്ധയും വളരാൻ തുടങ്ങുന്നു.

**19. ശി**:- സഹജാവബോധത്തിൽ തനിയെ പ്രവർത്തിക്കുന്ന തിരി ച്ചറിവ്, ഓർമ്മ, ശ്രദ്ധ, അനുഭവങ്ങൾ മുതലായവയെ ഒന്നുകൂടി തിരി ച്ചറിയാൻ കഴിവുള്ള അവബോധം വീണ്ടും മനുഷ്യബുദ്ധിയോട് മാത്രം ബന്ധപ്പെടുന്നു. അതാണ് മനുഷ്യനെ മറ്റ് ജീവജാലങ്ങളിൽ നിന്ന് വ്യത്യ സ്തനാക്കുന്നത്. ഈ ബന്ധപ്പെടൽ മൂലം ഉണ്ടാകുന്ന വികാരങ്ങളുടെ ആവരണവും പ്രക്ഷേപണവും കൊണ്ടാണ് ബോധം താഴ്ത്തപ്പെട്ട് താൻ സാക്ഷാൽ ദൈവമാണെന്ന അനുഭവം എല്ലാവരിലും ഇല്ലാതാക്കുന്ന ത്. ഇവയിൽ ഏത് സവിശേഷതയ്ക്കാണ് ബോധത്തെ ഏറ്റവും കൂടു തൽ ഉയർത്താൻ കഴിയുന്നത് ?

**മാസ്റ്റർ**:- ബോധത്തിന്റെ മേൽപ്പറഞ്ഞ നാല് സവിശേഷതകളും ബോധത്തെ ഉയർത്താനും ഭ്രമത്തിൽ നിന്ന് പുറത്തു കടക്കാനും

ആവശ്യമാണ്, എന്നാൽ ഉപാധികൾക്കതീതമായ ശ്രദ്ധയ്ക്കും ഓർമ്മയ്ക്കുമാണ് ബോധത്തെ ഏറ്റവും കൂടുതൽ ഉയർത്താൻ കഴിയുന്നത്.

എല്ലാ ജീവജാലങ്ങൾക്കും ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളും ഉണ്ട്. നിലനിൽപ്പിനും അതിജീവനത്തിനും ഇവ ആവശ്യമാണ്. എന്നാൽ ഈ ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളും ജീവികളുടെ സഹജാവബോധമായതിനാലും അവയ്ക്ക് അവബോധം ഇല്ലാത്തതിനാലും തങ്ങൾക്ക് ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളും ഉണ്ടെന്ന് അവയ്ക്ക് സ്വയം അറിയാൻ കഴിയുകയില്ല. നിലനിൽപ്പിന്റെ താൽപര്യങ്ങൾ നേടുക എന്നതാണ് ഇവ കൊണ്ട് അവയ്ക്കുള്ള ഏക പ്രയോജനം. ഈ താൽപര്യങ്ങൾ ഒരിക്കലും അവരുടെ സ്വാർത്ഥ വികാരങ്ങൾ ആകാറില്ല.

മനുഷ്യനും നിലനിൽപ്പിന്റെ താൽപര്യങ്ങളുണ്ട്. എന്നാൽ അവ എല്ലാം തന്നെ സ്വാർത്ഥ വികാരങ്ങളായി മാറുന്നു. സ്വാർത്ഥ വികാരങ്ങളിൽ ഉണ്ടാകുന്ന ശ്രദ്ധയും ഓർമ്മയും അനുഭവങ്ങളും സഹജാവബോധത്തിലുള്ള ശ്രദ്ധ,ഓർമ്മ,അനുഭവം ഇവയിൽ നിന്ന് വളരെ വ്യത്യസ്തമാണ്. ബോധം അവബോധമായി മനുഷ്യനിൽ മാത്രം നിലനിൽക്കുന്നതിനാൽ, സഹജാവബോധത്തിന്റെ ശ്രദ്ധയെയും ഓർമ്മയെയും അനുഭവങ്ങളെയും വീണ്ടും ഒന്നുകൂടി ശ്രദ്ധിക്കാനും ഓർമ്മിക്കാനും അനുഭവിക്കാനും ഉള്ള കഴിവും മനുഷ്യനുണ്ട്.

ഈ കഴിവ് മനുഷ്യർ ഉപയോഗിക്കുന്നത് നിലനിൽപ്പിന്റെ സ്വാർത്ഥ താൽപര്യങ്ങൾ എങ്ങിനെ എളുപ്പത്തിലും സൂത്രത്തിലും കഷ്ടതകൾ ഇല്ലാതെയും നേടാം എന്നതിലാണ്. ഒരു വിഭാഗം മനുഷ്യർ ഇത് ഉപയോഗപ്പെടുത്തിയപ്പോഴാണ് ശാസ്ത്രവും ടെക്നോളജിയുമൊക്കെ ഉണ്ടായത്. മറ്റൊരു വിഭാഗം പ്രകൃതിയെക്കുറിച്ച് പഠിക്കാനും തന്നെ ഒഴിച്ച് മറ്റുള്ള വസ്തുക്കളെയും മനുഷ്യരെയും മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തിയപ്പോൾ മൂന്നാമതൊരു കൂട്ടർ പ്രശസ്തിയും ധനവും സമ്പാധിക്കാൻ ഉപയോഗപ്പെടുത്തി. അതോടുകൂടി ബുദ്ധി കുറഞ്ഞ നല്ലൊരു വിഭാഗം മനുഷ്യർ അനുകമ്പാർഹരായി.

തന്നെത്തന്നെ തിരിച്ചറിയാനും ശ്രദ്ധിക്കാനും തന്റെ ഓർമ്മകളെയും അനുഭവങ്ങളെയും ഒന്നു കൂടി പരിശോധിക്കുവാനും ഒരു മനുഷ്യനും ഒരു കാലത്തും തയ്യാറായിട്ടില്ല. അങ്ങിനെ തയ്യാറായാൽ ബോധം ഉയരുമെന്നും ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരുമെന്നും ആരും കണ്ടെത്തിയതായി തെളിവുകളുമില്ല.

ഓർമ്മയും ശ്രദ്ധയും വ്യത്യസ്ത വിഷയങ്ങളിൽ കേന്ദ്രീകരിക്കുവാനാണ് ഭൗതികരും ആത്മീയരും ശ്രമിച്ചത്. ഭൗതിക വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചവർ അനേകം ഭൗതിക സാമൂഹിക ശാസ്ത്രങ്ങൾ സ്ഥാപിച്ചു. ഒരു അദൃശ്യ ശക്തിയെ പുറത്ത് സങ്കൽപ്പിച്ച് ശ്രദ്ധയെ കേന്ദ്രീകരിച്ചവർ (ധ്യാനിച്ചവർ) വിവിധതരം അതീന്ദ്രിയ ശക്തികൾക്കും അനുഭവങ്ങൾക്കും വിധേയരായി. ഈ അനുഭവങ്ങൾ ദൈവത്തിന്റെ ശക്തിയാണെന്ന് അവർ പ്രചരിപ്പിച്ചു. മതങ്ങളും ഭൂരിഭാഗം വേദാന്ത കൃതികളും ഇതാണ് ആത്മീയതയായി ലോകത്തിന് പരിചയപ്പെടുത്തിയത്.

നിലനിൽപ്പിന്റെ വേദനകളെ പരിഹരിച്ച്, ഉപാധികളില്ലാതെ തന്നെത്തന്നെ ശ്രദ്ധിക്കുവാനും തന്റെ ഓർമ്മകളെയും അനുഭവങ്ങളെയും പരിശോധിക്കുവാനും സാഹചര്യങ്ങൾ ഒരുക്കുവാനുമാണ്, **നാൻസെൻ സ്കൂൾ ഓഫ് എവേയ്റോളജി** സ്ഥാപിക്കപ്പെട്ടത്. അതിലൂടെ വളരെ പെട്ടെന്ന് ബോധത്തെ ഉയർത്തി തുരീയം എന്ന മോക്ഷാനുഭവം എന്താണെന്ന് ജീവിച്ചിരിക്കെ അനുഭവിക്കാനാണ് എല്ലാവരെയും ക്ഷണിച്ചത്. അതിനായി നിലനിൽക്കാൻ ആവശ്യമായ ആഹാരവും പാർപ്പിടവും മാത്രമല്ല വാർദ്ധക്യ കാലത്ത് പരാശ്രയം കൂടാതെ ജീവിക്കുവാനുള്ള പണം പോലും വാഗ്ദാനം നൽകി. എന്നിട്ടും ഇന്നുവരെ മോക്ഷം എന്ന പൂർണ്ണ സ്വാതന്ത്ര്യം അന്വേഷിച്ച് ആരും വന്നില്ല. വന്നവരിൽ നാലോ അഞ്ചോ പേർ മാത്രം. അവർ, ലഭിച്ച സുഖ സൗകര്യങ്ങളിൽ ലയിച്ച് ബോധത്തെ ഒരു പരിധിക്കപ്പുറം ഉയർത്താൻ കൂട്ടാതെ എന്റെകൂടെ ജീവിക്കുന്നു.

ഉപാധികളില്ലാതെ തന്നെത്തന്നെ ശ്രദ്ധിക്കാൻ പഠിപ്പിക്കപ്പെടുമ്പോഴെല്ലാം എന്നെ ശത്രുവായി കാണുന്ന സാഹചര്യമാണ് പലപ്പോഴും കണ്ടത്. ഇത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തുന്നു. കാരണം ഞാൻ എന്നെ ശ്രദ്ധിക്കാനല്ല അവരോട് ആവശ്യപ്പെടുന്നത്. അവരെത്തന്നെ ശ്രദ്ധിക്കാനും അതിൽ ഉപാധികൾ ഉണ്ടെങ്കിൽ അത് നീക്കുവാനുമാണ് ആവശ്യപ്പെടുന്നത്. അതിന്റെ ഉയർന്ന ഭൗതിക ആത്മീയ പ്രയോജനങ്ങൾ അവർക്കു മാത്രമാണ് ലഭിക്കുക. ഭൗതിക തലത്തിൽ അവർ സമ്പന്നരും സന്തുഷ്ടരും സമാധാനമുള്ളവരും ആകും. ആത്മീയ തലത്തിൽ മോക്ഷമെന്ന ഏറ്റവും ഉയർന്ന ബോധതലം എന്താണെന്ന് ജീവിച്ചിരിക്കെ അനുഭവിക്കാനും അവർക്ക് കഴിയും. ഇതെല്ലാം ശാസ്ത്രീയമായി ബോദ്ധ്യപ്പെട്ടിട്ടുപോലും അവർ വികാരങ്ങളിൽ പ്രകോപിതരാകുന്നതും

എനിക്ക് എതിരാകുന്നതും നശ്വരതയെ നശ്വരമല്ലാതാക്കുന്ന വികാരാനുഭവങ്ങളുടെ ശക്തി കൊണ്ടാണ് എന്ന് വ്യക്തമാണ്.

നശ്വരതയെ നശ്വരതയെന്ന് അനുഭവപ്പെടുന്ന അവസ്ഥയെ എല്ലാവരും ഭയക്കുന്നു. നശ്വരത എന്ന അറിവ് അനുഭവമാക്കാൻ എല്ലാവർക്കും കഴിയും. എന്നാൽ നശ്വരത എന്ന അനുഭവം എല്ലാവരും വെറുക്കുന്നു എന്നാണ് എന്റെ ഈ അനുഭവങ്ങൾ തെളിയിക്കുന്നത്. വേദനയും ദുഃഖങ്ങളും പരിഹരിച്ചു കൊടുത്താൽ (സാക്ഷിയാകാൻ പഠിപ്പിച്ചാൽ) പിന്നീട് നൈമിഷിക സുഖവികാരങ്ങളെയാണ് അവർ അന്വേഷിക്കുന്നത്. അപ്പോൾ അവിടെയും വിജയിക്കുന്നത് വികാരങ്ങൾ തന്നെയാണ്. നിസ്സംഗതയും ഉപാധികൾക്കതീതമായ ശ്രദ്ധയും ഓർമ്മയും വളർത്താൻ മനുഷ്യ ബുദ്ധിക്ക് കഴിയുന്നില്ല എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്.

നശ്വരത അനുഭവപ്പെട്ടാൽ ജീവിതത്തിന് അർത്ഥമില്ല എന്ന അറിവാണ് എല്ലാവരും നിലനിർത്തുന്നത്. എന്നാൽ നശ്വരത അനുഭവപ്പെട്ടാൽ ചക്രവർത്തി പദത്തെപ്പോലും നിസ്സാരമെന്ന് തോന്നിപ്പിക്കുന്ന മോക്ഷാനുഭവത്തിന്റെ അഥവാ ജീവന്മുക്തിയുടെ പറഞ്ഞറിയിക്കാൻ ആവാത്ത പരമാനന്ദത്തിലേക്ക് ബോധം ഉയരുമെന്ന സത്യം ഇന്നുവരെ മനുഷ്യർ ആരും മനസ്സിലാക്കിയിട്ടില്ല. ശ്രീ ബുദ്ധനും ജനകനും ഭരതനും തങ്ങളുടെ സിംഹാസനങ്ങൾ വേണ്ട എന്ന് വച്ചതിന്റെ രഹസ്യം ഇന്നുവരെ ആർക്കും അറിയില്ല.

ഉപാധികളില്ലാതെ തന്നെത്തന്നെ ശ്രദ്ധിക്കുകയും തന്റെ ഓർമ്മകളെയും അനുഭവങ്ങളെയും സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്താൽ ബോധം വളരെ പെട്ടെന്ന് ഉയരുമെന്നത് അതിന്റെ നിയമമാണ്. മറ്റൊരു പ്രയത്നവും ആവശ്യമില്ല. എന്നാൽ സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ പോലും അതിന് ആരും തയ്യാറാകുന്നില്ല എന്നാണ് എന്റെ അനുഭവം. അൽപ്പം ബോധത്തെ ഉയർത്തി നിസ്സംഗരും നിസ്വാർത്ഥരും ആകാൻ ആർക്കും കഴിയും. എന്നാൽ ഭൗതിക ആത്മീയ ഉപാധികളില്ലാതെ ശ്രദ്ധയെയും ഓർമ്മയെയും തന്നിൽ ഉറപ്പിച്ച് നിർത്താൻ ആർക്കും കഴിയുന്നില്ല എന്ന് മാത്രമല്ല, അതിനെ എതിർക്കുകയും ചെയ്യുന്നു.

**20. ശി:-** താഴ്ന്ന ബോധത്തിലാണ് ജന്മം എടുത്തത് എന്ന് തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിലും ജീവിതം താഴ്ന്ന ബോധത്തിലാണെന്ന്

പലപ്പോഴും തോന്നിയിട്ടുണ്ട്. എന്തു കൊണ്ടാണ് ആർക്കും തന്നെ തങ്ങൾ താഴ്ന്ന ബോധത്തിലാണ് ജനിച്ചതെന്ന് മനസ്സിലാക്കാൻ കഴിയാത്തത് ?

**മാസ്റ്റർ:-** സഹജാവബോധവും നിലനിൽപ്പിന്റെ ഹിംസയും തനിയെ പ്രവർത്തിക്കുന്ന രീതിയിലാണ് സൃഷ്ടിയെ സങ്കൽപ്പിച്ചിരിക്കുന്നത് എന്ന് താഴ്ന്ന ബോധമുള്ള മനുഷ്യർക്ക് അറിയില്ല. ഇനി അറിയുന്നവർ ഉണ്ടെങ്കിൽ തന്നെ അവർ സദാസമയവും അത് മറക്കുകയും അവഗണിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

നമുക്ക് മുമ്പുള്ള തലമുറകളിൽ നിന്ന് ലഭിച്ച വാസനാദോഷങ്ങൾ വിഭ്രമ, മതിഭ്രമ വികാരങ്ങളായി താഴ്ന്ന ബോധത്തിൽ സ്വയം പ്രവർത്തിക്കുന്നു. അങ്ങിനെ ഉണ്ടാകുന്ന അനുഭവങ്ങളെ വിശകലനം ചെയ്യാനുള്ള കഴിവ് ബുദ്ധിക്കില്ല. കാരണം ബുദ്ധി അഞ്ച് ജ്ഞാനേന്ദ്രിയങ്ങളിൽ വന്ന് പതിക്കുന്ന സന്ദേശങ്ങളെ സ്വാർത്ഥ താൽപ്പര്യങ്ങളിൽ അഹങ്കാരിയായി നിലനിൽക്കാനായി ഉപയോഗപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. അങ്ങിനെയുള്ള ബുദ്ധിയെ, വികാരങ്ങളുടെ സ്രോതസ്സിനെ അന്വേഷിക്കുവാനും അഹങ്കാരത്തെ ഇല്ലാതാക്കാനും പര്യാപ്തമാക്കണമെങ്കിൽ പുറമെയുള്ളവയോടുള്ള താൽപ്പര്യം ഇല്ലാതാക്കണം. അതായത് പുറമെ കാണുന്നവ നശ്വരങ്ങളാണെന്നും അതുകൊണ്ടു തന്നെ ഭ്രമങ്ങളാണെന്നും ബുദ്ധിയെ വസ്തുനിഷ്ഠത കൊണ്ട് ബോദ്ധ്യപ്പെടുത്തണം. അത്തരത്തിൽ ബുദ്ധിയെ ഉപയോഗിച്ച് ബോധത്തെ ഉയർത്തുന്ന ഒരു പഠനം ലോകത്തൊരിടത്തും നിലനിൽക്കുന്നില്ല. ബോധത്തെ ഉയർത്തിയാൽ മാത്രമെ താഴ്ന്ന ബോധത്തിലെ വികാരാനുഭവങ്ങൾ സഹജാവബോധത്തിന്റെ സ്വയം പ്രവർത്തനമാണെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളു.

***"നിസ്സംഗത ജാഗ്രത്തിൽ നിന്ന് തുരീയം എന്ന ഉയർന്ന ബോധതലത്തിലേക്കുള്ള ഉണർവ്വിന്റെ മാർഗ്ഗമാണ്. ദേഹത്തിന്റെ ആരോഗ്യം -അനാരോഗ്യവുമായി ഇതിന് യാതൊരു ബന്ധവുമില്ല. എന്നാൽ ഉണരുന്നതിന് പരിശ്രമിക്കാൻ ആരോഗ്യം ആവശ്യമാണ് ".***

അദ്ധ്യായം നാല്

# നന്മ എന്ന തിന്മ

**21. ശി:-** ധാരാളം മഹാത്മാക്കളും വിശുദ്ധരും ആൾദൈവങ്ങളും കടന്നു പോയ ഭൂമിയാണിത്. അവരെല്ലാം ഉയർന്ന ബോധമുള്ളവരും ജ്ഞാനികളും നന്മയുള്ളവരും ആയിരുന്നില്ലെ? അവരുടെ ജീവിതം പിന്തുടർന്നാണ് ആദ്യകാലങ്ങളിൽ ഞാനും സത്യം അന്വേഷിച്ചത്. ജ്ഞാനവും നന്മയും എങ്ങിനെയാണ് അജ്ഞാനത്തെക്കാളും തിന്മ യെക്കാളും  താഴ്ന്ന ബോധാവസ്ഥയാകുന്നത് ?

**മാസ്റ്റർ:-** അറിവിനെ വേദാന്തങ്ങൾ രണ്ടായി തരം തിരിച്ചിരിക്കുന്നു. തന്നിൽ നിന്ന് അന്യമായ വസ്തുക്കളെയും സംഭവങ്ങളെയും അറിയുന്നതിനെ ജ്ഞാനമെന്നും തന്നെത്തന്നെ അറിയുന്നതിനെ വിജ്ഞാനമെന്നും പറയുന്നു. സ്വന്തം വികാരങ്ങളെക്കുറിച്ചുള്ള അറിവായതു കൊണ്ടായിരിക്കണം അതിന് വിജ്ഞാനം എന്ന പേര് നൽകിയത്. ആപേക്ഷികമായ അറിവുകളെയാണ് ജ്ഞാനം, അജ്ഞാനം എന്ന് വേർതിരിച്ചത്. വിജ്ഞാനത്തിൽ അത്തരമൊരു ആപേക്ഷിക വേർതിരിവ് സാദ്ധ്യമല്ല. അതു കൊണ്ടാണ് ജ്ഞാനം അദ്വൈതാനുഭവത്തിന് ഉപകരിക്കില്ല എന്ന് ബോധശാസ്ത്രം പറയുന്നത്.

വിജ്ഞാനം എന്നാൽ വികാരങ്ങളുടെ സ്രോതസ്സിലേക്കുള്ള യാത്ര യാണ്. വിഭ്രമ, മതിഭ്രമ അനുഭവങ്ങൾ ഇല്ലാത്തത് എന്ന് അനുഭവിക്ക ലാണ്.

ജ്ഞാനം ദുഃഖത്തെ താൽക്കാലികമായി ഇല്ലാത്തത് എന്ന് തോന്നിപ്പിക്കുന്ന അറിവുകളാണ്. അത് യുക്തിയാണ്. എല്ലാ ഉയർന്ന ആത്മീയ തത്വശാസ്ത്രങ്ങളും ഇത്തരം യുക്തി-യുക്തമായ ജ്ഞാനം നൽകാനാണ് ശ്രമിക്കുന്നതെന്ന് കാണാം.

ജ്ഞാനത്തിന് ശാശ്വതമായ ദുഃഖമുക്തി നൽകാൻ കഴിയില്ല. ഉച്ച നീചത്വങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ഭൂരിഭാഗം വരുന്ന മനുഷ്യരുടെ ജീവിതം നരകതുല്യമാക്കുന്നതു കൊണ്ടാണ് ജ്ഞാനം അജ്ഞാനത്തെ ക്കാൾ താഴ്ന്ന ബോധാവസ്ഥയാണെന്നു പറയുന്നത്.

എന്താണ് ജ്ഞാനം? ജന്മനായുള്ള വാസനാദോഷങ്ങളുടെ കൂടെ ജീവിതം കൊണ്ട് വന്നുചേരുന്ന ആരാധന-സാധനാദോഷങ്ങൾ കൂടി ചേരുമ്പോൾ, ബോധം തന്റെ നിസ്സംഗതയെ യുക്തി കൊണ്ട് വിധിച്ച് നന്മ-തിന്മ, നീതി-അനീതി, പാപം-പുണ്യം എന്നിങ്ങനെ വേർതിരിക്കും. അവയിൽ തിന്മയും അനീതിയും പാപവും ചെയ്യുന്നവരെ താഴ്ന്ന ബോധമുള്ളവരായും; നന്മയും-നീതിയും-പുണ്യവും മാത്രം ചെയ്യുന്ന വരെ ഉയർന്ന ബോധമുള്ള മഹാത്മാക്കളായും വിശുദ്ധന്മാരായും ജ്ഞാനികളായും; ഇവ സമ്മിശ്രമായി ചെയ്യുന്നവരെ സാധാരണ മനുഷ്യരായും കണക്കാക്കും. ഈ വൈരുദ്ധ്യങ്ങളുടെ സ്രോതസ്സ് ആരും അന്വേഷിക്കുകയില്ല. കാരണം അവയെല്ലാം സ്വാർത്ഥ താൽപ്പ ര്യങ്ങൾ നിലനിർത്താൻ ബുദ്ധി ഉപയോഗിക്കുന്ന സൂത്രത്തിന്റെ പ്രോഗ്രാമുകളായി മനസ്സിൽ പതിഞ്ഞു കഴിഞ്ഞിരിക്കുന്നു.

നിസ്സംഗമായ ബോധത്തെ അവബോധമായി സ്വീകരിച്ച് ബുദ്ധി കൊണ്ട് അജ്ഞാനവും ജ്ഞാനവും എന്ന രണ്ട് ബോധാവസ്ഥകളായി വിഘടിപ്പിച്ചാൽ, ആ ജ്ഞാനത്തിനൊരിക്കലും യഥാർത്ഥ ജ്ഞാനമാ കാനും അജ്ഞാനത്തിനൊരിക്കലും യഥാർത്ഥ അജ്ഞാനമാകാനും കഴിയില്ല.

സ്വാർത്ഥ താൽപ്പര്യങ്ങളുടെ ആഗ്രഹങ്ങളെ രണ്ട് ബോധാവസ്ഥ യായി വിഘടിപ്പിച്ച് നന്മയും തിന്മയും നീതിയും അനീതിയും പാപവും പുണ്യവും ആക്കിയാൽ അവയൊന്നും യാഥാർത്ഥ്യമാകുകയില്ല. മറിച്ച് ആപേക്ഷികമായി അധഃപതിക്കും. അവയ്ക്കുവേണ്ടി പോരാടുന്ന ദുഷ്ടനും മഹാത്മാവും വെറും കോമാളികൾ മാത്രമാണ്.

എല്ലാവരുടെയും വേദനകൾ ഒന്നാണെന്നും എല്ലാവരുടെയും നിലനിൽക്കാനുള്ള അവകാശം തുല്യമാണെന്നും അംഗീകരിക്കുന്ന ഒരു ഉയർന്ന ബോധതലം മനുഷ്യനുണ്ടായാൽ മാത്രമെ വികാരങ്ങൾക്കതീത മായ നന്മയും നീതിയും പുണ്യവും നിലനിൽക്കുകയുള്ളു. ഇത്തരം നന്മയും നീതിയും പുണ്യവുമുള്ള ഒരു മഹാത്മാവും ഇന്നുവരെ ഭൂമി യിൽ ഉണ്ടായിട്ടില്ല. നന്മയുടെയും നീതിയുടെയും പുണ്യത്തിന്റെയും സ്രോതസ്സ് എന്തെന്ന് മനസ്സിലാക്കിയ ആൾദൈവങ്ങളൊന്നും തന്നെ ഭൂമിയിൽ അവതരിച്ചിട്ടില്ല.

**22. ശി:-** നന്മ-തിന്മ, നീതി-അനീതി, പാപം-പുണ്യം ഇവയുടെ സ്രോതസ്സിലേക്ക് നോക്കിയ ഒരു മഹാത്മാവും ആൾദൈവവും ജനി ച്ചിട്ടില്ല എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? ഇവയുടെ സ്രോതസ്സ് എന്താണ്?

**മാസ്റ്റർ:-** ഒരു സമൂഹത്തിലെ കുറെപ്പേർ അനുകമ്പാർഹരാകുന്നത് കൊണ്ടാണ് അവിടെ നന്മ-തിന്മ, നീതി-അനീതി, പുണ്യം-പാപം എന്നീ ബോധാവസ്ഥയുടെ വൈരുദ്ധ്യങ്ങൾക്ക് പ്രസക്തി ഉണ്ടാകുന്നത്. നന്മ-തിന്മകൾ നിയമം കൊണ്ട് കൈകാര്യം ചെയ്യുമ്പോൾ അത് നീതി-അനീതിയും; ആത്മീയമായി കൈകാര്യം ചെയ്യുമ്പോൾ പാപ-പുണ്യങ്ങളും ആയി മാറുന്നു. നന്മയുടെ പ്രതിനിധികൾ മഹാത്മാക്കളും നീതിയുടെ സംരക്ഷകർ പൊലീസും കോടതിയും പട്ടാളവും ഭരണകൂടവുമാണെങ്കിൽ, പുണ്യത്തിന്റെ സംരക്ഷകർ എല്ലാ മതങ്ങളിലുമുള്ള പുരോഹിതരും ആത്മീയരുമായിരിക്കും.

ഒരു സമൂഹത്തിലെ കുറെപ്പേർ അനുകമ്പാർഹരാകുന്നതിന്റെ മൂല കാരണം ഒരു മഹാത്മാവും ആൾദൈവവും ചിന്തിച്ചിട്ടില്ല. ബുദ്ധിയും പേശീബലവും ധൈര്യവും ഉള്ള ഒരു വിഭാഗം മനുഷ്യരുടെ സ്വാർത്ഥതയും ജനസംഖ്യാവർദ്ധനവുമാണ് അനുകമ്പാർഹരെ സൃഷ്ടിക്കുന്നത്. ഇവ രണ്ടും ഇല്ലാതാക്കിയാൽ അവിടെ നന്മ-തിന്മകൾ നിലനിൽക്കുകയില്ല. അതുകൊണ്ടു തന്നെ നീതി-അനീതിയുടെ നിയമങ്ങളും അവയ്ക്ക് കാവലും ആവശ്യമില്ല. മതങ്ങളും അപ്രസക്തമാകും.

ഇന്നുവരെ ഭൂമിയിൽ ജനിച്ചിട്ടുള്ള മഹാത്മാക്കളും വിശുദ്ധരും ആൾദൈവങ്ങളും മനുഷ്യരുടെ സ്വാർത്ഥതയെക്കുറിച്ച് ആഴത്തിൽ പഠിച്ചവരല്ല. അവരാരും ജനസംഖ്യാവർദ്ധനവിനെ എതിർത്തിട്ടുമില്ല. മറിച്ച് ജനസംഖ്യ വർദ്ധിപ്പിക്കണമെന്ന കൽപ്പനയാണ് എല്ലാ മതങ്ങളും നൽകുന്നത്. അത് മതം എന്ന സംഘടനുടെ ശക്തി വർദ്ധിപ്പിക്കാനാണ്.

സ്വാർത്ഥതയ്ക്ക് എതിരായ അനേകം തത്വശാസ്ത്രങ്ങളും കൽപ്പനകളും അവർ നൽകിയിട്ടുണ്ട്. അനേകം ഇസങ്ങളിലൂടെ രാഷ്ട്രീയക്കാരും സ്വാർത്ഥതയെ നിയന്ത്രിക്കുന്ന നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നിയമങ്ങളും,കൽപ്പനകളും,ബലപ്രയോഗവും കൊണ്ട് സ്വാർത്ഥതയെ ഇല്ലാതാക്കാൻ കഴിയില്ല. അതിനെ ബുദ്ധിയുടെ സൂത്രം കൊണ്ട് മറച്ചുപിടിക്കുവാനെ കഴിയുകയുള്ളു. അത്തരം ബുദ്ധിയാണ് നീതി-ന്യായങ്ങളെ സൃഷ്ടിച്ചത്. അതുകൊണ്ടും അനുകമ്പാർഹരെ നിയന്ത്രിക്കാൻ കഴിയില്ല എന്ന് വന്നപ്പോഴാണ് നന്മ-സ്നേഹം സേവനം എന്നീ പുണ്യങ്ങളെ ദൈവീക മൂല്യങ്ങളാക്കി പുരോഹിത വർഗ്ഗം ഉപയോഗിച്ചത്. മതം ശക്തമായിരിക്കുന്ന എല്ലാ സമൂഹങ്ങളും ഉച്ചനീചത്വങ്ങളിൽ സുഗമമായി നിലനിൽക്കും. കാരണം ഭൂരിപക്ഷമോ-ന്യൂനപക്ഷമോ വരുന്ന അനുകമ്പാർഹരെ ദൈവീക വിശ്വാസത്തിൽ തളച്ചിടാൻ കഴിയും. അവരുടെ പ്രതികരണ ശേഷി നഷ്ടപ്പെട്ടു പോകും. എന്നിരുന്നാലും ചില സന്ദർഭങ്ങളിൽ വേദനയും പ്രാരബ്ധവും സഹിക്കാതെ

വരുമ്പോൾ അവർ പ്രതികരിക്കും. അതാണ് ആത്മീയ രാഷ്ട്രീയ വിപ്ലവമായി മാറുന്നത്. അതുകൊണ്ടാണ് ഭൂമി എന്നും നന്മ-തിന്മകളുടെയും നീതി-അനീതികളുടെയും പാപ-പുണ്യങ്ങളുടെയും ഒരു യുദ്ധ ഭൂമിയായി നിലനിൽക്കുന്നത്. ഇപ്പോഴും അതുതന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും നിലനിൽക്കുന്നത് സഹജാവബോധം കൊണ്ടാണ്. ഇതിനെയാണ് നാം നിലനിൽപ്പിന്റെ ബുദ്ധി എന്ന് പറയുന്നത്.

സ്വാർത്ഥതയും പ്രത്യുൽപ്പാദനവും സഹജാവബോധത്തിന്റെ രണ്ട് പ്രധാനപ്പെട്ട ശക്തികളാണ്. ഇവയെ ജീവശക്തി എന്ന് വിളിക്കാം. ഇവ രണ്ടും ഒരു ജീവവർഗ്ഗത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനവുമാണ്. എന്നാൽ മനുഷ്യമസ്തിഷ്ക്കത്തിന് സഹജാവബോധം മാത്രമല്ല ബോധത്തെ അവബോധമായി സഹജാവബോധത്തോട് ബന്ധപ്പെടുത്തുവാനുള്ള ഒരു പ്രത്യേക കഴിവു കൂടിയുണ്ട്. അതുകൊണ്ടാണ് മനുഷ്യന്റെ ബുദ്ധിയെ വിശേഷ ബുദ്ധിയെന്നു വിളിക്കുന്നത്.

കേവല യാഥാർത്ഥ്യമായ ബോധം അഥവാ ദൈവം സ്വയം ഭ്രമിച്ച് സഹജാവബോധം കൊണ്ട് സൃഷ്ടികർമ്മം നടത്തുകയും ആ സൃഷ്ടിയിലെ ഒരു വർഗ്ഗമായ മനുഷ്യന്റെ സഹജാവബോധത്തെ ഒന്നുകൂടി തിരിച്ചറിയാൻ കഴിവുള്ള അവബോധമായി വീണ്ടും ചേരുകയും ചെയ്യുന്നു.

എല്ലാ ജീവജാലങ്ങൾക്കും നിലനിൽക്കാനുള്ള തിരിച്ചറിവ് (സഹജാവബോധം) മാത്രമെയുള്ളു. എന്നാൽ മനുഷ്യന് ആ തിരിച്ചറിവിനെ തന്നെ ഒന്നുകൂടി തിരിച്ചറിയാനുള്ള അവബോധം ഉണ്ടെന്ന് അർത്ഥം. ഈ അവബോധമാണ് നന്മ-തിന്മ,നീതി-അനീതി, പാപം-പുണ്യം, ഭാഗ്യം -നിർഭാഗ്യം എന്നിങ്ങനെയുള്ള ബോധാവസ്ഥകളെ സൃഷ്ടിക്കുന്നത്.

സഹജാവബോധം ബുദ്ധിയായി പ്രവർത്തിക്കുന്ന ജീവജാലങ്ങൾക്ക് അവയുടെ ബുദ്ധി വികസിപ്പിക്കാൻ പരിണാമത്തിലൂടെ മാത്രമെ സാധിക്കുകയുള്ളു. പരിണാമത്തിന് സമയദൈർഘ്യം കൂടുതൽ ആവശ്യമാണ്. എന്നാൽ അവബോധം ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന മനുഷ്യന് തന്റെ ബുദ്ധി വികസിപ്പിക്കാൻ വളരെ കുറച്ചു സമയം മതി. അതിനാൽ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും മനുഷ്യന്റെ അതിക്രമങ്ങൾ കൊണ്ടും ഏതു ജീവിയും ഏതു കാലത്തും അന്യം നിന്നു പോകാം. എന്നാൽ മനുഷ്യന് അവബോധമുള്ളതിനാൽ ഇവയെ അതിജീവിക്കാം. സൃഷ്ടി-സ്ഥിതി-സംഹാരത്തെ സ്വയം നിയന്ത്രിക്കാ

നുള്ള കഴിവ് മനുഷ്യന് മാത്രമെ ഉള്ളു. അതുകൊണ്ടാണ് മനുഷ്യനിൽ ദൈവം അവബോധമായി നിൽക്കുന്നു എന്ന് പറയേണ്ടി വന്നത്. നശ്വരമായ വസ്തുക്കളെയും ജീവനെയും സൃഷ്ടിച്ച് നിലനിർത്തി സംഹരിക്കുവാൻ മാത്രമെ സഹജാവബോധത്തിന് കഴിയുകയുള്ളു. അത് തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുക മാത്രമാണ് മനുഷ്യന്റെ ബോധമണ്ഡലത്തിന് കഴിയുക. അനുഭവങ്ങളിൽ ശാരീരിക വേദനയും സുഖവും ഒഴിച്ചാൽ മറ്റെല്ലാ അനുഭവങ്ങളും തോന്നലുകളാണ് എന്ന് തെളിയിക്കാം. ശാരീരിക വേദന എന്ന യാഥാർത്ഥ്യത്തെ എന്നന്നേയ്ക്കുമായി ഇല്ലാതാക്കണമെങ്കിൽ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് മരണത്തിന് മുമ്പേ ഉണരണം. അതായത് മരണം തോന്നലാണെന്ന് തിരിച്ചറിയണം. മരണം തോന്നലാണെന്ന് മരണത്തിന് മുമ്പേ തിരിച്ചറിഞ്ഞാൽ ജനിക്കുന്നു എന്ന ഭ്രമം (തോന്നൽ) ഉണ്ടാകുകയില്ല. അതാണ് മോക്ഷം.

സഹജാവബോധത്തിന്റെ സ്വാർത്ഥതയെ അവബോധം കൊണ്ട് തിരിച്ചറിഞ്ഞാൽ, 'ഞാൻ സ്വാർത്ഥനാണ് 'എന്ന് എല്ലാവരും മനസ്സിലാക്കേണ്ടി വരുന്നു. ദൈവത്തിന് (ബോധത്തിന്) സ്വാർത്ഥനാകാൻ കഴിയില്ല. അതുകൊണ്ടാണ് വ്യക്തിബോധമുള്ള ഏതു മനുഷ്യനും മനഃസ്സാക്ഷിക്കുത്ത് ഉണ്ടാകുന്നത്. ഒന്നുകിൽ സ്വാർത്ഥതയെ ഇല്ലാതാക്കി തുരീയം എന്ന മോക്ഷത്തിൽ നിലനിൽക്കണം. അല്ലെങ്കിൽ സ്വാർത്ഥതയെ ബുദ്ധിയുടെ സൂത്രം കൊണ്ട് മറച്ചുപിടിച്ചോ, തന്റെ സ്വാർത്ഥതയെ മറന്നോ അവഗണിച്ചോ ജീവിക്കണം. അല്ലെങ്കിൽ താൻ മാത്രം നിസ്വാർത്ഥൻ മറ്റുള്ളവരെല്ലാവരും സ്വാർത്ഥർ എന്ന് ചിന്തിക്കുന്ന വ്യക്തിബോധത്തെ നിലനിർത്തണം.

തുരീയം എന്ന ഉയർന്ന ബോധതലം അഥവാ കേവല യാഥാർത്ഥ്യവും മോക്ഷാവസ്ഥയും എന്തെന്ന് അനുഭവിക്കാനുള്ള മാർഗ്ഗം ഇന്നുവരെ കണ്ടുപിടിക്കപ്പെടാതിരുന്നതിനാൽ ദുഷ്ടനും മഹാത്മാവും എല്ലാം രണ്ടാമത്തെ മാർഗ്ഗം സ്വീകരിച്ചു. അങ്ങിനെ എല്ലാവരും സ്വാർത്ഥതയെ ബുദ്ധിയുടെ സൂത്രമായി പ്രയോഗിച്ചപ്പോഴാണ് ബുദ്ധിയും കഴിവുകളും ഇല്ലാത്ത ഒരുകൂട്ടം ആളുകൾ അനുകമ്പാർഹരായി മാറിയത്.

കൂനിന്മേൽ കുരു എന്നപോലെയാണ് മനുഷ്യരുടെ പ്രത്യുൽപ്പാദനം. എല്ലാ ജീവജാലങ്ങളുടെയും സഹജാവബോധമാണ് പ്രത്യുൽപ്പാദനം. മൃഗങ്ങളെപ്പോലെ മനുഷ്യരും പ്രത്യുൽപ്പാദനത്തിൽ ഏർപ്പെട്ടു. തന്റെ കുഞ്ഞുങ്ങൾക്ക് ഈ ഭൂമിയിൽ സ്വന്തമായ പാർപ്പിടവും ആഹാരവും സമ്പന്നതയിലുള്ള നിലനിൽപ്പും ഉണ്ടോ എന്നും ഉണ്ടാകുമൊ എന്നും ഈ പ്രത്യുൽപ്പാദകർ ശ്രദ്ധിച്ചില്ല.

പ്രത്യുൽപ്പാദനം സഹജാവബോധമായതിനാൽ സ്വപ്നാടനത്തിൽ ബോധമില്ലാതെ നടക്കുന്ന ഒരു മനുഷ്യൻ പ്രത്യുൽപ്പാദനം നടത്തുന്നതു പോലെയായി മനുഷ്യരുടെ പ്രത്യുൽപ്പാദനവും.

പ്രാരബ്ധങ്ങൾ വരുമ്പോൾ മക്കളെ ദൈവം തന്നതാണെന്നു പറയാൻ മതക്കാർ പഠിപ്പിക്കുകയും, വാ കീറിയ ദൈവം ഇരയും കൽപ്പിക്കും എന്ന തത്വശാസ്ത്രവും കൂടി ആയപ്പോൾ ജനസംഖ്യ എല്ലാ പരിധികളും കടന്നു.

അവബോധം സഹജാവബോധത്തെ തന്നെ തിരിച്ചറിയുന്ന തിരിച്ചറിവായതു കൊണ്ട് ഏത് മനുഷ്യനും പ്രത്യുൽപ്പാദനത്തെ (സൃഷ്ടിയെ) നിയന്ത്രിക്കാനും മരണത്തെ നീട്ടി വയ്ക്കാനുമുള്ള കഴിവുണ്ട്. എന്നാൽ സഹജാവബോധം മാത്രമുള്ള മൃഗങ്ങൾക്ക് ആഹാരത്തിന്റെ ലഭ്യത അനുസരിച്ച് പ്രത്യുൽപ്പാദനം കൂട്ടാനോ കുറയ്ക്കാനോ ഉള്ള കഴിവില്ല. എന്നാൽ മനുഷ്യന് അത് കഴിയും. എന്നിട്ടും വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ ഇത്രയും പ്രത്യുൽപ്പാദനം നടത്തിയ മനുഷ്യനെപ്പോലെ മറ്റൊരു ജീവിയും ലോകത്തില്ല. ഇതാണ് ഏറെ രസകരമായ സത്യം. അതായത് <u>പ്രത്യുൽപ്പാദനം നിയന്ത്രിക്കാൻ കഴിവുള്ള ഏക ജീവി പ്രത്യുൽപ്പാദനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ!!</u> മാത്രമല്ല ബോധം താഴ്ന്ന കുറെ ഭരണകർത്താക്കളും പുരോഹിതരും അനുകമ്പാർഹരായ മനുഷ്യരെ, പണം വാഗ്ദാനം ചെയ്ത് പ്രത്യുൽപ്പാദനത്തിന് പ്രോത്സാഹിപ്പിക്കുന്നു. വിചിത്രമാണ് മനുഷ്യന്റെ തിരിച്ചറിവ് !

അവബോധം കൊണ്ട് സ്വാർത്ഥതയും പ്രത്യുൽപ്പാദനവും നിയന്ത്രിക്കുന്ന ഒരു സമൂഹം ബോധത്തിൽ വളരെ ഉയർന്നവരായിരിക്കും. അവിടെ അനുകമ്പാർഹർ ഉണ്ടാകുകയില്ല കാരണം സ്വാർത്ഥത കുറഞ്ഞാൽ നശ്വരത അനുഭവമാകും. നശ്വരത അനുഭവമായാൽ എല്ലാവരും പരസ്പരം അവകാശങ്ങളെ അംഗീകരിക്കുന്നവരായി മാറും. അതിനാൽ അവിടെ അനുകമ്പാർഹർ ഉണ്ടാകുകയില്ല,

നന്മ-തിന്മ, നീതി-അനീതി, പാപം-പുണ്യം എന്നീ വൈരുദ്ധ്യങ്ങൾ അത്തരം സമൂഹത്തിൽ നിലനിൽക്കുകയില്ല. എല്ലാവർക്കും പാർപ്പിടവും ഭക്ഷണവും ആഢംബര വസ്തുക്കളും ഒരുപോലെ ലഭ്യമാകുന്ന ഒരു സമൂഹത്തിൽ തിന്മയും അനീതിയും പാപവും എങ്ങിനെ ഉണ്ടാകാനാണ് ? ഇവയില്ലെങ്കിൽ നന്മ-നീതി-പുണ്യത്തിന്റെ ആവശ്യമെന്താണ്?

മനുഷ്യന്റെ അവകാശങ്ങൾ തുല്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ എന്നും സമൂഹമായി ജീവിക്കാൻ ആവശ്യമായ കർമ്മ-ധർമ്മങ്ങൾ

ചെയ്യുന്നുണ്ടോ എന്നും വിലയിരുത്തുന്ന ഒരു സർക്കാർ മാത്രം മതി. രാഷ്ട്രീയക്കാരും ജനാധിപത്യവും കമ്മ്യൂണിസവും സോഷ്യലിസവും മുതലാളിത്തവും ഒന്നും അവിടെ ആവശ്യമില്ല. അത്തരം സമൂഹത്തിൽ നിന്നും മതങ്ങളും അപ്രത്യക്ഷമാകും. പ്രകൃതി ദുരന്തങ്ങളും രോഗങ്ങളും ഉണ്ടാകുമ്പോൾ സർക്കാർ ശമ്പളം പറ്റുന്ന സേവകർ അത് പരിഹരിക്കാൻ അത്തരം സമൂഹത്തിൽ പ്രതിബദ്ധതയോടെ കാത്തുനിൽക്കും.

**23. ശി :-** വാസനാദോഷങ്ങളായി നന്മ-തിന്മകൾ പരിണമിച്ചുപോയി എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് ?

**മാസ്റ്റർ:-** നന്മ-തിന്മകളുടെ ഒരാശയമോ സങ്കൽപ്പമോ അനുഭവം കൊണ്ടോ അറിവു കൊണ്ടോ ബോധം, സത്യമെന്ന് വിശ്വസിച്ച് സ്വീകരിച്ചാൽ, മനസ്സിൽ അത് virtual ജീനുകളായി പരിണമിക്കും. അങ്ങിനെ പരിണമിക്കപ്പെട്ടു കഴിഞ്ഞാൽ നന്മയുടെയൊ തിന്മയുടെയൊ ഒരു സാഹചര്യം ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ട് മനസ്സിലാക്കിയാൽ അവിടെ നന്മ-തിന്മയുടെ വികാരം ഉയരും. വികാരം ശരീരത്തിൽ ചില ഹോർമോണുകൾ പുറപ്പെടുവിച്ച് കർമ്മത്തിലേക്കോ അനുഭവത്തിലേക്കോ എത്തിക്കുന്നു.

തിന്മയുടെ ഒരു രംഗം കണ്ടാൽ ദേഷ്യവും പ്രതികാരവും വികാരമായി മനസ്സിൽ പതഞ്ഞു പൊങ്ങും. അതിനാനുപാതികമായി പ്രതികരിക്കാൻ അഡ്രിനാലിൻ പോലുള്ള ഹോർമോണുകൾ ശരീരത്തിൽ ഉണ്ടാകുകയും ചെയ്യും.

അതുപോലെ നന്മയുടെ ഒരു രംഗം കണ്ടാൽ കരുണയുടെ വികാരം മനസ്സിൽ ഉണരുകയും അതിന് ആനുപാതികമായി കണ്ണുനീർ ഗ്രന്ഥികൾ പ്രവർത്തിക്കുകയും ചെയ്യും. പണം കൊണ്ടോ കർമ്മം കൊണ്ടോ അല്ലെങ്കിൽ സ്വന്തം ജീവൻ കൊണ്ടോ പ്രതികരിക്കാൻ തയ്യാറാകും. നന്മയ്ക്കും നീതിക്കും പുണ്യത്തിനും വേണ്ടിയുള്ള എല്ലാ പോരാട്ടങ്ങളും ഇത്തരം രാസപ്രവർത്തനങ്ങൾ കൊണ്ടാണ് ഉണ്ടാകുന്നത്.

**മനസ്സാക്ഷിക്കുത്തു കൊണ്ട് തിന്മയുടെ സ്രോതസ്സിലേക്ക് നോക്കാൻ അജ്ഞാനി തയ്യാറായാൽ പോലും മഹാത്മാവും ജ്ഞാനിയും ഒരു കാരണവശാലും നന്മയുടെയൊ അറിവിന്റെയൊ അനുഭവത്തിന്റെയൊ സ്രോതസ്സിലേക്ക് നോക്കാൻ തയ്യാറാകുകയില്ല.** കാരണം താൻ ചെയ്യുന്നതും പറയുന്നതുമെല്ലാം ശരി എന്ന് ഇവരെല്ലാവരും അന്ധമായി വിശ്വസിക്കുകയും, ഈ വിശ്വാസത്തെ സമൂഹം

സ്ഥാനമാനങ്ങൾ നൽകി അംഗീകരിക്കുകയും ചെയ്യുന്നു. അതിനാൽ ഈ 'ശരി' കൂടുതൽ ശരിയെന്ന് വിശ്വസിക്കാൻ ഇടയാകുന്നു. ഇത് അയാളെ അജ്ഞാനിയെക്കാളും ദുഷ്ടനേക്കാളും കൂടുതൽ താഴ്ന്ന ബോധാവസ്ഥയിലേക്ക് താഴ്ത്തുന്നു.

**24. ശി:-** ഇതൊരു ഭ്രാന്തു പിടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. ഇതിനോട് യോജിക്കാൻ എളുപ്പമല്ല. ഒന്നുകൂടി വ്യക്തമാക്കാമോ ?

**മാസ്റ്റർ:-** ഒരു അനാഥ കുട്ടി തെരുവിൽ കിടന്ന് വിശന്നു കരയുന്നു എന്ന് സങ്കൽപ്പിക്കുക. ആ കുട്ടിയെ ആരെങ്കിലും കോരിയെടുത്ത് ആഹാരവും അഭയവും നൽകിയാൽ അതൊരു മഹത് കർമ്മമായി എല്ലാവരുടെയും മനസ്സിൽ നിറയും. സാധാരണക്കാരന് അനുകരിക്കാൻ കഴിയാത്ത ഒന്നാണത്.

എന്നാൽ, ആ അനാഥകുട്ടി തെരുവിലേക്ക് എന്തു കൊണ്ടാണ് എറിയപ്പെട്ടതെന്ന് ആരും ചിന്തിക്കുകയില്ല.

ഒരു അനാഥകുട്ടിയെ സൃഷ്ടിക്കാതിരിക്കാൻ, സൃഷ്ടികർത്താക്കൾക്കും അത് തടയാൻ സമൂഹ നിയമത്തിനും ശാസ്ത്രത്തിനും കഴിയുമായിരുന്നു. വിദ്യാഭ്യാസത്തിന്റെയൊ അറിവിന്റെയൊ പോരായ്മ അവിടെയില്ല.

തിന്മയെ തിന്മയാണെന്ന് അറിഞ്ഞു കൊണ്ട് ചെയ്യുന്നതും അല്ലെങ്കിൽ അതിന് കൂട്ടു നിൽക്കുന്നതും താഴ്ന്ന ബോധത്തിന്റെ ധാർഷ്ഠ്യമാണ്. ഈ ധാർഷ്ഠ്യത്തെ മറച്ചു പിടിക്കാൻ കൊണ്ടു വരുന്ന നന്മയുടെ വികാരങ്ങളിൽ എവിടെയാണ് മഹത്വം ഇരിക്കുന്നത് ? മറിച്ച് അത്തരം നന്മ പ്രവൃത്തികൾ മൂലം അനാഥ കുട്ടികൾ കൂടുതലായി ഉണ്ടാകുവാനുള്ള സാദ്ധ്യത വളരുകയാണ് ചെയ്യുന്നത്. അതു കൊണ്ടാണ് നന്മ ബോധം, തിന്മ ബോധത്തെക്കാൾ താഴ്ന്ന ബോധമാണെന്ന് പറയേണ്ടി വന്നത്. ബുദ്ധിയുള്ളവർ അജ്ഞതയെ ബലമായി ഭൂമിയിൽ പിടിച്ചു നിർത്തുന്നവരാണ്.

താഴ്ന്ന ബോധത്തിലെ സ്വാഭാവികമായ വികാരമാണ് തിന്മ. തന്റെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കും സുഖകരമായ നിലനിൽപ്പിനും തടസ്സമാകുന്ന എന്തിനേയും അടിച്ചമർത്തുക, നശിപ്പിക്കുക എന്നതാണ് തിന്മ വികാരത്തിന്റെ പ്രത്യേകത. അതിനാൽ താൻ ചെയ്യുന്നത് തിന്മയാണെന്ന് ആർക്കും തോന്നുകയില്ല എന്ന് മാത്രമല്ല അത് നന്മയായി യുക്തി കൊണ്ട് സ്വയവും മറ്റുള്ളവരെയും ബോദ്ധ്യപ്പെടുത്തുകയും ചെയ്യും.

അതിനാൽ മനുഷ്യർ തമ്മിലുള്ള എല്ലാ വഴക്കുകളും യുദ്ധവും നന്മയുടെ പേരിലുള്ള പോരാട്ടങ്ങൾ മാത്രമാണ്. സമൂഹ വഴക്കുകളെ ഇല്ലാതാക്കാൻ ആഭ്യന്തര നിയമങ്ങളും രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ ഒഴിവാക്കാൻ അന്താരാഷ്ട്ര നിയമങ്ങളും മനുഷ്യർ ഉണ്ടാക്കി. നിയമങ്ങളെ നടപ്പിലാക്കാൻ കോടതികളെയും പട്ടാളത്തേയും പൊലീസിനെയും ഏൽപ്പിക്കുന്നു. അങ്ങിനെ നന്മ,തിന്മകളുടെ യുദ്ധം നീതി,അനീതികളുടെ പോരാട്ടങ്ങളായി മാറി. അതുകൊണ്ടും സമാധാനവും സന്തോഷവും ഇല്ലാതായപ്പോൾ പുരോഹിതരും ആൾദൈവങ്ങളും ചേർന്ന് പാപ,പുണ്യങ്ങളുടെ ദൈവീക തത്വ സംഹിതകളുണ്ടാക്കി. അവയെ വിശ്വാസമാക്കി വളർത്തി സമാധാനം സ്ഥാപിക്കാൻ ശ്രമിച്ചു. അവയിൽ കൂടുതൽ വിജയിച്ചത് ആത്മീയതയുടെ വിശ്വാസങ്ങളായിരുന്നു.

നന്മയും, തിന്മയും, നീതിയും, അനീതിയും, പാപവും, പുണ്യവും വിഭ്രമ, മതിഭ്രമങ്ങളുടെ പ്രോഗ്രാമുകളായി ഓരോ തലമുറയിലും കോഡ് ചെയ്യപ്പെടുകയും; അവ വികാരങ്ങളായി രാസവസ്തുക്കളെ പുറപ്പെടുവിക്കുമ്പോൾ ബോധം വീണ്ടും താഴ്ന്നു പോകുകയും ആപേക്ഷികമായ ഈ അറിവുകൾ യാഥാർത്ഥ്യമാണെന്ന് തെറ്റിദ്ധരിക്കാൻ ഇടയാകുകയും ചെയ്തു. അതിന്റെ ഫലമായി തിരിച്ചറിവും ശ്രദ്ധയും ഓർമ്മയും അനുഭവവും ഉണ്ടായിരുന്നിട്ടു പോലും ആർക്കും നന്മ-തിന്മകളുടെയും, നീതി-അനീതികളുടെയും, പാപ-പുണ്യങ്ങളുടെയും സ്രോതസ്സിലേക്ക് നോക്കുവാൻ കഴിവില്ലാതായി പോയി.

തെരുവിലേയ്ക്ക് എറിയപ്പെട്ട അനാഥകുട്ടിയുടെ മാതാപിതാക്കൾക്ക് തങ്ങൾ ചെയ്യുന്ന പ്രവൃത്തിയുടെ ഫലം ഒരു അനാഥ കുട്ടിയെ സൃഷ്ടിക്കലാണെന്ന അറിവ് ഇല്ലാഞ്ഞിട്ടല്ല, തെരുവിലേക്കെറിയപ്പട്ടാൽ അതിനെ വളർത്താൻ സമൂഹം തയ്യാറാകുമെന്ന അറിവാണ് അവരെക്കൊണ്ടത് ചെയ്യിച്ചത്. ഈ അറിവ് അജ്ഞാനമല്ല, ജ്ഞാനമാണ്. ഈ മാതാപിതാക്കളെ തേടിപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ പൊലീസിന് കഴിയാഞ്ഞിട്ടല്ല അതിനുള്ള നിയമം എഴുതിവച്ചിട്ടില്ല, ശിക്ഷ തീരുമാനിച്ചിട്ടുമില്ല. അമ്മത്തൊട്ടിലിൽ സ്വന്തം കുഞ്ഞിനെ കിടത്തിയിട്ടു കടന്നു കളയുന്ന അമ്മയെയും അച്ഛനെയും ശിക്ഷിച്ചതായി ഞാൻ ഇതുവരെ കേട്ടിട്ടില്ല.

ജ്ഞാനവും നീതിയും പരാജയപ്പെട്ടാലും ശാസ്ത്രത്തെ ഉപയോഗപ്പെടുത്തി (ഗർഭ നിരോധന മാർഗ്ഗങ്ങൾ) ഇതിനെ പരിഹരിക്കാമായിരുന്നു. അങ്ങിനെ മൂന്ന് ബോധതലത്തിൽ പരിഹരിക്കാൻ കഴിയുമാ

യിരുന്നിട്ടും അങ്ങിനെയൊന്നും പരിഹരിക്കാൻ കൂട്ടാക്കാതെ കുട്ടിയെ എടുത്തു വളർത്തിയ "നല്ലവനെ" സമൂഹം നോബൽ സമ്മാനം നൽകി ബഹുമാനിക്കുകയും സംഭാവനകളും സ്ഥാന-മാനങ്ങളും നൽകി ആദരിക്കുകയും ചെയ്യുന്നു. !! വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ മായാജാലമാണിത്.

ഈ മൂന്ന് ബോധതലങ്ങളിൽ ഏതെങ്കിലും ഒരു ബോധതലത്തിൽ 'മഹാത്മാവ്" പ്രതികരിച്ചിരുന്നുവെങ്കിൽ ഒരു അനാഥകുട്ടിയും പിന്നീട് തെരുവിലേക്ക് എറിയപ്പെടുമായിരുന്നില്ല. അങ്ങിനെ സ്രോതസ്സിൽ വച്ച് തിന്മയെ തടയുന്നവനാണ് യഥാർത്ഥ മഹാത്മാവ്. അദ്ദേഹം നോബൽ സമ്മാനത്തിന് അർഹനുമാണ്. അത്തരം ഒരു മഹാത്മാവിനെ ലോകം കണ്ടിട്ടുണ്ടോ? രോഗം വരുത്തി ചികിൽസിച്ച് കേമനാകാനാണ് എല്ലാവരും ശ്രമിക്കുന്നത്. ബോധം ഉയർന്ന ജനത രോഗത്തെ അതിന്റെ സ്രോതസ്സിൽ വച്ചുതന്നെ ഇല്ലാതാക്കുന്നവരായിരിക്കും.

**25. ശി**:- അപകടങ്ങളിലും പ്രകൃതി ദുരന്തങ്ങളിലും അനാഥരാക്കപ്പെടുന്ന കുട്ടികളും വൃദ്ധന്മാരും ഭിന്നശേഷി ഉള്ളവരും മന്ദബുദ്ധികളും ഉണ്ടാകാം. അവർ നന്മയും നീതിയും പുണ്യവും അർഹിക്കുന്നവരല്ലെ?

**മാസ്റ്റർ**:- നന്മയും നീതിയും പുണ്യവും താഴ്ന്ന ബോധത്തിൽ പ്രായോഗികമാക്കുമ്പോൾ അത് സൂത്രമായി മാറുന്നു എന്നും,ഉയർന്ന ബോധത്തിൽ മാത്രമെ അവ ദൈവീകമാകുകയുള്ളു എന്നുമാണ് ബോധശാസ്ത്രം പറയുന്നത്. അല്ലാതെ അവയെല്ലാം തെറ്റാണെന്നല്ല.

തന്റേതല്ലാത്ത കാരണം കൊണ്ട് ഒരുവൻ നിരാലംബനും നിസ്സഹായനുമായാൽ അയാളെ മറ്റു പൗരന്മാർക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും നൽകി സംരക്ഷിക്കേണ്ടത് ഭരണകൂടത്തിന്റെ നിയമമായിരിക്കണം. നന്മയും സ്നേഹവും അനുകമ്പയും കരുണയും അത്തരക്കാരുടെ അവകാശമായിരിക്കണം. അത് മതക്കാരുടെയും വ്യക്തികളുടെയും ഔദാര്യമായിരിക്കരുത്. കാരണം സാക്ഷാൽ ദൈവം ബോധമായി നിലനിൽക്കുന്ന മനുഷ്യർ അനുകമ്പാർഹരല്ല മറിച്ച് അവകാശികളാണെന്ന് തിരിച്ചറിയാനുള്ള ബോധം സമൂഹത്തിനുണ്ടാവണം.

അദ്ധ്യായം അഞ്ച്

## കർമ്മ ഫലം എന്ന വിവരക്കേട്

**26. ശി:-** ഇന്ന് ലോക സമൂഹത്തിൽ മനുഷ്യന് ഭീഷണിയായി ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആഹാര വസ്തുക്കളിൽ ചേർക്കുന്ന വിഷങ്ങൾ, ആഗോള താപനം, കാർഷിക മേഘലയിൽ ഉപയോഗിക്കുന്ന രാസവളങ്ങൾ, കീടനാശിനികൾ, വായുവിലും കുടിവെള്ളത്തിലും കലരുന്ന വിഷാംശങ്ങൾ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം, മദ്യം, മയക്കുമരുന്നുകൾ ഇവയെല്ലാം കൊണ്ടുണ്ടാകുന്ന ദുരന്തങ്ങളും, മാരകമായ രോഗങ്ങളും കുടുംബ തകർച്ചയും; ഇവയ്ക്കെല്ലാം എതിരെ പോരാടാൻ നന്മയുള്ളവർക്കേ കഴിയുകയുള്ളു. അത്തരം പോരാട്ടങ്ങളിലൂടെയാണ് സമൂഹം എന്നും വളർന്നിട്ടുള്ളത്. അതിനാൽ മനുഷ്യന്റെ എല്ലാ പ്രശ്നങ്ങളെയും ഒരുപോലെ കാണുക സാദ്ധ്യമല്ല. നന്മയ്ക്കുവേണ്ടിയുള്ള പോരാട്ടം അത്യന്താപേക്ഷിതമല്ലെന്ന് എങ്ങിനെ പറയാൻ കഴിയും?

**മാസ്റ്റർ:-** ഈ മനോഹരമായ ഭൂമിയിൽ മനുഷ്യർ സ്വാർത്ഥ താൽപര്യങ്ങളിൽ നിലനിൽക്കാൻ വേണ്ടി ഉണ്ടാക്കിയ വിപത്തല്ലാതെ മറ്റൊന്നുമില്ല. അവയെ പരിഹരിക്കാൻ നന്മയുള്ളവരെയും മഹാന്മാരേയും അവതാരങ്ങളെയും ആവശ്യമില്ല. ഏത് തിന്മയുടെയും സ്രോതസ്സിലേക്ക് നോക്കിയാലും അവിടെ ആകെ രണ്ട് അധമത്വങ്ങൾ മാത്രമെ കാണാൻ കഴിയുകയുള്ളു. ഒന്ന് കുടുംബ സംവിധാനത്തിന്റെ സ്വാർത്ഥത, രണ്ട് ജനസംഖ്യാവർദ്ധനവ്. ഈ രണ്ട് തിന്മകളും നിയന്ത്രിക്കാൻ ഒരു ഭരണകൂടമുള്ള ഏത് സമൂഹത്തിനും കഴിയും.

മദ്യമാണ് സമൂഹത്തിന്റെ പ്രശ്നമെങ്കിൽ മദ്യം ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾക്ക് അനുമതി കൊടുക്കാതിരുന്നാൽ മതി. ബാറുകളുടെ മുന്നിൽ സത്യാഗ്രഹം അനുഷ്ടിക്കുന്ന 'മഹാന്മാരെ' ആവശ്യമില്ല. അങ്ങിനെ ഏത് തിന്മയും ഏത് സമൂഹത്തിനും നിഷ്പ്രയാസം ഇല്ലാതാക്കാം.

ഭൂമിക്ക് സ്വാഭാവികമായി നൽകാൻ കഴിയുന്ന ഭക്ഷ്യവസ്തുക്കളെക്കാൾ കൂടുതൽ ഉപഭോക്താക്കളുണ്ടായാൽ ജനസംഖ്യാനിയന്ത്രണം കൊണ്ട് അമിത ഭക്ഷ്യോൽപ്പാദനത്തിന് ഉപയോഗിക്കേണ്ടി വരുന്ന കീടനാശിനികളെയും രാസവളങ്ങളെയും ഇല്ലാതാക്കാം.

താഴ്ന്ന ബോധത്തിൽ ബുദ്ധി, പ്രശ്നങ്ങളെ സൃഷ്ടിച്ച് പരിഹരിക്കാൻ ശ്രമിക്കുന്നതിനാൽ പ്രശ്നങ്ങളൊരിക്കലും ഇല്ലാതാകുകയില്ല. ബോധം ഉയർന്നതും സാമാന്യ ബുദ്ധിയുമുള്ള ഭരണകൂടമുണ്ടാകണമെങ്കിൽ ബോധം ഉയർന്ന വ്യക്തികൾ ഉണ്ടാകണം. ബോധം ഉയർന്ന വ്യക്തികൾ ഉണ്ടാകണമെങ്കിൽ ബോധം ഉയർത്തുന്ന സ്കൂളുകൾ സ്ഥാപിക്കണം. അത്തരം ഒരു സ്കൂൾ ലോകത്ത് ഒരിടത്തും നിലവിലില്ല.

ആഗോള വിപത്തുക്കളെ കുറിച്ചും അവയുടെ പരിഹാരത്തെക്കുറിച്ചും പ്രതിപാദിക്കുന്ന കോടിക്കണക്കിന് പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്, എന്നാൽ സ്വന്തം ബോധം ഉയർത്തുന്നതിനെക്കുറിച്ചും ജനസംഖ്യ നിയന്ത്രണത്തെക്കുറിച്ചും എത്ര പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട് ?

**27. ശി:-** ലോകം മുഴുവനുമുള്ള രാജ്യങ്ങളിൽ പല വിഷയങ്ങളിലായി ബോധവത്ക്കരണ പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. അതിനുവേണ്ടി കോടിക്കണക്കിന് രൂപ ചിലവഴിക്കുന്നുമുണ്ട്. അവയെല്ലാം മനുഷ്യരുടെ ബോധത്തെയല്ലെ ഉയർത്തുന്നത് ?

**മാസ്റ്റർ:-** ഇന്ന് ലോകത്തെ ഭരിക്കുന്നത് ഓരോ രാജ്യത്തും ഉള്ള ഭരണ കൂടമല്ല മറിച്ച് ആഗോള കോർപ്പറേറ്റ് പണമിടപാടുകാരാണ്. ലോക ബാങ്കും ഐ.എം.എഫ്- ഉം ഇത്തരം കോർപ്പറേറ്റ് മാനേജ്മെന്റുകളാണ്. അവരുടെ ഫണ്ട് ഉപയോഗിച്ചാണ് ഓരോ രാജ്യത്തെയും സർക്കാരുകൾ ഈ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നത്. ഓരോ രാജ്യത്തിനും ഇവർ കടമായി കൊടുക്കുന്ന മുതലും പലിശയും ഈടാക്കുന്നതിന് ഇത്തരം ബോധവൽക്കരണം അത്യാവശ്യമാണ്. അവരുടെ സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കലാണ് ഇതിന്റെ ലക്ഷ്യം. ഇത്തരം ബോധവൽക്കരണം മനുഷ്യന്റെ ബോധത്തെ ഉയർത്തുകയല്ല മറിച്ച് താഴ്ത്തുകയും അവരെ കൂടുതൽ ഭയപ്പെടുത്തി അടിമയാക്കുകയുമാണ് ചെയ്യുന്നത്. വിദ്യാഭ്യാസ രീതി കൊണ്ട് ലോകത്തുള്ള ഏത് രണ്ടാംകിട രാജ്യത്തിലെയും പൗരന്മാരെ അടിമകളാക്കാൻ ആഗോള കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് കഴിയും എന്ന സത്യം നാം മറക്കരുത്.

വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ കൊണ്ട് സ്വാർത്ഥതയിൽ നിലനിൽക്കണം എന്ന് ആഗ്രഹിക്കുന്നവരെ ഭയപ്പെടുത്തിയാൽ മാത്രമെ അവരെ ഒരു സമൂഹമായി നിലനിർത്താനോ ചൂഷണം ചെയ്യാനോ കഴിയുകയുള്ളു. സമൂഹം വ്യക്തമായ നിയമത്തിനു കീഴിൽ നിലനിന്നില്ലെങ്കിൽ കടം കൊടുത്ത പണം തിരിച്ചു വാങ്ങാൻ കഴിയില്ല.

**28. ശി:-** ബോധവും ബുദ്ധിയും തമ്മിലുള്ള വ്യത്യാസമെന്താണ് ?

**മാസ്റ്റർ:-** ബോധം സഹജാവബോധമാകുമ്പോൾ അതിനെ ബുദ്ധിയെന്ന് വിളിക്കാം. ബോധം ഭ്രമത്തിലൂടെ ഊർജ്ജത്തെ സൃഷ്ടിക്കുകയും ഊർജ്ജം ഘനീഭവിച്ച് പദാർത്ഥമാകുകയും പദാർത്ഥം ജീവനാകുകയും ജീവനിൽ മസ്തിഷ്ക്കം പ്രത്യക്ഷപ്പെടുകയും ജീവനെ നിലനിർത്താൻ മസ്തിഷ്ക്കം ഉപയോഗപ്പെടുത്തുകയും ചെയ്യുമ്പോഴാണ് അത് പ്രത്യക്ഷ ബുദ്ധി അഥവാ സഹജാവബോധമായി മാറുന്നത്. ഈ പ്രത്യക്ഷ ബുദ്ധി പരിണാമത്തിലൂടെ വികസിച്ച് മനുഷ്യ ബുദ്ധിയായി മാറിയപ്പോൾ ബുദ്ധി ബോധത്തെ വീണ്ടും തിരിച്ചറിവായി സ്വീകരിക്കാൻ കരുത്തു നേടി. ഈ തിരിച്ചറിവിനെയാണ് സാമാന്യ ഭാഷയിൽ ബോധം എന്നും അവബോധമെന്നും വിളിക്കുന്നത്.

ബുദ്ധിയെ സഹജാവബോധമെന്നേ പറയാൻ കഴിയുകയുള്ളു.

തിരിച്ചറിവിനെ തന്നെ തിരിച്ചറിയുന്ന അവബോധം കൊണ്ടാണ് 'ഞാൻ' ബുദ്ധിയുള്ളവനാണെന്ന അഹങ്കാരവും 'എന്റേ'തെന്നുള്ള മമതാബന്ധങ്ങളും ഉള്ള ഒരു വ്യക്തിബോധം രൂപം കൊണ്ടത്. അങ്ങിനെ മനുഷ്യനിൽ മാത്രം ബോധം വ്യക്തിബോധമെന്ന ഈഗോയായും അഥവാ ആത്മാവായും ബുദ്ധി എന്ന സഹജാവബോധമായും നിൽക്കുന്നു.

**പദാർത്ഥവത്ക്കരിക്കപ്പെട്ട ബോധത്തെ അഥവാ കേവല യാഥാർത്ഥ്യത്തെ സഹജാവബോധമെന്നും, സഹജാവബോധമെന്ന ബുദ്ധിയോട് വീണ്ടും ലിങ്ക് ചെയ്ത ബോധത്തെ വ്യക്തിബോധമെന്നും പറയാം. ഇതാണ് ബോധവും ബുദ്ധിയും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം.**

**29. ശി:-** എല്ലാ മതങ്ങളും ആത്മാവിനെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ ആത്മാവ് എന്താണെന്ന് അവ വ്യക്തമാക്കുന്നില്ല. ആത്മാവ് അദൃശ്യമാണെന്നും ഓരോ വ്യക്തിയുടെയും ആത്മാവ് വ്യത്യസ്തമാണ് എന്നുമാണ് അവരുടെ വിശ്വാസം. എന്നാൽ ബോധശാസ്ത്രം വ്യക്തിബോധത്തെയാണ് ആത്മാവ് എന്ന് പറയുന്നത്. വ്യക്തിത്വ വ്യത്യാസമാണ് ആത്മാവിനെ പലത് എന്ന് ഭ്രമിപ്പിക്കുന്നത്. ആത്മാവ് ഒന്നേയുള്ളു. അത് സാക്ഷാൽ ദൈവം എന്ന ബോധം തന്നെയാണ്.

മനുഷ്യർ ചെയ്യുന്ന പാപ-പുണ്യങ്ങളാണ് ആത്മാവ് മോക്ഷം പ്രാപിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. അന്ത്യനാളിൽ ദൈവം

പാപ-പുണ്യങ്ങളെ ആധാരമാക്കി ആത്മാക്കളെ വേർതിരിച്ച് സ്വർഗ്ഗ-നരകങ്ങൾ നൽകുമെന്നാണ് സെമറ്റിക് മതങ്ങൾ പ്രചരിപ്പിക്കുന്നത്.

കർമ്മഫലങ്ങൾ അനുസരിച്ച് ആത്മാവ് വ്യത്യസ്ത ലോകങ്ങളിൽ നിലനിൽക്കുമെന്നാണ് വേദാന്തങ്ങൾ പ്രചരിപ്പിക്കുന്നത്.

ഭൗതികശാസ്ത്രം ആത്മാവിനെ അംഗീകരിക്കുന്നില്ല. എന്നാൽ എല്ലാ പ്രഗത്ഭരായ ശാസ്ത്രജ്ഞരും ദൈവവിശ്വാസികളാണെന്ന് ചരിത്രം തെളിവ് നൽകുന്നു.

വ്യക്തിബോധമെന്ന ആത്മാവിൽ നിന്ന് വ്യക്തിത്വത്തെ ഇല്ലാതാക്കിയാൽ ബോധമെന്ന കേവല സത്യം താൻ കേവല യാഥാർത്ഥ്യമാണെന്ന് തിരിച്ചറിഞ്ഞ് അനുഭവിക്കും. അതായത് സ്വയം ദൈവമെന്ന് മനസ്സിലാക്കും. അതാണ് മോക്ഷമെന്നാണ് ബോധശാസ്ത്രം പറയുന്നത്. ഈ വൈരുദ്ധ്യങ്ങളുടെ രഹസ്യം ഒന്ന് അനാവരണം ചെയ്യാമോ?

**മാസ്റ്റർ:-** ഒരു വ്യക്തിയുടെ 'ഞാൻ' എന്ന ഭാവം (ഈഗോ) അഥവാ വ്യക്തിബോധമാണ്, ആത്മാവ്. എല്ലാവരും ബോധത്തെ ഉയർത്തിയാൽ, ഉയർന്ന ബോധത്തിൽ എല്ലാവരുടെയും ദുഃഖവും വേദനയും ഒന്നുതന്നെയാണെന്ന് എല്ലാവരും അനുഭവിക്കും. അപ്പോൾ ജാതിയും മതവും വർഗ്ഗവും നിറവും എല്ലാം വെറും ഭ്രമങ്ങളാണെന്ന് മനസ്സിലാകും. എല്ലാവരുടെയും ബോധം ഒന്നാണെങ്കിൽ അവിടെ മത സാമൂഹിക നിയമങ്ങളുടെ ആവശ്യമില്ല. ഒരാൾക്ക് ഒറ്റയ്ക്ക് ഈ ഭൂമിയിൽ ജീവിക്കാൻ ഇവയൊന്നും ആവശ്യം ഇല്ലാത്തതുപോലെയാണത്.

സ്വന്തം വേദന തന്നെയാണ് സ്വന്തം സഹോദരന്റെയും വേദന എന്നുള്ള അനുഭവമാണത്. അല്ലാതെ അറിവല്ല. ഉയർന്ന ബോധത്തിൽ സഹോദരന്റെ വേദന സ്വന്തം വേദനയായി അനുഭവപ്പെടും. അറിവിന് അനുഭവമാകാൻ കഴിയാത്തതു കൊണ്ടാണ് സഹോദരന്റെ വേദന താഴ്ന്ന ബോധത്തിലുള്ള മനുഷ്യർ മാനിക്കാത്തത്. അതുകൊണ്ടാണ് നിയമങ്ങളുടെ ആവശ്യം വരുന്നത്. ബോധം അഥവാ ആത്മാവ് മസ്തിഷ്ക്കത്തിന്റെ പ്രത്യേകതയോ ഗുണമോ ആയിരുന്നുവെങ്കിൽ ദേഹം ജനിക്കുമ്പോൾ തന്നെ അവബോധം ഉണ്ടാകുമായിരുന്നു. അതായത് ജനിക്കുന്ന കുഞ്ഞ് 'ഞാൻ'എന്നും 'എന്റേത്' എന്നും പറയുമായിരുന്നു. കുഞ്ഞ് എന്നാണ് 'ഞാൻ'എന്നും 'എന്റേത്' എന്നും പറഞ്ഞു തുടങ്ങുന്നത് അന്നാണ് ബോധം ആത്മാവായി ഒരു ദേഹത്തിൽ പ്രത്യ

ക്ഷപ്പെടുന്നത്. അതായത് മസ്തിഷ്കം ഒരു പ്രത്യേക വളർച്ച എത്തുമ്പോൾ ബോധം ആത്മാവായി മസ്തിഷ്ക്കത്തോട് ബന്ധപ്പെടുകയാണ് ചെയ്യുന്നത്.

അതുപോലെ തന്നെ മരണത്തിന് തൊട്ടുമുമ്പ് അത് അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ഇതിൽ നിന്ന് ആത്മാവിന് ജനന-മരണങ്ങളില്ല എന്ന് തെളിയുന്നു. അത് പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ആണ് ചെയ്യുന്നത്. മാംസത്തിന് അഥവാ ജീവന് മാത്രമെ ജനന-മരണങ്ങളുള്ളു. ജീവന്റെ ജനന-മരണങ്ങളെ ആത്മാവ് തന്റെ ജനന-മരണങ്ങളാണെന്ന് തെറ്റായി ധരിക്കുന്നത് കൊണ്ടാണ് വ്യത്യസ്ത ആത്മാക്കൾ എന്ന സങ്കൽപം രൂപം കൊണ്ടത്.

ജീവൻ സഹജാവബോധത്തിൽ നിന്നും ഉണ്ടാകുന്നതിനാൽ അത് ജനിച്ചും മരിച്ചും എന്നും നിലനിൽക്കും. ആത്മാവുമായി ജീവന് കാര്യമായ ബന്ധമൊന്നുമില്ല. അതായത് ആത്മാവ് ഇല്ലെങ്കിലും ജീവൻ നിലനിൽക്കുമെന്നർത്ഥം.

ഇങ്ങനെ പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്ന ആത്മാവിനെ സൂക്ഷ്മമായി പരിശോധിച്ചാൽ പ്രത്യക്ഷപ്പെടുന്നുവെന്നും അപ്രത്യക്ഷമാകുന്നുവെന്നും വീണ്ടും പ്രത്യക്ഷപ്പെടുന്നുവെന്നും ഭ്രമിക്കുക മാത്രമാണ് ചെയ്യുന്നതെന്ന് മനസ്സിലാകും.

ഭ്രമാനുഭവങ്ങളിൽ ദുഃഖവും വേദനയും സന്തോഷവും സുഖവും അനുഭവിക്കുന്നത് കൊണ്ടാണ് ആത്മാവ് യഥാർത്ഥത്തിൽ നിലനിൽക്കുന്നു എന്ന് തോന്നുന്നത്. നിസ്സംഗതയും നശ്വരതയുടെ അറിവുകളും അനുഭവങ്ങളും കൊണ്ട് ഭ്രമാനുഭവങ്ങൾ ഇല്ലാത്തവയെന്ന് അനുഭവിക്കാൻ കഴിയുമെന്നാണ് ബോധശാസ്ത്രം തെളിയിക്കുന്നത്. അങ്ങിനെ വികാരാനുഭവങ്ങൾ അഥവാ ഭ്രമാനുഭവങ്ങൾ ഇല്ലാ എന്ന് അനുഭവിച്ചാൽ ആത്മാവ് ശുദ്ധ ബോധമായി ദേഹത്തിൽ നിന്നും വേറിട്ട് നിൽക്കുന്ന അദ്വൈത അനുഭവം ലഭിക്കും. ഈ അനുഭവം കൊണ്ട് ആത്മാവ് ഇല്ലാത്തതായിരുന്നു അഥവാ ഒരു തോന്നലായിരുന്നു എന്ന് മനസ്സിലാകും.

മതങ്ങളും വേദാന്തങ്ങളും പ്രചരിപ്പിക്കുന്ന സ്വർഗ്ഗവും മോക്ഷവുമായി ഇതിന് യാതൊരുവിധ ബന്ധവുമില്ല. ആത്മാവ് ജീവിതത്തെ യാഥാർത്ഥ്യമായി അനുഭവിക്കുകയും; ദുഃഖവും വേദനയും വരുമ്പോൾ അത് സഹിക്കുന്നതിനും; ഒരു ലക്ഷ്യവുമില്ലാത്ത ജീവിതത്തിന് ഒരു

ലക്ഷ്യമുണ്ട് എന്ന് തോന്നിപ്പിക്കുന്നതിനും; ബുദ്ധിയുള്ളവർ സങ്കൽപ്പിച്ചവയാണ് ഇത്തരം സ്വർഗ്ഗവും മോക്ഷവും. ഇവയെല്ലാം വെറും വിശ്വാസങ്ങൾ മാത്രമാണ്. നശ്വരതയിൽ ആശ വയ്ക്കുന്നവൻ എത്ര ബുദ്ധിമാനാണെങ്കിലും അയാൾ കഴുതയ്ക്ക് തുല്യമാണ്. അയാളുടെ ആത്മാവ് എന്നും ഭാരം ചുമന്ന് തളർന്നു കൊണ്ടേയിരിക്കും. മുന്നിൽ കെട്ടിയിട്ടിരിക്കുന്ന വിശ്വാസമായ പുല്ലിനു വേണ്ടി അത് എന്നും ഓടിക്കൊണ്ടേയിരിക്കും. അന്ത്യനാളിലെ വിധിയും സ്വർഗ്ഗവും അയാളുടെ ആശ്വാസം മാത്രമായിരിക്കും.

**30. ശി:-** മനുഷ്യന് നിലനിൽക്കാൻ കർമ്മങ്ങൾ വേണ്ടിവന്നത് അവബോധം കൊണ്ട് ഉണ്ടായ സ്വാർത്ഥതയും ജനസംഖ്യാവർദ്ധനവും കൊണ്ടാണ്. അതിനാൽ കർമ്മബന്ധം മോക്ഷത്തിന് തടസ്സമാകുന്നത് എങ്ങിനെ?

**മാസ്റ്റർ:-** കർമ്മബന്ധം മോക്ഷത്തിന് തടസ്സമെന്ന് മതങ്ങളും വേദാന്തങ്ങളും വ്യാഖ്യാനിച്ചവർ പറഞ്ഞു പരത്തിയതാണ്. മറ്റു ജീവജാലങ്ങൾക്ക് ഇല്ലാത്ത കർമ്മബന്ധം മനുഷ്യർക്ക് മാത്രം എങ്ങിനെ ഉണ്ടായി എന്ന് സൂക്ഷ്മമായി ചിന്തിക്കാൻ അവർക്ക് കഴിഞ്ഞില്ല. നശ്വരമായ ജീവനും പ്രപഞ്ചവും എങ്ങിനെ സൃഷ്ടിക്കപ്പെട്ടുവെന്നും അവയിൽ മനുഷ്യരെ ദുഃഖിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന ദാരുണമായ സംഭവങ്ങൾ എങ്ങിനെ ഉണ്ടാകുന്നു എന്നും മോക്ഷം എന്താണെന്നും അറിയാഞ്ഞതു കൊണ്ടാണ് കർമ്മബന്ധം മോക്ഷത്തിന് തടസ്സമാണെന്ന് പറയേണ്ടി വന്നത്.

**31. ശി:-** നന്മ പ്രവൃത്തികളും നന്മബോധവും നീതിയും കോടതിയും പുണ്യവും പ്രാർത്ഥനാലയങ്ങളും ഇല്ലെങ്കിൽ സമൂഹം അരാജകത്വത്തിലേക്ക് അധഃപതിക്കുകയില്ലെ? സമൂഹം നിലനിന്നാൽ അല്ലെ ഒരു സത്യാന്വേഷിക്ക് ബോധത്തെ ഉയർത്താൻ കഴിയുകയുള്ളു?

**മാസ്റ്റർ:-** സുഖത്തിലും സമ്പന്നതയിലും എനിക്കും എന്റെ കുടുംബത്തിനും മാത്രം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന സമൂഹത്തിലാണ് നന്മ-തിന്മകളും നീതി-അനീതികളും പാപ-പുണ്യങ്ങളും വികാരമായി രൂപം കൊള്ളുന്നത്. അത്തരം സമൂഹങ്ങളിൽ ഇവയൊന്നും ചോദ്യം ചെയ്യപ്പെടുകയില്ല. ചോദ്യം ചെയ്യാനും പാടില്ല. അത് സമൂഹത്തെ അരാജകത്വത്തിലേക്ക് നയിക്കും.

ഇപ്പോൾ സമൂഹം എങ്ങിനെയാണോ നിലനിൽക്കുന്നത്, അങ്ങിനെ തന്നെയാണ് ശിലായുഗത്തിലും നിലനിന്നിട്ടുള്ളത്. ക്രൂരതയിലും തിന്മയിലും അനീതിയിലും പുതിയ പുതിയ രീതികൾ വന്നുവെന്നേയുള്ളു.

താഴ്ന്ന ബോധാവസ്ഥയിലെ മത-സാമൂഹിക നിയമങ്ങൾ ഒരിക്കലും ലംഘിക്കപ്പെടാൻ പാടില്ല. അരാജകത്വം ഉണ്ടാകും. ഈ സത്യം മനസ്സിലാക്കാതെ സമൂഹത്തിലെ തിന്മകളെ, നന്മയുടെ പുതിയ വികാരങ്ങൾ കൊണ്ട് മറച്ചു പിടിക്കാൻ ശ്രമിച്ച ചില ആൾദൈവങ്ങളാണ് ക്രൂശിക്കപ്പെട്ടതും വധിക്കപ്പെട്ടതും. അത് താഴ്ന്ന ബോധത്തിന്റെ നിയമമാണ്, അനീതിയല്ല.

അരാജകത്വം ഉണ്ടാകാതെ താഴ്ന്ന ബോധത്തിലെ വികാരങ്ങളെ നിലനിർത്താൻ ഉപദേശം നൽകുന്ന മറ്റൊരു കൂട്ടം ആൾദൈവങ്ങളെ ആത്മീയ ഗുരുക്കന്മാരായി അതേ സമൂഹം തന്നെ ബഹുമാനിക്കുകയും അവരെ ദൈവമായി അംഗീകരിക്കുകയും കോടീശ്വരന്മാരാക്കുകയും ചെയ്യുന്നത് കാണാം. ഇന്നും അതു തന്നെയാണ് നടക്കുന്നത്.

നന്മ, താഴ്ന്ന ബോധത്തിന്റെ തിരിച്ചറിവിൽ നിന്നുണ്ടാകുന്ന വികാരമാണ്. തിന്മയ്ക്ക് പരിഹാരം ഉണ്ടെന്ന് തോന്നിപ്പിക്കലാണത്. സ്വാർത്ഥതയുടെ മറ്റൊരു രൂപമാണത്.

**32. ശി:-** നന്മയും തിന്മയും നിലനിൽപ്പിന്റെ സ്വാർത്ഥതയാണെങ്കിൽ സമൂഹത്തിന് ഒരു കാരണവശാലും ബോധത്തിലുയരാൻ സാദ്ധ്യമല്ല എന്നല്ലേ അർത്ഥം?

**മാസ്റ്റർ:-** തീർച്ചയായും ഏതൊരു സമൂഹത്തിനും ബോധത്തിലുയരാം. എല്ലാം എന്റേതും എന്റെ കുടുംബത്തിന്റേതും മാത്രമായിരിക്കണമെന്ന സ്വാർത്ഥതയും മത്സരവും ഉപേക്ഷിച്ചാൽ മാത്രം മതി. മത സ്ഥാപനങ്ങളും ഭരണ കൂടവും ഒന്നായി നിന്നു കൊണ്ട് ബോധ ശാസ്ത്ര സ്കൂളുകൾ സ്ഥാപിച്ച് കുട്ടികളെ ചെറുപ്പം മുതൽ ബോധത്തെ ഉയർത്താൻ പഠിപ്പിക്കണം. അവരിൽ മലിന വാസന-സാധന-ആരാധനാദോഷങ്ങൾ ഉണരാൻ അനുവദിക്കരുത്.

എല്ലാ മത-രാഷ്ട്രീയ സങ്കൽപ്പങ്ങളും സമൂഹത്തിന്റെ സുഖവും സമാധാനപരവുമായ നിലനിൽപ്പിനും വേണ്ടി നില കൊള്ളുന്നു എന്ന് പറയപ്പെടുന്നവയാണ്. സമൂഹം എത്ര ചെറുതായാലും വലുതായാലും അതിലെ വ്യക്തികളുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ പരസ്പരം അംഗീകരിക്കുന്ന ഒരു ജനത, ബോധശാസ്ത്ര പഠനത്തിലൂടെ ഉയർന്നു വരും. അങ്ങിനെയുള്ള സമൂഹത്തിൽ നന്മ, നീതി, പുണ്യം എന്നിവ താഴ്ന്ന ബോധാവസ്ഥയുടെ വികാരമായി നിലനിൽക്കാതെ അവ ഓരോ വ്യക്തിയുടെയും അവകാശമായി നിലനിൽക്കും.

ഉയർന്ന ബോധത്തിൽ എല്ലാവരും തങ്ങളുടെ നിലനിൽപ്പിന്റെ സ്വാർത്ഥതയെ തിരിച്ചറിയുന്നവരായിരിക്കും. സ്വന്തം സ്വാർത്ഥതയെ തിരിച്ചറിയുന്നതിനു പകരം മറ്റുള്ളവരുടെ സ്വാർത്ഥതയെ തിരിച്ചറിയുന്നതാണ് താഴ്ന്ന ബോധത്തിന്റെ സ്വാഭാവികത. ജനസംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുകയും ആവശ്യ സാധനങ്ങൾ കുറയുകയും ചെയ്താൽ സ്വാർത്ഥത മനുഷ്യന്റെ അടിസ്ഥാന സ്വഭാവമായി മാറുമെന്ന് കുട്ടികളെ ചെറുപ്പം മുതൽ പഠിപ്പിക്കണം.

തന്റെ വേദന തന്നെയാണ് മറ്റുള്ളവരുടെയും വേദന എന്ന് ബോദ്ധ്യപ്പെടുത്താൻ വിദ്യാഭ്യാസത്തിന് കഴിഞ്ഞില്ലെങ്കിൽ അപര്യാപ്തത കൊണ്ടുള്ള സ്വാർത്ഥത വീണ്ടും വർദ്ധിക്കുകയാണ് ചെയ്യുക. അങ്ങിനെ ബോധം വീണ്ടും താഴ്ന്ന് പോയാൽ സ്വന്തം മാതാ-പിതാക്കളുടെയും സഹോദരങ്ങളുടെയും അവകാശങ്ങൾ പോലും പിടിച്ചു പറിക്കുന്ന സ്വാർത്ഥതയിലേക്ക് ബോധം താഴ്ന്ന് പോകും.

സ്വന്തം സ്വാർത്ഥത തിരിച്ചറിയാൻ ആവശ്യമായ ബോധംപോലും ഇന്നത്തെ വിദ്യാഭ്യാസം നൽകുന്നില്ല. അതിനുപകരം സ്വാർത്ഥത വ്യക്തിത്വത്തിന്റെ അടിസ്ഥാനമായി കണക്കാക്കുന്നു. നന്മ-നീതി-പുണ്യം-സ്നേഹം-അനുകമ്പ എന്നിവയുടെ വികാരങ്ങളെ ഉപയോഗപ്പെടുത്തി സ്വാർത്ഥതയെ മറച്ചു പിടിക്കാൻ സമൂഹവും മതങ്ങളും പഠിപ്പിക്കുന്നു. ജനസംഖ്യ കുറയുകയും ആവശ്യ സാധനങ്ങൾ വർദ്ധിക്കുകയും ചെയ്താൽ മാത്രമെ ഏതു സമൂഹവും സ്വയം പര്യാപ്തമാകുകയുള്ളു. അതിനാവശ്യമായ വിദ്യാഭ്യാസമാണ് നൽകേണ്ടത്. അപ്പോൾ മനുഷ്യരുടെ സ്വാർത്ഥത കുറയുകയും ബോധം സാവധാനം ഉയരുകയും ചെയ്യും. എന്നാൽ മുക്തിയുടെ സാദ്ധ്യത വളരുന്ന ഇത്തരം സമൂഹത്തെ ജീവശക്തിയായി നിൽക്കുന്ന വികാരങ്ങൾ ഒരു പരിധിക്കപ്പുറം ബോധത്തെ ഉയരാൻ അനുവദിക്കുകയില്ല.

സമൂഹബോധം എന്നൊരു പ്രത്യേക ബോധാവസ്ഥയില്ല. വ്യക്തി-ബോധങ്ങളുടെ ആകെ തുകയാണ് സമൂഹബോധം. എനിക്കും എന്റെ കുടുംബത്തിനും മാത്രം സമ്പന്നമാകണം, സന്തോഷിക്കണം, സുഖിക്കണം, സമാധാനമായി ജീവിക്കണം എന്ന സ്വാർത്ഥ ചിന്താഗതിയുള്ള കുടുംബങ്ങൾ കൊണ്ട് കെട്ടിപ്പടുക്കുന്ന സമൂഹം, പ്രശ്നങ്ങളും ദുഃഖങ്ങളും വേദനകളും കൊണ്ട് നിറയുമെന്നത് അതിന്റെ സ്വാഭാവികതയാണ്. മനുഷ്യവർഗ്ഗത്തെ സംബന്ധിച്ച് അർഹതയുള്ളവരുടെ അതിജീവനമാകരുത് സമൂഹ ജീവിതം. ബുദ്ധിയിലും പേശീബലത്തിലുമുള്ള

ഉച്ചനീചത്വം സമ്പത്തിലും നിലനിൽപ്പിന്റെ ആവശ്യങ്ങളിലും പ്രതിഫലി ക്കാൻ പാടില്ല.

ജനസംഖ്യയും നിലനിൽപ്പിന്റെ ആവശ്യവസ്തുവഹകളും സന്തുലി തമായിരിക്കണം. മാത്രമല്ല അത് തുല്യമായി വിതരണം ചെയ്യാനുള്ള ബോധം സമൂഹത്തിനുണ്ടാകണം. അതിന് ബുദ്ധി ഉയർന്നതു കൊണ്ട് കാര്യമില്ല, ബോധം ഉയരണം. കാരണം ബുദ്ധി നിലനിൽപ്പിന്റെ സഹ ജാവബോധമാണ്. അത് മൃഗങ്ങളിൽ കാണുന്ന സ്വാർത്ഥതയാണ്. അത് അർഹതയുള്ളവരുടെ അതിജീവനമാണ്. പരിണാമത്തിന്റെ നിയമമാണ്. അതിനാൽ ഈ സ്വാർത്ഥതയെ നിലനിർത്താൻ ബുദ്ധി എന്ത് സൂത്രവും (technique) പ്രയോഗിക്കും. ബുദ്ധിയുടെ ഈ സൂത്രം താഴ്ന്ന ബോധ ത്തിന്റെ സ്വാഭാവികതയാണ്. അത് തിരിച്ചറിയലാണ് ഉയർന്ന ബോധം കൊണ്ട് സംഭവിക്കുന്നത്.

33. **ശി:-** ബോധത്തെ ഉയർത്തുവാനോ താഴ്ത്തുവാനോ സാദ്ധ്യമല്ല, അത് കേവല യാഥാർത്ഥ്യമാണ് എന്നാണ് അങ്ങ് പറയുന്നത്. ദൈവീക മൂല്യങ്ങൾ എന്ന് വിശ്വസിക്കപ്പെടുന്ന നന്മ, സ്നേഹം,അനുകമ്പ,സേവനം ഇവ കൊണ്ട് ബോധം ഉയർത്താമെ ന്നാണ് ഞാൻ ഉൾപ്പെടെയുള്ള മനുഷ്യർ ചിന്തിക്കുന്നത്. അതും സാദ്ധ്യമല്ല എന്ന് വന്നാൽ പിന്നെ എങ്ങിനെയാണ് ബോധത്തെ ഉയർത്തുക?

**മാസ്റ്റർ:-** ദൈവം അഖണ്ഢ-നിശ്ചല-നിസ്സംഗമായ തുരീയം എന്ന ബോധാവസ്ഥയായി നമ്മളിലെല്ലാവരിലും ഒരു പോലെ നിലനിൽക്കു ന്നു അതിനെ അനുഭവിക്കാൻ സാമാന്യ ബുദ്ധിയുള്ള ആർക്കും കഴിയും. ഭ്രമം കൊണ്ട് സൃഷ്ടിക്കപ്പെട്ട ദേഹത്തിൽ താനൊരു വ്യക്തി ബോധമാണെന്ന് ചിന്തിച്ച് ഉണർന്നപ്പോഴാണ് വികാരാനുഭവങ്ങൾ ഉണ്ടാ യത്. ഈ വികാരം കൊണ്ടാണ് ബോധം താഴ്ന്നുപോകുന്നു എന്ന് തോന്നുന്നത്. അഥവാ താഴ്ന്ന ബോധത്തിൽ മാത്രമെ വികാരങ്ങൾ ഉണ്ടാകുകയുള്ളു എന്ന് പറയുന്നത്. വികാരങ്ങളെ നിസ്സംഗമാക്കാൻ ശ്രമിച്ചാൽ ബോധം ഉയരുന്നതായി തോന്നും. അതായത് വികാരങ്ങൾ ബോധത്തെ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു എന്ന് തോന്നിപ്പിക്കുക മാത്രമാണ്.

വികാരാനുഭവങ്ങൾ എന്ന് നിസ്സംഗമാകുന്നുവോ അന്ന് തന്റെ വ്യക്തിത്വം ഇല്ലാത്തതായിരുന്നുവെന്നും ജീവനും ദേഹവും ചലനവും

അനുഭവങ്ങളും ഭ്രമങ്ങളായിരുന്നുവെന്നും മനസ്സിലാകും. ഇതാണ് ഏറ്റവും ഉയർന്ന ബോധാവസ്ഥയിലെ അനുഭവവും.

ഈ ഭൂമിയിൽ നിലനിന്നു മരിക്കാൻ വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ ആവശ്യമില്ല. സഹജാവബോധത്തെ അവബോധം കൊണ്ട് നിയന്ത്രിച്ച് സുഖമായി ജീവിക്കുവാൻ കഴിയും. എന്നിട്ടും വികാരങ്ങളില്ലെങ്കിൽ ജീവിതം വിരസമായി പോകുമെന്ന് ചിന്തിച്ച് എല്ലാവരും വികാരങ്ങളിൽ ജീവിക്കുകയും ബോധത്തെ താഴ്ത്തുകയും ചെയ്യുന്നു.

താഴ്ന്ന ബോധത്തിലെ ബുദ്ധി കണ്ടുപിടിച്ച സൂത്രമാണ് നന്മയും, നീതിയും, പുണ്യവും, സ്നേഹവും, അനുകമ്പയും, സേവനവും എല്ലാം. ഈ വികാരങ്ങൾ ദൈവീക മൂല്യങ്ങളാണെന്ന് നുണ പറഞ്ഞ് നിർദ്ധനരേയും നിരാലംബരേയും ബുദ്ധി കുറഞ്ഞവരേയും തങ്ങളുടെ അവകാശങ്ങൾ ചോദിക്കാതിരിക്കാൻ പ്രേരിപ്പിക്കുന്നു.

സൃഷ്ടികർമ്മം പുറമെ നിൽക്കുന്ന ഒരു ദൈവീക ശക്തിയാൽ ഉണ്ടായി എന്ന് പ്രചരിപ്പിച്ചാൽ ദുഃഖവും വേദനയും ദൈവം നൽകിയതാണെന്ന് വിശ്വസിപ്പിക്കാൻ എളുപ്പമാണ്. മതവിശ്വാസമുള്ള സമൂഹത്തിലായിരിക്കും മതിഭ്രമവും അന്ധവിശ്വാസങ്ങളും കൂടുതലായി കാണുക. ഈ ഭൂമിയിൽ സുഖമായി ജീവിക്കാൻ തത്വശാസ്ത്രങ്ങളുടെയും മതവിശ്വാസങ്ങളുടെയും ആവശ്യമില്ല.

നിലനിൽപ്പിനാവശ്യമില്ലാത്ത ഈ virtual വികാരങ്ങൾ എവിടെ നിന്നു വരുന്നു? എങ്ങിനെ പ്രവൃത്തിക്കുന്നു? എന്തു കൊണ്ട് പ്രവൃത്തിക്കുന്നു? അവ എന്താണ് ? അവ എങ്ങിനെ ബോധത്തെ താഴ്ത്തി കേവല യാഥാർത്ഥ്യത്തെ ആപേക്ഷിക യാഥാർത്ഥ്യങ്ങളാക്കി മാറ്റുന്നു, എന്നീ സത്യങ്ങളെ അന്വേഷിക്കാനും അവയുടെ സ്രോതസ്സിലേക്ക് നോക്കാനും പഠിപ്പിക്കുന്ന ഒരു ശാസ്ത്ര ശാഖ മനുഷ്യർ വികസിപ്പിക്കണം. അങ്ങിനെ വികാരങ്ങളെ ശാസ്ത്രീയമായി നിസ്സംഗമാക്കിയാൽ ബോധം ഉയരുന്നതായി അനുഭവപ്പെടും.

### അദ്ധ്യായം ആറ്

# സഹജാവബോധമെന്ന സ്വയം പ്രവർത്തിക്കുന്ന ബുദ്ധി

**34. ശി:-** മനുഷ്യന് മാത്രം എങ്ങിനെ ശക്തമായ വികാരങ്ങൾ ഉണ്ടായി? വികാരങ്ങൾക്ക് സ്വയം ഉണ്ടാകാനും ഇല്ലാതാകാനും കഴിവുണ്ട് എന്ന് പറയുന്നത് എന്തു കൊണ്ട്? മൃഗങ്ങൾക്കും സസ്യങ്ങൾക്കും വികാരമുണ്ടെങ്കിലും അവ വികാരാനുഭവമായി മാറാറില്ല. അതായത് ഞാൻ അനുഭവിക്കുന്നു അഥവാ എന്റേതെന്ന അനുഭവം അവയിൽ കാണാറില്ല. ഇതൊന്ന് വ്യക്തമാക്കാമോ?

**മാസ്റ്റർ:-** മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും നിലനിൽക്കുന്നത് സഹജാവബോധം അഥവാ സഹജമായ ബുദ്ധി കൊണ്ടാണ്. സഹജമായ ബുദ്ധി എന്ന് പറഞ്ഞാൽ സ്വയം പ്രവർത്തിക്കാൻ കഴിവുള്ള തിരിച്ചറിവ്, ശ്രദ്ധ, ഓർമ്മ, അനുഭവം എന്നാണ് അർത്ഥം.

എന്തും പ്രവർത്തിക്കുന്നതിന് ഒരു കാരണം വേണം എന്നാണ് നാം നമ്മെയും പ്രപഞ്ചത്തെയും നോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. നമുക്ക് പ്രവൃത്തിക്കാൻ സ്വാർത്ഥ താൽപര്യങ്ങളും പ്രപഞ്ചത്തിന് പ്രവൃത്തിക്കാൻ 4 ശക്തികളും (ഗുരുത്വാകർഷണ ബലം, വൈദ്യുത കാന്തിക ശക്തി, ശക്തി കുറഞ്ഞ ന്യൂക്ളിയാർ ബലം, ശക്തി കൂടിയ ന്യൂക്ലിയാർ ബലം) ആവശ്യമാണ്. എന്നാൽ ജീവൻ മാത്രം എന്തു കൊണ്ട് സ്പന്ദിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ചന്ദ്രൻ എന്ത് കൊണ്ടാണ് ഭൂമിയെ വലം വയ്ക്കുന്നതെന്നും ഒരു വാഹനം എങ്ങിനെ തനിയെ ഓടുന്നു എന്നും നമുക്കറിയാം.

നമുക്ക് യുക്തി കൊണ്ട് മനസ്സിലാക്കാൻ കഴിയാതാകുമ്പോൾ അത് ഒരു അതിഭൗതിക ശക്തിയുടെ തലയിൽ കെട്ടിവയ്ക്കുന്നത് സ്വാഭാവികമാണ്. അതു കൊണ്ടാണ് മതങ്ങളും ഭൗതിക ശാസ്ത്രവും പ്രപഞ്ചത്തിന്റെയും ജീവന്റെയും കാരണം ഏകമായ ശക്തിയാണെന്ന് തെളിയിക്കാൻ ശ്രമിക്കുന്നത്.

ബോധം സങ്കൽപം കൊണ്ട് ഒരു ഭ്രമ ലോകം സൃഷ്ടിക്കുമ്പോൾ അത് സഹജാവബോധമായി അഥവാ ബുദ്ധിയായി പരിണമിക്കുന്നു. മനുഷ്യന്റെ ബുദ്ധിയുമായി ബോധം വീണ്ടും ലിങ്ക് ചെയ്യുമ്പോൾ അത് വ്യക്തിബോധമായി മാറുന്നു.

എല്ലാ ചരാചരങ്ങൾക്കും ബുദ്ധി ഉണ്ടെന്നും എന്നാൽ ആത്മാവ് മനുഷ്യന് മാത്രമെ ഉള്ളുവെന്നും ബോധശാസ്ത്രം കണ്ടെത്തിയത് അതുകൊണ്ടാണ്.

സ്വയം പ്രവർത്തിക്കാൻ കഴിവുള്ള സഹജാവബോധത്തോട് ബോധം അവബോധമായി വീണ്ടും ബന്ധപ്പെടുമ്പോൾ ഭ്രമ വസ്തുക്കളെല്ലാം യാഥാർത്ഥ്യമെന്ന് അനുഭവപ്പെടും. ചില രാസവസ്തുക്കൾ കൊണ്ടാണ് ഈ യാഥാർത്ഥ്യ ബോധം നൽകുന്നത്. യാഥാർത്ഥ്യാനുഭവത്തിൽ നിന്നാണ് വികാരങ്ങൾ രൂപം കൊള്ളുന്നത്. രാസവസ്തുക്കൾ വികാരങ്ങളെയും വികാരങ്ങൾ രാസവസ്തുക്കളെയും ഉൽപ്പാദിപ്പിച്ചു കൊണ്ടിരിക്കും.

സ്വയം പ്രവർത്തിക്കുന്ന സഹജാവബോധത്തോട് വികാരങ്ങൾ ബന്ധപ്പെട്ടു നിൽക്കുന്നതു കൊണ്ടാണ് വികാരങ്ങൾ സ്വയം പ്രവർത്തിക്കുന്നു എന്ന് തോന്നുന്നത്.

മറ്റു ജീവജാലങ്ങളുടെ ബുദ്ധിയോട് ബോധം അവബോധമായി ബന്ധപ്പെടാത്തതു കൊണ്ടാണ് അവയിൽ വികാരങ്ങൾ ഉണ്ടായിട്ടും രാസവസ്തുക്കൾ ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടും അവർക്ക് ഞാൻ അനുഭവിക്കുന്നു എന്ന അനുഭവം ലഭിക്കാത്തത്.

**35. ശി:-** ബോധവും അവബോധവും ബുദ്ധിയും മനസ്സും തമ്മിലുള്ള വ്യത്യാസമെന്താണ് ?

**മാസ്റ്റർ:**

**ബോധം:-**

നാം ദൈവമെന്ന് വിളിക്കുന്ന കേവല യാഥാർത്ഥ്യമാണ് ബോധം. ബോധം സൂര്യനാണെങ്കിൽ അതിലെ പ്രകാശ രശ്മികളാണ് അവബോധം. നാം സൂര്യനെ കാണുന്നതും അനുഭവിക്കുന്നതും അതിന്റെ പ്രകാശ രശ്മികളിലൂടെയാണ്. അതുപോലെ ദൈവത്തെ നാം സ്വീകരിക്കുന്നതും അനുഭവിക്കുന്നതും അവബോധത്തിലൂടെയാണ്. ജീവനെ നിലനിർത്താൻ നാം സൂര്യപ്രകാശത്തെ ഉപയോഗപ്പെടുത്തുന്നതുപോലെ വ്യക്തിബോധമെന്ന **'ഞാൻ'**നെ നിലനിർത്താൻ ദൈവത്തെ ഉപയോഗപ്പെടുത്തുകയാണ്. അങ്ങിനെ ദൈവത്തെ **'ഞാൻ'** എന്ന വ്യക്തിബോധമായി ഉപയോഗപ്പെടുത്തുമ്പോൾ അതിൽ പരമാനന്ദസുഖവും സന്തോഷവും മാത്രമെ ഉണ്ടാകാൻ പാടുള്ളു. ദുഃഖവും വേദനയും ഒരു കാരണവശാലും വരാൻ പാടില്ല.

**അവബോധം:-**

ദൈവത്തെ അവബോധമായി ഉപയോഗപ്പെടുത്തുമ്പോൾ പട്ടിണിയും രോഗങ്ങളും അടിമത്വവും യുദ്ധങ്ങളും അപകടങ്ങളും

ഉണ്ടാകാൻ പാടില്ല. ഇവകൊണ്ട് ദുഃഖവും വേദനയും ഉണ്ടാകുന്നുവെങ്കിൽ ദൈവത്തെ ഉപയോഗപ്പെടുത്തുന്നതിൽ നാം പരാജയപ്പെട്ടു എന്നർത്ഥം. അതുപോലെ വാർദ്ധക്യം മൂലമുള്ള ജരാനരയും രോഗങ്ങളും വരുമ്പോൾ ബുദ്ധി അവബോധം ഉപയോഗിച്ച് ജീവന്റെയും പ്രപഞ്ചത്തിന്റേയും നശ്വരത തിരിച്ചറിയുകയാണ്. ഈ തിരിച്ചറിവാണ് ജീവനെ നിഷേധിച്ച് മോക്ഷം പ്രാപിക്കണമെന്ന തീരുമാനത്തിൽ നമ്മെ എത്തിക്കുന്നത്.

വാർദ്ധക്യത്തിന്റെയും അടിസ്ഥാനമായ നിലനിൽപ്പിന്റെയും സ്വാഭാവികമായ വേദനയും വ്യക്തിബോധത്തിന്റെ മരണമില്ലായ്മയും പദാർത്ഥങ്ങളുടെ നശ്വരതയും ദേഹവുമായുള്ള ബോധത്തിന്റെ ലിങ്ക് ഇല്ലാതാക്കാനും ഈ ലിങ്ക് മൂലമുണ്ടായ ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് തുരീയമെന്ന ഉയർന്ന ബോധത്തിലേക്ക് ഉണരാനും അതിൽ എന്നെന്നും നിലനിൽക്കാനും നമ്മെ ശക്തമായി പ്രേരിപ്പിക്കുന്നു. ഏത് അവസ്ഥയിലും ഏത് തരം ദേഹത്തിലും ബോധം ശാരീരിക വേദന അനുഭവിക്കുമെന്ന അറിവാണ് യഥാർത്ഥ ജ്ഞാനി ജീവന്മുക്തിയിലേക്ക് അഥവാ യഥാർത്ഥ മോക്ഷത്തിലേക്ക് എത്തിച്ചേരേണ്ടതിന്റെ യുക്തിയായി ഉപയോഗിക്കുന്നത്.

**മനസ്സ്:-**

അനേകായിരം ജന്മങ്ങളിലൂടെ ദേഹകോശങ്ങളിൽ വന്നു ചേരുന്ന വാസന-ആരാധന-സാധനാ ദോഷങ്ങളെ അവബോധം കൊണ്ട് തിരിച്ചറിഞ്ഞ് ഒരു വ്യക്തിബോധം രൂപീകരിക്കുമ്പോഴാണ് മനസ്സ് ഉയർന്നു വരുന്നത്. അതായത് വ്യക്തിബോധവും മനസ്സും ആത്മാവും ഒന്നു തന്നെ. ഉപാധികൾക്ക് വിധേയമായി അശ്രദ്ധയിൽ നിലനിൽക്കുമ്പോൾ മാത്രമെ മനസ്സിന് വ്യക്തിബോധമായി പ്രവൃത്തിക്കാൻ കഴിയുകയുള്ളു. ഉപാധികൾക്കതീതമായി തന്നെത്തന്നെ ശ്രദ്ധിച്ചാൽ മനസ്സ് അപ്രത്യക്ഷമാകും. എന്നാൽ തനിയെ പ്രവർത്തിക്കാൻ കഴിവുള്ള വാസനാദോഷങ്ങൾ മനസ്സ് അപ്രത്യക്ഷമാകാൻ അനുവദിക്കുകയില്ല.

**ബുദ്ധി:-**

അവബോധം കൊണ്ട് തിരിച്ചറിയുന്ന വാസനകളുടെ ആപേക്ഷിക അനുഭവങ്ങളെ കൗശലം കൊണ്ട് യാഥാർത്ഥ്യമെന്ന് ബോധിപ്പിക്കുന്ന ശരീരത്തിലെ സംവിധാനമാണ് മസ്തിഷ്കം അഥവാ ബുദ്ധിയുടെ ഇരിപ്പിടം.

**36. ശി:-** പ്രപഞ്ചത്തേയും ഭൂമിയെയും മനുഷ്യരെയും സൃഷ്ടിച്ചത് ദൈവമാണെന്നും, മനുഷ്യർ ദൈവത്തെ മനസ്സിലാക്കാതെ, ദൈവനിയമങ്ങൾ അനുസരിക്കാതിരിക്കുകയും പാപം ചെയ്യുകയും ആരാ

ധിക്കാതിരിക്കുകയും ചെയ്തതു കൊണ്ടാണ് ദുഃഖവും വേദനയും നൽകപ്പെട്ടത് എന്നാണ് സെമറ്റിക് മതങ്ങൾ പറയുന്നത്.

കർമ്മമാണ് ബന്ധം, ബന്ധം ഉപേക്ഷിച്ചാൽ മോക്ഷം. പ്രപഞ്ചമായി കാണുന്നതെല്ലാം ബ്രഹ്മം തന്നെ. സൃഷ്ടി-സ്ഥിതി-സംഹാരമെല്ലാം ദൈവത്തിന്റെ വെറും ലീലകൾ മാത്രം. സൃഷ്ടിക്ക് മുമ്പ് ഉണ്മയുടെ അനുഭവത്തോടു കൂടിയ അഖണ്ഢ ബോധം മാത്രമെ ഉണ്ടായിരുന്നുള്ളു. അത് സ്വയം പല രൂപങ്ങളായും പ്രപഞ്ചമായും പ്രകടമായി എന്നാണ് ഉപനിഷത്തിൽ സൃഷ്ടിയെ വിവരിച്ചിരിക്കുന്നത്.

ബ്രഹ്മത്തെ മാത്രം ഉപാസിച്ചാൽ ബ്രഹ്മത്തിൽ ലയിച്ചു ചേരാം. പ്രണവോപാസനയിലൂടെ തുരീയാവസ്ഥയിൽ എത്തിച്ചേരാമെന്നും ജ്ഞാനയോഗം ഭക്തിയോഗം കർമ്മയോഗം എന്നിവയിലൂടെ മോക്ഷം പ്രാപിക്കാമെന്നും വേദാന്തങ്ങൾ പറയുന്നു.

എന്താണ് ഇവയുടെയെല്ലാം പൊരുൾ? സാമാന്യ യുക്തിക്കും അനുഭവത്തിനും യോജിക്കാത്തവയാണ് ഈ പറയുന്നതെല്ലാം എന്ന് കാലം തെളിയിച്ചു കഴിഞ്ഞു. ആരും മോക്ഷം നേടാൻ തയ്യാറല്ലാത്തതിനാൽ ജനസംഖ്യ ഒരു പൊട്ടിത്തെറിയുടെ വക്കിൽ നിൽക്കുന്നു. അദ്വൈതാനുഭവത്തിൽ ഇവയെ എങ്ങിനെ മനസ്സിലാക്കാം?

**മാസ്റ്റർ:-** സൃഷ്ടി-സ്ഥിതി-നാശത്തിന്റെ രഹസ്യം എന്തെന്ന് അറിയാത്തതു കൊണ്ടും; നശ്വരത അനുഭവമാകാത്തതുകൊണ്ടും; ഈ ഭൂമിയിൽ സ്വാർത്ഥ താൽപ്പര്യങ്ങളിൽ നിലനിൽക്കണമെന്ന് ശക്തമായി ആഗ്രഹിക്കുകയും അങ്ങിനെ നിലനിൽക്കാൻ ശ്രമിക്കുമ്പോൾ കാരണം അറിയാത്ത പ്രകൃതി ദുരന്തങ്ങളും രോഗങ്ങളും കൊണ്ടും; ആഹാരം, പാർപ്പിടം പോലുള്ള മറ്റാവശ്യങ്ങളും സമൂഹത്തിൽ നിന്നും എളുപ്പം ലഭിക്കാത്തതു കൊണ്ടും; ഉണ്ടാകുന്ന വേദനയും ദുഃഖവും താങ്ങാൻ പറ്റാതെ വരുമ്പോൾ ഒരു അതിഭൗതിക ശക്തിയെ സങ്കൽപ്പിക്കുന്നത് സ്വാഭാവികമാണ്.

താഴ്ന്ന ബോധത്തിൽ നിൽക്കുന്ന ബുദ്ധി പ്രക്ഷേപണമെന്ന പ്രതിഭാസത്തിന് വിധേയമാകുമ്പോഴാണ് ദൈവം പുറത്തു നിൽക്കുന്ന ശക്തിയാണെന്നും സൃഷ്ടി സ്ഥിതിനാശം സത്യമാണെന്നും നശ്വരമായ വസ്തുക്കളും ജീവനും യഥാർത്ഥമാണെന്നും തോന്നിപ്പിക്കുന്നത്. എല്ലാ പ്രപഞ്ച ശക്തികളെയും അടക്കി ഭരിക്കുന്ന ഒരു ഏക ശക്തിയെക്കുറിച്ചുള്ള സങ്കൽപ്പം എല്ലാക്കാലവും മനുഷ്യരിൽ നിലനിന്നിരുന്നു എന്ന് കാണാം. ഇല്ലാത്ത ഒരു ശക്തിയോട് അനുസരണവും അനുസരണക്കേടും കാണിക്കുക സാദ്ധ്യമല്ല, അതിനെ അന്വേഷിച്ചിട്ടും ആരാധിച്ചിട്ടും കാര്യമില്ല. സ്വന്തം മനസ്സിന്റെ മതിഭ്രമാനുഭവം ദൈവീകമാണെന്ന്

ധരിച്ച ആൾദൈവങ്ങളാണ് ഇത്തരം കൽപ്പനകളും അനുസരണക്കേടും ആരാധനാക്രമങ്ങളും കൊണ്ടുവന്നത്. അവയുടെ ഉദ്ദേശം വെറും ചൂഷണം മാത്രമാണ്.

ഭയപ്പെടുന്ന എന്തിനേയും ആരാധിക്കുക, അതിന് അടിമപ്പെടുക എന്നത് താഴ്ന്ന ബോധത്തിന്റെ അറിവില്ലായ്മയാണ്.

ജ്ഞാനേന്ദ്രിയങ്ങളുടെ സൂക്ഷ്മസ്ഥിതജ്ഞാനം (perception) ഉപയോഗപ്പെടുത്തി ബോധം പ്രക്ഷേപണം ചെയ്യുന്ന പ്രപഞ്ചവും ജീവനും നശ്വരമാണെന്ന് അനുഭവപ്പെടണമെങ്കിൽ പ്രക്ഷേപണം ചെയ്യുന്ന ബോധം ജ്ഞാനേന്ദ്രിയങ്ങളെ മാറിനിന്ന് നോക്കുന്ന സാക്ഷിയായി മാറണം. പ്രൊജക്ടർ തന്നെ സിനിമയെ നിരീക്ഷിച്ചാൽ പ്രൊജക്ടറിന് അത് സിനിമയാണെന്ന് തോന്നുകയില്ല. അതുപോലെ ബോധം തന്നെ തന്റെ പ്രക്ഷേപണം നിരീക്ഷിച്ചാൽ അതു പ്രക്ഷേപണമാണെന്ന് തോന്നുകയില്ല എന്നത് ഉറപ്പല്ലേ? പ്രൊജക്ടറിനെയും സിനിമയെയും മാറിനിന്ന് നിരീക്ഷിക്കുന്നതുകൊണ്ടാണ് സിനിമയെ നാം യഥാർത്ഥമെന്ന് അംഗീകരിക്കാത്തത്. അതുപോലെ സഹജാവബോധത്തെയും ജ്ഞാനേന്ദ്രിയങ്ങളുടെ സൂക്ഷമസ്ഥിതജ്ഞാനത്തേയും മാറിനിന്ന് നോക്കുന്ന സാക്ഷിയായി മാറിയാൽ ബോധത്തിന്റെ പ്രക്ഷേപണവും നശ്വരമാണെന്ന് അനുഭവപ്പെടും.

സൃഷ്ടിക്കും പാപ-പുണ്യങ്ങൾക്കും അനുസരണക്കേടിനും ആരാധനയ്ക്കും കർമ്മത്തിനും; വ്യക്തവും വസ്തുനിഷ്ഠവുമായ സ്രോതസ്സുണ്ട്. ആ സ്രോതസ്സിനെ അന്വേഷിക്കാൻ ആരും ഇന്നുവരെ ശ്രമിച്ചിട്ടില്ല. കാരണം എല്ലാത്തിന്റെയും മൂല സ്രോതസ്സ് സ്വന്തം സ്വാർത്ഥതയാണെന്ന് കണ്ടെത്തേണ്ടതായി വരും. സ്വാർത്ഥ വികാരങ്ങളിൽ ജീവിക്കണമെന്ന മനുഷ്യരുടെ ആഗ്രഹമാണ് സ്വന്തം അസ്തിത്വം അന്വേഷിക്കാതെ ജീവിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്.

ഇല്ലാത്ത ദൈവശക്തിയെ ഉണ്ടെന്ന് വിശ്വസിപ്പിച്ച്, വിശ്വാസികളെ ഒരുമിച്ചു നിർത്താനുള്ള തന്ത്രങ്ങൾ മാത്രമാണ് ഇതെല്ലാം.

ലോകത്തിലെ ഒരു ജീവിക്കും ഇല്ലാത്ത കർമ്മബന്ധം മനുഷ്യന് മാത്രം എങ്ങിനെ വന്നുവെന്ന് വേദാന്തികൾ ചിന്തിച്ചില്ല.

ജനനം മുതൽ മരണംവരെ കർമ്മം ചെയ്യാതെ ജീവിക്കാൻ കഴിയില്ല എന്നും കർമ്മം പ്രാരബ്ധ വേദനയും ദുഃഖവുമായി ജീവിത കാലം മുഴുവനും നിലനിൽക്കുന്നു എന്നും കർമ്മമാണ് ഏറ്റവും വലിയ അടിമത്വം എന്നും മനസ്സിലാക്കിയ വേദാന്തികൾ കർമ്മ പ്രാരബ്ധങ്ങളിൽ നിന്നുള്ള മോചനം മോക്ഷമെന്ന പൂർണ്ണ സ്വാതന്ത്ര്യമാണെന്ന് ചിന്തിച്ചാൽ അതും ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ സത്യമെന്ന് വിശ്വസിപ്പിക്കുന്ന ബോധത്തിന്റെ പ്രക്ഷേപണം എന്ന പ്രതിഭാസം തന്നെയാണ്.

ദേഹത്തിലുള്ള നിലനിൽപ്പ് വാസ്തവം എന്നുള്ള അനുഭവം തന്നെയാണിത്.

പ്രകൃതിയിലെ മറ്റു ജീവജാലങ്ങൾ എങ്ങിനെ നിലനിൽക്കുന്നു എന്ന് പഠിക്കാതെ, ഓരോ വ്യക്തിയും തന്റെ സ്വാർത്ഥ താൽപര്യങ്ങൾക്കനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോൾ, എല്ലാവരുടെയും സ്വാർത്ഥ മോഹങ്ങളും ആഗ്രഹങ്ങളും തമ്മിൽ പൊരുത്തക്കേടുണ്ടാകുമെന്നും; ജീവിതം കർമ്മ പ്രാരബ്ധങ്ങളുടെ ഒരു യുദ്ധക്കളമായി മാറുമെന്നും; അതിനാൽ അത്തരം ജീവിതം ദുഃഖവും വേദനയും കൊണ്ട് നിറയുമെന്നും അറിയാൻ കഴിയാഞ്ഞിട്ടല്ല; മറിച്ച് അങ്ങിനെയെ ഞാൻ ജീവിക്കുകയുള്ളു എന്ന് എല്ലാവരും വാശിപിടിക്കുന്നതു കൊണ്ടാണ് കർമ്മം പ്രാരബ്ധ ദുഃഖമായി മാറിയത്.

സഹജാവബോധത്തിൽ ജീവിക്കുന്ന ജീവജാലങ്ങൾക്ക് ഇത്തരം പ്രാരബ്ധം അവയുടെ സ്വാഭാവികമായ ജീവിതത്തിലില്ല.

വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ട് മാത്രമാണ് കർമ്മം പ്രാരബ്ധവും ദുഃഖവും വേദനയും അടിമത്വവുമാണെന്ന് തോന്നുന്നത്. കർമ്മം യോഗയുടെ മാർഗ്ഗമാണെന്ന് സ്വീകരിച്ച്, നിഷ്കാമ കർമ്മം ചെയ്തതു കൊണ്ടോ, കർമ്മത്തിൽ നിന്നും ഒഴിഞ്ഞു നിന്നതു കൊണ്ടോ, ദുഃഖവും വേദനയും അടിമത്വവും ഇല്ലാതാവുകയില്ല. മോക്ഷമെന്ന നിത്യമായ സ്വാതന്ത്ര്യം ലഭിക്കുകയുമില്ല.

കർമ്മ പ്രാരബ്ധങ്ങളുടെ സ്രോതസ്സ് വികാരാനുഭവങ്ങളാണെന്ന് മനസ്സിലാക്കി മനസ്സിനെ നിസ്സംഗമാക്കാൻ ശ്രമിച്ചു നോക്കുക. അപ്പോൾ കർമ്മ പ്രാരബ്ധം തോന്നലായിരുന്നുവെന്നും മോക്ഷാനുഭവം എന്താണെന്നും മനസ്സിലാക്കാൻ കഴിയും.

ബോധത്തിന് പല രൂപങ്ങളായും പ്രപഞ്ചമായും മാറാൻ സാദ്ധ്യമല്ല. അങ്ങിനെ മാറിയിരുന്നുവെങ്കിൽ അവയൊന്നും നശ്വരം ആകുമായിരുന്നില്ല. ഇവയെല്ലാം ബോധത്തിലെ ഭ്രമം ആയതു കൊണ്ടാണ് നശ്വരമായി മാറിയത്.

പ്രണവോപാസന, മന്ത്രോച്ചാരണം ഇവ സാധനകളാണ്. മന്ത്രം ചൊല്ലാതിരുന്നതു കൊണ്ടോ, സാധനകൾ അനുവർത്തിക്കാതിരുന്നതു കൊണ്ടോ, കർമ്മം പ്രാരബ്ധം ആയതു കൊണ്ടോ, ആരേയെങ്കിലും അനുസരിക്കാതിരുന്നതു കൊണ്ടോ അല്ല ബോധം ജാഗ്രത്തിൽ ദേഹം സ്വീകരിച്ച് ഉണർന്നത്. അജ്ഞാനം യാഥാർത്ഥ്യവും ജാഗ്രത്തിലേക്കുണരാനുള്ള കാരണവും ആയാൽ മാത്രമെ ജ്ഞാന യോഗം കൊണ്ട് വീണ്ടും മോക്ഷത്തിൽ എത്തിച്ചേരാൻ കഴിയുകയുള്ളു.

ദൈവം തന്നിൽ നിന്നും അന്യമായ ശക്തിയും സൃഷ്ടാവും ആയാൽ മാത്രമെ ഭക്തി യോഗം കൊണ്ട് ദൈവത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു. താൻ തന്നെ സ്വയം ദൈവമാണെങ്കിൽ ഭക്തിക്ക് പ്രസക്തിയില്ല.

**37. ശി:-** വികാരങ്ങളെ നിസ്സംഗമാക്കിയാലുള്ള മോക്ഷാനുഭവം എന്താണ്? അത് മരണത്തിന് ശേഷം ലഭിക്കുന്നതാണോ?

**മാസ്റ്റർ:-** ബോധവും ദേഹവും രണ്ടാണെന്ന് അനുഭവിക്കുന്നതിനെയാണ് പൂർണ്ണ സ്വാതന്ത്ര്യം അഥവാ മോക്ഷം എന്ന വാക്കു കൊണ്ട് അർത്ഥമാക്കുന്നത്. ബോധശാസ്ത്രം ഈ അനുഭവത്തെ അദ്വൈതാനുഭവം എന്നും ശ്രീ ബുദ്ധൻ ഇതിനെ നിർവ്വാണ എന്നും ജീസസ് ഇതിനെ നിത്യജീവൻ എന്നും അഷ്ടവക്ര മുനി ഇതിനെ ജീവനിൽ നിന്നുമുള്ള മുക്തി എന്നുമാണ് വിളിക്കുന്നത്.

ദേഹത്തിന്റെ മരണവുമായി യാതൊരു ബന്ധവുമില്ലാത്ത അനുഭവമാണ് ഇവയെല്ലാം. ദേഹപദാർത്ഥത്തിൽ ജീവൻ വരുന്നതും പോകുന്നതും അദ്വൈതാനുഭവവും തമ്മിൽ യാതൊരു ബന്ധവുമില്ല. അതിനാൽ ജീവൻ ഉണ്ടെങ്കിലും ഇല്ലെങ്കിലും മോക്ഷാനുഭവം സാദ്ധ്യമാണ് എന്നാണ് ബോധശാസ്ത്രം പഠിപ്പിക്കുവാൻ ശ്രമിക്കുന്നത്.

അദ്വൈതാനുഭവം എന്താണെന്ന് അനുഭവിക്കാഞ്ഞതു കൊണ്ടാണ് സെമറ്റിക് മത പണ്ഡിതരും വേദാന്തികളിൽ ചിലരും മരണ ശേഷമാണ് മോക്ഷം ലഭിക്കുന്നത് എന്ന് പ്രചരിപ്പിച്ചത്.

മനുഷ്യന് മാത്രം ലഭിക്കുന്ന അത്യപൂർവ്വമായ ഈ അനുഭവം ധാരാളം പേർക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ അനുഭവത്തെ സ്ഥായിയാക്കി മാറ്റി മോക്ഷം നേടിയവർ ശ്രീ ബുദ്ധനെയും രമണ മഹർഷിയേയും പോലുള്ള വളരെ ചുരുക്കം പേർ മാത്രമെയുള്ളു.

സെൻ സന്യാസികളും സൂഫികളും ചില ധ്യാന രീതികൾ കൊണ്ട് ഈ അനുഭവം കൃത്രിമമായി ഉണ്ടാക്കാൻ കഴിവുള്ളവരായിരുന്നു. മറ്റു ചിലർക്ക് രമണ മഹർഷിയെപ്പോലെ ഇത് പ്രകൃത്യാ ലഭിച്ചിട്ടുണ്ട്.

ഈ അനുഭവത്തെ ദാനമായി കിട്ടിയവർക്ക് ഇതെന്തെന്ന് ശാസ്ത്രീയമായി മനസ്സിലാക്കാൻ കഴിയാഞ്ഞതിനാൽ അവരിൽ പലരും ആൾദൈവങ്ങളായി മാറി.

സമൂഹത്തെ നന്മയിലേക്ക് നയിക്കാൻ ഇറങ്ങി പുറപ്പെട്ട അവരിൽ ചിലരെ സമൂഹം തന്നെ പീഢിപ്പിച്ച് കൊല്ലുകയും മറ്റുള്ളവർ സ്വയം പീഢിപ്പിച്ചും മരിക്കാൻ ഇടയാകുകയും ചെയ്തു. മൂന്നാമതൊരു കൂട്ടർ രാജാവിനെപ്പോലും വെല്ലുന്ന ആൾദൈവങ്ങളായി മാറി.

ഈ അനുഭവം അന്വേഷണത്തിലൂടെ ഉണ്ടാക്കി എടുത്ത ശ്രീ ബുദ്ധനെപ്പോലെയുള്ളവർ നിർവ്വാണയിലെത്തുകയും ചെയ്തു, എന്നാൽ അവർ ഉപയോഗിച്ച മാർഗ്ഗങ്ങളെ പുരോഹിത വർഗ്ഗം നശിപ്പിച്ചു കളഞ്ഞു. ദാനമായി കിട്ടിയ അദ്വൈതാനുഭവം കൊണ്ട് ജീവനിൽ നിന്നും മുക്തി നേടിയ ആധുനിക ലോകത്തിലെ ഒരേഒരു വ്യക്തി തമിഴ് നാട്ടിൽ ജീവിച്ചിരുന്ന ശ്രീ രമണ മഹർഷി മാത്രമാണ് എന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. അറിയപ്പെടാത്തവരും ഉണ്ടായേക്കാം.

**38. ശി:-** താനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളിലും പ്രപഞ്ചവസ്തുക്കളിലും ഒരേ ചൈതന്യമാണ് നിലനിൽക്കുന്നത് എന്ന അറിവിനെ അദ്വൈതജ്ഞാനം എന്നും രണ്ട് എന്ന അനുഭവം ഉള്ളതിനെ വേദാന്തങ്ങൾ ദ്വൈതം എന്നും പറയുന്നു. അതായത് ഒന്നേയുള്ളു എന്ന അറിവാണ് അദ്വൈതം. എന്നാൽ ബോധശാസ്ത്രത്തിൽ രണ്ട് എന്ന് അനുഭവിക്കുന്നതിനെയാണ് അദ്വൈതാനുഭവം എന്ന് പറയുന്നത്. അത് എന്തു കൊണ്ടാണ്?

**മാസ്റ്റർ:-** അദ്വൈതത്തെ വികാരങ്ങൾ നൽകുന്ന അനുഭവത്തിലൂടെ മനസ്സിലാക്കാൻ ശ്രമിച്ചതു കൊണ്ടാണ് ഇങ്ങനെ ഒരു സംശയം ഉണ്ടായത്.

തുരീയമെന്ന അഖണ്ഡ-നിശ്ചല-നിസ്സംഗമായ ബോധം പ്രപഞ്ചത്തെയും ജീവനെയും മനുഷ്യനെയും സങ്കൽപ്പിച്ച് ഭ്രമത്തിലൂടെ സൃഷ്ടിച്ച് അതിൽ ഒരു ദേഹത്തിൽ ഉണരുന്നു അഥവാ ഞാൻ ദേഹത്തിൽ നിലനിൽക്കുന്നു എന്ന ഉണ്മയുടെ അനുഭവം യാഥാർത്ഥ്യമായി അറിയുന്നു. അങ്ങിനെ വ്യക്തിബോധമായി ബോധം(ദൈവം) അധഃപതിച്ചപ്പോൾ സ്വന്തം ദേഹവും പ്രപഞ്ചവും തന്റെ സങ്കൽപ്പങ്ങളല്ല എന്ന് തെറ്റായി ധരിക്കേണ്ടി വന്നു. അതിനു കാരണം ഭ്രമ വികാരങ്ങൾ കൊണ്ട് തന്റെ തുരീയമെന്ന കേവല യാഥാർത്ഥ്യ അനുഭവത്തെ ആപേക്ഷിക യാഥാർത്ഥ്യാനുഭവങ്ങളായ ദേഹമെന്നും പ്രപഞ്ചമെന്നും അനുഭവിക്കേണ്ടതായി വന്നതുകൊണ്ടാണ്. ഈ അനുഭവങ്ങൾ വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ട് ശക്തമാകുകയും ചെയ്തു.

ഒന്നിനെ ആധാരമാക്കി മറ്റൊന്ന് യാഥാർത്ഥ്യമാണെന്ന് ധരിക്കുന്നതിനെയാണ് ആപേക്ഷിക യാഥാർത്ഥ്യമെന്ന് പറയുന്നത്. ഈ ആപേക്ഷിക യാഥാർത്ഥ്യങ്ങൾ, താൻ കേവല യാഥാർത്ഥ്യമായ അഥവാ അഖണ്ഡ-നിശ്ചല-നിസ്സംഗമായ സാക്ഷാൽ ദൈവമാണെന്നുള്ള അനു

ഭവത്തെ ഇല്ലാതാക്കി,മജ്ജയും മാംസവും ഉള്ള ദേഹമാണെന്നും പ്രകൃതി അഥവാ പുറമെ നിൽക്കുന്ന ഒരു ശക്തിയാണ് തന്നെ സൃഷ്ടിച്ച് നിലനിർത്തുന്നത് എന്നുള്ള അറിവും അനുഭവവും നൽകി. ഇതിനെ യാണ് ദ്വൈതാനുഭവം എന്ന് പറയുന്നത്.

ദ്വൈതാനുഭവം മായയല്ല, അതുള്ളതാണെങ്കിലും ഭ്രമമാണ്. ഈ ദ്വൈതാനുഭവം അദ്വൈതാനുഭവമായി മാറണമെങ്കിൽ താൻ അഖണ്ഢ -നിശ്ചല-നിസ്സംഗ ബോധമാണെന്നും ദേഹപദാർത്ഥവും അതിലെ ബുദ്ധിയും ജ്ഞാനേന്ദ്രിയങ്ങളും ചേർന്ന് ഉണ്ടാക്കി കാണിക്കുന്ന പ്രപ ഞ്ചവും സ്വന്തം ദേഹവും നശ്വരമാണെന്നും അനുഭവപ്പെടണം.

അറിയുന്ന ബോധം യാഥാർത്ഥ്യവും അറിവിന് കാരണമായ ദേഹവും പ്രപഞ്ചവും നശ്വരവുമാണെന്നും അനുഭവിച്ചാലെ ശുദ്ധമായ ബോധം മാത്രമാണ് യാഥാർത്ഥ്യമെന്ന് തിരിച്ചറിയുകയുള്ളു. അതുകൊ ണ്ടാണ് ദേഹവും ബോധവും രണ്ടെന്ന് അനുഭവിക്കുന്നതിനെ അദ്വൈ താനുഭവം എന്ന് ബോധശാസ്ത്രത്തിൽ പറയേണ്ടതായി വന്നത്.

ഞാനും പ്രപഞ്ചവും രണ്ട് എന്ന സാമാന്യ അറിവ് ദ്വൈതം. എല്ലാ ത്തിന്റേയും ചൈതന്യം ഒന്നുതന്നെ എന്ന് അറിയുന്നത് ബുദ്ധിയുടെ യുക്തി അഥവാ അദ്വൈതജ്ഞാനം. രണ്ടാണെന്ന് അനുഭവിക്കുന്നത് അദ്വൈതാനുഭവം അഥവാ മോക്ഷം. രണ്ടിൽ ഒന്ന് നശ്വരമാണെങ്കിൽ ബാക്കിയാകുന്നത് മാത്രമെ യാഥാർത്ഥ്യമാകുകയുള്ളു. അങ്ങിനെയുള്ള ആ യാഥാർത്ഥ്യത്തെ അനുഭവിക്കുന്നതിനെയാണ് അദ്വൈതാനുഭവം എന്ന് പറയുന്നത്.

ബോധം നശ്വരമായ ദേഹബുദ്ധിയുമായി ചേർന്ന് താൻ നശ്വര മല്ല എന്ന് വികാരാനുഭവങ്ങൾ കൊണ്ട് താൽക്കാലികമായി അനുഭവി ക്കുന്നതു കൊണ്ടാണ് നശ്വരമായ വ്യക്തിത്വത്തെ മനുഷ്യർ യാഥാർത്ഥ്യ മെന്ന് അനുഭവിക്കുന്നത്.

### അദ്ധ്യായം ഏഴ്

# ബോധവും ദേഹവും രണ്ടെന്ന് തെളിയിക്കുന്ന പരീക്ഷണം

**39. ശി:-** ബോധവും ദേഹവും രണ്ടാണെന്ന അനുഭവമാണ് അദ്വൈതാനുഭവം എന്നാണ് അങ്ങ് പറയുന്നത്. അപ്പോൾ അത് അനുഭവിക്കുന്ന വ്യക്തിക്ക് ബോധത്തിന്റെ സ്വഭാവം എന്തെന്ന് തിരിച്ചറിയാൻ കഴിയണം. എന്താണ് ബോധത്തെ വികാരമില്ലാതെ തനിച്ചനുഭവിക്കുമ്പോൾ ഉള്ള അനുഭവം?

**മാസ്റ്റർ:-** ബോധവും ദേഹവും രണ്ടാണെന്ന് അനുഭവിക്കുമ്പോഴാണ് ബോധം അഖണ്ഡവും നിശ്ചലവും നിസ്സംഗവുമാണെന്ന് അനുഭവിക്കാൻ കഴിയുന്നത്.

ഒരു പ്രത്യേക ദേഹത്തോട് മാത്രം ബന്ധപ്പെട്ട് നിന്ന് അനുഭവങ്ങളെ അറിയുന്ന ഒന്നാണ് ബോധം. തന്റെ ദേഹം പോലും തന്റെ ആഗ്രഹങ്ങളിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടതെന്ന് അറിയാൻ കഴിയുന്ന അവസ്ഥയാണത്.

അതായത് തന്റെ ദേഹം ഉൾപ്പെടെ എല്ലാ പ്രപഞ്ച വസ്തുക്കളും ജീവനും സ്വപ്ന സമാനമായ വെറും ഭ്രമവും നശ്വരവുമാണെന്ന അനുഭവവുമാണ്. അതുകൊണ്ടാണ് അയാൾക്ക് സൃഷ്ടി എന്തിനുവേണ്ടി എന്ന് ചോദിക്കേണ്ടി വരുന്നത്.

ഇന്നുവരെയുള്ള പ്രഗത്ഭരായ മിസ്റ്റിക്കുകൾ അഥവാ ആൾദൈവങ്ങൾ പോലും സൃഷ്ടി എന്തിനുവേണ്ടി എന്ന് ചോദിച്ചതായി തെളിവുകളില്ല. കാരണം അവർ സ്വന്തം ദേഹവും പ്രപഞ്ചവും മിഥ്യയാണെന്ന് അറിയുകയും, എന്നാൽ അവ യാഥാർത്ഥ്യമാണെന്ന് അനുഭവിക്കുകയും ചെയ്തു എന്നുള്ളതാണ് സത്യം.

സ്വന്തം ദേഹത്തെപ്പോലും തന്നിൽ നിന്ന് അന്യമായി കാണുന്ന അദ്വൈതാനുഭവിക്ക് ജ്ഞാനേന്ദ്രിയങ്ങൾ ബോദ്ധ്യപ്പെടുത്തുന്ന അറിവുകളും അനുഭവങ്ങളും എല്ലാം ആപേക്ഷിക യാഥാർത്ഥ്യം മാത്രമാണ്.

ഒന്ന് പോയാൽ മറ്റേതും അപ്രത്യക്ഷമാകും; അതായത് രണ്ടും നശ്വരമെന്നർത്ഥം. ഇതിനെയാണ് ആപേക്ഷിക അനുഭവം എന്ന് പറയുന്നത്.

ആപേക്ഷിക അനുഭവം സ്വപ്നമല്ല. അതായത് ഇല്ലാത്തത് ഉണ്ട് എന്ന തോന്നലല്ല മറിച്ച് ഉള്ളത് നശിച്ചു പോകുന്നത് എന്ന അനുഭവമാണ്. ഒരു വ്യക്തിയുടെ ബോധമണ്ഡലത്തിൽ മാത്രമെ ആപേക്ഷിക അനുഭവത്തിന് നിലനിൽപ്പുള്ളു. അതുകൊണ്ടാണ് ബോധമണ്ഡലമില്ലാത്ത മൃഗങ്ങൾ നശ്വരതയെ അറിയാത്തത്.

നാനാത്വത്തിലെ ഏകത്വമാണ് ബോധത്തിന്റെ ഏറ്റവും വലിയ രഹസ്യം. ഒരേഒരു ദേഹത്തെ അനുഭവിക്കുകയും മറ്റു ദേഹങ്ങളിലെ അനുഭവത്തെ അനുഭവിക്കാൻ കഴിയാതെ അവർക്കും അനുഭവങ്ങൾ ഉണ്ട് എന്ന് അറിയുകയും ചെയ്യുന്നു എന്നതാണ് അത്ഭുതകരമായ കാര്യം. താനൊഴിച്ച് മറ്റുള്ളവർക്കെല്ലാം അനുഭവങ്ങൾ ഉണ്ട് എന്നറിയാൻ മാത്രമെ എല്ലാവർക്കും കഴിയുകയുള്ളു. അതായത് ഒന്നേ ജനിച്ചിട്ടുള്ളു എന്നർത്ഥം.

ബോധം ഓരോ ദേഹത്തേയും ഉപയോഗപ്പെടുത്തി ഒരു ബോധമണ്ഡലം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ആ ബോധ മണ്ഡലത്തിലെ വസ്തുക്കളാണ് പ്രപഞ്ചവും മനുഷ്യരും മറ്റു ജീവജാലങ്ങളും. അങ്ങിനെ 750 കോടിയിൽപ്പരം മനുഷ്യരെ ഉപയോഗപ്പെടുത്തി 750 -കോടിയിൽപ്പരം ബോധമണ്ഡലം ഉണ്ടാക്കുകയും അതിൽ ഒരാളുടെ ബോധമണ്ഡലത്തിൽ മറ്റേ ആൾ നിലനിൽക്കുന്നു എന്ന് ഭ്രമിപ്പിക്കുന്നു. അതുകൊണ്ടാണ് എല്ലാവരും ഒരേ പ്രപഞ്ചത്തിൽ നിലനിൽക്കുന്നു എന്ന് ധരിക്കുന്നത്.

ഭൂതം-ഭാവി-വർത്തമാനം എന്നീ കാലങ്ങളെ കോർത്തിണക്കി, ബോധം രൂപീകരിക്കുന്ന സംഭവങ്ങളുടെ അനുഭവത്തെ ചില രാസവസ്തുക്കളായി മസ്തിഷ്ക്കത്തിൽ ശേഖരിച്ചു വയ്ക്കുകയും ആവശ്യം ഉള്ളപ്പോൾ അത് ബോധത്തിലേക്ക് ഓർമ്മയായി കൊണ്ടുവരികയും ചെയ്യുന്നതു കൊണ്ടാണ് ഭ്രമം തുടർച്ചയാണെന്ന് തോന്നുന്നത്. അതായത് ബോധത്തിന് ഓർമ്മയെ വായിക്കുവാൻ മാത്രമെ കഴിയുകയുള്ളു, ശേഖരിച്ചു വയ്ക്കാൻ സാദ്ധ്യമല്ല. ഒരു മസ്തിഷ്ക്കം മരിച്ചു കഴിഞ്ഞാൽ അതിലെ ഓർമ്മങ്ങൾ നശിച്ചു പോകുകയും പുതിയ ദേഹത്തിൽ അത് തിരിച്ചു കൊണ്ടുവരാൻ കഴിയാതാകുകയും ചെയ്യുന്നു. അതുകൊണ്ടാണ് വ്യക്തി ബോധം പുനർജ്ജനിക്കുന്നു എന്ന് തോന്നാത്തത്.

ബോധവും ദേഹവും രണ്ടാണെന്ന് അനുഭവിക്കുമ്പോഴാണ് ബോധം നിശ്ചലമാണ് എന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

കേരളത്തിൽ നിന്നും ഒരാൾ അമേരിക്കയിലേക്കും അവിടെനിന്നും ചന്ദ്രനിലേക്കും പോയാൽ പോലും അയാളുടെ തിരിച്ചറിവ് അഥവാ അവബോധം മാറുകയില്ല. അതായത് ഒരുവന്റെ മസ്തിഷ്ക്കം എവി

ടെപ്പോയാലും ബോധം അയാളുടെ പിറകെ പോകുമെന്നല്ല മറിച്ച് അയാൾ ചെല്ലുന്നിടത്തെല്ലാം നിശ്ചലമായി നിൽക്കുന്ന ബോധത്തെ വ്യക്തിബോധമായി സ്വീകരിച്ചു കൊണ്ടിരിക്കുമെന്നർത്ഥം.

അതായത് വ്യക്തിബോധമല്ല ചലിക്കുന്നത് മറിച്ച് ദേഹം ചലിക്കുമ്പോൾ വ്യക്തിബോധത്തിന് ചലിക്കുന്നു എന്നു തോന്നുകയാണ്. സംഭവങ്ങളെ മസ്തിഷകം തുടർച്ചയായി ശേഖരിച്ചു വയ്ക്കുകയും ബോധം അത് വായിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന അനുഭവമാണ് ചലനം.

അൽപ്പ നേരം സ്വയം തിരിഞ്ഞാൽ തലകറക്കവും മനംപിരട്ടലും എല്ലാവർക്കും അനുഭവപ്പെടുന്നത് ബോധം നിശ്ചലമാണെന്നതിന്റെ തെളിവാണ്. മസ്തിഷ്ക്കം തിരിയുമ്പോൾ അതോടൊപ്പം ബോധം തിരിയാത്തതിനാൽ തിരിയുന്ന മസ്തിഷ്ക്കത്തിന് തിരിയാത്ത ബോധവുമായുള്ള ലിങ്ക് വികലമാകുന്നതിന്റെ അനുഭവമാണ് തലചുറ്റൽ.

whirling meditation- ലൂടെ സൂഫികൾ ബോധം ദേഹവുമായി വിട്ടു നിൽക്കുന്ന അനുഭവം കൃത്രിമമായി സൃഷ്ടിക്കാറുണ്ട്. തല കറങ്ങുന്ന അനുഭവത്തെ മറികടന്ന് മസ്തിഷ്ക്കത്തെ ഒരു പ്രത്യേക വേഗതയിൽ കറക്കിയാൽ ദേഹവും ബോധവും വേറിട്ടു നിൽക്കുന്ന ഭ്രമാനുഭവമുണ്ടാകും. ഈ അനുഭവത്തിലൂടെ ബോധോദയത്തിലെത്താമെന്നാണ് അവർ വിശ്വസിച്ചിരുന്നത്. എന്നാൽ കറക്കം നിൽക്കുമ്പോൾ ഈ അനുഭവം നഷ്ടപ്പെട്ടു പോകുകയും ചെയ്യും. എങ്കിലും ഈ ഭ്രമാനുഭവം യഥാർത്ഥ അദ്വൈതാനുഭവം ലഭിക്കുന്നതിന്റെ പരിശ്രമത്തിന് പ്രചോദനം നൽകുമെന്നത് സത്യമാണ്.

ഈ മെഡിറ്റേഷനിലൂടെ ലഭിച്ച അനുഭവമാണ് യഥാർത്ഥ അദ്വൈതാനുഭവത്തിന് പരിശ്രമിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

സ്വന്തം കൂർക്കംവലി ഒരുനിമിഷം കേൾക്കാൻ കഴിയുന്നതും അദ്വൈതാനുഭവത്തിന്റെ ഭ്രമം തന്നെയാണ്. ഈ അനുഭവത്തെ ഒരു നിമിഷത്തിൽ നിന്ന് മണിക്കൂറുകളിലേക്കും ദിവസങ്ങളിലേക്കും നീട്ടി കൊണ്ടുപോകാൻ മിസ്റ്റിക്കുകൾ തയ്യാറാവുകയില്ല. ഇതിന് സമാനമായ അനുഭവങ്ങളുമായി പലരും എന്റെ അടുക്കൽ വന്നിട്ടുണ്ട്. എന്നാൽ അവരാരും ഈ അനുഭവത്തെ സ്ഥായിയാക്കാൻ ശ്രമിച്ചിട്ടില്ല. അത്തരം ഒരനുഭവം എന്തു കൊണ്ടാണെന്ന് അറിയാൻ പോലും അവർ കൂട്ടാക്കിയില്ല. കാരണം അവരെല്ലാവരും പല തരത്തിലുള്ള വാസന- സാധന- ആരാധനാദോഷങ്ങൾക്ക് അഥവാ വിഭ്രമ-മതിഭ്രമ വികാരങ്ങൾക്ക് അടിമകളായിരുന്നു. ഈ അടിമത്വത്തിൽ നിന്നും പുറത്തു കടക്കാനുള്ള ധൈര്യം അവർക്കുണ്ടായിരുന്നില്ല.

അദ്വൈതാനുഭവത്തിലെത്തുമ്പോഴാണ് നിസ്സംഗത ബോധത്തിന്റെ മൂന്നാമത്തെ പ്രത്യേകതയാണെന്ന് മനസ്സിലാകുന്നത്.

നിസ്സംഗതയെ പൊസിറ്റീവ് നെഗറ്റീവ് വികാരങ്ങളായി വിഘടിപ്പിച്ച് അനുഭവിക്കുമ്പോഴാണ് എല്ലാം യാഥാർത്ഥ്യമെന്ന് തോന്നുന്നത്. ബോധത്തിന്റെ പ്രക്ഷേപണവും നിസംഗതയുടെ വിഭജനവും കൂടി ചേരുമ്പോൾ നശ്വരതയെ എല്ലാവരും മറന്നുപോകുന്നു. ഈ മറവി സ്വാർത്ഥതയേയും അവ നേടാനുള്ള ആഗ്രഹവുമായി മാറുമ്പോൾ ജീവിതത്തിന്റെ യാഥാർത്ഥ്യത വീണ്ടും ശക്തിപ്രാപിക്കുകയാണ് ചെയ്യുന്നത്.

ആഗ്രഹങ്ങളും അവ നേടാനുള്ള സ്വാർത്ഥതയും ഇല്ലെങ്കിൽ ഭ്രമ -വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ നഷ്ടപ്പെട്ടു പോകും. അത്തരം ജീവിതത്തെയാണ് ന്യൂട്രൽ ലൈഫ് എന്ന് പറയുന്നത്. നിലനിൽപ്പിന്റെ ആവശ്യങ്ങളിൽ മാത്രം ജീവിക്കുന്നവന് ഭ്രമാനുഭവം മാത്രമെ ഉണ്ടാകുകയുള്ളു. അത് അദ്വൈതാനുഭവമായി അയാൾക്ക് അനുഭവപ്പെടുന്നു. ദേഹത്തെ നിലനിർത്താൻ ഭ്രമാനുഭവം മാത്രം മതി, ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളുടെ ആവശ്യമില്ല.

ജനിക്കുന്നു മരിക്കുന്നു എന്നും സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ ഒരു അതിഭൗതിക ശക്തിയിൽ നിന്ന് ഉണ്ടാകുന്നുവെന്നും ഉള്ള അനുഭവം ഭ്രമമാണെന്ന് നിസ്സംഗത സംഭവിക്കുമ്പോഴാണ് തിരിച്ചറിയുന്നത്.

അഖണ്ഡ-നിശ്ചല-നിസ്സംഗമായ അഥവാ തുരീയമെന്ന ബോധമണ്ഡലത്തിലേക്ക് പ്രപഞ്ച-ജീവാനുഭവങ്ങളെ ബോധം തന്നെ സങ്കൽപ്പങ്ങൾ കൊണ്ട് ആരോപിച്ചതാണെന്ന് അപ്പോഴാണ് മനസ്സിലാകുന്നത്.

ഈ വികാരങ്ങൾക്ക് കഴിഞ്ഞ സംഭവങ്ങളെയും വരാൻ പോകുന്ന സംഭവങ്ങളെയും സ്ഥല-കാല ബോധത്തിൽ കോർത്തിണക്കാനുള്ള ഓർമ്മശക്തിയുണ്ട്.

ഈ ഓർമ്മശക്തിയാണ് ജാഗ്രത് എന്ന സ്വപ്ന സമാനമായ (നശ്വരമായ) ഭ്രമത്തെ യാഥാർത്ഥ്യമാണെന്ന് അനുഭവപ്പെടുത്തുന്നത്. ഇത്തരം ഒരു ഓർമ്മശക്തി ഇല്ലാത്തതു കൊണ്ടാണ് മൃഗങ്ങൾക്ക് 'ഞാൻ' അനുഭവിക്കുന്നു എന്ന് പറയാൻ കഴിയാത്തത്.

സൂക്ഷ്മനിരീക്ഷണവും (ശ്രദ്ധ) ഭാഷയും ഈ ഓർമ്മ ശക്തിയിൽ നിന്നാണ് രൂപപ്പെടുന്നത്. വർത്തമാനകാലത്തിൽ ഓർമ്മയെ ബോധപൂർവ്വം പിടിച്ചു നിർത്തുന്നതിനെയാണ് ശ്രദ്ധ അഥവാ നിരീക്ഷണം എന്ന് പറയുന്നത്.

വികാരങ്ങൾക്ക് ഓർമ്മശക്തിയും ശ്രദ്ധയും മാത്രമല്ല സ്വയം സംഘടിക്കുവാനും വളരുവാനും നശിക്കുവാനും വീണ്ടും ജനിക്കുവാനുമുള്ള കഴിവും ഉണ്ട്. അതുകൊണ്ടാണ് വികാരാനുഭവങ്ങളായ ജീവനും, പ്രപഞ്ചവും, ശക്തിയും തനിയെ ഉണ്ടായി നിലനിന്ന് ഇല്ലാതാകുമെന്ന് വേദാന്തങ്ങളും ആധുനിക ഭൗതിക ശാസ്ത്രങ്ങളും ഒരുപോലെ കണ്ടെത്തിയത്.

ന്യൂട്രൽ ലൈഫിൽ അഥവാ മോക്ഷാനുഭവത്തിൽ എത്തുന്ന നിസ്സംഗ സാക്ഷിക്ക് പിന്നീട് മരണംവരെ ആകെ രണ്ട് അനുഭവമെ ഉണ്ടാകുകയുള്ളു, ശാരീരിക വേദനയും ലൈംഗിക സുഖവും. ഇവയിൽ നിലനിൽപ്പിന്റെ ശാരീരിക വേദനകളെ (വിശപ്പ്,ദാഹം,അമിതമായ ചൂട്,തണുപ്പ്) പരിഹരിച്ചു കഴിഞ്ഞാൽ പിന്നീട് ബാക്കിയാകുന്നത് രോഗങ്ങൾ കൊണ്ടും അപകടങ്ങൾ കൊണ്ടും ഉണ്ടാകുന്ന വേദനകൾ മാത്രമാണ്. അവയുടെ ശാശ്വത പരിഹാരം സാദ്ധ്യമല്ലാത്തതു കൊണ്ടാണ് ജീവനിൽ നിന്നുള്ള മോചനം അയാളുടെ ആവശ്യമായി മാറുന്നത്. ഈ സത്യം ബോദ്ധ്യപ്പെടണമെങ്കിൽ സഹജാവബോധത്തിൽ തനിയെ ഉയരുന്ന ലൈംഗിക സുഖത്തെ തള്ളിക്കളയാൻ തീരുമാനിക്കണം. ഇത് അത്രയ്ക്ക് എളുപ്പമല്ല എന്ന് നമുക്ക് അറിയാം. വേദനയെ അവഗണിക്കാൻ കഴിഞ്ഞാലും സുഖത്തെ അവഗണിക്കാൻ കഴിയില്ല. കാരണം ഏറ്റവും ശക്തമായ രാസയാഥാർത്ഥ്യമാണ് ലൈംഗിക സുഖം. ബോധത്തിൽ ഉയർന്ന മിസ്റ്റിക്കുകൾ വീണ്ടും ജീവനിൽ പതിക്കുന്നത്, സഹജാവബോധത്തിന് തനിയെ ഉണ്ടാക്കാൻ കഴിയുന്ന ഈ സുഖാനുഭവത്തെ നശ്വരതാനുഭവം കൊണ്ട് ഇല്ലാത്തത് എന്ന് ഉറപ്പിക്കാൻ കഴിയാത്തതു കൊണ്ടും ഈ സുഖത്തെ മറ്റു പല ആഗ്രഹങ്ങളും ആക്കി മാറ്റുന്നതു കൊണ്ടുമാണ്.

സാധാരണ മനുഷ്യർക്ക് ലൈംഗിക സുഖം ഒരിക്കലും ശക്തമാകാറില്ല. കാരണം ഈ സുഖം അനേകായിരം സ്വാർത്ഥ താൽപ്പര്യങ്ങളുടെ വിഭ്രമ-മതിഭ്രമ വികാരങ്ങളായി വിഘടിച്ചാണ് എല്ലാവരിലും നിലനിൽക്കുന്നത്. വിഭ്രമ-മതിഭ്രമ വികാരങ്ങൾക്ക് സാക്ഷിയാകുന്ന മിസ്റ്റിക്കിൽ വിഘടിച്ചു നിൽക്കുന്ന ഈ അനുഭവങ്ങൾ എല്ലാം കൂടി ചേർന്ന് ലൈംഗിക സുഖം എന്ന ഒരേഒരു അനുഭവമായി മാറുന്നു. സാധാരണക്കാരായ ചില മനുഷ്യരിൽ ജന്മനാ ലൈംഗിക സുഖം ശക്തമാകാറുണ്ട്. അത്തരക്കാരാണ് ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുപോകുന്നത്. സുഖവും പരമാനന്ദവും ഒന്നുതന്നെയാണ്. പരമാനന്ദം രാസാനുഭവമാകുമ്പോൾ സുഖവും; സുഖം എന്ന രാസാനുഭവം ഇല്ലാതാകുമ്പോൾ പരമാനന്ദവും ഉണ്ടാകുന്നു. അതിനാൽ ജീവന്മുക്തന് ബോധത്തിന്റെ പരമാനന്ദത്തിൽ എന്നന്നേയ്ക്കുമായി ലയിക്കണമെങ്കിൽ ദേഹം മരിക്കണം.

**40. ശി:-** വികാരങ്ങളിലുള്ള ജീവിതവും നിസ്സംഗ ജീവിതവും തമ്മിലുള്ള വ്യത്യാസം എന്താണ്? ഇവയിൽ ഏതാണ് ഉത്തമം?

**മാസ്റ്റർ:-** ജീവിതം വികാരമായാൽ സന്തോഷവും സമാധാനവും സുഖവും സ്വതന്ത്രമായ സമ്പന്നതയും ഉണ്ടാകുകയില്ല. സന്തോഷം സുഖം എന്നീ വികാരങ്ങൾ നിമിഷങ്ങൾ കൊണ്ട് മാറിപ്പോകുന്നതായും ദുഃഖവും വേദനയും ദീർഘനാൾ നീണ്ടുനിൽക്കുന്നതായും നമുക്ക് അനുഭവപ്പെടുന്നു.

അനേകം വൈരുധ്യങ്ങൾ നിറഞ്ഞതാണ് വികാരങ്ങൾ. നശ്വരമായ വസ്തുക്കൾ കൊണ്ടാണ് ജീവനും പ്രപഞ്ചവും നിർമ്മിച്ചിരിക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുകയും എന്നാൽ അവ നശ്വരമാണ് എന്ന് തോന്നാത്ത വിധം മറവി ഉണ്ടാക്കുന്നത് വികാരങ്ങളുടെ മറ്റൊരു പ്രത്യേകതയാണ്. അതിനാൽ നശ്വരതയെ ബോധപൂർവ്വം ഓർമ്മ നിർത്തി വൈകാരിക ജീവിതത്തെ ഉപേക്ഷിക്കുകയാണ് ഉത്തമം.

നിസ്സംഗ ജീവിതത്തിന്റെ അത്യുന്നതമായ സമാധാനവും സന്തോഷവും സുഖവും സമ്പന്നതയും അനുഭവിച്ചതു കൊണ്ടാണ്, അമ്മ കാൽക്കൽ വീണ് കരഞ്ഞിട്ടും രമണ മഹർഷി തിരിച്ചു വീട്ടിലേക്ക് പോകാൻ കൂട്ടാക്കാഞ്ഞത്. എല്ലാവരുടെയും ബോധം, സുഖവും സന്തോഷവും സമ്പന്നതയും സമാധാനവും തന്നെയാണ് ആഗ്രഹിക്കുന്നത്. എന്നാൽ ഭ്രമ വികാരങ്ങൾ നൽകുന്ന തെറ്റായ അനുഭവങ്ങൾ കൊണ്ട് ഏറ്റവും ഉയർന്ന സുഖവും സന്തോഷവും സമ്പന്നതയും സമാധാനവും എന്താണെന്നും അവ എങ്ങിനെ നേടാമെന്നും ചിന്തിക്കാൻ സാധാരണ മനുഷ്യർക്ക് കഴിയാതെ പോകുന്നു.

ശരീരം പൂർണ്ണ ആരോഗ്യത്തിൽ നിസ്സംഗമായി അനുഭവിക്കുന്ന എല്ലാ മൃദുസ്പർശവും അസാധാരണ സുഖം അനുഭവപ്പെടുത്തുന്നു.

ആഗ്രഹങ്ങളും സ്വാർത്ഥതയും ഇല്ലാത്ത മനസ്സ് ഉയർന്ന സന്തോഷം അനുഭവിക്കുന്നു.

കർമ്മം പ്രാരബ്ധങ്ങളാകാതിരിക്കുന്നതും ബന്ധങ്ങളിൽ ബന്ധനം ഇല്ലാ എന്ന് അറിയുന്ന മനസ്സും അനുഭവിക്കുന്നത് എന്താണോ അതാണ് സമാധാനം.

ഉപാധികളില്ലാതെ സ്വന്തം സമ്പാദ്യത്തെ നിലനിർത്തുവാൻ കഴിവുള്ളവനാണ് യഥാർത്ഥ ധനികൻ. കർമ്മ പ്രാരബ്ധങ്ങൾ കൊണ്ടും ബുദ്ധിയുടെ സൂത്രം കൊണ്ടും ഉണ്ടാക്കുന്ന പണം ഒരുവനെ സമ്പന്നനാക്കുകയല്ല മറിച്ച് കൂടുതൽ സ്വാർത്ഥനാക്കുകയാണ് ചെയ്യുന്നത്. പണം ഉപാധികളോടെ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവൻ ദരിദ്രൻ ആകുകയും നിസ്സംഗതയിൽ ഉപാധികളില്ലാതെ നൽകുകയും സ്വീകരിക്കുകയും ചെയ്യുന്നവൻ ധനികൻ ആകുകയും ചെയ്യുന്നു.

### അദ്ധ്യായം-എട്ട്

# വികാരങ്ങളിൽ നിന്നും നിസ്സംഗതയിലേക്ക്

41. **ശി:-** സങ്കൽപ്പം അഥവാ ഇച്ഛയാണ് പ്രപഞ്ച സൃഷ്ടിക്ക് കാരണമെന്ന് വേദാന്തങ്ങൾ പറയുന്നുണ്ട്. ബോധശാസ്ത്രം അതിൽ നിന്നെങ്ങനെ വ്യത്യസ്തമാകുന്നു?

**മാസ്റ്റർ:-** ബോധം സങ്കൽപ്പം കൊണ്ട് അഥവാ ഇച്ഛ കൊണ്ട് പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു എന്നുമാത്രമല്ല സൃഷ്ട ജീവജാലങ്ങളിലും പ്രപഞ്ച നാമരൂപങ്ങളിലും ദൈവം അഥവാ ബോധം അംശമായി നിലനിൽക്കുന്നു എന്നാണ് വേദാന്തങ്ങൾ പറയുന്നത്. അതായത് തൂണിലും തുരുമ്പിലും ദൈവം അദൃശ്യ ശക്തിയായി നിലനിൽക്കുന്നു എന്നർത്ഥം. അങ്ങിനെയാണെങ്കിൽ എല്ലാ ചരാചരങ്ങൾക്കും ആത്മാവ് ഉണ്ടെന്ന് അംഗീകരിക്കേണ്ടി വരും. മനുഷ്യരെപ്പോലെ എല്ലാ ചരാചരങ്ങളും ' ഞാൻ' എന്നും ' എന്റേത്'എന്നും പറയുമെന്നർത്ഥം. മനുഷ്യനൊഴിച്ച് മറ്റു ചരാചരങ്ങളൊന്നും ' ഞാൻ' എന്നും ' എന്റേത് ' എന്നും പറയുന്നതായോ ഭാവിക്കുന്നതായോ നാം കണ്ടിട്ടില്ല.

ഇല്ലാത്ത വസ്തുക്കളെ സൃഷ്ടിച്ച് നാം സ്വപ്നം കാണുന്നതു പോലെ നശ്വരമായ വസ്തുക്കൾ കൊണ്ട് പ്രപഞ്ചത്തെയും ജീവനെയും ഭ്രമം കൊണ്ട് സൃഷ്ടിച്ച് അതിൽ മനുഷ്യദേഹമെന്ന നശ്വരമായ വസ്തുവിലൂടെ (അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ ഉപയോഗിച്ച്) തന്റെ സങ്കൽപ്പ സൃഷ്ടിയെ അനുഭവിച്ച് അവ യാഥാർത്ഥ്യമാണ് എന്ന് തെറ്റിദ്ധരിക്കുകയാണ്, എന്നാണ് ബോധശാസ്ത്രം പറയുന്നത്. സ്വപ്നം ഇല്ലാത്ത അനുഭവമാണ് എന്ന് നാം ഉണരുമ്പോൾ മനസ്സിലാക്കുന്നതു പോലെ, ജാഗ്രത് എന്ന നശ്വര ലോകവും ഇല്ലാത്തതാണ് എന്ന് അതിൽ നിന്ന് ഉണരുമ്പോൾ വ്യക്തിബോധമായി നിൽക്കുന്ന ദൈവത്തിനു തന്നെ മനസ്സിലാകും.

മതങ്ങളും വേദാന്തങ്ങളും ഭൗതിക ശാസ്ത്രം പോലും ദൈവത്തെയും പ്രപഞ്ചത്തെയും രണ്ട് യാഥാർത്ഥ്യങ്ങളായി കാണാനാണ് ഇഷ്ടപ്പെടുന്നത്.

ഈ വ്യത്യസ്ത യാഥാർത്ഥ്യങ്ങളിൽ ദൈവത്തെ വികാരങ്ങൾ കൊണ്ട് അനുഭവിക്കാൻ കഴിയാതാക്കുകയും ദേഹത്തെയും പ്രപഞ്ച

ത്തെയും വികാരങ്ങൾ കൊണ്ട് അനുഭവിക്കുകയും ചെയ്യുമ്പോഴാണ് പ്രപഞ്ചവും ജീവനും ജീവിതവും യാഥാർത്ഥ്യമാകുകയും ദൈവം യാഥാർത്ഥ്യമല്ലാതാകുകയും ചെയ്യുന്നത്.

ഈ രണ്ട് സത്യങ്ങളെയും ഒരുമിച്ച് അനുഭവപ്പെടുത്താൻ വികാരങ്ങൾക്ക് കഴിഞ്ഞിരുന്നുവെങ്കിൽ മതങ്ങളും വേദാന്തങ്ങളും പറയുന്ന സൃഷ്ടികർമ്മം സത്യമാകുമായിരുന്നു. അതിനു പകരം വികാരങ്ങൾ ദൈവത്തെ മറച്ചു പിടിക്കുകയും (ആവരണം) പ്രപഞ്ചത്തെയും ജീവനെയും ജീവിതത്തെയും സത്യമെന്ന് ബോദ്ധ്യപ്പെടുത്തുകയും (പ്രക്ഷേപണം) ചെയ്താൽ, യഥാർത്ഥത്തിലുള്ളതിനെ മറച്ചു പിടിക്കാനും ഇല്ലാത്തത് ഉണ്ടെന്ന് തോന്നിക്കാനും വികാരങ്ങൾക്ക് കഴിവുണ്ടെന്ന് വരുന്നു. അതിനാൽ വികാരങ്ങളെ ഇല്ലാതാക്കിയാൽ ബാക്കി എന്താണ് ഉള്ളത് എന്ന് ബോദ്ധ്യപ്പെടുമെന്നത് ശാസ്ത്രീയ യുക്തിയാണ്.

ദൈവവും ദൈവസൃഷ്ടിയായ പ്രപഞ്ചവും ജീവനും രണ്ട് യാഥാർത്ഥ്യങ്ങളല്ല. അവയിൽ ഏതെങ്കിലും ഒന്ന് യാഥാർത്ഥ്യമാണെന്ന് അനുഭവിച്ചാൽ മറ്റേത് യാഥാർത്ഥ്യമല്ലാതായി മാറും. പ്രപഞ്ചവും ജീവനും യഥാർത്ഥമാണെന്ന് അനുഭവിച്ചാൽ ദൈവം, സങ്കൽപ്പം അഥവാ ശൂന്യതയായി മാറും അഥവാ അദൃശ്യവും അനുഭവവും അല്ലാതാകും. മറിച്ച് പ്രപഞ്ചവും ജീവനും ഭ്രമമാണെന്ന് അഥവാ നശ്വരമാണെന്ന് അനുഭവിച്ചാൽ താൻ സ്വയം ദൈവമെന്ന് അനുഭവിക്കുകയും ചെയ്യും.

ബോധത്തിൽ അഥവാ ദൈവത്തിൽ സൃഷ്ടി ആരോപിതമാണെങ്കിൽ അവിടെ യഥാർത്ഥ സൃഷ്ടികർമ്മം നടക്കുന്നില്ല. അപ്പോൾ സൃഷ്ടിക്കപ്പെട്ട വസ്തുക്കളും ജീവനും സൃഷ്ടാവിന്റെ സങ്കൽപ്പം മാത്രമാണെന്നും ആ സൃഷ്ടാവ് വ്യക്തിബോധമായി നാം അനുഭവിക്കുന്ന ബോധം തന്നെയാണെന്നും മനസ്സിലാകും. ഈ യാഥാർത്ഥ്യത്തെ അനുഭവിക്കുന്നതിനെയാണ് ബ്രഹ്മാനുഭവം അഥവാ അദ്വൈതാനുഭവം എന്ന് പറയുന്നത്. ഇത് അനുഭവിക്കാൻ ആർക്കും കഴിയുമെന്നാണ് ബോധശാസ്ത്രത്തിന്റെ വാഗ്ദാനം.

സൃഷ്ടാവ് തന്നെ സ്വയം വികാരങ്ങൾ കൊണ്ട് ഭ്രമിക്കുമ്പോഴാണ് ഒരു ബോധമണ്ഡലം ഉണ്ടാകുന്നതും ആ ബോധമണ്ഡലത്തിൽ സൃഷ്ടി യാഥാർത്ഥ്യമാണെന്ന് അനുഭവപ്പെടുന്നതും. വികാരങ്ങൾക്ക് സാക്ഷിയായാൽ അനുഭവങ്ങൾ പോകും അപ്പോൾ അവിടെ സൃഷ്ടിയും-സ്ഥിതിയും-സംഹാരവുമില്ല, ഉള്ളത് സൃഷ്ടാവ് എന്ന ബോധം മാത്രം.

ഈ സൃഷ്ടിയിൽ പ്രപഞ്ച സൃഷ്ടി രഹസ്യമായി മാറുന്നില്ല. ഉറങ്ങുമ്പോഴുണ്ടാകുന്ന സ്വപ്നാനുഭവങ്ങൾക്ക് ഒരു രഹസ്യം ഉണ്ട് എന്ന് ആരും സമ്മതിക്കുകയില്ലല്ലോ.

കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ സൃഷ്ടിക്കുന്നു എന്ന് പറയുമ്പോൾ സൃഷ്ടികർത്താവും സൃഷ്ടിയും ദ്വന്ദവും യാഥാർത്ഥ്യവുമായി മാറുന്നു. സൃഷ്ടി ആരോപിക്കുന്നു എന്ന് പറയുമ്പോൾ സൃഷ്ടികർത്താവ് യാഥാർത്ഥ്യവും സൃഷ്ടി ഭ്രമവുമായി മാറുന്നു. അതിനാൽ ഈ സൃഷ്ടിയിൽ രഹസ്യം ഇല്ലാതാകുന്നു. ഇതാണ് വേദാന്തങ്ങളും മതങ്ങളും പറയുന്ന സൃഷ്ടിയുടെ വിശ്വാസങ്ങളും ബോധശാസ്ത്രവും തമ്മിലുള്ള വ്യത്യാസം.

**42.ശി:-** വൈചിത്ര്യം (singularity) എന്ന നിസ്സംഗതയിൽ നിന്ന് പൊസിറ്റീവ്-നെഗറ്റീവ് ഊർജ്ജങ്ങൾ വേർപിരിഞ്ഞു,അതിൽ പൊസിറ്റീവ് ഊർജ്ജം ഘനീഭവിച്ചുണ്ടായ പദാർത്ഥങ്ങൾ കൊണ്ടാണ് പ്രപഞ്ചവും ജീവനും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നാണ് ഭൗതിക ശാസ്ത്രം തെളിയിച്ചിരിക്കുന്നത്. ഇതും ബോധശാസ്ത്ര സൃഷ്ടി കർമ്മവും തമ്മിൽ എന്താണ് ബന്ധം?

**മാസ്റ്റർ:-** ആധുനിക ഭൗതിക ശാസ്ത്രം കണ്ടെത്തിയതും ബോധ ശാസ്ത്രം കണ്ടെത്തിയതും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. ഭൗതിക ശാസ്ത്രത്തിൽ നിന്ന് ശാസ്ത്രജ്ഞർ ബോധത്തെ ഒഴിവാക്കി,ബോധത്തെ തിരിച്ചറിവായി ബുദ്ധിയിൽ പ്രയോഗിച്ചപ്പോഴുണ്ടായ യുക്തിയിൽ നിന്നാണ് ഇത്തരം ഒരു കണ്ടെത്തൽ നടത്തിയത്. അതു കൊണ്ടു തന്നെ അവർക്ക് എന്തുകൊണ്ട് നിസ്സംഗമായി നിലനിന്ന ഊർജ്ജം പൊസിറ്റീവ്-നെഗറ്റീവായി വിഘടിച്ചത് എന്ന് കണ്ടെത്താൻ കഴിയുകയില്ല. മാത്രമല്ല ക്വാണ്ഡം ബലതന്ത്രത്തിലെ entanglement എന്ന പ്രതിഭാസവും വിശദീകരിക്കുവാൻ എളുപ്പമല്ല. സാദ്ധ്യതസിദ്ധാന്തം ഉപയോഗിച്ച് ഇതിനെ അളക്കുവാൻ കഴിയുമെന്നല്ലാതെ അതിന്റെ മൂലകാരണം കണ്ടെത്തുക സാദ്ധ്യമല്ല.

അനുഭവങ്ങളെ അടിസ്ഥാനമാക്കി പ്രപഞ്ചസൃഷ്ടിയെ വിശദീകരിക്കുന്ന ബോധശാസ്ത്രത്തിൽ സൃഷ്ടി രഹസ്യവുമല്ല വൈചിത്ര്യവുമല്ല. ഭ്രമിച്ചു കാണുകയും അനുഭവിക്കുകയും ചെയ്യുന്ന സ്വപ്നത്തിലേയും ജാഗ്രത്തിലേയും സൃഷ്ടിയുടെ അനുഭവങ്ങൾ ഭ്രമത്തിൽ നിന്ന് ഉണർന്നാൽ നഷ്ടപ്പെട്ടു പോകുമെന്ന് ആർക്കും സ്വയം തെളിയിക്കാം. വികാരങ്ങളെ നിസ്സംഗമാക്കിയാൽ അനുഭവം നഷ്ടപ്പെടും. അപ്പോൾ നശ്വരത അനുഭവമാകും. നശ്വരത അനുഭവമാകുന്ന ഒരാൾക്ക് സൃഷ്ടി യാഥാർത്ഥ്യമാകുകയില്ല. അപ്പോൾ അന്വേഷണത്തിന്റെ ആവശ്യവും

ഇല്ല. എന്നാൽ അനുഭവങ്ങളെ യാഥാർത്ഥ്യമാണെന്ന് കണക്കാക്കുന്ന ജാഗ്രത്തിൽ ഇതിന് ഉത്തരം കണ്ടെത്തുക എളുപ്പമല്ല. കാരണം ഉത്തരത്തിന് മറ്റൊരു അനുഭവമായി മാത്രമെ നിലനിൽക്കാൻ കഴിയുകയുള്ളു. അതാണ് ആപേക്ഷികതയുടെ പ്രത്യേകത.

ഭൗതികവാദികളും നിരീശ്വരവാദികളും പരിണാമത്തിലൂടെ രൂപം കൊണ്ട മനുഷ്യ മസ്തിഷ്ക്കത്തിന്റെ പ്രത്യേകതയാണ് അഥവാ extention ആണ് ബോധം എന്നാണ് വിശ്വസിക്കുന്നത്. ബുദ്ധിയുടെ വർദ്ധനവ് ഒരു നിരീക്ഷകനെ സൃഷ്ടിക്കുന്നത് എങ്ങിനെ? ബുദ്ധിക്ക് സ്വയം നിരീക്ഷിക്കുവാനുള്ള കഴിവുണ്ടെന്ന് ജീവജാലങ്ങളെ ശ്രദ്ധിച്ചാൽ മനസ്സിലാകും. എന്നാൽ ആ നിരീക്ഷണത്തെ ഒന്നുകൂടി നിരീക്ഷിക്കുന്ന 'ഞാൻ' ഒരു കാരണവശാലും ബുദ്ധിയുടെ ഭാഗം ആകുകയില്ല. താൻ എന്താണ് ചെയ്യുന്നതെന്ന് താൻ തന്നെ മനസ്സിലാക്കുന്നതിനെയാണ് സാക്ഷിത്വം എന്ന് പറയുന്നത്. നിരീക്ഷകൻ ബുദ്ധിയല്ല എന്ന് അറിയണമെങ്കിൽ വികാരങ്ങളെ നിസ്സംഗമാക്കി നിരീക്ഷകൻ ഒരു സാക്ഷിയായി മാറണം. അപ്പോൾ മാത്രമെ ബുദ്ധിയും ബോധവും രണ്ടാണെന്ന് മനസ്സിലാകുകയുള്ളു. അല്ലാതെ ഒരു പരീക്ഷണത്തിനും നിരീക്ഷണത്തിനും ഈ സത്യത്തെ അനുഭവപ്പെടുത്താൻ കഴിയുകയില്ല.

**43. ശി:-** ബോധം (ദൈവം) എന്തിനാണ് ഭ്രമിച്ച് ജാഗ്രത്തിലേക്ക് ഉണർന്നത്? അങ്ങിനെ ഉണരാതിരിക്കാൻ കഴിയുമായിരുന്നില്ലെ? ജാഗ്രത് എന്ന ഭ്രമത്തിലേക്ക് ഉണർന്നത് കൊണ്ടല്ലെ ദുഃഖവും വേദനയും അനുഭവിക്കേണ്ടതായി വന്നത് ?

**മാസ്റ്റർ:-** കൂടുതൽ ഉണർവ്വായ ജാഗ്രത്തിൽ നിന്ന് കുറഞ്ഞ ഉണർവ്വായ സ്വപ്നത്തിലേക്ക് എന്തിനാണ് ദിവസവും ഉണരുന്നതെന്ന് ആരും ചോദിക്കാറില്ലല്ലോ. കാരണം സ്വപ്നം ഇല്ലാത്തത് ഉണ്ടാക്കി കാണിക്കുന്ന ബോധാവസ്ഥയാണെന്ന് ഉണരുമ്പോൾ എല്ലാവർക്കും ബോദ്ധ്യമാകും. മാത്രമല്ല താൻ സ്വപ്നത്തിൽ കണ്ടതെല്ലാം ജാഗ്രത്തിലെ വസ്തുക്കളും ചിന്തകളും ആഗ്രഹങ്ങളും ആയിരുന്നുവെന്നും മനസ്സിലാകും. അതുപോലെ തന്നെയാണ് തുരീയത്തിൽ നിന്നും ജാഗ്രത്തിലേക്ക് ഉണരുന്നതും. മറവി ബാധിച്ചില്ലെങ്കിൽ തുരീയത്തിലേക്ക് തനിയെ ആർക്കും ഉണരാൻ കഴിയും. മാത്രമല്ല  ബോധം എന്തിനാണ് ഭ്രമിച്ച് ജാഗ്രത്തിലേക്ക് ഉണർന്നത് എന്ന് നാം ആരോടാണ് ചോദിക്കുക. എല്ലാവരും ഒരുപോലെ ഭ്രമിച്ച് ഉണർന്ന് നിൽക്കുകയാണ്. അപ്പോൾ ആ ചോദ്യം ഓരോ വ്യക്തിയും സ്വയം ചോദിക്കണം.

അഖണ്ഢ-നിശ്ചല-നിസ്സംഗ-പരമാനന്ദ സ്വരൂപനായ ഞാൻ എന്തിനാണ് ജാഗ്രത്തിലേക്ക് ഭ്രമിച്ച് ഉണർന്ന് ദുഃഖവും വേദനയും നൈമി

ഷിക സുഖവും സന്തോഷവും അനുഭവിക്കുന്നത് ? അതിന്റെ ഉത്തരം കണ്ടെത്തുന്നതാണ് മോക്ഷം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങിനെ ഉണരാതിരിക്കാൻ ആർക്കും എപ്പോൾ വേണമെങ്കിലും കഴിയും.

വേദനയെയും ദുഃഖത്തേയും അസ്സഹനീയമായി അനുഭവപ്പെടുത്തുന്ന ജാഗ്രത് എന്ന ഭ്രമത്തിൽ നിന്നും തിരിച്ച് തുരീയമെന്ന കേവല യാഥാർത്ഥ്യത്തിലേക്ക് ഉണരണം എന്ന് ശക്തമായി ഓർത്താൽ ആർക്കും തനിയെ ഉണരാം.

എന്നാൽ വ്യക്തിബോധം അനുഭവങ്ങളെ യാഥാർത്ഥ്യമെന്ന് ധരിച്ചതോടെ സൃഷ്ടി യാഥാർത്ഥ്യമാണെന്ന് ധരിക്കേണ്ടതായി വന്നു. സൃഷ്ടി നശ്വരമാണെന്ന് മനസ്സിലാക്കിയാൽ അതിലെ യാഥാർത്ഥ്യത നഷ്ടപ്പെട്ടു പോകും. എന്നാൽ നശ്വരതയെ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കാൻ ഭ്രമവികാരങ്ങൾക്ക് കഴിയും. അതുകൊണ്ടാണ് വികാരങ്ങൾ നിസ്സംഗമായാൽ മാത്രമെ നശ്വരത അനുഭവമാകുകയുള്ളു എന്ന് പറയുന്നത്. അനുഭവങ്ങളൊന്നും തന്നെ ബാധിക്കുന്നില്ല എന്ന അനുഭവം.

സൃഷ്ടി നശ്വരമെന്നറിയുന്നവൻ സാധാരണ മനുഷ്യനും സൃഷ്ടി നശ്വരമെന്ന് അനുഭവിക്കുന്നവൻ ദൈവവുമാണ്. സൃഷ്ടി യഥാർത്ഥമെന്ന് വിശ്വസിക്കുന്ന ഏതൊരു വ്യക്തിബോധവും ഉടൻ തന്നെ സ്വാർത്ഥനായി മാറും. അതോടെ ഭ്രമിച്ചവൻ അദ്വൈതാനുഭവത്തിൽ നിന്ന് വികാരാനുഭവത്തിലേക്ക് അധഃപതിക്കും. അതായത് ഭ്രമം കൊണ്ട് സ്വന്തം സ്വരൂപം (മോക്ഷം) നഷ്ടപ്പെടുത്തുമെന്നർത്ഥം.

നശ്വരതയെ നശ്വരത എന്ന് അനുഭവപ്പെടുത്തി മോക്ഷം നേടുകയാണ് വേണ്ടത്. മോക്ഷാനുഭവത്തിൽ എത്തിയാൽ മോക്ഷം നഷ്ടപ്പെട്ടുവെന്നും നേടിയെന്നും തോന്നുകയില്ല. സ്വപ്നത്തിൽ നിന്നും ജാഗ്രത്തിലേക്ക് ഉണർന്നവൻ ജാഗ്രത് നേടിയെന്ന് പറയുകയില്ലല്ലൊ.

എന്നിരുന്നാലും എന്തിനാണ് ഭ്രമത്തിലേക്ക് ഉണരാൻ ആഗ്രഹിച്ചത് എന്ന ചോദ്യം വീണ്ടും നിലനിൽക്കും. ഭ്രമത്തിൽ നിന്ന് എപ്പോൾ വേണമെങ്കിലും പുറത്തു കടന്ന് തുരീയമെന്ന ബോധത്തിൽ എത്താൻ കഴിയുമെന്നുള്ളതു കൊണ്ടാണ് ഭ്രമിക്കാൻ ആഗ്രിച്ചത്.

എന്നാൽ ഭ്രമാനുഭവങ്ങൾ നശ്വരമാണെന്ന് അറിഞ്ഞിട്ടും ആ നശ്വരതയെ സമ്പത്തായും ലൈംഗിക സുഖമായും പ്രശസ്തിയായും വേണമെന്ന് ആഗ്രിച്ചാൽ ഭ്രമത്തിൽ നിന്നും എങ്ങിനെ പുറത്തു കടക്കും? ഇതാണ് എല്ലാവരുടെയും പ്രശ്നം. അപ്പോൾ തുരീയത്തിലേക്ക് അഥവാ കേവല യാഥാർത്ഥ്യത്തിലേക്ക് തിരിച്ചു പോകണമെങ്കിൽ തിരിച്ചു

പോകാൻ ആഗ്രഹിക്കുന്ന വ്യക്തിബോധം സമ്പത്തും ലൈംഗിക സുഖവും പ്രശസ്തിയും അംഗീകാരവും എല്ലാം നശ്വരമാണെന്ന് സ്വന്തം മനസ്സിനെ കർമ്മ-ധർമ്മങ്ങളും ചിന്തകളും കൊണ്ട് ബോദ്ധ്യപ്പെടുത്തണം. അങ്ങിനെ ബോദ്ധ്യപ്പെടുത്താനുള്ള ആത്മാർത്ഥത ശാസ്ത്രീയമായി വികസിപ്പിക്കാനുള്ള മാർഗ്ഗങ്ങളാണ് ' ബോധശാസ്ത്രത്തിന് ഒരു പാഠ പുസ്തകം' എന്ന കൃതിയിൽ വ്യക്തമാക്കിയിരിക്കുന്നത്.

**ജാഗ്രത് എന്ന ഭ്രമത്തിലേക്ക് ഉണർന്നതു കൊണ്ടല്ല ദുഃഖവും വേദനയും ഉണ്ടായത്. നശ്വരമായ ഭ്രമ വസ്തുക്കളും ജീവനും തനിക്കു വേണമെന്നും വേണ്ടെന്നും തീരുമാനിക്കുന്നത് കൊണ്ടാണ് ഭ്രമാനുഭവങ്ങൾ ദുഃഖമായി മാറിയത്.**

നശ്വരമായ സ്വന്തം ദേഹപദാർത്ഥത്തെ പൂർണ്ണ ആരോഗ്യത്തിൽ നിലനിർത്താനും സ്പർശം കൊണ്ട് സുഖിപ്പിക്കുവാനും ഒരു പരിധി വരെ കഴിയുമായിരുന്നിട്ടും ശരീരത്തെ പലവിധ ആരാധന-സാധന-വാസനാദോഷങ്ങൾ കൊണ്ട് പീഢിപ്പിക്കുകയാണ് എല്ലാവരും ചെയ്യുന്നത്.

സ്പർശ സുഖം എന്ന ലൈംഗിക സുഖത്തെ പ്രത്യുൽപ്പാദനത്തിന്റെ ഉപാധിയിലേക്ക് താഴ്ത്തുകയും മൃഗീയമാക്കുകയും ചെയ്തു. ബോധത്തിന്റെ നിസ്സംഗതയെ വിഭജിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സുഖമാണ് സ്പർശ സുഖം. ഈ സുഖത്തെ ദേഹം നിലനിൽക്കുന്നിടത്തോളം കാലം തുടർച്ചയായി അനുഭവിക്കാൻ ബോധം കൊണ്ട് കഴിയുമായിരുന്നിട്ടും മനുഷ്യർ സ്വാർത്ഥത കൊണ്ട് അതിനെ മൃഗീയ സുഖത്തിലേക്ക് താഴ്ത്തി നരക യാതന അനുഭവിക്കുന്നു.

സ്പർശ സുഖം നഷ്ടപ്പെടുത്തിയാൽ ഉണ്ടാകുന്ന അനുഭവമാണ് കഠിനമായ ദുഃഖവും ശാരീരിക പീഢനങ്ങളും ചില രോഗങ്ങളും. സുഖത്തിന്റെ നിഷേധമാണ് ദുഃഖം. സുഖവും ദുഃഖവും ഭ്രമങ്ങളാണ്, രണ്ടും ഇല്ലാത്തതുമാണ്, നശ്വരവുമാണ്. എന്നാൽ അൽപ്പം സുഖം ഭ്രമാനുഭവമായി വരുമ്പോൾ മതിമറന്ന് അഹങ്കരിക്കുകയും വേദന വരുമ്പോൾ നിരാശയിൽ തളരുന്നതും നശ്വരതാനുഭവത്തെ അവഗണിക്കലും നിഷേധിക്കലുമാണ്.

ബോധം വ്യക്തിബോധമായി ദേഹം സ്വീകരിച്ച് ഭ്രമിക്കുന്നിടത്തോളം കാലം സുഖവും വേദനയും സന്തോഷവും ദുഃഖവും അനുഭവിച്ചുകൊണ്ടിരിക്കണം. ഏത് ദേഹത്തിലായാലും ബുദ്ധിക്ക് സുഖത്തേക്കാളും സന്തോഷത്തേക്കാളും കൂടുതൽ വേദനയെയും ദുഃഖത്തേയും സൃഷ്ടി

ക്കുവാനാണ് താൽപര്യം എന്ന് ജീവിതാനുഭവങ്ങൾ കൊണ്ട് നമുക്ക് മനസ്സിലാക്കാൻ കഴിയും. അതായത് ലഭിക്കുന്ന ഏത് ദേഹത്തിലും ബോധം താഴ്ന്ന് നിൽക്കുന്നതിനാൽ, താഴ്ന്ന ബോധത്തിന്റെ സ്വാഭാവികതയായ വേദനയും ദുഃഖവും അനുഭവിക്കാൻ നാം ബാധ്യസ്ഥരായി മാറുന്നു. ഇതിൽ നിന്ന് ദുഃഖവും വേദനയും അനുഭവിക്കേണ്ടതായി വരുന്നതല്ല മറിച്ച് താഴ്ന്ന ബോധത്തിന്റെ സ്വാഭാവികതയെ നമുക്ക് നിർബന്ധമായും സ്വീകരിക്കേണ്ടതായി വരുന്നതാണ്. ഇതിന്റെ പരിഹാരം ജാഗ്രത്തിലേക്ക് ഉണരാതിരിക്കുക എന്നത് മാത്രമാണ്.

**44. ശി:-** ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങളിൽ നിന്ന് ഉണർന്ന് തുരീയം എന്ന ഉയർന്ന ബോധാവസ്ഥയായ മോക്ഷത്തിൽ എങ്ങിനെയാണ് എത്താൻ കഴിയുന്നത് ?

**മാസ്റ്റർ:-** നശ്വരതയെ അനുഭവമാക്കാൻ ശ്രമിച്ചാൽ ഭ്രമത്തിൽ നിന്നും; വികാരങ്ങളെ നിസ്സംഗാമാക്കിയാൽ വിഭ്രമ-മതിഭ്രമ വികാരങ്ങളിൽ നിന്നും ഉണരാം. ഇവയിൽ വിഭ്രമ-മതിഭ്രമ വികാരങ്ങൾക്ക് സാക്ഷിയായാൽ മാത്രമെ നശ്വരത എന്ന അറിവ് നശ്വരത എന്ന അനുഭവമായി മാറാനുള്ള സാദ്ധ്യത തെളിയുകയുള്ളു. നശ്വരത അനുഭവമാകുന്നതിനെയാണ് മോക്ഷം അഥവാ അദ്വൈത അനുഭവം അഥവാ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്കുള്ള ഉണർവ് എന്ന് പറയുന്നത്. 24 മണിക്കൂറും ഒരുപോലെ നിലനിൽക്കുന്ന പരമാനന്ദമാണ് ഈ ഉണർവ്വിന്റെ ഏറ്റവും വലിയ തെളിവ്.

**45. ശി:-** എന്തുകൊണ്ടാണ് ഭ്രമവികാരത്തിൽ നിന്ന് ഉണരാൻ സാക്ഷിത്വം കൊണ്ട് കഴിയാത്തത് ?

**മാസ്റ്റർ:-** ഭ്രമവികാരാനുഭവം അഥവാ പ്രപഞ്ചവും ജീവനും നിലനിൽക്കുന്നു എന്ന അനുഭവം ഏറ്റവും യാഥാർത്ഥ്യം കൂടിയതും ഉള്ളതുമായ അനുഭവമാണ്. ശ്രദ്ധയും തിരിച്ചറിവും ഓർമ്മയും ഉപയോഗിച്ച് ബോധത്തെ ഉയർത്തിയാൽ മാത്രമെ ഭ്രമ വികാരാനുഭവത്തെ ഇല്ലാതാക്കി ഭ്രമാനുഭവമെന്ന അദ്വൈതാനുഭവത്തിലെത്താൻ കഴിയുകയുള്ളു, അഥവാ ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഉണരാൻ കഴിയുകയുള്ളു.

എന്നാൽ വിഭ്രമ-മതിഭ്രമ-വികാരാനുഭവങ്ങൾ ഇല്ലാത്തത് ഉണ്ട് എന്ന തോന്നലുകളാണ്. എങ്കിലും അവ വളരെ ശക്തമായതിനാൽ ഇല്ലാത്ത അനുഭവങ്ങളാണെന്ന് ആർക്കും തോന്നുകയില്ല. അതുകൊ

ണ്ടാണ് വിഭ്രമ-മതിഭ്രമ-വികാരാനുഭവങ്ങൾ ശക്തമാകുമ്പോൾ മനുഷ്യർക്ക് ഭ്രാന്ത് പിടിക്കുന്നതും ആത്മഹത്യ ചെയ്യുന്നതും. ഈ വികാരങ്ങളെ സൂക്ഷ്മതയോടെ ശ്രദ്ധിച്ചാൽ മാത്രമെ അവ ഇല്ലാത്തവയെന്ന് മനസ്സിലാകുകയും അനുഭവപ്പെടുകയും ചെയ്യുകയുള്ളു. ഇത്തരം സൂക്ഷ്മമായ ശ്രദ്ധയെ അഥവാ നിരീക്ഷണത്തെയാണ് സാക്ഷിത്വം എന്ന് പറയുന്നത്.

ഭ്രമം ഇല്ലാത്തത് ഉണ്ട് എന്ന തോന്നലല്ല. ഉള്ളത് ഉണ്ടായി നില നിന്നു മറയുന്നു എന്ന അനുഭവമാണ്. അതായത് നശ്വരതാനുഭവം. ബോധത്തിന്റെ പ്രക്ഷേപണമെന്ന രണ്ടാമത്തെ പ്രത്യേകത കൊണ്ട് നശ്വരതയെ മറന്നു പോകാനും അവഗണിക്കാനും ഇടയാകുന്നു. നശ്വരമായ വസ്തുക്കളെ കൂടുതൽ അറിയുവാനും അവ സ്വന്തമാക്കണമെന്ന് സദാസമയവും മനുഷ്യർ ചിന്തിച്ചു കൊണ്ടിരിക്കുന്നു. നശ്വരത അനുഭവമായി മാറണമെങ്കിൽ സൂക്ഷ്മമായ നിരീക്ഷണം മാത്രമല്ല നശ്വരതയെ മറക്കാതെ എന്നും ഓർമ്മയിൽ നിലനിർത്താനും പരിശീലിക്കണം. എന്നാൽ ഇത്തരം ഒരു ഓർമ്മ വിഭ്രമ-മതിഭ്രമ-വികാരങ്ങൾക്ക് സാക്ഷിയാകാൻ ആവശ്യമില്ല. മനസ്സിന്റെ തോന്നലുകളെ ഇല്ലാതാക്കാൻ സൂക്ഷ്മ നിരീക്ഷണവും; നശ്വരതയെ നശ്വരത എന്ന് അനുഭവപ്പെടുത്താൻ ശക്തമായ ഓർമ്മയും വികസിപ്പിക്കണം. ഇവയിലുള്ള വിജയമാണ് മോക്ഷം.

**46. ശി:-** എന്തിനാണ് ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങളിൽ നിന്ന് പുറത്തു കടക്കണമെന്ന് അഥവാ ജനന-മരണ ഭ്രമങ്ങളിൽ നിന്ന് മോചനം നേടണമെന്ന് പറയുന്നത് ?

**മാസ്റ്റർ:-** അവബോധമുള്ള മനുഷ്യനു മാത്രമെ ഭ്രമ-വിഭ്രമ-മതിഭ്രമാനുഭവങ്ങളെ 'ഞാൻ' അനുഭവിക്കുന്നു എന്ന് തിരിച്ചറിയാൻ കഴിയുകയുള്ളു. ഈ മൂന്ന് അനുഭവങ്ങളെയും കൂട്ടിച്ചേർത്ത് പൊതുവായി പറയുന്ന പേരാണ് ഭ്രമം. ഭ്രമത്തിൽ ശാരീരിക മാനസിക വേദനകൾ വളരെ കൂടുതലും, സുഖവും സന്തോഷവും നൈമിഷികമായും അനുഭവിക്കുന്നത് കൊണ്ടാണ് ഭ്രമത്തിൽ നിന്ന് പുറത്തു കടക്കണമെന്ന് ബോധശാസ്ത്രം പറയുന്നത്. മാത്രമല്ല ഭ്രമത്തിൽ നിന്നും പുറത്തു കടന്നില്ലെങ്കിൽ നിലനിൽക്കുന്ന ദേഹം മരിച്ചാലും ഭ്രമം ഇല്ലാതാകുകയില്ല. കാരണം ബോധത്തിലാണ് ഭ്രമം നിലനിൽക്കുന്നത്. അല്ലാതെ ദേഹത്തിലല്ല.

ദേഹം ഭ്രമത്തെ അനുഭവമാക്കുന്ന ഉപകരണം മാത്രമാണ്. അതിനാൽ വീണ്ടും ദേഹം എടുക്കുന്നുവെന്ന് ഭ്രമിച്ചു കൊണ്ടിരിക്കും.

എന്നാൽ വീണ്ടും പുതിയ ദേഹത്തിൽ ഭ്രമിക്കുന്നു എന്ന് താഴ്ന്ന ബോധത്തിൽ നിന്നു കൊണ്ട് തെളിയിക്കാൻ കഴിയില്ല. അങ്ങിനെ തെളി യിച്ചതു കൊണ്ട് കാര്യവുമില്ല. ഒരേഒരു ബോധം പല ദേഹങ്ങളിൽ പല വ്യക്തിബോധമാണെന്ന് ധരിച്ച് എന്നും ഭ്രമത്തിൽ നിലനിന്ന് വേദ നയും ദുഃഖവും തുടർച്ചയായി അനുഭവിച്ചു കൊണ്ടിരിക്കും. അതു കൊണ്ടാണ് എത്രയും വേഗം മോക്ഷാനുഭവത്തിൽ എത്തണം എന്ന് പറയുന്നത്.

ജീവിതം ഭ്രമമാണെന്ന് അഥവാ നശ്വരമാണെന്ന് അനുഭവപ്പെടാ ത്തവരെ സംബന്ധിച്ച് പ്രശ്നമില്ല. ഒരേഒരു ജന്മമെയുള്ളു എന്ന് അവർ ഓരോ ജന്മത്തിലും വിശ്വസിച്ചു കൊണ്ടിരിക്കും. ജനനവും മരണവും യാഥാർത്ഥ്യമാണെന്നും അത് തന്നിൽ നിന്ന് അന്യമായ ശക്തിയിൽ (ദൈവം, ബ്രഹ്മം) ഉണ്ടാകുന്നതാണെന്നും ആ ശക്തിക്ക് എതിരെ നിൽക്കുന്ന മറ്റൊരു ശക്തിയാണ് (പിശാച്,കർമ്മഫലം) വേദനയും ദുഃഖവും നൽകുന്നത് എന്നൊക്കെയാണ് അവർ കരുതിക്കൊണ്ടിരി ക്കുന്നത്.

നശ്വരമായ ദേഹത്തിൽ ഒരു പ്രത്യേക ഐഡന്റിറ്റിയുള്ള അനശ്വ രമായ ഒരു ആത്മാവ് നിലനിൽക്കുന്നു എന്നും ദേഹം മരിച്ചാലും ആത്മാവ് മരിക്കാതെ നിത്യമായ ശാന്തിക്കുവേണ്ടി അലഞ്ഞു തിരിയു മെന്നും അന്ത്യനാളിൽ ദൈവം വന്ന് കൂട്ടിക്കൊണ്ടു പോകുമെന്നുമാണ് അവരുടെ വിശ്വാസം. ഈ വിശ്വാസത്തിൽ നിന്നാണ് മരിച്ചവർക്കുവേ ണ്ടിയുള്ള പ്രാർത്ഥനയും പ്രേത-ഭൂതാതികളും ആത്മാവും രൂപം കൊണ്ടത്. ശാസ്ത്രീയമായ ഒരു അടിസ്ഥാനവും ഇല്ലാത്തവയാണ് ഈ വിശ്വാസങ്ങൾ എങ്കിലും മതിഭ്രമാനുഭവങ്ങളുള്ള മനുഷ്യർ ഇവയെ സത്യ മായി അനുഭവിക്കുന്നു എന്നതിന്റെ തെളിവാണ് മാനസിക രോഗാശു പത്രികളുടെയും ആരാധനാലയങ്ങളുടെയും വർദ്ധനവ് സൂചിപ്പിക്കു ന്നത്.

സ്വന്തം അനുഭവങ്ങളുടെ സത്യസ്ഥിതി പരിശോധിക്കുന്നതിന് ആവ ശ്യമായ ഒരു ശാസ്ത്രം രൂപപ്പെടുത്തിയാലെ ഭ്രമ-വിഭ്രമ-മതിഭ്രമ വികാ രങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ ഭാവി തലമുറയ്ക്കെങ്കിലും കഴി യുകയുള്ളു.

### അദ്ധ്യായം- ഒമ്പത്

## ദേഹമില്ലാതെ ഞാൻ നിലനിൽക്കുന്നു എന്ന ബോധാവസ്ഥ

**47. ശി:-** നിലനിൽക്കുന്ന ദേഹം മരിച്ചാലും ശാരീരിക മാനസിക വേദനകൾ പല ദേഹങ്ങളിലായി തുടർന്നു കൊണ്ടിരിക്കും, അതിനാൽ ഏത് മാർഗ്ഗം ഉപയോഗിച്ചും ദേഹം സ്വീകരിക്കാത്ത അവസ്ഥയിൽ നില നിൽക്കണം. അങ്ങിനെ ദേഹം ഇല്ലാതെ 'ഞാൻ നിലനിൽക്കുന്നു' എന്ന അവ സ്ഥയെയാണ് ബോധശാസ്ത്രം മോക്ഷം എന്ന് നിർവ്വചിച്ചിരിക്കുന്നത്.

കർമ്മ ബന്ധം കൊണ്ട് വീണ്ടും ജനിക്കുമെന്ന് വേദാന്തങ്ങൾ പറയുന്നതുമായി ഇതിനു സാമ്യമുണ്ടോ? ഇത് തെളിയിക്കാൻ കഴിയാ ത്തതിനാൽ സെമറ്റിക് മതക്കാരും ഹിന്ദുക്കളിൽ ബുദ്ധിയുള്ള നല്ലൊരു വിഭാഗവും പുനർജന്മത്തിൽ വിശ്വസിക്കുന്നില്ല. ശാസ്ത്രീയമായ യുക്തി കൊണ്ടും തെളിവുകൾ കൊണ്ടും ബോധശാസ്ത്രം ഇതെങ്ങിനെ തെളി യിക്കും ?

**മാസ്റ്റർ**:- നിലനിൽക്കുന്ന ദേഹം മരിച്ചാലും മാനസിക ശാരീരിക വേദനകൾ പുതിയ ദേഹങ്ങളിൽ തുടരുമെന്നത് ഒരു വിശ്വാസമോ പുനർജന്മ സിദ്ധാന്തമോ അല്ല. ഏതൊരു സാധാരണക്കാരനും യുക്തി കൊണ്ടും തെളിവുകൾ കൊണ്ടും അനുഭവങ്ങൾ കൊണ്ടും സ്വയം മന സ്സിലാക്കാൻ കഴിയുന്ന ഒരു സത്യമാണ്.

കർമ്മ ബന്ധം ബോധത്തിന്റെ തോന്നലാണെന്ന് മുൻ അദ്ധ്യായ ങ്ങളിൽ തെളിയിച്ചിട്ടുണ്ട്. അതിനാൽ വേദാന്തങ്ങൾ പറയുന്ന പുനർജന്മ വുമായി ഇതിന് യാതൊരു ബന്ധവുമില്ല. ജനിതക മിശ്രണം കൊണ്ട് പലതായിപ്പോകുന്ന ബുദ്ധി, ബോധത്തെ തിരിച്ചറിവും, ശ്രദ്ധയും, ഓർമ്മ യുമായി സ്വീകരിക്കുമ്പോൾ ഒരേഒരു ബോധം പല വ്യക്തി ബോധങ്ങ ളായി(ആത്മാക്കൾ) അനുഭവപ്പെടുക മാത്രമാണ് ചെയ്യുന്നത്.

ആത്മാവ് പലതാണെന്നും ദൈവം പുറമെ നിൽക്കുന്ന സൃഷ്ടി കർത്താവാണെന്നും സെമറ്റിക് മതക്കാർ ധരിച്ചതു കൊണ്ടാണ് അന്ത്യ നാളിൽ ദൈവം വിധി കർത്താവായി വന്ന് നന്മ-തിന്മകളുടെയും പാപ -പുണ്യങ്ങളുടെയും അടിസ്ഥാനത്തിൽ സ്വർഗ്ഗവും നരകവും നൽകു മെന്ന് വിശ്വസിക്കേണ്ടതായി വന്നത്.

ബോധശാസ്ത്രത്തിൽ ദൈവം വിശ്വാസമല്ല. അതുകൊണ്ടു തന്നെ സാധനകൾക്കും ആരാധനകൾക്കും പാപ-പുണ്യങ്ങൾക്കും പ്രസക്തിയില്ല. യുക്തിയും തെളിവുകളും അനുഭവങ്ങളും കൊണ്ട് സ്വയം ദൈവമാണെന്ന് ബോദ്ധ്യപ്പെടുത്തുകയാണ് ബോധശാസ്ത്രത്തിന്റെ ലക്ഷ്യം.

ദൈവത്തെയോ സത്യത്തെയോ അന്വേഷിക്കാൻ രൂപപ്പെടുത്തിയതല്ല ബോധശാസ്ത്രം. മറിച്ച് വേദനയുടെ സ്രോതസ്സ് അന്വേഷിക്കുവാനാണ് ബോധശാസ്ത്രം ഉപയോഗപ്പെടുത്തിയത്.

ശാരീരിക വേദന, മാനസിക ദുഃഖം എന്നീ രണ്ട് അനുഭവങ്ങളുടെ സ്രോതസ്സ് നിരീക്ഷിച്ചപ്പോഴാണ് അവ ഒരു ദേഹത്തിന്റെ മരണം കൊണ്ട് ഇല്ലാതാകുകയില്ല എന്നും പുതിയ ദേഹങ്ങളിൽ അവ വീണ്ടും തുടരുമെന്നും തെളിയിക്കാൻ കഴിഞ്ഞത്. അതുകൊണ്ടാണ് വ്യക്തിബോധത്തിന്റെ ജീവനിൽ നിന്നുള്ള മോചനം മോക്ഷം ആണെന്ന് നിർവ്വചിക്കേണ്ടതായി വന്നത്.

'ഞാൻ' വേദനയും ദുഃഖവും അനുഭവിക്കുന്നു എന്ന് എന്നെത്തന്നെ ബോദ്ധ്യപ്പെടുത്തുന്ന മാദ്ധ്യമമാണ് ദേഹവും അതിലെ നാഡീകോശ സംവിധാനങ്ങളും. ബോധംകെട്ടു വീഴുന്ന ആൾക്ക് വേദനയും ദുഃഖവും അനുഭവപ്പെടാത്തത് ദേഹവും ബോധവും രണ്ടാണ് എന്നതിന്റെ തെളിവാണ്. മാത്രമല്ല ബോധം ജീവനല്ല എന്നും ഇത് വ്യക്തമാക്കുന്നു. ബോധം ജീവൻ ആയിരുന്നുവെങ്കിൽ ബോധം കെട്ടു വീഴുന്ന നിമിഷം ജീവനും നഷ്ടപ്പെടുമായിരുന്നു. ജീവൻ മാംസത്തിന്റെ പല ഗുണങ്ങളിൽ ഒന്നാണ്. അത് സഹജാവബോധമാണ്.

ജാഗ്രത് സ്വപ്നം സുഷുപ്തി ഈ മൂന്ന് ബോധതലങ്ങളെ മനുഷ്യന്റെ ബുദ്ധിക്ക് പരിചയമുള്ളൂ. ഒന്നാമത്തെ (നാലാമത്തെ) ബോധാവസ്ഥയായ തുരീയം എന്ന ഉയർന്ന ബോധം എന്താണെന്ന് നമുക്ക് അറിയില്ല. എന്തു കൊണ്ടാണ് തുരീയം എന്ന ഏറ്റവും ഉയർന്ന ബോധാവസ്ഥ നമുക്ക് അനുഭവപ്പെടാത്തത് എന്ന് അന്വേഷിച്ചപ്പോഴാണ് വേദനയുടെയും ദുഃഖത്തിന്റെയും സുഖത്തിന്റെയും സന്തോഷത്തിന്റെയും അനുഭവങ്ങൾ ജനനം മുതൽ മരണംവരെ നാം സത്യം എന്ന് വിചാരിച്ചു കൊണ്ടിരിക്കുന്നതാണ് അതിന് കാരണം എന്ന് കണ്ടെത്തിയത്.

ജാഗ്രത്തിലും സ്വപ്നത്തിലും മാത്രമെ സുഖവും സന്തോഷവും വേദനയും ദുഃഖവും അനുഭവങ്ങളായി നിലനിൽക്കുന്നുള്ളൂ. തുരീയത്തിലും നിദ്രയിലും ഇത്തരം അനുഭവങ്ങൾ ഇല്ല എന്ന് ആർക്കും അറിയാം. നിദ്ര ഏറ്റവും താഴ്ന്ന ബോധാവസ്ഥ ആയതു കൊണ്ടാണ് അവിടെ അനുഭവങ്ങൾ ഇല്ലാത്തത്. ഉയർന്ന ബോധത്തിൽ അനുഭവങ്ങൾ ഏറ്റവും ശക്തമാകുമെന്നാണ് ജാഗ്രത്തിലേയും സ്വപ്നത്തിലേയും അനുഭവങ്ങൾ കൊണ്ട് നമുക്ക് തെളിയിക്കാൻ കഴിഞ്ഞത്.

ചില അനുഭവങ്ങളെ അനുഭവിക്കാൻ ദേഹം ആവശ്യമില്ല എന്ന സത്യം നാം ആദ്യം മനസ്സിലാക്കണം. സ്വപ്നം അനുഭവിക്കുമ്പോൾ നമുക്ക് ദേഹത്തിലെ ജ്ഞാനേന്ദ്രിയങ്ങളും മസ്തിഷ്ക്കവും ആവശ്യ മില്ല എന്നത് ഇതിന്റെ തെളിവാണ്.

ഉയർന്ന ബോധത്തിന് താഴ്ന്ന ബോധത്തിലെ സംഭവങ്ങളെ ഓർക്കാൻ കഴിയുമെങ്കിലും താഴ്ന്ന ബോധത്തിന് ഉയർന്ന ബോധ ത്തിലെ സംഭവങ്ങൾ ഓർക്കാൻ കഴിയില്ല. അതുകൊണ്ടാണ് ജാഗ്രത്, സ്വപ്ന സംഭവങ്ങളെ ഓർക്കുന്നതും സ്വപ്നത്തിൽ, ജാഗ്രത്തിനെ ഓർമ്മിക്കാത്തതും. അതുപോലെ തന്നെയാണ് ജാഗ്രത്തിന് തുരീയാ വസ്ഥയെ ഓർമ്മിക്കാൻ കഴിയാത്തത്. എന്നാൽ തുരീയത്തിൽ എത്തിയ ബുദ്ധന് ജാഗ്രത് ദേഹത്തിന്റെ മരണംവരെ ഓർമ്മിക്കാൻ കഴിയും.

ജാഗ്രത്തിലെ ഒരു ആശാരി, ഒരു ദിവസം താൻ രാജാവാണെന്നും രണ്ടാം ദിവസം തെണ്ടിയാണെന്നും മൂന്നാം ദിവസം രോഗിയാണെന്നും സ്വപ്നം കാണുന്നു എന്ന് വിചാരിക്കുക. ഓരോ ദിവസവും സ്വപ്ന ത്തിൽ നിന്ന് ഉണരുമ്പോൾ അയാൾ ആശാരി തന്നെയെന്ന് മനസ്സിലാ ക്കും. സ്വപ്നം താഴ്ന്ന ബോധാനുഭവമായതിനാൽ ജാഗ്രത്തിലെ ആശാ രിക്ക് ഈ മൂന്ന് സ്വപ്നജന്മങ്ങളും ഓർക്കാൻ കഴിയും കാരണം ഓർമ്മയെ പദാർത്ഥവത്ക്കരിക്കാൻ മസ്തിഷ്ക്കത്തിന് കഴിവുണ്ട്. പദാർത്ഥവത്ക്കരിക്കപ്പെട്ട ഓർമ്മയെ വായിക്കാൻ (read) മാത്രമെ ബോധത്തിന് കഴിയുകയുള്ളു. അല്ലാതെ ഓർമ്മയെ സൂക്ഷിച്ചുവ യ്ക്കാൻ ബോധത്തിന് സാദ്ധ്യമല്ല. ഈ കഴിവാണ് ജാഗ്രത്തിന് തുടർച്ച യുണ്ടെന്നും ദൈർഘ്യം ഉണ്ടെന്നും തോന്നിപ്പിക്കുന്നത്. മസ്തിഷ്ക്കം ഒരു മെമ്മറി കാർഡായി പ്രവർത്തിക്കുന്നത് കൊണ്ടാണ് ബോധത്തിന് ദ്വൈതാനുഭവം ഉണ്ടാകുന്നത്.

ജാഗ്രത്തിൽ നിന്ന് തുരീയത്തിലേക്ക് ഉണരുന്ന ബുദ്ധന് രണ്ട് എന്ന അവസ്ഥ അനുഭവപ്പെടുകയില്ല. കാരണം ഒന്ന് 'ഞാൻ' എന്ന ബോധവും രണ്ടാമത്തേത് നശ്വരമായ വസ്തുക്കൾ കൊണ്ട് നിർമ്മിക്ക പ്പെട്ടവയുമാണ്. അത്തരം വസ്തുക്കൾക്കും ജീവനും ബുദ്ധനിൽ അനു ഭവം സൃഷ്ടിക്കുവാൻ കഴിയുകയില്ല. അതിനാൽ ജാഗ്രത്തിലെ അനു ഭവങ്ങളെ ശേഖരിച്ചു വയ്ക്കാൻ ബുദ്ധൻ കൂട്ടാക്കുകയില്ല. മറ്റൊരു രീതി യിൽ പറഞ്ഞാൽ read ചെയ്യാൻ കമ്പ്യൂട്ടർ ഉണ്ട് എന്നാൽ മെമ്മറി കാർഡില്ല. മസ്തിഷ്ക്കം ഉപകരണമാണ് അല്ലാതെ ബോധമല്ല എന്ന് നേരത്തെ തെളിയിച്ചിട്ടുണ്ട്.

തുരീയത്തിൽ നിൽക്കുന്ന ബുദ്ധന് കഴിഞ്ഞുപോയ ജന്മങ്ങൾ എന്തായിരുന്നുവെന്ന് ഓർക്കാൻ കഴിയുകയില്ല കാരണം തുരീയം ഓർമ്മയെ സൂക്ഷിച്ചുവയ്ക്കുന്ന പദാർത്ഥങ്ങൾ ഇല്ലാത്ത ബോധതല മാണ്. എന്നാൽ താൻ ജാഗ്രത്തിലേക്ക് ഉണരുന്നത് തന്റെ തന്നെ സങ്കൽപ്പങ്ങൾ കൊണ്ടാണെന്ന് വ്യക്തമായി മനസ്സിലാകും. ജാഗ്രത്തിലെ ആശാരി സ്വപ്നങ്ങളിലെ സംഭവങ്ങൾക്ക് കാരണം ജാഗ്രത്തിലെ കാഴ്ച കളും സങ്കൽപ്പങ്ങളും ആണെന്നു മനസ്സിലാക്കുന്നതുപോലെ. അതി നാൽ സങ്കൽപ്പങ്ങൾ നിലനിന്നാൽ വീണ്ടും ജാഗ്രത്തിലേക്ക് ഉണരേ ണ്ടിവരുമെന്ന് (വീണ്ടും ജനിക്കേണ്ടി വരുമെന്ന്) ബുദ്ധൻ വ്യക്തമായി തിരിച്ചറിയുന്നു. സങ്കൽപ്പിച്ചു ഭ്രമിക്കുകയും ഭ്രമങ്ങൾ സംഭവങ്ങളായി അനുഭവിക്കുകയും ചെയ്യുക എന്നത് ബോധത്തിന്റെ പ്രത്യേകതയാ ണ്. അതിനെ സൃഷ്ടി എന്ന് വിളിക്കുക സാദ്ധ്യമല്ല. അനുഭവങ്ങൾ യാഥാർത്ഥ്യമാണ് എന്ന് വിചാരിക്കുകയും അശ്രദ്ധയിൽ നിലനിൽക്കു കയും മറവി സംഭവിക്കുകയും ചെയ്യുമ്പോഴാണ് ഉയർന്ന ബോധമായ തുരീയം അനുഭവമാകാതെ പോകുന്നത്. ശ്രദ്ധയും സൂക്ഷ്മതയും ഓർമ്മയും കൊണ്ട് ആർക്കും എപ്പോൾ വേണമെങ്കിലും തുരീയത്തി ലേക്ക് ഉണരാം. അതിന് വിദ്യാഭ്യാസത്തിന്റെയോ ആത്മീയ സാധനയു ടെയോ ആവശ്യമില്ല.

സങ്കൽപ്പ രഹിതമായി നിന്നാൽ നമുക്ക് എന്നും മോക്ഷത്തിൽ നിലനിൽക്കാം. ആശാരി രാജാവാകണമെന്നും തെണ്ടി ആകേണ്ട എന്നും സങ്കൽപ്പിച്ചതു കൊണ്ടാണ് സ്വപ്നത്തിൽ അവ അനുഭവങ്ങ ളായി വന്നത്. ഈ രണ്ട് ആഗ്രഹങ്ങളും ഇല്ലായിരുന്നുവെങ്കിൽ ആശാരി സ്വപ്നം കാണുകയില്ലായിരുന്നു. അതുപോലെ തന്നെ ആശാരിയായ താൻ ശുദ്ധ ബോധമാണ് ആശാരി അല്ല എന്ന് കർമ്മധർമ്മങ്ങൾ കൊണ്ട് മനസ്സായ (ആഗ്രഹങ്ങളുടെ കൂട്ടം) ബോധത്തെ ബോദ്ധ്യപ്പെടുത്തിയാൽ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ദേഹം നിലനിൽക്കെ തന്നെ ഉണരാം.

ബോധത്തിൽ സങ്കൽപ്പങ്ങൾ (ആഗ്രഹങ്ങൾ) വന്നാൽ ഭ്രമം കൊണ്ട് അവ സംഭവങ്ങളായി മാറുന്നു എന്ന് തോന്നും. ഈ സംഭവങ്ങളാണ് ജാഗ്രത് ആയും സ്വപ്നമായും അനുഭവപ്പെടുന്നത്. എന്തു കൊണ്ട് ? എന്ന ചോദ്യം ചോദിക്കാൻ കഴിയാത്ത പ്രതിഭാസങ്ങളെയാണ് ഭൗതിക ശാസ്ത്രം സംഭവങ്ങൾ എന്ന് വിളിക്കുന്നത്. അതു കൊണ്ടാണ് ഒരു സ്വപ്നത്തിൽ രാജാവായതും മറ്റൊരു സ്വപ്നത്തിൽ യാചകനായതും; ഒരു ജാഗ്രത്തിൽ ആശാരി ആകുന്നതും മറ്റൊരു ജാഗ്രത്തിൽ മൂശാരി ആകുന്നതും എന്തു കൊണ്ടെന്ന് കണ്ടുപിടിക്കാൻ കഴിയാത്തത്.

സങ്കൽപ്പങ്ങളെ അനുഭവിക്കാൻ മാത്രമെ ബോധത്തിന് കഴിയുകയുള്ളൂ. ഇല്ലാത്ത വസ്തുക്കൾ കൊണ്ടും നശിച്ചു പോകുന്ന വസ്തുക്കൾ കൊണ്ടുമാണ് ബോധം അനുഭവങ്ങളെ സൃഷ്ടിക്കുന്നത്. സങ്കൽപ്പങ്ങൾ ഇല്ലാതെ അനുഭവങ്ങളെ സൃഷ്ടിക്കാൻ സാദ്ധ്യമല്ല. അവയിൽ മാനസിക ശാരീരക വേദനകൾ വരുന്നതാണ് മോക്ഷത്തിലേക്ക് ഉണരുന്നതിനെ പ്രസക്തമാക്കുന്നത്.

**48:- ശി:-** ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഉണർന്നവന് ഭ്രമവികാരം ഉണ്ടാകാമെന്ന് പറയുന്നത് എന്തു കൊണ്ടാണ് ? ഭ്രമാനുഭവവും ഭ്രമവികാരാനുഭവവും തമ്മിലുള്ള വ്യത്യാസമെന്താണ് ?

**മാസ്റ്റർ :-** ദേഹം അതിന്റെ പരിണാമം പൂർത്തിയാക്കി മരിക്കുന്ന സമയംവരെ നിലനിൽപ്പിനാവശ്യമായ ആഹാരം, ജലം, വായു ഇവ ആഗ്രഹിക്കാതിരിക്കാൻ കഴിയില്ല. ഏറ്റവും കുറഞ്ഞ ആഗ്രഹത്തിൽ പോലും വികാരങ്ങൾക്ക് അനുഭവം ഉണ്ടാകും. നിലനിൽപ്പിന്റെ ഈ അഗ്രഹങ്ങൾ ആഗ്രഹങ്ങളാണെന്ന് തിരിച്ചറിഞ്ഞു കൊണ്ടിരുന്നാൽ ജനന-മരണ ഭ്രമങ്ങളിൽ നിന്ന് പുറത്തു കടന്നു എന്ന അനുഭവം മരണം വരെ അനുഭവപ്പെട്ടു കൊണ്ടിരിക്കും അല്ലെങ്കിൽ ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളിലേക്ക് ബോധം സാവധാനം താഴ്ന്നുപോകുകയും, ഉണർന്നു എന്ന അനുഭവം മറന്നു പോകുകയും ചെയ്യും. പല രീതിയിൽ അദ്വൈതാനുഭവം ലഭിച്ച മിസ്റ്റിക്കുകൾ പോലും മുക്തിയിലെത്താതെ പരാജയപ്പെട്ടതിനു കാരണം ഈ അനുഭവത്തിന്റെ ശാസ്ത്രീയത മനസ്സിലാകാതിരുന്നതു കൊണ്ടാണ്.

വികാരങ്ങൾ പ്രകൃത്യാലോ സാധനകൾ കൊണ്ടോ അൽപ്പ സമയം നിസ്സംഗമാകാറുണ്ട്, എന്നാൽ ആ നിസ്സംഗത സ്ഥായി ആകാറില്ല. നിസ്സംഗത എങ്ങിനെ എപ്പോൾ എന്തു കൊണ്ട് സംഭവിക്കുന്നു എന്ന് കണ്ടെത്തുക സാദ്ധ്യമല്ല. വികാരങ്ങൾ താഴ്ന്ന ബോധത്തിൽ തനിയെ ഉണ്ടാകുന്നതുപോലെ അവയ്ക്ക് ഉയർന്ന ബോധത്തിൽ തനിയെ ഇല്ലാതാകാനും കഴിയും. വികാരങ്ങളെ നിസ്സംഗമാക്കുകയും നശ്വരതയെ മറക്കാതെ നിലനിർത്തുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന അനുഭവത്തെയാണ് അദ്വൈതാനുഭവം എന്ന് പറയുന്നത്. ഈ അനുഭവം അസാധാരണമായ ഒരു പരമാനന്ദ സുഖമാണ് എന്ന് മനസ്സിലാക്കിയാൽ അത് വീണ്ടും ലഭിക്കണമെന്ന് ആഗ്രഹിക്കും. മാത്രമല്ല ഈ അവസ്ഥയിൽ അതീന്ദ്രിയ അനുഭവങ്ങളും ഉണ്ടാകാറുണ്ട്. ഈ അനുഭവങ്ങൾ യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കുമ്പോഴാണ് ജനന- മരണ ഭ്രമങ്ങൾ സത്യമാണെന്ന അനുഭവമായി മാറുന്നത്.

ഈ അനുഭവം പിന്നീട് വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളിലേക്ക് താഴുന്നു. എല്ലാ മിസ്റ്റിക്കുകൾക്കും ഇവിടെയാണ് വഴി തെറ്റുന്നത്. അതീന്ദ്രിയാനുഭവങ്ങൾ വെറും ഭ്രമങ്ങളാണെന്ന് മനസ്സിലാക്കി കൊണ്ടിരുന്നാൽ ജനന-മരണ ഭ്രമങ്ങൾ ഇല്ലാത്തവയെന്ന് ദേഹവിയോഗം വരെ അനുഭവിച്ചു കൊണ്ടിരിക്കും. അദ്വൈതാനുഭവം സ്ഥായിയായി അനുഭവപ്പെടുന്നതിനെ ഭ്രമാനുഭവം എന്നും നൈമിഷികമായി അനുഭവപ്പെടുന്നതിനെ ഭ്രമവികാരാനുഭവം എന്നും പറയുന്നു.

**49. ശി:-** അറിവുകൾ മറന്നാലും അനുഭവങ്ങൾ മറക്കാറില്ല. നീന്തൽ എന്ന അനുഭവം അത്തരത്തിൽ മറക്കാൻ കഴിയാത്ത ഒന്നാണ്. ജനന -മരണ ഭ്രമങ്ങളിൽ നിന്ന് ഒരിക്കൽ ഉണർന്നവൻ ആ ഉണർച്ചയുടെ അനുഭവം എങ്ങിനെയാണ് മറന്നു പോകുന്നത് ?

**മാസ്റ്റർ:-** മനസ്സ് സ്വായത്തമാക്കുന്ന അനുഭവങ്ങളാണ് മറക്കാതെ നിലനിൽക്കുന്നത്. അതായത് നീന്തൽ ഒരു ഭ്രമവികാരാനുഭവമാണ്. അത് ഒരിക്കൽ ലഭിച്ചു കഴിഞ്ഞാൽ മനസ്സിന് അത് പിന്നീട് ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. നീന്തൽ അറിയാതിരുന്നപ്പോഴുണ്ടായ ഭയം ഇല്ലാതാകുമ്പോഴാണ് നീന്തൽ അനുഭവമാകുന്നത്. വിഭ്രമ അനുഭവമായ പ്രതികാരവും മതിഭ്രമാനുഭവമായ അതീന്ദ്രിയ അനുഭവങ്ങളും മറന്നു പോയാൽ പോലും ഭ്രമവികാരാനുഭവമായ നീന്തൽ മറന്നു പോകുകയില്ല. കാരണം അനുഭവങ്ങളെ രാസവസ്തുക്കൾ കൊണ്ട് രേഖപ്പെടുത്തിവയ്ക്കാൻ മസ്തിഷ്ക്കത്തിന് കഴിയും.

എന്നാൽ ജനന-മരണ ഭ്രമങ്ങളിൽ നിന്നുണരുന്ന അനുഭവം അഥവാ മോക്ഷാനുഭവം അഥവാ അനുഭവങ്ങൾ ഒന്നും ഇല്ല എന്ന അനുഭവം മനസ്സിന്റെ ഒരു തരത്തിലുമുള്ള വികാരാനുഭവമല്ല. വികാരാനുഭവം മാത്രമെ ബോധത്തിന് 'വായിക്കുവാൻ' കഴിയുകയുള്ളു.

മനസ്സിന്റെ എല്ലാ വികാരങ്ങൾക്കും സാക്ഷിയാകുമ്പോൾ; വികാരാനുഭവങ്ങൾ ഒന്നും ഇല്ലായെന്ന് മനസ്സ് അനുഭവിക്കുമ്പോൾ; മനസ്സ് തന്നെ ഇല്ലാതായി പോകുകയാണ് ചെയ്യുന്നത്. അപ്പോൾ എന്താണോ ബാക്കിയാകുന്ന അനുഭവം അതാണ് മോക്ഷാനുഭവം. ഇത് ഒരനുഭവമാണെന്ന് പറയുക സാദ്ധ്യമല്ല. ഭ്രമം വികാരമായില്ലെങ്കിൽ അനുഭവങ്ങൾ ഉണ്ടാകുകയില്ല. ആ അവസ്ഥയെ ഒരു പേരുകൊണ്ട് സൂചിപ്പിക്കുവാനും നിവൃത്തിയില്ല. ദേഹം നിലനിൽക്കെ മനസ്സിന് ഒരിക്കലും സ്ഥായിയായി സ്വയം നഷ്ടപ്പെടാൻ എളുപ്പമല്ല. ഏതു നിമിഷവും അതിന് തിരിച്ചുവരാനുള്ള കഴിവുണ്ട്. ഭ്രമവികാരാനുഭവങ്ങൾ എപ്പോൾ പ്രത്യക്ഷപ്പെടുന്നുവോ ആ നിമിഷം മോക്ഷാനുഭവം നഷ്ടപ്പെട്ടു പോകും.

ദേഹം ആരോഗ്യത്തോടെ നിലനിൽക്കുന്നിടത്തോളം സഹജാവബോധവും അവബോധവും ഇല്ലാതാവുകയില്ല. ഇവ രണ്ടും ബോധത്തിന്റെ രണ്ട് ഭ്രമങ്ങളാണ്. അവബോധം കൊണ്ട് സഹജാവബോധത്തിന്റെ നശ്വരതയെ അനുഭവിച്ചാൽ രണ്ട് ഭ്രമങ്ങളും ഒന്നായി ചേർന്ന് സാക്ഷാൽ മഹാബോധമായി മാറും. മനസ്സിന് ശാശ്വതമായി നശിക്കാൻ ദേഹം നിലനിൽക്കെ സാദ്ധ്യമല്ല. ബുദ്ധിയുള്ള ഒരു വിഭാഗം മിസ്റ്റിക്കുകൾ വികാരങ്ങൾ ഉണരാതിരിക്കാൻ എല്ലാ ലൗകീക സാഹചര്യങ്ങളും ഉപേക്ഷിച്ച് ബുദ്ധനെപ്പോലെ അവധൂതനായി മാറുന്നു. മറ്റു ചിലർ ജനക മഹാരാജാവിനെപ്പോലെ ജീവിത വികാരങ്ങൾ ഉണരുന്ന സാഹചര്യത്തിൽ നിന്നു കൊണ്ട് ജീവിതം അഭിനയിച്ചു തീർക്കുന്നു. വിഡ്ഢികളായ മിസ്റ്റിക്കുകൾ അഥവാ ആൾദൈവങ്ങൾ ഈ അവസ്ഥയിലുണ്ടാകുന്ന അതീന്ദ്രിയാനുഭവങ്ങൾ ദൈവീകാനുഭവങ്ങളാണെന്ന് തെറ്റിദ്ധരിക്കുകയും മറ്റുള്ളവരെ ചൂഷ്ണം ചെയ്ത് പണവും പ്രശസ്തിയും വാരി കൂട്ടുന്നു.

**50. ശി :-** താഴ്ന്ന ബോധത്തിലും ഉയർന്ന ബോധത്തിലും ബുദ്ധിയുടെ പങ്കെന്താണ് ? ഉയർന്ന ബോധത്തിൽ ബുദ്ധി കൂടുമോ അല്ലെങ്കിൽ കുറയുമോ?

**മാസ്റ്റർ:-** ഈ ദൃശ്യപ്രപഞ്ചത്തിലുള്ള എല്ലാ ചരാചരങ്ങളും നിലനിൽക്കുന്നത് ബുദ്ധി കൊണ്ടാണ്. നിലനിൽക്കുവാനുള്ള ഉപകരണമാണ് ബുദ്ധി.

മനുഷ്യനൊഴിച്ചുള്ള എല്ലാ ചരാചരങ്ങളുടെയും ബുദ്ധി കൽപ്പിതമാണ് അല്ലെങ്കിൽ അടഞ്ഞതാണ്. എന്തായിട്ടാണ് ഒരു വസ്തു അല്ലെങ്കിൽ ജീവൻ ഉണ്ടാകുകയും നിലനിൽക്കുകയും ഇല്ലാതാകുകയും ചെയ്യുന്നുവോ അങ്ങിനെയായി മാത്രമെ അതിന് എന്നും ഉണ്ടാകാനും നിലനിൽക്കാനും ഇല്ലാതാകാനും കഴിയുകയുള്ളു. സഹജാവബോധത്തെയാണ് ബുദ്ധി എന്ന് വിളിക്കുന്നത്.

മനുഷ്യന്റെ ബുദ്ധിക്കുമാത്രം ബോധത്തെ അവബോധം എന്ന തിരിച്ചറിവായി സ്വീകരിച്ച് ഉപയോഗപ്പെടുത്താനും സ്വയം നിലനിൽക്കുന്നു എന്ന ഉണ്മ അനുഭവിക്കാനും കഴിയുകയുള്ളു. അതിനാൽ ബുദ്ധിയെയും അവബോധത്തെയും ഉപയോഗപ്പെടുത്തി കൽപ്പിതത്വത്തെ അഴിച്ച് അതിന്റെ പ്രോഗ്രാമിൽ മാറ്റം വരുത്തി ജീവനിൽ നിലനിൽക്കുന്നു എന്ന ഉണ്മയിൽ നിന്നും അഥവാ ജീവന്റെ തടവറയിൽ നിന്നും എന്നന്നേയ്ക്കുമായി രക്ഷപ്പെടാൻ കഴിയും. ഇതാണ് മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത്.

മറ്റു രീതിയിൽ പറഞ്ഞാൽ കേവല യാഥാർത്ഥ്യമായ ബോധം അഥവാ ദൈവം സങ്കൽപ്പങ്ങൾ കൊണ്ട് അവബോധമായും സഹജാവബോധമായും വിഘടിച്ച് ഭ്രമിക്കുകയാണ്. ഇവയിൽ സഹജാവബോധത്തെ ബുദ്ധിയായും അവബോധത്തെ 'ഞാൻ' എന്ന തിരിച്ചറിവായും നമുക്ക് അനുഭവപ്പെടുന്നു. ഈ പ്രപഞ്ചത്തിലുള്ള എല്ലാ ചരാചരങ്ങളും സഹജാവബോധം കൊണ്ടാണ് നിലനിൽക്കുന്നത്. എന്നാൽ നിലനിൽക്കുന്നു എന്ന ഉണ്മ അനുഭവിക്കാൻ അവയ്ക്കൊന്നിനും കഴിവില്ല, കാരണം ബോധം അവബോധമായി മനുഷ്യമസ്തിഷ്ക്കത്തോട് മാത്രമെ ബന്ധപ്പെടുന്നുള്ളു.

താഴ്ന്ന ബോധത്തിലുള്ള മനുഷ്യരുടെ ബുദ്ധി ചരാചരങ്ങളെപ്പോലെ തന്നെ അടഞ്ഞതാണ്. അതിനാൽ അവർ അവബോധത്തെ ഉപയോഗപ്പെടുത്തി നിലനിൽപ്പിന്റെ ബുദ്ധിയെ വർദ്ധിപ്പിക്കുകയും സങ്കീർണ്ണമാക്കു കയും ചെയ്യുന്നു.

കമ്പ്യൂട്ടറിന്റെ ബുദ്ധിയാണ് മനുഷ്യർ വികസിപ്പിച്ച ബുദ്ധിയുടെ ഏറ്റവും ശക്തമായ ഉദാഹരണം. മനുഷ്യബുദ്ധിയുടെ ചില സ്വാഭാവിക കഴിവിനെപ്പോലും അത് പിന്നിലാക്കുന്നത് കാണാം. നിലനിൽപ്പിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുവെന്നല്ലാതെ കമ്പ്യൂട്ടറിന് എന്ത് മേന്മയാണ് ഉള്ളത്? അതുപോലെ കമ്പ്യൂട്ടറിനെ വികസിപ്പിച്ച മനുഷ്യന്റെ അവബോധത്തിന് ഒരു മേന്മയും അവകാശപ്പെടാനില്ല.

ജീവിതകാലം മുഴുവനും ഒരുപോലെ നിൽക്കുന്ന സമാധാനവും സന്തോഷവും സുഖവും സ്വതന്ത്രമായ സമ്പന്നതയും മനുഷ്യബുദ്ധിയുടെ ഈ വികാസം കൊണ്ടുണ്ടായിട്ടില്ല. മറിച്ച് ചൂഷണം വർദ്ധിപ്പിക്കുവാനും യുദ്ധത്തിന്റെ ഭീകരത കൂട്ടുവാനും ലോകത്തിലെ ഏത് കോണിലും ജീവിക്കുന്നവന്റെ സന്തോഷവും സമാധാനവും ഇല്ലാതാക്കാനും ഈ ബുദ്ധി കാരണമായി. പട്ടിണിയും ആത്മഹത്യയും കൊലപാതകവും ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചു വരുന്നു. ഇതാണ് ഈ ബുദ്ധിയുടെ വികാസം സമ്മാനിച്ചത്.

കൽപ്പിത ബുദ്ധിയുടെ അഥവാ സഹജാവബോധത്തിന്റെ പ്രോഗ്രാമിനെ, അവബോധം കൊണ്ട് തിരിച്ചറിയുമ്പോൾ അവിടെ രണ്ട് സാദ്ധ്യതകളാണ് രൂപം കൊള്ളുന്നത്.

1.ബുദ്ധി, അവബോധത്തെ ഉപയോഗപ്പെടുത്തി ബുദ്ധിയെ തന്നെ വികസിപ്പിച്ച് ബോധത്തെ വീണ്ടും താഴ്ത്തി കളയുന്നു. ഇത്തരക്കാരാണ് ശാസ്ത്രജ്ഞന്മാരായും ജ്ഞാനികളായും സാധാരണക്കാരനായും മാറുന്നത്. ഈ രീതിയിൽ ബുദ്ധിയെ വികസിപ്പിക്കുമ്പോൾ മൃഗീയത വർദ്ധിക്കുന്നതായാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. 2.

ബുദ്ധി അവബോധത്തെ ഉപയോഗപ്പെടുത്തി ബോധത്തെ ഉയർത്തുന്നു. ബോധം ഉയരുമ്പോൾ ബുദ്ധി വർദ്ധിക്കുന്നതിന് പകരം അതിന്റെ വ്യക്തത കൂടുന്നു. അങ്ങിനെ വ്യക്തത വർദ്ധിക്കുന്ന ബുദ്ധി തന്റെ നിലനിൽപ്പിന്റെ വേദനകളുടെയും ദുഃഖങ്ങളുടെയും ഭീകരതയും അർത്ഥശൂന്യതയും തിരിച്ചറിയുന്നു. അഥവാ അസ്തിത്വത്തിന്റെ അർത്ഥശൂന്യത ഗ്രഹിക്കുന്നു. അത്തരം മനുഷ്യരാണ് ബുദ്ധന്മാരായി മാറുന്നത്.

സ്വന്തം നിലനിൽപ്പിനായും സുഖത്തിനായും ഉപയോഗിക്കുന്ന സ്വാർത്ഥ ബുദ്ധിയാണ് തന്റെയും മറ്റുള്ളവരുടെയും ദുഃഖ കാരണമെന്ന് അത്തരക്കാർ കണ്ടെത്തുന്നു. അങ്ങിനെ സ്വാർത്ഥതയായ സ്വന്തം വ്യക്തിത്വം നശിപ്പിച്ചു കളയുന്നതിന്റെ ആവശ്യകത അവർ മനസ്സിലാക്കുകയും ബുദ്ധി ബോധമെന്ന ദൈവത്തെ ഭ്രമത്തിലൂടെ അഥവാ അദ്വൈതാനുഭവത്തിലൂടെ അനുഭവിക്കുകയും ചെയ്യുന്നു.

വളർന്നു വരുന്ന തലമുറയുടെ ബുദ്ധി വർദ്ധിപ്പിക്കണമൊ ബോധം വർദ്ധിപ്പിക്കണമൊ എന്ന് തീരുമാനിക്കാനുള്ള അവകാശം മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ഭരണകർത്താക്കൾക്കുമുണ്ട്. വ്യക്തിത്വത്തിന്റെ ശക്തിയിലൂടെ ബുദ്ധിയെ വർദ്ധിപ്പിക്കാൻ സമൂഹം തീരുമാനിച്ചാൽ ബോധം താഴ്ന്ന് പോകുകയും സ്വന്തം മാതാ-പിതാക്കളെ പോലും ക്രൂരമായി പീഢിപ്പിക്കുന്ന ഒരു തലമുറ ഉയർന്ന് വരുകയും ചെയ്യും. അതിന് എന്തെങ്കിലും പരിഹാരമുണ്ടെന്ന് വിചാരിക്കുന്നവൻ മൂഢനാണ്. കാരണം താഴ്ന്ന ബോധത്തിന്റെ സ്വാഭാവികതയാണ് സ്വാർത്ഥതയും ക്രൂരതയും അതിന്റെ ദുഃഖവും വേദനയും. എന്നാൽ ബോധത്തെ ഉയർത്താൻ വേണ്ടി ബുദ്ധിയെ ഉപയോഗപ്പെടുത്തുന്ന സമൂഹത്തിൽ ബുദ്ധിയുടെ വ്യക്തത വർദ്ധിക്കുകയും സന്തോഷവും സമാധാനവും സുഖവും സമ്പന്നതയും അതിന്റെ സ്വാഭാവികതയായി വന്നു ചേരുകയും ചെയ്യുന്നു. അവയെ വരുത്താൻ രാഷ്ട്രീയ-ആത്മീയ തത്വശാസ്ത്രങ്ങളുടെയും വിപ്ലവങ്ങളുടെയും ആവശ്യമില്ല.

അദ്വൈതാനുഭവത്തിലേക്ക് ബോധം ഉയർന്നാൽ ജനസംഖ്യ കുറഞ്ഞ് സമൂഹം ഇല്ലാതായി പോകുകയില്ലെ എന്നാണ് എല്ലാവരും ഭയപ്പെടുന്നത്. അത് താഴ്ന്ന ബോധത്തിന്റെ ഭയം മാത്രമാണ്. അദ്വൈതാനുഭവംവരെ ബോധം ഉയർത്തുക എന്നത് നിസ്സാരമായ കാര്യമല്ല. ആപേക്ഷിക സിദ്ധാന്തം കണ്ടുപിടിച്ചതിനേക്കാൾ ബുദ്ധിമുട്ടാണത്. ലളിതമായ ബുദ്ധി ആപേക്ഷിക സിദ്ധാന്തത്തോളം സങ്കീർണ്ണമായതുപോലെ ആ സങ്കീർണ്ണമായ ബുദ്ധിയെ ദൈവത്തോളം ലളിതമാക്കാൻ

അസാധാരണമായ ഇച്ഛാശക്തിയും ആത്മാർത്ഥതയും ആവശ്യമാണ്. അതാണ് യഥാർത്ഥ ആത്മീയതയുടെ തടസ്സങ്ങൾ.

ബുദ്ധിയും നീതിബോധവും ഉള്ള വക്കീലും ബുദ്ധി കുറഞ്ഞ സാധാരണക്കാരനും ഒരു പോലെ കുറ്റകൃത്യങ്ങൾ ചെയ്യുന്നത് ബുദ്ധിയുടെ വ്യത്യാസം കൊണ്ടല്ല എന്ന് വ്യക്തമാകുന്നു. താഴ്ന്ന ബോധത്തിൽ വികാരങ്ങളുടെ സാന്നിദ്ധ്യം ബുദ്ധി കൂടിയവനെയും കുറഞ്ഞവനെയും ഒരുപോലെ കുറ്റവാളികളാക്കുന്നതാണ്. അതായത് സഹജാവബോധത്തിന് സ്വയം പ്രവർത്തിക്കുവാനുള്ള കഴിവുണ്ട്. അശ്രദ്ധ കൊണ്ടാണ് അത് സ്വയം പ്രവർത്തിക്കുന്നത്. അങ്ങിനെ സ്വയം പ്രവർത്തിക്കാൻ അനുവദിച്ചാൽ അവബോധത്തിന്റെ സാന്നിദ്ധ്യം കൊണ്ട് മനുഷ്യർ വികലമായ കാരണങ്ങൾ യുക്തിയായി ഉപയോഗിച്ച് മൃഗങ്ങളേക്കാൾ കൂടുതൽ സ്വാർത്ഥനാകുകയും ക്രൂരനാകുകയും ചെയ്യും.

**51. ശി:-** സങ്കൽപം ബോധത്തിൽ ആരോപിക്കുകയും അത് ശക്തമായ ഇച്ഛയായി മാറുകയും ചെയ്തപ്പോഴാണ്, പ്രപഞ്ചവും ജീവനും സൃഷ്ടിക്കപ്പെട്ടു എന്ന് തോന്നുന്ന ജാഗ്രത് എന്ന ഭ്രമത്തിലേക്ക് ബോധം ഉണർന്നത് എന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ ആ ഭ്രമത്തിൽ നിന്ന് വീണ്ടും തുരീയത്തിലേക്ക് ഉണരാൻ ശക്തമായ ഇച്ഛാശക്തി ഉണ്ടാകണമെന്ന് പറയുന്നത് വിരോധാഭാസമല്ലെ?

**മാസ്റ്റർ:-** പ്രപഞ്ചത്തിന്റെയും തന്റെ വ്യക്തിബോധത്തിന്റെയും നിലനിൽപ്പ് സത്യമായ അനുഭവമാണെന്ന് ബോദ്ധ്യപ്പെടുത്തിയത് ഭ്രമ-വിഭ്രമ-മതിഭ്രമങ്ങളായ വികാരങ്ങൾ കൊണ്ടാണ്. ശാസ്ത്രീയ യുക്തി കൊണ്ടും വസ്തുനിഷ്ഠത കൊണ്ടും അനുഭവം കൊണ്ടും സൂക്ഷമത കൊണ്ടും പ്രപഞ്ചവും ജീവപദാർത്ഥങ്ങളും നശ്വരമാണെന്ന് മനസ്സിലാക്കാൻ ആർക്കും കഴിയും. എന്നിട്ടും ആ യാഥാർത്ഥ്യത്തെ മറന്നും അവഗണിച്ചും എല്ലാവരും ജീവിക്കുന്നതിന്റെ കാരണം താൻ സ്വയം ദൈവമാണെന്ന അദ്വൈതാനുഭവം ലഭിക്കാത്തതു കൊണ്ടാണ്. അഥവാ തന്റെ യഥാർത്ഥ സ്വരൂപം അഖണ്ഡ-നിശ്ചല-നിസ്സംഗ ബോധമാണെന്ന് അനുഭവിക്കാത്തതു കൊണ്ടാണ് അഥവാ ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഉണരാത്തതു കൊണ്ടാണ്. <u>ഈ അനുഭവം ലഭിക്കണമെങ്കിൽ നിലനിൽപ്പ് വാസ്തവമാണെന്ന് അനുഭവപ്പെടുത്തുന്ന virtual വികാരങ്ങളെ ഇല്ലാതാക്കണം.</u>

തന്റെ സ്വാർത്ഥ ആഗ്രഹങ്ങൾ സഫലീകരിക്കണമെന്ന ശക്തമായ നെഗറ്റീവ് ഇച്ഛാശക്തി കൊണ്ടുണ്ടായ virtual വികാരങ്ങളെ, അവ നശ്വ

രമാണെന്ന അറിവ് കൊണ്ട് ശക്തമായി തടയുമ്പോൾ ഈ വികാരങ്ങൾ പരസ്പരം ഏറ്റുമുട്ടി നിസ്സംഗമാകുകയും; ഈ നിഷ്ക്രിയീകരണം പൂർത്തിയാകുമ്പോൾ മനസ്സ് അപ്രത്യക്ഷമാകുകയും അഥവാ വ്യക്തി ബോധത്തിൽ നിന്നും വ്യക്തിത്വം ഇല്ലാതായി ബോധം മാത്രം ശേഷിക്കുകയും ദേഹവും ബോധവും രണ്ടെന്ന അനുഭവത്തിൽ എത്തുകയും ചെയ്യും.

ഇതാണ് അദ്വൈത അനുഭവം. ഇത് വിരോധങ്ങളുടെ ആഭാസമല്ല മറിച്ച് വിരോധങ്ങളുടെ ഉന്മൂലനമാണ്. അതായത് നശ്വരമായതിനെ നശ്വരമായതു കൊണ്ട് ഇല്ലാതാക്കിയാൽ യഥാർത്ഥത്തിലുള്ളത് എന്താണോ അത് പ്രത്യക്ഷമാകും.

കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ ചുറ്റും മരണം കണ്ടിട്ടും എന്റെ ദേഹം മരിക്കുകയില്ല എന്ന ധാർഷ്ഠ്യത്തോടെ ജീവിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ശക്തമായ virtual വികാരാനുഭവങ്ങളെ, ദേഹത്തിന്റെ മരണം എന്റെ മരണമല്ല എന്ന തിരിച്ചറിവിന്റെ അനുഭവത്തിലേക്ക് കൊണ്ടുവരാൻ എടുക്കുന്ന ശക്തമായ ഇച്ഛയുടെ വികാരമാണ് (ധാർഷ്ഠ്യം) മോക്ഷത്തിലേക്കുള്ള ഏക മാർഗ്ഗം അഥവാ ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് തുരീയത്തിലേക്ക് ഉണരാനുള്ള ഏക വഴി. ഇതല്ലാതെ പ്രാർത്ഥന, ഉപവാസം, ധ്യാനം, അനുഷ്ഠാനങ്ങൾ, സാധനകൾ, ജ്ഞാനം, നന്മ, നീതി, പുണ്യം, അനുകമ്പ ഇവ കൊണ്ടൊന്നും വേദനിക്കുന്ന നശ്വരമായ ദേഹപദാർത്ഥത്തിൽ എന്നെന്നും നിലനിൽക്കണമെന്ന വിഡ്ഢിത്തത്തെ ഇല്ലാതാക്കി നിത്യമായ മോക്ഷത്തിലെത്തിച്ചേരാൻ സാദ്ധ്യമല്ല. കാരണം ഇവയുടെയെല്ലാം കുറവു കൊണ്ടല്ല മോക്ഷാനുഭവം നഷ്ടപ്പെട്ടത്.

**52. ശി:-** മോക്ഷം നേടാൻ അനേകം മാർഗ്ഗങ്ങൾ ഉണ്ടെന്നാണ് മതങ്ങളും വേദാന്തങ്ങളും പ്രചരിപ്പിക്കുന്നത്, അത് ശരിയാണോ?

**മാസ്റ്റർ:-** മോക്ഷത്തെ പലതായി നിർവ്വചിച്ച് അത് നേടാൻ പല മാർഗ്ഗങ്ങൾ ഉണ്ടെന്ന് വിശ്വസിപ്പിച്ച് മനുഷ്യരെ കബളിപ്പിച്ചാണ് മതങ്ങളും വേദാന്തങ്ങളും ആയിരക്കണക്കിന് വർഷങ്ങളായി ഭൂമിയിൽ സർവ്വാധിപത്യം സ്ഥാപിച്ചത്. പലപ്പോഴും രാഷ്ട്രീയ ശക്തികളെക്കാളും കൂടുതൽ ശക്തി മതങ്ങൾ സംഭരിക്കുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

ജീവിതത്തിലെ എല്ലാ സുഖസൗകര്യങ്ങളും വെറുതെ ലഭിക്കുന്ന ഒരു സ്ഥലമാണ് സ്വർഗ്ഗം അഥവാ പറുദീസയെന്നും അത് മരണശേഷമെ ലഭിക്കുകയുള്ളുവെന്നും അതിനായി കൃത്യമായ ചില പ്രാർത്ഥന

കളും ഉപവാസവും സ്നേഹവും സേവനവും പ്രായോഗികമാക്കിയാൽ മതിയെന്നും വിശ്വസിപ്പിക്കുമ്പോൾ മോക്ഷത്തിന്റെ അർത്ഥം മറ്റൊന്നായി മാറുന്നു.

പരബ്രഹ്മത്തിൽ നിന്ന് ബ്രഹ്മം ജീവശക്തിയായി അവതരിച്ച് പ്രപഞ്ചവും മനുഷ്യനും സൃഷ്ടിക്കപ്പെട്ടുവെന്നും; ബ്രഹ്മത്തെ അറിഞ്ഞാൽ ബ്രഹ്മമായി മാറാമെന്നും; അതിന് ബ്രഹ്മത്തെ ഉപാസിക്കുകയും ധ്യാനിക്കുകയും ചെയ്താൽ മതിയെന്നും വേദാന്തങ്ങൾ പ്രചരിപ്പിച്ചു. ബ്രഹ്മത്തെ പുറത്തു നിൽക്കുന്ന അതിഭൗതിക ശക്തിയായി കുറെ വേദാന്തികൾ വ്യാഖ്യാനിച്ചപ്പോൾ മറ്റു ചിലർ ബ്രഹ്മം മനസ്സിനകത്ത് നിൽക്കുന്ന ശക്തിയായി വ്യാഖ്യാനിച്ചു. ഇവിടെ മോക്ഷം മറ്റൊരു നിർവ്വചനം കൈക്കൊള്ളുന്നു.

ജീവനിൽ നിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യമാണ് മോക്ഷം. അത് നേടാൻ നിസ്സംഗതയാണ് ഒരേഒരു മാർഗ്ഗം എന്നാണ് അഷ്ടാവക്ര ഗീത എന്ന വേദാന്ത കൃതിയിൽ പറഞ്ഞിരിക്കുന്നത്.

വിശപ്പും ദാഹവും അനുഭവപ്പെടാത്ത നിത്യമായ ഒരു നിലനിൽപ്പ് നിങ്ങൾക്കുണ്ട്, അതാണ് നിത്യജീവൻ എന്നാണ് ജീസസ് മോക്ഷത്തെ നിർവ്വചിച്ചത്. നീ നിന്നെ സ്നേഹിക്കുന്നതുപോലെ നിന്റെ അയൽക്കാരനെയും സ്നേഹിച്ചാൽ നിത്യജീവൻ ലഭിക്കുമെന്നാണ് അദ്ദേഹം പഠിപ്പിച്ചത്.

ഇങ്ങനെ മോക്ഷത്തിന്റെ നിർവ്വചനം നീണ്ടു പോകുന്നു.

ഈ നിർവ്വചനങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ ഇവയെല്ലാം ജാഗ്രത് എന്ന ഭ്രമം യാഥാർത്ഥ്യമാണെന്ന് അനുഭവപ്പെട്ടതിൽ നിന്ന് രൂപം കൊണ്ടതാണെന്ന് കാണാം. ഇവയിൽ അഷ്ടാവക്ര മുനിയും ശ്രീബുദ്ധനുമാണ് കൂടുതൽ വ്യക്തമായി മോക്ഷത്തെ നിർവ്വചിച്ചത്.

ബോധശാസ്ത്രത്തിൽ മോക്ഷത്തിന് ഒരു നിർവ്വചനമില്ല. സ്വപ്നത്തിന്റെ ബോധതലത്തിൽ നിന്ന് ജാഗ്രത് എന്ന ബോധതലത്തിലേക്ക് ഉണരുന്നവന് എന്താണ് നിർവ്വചിക്കാൻ കഴിയുക? സ്വപ്നാനുഭവങ്ങളെല്ലാം ജാഗ്രത്തിലെ ചിന്തകളും സങ്കൽപ്പങ്ങളും കാഴ്ചകളും അനുഭവങ്ങളുമായിരുന്നുവെന്ന് ഉണരുമ്പോൾ മനസ്സിലാകും. അതുപോലെ ജാഗ്രത് എന്ന ബോധതലത്തിൽ നിന്ന് തുരീയമെന്ന ബോധതലത്തിലേക്ക് ഉണരുമ്പോൾ ജാഗ്രത്തിലെ അനുഭവങ്ങളെല്ലാം തുരീയത്തിലെ സങ്കൽപ്പങ്ങളും ചിന്തകളുമായിരുന്നുവെന്ന് മനസ്സിലാകും. ദേഹം നിലനിൽക്കെയുള്ള തുരീയ അനുഭവത്തിൽ ഭ്രമവികാരങ്ങൾ നിലനിൽക്കാ

ത്തതിനാൽ അവിടെ കാഴ്ചയും കേൾവിയും അനുഭവങ്ങളും ഉണ്ടെങ്കിലും അവ തോന്നലുകളും നശ്വരവുമാണെന്ന് തിരിച്ചറിഞ്ഞു കൊണ്ടിരിക്കും. ദേഹമില്ലാതെയുള്ള തുര്യാവസ്ഥയാണെങ്കിൽ ഇരുട്ടിനും വെളിച്ചത്തിനും ശൂന്യതയ്ക്കും അതീതമായി ഞാൻ ദേഹമില്ലാതെ നിലനിൽക്കുന്നു എന്ന ഒരേ ഒരു 'അനുഭവം' മാത്രം.

ഭൗതിക ശാസ്ത്രത്തിലും മത-തത്വ ശാസ്ത്രത്തിലും അനേകം നിർവ്വചനങ്ങൾ പഠിച്ചു വളർന്നവരാണ് നമ്മൾ. ആ നിർവ്വചനങ്ങൾ പല സാങ്കേതിക വിദ്യകൾക്കും ആത്മീയ വിദ്യകൾക്കും കാരണമാകുകയും ചെയ്തു. അവയെ നാം വിമാനമായും ഫാൻ ആയും എയർ കണ്ടീഷണർ ആയും അതീന്ദ്രിയ അനുഭവങ്ങളായും ഇന്നും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ജാഗ്രത് എന്ന ബോധതലത്തിൽ നിന്നും തുരീയം എന്ന ബോധതലത്തിലേക്ക് ഉണർന്ന ശ്രീ ബുദ്ധനും, രമണ മഹർഷിയും, അഷ്ടാവക്ര മുനിയും, ജനകനും അവർ അനുഭവിച്ച ജാഗ്രത്തിലെ അനുഭവങ്ങളെ നിർവ്വചിക്കാൻ കഴിയില്ല എന്ന് മനസ്സിലാക്കി. നശ്വരതയിൽ എന്ത് സത്യമാണ് കണ്ടെത്തുക? എന്തു കണ്ടെത്തിയാലും അതുകൊണ്ട് എന്താണ് പ്രയോജനം?

തങ്ങളുടെ കൂടെ ജീവിക്കുന്നവർ നശ്വരതയെ നിർവ്വചിച്ചു കൊണ്ടിരുന്നപ്പോഴും ഇവർ അവയെ എതിർക്കുകയോ തെറ്റെന്ന് പറയുകയോ ചെയ്തില്ല. കാരണം സ്വപ്നത്തിൽ നിന്ന് ജാഗ്രത്തിലേക്ക് ഉണരാത്തവൻ സ്വപ്നത്തിലെ സംഭവങ്ങൾ കണ്ട് കരയുകയും ചിരിക്കുകയും നിർവ്വചിക്കുകയും ചെയ്താൽ എന്താണ് ചെയ്യാൻ കഴിയുക? തട്ടി ഉണർത്താൻ നോക്കാം. എന്നിട്ടും ഉണർന്നില്ലെങ്കിൽ മൗനമായി, ശാന്തനായി ഇരിക്കാം. സ്വപ്നത്തിൽ നിന്നും ഉണരാതെ സ്വപ്നാനുഭവങ്ങൾ ഇല്ലാത്തതായിരുന്നു എന്ന് തെളിയിക്കാൻ ദൈവത്തിന് പോലും കഴിയില്ല. കാരണം ദൈവം തന്നെയാണ് സ്വപ്നാനുഭവത്തിൽ കരയുകയും ചിരിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്നതെന്ന് ഓർക്കണം.

മോക്ഷം എന്നാൽ ജാഗ്രത് എന്ന ഭ്രമത്തിൽ നിന്നുള്ള പൂർണ്ണവും നിത്യവുമായ ഉണർവ്വാണ് അല്ലാതെ എന്തിലെങ്കിലും നിന്നുള്ള മോചനമല്ല.

മോക്ഷം എന്നാൽ ഒന്നിലും നിന്നുള്ള സ്വാതന്ത്ര്യമോ രക്ഷയോ അല്ല. അതിനാൽ അതിനൊരു നിർവ്വചനവും മാർഗ്ഗവും സാദ്ധ്യമല്ല. സൂക്ഷമായി നിരീക്ഷിച്ചാൽ എല്ലാം നശ്വരമാണെന്ന് അനുഭവപ്പെടും എല്ലാം നശ്വരമാണെന്ന് അനുഭവപ്പെട്ടാൽ വികാരാനുഭവങ്ങൾ നഷ്ടപ്പെടും. അനുഭവങ്ങൾ നഷ്ടപ്പെട്ടാൽ യാഥാർത്ഥ്യത നഷ്ടപ്പെടും.

യാഥാർത്ഥ്യത നഷ്ടപ്പെട്ടാൽ സങ്കൽപ്പങ്ങൾ ഇല്ലാതായി വ്യക്തിബോധം തുരീയമെന്ന ബോധതലത്തിലേക്ക് ഉണരും. സൂക്ഷ്മമായി നിരീക്ഷിക്കാൻ ഏതു നിമിഷവും എല്ലാവർക്കും കഴിയും അങ്ങനെ എല്ലാം നശ്വരമാണെന്ന് അനുഭവിക്കാൻ ആർക്കും സാദ്ധ്യമാണ്. എന്നാൽ സൂക്ഷ്മമായി ശ്രദ്ധിക്കാനും ഭ്രമവികാരങ്ങൾ നൽകുന്ന യാഥാർത്ഥ്യാനുഭത്തെ ഉപേക്ഷിക്കാനും ആർക്കും കഴിയാതെ പോകുന്നു. കാരണം നമ്മുടെ അനുഭവങ്ങളിൽ ദുഃഖവും വേദനയും മാത്രമല്ല അൽപ്പം ലൈംഗിക സുഖവും പ്രശസ്തിയുടെയും സമ്പത്തിന്റെയും സുഖങ്ങളും സൂക്ഷിച്ചു വച്ചിട്ടുണ്ട്.

മോക്ഷം നേടാൻ ഒരേഒരു മാർഗ്ഗമെയുള്ളു. ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയിൽ നിന്ന് തുരീയം എന്ന ഉയർന്ന ബോധത്തിലേക്ക് ഉണരണം. അങ്ങിനെ ഉണരാൻ ആവശ്യമായ മിസ്റ്റിക് ഊർജ്ജം നാം ശേഖരിക്കണം. ദേഹം നിലനിൽക്കുമ്പോൾ മാത്രമെ മിസ്റ്റിക് ഊർജ്ജം ശേഖരിക്കാൻ കഴിയുകയുള്ളു. നന്മയും പുണ്യവും സത്കർമ്മങ്ങളും ദൈവീകമാണെന്നും ദൈവം തന്നിൽ നിന്നും അന്യമായ ഒരു ശക്തിയാണെന്നും സങ്കൽപ്പിച്ച മത വിശ്വാസികൾക്കും വേദാന്തികൾക്കും പറ്റിയ തെറ്റാണ് മരണ ശേഷമുളള മോക്ഷവും സ്വർഗ്ഗവും. നന്മയുടെയും പുണ്യത്തിന്റെയും സത്ക്കർമ്മങ്ങളുടെ സ്രോതസ്സിനെക്കുറിച്ച് അവർ സൂക്ഷ്മമായി പഠിച്ചിരുന്നുവെങ്കിൽ ഇത്തരം ഒരു തെറ്റ് സംഭവിക്കുകയില്ലായിരുന്നു.

**53. ശി:-** അദ്വൈത അനുഭവം ഭ്രമാനുഭവമാണ് എന്നാണ് അങ്ങു പറയുന്നത്. വികാരങ്ങൾ ഉള്ളിടത്തെ അനുഭവങ്ങൾ ഉണ്ടാകുകയുള്ളു എന്നതു കൊണ്ട് അദ്വൈതാനുഭവവും ഒരു വികാരാനുഭവമല്ലെ?

**മാസ്റ്റർ:-** ജാഗ്രത്തിൽ അനുഭവിക്കുന്നു എന്നു കരുതുന്ന എല്ലാ അനുഭവങ്ങളും വികാരാനുഭവങ്ങളാണ്. എന്നാൽ വികാരാനുഭവങ്ങളൊന്നും ഇല്ല അഥവാ തന്നെ ബാധിക്കുന്നില്ല എന്ന ഒരവസ്ഥ ഉണ്ടായാൽ; അതായത് അദ്വൈതാനുഭവത്തിൽ എത്തിയാൽ അതും ഒരനുഭവം തന്നെയായിരിക്കും. ദേഹം നിലനിൽക്കെത്തന്നെ അത്തരം ഒരനുഭവം ഉണ്ടായാൽ അത് പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു ആനന്ദമായി 'അനുഭവപ്പെടുന്നു' (നിസ്സംഗതയുടെ അനുഭവം). ഈ 'അനുഭവം' ലൈംഗിക സുഖം പോലെയോ പ്രശസ്തിയോ ധനമോ കൊണ്ട് ലഭിക്കുന്ന മനസ്സിന്റെ ഉന്മാദം പോലെയോ അല്ല എന്ന് പറയേണ്ടി വന്നപ്പോഴാണ് അദ്വൈതാനുഭവവും ഭ്രമ വികാരാനുഭവവും തമ്മിൽ വ്യത്യാസം ഉണ്ടെന്ന് പറയേണ്ടി വന്നത്.

### അദ്ധ്യായം പത്ത്

## വേദനയിൽ നിന്നും നിത്യമായ മോചനം

**54. ശി:-** ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളെ എങ്ങിനെ ഇല്ലാതാക്കി ജാഗ്രത് എന്ന സ്വപ്ന സമാനമായ ഭ്രമത്തിൽ നിന്ന് തുരീയത്തിലേക്ക് ഉണരാം?

**മാസ്റ്റർ :-** ഇതിന്റെ ഉത്തരം ഞാൻ നേരത്തെ നൽകിയതാണ്. എങ്കിലും ഒന്നുകൂടി വ്യക്തമാക്കാം. ആദ്യം സ്വതന്ത്രമായി നിലൽനിൽക്കാനുള്ള പണം സമ്പാദിക്കുക. നിലനിൽക്കാൻ മറ്റുള്ളവനെ ആശ്രയിക്കുന്നവന് ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരാൻ സാധ്യമല്ല. ശക്തമായ ശ്രദ്ധ കൊണ്ട് ബുദ്ധിയെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കി വസ്തുനിഷ്ഠതയോടെ സ്വന്തം ജീവിത സംഭവങ്ങളെ പരിശോധിക്കാൻ പഠിക്കുക. യാതൊരു കാരണവശാലും മറ്റു വ്യക്തികളെക്കുറിച്ചോ വസ്തുക്കളെക്കുറിച്ചോ സൂക്ഷ്മമായി പഠിക്കുകയോ മറ്റുള്ളവരുടെ ജീവിതത്തിൽ ഇടപെടുകയോ ചെയ്യരുത്. മറ്റുള്ളവർ നമ്മുടെ ജീവിതത്തിൽ ഇടപെടുന്ന സാഹചര്യം ഉണ്ടായാൽ അത് ക്ഷമയോടെ സഹിക്കുകയും ആ സാഹചര്യം ഉപേക്ഷിച്ച് മറ്റൊരിടത്തേക്ക് പോകുകയോ ചെയ്യുക. ഒരു തരത്തിലുമുള്ള മത വിശ്വാസങ്ങൾക്ക് വിധേയനാകരുത്. അപ്പോൾ വിഭ്രമ-മതിഭ്രമ-വികാരങ്ങൾ ജീവിതത്തിന് ആവശ്യമില്ല എന്ന് മനസ്സിലാക്കാൻ കഴിയും.

ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ ഉപയോഗപ്പെടുത്തി എല്ലാ ആത്മീയ വിശ്വാസങ്ങളും ആചാരങ്ങളും അതീന്ദ്രിയാനുഭവങ്ങളും അസത്യമെന്ന് കണ്ടെത്തി തള്ളിക്കളയാൻ കഴിയും. സ്വന്തം മനസ്സിൽ തനിയെ ഉയർന്നു താഴുന്ന എല്ലാവിധ നെഗറ്റീവ് വികാരങ്ങളെയും സൂക്ഷ്മമായി പരിശോധിച്ചു കൊണ്ടിരുന്നാൽ സന്തോഷകരവും സുഖകരവുമായ ജീവിതത്തിന് ഈ വികാരങ്ങൾ എതിരാണെന്ന് മാത്രമല്ല ജീവിതത്തെ ദുഃഖത്തിലേക്കും വേദനയിലേക്കും നയിക്കുന്നതിൽ ഇവയുടെ പങ്ക് അപാരമാണെന്ന് കണ്ടെത്തുകയും ചെയ്യും. വിഭ്രമ വികാരങ്ങളെ സദാസമയവും നോക്കിക്കൊണ്ടിരുന്നാൽ വ്യക്തിബോധം വ്യക്തിത്വം നഷ്ടപ്പെട്ട് സാക്ഷിയായി മാറാൻ തുടങ്ങും. എന്നാൽ വിഭ്രമ വികാരങ്ങൾക്ക് സ്വയം നിർണ്ണയ ശേഷി ഉള്ളതിനാൽ

മേൽപ്പറഞ്ഞവയൊന്നും പ്രായോഗികമാക്കാൻ അത്രയ്ക്ക് എളുപ്പം ആർക്കും തന്നെ കഴിയുകയില്ല.

ബോധശാസ്ത്ര ബ്രഹ്മചര്യത്തിൽ നിന്നും ലഭിക്കുന്ന വീര്യം അഥവാ മിസ്റ്റിക് ഊർജ്ജം കൊണ്ടു മാത്രമെ ശക്തമായ ശ്രദ്ധയും ശരിയായ ഓർമ്മയും തിരിച്ചറിവും ബുദ്ധിയുമെല്ലാം ബോധം ഉയർത്തുന്നതിനായി ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളു. 'ഞാൻ' എന്ന അഹങ്കാര ത്തേയും 'എന്റേത്' എന്നുള്ള മമതാബന്ധത്തെയും ഇല്ലാതാക്കാനും നശ്വരതയെ അനുഭവിക്കുവാനും ഉള്ള ധൈര്യം ഉണ്ടാകണമെങ്കിൽ ബോധശാസ്ത്ര ബ്രഹ്മചര്യത്തിൽ നിന്നുള്ള മിസ്റ്റിക് ഊർജ്ജം ആവ ശ്യമാണ്. അങ്ങിനെ നിലനിൽപ്പിന്റെ അടിസ്ഥാനമായ ആഗ്രഹങ്ങളുടെ വികാരങ്ങളായ ഭ്രമവികാരത്തിലേക്ക് ബോധം ഉയരുന്നു. വിഭ്രമ-മതി ഭ്രമ വികാരങ്ങളിൽ നിന്നും പുറത്തുകടക്കാൻ കഴിവുള്ള ഈ ബോധ ത്തിന് ഭ്രമ വികാരങ്ങളുടെ ആപേക്ഷിക യാഥാർത്ഥ്യം അഥവാ നശ്വ രത എളുപ്പം ബോദ്ധ്യപ്പെടുകയും അദ്വൈതാനുഭവം എന്ന തുരീയാ വസ്ഥയിലേക്ക് ബോധം ഉണരുകയും ചെയ്യും. മിസ്റ്റിക് ഊർജ്ജം ഇല്ലാതെ ബോധം ഉയരുകയില്ല.

ബോധം ഉയരാതെ ഉണരാൻ സാധ്യമല്ല. അതിനാൽ പരിശ്രമം മുഴുവനും ബോധം ഉയരാൻ മാത്രമെ ഉപകരിക്കു. ജാഗ്രത് എന്ന ഭ്രമ ത്തിൽ നിന്നും ഉണരുന്നത് സ്വപ്നത്തിൽ ഉണരുന്നതുപോലെ തനിയെ നടക്കുന്ന ഒരു പ്രതിഭാസമാണ്. ബുദ്ധിക്ക് അതിൽ യാതൊരു സ്വാധീ നവുമില്ല. എപ്പോൾ? എങ്ങിനെ? എന്തുകൊണ്ട്? ഉണരുമെന്ന് കണ്ടുപി ടിക്കുക സാധ്യമല്ല.

**55. ശി:-** ഒരു വ്യക്തിബോധം മുക്തി നേടിപ്പോയാലും മറ്റു വ്യക്തി-ബോധങ്ങൾ ഉണ്മയും അതിന്റെ അനുഭവങ്ങളും അനുഭവിച്ചു കൊണ്ടി രിക്കുന്നുണ്ടല്ലോ? അപ്പോഴും ഏക സത്യമായ ബോധം തന്നെയല്ലെ അതനുഭവിക്കുന്നത് ?

**മാസ്റ്റർ:-** ഒരു വ്യക്തി തന്റെ ഉറക്കത്തിൽ പ്രപഞ്ചത്തെയും അതിലെ ജീവജാലങ്ങളെയും തനിക്ക് പരിചയമുള്ള വ്യക്തികളെയും സ്വപ്നം കണ്ടുണർന്നാൽ, സ്വപ്നത്തിൽ കണ്ട പ്രപഞ്ചത്തെയും വ്യക്തികളെയും ജാഗ്രത്തിൽ കണ്ടാൽപ്പോലും സ്വപ്നത്തിലെ അനുഭവങ്ങളെ അയാൾ അംഗീകരിക്കുകയില്ല. അതായത് സ്വപ്നത്തിൽ കണ്ട കൂട്ടുകാരന് അമ്പ തിനായിരം രൂപ കടം കൊടുത്തു എന്ന് കണ്ട് എഴുന്നേൽക്കുന്നയാൾ

ജാഗ്രത്തിലെ അതേ കൂട്ടുകാരനോട് പണം തിരിച്ചു നൽകാൻ ആവശ്യപ്പെടുകയില്ല. കാരണം ഒരു ബോധതലത്തിലെ അനുഭവം ആ ബോധതലം വിട്ട് മറ്റൊരു ബോധതലത്തിലേക്ക് പോകുമ്പോൾ, ഇല്ലാത്തതായിരുന്നുവെന്ന് എല്ലാവരും അംഗീകരിക്കും. അതുപോലെ ഒരു വ്യക്തിബോധം ജാഗ്രത് എന്ന ബോധതലത്തിൽ നിന്നും ഉണർന്ന് തുരീയം എന്ന ബോധതലത്തിൽ എത്തുമ്പോൾ അവിടെ തന്നെ അല്ലാതെ മറ്റൊന്നിനെയും യാഥാർത്ഥ്യമായി കാണാനോ അനുഭവിക്കാനോ കഴിയുകയില്ല. അതിനാൽ ഈ ചോദ്യം ആ ബോധതലത്തിൽ ചോദിക്കാൻ സാദ്ധ്യമല്ല. എന്നാൽ ഏകമായ ബോധം പലതാണെന്ന് ഭ്രമിക്കുകയും ഭ്രമം യാഥാർത്ഥ്യമാണെന്ന് കരുതുകയും ചെയ്യുന്ന ജാഗ്രത്തിൽ ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരവുമില്ല.

ഒരേ സംഭവം കുറെപ്പേർ ഒരുപോലെ അനുഭവിക്കുന്നു എന്നു കരുതി അത് എല്ലാവർക്കും യാഥാർത്ഥ്യമായി അനുഭവപ്പെടണമെന്ന് നിർബന്ധമില്ല. നശ്വരതാനുഭവം ഉള്ളവന് ഒരു സംഭവത്തിലും യാഥാർത്ഥ്യത അനുഭവിക്കാൻ കഴിയുകയില്ല. നശ്വരത അനുഭവമാകാത്തവന് എല്ലാ സംഭവങ്ങളും യാഥാർത്ഥ്യമാണെന്ന് അനുഭവപ്പെടും.

അനുഭവം അനുഭവിക്കുന്നവന് മാത്രം സ്വന്തമാണ്. അതിനാൽ അനുഭവിക്കുന്നവൻ മാത്രമാണ് യാഥാർത്ഥ്യം. അല്ലാതെ അനുഭവങ്ങൾക്ക് കാരണമായ വ്യക്തികളും വസ്തുക്കളുമല്ല യാഥാർത്ഥ്യം. അനുഭവങ്ങൾക്ക് സ്വതന്ത്രമായ നിലനിൽപ്പില്ല.

തന്റെ കൂട്ടുകാരന് രോഗം ബാധിച്ചുവെന്ന് സ്വപ്നം കണ്ടുണരുന്ന ഒരാൾക്ക് ഉണർന്ന് കഴിയുമ്പോൾ, കൂട്ടുകാരന് രോഗം ബാധിച്ചുവെന്ന് തെളിയിക്കാൻ കഴിയുമോ? തീർച്ചയായും ഇല്ല. കാരണം ഇല്ലാത്തത് ഉണ്ട് എന്ന തോന്നലാണ് സ്വപ്നം. അതുപോലെ നശ്വരമായ വസ്തുക്കളും ജീവനും നശിക്കുന്നുവെന്നും വേദനിക്കുന്നുവെന്നും കണ്ടാലും ജാഗ്രത്തിൽ നിന്ന് ഉണർന്നവന് അത്തരം അനുഭവങ്ങൾ ഉണ്ടായി എന്ന് അംഗീകരിക്കുവാൻ സാദ്ധ്യമല്ല. കാരണം തുരീയത്തിൽ മറ്റുള്ളവർ ഇല്ല, ഏകമായ ബോധം മാത്രമെ ഉള്ളു.

**56. ശി:-** ജീവിച്ചിരിക്കെ അദ്വൈതാനുഭവത്തിൽ എത്തുന്ന ഒരു മുക്തൻ തന്റെ ദേഹത്തെയും പ്രപഞ്ചത്തെയും മറ്റുള്ളവരെയും യാഥാർത്ഥ്യമായി അംഗീകരിച്ച് ജീവിക്കുന്നുണ്ടല്ലൊ. മാത്രമല്ല അയാൾ മോക്ഷമാർഗ്ഗം മറ്റുള്ളവരെ പഠിപ്പിക്കാൻ ശ്രമിക്കുകയും മറ്റുള്ളവരെ വേദ

നകളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും രക്ഷപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതിന്റെ അർത്ഥം അയാൾ ജാഗ്രത് യാഥാർത്ഥ്യമായി അംഗീകരിക്കുന്നു എന്നല്ലെ?

**മാസ്റ്റർ:-** ഏത് ബോധ തലത്തിലാണോ നാം അനുഭവങ്ങളെ അറിയുന്നത് ആ ബോധതലത്തിൽ അനുഭവങ്ങളെല്ലാം ഉള്ളതും യാഥാർത്ഥ്യവും ആയിരിക്കും. സ്വപ്നത്തിൽ ആയിരിക്കുമ്പോൾ സ്വപ്നാനുഭവങ്ങളെല്ലാം യാഥാർത്ഥ്യം തന്നെയായിരിക്കും. മാത്രമല്ല ചില അനുഭവങ്ങൾ സ്വപ്നത്തിന്റെ ബോധതലത്തിൽ നിന്ന് ജാഗ്രത്തിന്റെ ബോധതലത്തിലേക്ക് നീണ്ട് പോകാറുമുണ്ട്. കിടക്കയിൽ മൂത്രം ഒഴിക്കുക, സ്ഖലനം സംഭവിക്കുക, ഉറക്കെ സംസാരിക്കുക, കരയുക, എഴുന്നേറ്റ് നടക്കുക ഇവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

സ്വപ്നത്തിലെ യാഥാർത്ഥ്യം, യാഥാർത്ഥ്യമല്ല എന്ന് മനസ്സിലാകുന്നത് ജാഗ്രത്തിലേക്ക് ഉണരുമ്പോഴാണ്. അതുപോലെ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരുമ്പോഴാണ് ജാഗ്രത്തിലെ യാഥാർത്ഥ്യം നശ്വരമായിരുന്നു എന്ന് അനുഭവപ്പെടുന്നത്.

ജാഗ്രത്തിലെ യാഥാർത്ഥ്യാനുഭവത്തിന് ശക്തിയും ആഴവും ദൈർഘ്യവും വളരെ കൂടുതൽ ആയതിനാൽ നശ്വരതയെ നശ്വരമെന്ന് അനുഭവിക്കാൻ എളുപ്പം കഴിയുകയില്ല.

ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരുമ്പോഴാണ് തന്റെ ബോധത്തിന് തന്റെ ദേഹവും പ്രപഞ്ചവുമായി യാതൊരുവിധ ബന്ധവുമില്ല എന്ന് അനുഭവപ്പെടുന്നത്. നശ്വരമായ ഏത് വസ്തുവിനും സ്വാഭാവികമായി നശിക്കാൻ ഒരു കാല പരിധിയുണ്ട്. അത് സ്വന്തം ദേഹത്തിനും ബാധകമാണ്. ദേഹം മരിക്കുന്നതുവരെ കാത്തിരുന്നാൽ മാത്രമെ തുരീയാനുഭവം പൂർണ്ണമാകുകയുള്ളു.

സ്വപ്നത്തിലെ അനുഭവം ജാഗ്രത്തിലേക്ക് നീണ്ടു പോകുന്നത് പോലെയാണ് തുരീയത്തിലേക്ക് ഉണർന്ന മുക്തന്റെ ദേഹം ഒരു ഭാരമായി മരണംവരെ തുരീയത്തിലേക്ക് നീണ്ടു നിൽക്കുന്നത്. അതിനാൽ മരണംവരെ ദേഹത്തെ നിലനിർത്താൻ ജീവന്മുക്തന് ജാഗ്രത്തിലെ യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുന്നതായി അഭിനയിക്കേണ്ടി വരും.

ബോധത്തെ ഉപയോഗപ്പെടുത്തി 750-കോടിയിൽപ്പരം ദേഹങ്ങൾ പല രീതിയിൽ ഓരോ നിമിഷവും വേദനയും ദുഃഖവും അനുഭവിച്ചുകൊണ്ടിരിക്കുന്നു. വേദന അനുഭവിക്കുന്നു എന്നതിന്റെ അടിസ്ഥാന

ത്തിൽ ഓരോ ദേഹവും ബോധത്തിലെ കാൻസറാണ്. അത്തരം ദേഹങ്ങൾ എത്രത്തോളം കുറയുന്നുവോ അത്രത്തോളം ബോധത്തിന്റെ വേദന കുറയുകയാണ്. നമ്മുടെ ദേഹത്തിൽ പത്ത് മുറിവുകൾ ഉണ്ടെങ്കിൽ അതിൽ അഞ്ചെണ്ണം സുഖം പ്രാപിക്കുമ്പോൾ നമുക്കുണ്ടാകുന്ന ആശ്വാസം പോലെയാണത്.

ബോധത്തിലുയർന്ന് മോക്ഷാനുഭവം എന്തെന്ന് അനുഭവിക്കുന്നവനു മാത്രമെ ഇതിന്റെ രഹസ്യം പിടി കിട്ടുകയുള്ളു. അതുകൊണ്ടാണ് ബോധോദയം ലഭിച്ച മുക്തൻ തന്റെ ശേഷിക്കുന്ന ജീവിതം മറ്റുള്ളവരെ മോക്ഷത്തിലേക്ക് നയിക്കാൻ ഉപയോഗപ്പെടുത്തുന്നത്. അത് അയാളുടെ നന്മ ബോധമോ ഔദാര്യമോ അനുകമ്പയോ അല്ല. അത് അയാളുടെ ഉയർന്ന ബോധത്തിലുള്ള ജീവിത രീതിയാണ്.

അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, അനുഭവിക്കുന്നവൻ അല്ലാതെ മറ്റൊരു യാഥാർത്ഥ്യമില്ല. മറ്റുള്ളവർ അനുഭവിക്കുന്നു എന്നത് ഒരുവന്റെ അറിവു മാത്രമാണ്. എന്റെ വിശപ്പ് എനിക്ക് യാഥാർത്ഥ്യം മറ്റൊരാളുടെ വിശപ്പ് എന്റെ അറിവ്. അതായത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അനുഭവിക്കുന്നവൻ മാത്രമെ ജനിച്ചിട്ടുള്ളു. മറ്റുള്ളവയെല്ലാം അവന്റെ ബോധമണ്ഢലത്തിലെ നാമരൂപങ്ങൾ മാത്രമാണ്.

**" ജീവിതം സമാധാനത്തിലും സുഖത്തിലും സന്തോഷത്തിലും സമ്പന്നതിലും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവൻ മറ്റുള്ളവരുടെ ബോധം ഉയർത്താൻ ശ്രമിക്കരുത്. മറ്റൊരാളുടെ ഒരു തെറ്റെങ്കിലും ചൂണ്ടി കാണിക്കുന്നവൻ അയാളുടെ ബോധത്തെ അൽപ്പമെങ്കിലും ഉയർത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഈ പ്രവൃത്തി ശരിയാണെന്ന് അപരന് തോന്നിയാൽ പോലും അയാളിൽ പ്രതികാരം ഉണ്ടാകുകയും നിങ്ങളുടെ ശത്രുവായി മാറുകയും ചെയ്യുന്നു. കാരണം ബോധം ഉയർത്താൻ ശ്രമിക്കുന്നവൻ ജീവനെ സങ്കൽപ്പിച്ചവന്റെ ശത്രുവാണ്. സ്വയം ബോധം ഉയർത്താൻ ആർക്കും തീരുമാനിക്കാം ശ്രമിക്കാം, അതിനായി സഹായവും ആവശ്യപ്പെടാം, അയാൾ മോക്ഷം പ്രാപിക്കുകയും ചെയ്യും" .**

അദ്ധ്യായം പതിനൊന്ന്

## ദേഹത്തിന്റെ പരിണാമം മരണം എന്ന് ധരിക്കുന്ന വ്യക്തിബോധത്തിന്റെ ദുഃഖം

**57. ശി:-** എന്റെ ആത്മീയ അന്വേഷണത്തിന്റെ വ്യക്തമായ ലക്ഷ്യം ഞാൻ ഇപ്പോഴാണ് അറിയുന്നത്. ദുഃഖമുക്തി അന്വേഷിച്ചിറങ്ങിയ ഞാൻ വിദേഹമുക്തി എന്ന യഥാർത്ഥ ആത്മീയതയിലാണ് എത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. യഥാർത്ഥ ആത്മീയത എന്തെന്ന് അറിയാതെ, ഇല്ലാത്ത ദുഃഖം അകറ്റുന്ന ആത്മീയതയാണ് ഇന്ന് ലോകത്തെ ഭരിക്കുന്നത്. അതായത് ദുഃഖത്തെ സ്വയം മെനഞ്ഞെടുത്ത് അത് ഇല്ലാതാക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം ആത്മീയ ലക്ഷ്യമായി കാണുന്ന മന്ദബുദ്ധികളാണ് ആധുനിക മനുഷ്യർ. വിദേഹമുക്തനാകാൻ, അഥവാ ജാഗ്രത്തിലേക്ക് ഉണരാതിരിക്കാൻ എന്താണ് മാർഗ്ഗം?

**മാസ്റ്റർ:-** ജാഗ്രത്തിലേക്ക് ഉണരാതിരിക്കാൻ നശ്വരതയെ അംഗീകരിച്ച് തുരീയത്തിൽ ഉണർന്നിരുന്നാൽ മതി. അങ്ങനെ ഉണരുവാൻ തുടങ്ങുന്നതിനെയാണ് ബോധോദയം എന്നു പറയുന്നത്. അതിന് ജാഗ്രത്തിലെ ബോധാവസ്ഥയെ ഉയർത്തിയാൽ മതി. അങ്ങിനെ ബോധം ഉയർത്തുന്നതിന് സൂക്ഷ്മ നിരീക്ഷണവും നിസ്സംഗതയും ഉപയോഗപ്പെടുത്തി വിഭ്രമ-മതിഭ്രമ വികാരങ്ങൾക്ക് സാക്ഷിയാകണം.

ഒരു ബോധതലം ഉറങ്ങുമ്പോഴാണ് മറ്റൊരു ബോധതലം ഉണരുന്നത്. തുരീയം എന്ന ഏറ്റവും ഉയർന്ന ബോധതലം 'ഉറങ്ങുമ്പോൾ' ജാഗ്രത് എന്ന താഴ്ന്ന ബോധതലം ഉണരുന്നു. ജാഗ്രത്തിലെ ബോധതലം ഉറങ്ങുമ്പോൾ അതിനേക്കാൾ താഴ്ന്ന സ്വപ്നമെന്ന തലത്തിലേക്ക് ബോധമുണരുന്നു. സ്വപ്നത്തിലെ ബോധതലം ഉറങ്ങുമ്പോൾ ബോധം താൽക്കാലികമായി അപ്രത്യക്ഷമാകുന്നതായി അനുഭവപ്പെടുന്നു. അതാണ് സുഷുപ്തി.

സ്വപ്നത്തെക്കാൾ താഴ്ന്ന ബോധതലത്തിൽ അനുഭവങ്ങൾ അസാദ്ധ്യമാണ്. ഇതേ ക്രമത്തിൽ തന്നെയാണ് ബോധം ഉണരുന്നതെങ്കിലും നിദ്രയിൽ നിന്നും സ്വപ്നത്തിൽ നിന്നും ജാഗ്രത്തിലേക്ക് തനിയെയാണ് ഉണരുന്നത്, എന്നാൽ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് തനിയെ ഉണരാൻ കഴിയുകയില്ല എന്നതാണ് നമ്മുടെ അനുഭവം. അതിനുകാരണം ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്കുണരാൻ

വിഭ്രമ-മതിഭ്ര വികാരങ്ങളുടെ യാഥാർത്ഥ്യാനുഭവം സമ്മതിക്കുകയില്ല എന്നതാണ്.

ജീവൻ എന്ന സങ്കൽപം ജീവിതമായി എന്നും പ്രപഞ്ചത്തിൽ നിലനിൽക്കാൻ ശക്തമായി ആഗ്രഹിക്കുന്നു എന്നതാണ് വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ ശക്തി സൂചിപ്പിക്കുന്നത്. വിഭ്രമ-മതിഭ്രമ വികാരങ്ങളെ പ്രോഗ്രാമുകളായി മാറ്റി നെഗറ്റീവ് ജീനുകളിലൂടെ ശക്തിപ്പെടുത്തുകയും നെഗറ്റീവ് ഹോർമോണുകളെന്ന ചില രാസവസ്തുക്കളെ ഉൽപ്പാദിപ്പിച്ച് അനുഭവങ്ങളെ രാസ യാഥാർത്ഥ്യങ്ങളാക്കി മാറ്റാൻ കഴിവുള്ളതിനാലാണ് ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് തനിയെ ഉണരാൻ കഴിയാതാക്കുന്നത്. മാത്രമല്ല പ്രത്യുൽപ്പാദനത്തിലൂടെ വികാരങ്ങളുടെ എണ്ണവും ശക്തിയും വർദ്ധിപ്പിച്ച് കൂടുതൽ താഴ്ന്ന ബോധമുള്ളതും കൂടുതൽ ബുദ്ധിയുള്ളതുമായ ദേഹങ്ങളെ സൃഷ്ടിക്കുന്നു. ഈ രാസ യാഥാർത്ഥ്യങ്ങൾ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരാനുള്ള സാദ്ധ്യത കാലം ചെല്ലുംന്തോറും കുറച്ചു കൊണ്ടുവരുന്നു.

**58. ശി:-** ജാഗ്രത്-സ്വപ്നം-സുഷുപ്തി-തുരീയം എന്നീ ക്രമത്തിലാണ് വേദാന്തങ്ങൾ ബോധാവസ്ഥയെ വിവരിച്ചിരിക്കുന്നത്. അതിൽ ജാഗ്രത് ഒന്നാമത്തേതും തുരീയം നാലാമത്തേതുമായ ബോധാവസ്ഥയാണ്. എന്നാൽ ബോധശാസ്ത്രത്തിൽ തുരീയത്തെ ഒന്നാമത്തെ അഥവാ ഏറ്റവും ഉയർന്ന ബോധാവസ്ഥയായാണ് കണക്കാക്കുന്നത്. എന്തു കൊണ്ടാണ് ഇത്തരം ഒരു വ്യത്യാസം സംഭവിച്ചത് ?

**മാസ്റ്റർ:-** ജാഗ്രത് എന്ന ഉണർവ്വിനെ ഏറ്റവും യാഥാർത്ഥ്യം കൂടിയ അനുഭവമായാണ് വേദാന്തികൾ മനസ്സിലാക്കിയത്. മൂല കൃതികളിൽ ഇങ്ങനെയാണോ എന്ന് വ്യക്തമല്ല. ഇതൊരു തെറ്റായ വ്യാഖ്യാനമാണ്. തുരീയത്തിന് നാലാമത്തേത് എന്ന് അർത്ഥം കൊടുത്തിരിക്കുന്നതിനാൽ അത്തരം ഒരു തെറ്റുപറ്റിയെന്ന് തെളിയിക്കാനും സാദ്ധ്യമല്ല. ജീവിച്ചിരിക്കെ തുരീയാനുഭവത്തിൽ എത്താൻ കഴിയാതിരുന്നതു കൊണ്ടായിരിക്കാം ഇത്തരം ഒരു തെറ്റ് സംഭവിച്ചത്.

ജീവിച്ചിരിക്കെ മോക്ഷാനുഭവം സാദ്ധ്യമാണെന്ന് അഷ്ടാവക്ര ഗീത എന്ന വേദാന്ത കൃതി ഒഴിച്ചാൽ മറ്റ് എവിടെയും പറഞ്ഞതായി കാണുന്നില്ല എന്നാണ് എന്റെ അറിവ്. എന്നാൽ മുക്താവസ്ഥയെക്കുറിച്ച് പറയുന്നുണ്ട്. അത് അദ്വൈതാനുഭവമാണെന്നതിന് തെളിവുകളില്ല. ജീവൻ നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന ഒരവസ്ഥയെക്കുറിച്ചാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്. തുരീയം എന്ന മോക്ഷാനുഭവം ജീവിച്ചിരിക്കെ സംഭവിച്ചവനെ സംബന്ധിച്ചിടത്തോളം തുരീയമെന്ന ബോധാനുഭവം ഒന്നാ

മത്തേതും ഏറ്റവും ഉയർന്നതും ആയിരിക്കും. കാരണം ജാഗ്രത്തിനെ ക്കാൾ യാഥാർത്ഥ്യാനുഭവം തുരീയത്തിനാണെന്ന് ജനന-മരണ ഭ്രമ ങ്ങളിൽ നിന്ന് ഉണർന്നവൻ അനുഭവിക്കുന്നു. അതിനാൽ തുരീയം ഒന്നാമത്തേതും ഏറ്റവും ഉയർന്ന ബോധാവസ്ഥയും ആണെന്നതിൽ യഥാർത്ഥ മുക്തന് സംശയം ഉണ്ടാകുകയില്ല. കാരണം അത് അയാ ളുടെ അറിവല്ല, അനുഭവമാണ്. ഏറ്റവും ഉയർന്ന ബോധതലം എന്ന അർത്ഥത്തിലാണ് തുരീയം എന്ന പദം ബോധശാസ്ത്രത്തിൽ ഉപയോ ഗിച്ചിരിക്കുന്നത്. അതിന്റെ വാച്യാർത്ഥം സ്വീകരിച്ചിട്ടില്ല.

**59. ശി:-** മരണത്തോടെ ഒരു വ്യക്തിബോധം വേദനകളും ദുഃഖ ങ്ങളും ഇല്ലാത്ത തുരീയാവസ്ഥയിലേക്കല്ലെ കടക്കുന്നത് ? അതുകൊ ണ്ടല്ലെ അസ്സഹനീയമായ വേദനയിലും ദുഃഖത്തിലും മനുഷ്യർ ആത്മ ഹത്യ ചെയ്യുന്നത് ?

**മാസ്റ്റർ:-** ദേഹത്തിൽ നിന്നും ജീവൻ വിട്ടു പോകുന്നുവെന്നും ദേഹത്തിലേക്ക് ജീവൻ വരുന്നുവെന്നും നാം ഓരോരുത്തരും ഭ്രമി ക്കുകയാണ്. ദേഹപദാർത്ഥവും ജീവനും ബോധവും തമ്മിൽ നേരിട്ട് ബന്ധമില്ല. ഭ്രമം കൊണ്ട് ഓരോരുത്തരുടെയും ബോധമണ്ഡലത്തിൽ രൂപം കൊണ്ടവയാണ് പ്രപഞ്ചവും ദേഹപദാർത്ഥവും ജീവനും. ഭ്രമം അഥവാ സഹജാവബോധം യാഥാർത്ഥ്യമാണെന്ന് മമതാബന്ധങ്ങൾ നൽകുന്ന സുഖ-ദുഃഖങ്ങളുടെയും, ശരീരം നൽകുന്ന വേദനയുടെയും വികാരങ്ങൾ കൊണ്ട് അനുഭവിച്ചപ്പോഴാണ് ദേഹപദാർത്ഥത്തിലേക്ക് ജീവൻ വരുന്നത് ജനനമെന്നും ജീവൻ പോകുന്നത് മരണമെന്നും അനുഭവപ്പെട്ടത്.

ഭ്രമവികാരങ്ങൾ പോയാൽ ജീവപദാർത്ഥവും ജീവനും അവയെ നിലനിർത്തുന്ന പ്രപഞ്ചവും നശ്വരമാണെന്ന് അനുഭവപ്പെടും. ഭ്രമവി കാരങ്ങൾ പോയില്ലെങ്കിൽ നശ്വരത അറിവായി മാറും. അതോടെ ജനന വും ജീവിതവും മരണവും യാഥാർത്ഥ്യമെന്ന് അനുഭവിച്ചു കൊണ്ടിരി ക്കും. ഈ അനുഭവത്തിൽ വേർപാടിന്റെ ദുഃഖവും ശാരീരിക വേദന കളും ഇല്ലായിരുന്നുവെങ്കിൽ ഇതൊരു ചതുർമാന സിനിമയായി കണ്ടു രസിക്കാമായിരുന്നു.

ആത്മഹത്യയും സ്വാഭാവിക മരണവും കൊണ്ട് വ്യക്തിബോധം തുരീയമെന്ന ഉയർന്ന ബോധത്തിൽ എത്തുകയില്ല. ഭ്രമം കൊണ്ടുണ്ടായ വ്യക്തിബോധാനുഭവങ്ങൾ ഭ്രമത്തിൽ നിലനിൽക്കുമ്പോൾ തന്നെ യാഥാർത്ഥ്യമല്ല എന്ന് അനുഭവിക്കണം. എന്നാൽ മാത്രമെ വ്യക്തി ബോധം വ്യക്തിത്വം നഷ്ടപ്പെട്ട് ഉയർന്ന ബോധത്തിൽ ലയിക്കുകയു

ള്ളു. സ്വയം മരിക്കുന്നവനും സ്വാഭാവികമായി മരിക്കുന്നവനും മരണം യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കുന്നവരും നഷ്ടബോധം ഉള്ളവരുമാണ്. മരണം യാഥാർത്ഥ്യമാണെന്ന് തോന്നുന്ന വ്യക്തിബോധത്തിന് ദേഹം ഉപേക്ഷിക്കാനല്ലാതെ മരിക്കാൻ സാദ്ധ്യമല്ല. സത്യത്തിൽ ദേഹത്തെ ആരും സ്വയം ഉപേക്ഷിക്കുന്നതല്ല. ചില പ്രത്യേക ഘട്ടത്തിൽ ഉപേക്ഷിക്കേണ്ടതായി വരുന്നതാണ്. ആത്മഹത്യയും ജരാനരയും അത്തരത്തിലുള്ള ഘട്ടങ്ങളാണ്.

ദേഹം ബോധത്തിന്റെ ഭ്രമം ആയതു കൊണ്ടാണ് അതിന് ജരാനര ബാധിക്കുന്നു എന്ന് തോന്നുന്നത്. ദേഹവുമായി ഒരു ബന്ധവുമില്ലാത്ത ബോധം ദേഹം തന്റേതാണെന്ന് ചിന്തിക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. വേദനയും ദുഃഖവും മരണവും ജാഗ്രത് എന്ന താഴ്ന്ന ബോധതലത്തിലെ അനുഭവങ്ങൾ മാത്രമാണ്. ജാഗ്രത്തിൽ നിന്ന് ഉണർന്നാൽ ഇവയൊന്നും ഇല്ലാത്തതാണെന്ന് ദേഹം നിലനിൽക്കെ തന്നെ ബോധത്തിന് അനുഭവപ്പെടും.

നശ്വരമായ ദേഹത്തെ സ്വയം നശിക്കുന്നതുവരെ കാത്തു നിൽക്കാതെ സ്വയം നശിപ്പിച്ചു കളയുന്ന (ആത്മഹത്യ) അത്രയ്ക്ക് ദുഃഖവും വേദനയും വരികയും അത് സ്ഥലകാലങ്ങളിൽ അനേകായിരം വർഷങ്ങൾ തുടരുന്നുവെന്ന് ബുദ്ധി കൊണ്ട് ബോദ്ധ്യപ്പെടുകയും ചെയ്താലോ? ഈ ഭ്രമത്തിൽ നിന്ന് എങ്ങിനെയെങ്കിലും ഉണർന്നേ പറ്റു എന്ന് ചിന്തിക്കേണ്ടിവരും. തന്റെ അനുവാദം ഇല്ലാതെ ജനിക്കുന്നു എന്നും ജരാനര ബാധിച്ച് മരിക്കുന്നുവെന്നും തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്താൽ, ആ തിരിച്ചറിവിനും അനുഭവത്തിനും ഒരിക്കലും മരിക്കാതിരിക്കാനും ജനിക്കാതിരിക്കാനും കഴിയില്ലായെന്നും മനസ്സിലാക്കാൻ സാമാന്യ ബുദ്ധി മാത്രം മതി.

ബോധം കേവലയാഥാർത്ഥ്യമാണ്. അതിന് സങ്കൽപ്പിച്ച് ഭ്രമിക്കുവാനുള്ള കഴിവുമുണ്ട്. ഭ്രമിച്ചാൽ ആ നിമിഷം ഭ്രമവസ്തുക്കളെയെല്ലാം യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കും. ആ തോന്നലിനു കാരണം ഭ്രമം വികാരാനുഭവം ആകുന്നതു കൊണ്ടും അനുഭവം രാസ യാഥാർത്ഥ്യമാണെന്നതു കൊണ്ടുമാണ്. അറിവും അനുഭവവും ആപേക്ഷിക സത്യങ്ങളാണ്. അവയുടെ പിന്നാലെ പോയാൽ ജനന-മരണങ്ങൾ സത്യമാണെന്ന് അനുഭവപ്പെട്ടു കൊണ്ടിരിക്കും. അവ നശ്വരമാണെന്ന് സദാ സമയവും മനസ്സിലാക്കിക്കൊണ്ടിരുന്നാൽ ബോധം സങ്കൽപ്പങ്ങളൊഴിഞ്ഞ് അഥവാ ഭ്രമത്തിൽ നിന്നുണർന്ന് ശുദ്ധമാകുകയുള്ളു. അല്ലെങ്കിൽ അത് എന്നും ജനിക്കുന്നു, മരിക്കുന്നു എന്ന് ഭ്രമിച്ചു കൊണ്ടിരിക്കും.

സ്വപ്നത്തിൽ എന്തും കാണാം എന്തും അനുഭവിക്കാം, ജാഗ്രത്തിലെ ചിന്തകളും അനുഭവങ്ങളുമാണ് അവയെല്ലാം. ജാഗ്രത്തിൽ നാം മരിക്കുന്നു എന്നറിയുന്നു. അതാണ് നാം സ്വപ്നത്തിൽ കാണുന്നതും അനുഭവിക്കുന്നതും. സ്വപ്നത്തിലെ മരണം കണ്ട് നാം കരയുകയും ഭയപ്പെടുകയും ചെയ്യാറുണ്ട് കാരണം സ്വപ്നം കാണുമ്പോൾ അത് യാഥാർത്ഥ്യം തന്നെയാണ്. എന്നാൽ ഉണർന്നു കഴിയുമ്പോഴാണ് നാം മനസ്സിലാക്കുന്നത് സ്വപ്നത്തിലെ മരണം തോന്നലായിരുന്നു എന്ന്. അതുപോലെ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണർന്നാൽ ദേഹം നിലനിൽക്കെ തന്നെ നമുക്ക് മരണം ഇല്ല എന്ന് അനുഭവിക്കാൻ കഴിയും. നാം കേവല യാഥാർത്ഥ്യമായ ബോധമാണ്, ദേഹം അല്ല എന്ന് അനുഭവിക്കും. താഴ്ന്ന ബോധതലത്തിലെ മരണം ഉയർന്ന ബോധതലത്തിൽ യാഥാർത്ഥ്യമല്ല എന്ന് ജാഗ്രത്തിലെയും സ്വപ്നത്തിലെയും ബോധതലങ്ങൾ തെളിവു നൽകുന്നു. അപ്പോൾ തീർച്ചയായും ജാഗ്രത് എന്ന ബോധതലത്തിലെ മരണം തുരീയമെന്ന ബോധതലത്തിൽ യാഥാർത്ഥ്യമായിരിക്കുകയില്ല എന്ന് വ്യക്തമാണ്. **മരണത്തെ അതിജീവിക്കാൻ മരിക്കുന്നു എന്ന് അനുഭവമുള്ള ബോധതലത്തിൽ നിന്ന് അതിനേക്കാൾ ഉയർന്ന ബോധതലത്തിലേക്ക് മരിക്കുന്നതിനു മുമ്പേ ഉണർന്നാൽ മതി**.

ഒരു ബോധതലത്തിലെ മരണം എന്നത് 'ഒരു ജന്മത്തിൽ' (സ്വപ്നത്തിൽ) നിന്നും 'മറ്റൊരു ജന്മത്തിലേക്കുള്ള' (മറ്റൊരു സ്വപ്നത്തിലേക്കുള്ള) യാത്രയാണ്. മരണ സമയത്ത് നാം തുരീയാവസ്ഥയിലല്ല നിലനിൽക്കുന്നത്, ഭ്രമാവസ്ഥയിലാണെന്ന് ഓർക്കണം. മരണമെന്ന ഭ്രമാനുഭവം സത്യമെന്ന് അനുഭവപ്പെട്ടാൽ ജനനമെന്ന ഭ്രമാനുഭവം വീണ്ടും ഉണ്ടാകും. ഇതിനെ പുനർജന്മമെന്ന് വിളിക്കാൻ സാധ്യമല്ല. മരണമെന്ന ഭ്രമാനുഭവം നഷ്ടപ്പെട്ട് അദ്വൈതാനുഭവത്തിലെത്തിയാൽ അഥവാ ജാഗ്രത്തിൽ നിന്ന് തുരീയത്തിലേക്കുണർന്നാൽ പിന്നീട് ഭ്രമമായ ദേഹത്തിൽ ജനിക്കുവാൻ സാദ്ധ്യമല്ല. അതാണതിന്റെ യുക്തിയും സത്യവും. ഇതൊരു വിശ്വാസമല്ല മറിച്ച് യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കുക, സംശയമുണ്ടെങ്കിൽ പരീക്ഷിച്ചുനോക്കാം.

താൻ ഉണ്ടാക്കിയ സമ്പത്തും താൻ അനുഭവിച്ച സുഖവും സന്തോഷവം ഇനി അനുഭവിക്കാൻ കഴിയില്ല എന്ന അറിവാണ് മരണത്തിന് തൊട്ടുമുമ്പ് നഷ്ടബോധം ഉണ്ടാക്കുന്നത്. വ്യക്തിബോധം ദേഹത്തിന്റെ വാസനകളും ബുദ്ധിയും കഴിവും സാമർത്ഥ്യവും എല്ലാം തന്റേതെന്ന് ധരിക്കുന്നതിനാൽ ദേഹത്തിന്റെ മരണം ഇവയുടെ എല്ലാം അവസാനമാണെന്ന് ചിന്തിക്കുന്നു. വാസനകൾക്കും അവയുടെ അനുഭവങ്ങൾക്കും സാക്ഷിയാകുമ്പോൾ (വിഭ്രമ-മതിഭ്രമ-വികാരങ്ങൾക്ക് സാക്ഷി

യാകുമ്പോൾ) അനുഭവങ്ങൾ തന്നെ ബാധിക്കുന്നില്ല എന്ന അനുഭവം ഉണ്ടാകും. ചേമ്പിലയിൽ വെള്ളം എന്ന പോലെ ബോധം ദേഹത്തിൽ നിന്ന് വിട്ടു നിൽക്കുന്ന അനുഭവം ഉണ്ടാകും. ഈ അനുഭവമാണ് ദേഹം മരിച്ചാലും വ്യക്തിബോധം മരിക്കുകയില്ല എന്നതിന്റെ തെളിവ്.

**60. ശി:-** ദേഹം നിലനിൽക്കെ അദ്വൈതമെന്ന ഭ്രമാനുഭവം താൽക്കാലികമാണെന്ന് പറയുന്നത് എന്തുകൊണ്ടാണ് ?

**മാസ്റ്റർ:-** ഞാനും ദേഹവും രണ്ടെന്ന് തുടർച്ചയായി അനുഭവിക്കാൻ ദേഹത്തിലും മനസ്സിലും കോഡ് ചെയ്തു വച്ചിരിക്കുന്ന വാസനകൾ അനുവദിക്കുകയില്ല. ഉപാധികൾ ഇല്ലാത്ത ശക്തമായ ശ്രദ്ധയും ഓർമ്മയും സൂക്ഷ്മതയും ഉണ്ടെങ്കിൽ മാത്രമെ മുക്തന് പോലും അദ്വൈതാനുഭവത്തിൽ സ്ഥായിയായി നിലനിൽക്കാൻ കഴിയുകയുള്ളു.

അദ്വൈതാനുഭവം സാധനകൾ കൊണ്ടും തനിയെയും ധാരാളം ആളുകൾക്ക് ലഭിക്കാറുണ്ട്. തനിയെയോ അല്ലാതെയോ വാസനകൾ പ്രവർത്തിക്കാതിരിക്കുന്ന നിമിഷങ്ങൾ ആണ് ഇവ. എന്നാൽ ഇതാണ് തന്റെ സ്ഥായിയായ അവസ്ഥ എന്ന് തിരിച്ചറിയാൻ ആരും കൂട്ടാക്കുകയില്ല. കാരണം ജാഗ്രത്തിൽ വാസനകൾ സാഹചര്യങ്ങൾ കൊണ്ട് തനിയെ പ്രവർത്തിക്കുന്ന രീതിയിലാണ് സൃഷ്ടികർമ്മം നടന്നിരിക്കുന്നത്. അവബോധം കൊണ്ട് അത് ഞാനാണെന്നും എന്റെതാണെന്നും സദാസമയം എല്ലാവർക്കും അനുഭവപ്പെട്ടു കൊണ്ടിരിക്കും.

സന്തോഷവും സുഖവും അനുഭവിക്കുന്ന നിമിഷങ്ങളിൽ എല്ലാവരും അനുഭവിക്കുന്നത് അദ്വൈതാനുഭവം തന്നെയാണ്. എന്നാൽ അത് അദ്വൈതാനുഭവം ആണെന്ന് തിരിച്ചറിയാൻ കഴിയുകയില്ല. ജാഗ്രത്തിൽ ഉണർന്നിരിക്കുന്ന ഭൂരിഭാഗം സമയവും മനസ്സ് വികാരങ്ങൾ കൊണ്ട് പ്രകമ്പനം കൊള്ളുന്നതിനാൽ സന്തോഷവും സുഖവും നൈമിഷികമായി എല്ലാവർക്കും അനുഭവപ്പെടുന്നു. അതായത് വികാരങ്ങളാണ് അദ്വൈതാനുഭവത്തെ ഇല്ലാതാക്കുന്നതെന്ന് തെളിയുന്നു. അതിനാൽ ഭ്രമം നൈമിഷികവും ഭ്രമ വികാരം സ്ഥായിയുമായി നിലനിൽക്കുന്നു. അതുകൊണ്ടാണ് വികാരാനുഭവങ്ങൾ ഇല്ല എന്ന് അനുഭവിക്കുന്നതിനെ പരമാനന്ദ സുഖം എന്നും മോക്ഷാനുഭവം എന്നും വിളിച്ചത്.

മാറ്റത്തിന് വിധേയമല്ലാത്തത് എന്താണോ അതാണ് ശക്തമായ യാഥാർത്ഥ്യം അഥവാ സത്യം. ഈ യാഥാർത്ഥ്യത്തെയാണ് കേവല യാഥാർത്ഥ്യം (absolute reality) അഥവാ ഉപാധികളില്ലാത്ത യാഥാർത്ഥ്യം എന്ന് പറയുന്നത്. അനുഭവങ്ങൾ ഒന്നും ഇല്ല എന്ന നിസ്സംഗതയുടെ അനുഭവമാണ് ഏറ്റവും യാഥാർത്ഥ്യം കൂടിയത്. ഈ അനുഭവത്തെ സൂചിപ്പിക്കാൻ ഒരു പദത്തിന് കഴിയുകയില്ല. അതുകൊണ്ടാണ് ഈ

യാഥാർത്ഥ്യത്തിന് നാലാമത്തെ എന്ന് അർത്ഥം വരുന്ന തുരീയം എന്ന പേരു നൽകിയത്. ഈ യാഥാർത്ഥ്യത്തെ ബോധം, ദൈവം, സത്യം എന്നെല്ലാം വിളിക്കാവുന്നതാണ്. മാറ്റത്തിന് വിധേയമാകുന്ന അനുഭവങ്ങളെയാണ് ഭ്രമ-വിഭ്രമ-മതിഭ്രമ അനുഭവങ്ങൾ എന്ന് വിളിക്കുന്നത്.

പേരു കൊണ്ട് അർത്ഥമാക്കാനും അനുഭവമാകാനും കഴിയാത്ത ഈ കേവല യാഥാർത്ഥ്യത്തെ സങ്കൽപ്പങ്ങൾ കൊണ്ട് സ്ഥല-കാലങ്ങളിൽ ഊർജ്ജവും പദാർത്ഥവും ജീവനും ബുദ്ധിയും ഖണ്ഢ-ചലന-വികാരങ്ങളും ആക്കി ഭ്രമിപ്പിച്ചപ്പോഴാണ് ആപേക്ഷിക യാഥാർത്ഥ്യ അനുഭവങ്ങളുടെ ഒരു പ്രപഞ്ചവും ജീവനും സൃഷ്ടിക്കപ്പെട്ടത്. അങ്ങിനെ കേവല യാഥാർത്ഥ്യത്തെ ആപേക്ഷികതയുടെ രാസയാഥാർത്ഥ്യമാക്കി മാറ്റി.

ഭ്രമം-വിഭ്രമം-മതിഭ്രമം എന്നീ മൂന്ന് തരം വികാരങ്ങൾ കൊണ്ട് മൂന്ന് തരം ബോധതലത്തെ സൃഷ്ടിച്ച് അതിൽ മൂന്ന് തരം ആപേക്ഷിക യാഥാർത്ഥ്യങ്ങളെ അനുഭവമാക്കി. അവയിൽ മതിഭ്രമാനുഭവങ്ങളെ ഒഴിച്ച് മറ്റ് രണ്ട് ആപേക്ഷിക യാഥാർത്ഥ്യങ്ങളെ ശാസ്ത്രം പോലും സത്യമെന്ന് വിശ്വസിച്ചു.

വികാരാനുഭവങ്ങൾ കേവല യാഥാർത്ഥ്യത്തെ അനേകായിരം ആപേക്ഷിക യാഥാർത്ഥ്യങ്ങളാക്കി മാറ്റി. അവയിൽ മതിഭ്രമാനുഭവങ്ങൾ നൽകിയ കുണ്ഡലിനി പോലുള്ള സാങ്കൽപ്പിക ഊർജ്ജാനുഭവങ്ങൾ ദൈവീക ശക്തിയാണെന്നും അവയെ പിൻതുടർന്ന് മോക്ഷം നേടാമെന്നു പോലും പറഞ്ഞ് പരത്തി. ഈ വികാരാനുഭവങ്ങൾ സത്യത്തിൽ നിലനിൽക്കുന്നവയാണോ എന്ന് പരിശോധിക്കാൻ അതിന്റെ സ്രോതസ്സിലേക്ക് നോക്കിയാൽ മാത്രം മതി. അങ്ങിനെ പരിശോധിക്കാൻ ഒരാത്മീയ രീതിയോ ശാസ്ത്രീയ രീതിയോ മനുഷ്യർ വികസിപ്പിച്ചില്ല എന്നതാണ് ഏറ്റവും ആശ്ചര്യകരമായ കാര്യം.

കേവല യാഥാർത്ഥ്യം ഭ്രമ-വിഭ്രമ-മതിഭ്രമം കൊണ്ട് ആപേക്ഷിക യാഥാർത്ഥ്യങ്ങളായി മാറിയപ്പോൾ ഏറ്റവും ശക്തമായ അനുഭവം, കൂടുതൽ യാഥാർത്ഥ്യമെന്ന് വിശ്വസിക്കേണ്ടതായി വന്നു. അതിൽ ശാരീരിക വേദനയെന്ന ഭ്രമാനുഭവമാണ് ഏറ്റവും ശക്തവും ശാസ്ത്രീയവുമായ യാഥാർത്ഥ്യം. അതിനാൽ നല്ലൊരു വിഭാഗം ആധുനിക ശാസ്ത്രജ്ഞരും ശാസ്ത്രത്തെ വിശ്വസിച്ചവരും ദൈവത്തെ അംഗീകരിക്കാത്തവരുമായി മാറി.

ദൈവം തന്നെ, താൻ ദൈവം അല്ല എന്ന് പറയുന്ന അവസ്ഥ. അല്ലെങ്കിൽ ഊർജ്ജവും പദാർത്ഥവും താനുമാണ് യഥാർത്ഥത്തിൽ ഉള്ളത് എന്ന് വിശ്വസിക്കുന്ന അവസ്ഥ. ആപേക്ഷിക അനുഭവങ്ങൾ

സത്യമാണെന്ന് വിശ്വസിച്ചാൽ സത്യം പലതാണെന്ന് ഭ്രമിക്കും. ഭൗതിക -ആത്മീയ ശാസ്ത്രങ്ങളിൽ നാം ഇന്നു കാണുന്ന എല്ലാ ആശയ കുഴപ്പങ്ങൾക്കും സംശയങ്ങൾക്കും കാരണം സത്യത്തെ എല്ലാവരും പലതായി അനുഭവിക്കുന്നു എന്നതാണ്.

അനുഭവങ്ങൾ വന്നാൽ യാഥാർത്ഥ്യത്തിൽ കാര്യകാരണങ്ങൾ പ്രത്യക്ഷപ്പെടും. കാര്യകാരണങ്ങളെല്ലാം നശ്വരമാണെന്ന കാര്യം നാം വിസ്മരിക്കും. നശ്വരമായ കാര്യകാരണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യാഥാർത്ഥ്യം, യഥാർത്ഥത്തിൽ നിലനിൽക്കുന്നവയല്ല എന്ന് എല്ലാവരും മറന്നു പോകും. കാര്യകാരണങ്ങൾ പോയാൽ അനുഭവങ്ങൾ ഇല്ലാതാകും. അനുഭവങ്ങൾ ഇല്ലാതായാൽ ശേഷിക്കുന്നത് എന്താണോ അതാണ് കേവല യാഥാർത്ഥ്യം എന്ന മോക്ഷാനുഭവം. അത് ഗാഢ നിദ്ര പോലെയുള്ള അബോധാവസ്ഥ അല്ല. എന്നാൽ വികാരാനുഭവങ്ങൾ പോലെയൊ ശാരീരികാനുഭവങ്ങൾ പോലെയൊ ഉള്ള ഒരനുഭവവും അല്ല. അത് എന്താണെന്ന് നാം ഓരോരുത്തരും സ്വയം അനുഭവിച്ച് അറിയണം. അപ്പോൾ ദൈവം ശക്തിയാണെന്നും ഊർജ്ജമാണെന്നും രക്ഷകനാണെന്നും ശിക്ഷകനാണെന്നും ഒന്നും നമുക്ക് പറയാൻ കഴിയാതാകും. ദൈവം ശക്തിയും സൃഷ്ടികർത്താവുമാണെന്ന് ഞാനും ഒരു കാലത്ത് വിശ്വസിച്ചിരുന്നു.

**61. ശി:-** ആധുനിക ശാസ്ത്രജ്ഞരിൽ പലരും, ജ്ഞാനികളും കുണ്ഡലിനി ശക്തി പോലുള്ള പല നിഗൂഢ ശക്തികളും അനുഭവമാണെന്ന് തെളിയിക്കുകയും കോടിക്കണക്കിന് രൂപയുടെ ബിസിനസ്സ് അതുമൂലം ലോകത്ത് നടക്കുകയും ചെയ്യുന്നു. ഭാരതത്തിലെ യോഗാ ശാസ്ത്രങ്ങളാണ് കുണ്ഡലിനിയെ പല പേരുകളിൽ ലോകത്ത് പ്രചരിപ്പിച്ചത്. ബോധോദയം പ്രാപിക്കാനും ദൈവത്തെ അനുഭവിക്കാനും ദൈവത്തിൽ എത്തിച്ചേരാനും ഈ ശക്തികളിലൂടെ കഴിയുമെന്നും പറയുന്നു, അത് ശരിയാണോ?

**മാസ്റ്റർ-** കുണ്ഡലിനി ശക്തിയുടെ നിർവ്വചനത്തിൽ തന്നെ അതിന്റെ ഉത്തരമുണ്ട്. സങ്കൽപ്പിച്ചുണ്ടാക്കിയ ഒരു ഊർജ്ജാനുഭവമാണ് കുണ്ഡലിനി ശക്തി എന്നാണ് നിർവ്വചനം. അതുകൊണ്ടാണ് പ്രഗത്ഭരായ പല മനഃശ്ശാസ്ത്രജ്ഞരും കുണ്ഡലിനി ശക്തിയെ സ്കീസോഫ്രേനിയക്കു തുല്യമായ അനുഭവമെന്ന് പറഞ്ഞത്.

മതിഭ്രമാനുഭവം ഏതു തരത്തിലുള്ളതായാലും അതൊരിക്കലും ഭ്രമാനുഭവത്തിന്റെ യാഥാർത്ഥ്യത്തിന് തുല്യമാകുകയില്ല. ഏത് സങ്കൽപ്പവും അതിന്റെ ആത്മാർത്ഥതയ്ക്കനുസരിച്ച് ഭ്രമ-വിഭ്രമ-മതി

ഭ്രമ വികാരാനുഭവമാക്കാൻ കഴിയും. അത് ബോധത്തിന്റെ കഴിവു തന്നെയാണ്. അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കാവുന്ന ഒരു പ്രപഞ്ചവും കോടാനുകോടി വസ്തുക്കളും ജീവനും പോലും ഭ്രമത്തിലൂടെ ഉണ്ടാക്കി കാണിക്കാൻ ബോധത്തിന് കഴിയുമെങ്കിൽ വിഭ്രമ -മതിഭ്രമ അനുഭവങ്ങളായ കുണ്ഡലിനി ശക്തികൾ പോലുള്ള നിഗൂഢ ശക്തികൾ ഉണ്ടാക്കി കാണിക്കാൻ എത്രയോ നിസ്സാരമാണ്.

നിഗൂഢശക്തി എന്നൊരു ശക്തി ഇല്ല. കാര്യകാരണങ്ങൾക്ക് അതീതമായി അനുഭവങ്ങൾ ഉണ്ടാകുമ്പോഴാണ് അത് നിഗൂഢ ശക്തിയിൽ നിന്ന് ഉണ്ടാകുന്നതായി കരുതുന്നത്. ശാസ്ത്രം നിർവ്വചിച്ച നാല് അടിസ്ഥാന ശക്തികളിൽപ്പെടാത്ത ശക്തികളുടെ അനുഭവമായതു കൊണ്ടാണ് അത് നിഗൂഢമായത്. വ്യക്തികൾ തോറും വ്യത്യസ്തമായി അനുഭവപ്പെടുന്നതിനാൽ ഈ ശക്തിയെ ശാസ്ത്രീയമാക്കാനും സാദ്ധ്യമല്ല. അതുകൊണ്ട് ഇത്തരം ശക്തികളുടെ അനുഭവത്തെ മതിഭ്രമ അനുഭവമെന്ന് ബോധശാസ്ത്രം വിളിക്കുന്നത്. വിശ്വാസങ്ങൾ കൊണ്ട് മാത്രം പ്രവർത്തിക്കുന്നു എന്നു തോന്നുന്ന ശക്തികൾ ആണ് ഇത്.

**62. ശി:-** ഭ്രമാനുഭവവും സ്വപ്നവും തമ്മിലുള്ള വ്യത്യാസവും സാമ്യവും എന്തെല്ലാമാണ്?

**മാസ്റ്റർ:-** ഉണ്ടായി നിലനിന്നു മറയുന്നു എന്ന അനുഭവത്തെ ഭ്രമം എന്നും ഇല്ലാത്തത് ഉണ്ട് എന്ന അനുഭവത്തെ സ്വപ്നം എന്നും പറയുന്നു. ഇതാണ് ഇവ തമ്മിലുള്ള ഒന്നാമത്തെ വ്യത്യാസം.

സ്വപ്നത്തിൽ നിന്ന് ഭ്രമത്തിലേക്ക് (ജാഗ്രത്) ഉണരുമ്പോൾ സ്വപ്നം ഓർമ്മിക്കുന്നതുപോലെ ജാഗ്രത്തിൽ നിന്നും സ്വപ്നത്തിലേക്ക് ഉണരുമ്പോൾ ജാഗ്രത്തിനെ ഓർമ്മിക്കാൻ കഴിയില്ല. ഇതാണ് ഭ്രമവും സ്വപ്നവും തമ്മിലുള്ള രണ്ടാമത്തെ വ്യത്യാസം.

ഉയർന്ന ബോധാവസ്ഥയായ ഭ്രമത്തിൽ യാഥാർത്ഥ്യാനുഭവവും വ്യക്തതയും കൂടുതലാണ്. മാത്രമല്ല അനുഭവങ്ങൾക്ക് തുടർച്ചയും സമയ ബോധവും ഉണ്ട്. അതിനാൽ ഒരു വ്യക്തിബോധം എല്ലാവർക്കും അനുഭവപ്പെടും. എന്നാൽ താഴ്ന്ന ബോധാവസ്ഥയായ സ്വപ്നത്തിൽ യാഥാർത്ഥ്യാനുഭവവും വ്യക്തതയും ഭ്രമാനുഭവത്തോളം വരാത്തതിനാൽ വ്യക്തിബോധം അനുഭവപ്പെടുകയില്ല. മാത്രമല്ല അനുഭവങ്ങൾക്ക് തുടർച്ചയുമില്ല,സമയബോധം കുറവുമാണ്. ഇതാണ് മൂന്നാമത്തെ വ്യത്യാസം. ബാക്കിയുള്ള എല്ലാ കാര്യങ്ങളിലും ഭ്രമവും സ്വപ്നവും ഒന്നു തന്നെയാണ്.

ഭ്രമവും സ്വപ്നവും അനുഭവങ്ങളാണ്. അനുഭവങ്ങളുടെ തീവ്രതയും ഏകദേശം തുല്യമാണ്. രണ്ടനുഭവങ്ങളും സ്ഥല-കാലങ്ങളിലാണ്.

ജാഗ്രത് എന്ന ഉയർന്ന ബോധാവസ്ഥയിൽ നിന്ന് സ്വപ്നമെന്ന താഴ്ന്ന ബോധാവസ്ഥയിലേക്ക് പോകുമ്പോൾ ജാഗ്രത് യാഥാർത്ഥ്യമല്ലാതാകുന്നതുപോലെ സ്വപ്നത്തിൽ നിന്നും ജാഗ്രത്തിലേക്കുണരുമ്പോൾ സ്വപ്നം യാഥാർത്ഥ്യമല്ലാതാകുന്നു.

ജാഗ്രത്തിലെ കണ്ണ് അടച്ചുപിടിക്കുമ്പോഴാണ് സ്വപ്നം കാണുന്നതെങ്കിലും സ്വപ്നത്തിൽ മറ്റൊരു കണ്ണ് ഉള്ളതായി അനുഭവപ്പെടുന്നു. സ്വപ്നത്തിൽ നിന്നുണർന്ന് ജാഗ്രത്തിലെ കണ്ണു കൊണ്ടു നാം കാണുമ്പോൾ സ്വപ്നത്തിലെ കണ്ണ് ഇല്ലാത്തതായിരുന്നു എന്ന് നാം മനസ്സിലാക്കുന്നു. ഇങ്ങനെ സ്വപ്നാനുഭവത്തിലെ എല്ലാ അനുഭവങ്ങളെയും ജാഗ്രത് നിഷേധിക്കുന്നു. എന്നാൽ സ്വപ്നത്തിലായിരിക്കുമ്പോൾ ജാഗ്രത്തിലെ ദേഹത്തെക്കുറിച്ചോ ജ്ഞാനേന്ദ്രിയങ്ങളെക്കുറിച്ചോ വ്യക്തിബോധത്തെക്കുറിച്ചോ യാതൊരറിവും ഉള്ളതായി കാണുന്നില്ല. അനുഭവങ്ങൾക്ക് ദേഹത്തിന്റെ സാന്നിദ്ധ്യം ആവശ്യമില്ല എന്ന് തെളിയിക്കുന്നു.

ഒരു സ്വപ്നാനുഭവത്തിലെ ജീവിത ദൈർഘ്യം ഒരു രാത്രിയാണെങ്കിൽ ജാഗ്രത്തിലെ ജീവിത ദൈർഘ്യം ജനനം മുതൽ മരണംവരെയാണ്. ഓരോ രാത്രിയിലെയും സ്വപ്നങ്ങൾ തുടർച്ചയല്ലാത്തതു പോലെ ജാഗ്രത്തിലെ ഓരോ ജീവിതവും വ്യത്യസ്ത ദേഹങ്ങളിൽ വ്യത്യസ്തമായി അനുഭവപ്പെടും. ഇതിനെ പുനർജന്മമെന്ന് വിളിക്കാൻ സാദ്ധ്യമല്ല. സ്വപ്നത്തിൽ ജനിക്കുന്നു മരിക്കുന്നു എന്ന് സ്വപ്നം കണ്ടാലും ഉണരുമ്പോൾ അതായത് സ്വപ്നത്തേക്കാൾ ഉയർന്ന ബോധതലത്തിൽ എത്തുമ്പോൾ ജനന-മരണങ്ങളെ നിഷേധിക്കുന്നതുപോലെ ജാഗ്രത് എന്ന ബോധതലത്തിൽ നിന്ന് അതിനേക്കാൾ ഉയർന്ന തുരീയം എന്ന ബോധതലത്തിലേക്കുണരുമ്പോൾ ജാഗ്രത്തിലെ ജനന-മരണവും ഇല്ലാത്തതെന്ന് നിഷേധിക്കേണ്ടതായി വരും.

**63. ശി:-** സ്വപ്നത്തിൽ നിന്ന് ജാഗ്രത്തിലേക്ക് തനിയെ ഉണരുന്നതുപോലെ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് തനിയെ എന്തുകൊണ്ടാണ് ഉണരാൻ കഴിയാത്തത് ?

**മാസ്റ്റർ:-** ഓരോ രാത്രിയും വ്യത്യസ്ത സ്വപ്നങ്ങളിലേക്ക് നാം തനിയെ ഉണരുന്നതുപോലെ തന്നെ ജാഗ്രത്തിലും നാം ഓരോ ജന്മങ്ങളിലേക്ക് തനിയെ ഉണരുന്നുണ്ട്. സ്വപ്നം തുടരുന്നതുപോലെ നാം ജാഗ്രത്തും തുടരുന്നു, എന്നാൽ ജാഗ്രത്തിനേക്കാൾ ഉയർന്ന ബോധാവസ്ഥയായ തുരീയത്തിലേക്ക് അങ്ങിനെ തനിയെ ഉണരാൻ സാദ്ധ്യമല്ല.

കാരണം 1. ഭ്രമം എന്ന ജാഗ്രത് ഇല്ലാത്തത് ഉണ്ട് എന്ന തോന്നലിന്റെ അനുഭവമല്ല മറിച്ച് അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ട് ഉള്ളത് എന്നറിയുന്നവ ഉണ്ടായി നിലനിന്ന് മറയുന്നു എന്നും അതിൽ ദുഃഖവും വേദനയും അനുഭവപ്പെടുന്നു എന്നുമുള്ള യാഥാർത്ഥ്യം കൂടിയ അനുഭവമാണ്. ഇത് സത്യമെന്ന് വിശ്വസിക്കുന്ന ബോധം ഇതിനേക്കാൾ യാഥാർത്ഥ്യം കൂടിയതും ദുഃഖവും വേദനയും ഇല്ലാത്തതുമായ ഒരു ബോധതലം ഉണ്ട് എന്ന് വിശ്വസിക്കുകയില്ല. അതിനാൽ അതിലേക്കുയരാൻ ശ്രമിക്കുകയുമില്ല.

2. സ്വപ്നവും സുഷുപ്തിയും ജാഗ്രത്തിൽ 'ഞാൻ നിലനിൽക്കുന്നു' എന്ന അനുഭവത്തെ നിലനിർത്താൻ ആവശ്യമായ മിസ്റ്റിക് ഊർജ്ജം ശേഖരിക്കുന്ന താൽക്കാലിക ബോധാവസ്ഥയാണ്.

ഏകദേശം എട്ട് മണിക്കൂർ കൊണ്ട് ഈ ഊർജ്ജം ശരീരത്തിൽ നിറയുന്നതിനാൽ ബോധം ജാഗ്രത്തിലേക്ക് തനിയെ ഉണരുന്നു. കർമ്മം ചെയ്യാൻ സഹായിക്കുന്ന ജീവോർജ്ജം കുറയുന്നത് കൊണ്ടല്ല നാം ഉറങ്ങിപ്പോകുന്നത്, മറിച്ച് 16 മണിക്കൂർ കൊണ്ട് മിസ്റ്റിക് ഊർജ്ജം ഇല്ലാതാകുന്നതു കൊണ്ടാണ്. രാത്രിയിലും നാം ഭക്ഷണം കഴിക്കുന്നതിനാൽ ദേഹത്തിന് പ്രവർത്തിക്കാൻ ആവശ്യമായ ഊർജ്ജം അത് ഉത്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ഭക്ഷണം കൊണ്ട് ഉത്പാദിപ്പിക്കാൻ കഴിയാത്ത ഒരു ഊർജ്ജം മനുഷ്യന് ആവശ്യമാണെന്ന് ഉറക്കം തെളിയിക്കുന്നു. ഉറങ്ങുമ്പോഴും ദേഹത്തിലെ ആന്തരിക അവയവങ്ങൾ കർമ്മോന്മുഖമാണ് എന്നാൽ 'ഞാൻ' എന്ന് അനുഭവപ്പെടുത്തുന്ന അഥവാ നിരീക്ഷകൻ എന്ന് അനുഭവപ്പെടുത്തുന്ന ഊർജ്ജം ഇല്ലാതാകുന്നതു കൊണ്ടാണ് ഉറക്കത്തിൽ 'ഞാൻ' നഷ്ടപ്പെട്ടു പോകുന്നത്. അജ്ഞാതമായ ഏതോ ഒരു സ്രോതസ്സിൽ നിന്ന് വരുന്നു എന്ന് തോന്നിപ്പിക്കുന്നതു കൊണ്ടും ഒരു പേര് നൽകാൻ കഴിയാത്തതു കൊണ്ടുമാണ് അതിനെ മിസ്റ്റിക് ഊർജ്ജം എന്ന് വിളിച്ചത്.

നിദ്രയിൽ നിന്നും സ്വപ്നത്തിൽ നിന്നും ഉണരാൻ മിസ്റ്റിക് ഊർജ്ജം ആവശ്യമായതു പോലെ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരാനും ഇതാവശ്യമാണ്. ഇത് ശേഖരിക്കാനുള്ള മാർഗ്ഗം ജാഗ്രത്തിൽ ഉണർന്നിരിക്കുന്ന ബുദ്ധിക്ക് അറിയില്ല. അതിനു പകരം വികാരങ്ങൾ കൊണ്ട് ഈ ഊർജ്ജത്തെ പൂർണ്ണമായും ഇല്ലാതാക്കുന്നു. മാത്രമല്ല ഭൗതിക ഊർജ്ജവും ശക്തിയും യാഥാർത്ഥ്യമെന്ന് വിശ്വസിക്കുന്ന ജാഗ്രത്തിലെ ബോധം, ജാഗ്രത്തിൽ നിന്നുണരാൻ കൂട്ടാക്കുകയില്ല. കാരണം ഊർജ്ജവും ശക്തിയും പദാർത്ഥവും ജീവനും ദൈവത്തിൽ

നിന്നുണ്ടായ യഥാർത്ഥ സൃഷ്ടിയാണെന്ന് സെമറ്റിക് മതക്കാർ വിശ്വസിക്കുന്നു. ബോധത്തിൽ നിന്നും വേർപ്പെട്ട ബ്രഹ്മമെന്ന ജീവശ ക്തിയാണ് പ്രപഞ്ചമായും ജീവനായും മാറിയതെന്നാണ് വേദാന്തികളും വിശ്വസിക്കുന്നത്. ഈ വിശ്വാസങ്ങളെല്ലാം ഇല്ലാതായാലേ ജാഗ്രത്തിൽ നിന്ന് ഉണരാൻ ആവശ്യമായ മിസ്റ്റിക് ഊർജ്ജം ശേഖരിക്കാൻ എല്ലാ വരും തയ്യാറാകുകയുള്ളു.

പ്രപഞ്ചത്തെയും ജീവനെയും ദൈവത്തിന്റെ ശക്തിയായും അംശ മായും പ്രതിരൂപമായും കണ്ടാൽ, ജാഗ്രത്തിനേക്കാൾ യാഥാർത്ഥ്യം കൂടിയ മറ്റൊരു ബോധാവസ്ഥയെക്കുറിച്ച് അന്വേഷിക്കാൻ ഒരു മത വിശ്വാസിക്കും സാദ്ധ്യമല്ലാതാകും.

സ്ഥല-കാല ഊർജ്ജങ്ങൾ ആപേക്ഷികവും അതു കൊണ്ട് തന്നെ അവ നശ്വരവുമാണെന്ന് തെളിയിച്ചിട്ടു പോലും ഭൗതിക ശാസ്ത്രാ ജ്ഞർ അതിന്റെ ഉറവിടം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. നശ്വര തയ്ക്ക് ഒരു ഉറവിടം ഉണ്ടാകുക സാദ്ധ്യമല്ല എന്ന് അവർക്ക് ചിന്തി ക്കാൻ കഴിയുന്നില്ല. നശ്വരതയുടെ ഉറവിടം സ്വന്തം ബോധമണ്ഢലമ ല്ലാതെ മറ്റെന്ത് ആകാനാണ് സാദ്ധ്യത? സ്വന്തം ബോധമണ്ഢലത്തെ അവഗണിക്കത്തക്ക രീതിയിൽ തീവ്രമാണ് ഭ്രമ-വിഭ്രമ-മതിഭ്രമ വികാ രാനുഭവങ്ങളുടെ ശക്തി.

ദേഹമില്ലാതെ 'ഞാൻ' നിലനിൽക്കുന്നു എന്ന ഏറ്റവും ശക്തി കൂടിയ യാഥാർത്ഥ്യത്തിന്റെ ബോധമണ്ഢലമാണ് തുരീയം. ദേഹ ത്തിന്റെ സാന്നിദ്ധ്യത്തിൽ 'ഞാൻ' നിലനിൽക്കുന്നു എന്ന ആപേക്ഷിക അനുഭവത്തിന്റെ ബോധമണ്ഢലമാണ് ജാഗ്രത്. ബോധം ദേഹത്തിലെ അഞ്ച് ജ്ഞാനേന്ദ്രിയങ്ങളിലൂടെ നോക്കുമ്പോൾ കാണുന്ന പ്രപഞ്ചവും സ്വന്തം ദേഹവും തന്റെ സങ്കൽപ്പമായിരുന്നുവെന്നും അതിന്റെ തെളി വാണ് അവയുടെ നശ്വരതയെന്നും മറന്നു പോകുകയും അതുകൊണ്ട് തന്നെ മനസ്സിലാക്കാൻ കഴിയാതെ ദേഹത്തെയും പ്രപഞ്ചത്തെയും യാഥാർത്ഥ്യമെന്ന് തെറ്റിദ്ധരിക്കുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ മറ ക്കാനും തെറ്റിദ്ധരിക്കുവാനും കാരണം തുരീയം എന്ന ഏക ബോധ തലത്തെ ഭ്രമം-വിഭ്രമം-മതിഭ്രമം എന്നീ മൂന്ന് ആപേക്ഷിക ബോധതല ങ്ങളായി വിഘടിക്കുന്നതു കൊണ്ടാണ്.

ആപേക്ഷികമായ ഈ ബോധ തലങ്ങൾ നിലനിൽക്കണമെങ്കിൽ ശരീ രത്തെ നിലനിർത്തുന്ന ഭൗതിക ഊർജ്ജം (ആഹാരം, ജലം, വായു എന്നിവയിൽ നിന്ന് ലഭിക്കുന്ന ഊർജ്ജം) കൂടാതെ മസ്തിഷ്ക്കത്തോട് ബോധത്തെ ബന്ധിപ്പിക്കാൻ ആവശ്യമായ ഒരു മിസ്റ്റിക് ഊർജ്ജം കൂടി

ആവശ്യമാണ്. ഈ ഊർജ്ജമാണ് ഉണർന്നിരിക്കുന്ന ദേഹം ഒരു നിരീക്ഷകനാണെന്നും അതിനൊരു പേരും അഡ്രസ്സും ഉണ്ടെന്നും അനുഭവപ്പെടുത്തുന്നത്. ബോധം കെട്ട് വീഴുന്നതും ഭ്രാന്തായി പോകുന്നതും ഈ ഊർജ്ജം നഷ്ടപ്പെട്ടു പോകുന്നതു കൊണ്ടാണെന്ന് തെളിയുന്നു. മിസ്റ്റിക് ഊർജ്ജം ഇല്ലെങ്കിലും ജീവൻ അനേക വർഷം നിലനിൽക്കും, ആഹാരവും ജലവും വായുവും മാത്രം നൽകിയാൽ മതി.

സ്വപ്നം നിദ്ര എന്നീ ബോധാവസ്ഥയിലേക്ക് ബോധം തനിയെ താഴുന്നത് ജാഗ്രത്തിൽ ഉണർന്നിരിക്കാൻ ആവശ്യമായ മിസ്റ്റിക് ഊർജ്ജം ശേഖരിക്കാനാണ്. ഏകദേശം എട്ട് മണിക്കൂർ കൊണ്ട് ഈ ഊർജ്ജം നിറയുകയും ജാഗ്രത്തിലേക്ക് തനിയെ ഉണരുകയും ചെയ്യുന്നു. ജീവന് ചലിക്കാൻ ഈ ഊർജ്ജം ആവശ്യമില്ല എന്ന് ഭ്രാന്തനെ ശ്രദ്ധിച്ചാൽ മനസ്സിലാകും

ജാഗ്രത്തിൽ നിന്നും തുരീയ അവസ്ഥയിലെ ബോധത്തിലേക്ക് ഉണരാൻ ഈ മിസ്റ്റിക് ഊർജ്ജം കൂടുതലായി ഉണ്ടാകണം. ഇത് കൂടുതലായി ഉണ്ടാക്കാൻ കഴിയാത്തതു കൊണ്ടാണ് ആർക്കും ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് തനിയെ ഉണരാൻ കഴിയാത്തത്. സ്വപ്നത്തിലും നിദ്രയിലും ഈ ഊർജ്ജം തനിയെ ഉണ്ടാകുന്നതുപോലെ ജാഗ്രത്തിൽ തനിയെ ഉണ്ടാകുകയില്ല. കാരണം നശ്വരമായ വസ്തുക്കളും ജീവനും യാഥാർത്ഥ്യമാണെന്നും അവയെ സ്വന്തമാക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന സ്വാർത്ഥത ഈ മിസ്റ്റിക് ഊർജ്ജത്തെ സ്വാഭാവികമായി ഉയരാൻ സമ്മതിക്കാതെ നശിപ്പിച്ചു കളയുന്നു. നശ്വരമായ വസ്തുക്കളും ജീവനും നശ്വരമാണെന്ന് അനുഭവിക്കുകയും അവയെ നേടണമെന്ന സ്വാർത്ഥത നിഷേധിക്കുകയും ചെയ്താൽ മിസ്റ്റിക് ഊർജ്ജം തനിയെ ഉയരുകയും ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയിൽ നിന്ന് തുരീയം എന്ന ഉയർന്ന ബോധത്തിലേക്ക് തനിയെ ഉണരുകയും ചെയ്യും. സങ്കൽപ്പങ്ങൾ കൊണ്ട് ഉണ്ടാക്കുന്ന കുണ്ഡലിനി ഊർജ്ജം അഥവാ അതീന്ദ്രിയ ഊർജ്ജം പോലെ തന്നെ സങ്കൽപ്പങ്ങൾ കൊണ്ട് ഉണ്ടാക്കാൻ കഴിയുന്ന ഒരു ഊർജ്ജമാണ് മിസ്റ്റിക് ഊർജ്ജവും. ആദ്യത്തേത് നെഗറ്റീവും രണ്ടാമത്തേത് പൊസിറ്റീവും ആണെന്ന വ്യത്യാസം മാത്രമെയുള്ളു.

### അദ്ധ്യായം പന്ത്രണ്ട്

# സ്വന്തം അസ്ഥിത്വത്തിന്റെ അർത്ഥം അന്വേഷിക്കുന്നവന്റെ ഉയർച്ച

**64. ശി:-** ദേഹമാണ് അനുഭവത്തിന്റെ മാദ്ധ്യമമെങ്കിലും ബോധമാണ് അനുഭവിക്കുന്നത് എന്ന് തെളിയിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരുന്ന ഒരു വ്യക്തിബോധത്തിന്റെ അനുഭവം എന്തായിരിക്കുമെന്ന് എനിക്ക് അറിയില്ല. അത് അങ്ങയെപ്പോലെ ജാഗ്രത്തിൽ നിന്ന് ജീവിച്ചിരിക്കെ ഉണർന്ന ഒരാൾക്കെ അറിയാൻ കഴിയുകയുള്ളു. ഇതൊന്ന് വ്യക്തമാക്കാമോ?

**മാസ്റ്റർ:-** നാല് ബോധതലങ്ങളിൽ ജാഗ്രത്തിലും സ്വപ്നത്തിലും മാത്ര മെ അനുഭവങ്ങൾ നിലനിൽക്കുന്നതായി എല്ലാവർക്കും തോന്നുന്നുള്ളു. നിദ്രയിൽ അനുഭവങ്ങളൊന്നും ഇല്ല എന്നതാണ് എല്ലാവരുടെയും അനുഭവം. തുരീയമാണ് ജാഗ്രത്തിനേക്കാളും സ്വപ്നത്തേക്കാളും ഏറ്റവും ശക്തമായ യാഥാർത്ഥ്യാനുഭവം. ദേഹം നിലനിൽക്കെയുള്ള തുരീയാനുഭവം അഖണ്ഢ-നിശ്ചല-നിസ്സംഗതയാണ്. അനശ്വരതയുടെ അനുഭവമാണ് ഇത്.

ഈ അവസ്ഥയുടെ ഏറ്റവും വലിയ പ്രത്യേകത തുടർച്ചയായി അനുഭവപ്പെടുന്ന പരമാനന്ദമാണ്. മാത്രമല്ല നമുക്കാവശ്യമുള്ളപ്പോൾ വികാരങ്ങളിലെ സന്തോഷവും സുഖവും അനുഭവിക്കാമെന്നതും ദുഖത്തെ പൂർണ്ണമായും ഇല്ലാതാക്കാനും കഴിയുമെന്നതുമാണ്. രോഗങ്ങളും അപകടങ്ങളും മൂലമുള്ള വേദനയെ ഒരു പരിധിവരെ നിയന്ത്രിക്കാനും നിർവ്വീര്യമാക്കാനും ഈ അവസ്ഥയ്ക്ക് കഴിയും.

ജാഗ്രത് എന്ന ഭ്രമാനുഭവത്തിന്റെ സംഭവങ്ങളെല്ലാം നമുക്ക് അനുകൂലമാകുന്നതായി ജീവിതാവസാനം വരെ അനുഭവപ്പെട്ടു കൊണ്ടിരിക്കുമെന്നതാണ് ഇന്നുവരെയുള്ള എന്റെ അനുഭവം സൂചിപ്പിക്കുന്നത്. ഈ ബോധാവസ്ഥയിൽ നശ്വരത മറക്കാതെ നിലനിൽക്കുന്നതിനാൽ യാദൃശ്ചികമായും അല്ലാതെയും ഉണ്ടാകുന്ന വരുമാനത്തിൽ ആഢംബരമായും സന്തോഷകരമായും ജീവിക്കാൻ കഴിയുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകത.

**65. ശി:-** ജീവിച്ചിരിക്കെ മോക്ഷാവസ്ഥയിൽ എത്തുന്ന ഒരാൾക്ക് മാനസിക ദുഃഖം പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയും എന്നാൽ ശാരീരിക വേദനകളെ ഒരുപരിധിവരെ മാത്രമെ ഇല്ലാതാക്കാൻ കഴിയുകയുള്ളു എന്ന് പറയുന്നത് എന്തുകൊണ്ടാണ് ?

**മാസ്റ്റർ:-** ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയിൽ സഹജവാസനകൾ സ്വയം പ്രവർത്തിക്കുന്നതിനാൽ സദാസമയവും ശ്രദ്ധയിൽ ജീവിച്ചാൽ മാത്രമെ അവ മൂലമുള്ള അപകടങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും രക്ഷപ്പെടാൻ കഴിയുകയുള്ളു. എന്നാൽ സദാസമയവും ശ്രദ്ധയിൽ ഉണർന്നിരിക്കാനുള്ള കഴിവ് ബുദ്ധിക്കില്ല അഥവാ ഉയർന്ന ബോധത്തിൽ 24 മണിക്കൂറും നിലനിൽക്കാനുള്ള കഴിവ് ഒരു ജീവന്മുക്തനു പോലും ഇല്ലാത്തതിനാലാണ് ശാരീരിക വേദനകളെ പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയുകയില്ല എന്ന് പറയുന്നത്.

**66. ശി:-** ജാഗ്രത്തിൽ ഉണരുന്ന ബോധം, ദേഹത്തിൽ പ്രോഗ്രാം ചെയ്തുവച്ചിരിക്കുന്ന വാസനകളെ തിരിച്ചറിയുമ്പോൾ ഉണ്ടാകുന്ന പ്രവർത്തനമാണ് വികാരങ്ങൾ. ഈ വികാരങ്ങൾ ശാരീരിക വേദനയെന്ന യാഥാർത്ഥ്യത്തെപ്പോലും കടന്ന് യാഥാർത്ഥ്യമല്ലാത്ത ദുഃഖമായും സന്തോഷമായും മാറുമെന്നാണ് ബോധശാസ്ത്രം പറയുന്നത്. യാഥാർത്ഥ്യമല്ലാത്ത ഒരനുഭവം കൊണ്ട് യാഥാർത്ഥ്യമായ അനുഭവത്തെ എങ്ങിനെയാണ് മറച്ചുപിടിക്കുന്നത് ?

**മാസ്റ്റർ:-** ഏറ്റവും യാഥാർത്ഥ്യം കൂടിയ അനുഭവമാണ് സുഖവും വേദനയും. ഇവ രണ്ടും ശരീരവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. വേദന ആവശ്യമില്ലെന്നും സുഖം ആവശ്യമാണെന്നും ഉള്ള മനോഭാവമാണ് എല്ലാ മാനസിക ദുഃഖങ്ങൾക്കും കാരണം. എന്തും വേണമെന്നും വേണ്ടെന്നും (രാഗം, ദ്വേഷം) ആഗ്രഹിക്കുമ്പോഴാണ് വികാരങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ശരീരം വേദനിക്കുമ്പോൾ വികാരങ്ങളുടെ കൂട്ടമായ മനസ്സ് ദുഃഖിക്കുന്നു. ശരീരം സുഖിക്കുമ്പോൾ മനസ്സ് സന്തോഷിക്കുന്നു.

അടിസ്ഥാനപരമായി ശരീരത്തിന്റെ സുഖവും വേദനയുമാണ് ദുഃഖത്തിനും സന്തോഷത്തിനും കാരണമെന്ന് കണ്ടുപിടിക്കുക എളുപ്പമല്ല.

ആഹാരവും ജലവും വായുവും ലഭിക്കാത്ത അവസ്ഥ വന്നാൽ അത് മനസ്സിൽ ദുഃഖവും അസ്വസ്ഥതയും ഉണ്ടാക്കുന്നു. അതായത് വിശപ്പു കൊണ്ട് ശരീരത്തിന്റെ സുഖം നഷ്ടപ്പെടുന്നു. കാമുകന്റെ പ്രേമം കാമുകി അംഗീകരിച്ചില്ലെങ്കിൽ കാമുകൻ നിരാശ സഹിക്ക വയ്യാതെ ആത്മഹത്യയെക്കുറിച്ചും കൊലപാതകത്തെക്കുറിച്ചും ചിന്തിക്കുന്നു. കാരണം കാമുകി നൽകുമെന്ന് പ്രതീക്ഷിച്ച ലൈംഗിക സുഖം നഷ്ടപ്പെടുന്നു.

മറ്റു ജീവജാലങ്ങൾക്ക് വിശപ്പും ദാഹവും ലൈംഗികതയും ഉണ്ടായാൽ അത് ദുഃഖമായി മാറാറില്ല എന്നും ആത്മഹത്യ ചെയ്യുന്നില്ല എന്ന് കാണുന്നത് കൊണ്ടും അവയ്ക്ക് മനുഷ്യരെപ്പോലെ വിഭ്രമ- മതിഭ്രമ വികാരങ്ങൾ ഇല്ല എന്ന് തെളിയുന്നു.

ആഹാരവും ജലവും ഇല്ലെങ്കിൽ അന്വേഷിച്ചോ യാചിച്ചോ കണ്ടെത്താം. ഒരു കാമുകി പോയാൽ മറ്റൊരു കാമുകിയെ കണ്ടെത്താം എന്നാൽ ഇവയൊന്നും സാദ്ധ്യമല്ല എന്ന് മനുഷ്യർ ദിനവും തെളിയിച്ചു കൊണ്ടിരിക്കുന്നു. അതായത് പരിഹരിക്കാവുന്ന വേദനയും ദുഃഖവും പരിഹരിക്കാതെ ദുഃഖത്തിന്റെയും നിരാശയുടെയും വികാരങ്ങൾ കൊണ്ട് മനുഷ്യൻ സ്വന്തം ജീവനെയും മറ്റുള്ളവരുടെ ജീവനെയും നശിപ്പിക്കുന്നതായി കാണുന്നു. അതുകൊണ്ടാണ് യഥാർത്ഥമായ വേദനയെക്കാൾ യഥാർത്ഥമല്ലാത്ത വികാരാനുഭവങ്ങളാണ് ശക്തമെന്ന് പറയേണ്ടി വന്നത്.

**67. ശി:-** ബോധത്തിന്റെ നിസ്സംഗതയെ വ്യക്തിബോധം ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങളായി വിഭജിക്കുന്നതെങ്ങിനെയെന്ന് വിശദീകരിക്കാമോ?

**മാസ്റ്റർ:-** അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിയും അവബോധവും കൊണ്ട് സ്വർണ്ണത്തിന്റെയും കരിക്കട്ടയുടെയും അടിസ്ഥാന കണങ്ങൾ ഒന്നാണെന്ന് തിരിച്ചറിയുന്നതിനെയാണ് ഭ്രമാനുഭവം എന്ന് പറയുന്നത്. അവയിൽ സ്വർണ്ണം തനിക്ക് വേണമെന്നും അതിന് പകരം കരിക്കട്ട തനിക്ക് സ്വീകാര്യമല്ല എന്ന് ചിന്തിക്കുമ്പോൾ ഭ്രമാനുഭവം, ഭ്രമവികാരാനുഭവമായി വസ്തുക്കളെ രണ്ടായി തരം തിരിക്കുന്നു (അതായത് വിലപിടിപ്പുള്ളതും വില പിടിപ്പില്ലാത്തതും അഥവാ ഭംഗിയുള്ളതും ഭംഗി ഇല്ലാത്തതും). ഇങ്ങനെ വ്യക്തിബോധം ബോധത്തിന്റെ നിസ്സംഗതയെ ഭ്രമം കൊണ്ട് രണ്ടായി വിഘടിപ്പിക്കുന്നു.

ഒരു സുന്ദരിയായ സ്ത്രീയെ കാണുമ്പോൾ മനസ്സിനുണ്ടാകുന്ന സന്തോഷവും ആ സ്ത്രീയെ ലഭിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന ദുഃഖാനുഭവവും വിഭ്രമവികാരാനുഭവങ്ങൾക്ക് ഉദാഹരണമാണ്. ഇവിടെ വ്യക്തിബോധം ബോധത്തിന്റെ നിസ്സംഗതയെ സന്തോഷ-ദുഃഖങ്ങളായി ഭ്രമം കൊണ്ട് വിഭജിക്കുന്നു.

പ്രപഞ്ചത്തെയും ജീവനെയും മനുഷ്യനെയും സൃഷ്ടിച്ചത് തനിക്ക് പുറത്തു നിൽക്കുന്ന ഒരു ദൈവീക ശക്തിയാണെന്നും ആ ശക്തിക്ക്

സുഖവും സന്തോഷവും സമ്പന്നതയും തരാൻ കഴിയുമെന്ന് വിശ്വസിക്കുകയും; എന്നാൽ തന്നെ ദുഃഖിപ്പിക്കുകയും വേദനിപ്പിക്കുകയും ദരിദ്രമാക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന മറ്റൊരു ശക്തി ഉണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന അനുഭവത്തെയാണ് മതിഭ്രമാനുഭവം എന്ന് പറയുന്നത്. ഇവിടെ വ്യക്തിബോധം, ബോധത്തെ ഭ്രമം കൊണ്ട് രണ്ട് എതിർ വിശ്വാസങ്ങളായി വിഭജിക്കുന്നു. ഈ വിശ്വാസങ്ങൾ വികാരങ്ങളായി മാറുന്നതിനെയാണ് ആത്മീയത, ആഭിചാരങ്ങൾ എന്നെല്ലാം വിളിക്കുന്നത്.

**68. ശി:-** അങ്ങു സാക്ഷാൽ പരബ്രഹ്മം തന്നെ. ഗുരു സാക്ഷാൽ പരബ്രഹ്മം എന്ന വേദാന്തവാക്യം സത്യം തന്നെ.

**മാസ്റ്റർ:-** ഞാൻ ആരുടെയും ഗുരുവും രക്ഷകനുമല്ല. വെറും അദ്ധ്യാപകനാണ്. സൂക്ഷ്മ നിരീക്ഷണം കൊണ്ട് അസ്തിത്വത്തിന്റെ അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക മാത്രമെ ചെയ്തിട്ടുള്ളു. സാമാന്യ ബുദ്ധിയുള്ള ആർക്കും ഇതു കഴിയും. ഞാൻ നടത്തിയ സൂക്ഷ്മ നിരീക്ഷണം എങ്ങിനെ ആയിരുന്നു എന്നാണ് 'ബോധശാസ്ത്രത്തിന് ഒരു പാഠപുസ്തകം' എന്ന കൃതിയിൽ വിവരിച്ചിരിക്കുന്നത്. അത് പഠിക്കുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ആർക്കും സൂക്ഷ്മത ലഭിക്കുകയും ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് തുരീയമെന്ന മോക്ഷാവസ്ഥയായ അഖണ്ഢ-നിശ്ചല-നിസ്സംഗമെന്ന ബോധത്തിലേക്ക് ഉണരാൻ കഴിയുകയും ചെയ്യും.

**69. ശി:-** അങ്ങ് ഒരു സാധാരണ അദ്ധ്യാപകനല്ല. അദ്ധ്യാപകൻ ഇടനിലക്കാരനാണ്. ഒരാൾ കണ്ടെത്തിയ സത്യം സ്വയം മനസ്സിലാക്കി മറ്റൊരാൾക്ക് പറഞ്ഞു കൊടുക്കുന്നവനാണ് അദ്ധ്യാപകൻ. അദ്ധ്യാപകൻ ഒരിക്കലും താൻ അറിഞ്ഞതിനെ അനുഭവിക്കാനോ പരീക്ഷണ, നിരീക്ഷണങ്ങൾ കൊണ്ട് ഉറപ്പു വരുത്താനോ ശ്രമിക്കുകയില്ല. നിലനിൽപ്പിന്റെ ആഹാരത്തിനും വസ്തുവഹകൾക്കും വേണ്ടിയാണ് അദ്ധ്യാപകൻ പഠിപ്പിക്കുന്നത്. അനേക വർഷം ഞാൻ നടത്തിയ അസ്തിത്വത്തെക്കുറിച്ചുള്ള ഗവേഷണ പഠനങ്ങൾക്കുപോലും നൽകാൻ കഴിയാതിരുന്ന ഈ സത്യങ്ങൾ കാര്യമായി ഒരു ഗവേഷണവും നടത്താതിരുന്ന അങ്ങേയ്ക്കെങ്ങിനെ ലഭിച്ചു?

**മാസ്റ്റർ:-** തുരീയം എന്ന അഖണ്ഢ-നിശ്ചല-നിസ്സംഗമായ ബോധം ഉറങ്ങുകയും ജാഗ്രത് എന്ന ഭ്രമത്തിലേക്ക് ഉണരുകയും ചെയ്യുമ്പോൾ തുരീയാവസ്ഥ താഴ്ന്ന്, ഖണ്ഢ-ചലന-വികാരങ്ങൾ ഉണ്ടാകുന്നു എന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ ബോധം ഭ്രമ-വിഭ്രമ-മതിഭ്രമ അനുഭവങ്ങളായി മാറിപ്പോകുന്നു.

അവബോധവും ശ്രദ്ധയും ഓർമ്മയും കൊണ്ടു തന്നെ ഇതൊരു ഭ്രമാനുഭവമാണെന്ന് തിരിച്ചറിയാനും, തിരിച്ച് തുരീയത്തിലേക്ക് ഉണരാനും കഴിയും.

എന്നാൽ ഭ്രമാനുഭവം അഥവാ നശ്വരതാനുഭവം, ഭ്രമ-വിഭ്രമ-മതിഭ്രമ-വികാരങ്ങളായി മാറിയാൽ അവബോധത്തെയും ശ്രദ്ധയേയും വ്യക്തിബോധം തന്റെ സ്വാർത്ഥ താൽപ്പര്യങ്ങൾ നേടിയെടുക്കാനുള്ള ബുദ്ധിക്കായി ഉപയോഗപ്പെടുത്തും. അങ്ങിനെ ബോധം ഉയരേണ്ടതിന് പകരം വീണ്ടും താഴുകയും നശ്വരതയെ സത്യം എന്ന് ബോദ്ധ്യപ്പെടുത്തുന്ന ബുദ്ധി വർദ്ധിക്കുകയും ചെയ്യും. ഈ സത്യം മനസ്സിലാക്കി അവബോധത്തെയും ശ്രദ്ധയെയും സ്വന്തം അസ്തിത്വത്തിന്റെ നശ്വരതയെ മറക്കാതെ നിലനിർത്തിയാൽ മിസ്റ്റിക് ഊർജ്ജം വർദ്ധിച്ച് ജാഗ്രത് എന്ന ബോധതലത്തിൽ നിന്നും സാവധാനം തുരീയമെന്ന ബോധതലത്തിലേക്ക് ഉയരുന്നു.

അന്വേഷണവും ഗവേഷണവും തന്നെ ഒഴിച്ച് മറ്റുള്ളവയിൽ ആയിരുന്നതിനാലും അന്വേഷണ വിഷയം നശ്വരമാണെന്ന് മറന്നതു കൊണ്ടുമാണ് നിനക്ക് ഈ സത്യങ്ങൾ വെളിപ്പെടാതിരുന്നത്.

**70. ശി:-** മനുഷ്യന് മാത്രമാണ് അസഹനീയമായ മാനസിക ശാരീരിക വേദനകൾ ഉള്ളത് എന്നതു കൊണ്ടാണ് കേവല യാഥാർത്ഥ്യമെന്ന മോക്ഷം നേടുന്നതാണ് മനുഷ്യന്റെ ലക്ഷ്യമെന്ന് അങ്ങ് പറയുന്നതിന്റെ അടിസ്ഥാനം.

ഈ വേദനകളെ ഇല്ലാതാക്കാൻ ശരിയായ മാർഗ്ഗം ഉപയോഗിക്കാതെ തെറ്റായ മാർഗ്ഗങ്ങൾ ഉപയോഗിക്കുമ്പോഴാണ് ജീവിതം കൂടുതൽ സ്വാർത്ഥതയിലേക്ക് നയിക്കപ്പെടുന്നത്. ഇത്തരം ഒരവസ്ഥ മറ്റു ജീവജാലങ്ങൾക്ക് ഇല്ല എന്നാണ് അങ്ങ് തെളിയിച്ചിരിക്കുന്നത്.

നമ്മുടെ ഈ ലോകത്ത് ധാരാളം ജന്തു സ്നേഹികളുണ്ട്. ജന്തുക്കളെ ഉപദ്രവിക്കുന്നതിനെതിരായുള്ള നിയമങ്ങളും സംഘടനകളും ഉണ്ട്. മനുഷ്യരെപ്പോലെ ജന്തുക്കൾ മാനസിക ശാരീരിക വേദനകൾ അനുഭവിക്കുന്നില്ല എന്ന് അറിയുന്നുവെങ്കിൽ ജന്തുക്കളെ ഉപദ്രവിക്കുന്നത് തെറ്റല്ല എന്ന് വരും. ഇതൊന്ന് വ്യക്തമാക്കാമോ?

**മാസ്റ്റർ:-** ജീവൻ വേദനയാണ്. ജീവനെ നിലനിർത്താൻ ശ്രമിക്കുമ്പോഴാണ് എല്ലാ ജീവികളും കഷ്ടപ്പെടുന്നത്. അതിനാൽ ഒരു ഉറുമ്പിനെപ്പോലും മനുഷ്യർ നോവിക്കുന്നത് തെറ്റാണ്. കാരണം വേദനയെ

മാനസിക ശാരീരിക തലത്തിൽ തിരിച്ചറിഞ്ഞനുഭവിക്കുന്ന ഒരേ ഒരു ജീവി മനുഷ്യൻ മാത്രമാണ്.

മനുഷ്യൻ വേദനയെ അറിയുന്നതുപോലെ മറ്റൊരു ജീവിയും വേദനയെ അറിയുന്നില്ല. വേദനയെ അറിയുന്നവനെ വേദനയെ ഇല്ലാതാക്കാൻ കഴിയുകയുള്ളു. ജന്തുക്കൾക്ക് മാനസിക വേദന ഇല്ല. അതിനാൽ ശാരീരിക വേദനയുടെ കാഠിന്യം കുറവാണ് എന്നതു കൊണ്ട് അവരെ ഉപദ്രവിക്കുന്നത് ന്യായീകരിക്കാൻ ആവില്ല. അനുഭവിക്കുന്ന രീതി കൊണ്ട് വേദനയെ വേർതിരിക്കാൻ പാടില്ല. വേദനയെ വിറ്റ് പണമാക്കുന്നത് ക്രിമിനൽ കുറ്റമായി കണ്ട് അതിനെതിരെ നിയമം ഉണ്ടാക്കണം. അത്തരം ബോധം ഉയർന്ന സമൂഹത്തിൽ മൃഗങ്ങൾ സംരക്ഷിക്കപ്പെടും.

വേദനയുടെ കാരണത്തെയും പ്രത്യേകതയെയും കുറിച്ച് പഠിക്കുന്ന ഒരു ശാസ്ത്ര ശാഖ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു പകരം വേദനയെ കച്ചവടമാക്കി മാറ്റിയാൽ അൽപ്പനാൾ കൂടി കഴിയുമ്പോൾ മനുഷ്യന് ഭക്ഷ്യയോഗ്യമായ എല്ലാ ജീവികളും അന്യം നിന്നു പോകുകയും ലോകം മുഴുവനും പാലിയേറ്റീവ് സെന്ററുകൾ കൊണ്ട് നിറയുകയും ചെയ്യും. മനുഷ്യന്റെ വേദനയുടെ വ്യത്യാസവും ആഴവും രീതികളും ബോദ്ധ്യപ്പെടുത്തുന്ന ഒരു ശാസ്ത്രം നമുക്കുണ്ടായിരുന്നുവെങ്കിൽ എല്ലാ മനുഷ്യരും അതിൽ നിന്നുള്ള മോചനത്തിന്റെ മാർഗ്ഗം (മോക്ഷം)അന്വേഷിക്കുമായിരുന്നു. ജനസംഖ്യ ഇന്നുള്ളതിന്റെ പകുതിയെങ്കിലുമായി കുറയുമായിരുന്നു. വേദനയെ കുറയ്ക്കുന്ന പോംവഴിയാണ് ജനസംഖ്യാനിയന്ത്രണം എന്ന് മനുഷ്യർക്ക് അനുഭവപ്പെടണമെങ്കിൽ വേദന എന്ന ഭ്രമവും അതിന്റെ കാരണവും ആഴവും വ്യത്യാസവും എന്തെന്ന് ഒന്നാം ക്ലാസ് മുതൽ കുട്ടികളെ പഠിപ്പിക്കുന്ന സംവിധാനം ഉണ്ടാകണം.

**71. ശി:-** നിലനിൽപ്പിന്റെ ആഗ്രഹങ്ങളെ നേടാൻ ബുദ്ധി ഉപയോഗിക്കാതെ **'ഞാൻ ആര് '** എന്നന്വേഷിക്കാൻ പുറപ്പെട്ടാൽ ജീവിതം തകർന്നു പോകുകയില്ലെ?

**മാസ്റ്റർ:-** തകരാതിരിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിലല്ലേ തകരുമോ എന്ന് ചിന്തിച്ച് വിഷമിക്കാൻ കഴിയുകയുള്ളു?

നശ്വരതയെക്കാൾ വലിയ തകർച്ച എന്താണ് ? ദുഃഖവും വേദനയും അൽപ്പം സന്തോഷവുമാണ് നശ്വരതയെ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്നത്. ആ യാഥാർത്ഥ്യ ബോധമാണ് നശ്വരതയിൽ ഒരു തകർച്ച ഉണ്ടെന്ന് ബോദ്ധ്യപ്പെടുത്തുന്നത്.

ആധുനിക ലോകത്ത് ജീവിക്കാൻ ധനം മാത്രം മതി, വികാരങ്ങളുടെ ആവശ്യം ഇല്ല. അതിനാൽ ഓരോ വ്യക്തിയും അവരവരുടെതായ ബുദ്ധി കൊണ്ടും കർമ്മം കൊണ്ടും സമ്പാദിക്കുന്ന പണം വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷി അഥവാ സഹജവാസന കൊണ്ട് നഷ്ടപ്പെടുത്താൻ അനുവദിച്ചില്ലെങ്കിൽ ഈ ഭൂമി പറുദീസയായി എല്ലാവർക്കും അനുഭവപ്പെടും. എന്നാൽ വികാരങ്ങളുടെ സങ്കൽപ്പം കൊണ്ടുണ്ടാകുന്ന ആഢംബരങ്ങളും മോഹങ്ങളും ദരിദ്രന്റെയും ധനികന്റെയും ജീവിതത്തെ ഒരുപോലെ ഓട്ടക്കലമാക്കി മാറ്റുന്നു. മരണംവരെ എത്ര സമ്പാദിച്ചാലും ജീവിക്കാൻ ഇത്രയ്ക്ക് ധനം മതി എന്നാർക്കും ജീവിതാവസാനംവരെ തോന്നുകയില്ല. അതിനാൽ എല്ലാവരുടെയും ജീവിതം ദുഃഖവും വേദനയും കൊണ്ട് എന്നും തകർന്നു കൊണ്ടിരിക്കും. എന്നിട്ടും അസ്തിത്വത്തിന്റെ അർത്ഥം അന്വേഷിക്കാൻ ബുദ്ധിയെ ഉപയോഗപ്പെടുത്തുമ്പോൾ ജീവിതം തകർന്നു പോകുകയില്ലെ എന്ന് ചോദിക്കുന്നത് ധാർഷ്ഠ്യം കൊണ്ടു മാത്രമാണ്.

വിഭ്രമ-മതിഭ്രമ വികാരങ്ങൾ ധാർഷ്ഠ്യമായി മാറുമ്പോഴാണ് ഓരോ വ്യക്തിയുടെയും ജീവിതത്തെ അത് കബളിപ്പിക്കുന്നത്.

സ്വന്തം അസ്തിത്വത്തിന്റെ അർത്ഥം അന്വേഷിക്കാൻ അവബോധത്തെയും ശ്രദ്ധയെയും ബുദ്ധിയെയും ഉപാധികൾക്കതീതമായി ഉപയോഗപ്പെടുത്തിയാൽ, വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷി നഷ്ടപ്പെടുകയും കബളിപ്പിക്കപ്പെടുന്നതിൽ നിന്ന് വ്യക്തിബോധം രക്ഷ നേടുകയും ചെയ്യും. ബോധം ഉയർന്നാൽ 'ഞാൻ' എന്നത് ശുദ്ധ ബോധം ആണെന്നും അതിന് നാശമില്ലെന്നും ദേഹവും പ്രപഞ്ച വസ്തുക്കളും നശിച്ചു പോകുന്നതാണെന്നും മനസ്സിലാകും.

താഴ്ന്ന ബോധത്തിൽ 'ഞാൻ ആര്" എന്ന് അന്വേഷിക്കാൻ പുറപ്പെട്ടാൽ ജീവിതം തകർന്ന് പോയേക്കാം. ബോധത്തെ എങ്ങിനെ ഉയർത്താമെന്നാണ് അന്വേഷിക്കേണ്ടത്. അതായത് നിലനിൽപ്പിന്റെ അർത്ഥമാണ് അന്വേഷിക്കേണ്ടത്. അല്ലാതെ 'ഞാൻ ആര്" എന്ന് അന്വേഷിക്കുകയല്ല വേണ്ടത്. നശ്വരമായ ദേഹത്തിൽ ഇരുന്നു കൊണ്ട് ദേഹം ഞാൻ ആണെന്നും എന്റേതാണെന്നും ചിന്തിച്ചു കൊണ്ട് അന്വേഷണം തുടരുന്നത് കൊണ്ട് എന്താണ് പ്രയോജനം.

ബോധം ഉയർന്നാൽ ജീവിതം ആഢംബരങ്ങളുടെയും മോഹങ്ങളുടെയും മാസ്മര വലയത്തിൽ നിന്ന് പുറത്തു വന്ന് വസ്തുനിഷ്ഠതയോടെ ജീവിതത്തെ കാണുകയും അതുകൊണ്ടു തന്നെ സമ്പന്നത വർദ്ധിക്കുകയും സമാധാനവും സന്തോഷവും സുഖവും കൊണ്ട്

സ്ഥായിയായി നിലനിൽക്കുകയും ചെയ്യും. ഇത് ജീവിതത്തിന്റെ തകർച്ച യാണെന്ന് തിരിച്ചറിയുന്നവൻ വികാരങ്ങൾ കൊണ്ട് ഭ്രാന്ത് പിടിച്ചവ നാണ്.

ബോധശാസ്ത്രം ഇന്ന് നിലനിൽക്കുന്ന ജീവിതവും ആത്മീയത യുമായി പൊരുത്തപ്പെടാത്ത ശാസ്ത്രമല്ല. എല്ലാ മതങ്ങളും ആത്മീയ ശാസ്ത്രങ്ങളും മനുഷ്യന്റെ ബോധോദയവും മോക്ഷവും തന്നെയാണ് അർത്ഥമാക്കുന്നത്. എന്നാൽ എന്താണ് ബോധോദയവും മോക്ഷവും എന്ന് അവർക്ക് നിർവ്വചിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് പരിശ്രമങ്ങ ളെല്ലാം പാഴായി പോയി.

നീന്തൽ അറിയുന്നതും അറിയാത്തതുമായ രണ്ടാളുകൾ വെള്ള ത്തിൽ വീണാൽ രക്ഷപ്പെടാൻ ഉപയോഗിക്കുന്നത് ഒരേ മാർഗ്ഗങ്ങൾ തന്നെയാണ്. രണ്ടുപേരും ഒരുപോലെ വെള്ളത്തിൽ കൈകാലുകൾ ഇട്ടടിക്കുന്നു. എന്നാൽ നീന്തൽ അറിയുന്നവൻ കൈകാലുകൾ ഇട്ടടി ക്കുമ്പോൾ രക്ഷപ്പെടുകയും നീന്തൽ അറിയാത്തവൻ മരിക്കുകയും ചെയ്യുന്നു.

ജനനം മുതൽ മരണം വരെ എല്ലാ മനുഷ്യരുടെയും ജീവിതം ഒരു പോലെ കർമ്മ പ്രാരബ്ധങ്ങളുടെ വേദനയും വികാരങ്ങളുടെ ദുഃഖവും കൊണ്ട് നിറഞ്ഞതാണ്. എന്നാൽ നശ്വരതയെ അനുഭവമാക്കുന്നവനും സ്വാർത്ഥതയെ ഇല്ലാതാക്കുന്നവനും, മോക്ഷം നേടുകയും എന്നാൽ നശ്വരതയെ അനുഭവമാക്കാത്തവനും സ്വാർത്ഥനും സംസാര സാഗ രത്തിൽ മുങ്ങിയും പൊങ്ങിയും പ്രാരബ്ധങ്ങളും ദുഃഖവും എന്നും അനുഭവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഉയർന്ന ബോധത്തിൽ ജീവിക്കുന്നവന്റെ പ്രാരബ്ധങ്ങളും വികാരങ്ങളും കുറയുകയും ജീവിതം യാദൃശ്ചികമായി വന്നു ചേരുന്ന സന്തോഷവും സമാധാനവും സുഖവും സമ്പന്നതയും കൊണ്ട് നിറയുകയും ചെയ്യുന്നു. എന്നാൽ സ്വാർത്ഥത കൊണ്ട് ഇവ നേടാൻ ശ്രമിക്കുന്നവന്റെ ജീവിതം ദുഃഖവും വേദനയും ആകുകയും അത് പല ജന്മങ്ങളിലായി ആവർത്തിക്കപ്പെടു കയും ചെയ്യുന്നു.

### അദ്ധ്യായം പതിമൂന്ന്

# ജീവശക്തി എന്ന സ്വേച്ഛാധിപതി

**72. ശി:-** വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷി എന്ന് പറയുന്നത് എന്താണ്?

**മാസ്റ്റർ:-** തുരീയാവസ്ഥയിൽ നിന്ന് ബോധം ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയിലേക്ക് ഉണരുമ്പോഴാണ് ബോധം ഭ്രമിക്കുന്നത്. അവബോധവും അനുഭവവും ചേർന്നാണ് ഈ ഭ്രമത്തെ വികാരങ്ങളായി മാറ്റുന്നത്. ദേഹത്തിൽ ബോധം ഉണരുന്നതായും ദേഹത്തിന്റെ സഹജവാസനകൾ തന്റെ സ്വന്തം വാസനകളാണെന്നും ബോധം ധരിക്കുന്നതായും തോന്നുന്നു. ഈ സഹജവാസനകൾ സ്വയം പ്രവർത്തിക്കുന്ന പ്രോഗ്രാമുകളാണ്. ഇവയുടെ സ്വയം പ്രവർത്തനത്തെ അവബോധം തിരിച്ചറിയുകയും ഓർമ്മയുടെ തുടർച്ച കൊണ്ട് ഒരു സംഭവമായി അനുഭവിക്കുകയും ചെയ്യുമ്പോൾ അവ നന്മ-തിന്മ, പാപം-പുണ്യം, നീതി-അനീതി എന്നിവയുടെ വിവിധ സംഭവങ്ങളായി ഭ്രമിക്കുന്നു. അതിനാൽ സഹജവാസനകളുടെ സ്വയം പ്രവർത്തന ശക്തി വികാരങ്ങൾക്കും ഉള്ളതായി തോന്നുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ചില കാര്യങ്ങൾ ശരിയാണെന്ന് മനസ്സിലായാലും അത് ചെയ്യാൻ കഴിയാതാകുന്നതും; ചില കാര്യങ്ങൾ തെറ്റാണെന്ന് അറിഞ്ഞാലും ചെയ്തു പോകുന്നതും. ഇത് വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷിക്ക് ഉദാഹരണമാണ്.

ഈ അവസ്ഥയെയാണ് നാം ദുശ്ശാഠ്യം, പിടിവാശി, അഹങ്കാരം എന്നെല്ലാം വിളിക്കുന്നത്.

ദേഷ്യപ്പെടരുത് എന്ന് വിചാരിച്ചാൽ ദേഷ്യപ്പെട്ട് പോകുന്നതും, ദേഷ്യപ്പെടണമെന്ന് വിചാരിച്ചാൽ ദേഷ്യപ്പെടാൻ പറ്റാതെ പോകുന്നതും വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷി കൊണ്ടാണ്. നാം നമ്മെ ശ്രദ്ധിക്കാതെ മറ്റുള്ളവരെ ശ്രദ്ധിക്കുമ്പോഴും അശ്രദ്ധയിൽ നിൽക്കുമ്പോഴും മാത്രമെ വികാരങ്ങൾക്ക് സ്വയം നിർണ്ണയത്വം പ്രാവർത്തികമാക്കാൻ കഴിയുകയുള്ളു. കാരണം അശ്രദ്ധയിൽ സഹജവാസനകൾ തനിയെ പ്രവർത്തിക്കും. എന്നാൽ ശ്രദ്ധിച്ചാൽ അവയ്ക്ക് പ്രവർത്തിക്കണമെങ്കിൽ നമ്മുടെ അനുവാദം വേണ്ടിവരും.

അതിനാൽ എല്ലാ തിന്മകളും അനീതിയും പാപവുമെല്ലാം അശ്രദ്ധയിൽ നിന്നാണ് ഉണ്ടാകുന്നത്. അശ്രദ്ധയിൽ മാത്രമെ വികാരങ്ങൾക്ക് സ്വയം നിർണ്ണയ ശേഷി ഉണ്ടാകുകയുള്ളു.

കുറച്ചു പണം മിച്ചമായി കൈയ്യിൽ ഇരുന്നാൽ അതിനൊരു ചെലവ് കണ്ടുപിടിക്കുന്നതിലും; പിശുക്കു കൊണ്ട് മിച്ചം വയ്ക്കുന്ന പണം നിലനിൽപ്പിന്റെ ആവശ്യങ്ങൾക്കു പോലും ചിലവഴിക്കാതിരിക്കുന്നതും വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷി കൊണ്ടാണ്.

ആഗ്രഹങ്ങൾ ജനനം മുതൽ മരണംവരെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ചാടി കൊണ്ടിരിക്കുന്നതും ഇതു കൊണ്ട് തന്നെയാണ്. നശ്വരമായ വസ്തുക്കൾക്കും ജീവനും വേണ്ടി യുദ്ധം ചെയ്യുന്നതും കടക്കാരാകുന്നതും അശ്രദ്ധ കൊണ്ടുണ്ടാകുന്ന വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷി കൊണ്ടാണ്.

സമ്പത്ത് കൊണ്ട് സമ്പന്നമായ രാഷ്ട്രങ്ങളും കുടുംബങ്ങളും അരാജകത്വത്തിലും കടക്കെണിയിലും അധഃപതിക്കുന്നത് അവരുടെ വികാരങ്ങളുടെ സ്വയം നിർണ്ണയത്വം കൊണ്ടാണ്. ഇവയിൽ നിന്നെല്ലാം രക്ഷപ്പെടണമെങ്കിൽ തന്നെത്തന്നെ ശ്രദ്ധിക്കാൻ പഠിപ്പിക്കുന്ന ബോധശാസ്ത്ര സ്കൂളുകൾ സ്ഥാപിക്കണം.

**73. ശിഃ-** ബോധത്തിൽ ഉയർന്നാൽ മാത്രമെ ജാഗ്രത്തിൽ നിന്നും തുരീയാവസ്ഥയിലേക്ക് ഉണരാൻ കഴിയുകയുള്ളു എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്. ജാഗ്രത് എന്ന് പറയുന്നത് തന്നെ ഉണർന്ന അവസ്ഥയാണ്. അതിൽ നിന്നും വീണ്ടും എങ്ങിനെ ഉണരാൻ കഴിയും?

**മാസ്റ്റർ**:- അദ്വൈതാനുഭവം അഥവാ തുരീയം അഥവാ ബോധവും ദേഹവും രണ്ടാണെന്ന ഉയർന്ന ബോധാവസ്ഥയിൽ എത്തിയപ്പോഴാണ് ജാഗ്രത്, സ്വപ്നത്തിന് സമാനമായ ഭ്രമമാണെന്നും അതിൽ നിന്നും വീണ്ടും ഉണരാൻ കഴിയുമെന്നും എനിക്കു മനസ്സിലായത്.

ജാഗ്രത് ഞാൻ കടന്നു വന്ന വഴിയും തുരീയം ഞാൻ ഇപ്പോൾ നിൽക്കുന്ന ബോധാവസ്ഥയുമാണ്. മസ്തിഷ്ക്കത്തിന് ഇവ രണ്ടുമായി കാര്യമായ ബന്ധമൊന്നുമില്ല എന്ന് ഇപ്പോഴത്തെ അനുഭവം എന്നെ ബോദ്ധ്യപ്പെടുത്തുന്നു. അതുകൊണ്ടാണ് ബോധം തിരിച്ചറിവ് എന്ന ലിങ്കായി മസ്തിഷ്ക്കത്തോട് ബന്ധപ്പെട്ടു നിൽക്കുന്നു എന്നും ദേഹത്തിന്റെ മരണം കൊണ്ട് ഈ ലിങ്ക് വിട്ടു പോവുകയില്ല എന്നും പുതിയ ദേഹങ്ങളിൽ വീണ്ടും ലിങ്ക് സ്ഥാപിച്ചു കൊണ്ടേയിരിക്കുമെന്നും എനിക്ക് പറയേണ്ടി വന്നത്.

വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ട് രൂപം കൊണ്ട വ്യക്തിബോധം അഥവാ ആത്മാവെന്ന ഈ വിശ്വമനസ്സിന്റെ മരണമില്ലായ്മയാണ്

ആത്മീയ അന്വേഷണത്തിൽ എന്നെ പിടിച്ചു നിർത്തിയ ഒന്നാമത്തെ കാര്യം. തിരഞ്ഞെടുപ്പ് നിഷേധിക്കപ്പെട്ട് ഏത് ദേഹവും സ്വീകരിക്കേണ്ടി വരുമെന്നത് ജീവിതത്തിന്റെ ഏതവസ്ഥയിലും ഉൾക്കൊള്ളാൻ കഴി യാത്ത ഒന്നാണ്. അതുകൊണ്ടാണ് സൃഷ്ടിയുടെ രഹസ്യം എന്തെന്ന് അറിയേണ്ടത് എന്റെ ശക്തമായ ആവശ്യമായി മാറിയത്. ഇതാണ് രണ്ടാ മത്തെ കാര്യം.

ജാഗ്രത്തിൽ നിന്ന് ഉണർന്ന് അദ്വൈതാനുഭവത്തിൽ എത്തിയപ്പോ ഴാണ് സൃഷ്ടിയുടെ രഹസ്യം എനിക്കു ബോദ്ധ്യപ്പെട്ടത്. ഉറക്കം ഉണ രുമ്പോൾ സ്വപ്നം യാഥാർത്ഥ്യമല്ല എന്ന് അനുഭവപ്പെടുന്നതു പോലെയാണ് അദ്വൈത അനുഭവത്തിൽ ജാഗ്രത് യാഥാർത്ഥ്യമല്ല എന്ന് അനുഭവപ്പെടുന്നത്. അതുകൊണ്ടാണ് ജാഗ്രത്ത് താഴ്ന്ന ബോധമാ ണെന്നും അതിനേക്കാൾ ഉയർന്ന മറ്റൊരു ബോധതലം ഉണ്ടെന്നും എനിക്ക് പറയേണ്ടി വന്നത്. ആ ബോധതലത്തെ ഒരു പേര് കൊണ്ട് സൂചിപ്പിക്കാൻ കഴിയാതിരുന്നതു കൊണ്ടാണ് വേദാന്തത്തിൽ നിന്ന് തുരീയം എന്ന പദം കടമെടുത്തത്. എന്നാൽ വേദാന്തത്തിൽ തുരീയ ത്തിന് നൽകിയ അർത്ഥമല്ല ബോധശാസ്ത്രത്തിൽ തുരീയത്തിന് നൽകിയിരിക്കുന്നത്. നിനക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതിനാണ് അത്തരം ഒരു പേര് സ്വീകരിച്ചത്.

'ഞാൻ' എന്ന അഹങ്കാരവും 'എന്റേത്'എന്ന മമതാബന്ധങ്ങ ളുടെ അനുഭവങ്ങളുമായിരുന്നു എന്നെ ജാഗ്രത് ഉണർവ്വാണെന്ന് തോന്നിപ്പിച്ചത്. നശ്വരമായ ഈ രണ്ടനുഭവങ്ങളും ഉപേക്ഷിച്ചാൽ ആർക്കും തുരീയത്തിലേക്ക് ഉണരാനുള്ള സാദ്ധ്യത ലഭിക്കും.

തുരീയത്തിലെ സങ്കൽപ്പങ്ങളാണ് ജാഗ്രത്തിന് കാരണം. ജാഗ്ര ത്തിലെ സങ്കൽപ്പങ്ങളാണ് സ്വപ്നത്തിന് കാരണം. സങ്കൽപ്പങ്ങൾ താൽക്കാലികമായി അപ്രത്യക്ഷമാകുന്നതാണ് നിദ്ര. ജാഗ്രത്തിനെ നിലനിർത്തുവാൻ ആവശ്യമായ മിസ്റ്റിക് ഊർജ്ജം ശേഖരിക്കുന്ന ബോധാവസ്ഥയാണ് നിദ്ര. ശക്തമായ വേദനയോ ദുഃഖമോ സന്തോ ഷമോ വരുമ്പോൾ ഉറക്കവും സ്വപ്നവും നഷ്ടപ്പെട്ടു പോകുന്നത് ഇവ ജാഗ്രത്തിനോളം യാഥാർത്ഥ്യമല്ല എന്നും തെളിയിക്കുന്നു. അതായത് സ്വപ്നവും നിദ്രയും ബോധത്തിന്റെ സ്വതന്ത്രമായ അവസ്ഥകളല്ല എന്നർത്ഥം. നിദ്രയും സ്വപ്നവും ഇല്ലെങ്കിലും ജീവൻ നിലനിൽക്കും. എന്നാൽ അത് ഭ്രാന്തന്റെ അവസ്ഥയായിരിക്കുമെന്ന് മാത്രം.

ബോധത്തിന്റെ ഏറ്റവും താഴ്ന്ന അവസ്ഥയാണ് സ്വന്തം വ്യക്തി ത്വത്തെപ്പോലും മറന്നുപോകുന്ന ഉറക്കം. ആദ്യം ഉറക്കം ഉണരുന്നത് സ്വപ്നത്തിലേക്കാണ്. ജ്ഞാനേന്ദ്രിയങ്ങളുടെ സഹായം ഇല്ലാത്ത സ്വപ്നാനുഭവത്തിന് യാഥാർത്ഥ്യാനുഭവവും വ്യക്തതയും കുറവായി

രിക്കും. സ്വപ്നത്തിൽ നിന്ന് ജാഗ്രത്തിലേക്കുണരുമ്പോൾ സ്വപ്ന ത്തിലെ പ്രപഞ്ചവും ദേഹവും ജീവനുമെല്ലാം അപ്രത്യക്ഷമാകുകയാണ് ചെയ്യുന്നത്. അതുപോലെ തന്നെയാണ് അദ്വൈതാനുഭവത്തിൽ എത്തുമ്പോൾ അഥവാ ജനന-മരണ ഭ്രമങ്ങളിൽ നിന്നുണരുമ്പോൾ ജാഗ്രത്തിലെ പ്രപഞ്ചവും ജീവനും ദേഹവും എല്ലാം സ്ഥല-കാലത്തിൽ ഉണ്ടായി നിലനിന്നു മറയുന്ന ഭ്രമമാണെന്ന് അഥവാ നശ്വരമെന്ന അനു ഭവം ഉണ്ടാകുന്നത്.

സ്വപ്നത്തിൽ നിന്ന് ഉണരുമ്പോൾ തന്നെ സ്വപ്ന ലോകം ഇല്ലാ ത്തതാണെന്ന് അറിയുന്നതു പോലെ ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഉണരുമ്പോൾ തന്നെ ഭ്രമ ലോകം ഇല്ലാതാകുകയില്ല. അങ്ങിനെ ഇല്ലാ താകണമെങ്കിൽ ഉണരുന്ന നിമിഷം ബോധം ബുദ്ധിയുമായുള്ള ലിങ്ക് വിടണം. അങ്ങിനെ സംഭവിക്കുക സാദ്ധ്യമല്ല കാരണം ബോധമല്ല ലിങ്ക് സ്ഥാപിച്ചത്. മറിച്ച് മനുഷ്യന്റെ പ്രത്യേക തരത്തിലുള്ള മസ്തിഷ്ക്കം ബോധത്തെ ലിങ്കായി സ്വീകരിക്കുകയാണ് ചെയ്തത്. അതിനാൽ മസ്തിഷ്ക്കത്തിന് കേടു വരികയോ നശിക്കുകയോ ചെയ്താലെ ലിങ്ക് ഇല്ലാതാകുകയുള്ളു. ഭ്രമലോകം തോന്നലല്ല വ്യത്യസ്ത പരിണാമ ദൈർഘ്യമുള്ള വസ്തുക്കളും ജീവനും കൊണ്ടുണ്ടാക്കപ്പെട്ടതാണ്. അതി നാൽ ദേഹം മരിക്കുമ്പോൾ മാത്രമെ ഭ്രമലോകത്തിന് ഇല്ലാതാകാൻ കഴിയുകയുള്ളു.

തുരീയ അനുഭവത്തിൽ എത്തുന്നതോടെ വ്യക്തിബോധം അഖ ണ്ഡ-നിശ്ചല-നിസ്സംഗ-പരമാനന്ദം എന്ന ഏക ബോധമായി മാറുകയും ആ ബോധത്തിൽ ആരോപിക്കപ്പെട്ട സങ്കൽപ്പങ്ങളാണ് പ്രപഞ്ചത്തെയും ജീവനെയും സ്വന്തം ദേഹത്തെയും ഭ്രമരൂപത്തിൽ അഥവാ പരിണാമ രൂപത്തിൽ സൃഷ്ടിച്ചതെന്ന് അനുഭവപ്പെടുകയുള്ളു. ഈ അനുഭവ ത്തിൽ മാത്രമെ അദ്വൈതാനുഭവം നിലനിൽക്കുകയുള്ളു. ദേഹം മരി ക്കുന്നതോടെ ഈ അനുഭവവും നഷ്ടപ്പെടുന്നു. പിന്നീടൊരിക്കലും സങ്കൽപ്പങ്ങൾ ഉണ്ടാകുകയില്ല അല്ലെങ്കിൽ ഉണ്ടാക്കുകയില്ല. ഇതാണ് യഥാർത്ഥ മോക്ഷം.

***" ആരോഗ്യവും അനാരോഗ്യവും വികാരങ്ങളുടെ പൊസിറ്റീവ് നെഗറ്റീവ് അവസ്ഥകൾ കൊണ്ട് ഉണ്ടാകുന്നതാണ്. പൊസിറ്റീവ് വികാ രങ്ങളെ ഉപയോഗപ്പെടുത്തി ജനിതകമല്ലാത്ത എല്ലാ രോഗങ്ങളും ഇല്ലാ താക്കി മരണംവരെ ജീവിക്കാം. കർമ്മം ഒരു പൊസിറ്റീവ് വികാരമാണ്. അതിനാൽ പേശിബലം ആവശ്യമായി വരുന്ന കർമ്മം ചെയ്തു കൊണ്ടിരുന്നാൽ രോഗങ്ങളിൽ നിന്നും മുക്തമാകാം "*** .

അദ്ധ്യായം പതിനാല്

# മോക്ഷം എന്ന ഉണർവ്വ്
# അഥവാ യഥാർത്ഥ ബോധോദയം

**74. ശി:-** സ്വപ്നത്തിൽ വേദന കൊണ്ട് വാവിട്ടു കരയുന്ന ഒരാളെ തട്ടിയാൽ അയാൾ സ്വപ്നത്തിൽ നിന്ന് ഉണരും. അയാളുടെ വേദനയും അപ്രത്യക്ഷമാകും. അതുപോലെ ജാഗ്രത്തിൽ വേദന കൊണ്ട് കരയുന്ന ഒരാളെ തട്ടിയതു കൊണ്ടോ ഉപദേശിച്ചതു കൊണ്ടോ വേദനയും ദുഃഖവും ഇല്ലാതാവുകയില്ല, തുരീയത്തിലേക്ക് ഉണരുകയുമില്ല. അതെന്തുകൊണ്ടാണ് ? അതിനുള്ള മാർഗ്ഗങ്ങൾ എന്തെങ്കിലും ബോധശാസ്ത്രത്തിലുണ്ടോ?

**മാസ്റ്റർ:-** സ്വപ്നം കണ്ടു കൊണ്ട് കരയുന്ന ഒരാളെ കേൾക്കാനും കാണാനും ജാഗ്രത് എന്ന ബോധാവസ്ഥയിൽ മറ്റൊരാൾ ഉണ്ട്. അതുമല്ലെങ്കിൽ വേദനയുടെ കാഠിന്യം കൊണ്ട് അയാൾ സ്വയം ഉണരും. എന്നാൽ തുരീയത്തിൽ രണ്ടാമതൊരാൾ ഇല്ല. അങ്ങിനെ ഉണ്ടെന്ന് തോന്നുന്ന ആളെയാണ് നാം ഗുരു എന്ന് വിളിക്കുന്നത്. ശ്രീ ബുദ്ധനെ പോലെയുള്ള ഗുരുക്കന്മാർ ജാഗ്രത് എന്ന ഭ്രമം സത്യമെന്ന് വിശ്വസിച്ച് കരയുന്നവരെ തട്ടിയുണർത്താനാണ് 40 വർഷക്കാലം ജീവിച്ചത്. എന്നാൽ ഉണർന്നത് **മഹാകശ്യപ്** എന്ന ഒരേഒരു ശിഷ്യൻ മാത്രമാണ്.

എത്ര തട്ടിയാലും 'ഞാൻ ഉണരില്ല' എന്ന ധാർഷ്ട്യമാണ് വികാരാനുഭവങ്ങൾ മനുഷ്യന് നൽകുന്നത്.

'കഠിനമായ വേദനയും മാനസിക ദുഃഖവും ഞങ്ങൾ ജീവിതത്തിന്റെ ഭാഗമായി കണക്കാക്കി കൊള്ളാമെന്നും തീരെ സഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആത്മഹത്യ ചെയ്ത് താൽക്കാലികമായി വേദനയെ പരിഹരിക്കാം എന്നുമാണ് പലരും ചിന്തിക്കുന്നത് '.

മറ്റൊരു കൂട്ടർ 'തങ്ങൾക്ക് ഒരേഒരു ജന്മമേ ഉള്ളുവെന്നും അതിലുള്ള ദുഃഖവും വേദനയും ക്ഷമയോടെ സഹിക്കുകയും മറ്റുള്ളവർക്ക് നന്മകൾ ചെയ്യുകയും ചെയ്താൽ അന്ത്യനാളിൽ മോക്ഷം കിട്ടുമെന്ന വിശ്വാസത്തിലാണ് ജീവിക്കുന്നത് '.

വികാരങ്ങളുടെ നൈമിഷിക സുഖത്തിനും സന്തോഷത്തിനും വേണ്ടി എത്ര ആയിരം ജന്മങ്ങൾ വേദനയും ദുഃഖവും ന്യായീകരിക്കു

വാനും അനുഭവിക്കുവാനും തയ്യാറാണെന്നാണ് ലോക ജനത ഇന്നും തെളിയിച്ചു കൊണ്ടിരിക്കുന്നത്.

സ്വപ്നത്തിൽ നിന്ന് ഉണർത്താൻ അൽപം ബലമെങ്കിലും ആവശ്യ മാണ്. എന്നാൽ ജാഗ്രത്തിൽ നിന്ന് ഉണരാൻ അത് പോലും ആവശ്യ മില്ല. ജീവിതത്തിൽ ഓരോ നിമിഷവും അനുഭവിക്കുന്ന നിലനിൽപ്പിന്റെ ശാരീരിക മാനസിക വേദനകളും നശ്വരതയും എന്താണെന്ന് ഒന്നു ശ്രദ്ധിച്ചാൽ മാത്രം മതി.

ജാഗ്രത്തിൽ നിന്നും ഒരുണർച്ച ഉണ്ടെന്ന് മനസ്സിലാക്കാത്തതും അതിനുവേണ്ടി പരിശ്രമിക്കാത്തതും വികാരങ്ങൾ നൽകുന്ന നൈമി ഷികമായ സുഖവും സന്തോഷവും യാഥാർത്ഥ്യാനുഭവമാണെന്ന് ധരി ക്കുന്നതു കൊണ്ടാണ്, മറ്റൊരാൾ ഉണർത്തിയാലും ഉണരാത്തതിനും സ്വയം ഉണരാൻ കൂട്ടാക്കാത്തതിനും കാരണം ഇതാണ്.

അജ്ഞാനവും വിശ്വാസമില്ലായ്മയുമാണ് മോക്ഷം ലഭിക്കുന്നതി നുള്ള തടസ്സമെന്ന് വേദാന്തങ്ങളും സെമറ്റിക് മതങ്ങളും വെറുതെ നുണ പറയുകയാണ്. സ്വപ്നത്തിൽ നിന്ന് ഉണരുന്നതിനേക്കാൾ എത്രയോ നിസ്സാരമാണ് ജാഗ്രത്തിൽ നിന്ന് ഉണരാൻ. നിഴലിനെ ഇല്ലാതാക്കാൻ നിഴലിലേക്ക് പ്രകാശമടിക്കുന്നതുപോലെയും നിഴലിനു കാരണമായ പ്രകാശത്തെയൊ വസ്തുവിനെയൊ ഇല്ലാതാക്കുന്നതുപോലെയും നിസ്സാരമായ കാര്യമാണിത്. അതല്ലാതെ മറ്റെന്ത് ചെയ്താലും നിഴ ലിനെ ഇല്ലാതാക്കാൻ സാദ്ധ്യമല്ല.

മോക്ഷത്തിലേക്കുണരാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന ചോദ്യം അപ്രസക്തമാണ്. കാരണം അതിന് ഒരു മാർഗ്ഗവും ആവശ്യ മില്ല. നിലനിൽക്കാൻ ആഗ്രഹിക്കുകയും നിലനിൽപ്പ് യാഥാർത്ഥ്യമാ ണെന്ന് ധരിക്കുകയും ചെയ്യുമ്പോൾ അതിന്റെ ഭാഗമായി ദുഃഖവും വേദനയും ഉണ്ടാകുമെന്നും നിലനിൽക്കാൻ ആഗ്രഹിച്ചില്ലെങ്കിൽ അഥവാ നിലനിൽപ്പ് യാഥാർത്ഥ്യമല്ല എന്ന് അനുഭവിക്കാൻ കഴിഞ്ഞാൽ അതിന്റെ ഭാഗമായി മോക്ഷാനുഭവം ഉണ്ടാകുമെന്നതുമാണ് അതിന്റെ നിയമം.

മനുഷ്യന്റെ വേദനയും ദുഃഖവും വലിയ പ്രശ്നങ്ങളായി കണ്ട് മുത ലക്കണ്ണുനീർ ഒഴുക്കുന്നതും ആഗോള വ്യാപകമായി നടത്തുന്ന എല്ലാ ബോധവൽക്കരണങ്ങളും വെറും പ്രഹസനങ്ങളാണ് എന്ന് അത് സംഘ ടിപ്പിക്കുന്നവനും കേൾക്കുന്നവനും അറിയാം. നശ്വരമായ വസ്തുക്കളും

വ്യക്തികളും തന്റെ സ്വന്തമാകണമെന്നും തനിക്ക് സ്വന്തമാക്കണമെന്നും വിചാരിക്കുമ്പോൾ മാത്രമാണ് ശരീരം പീഡിപ്പിക്കപ്പെടുന്നതും ദുഃഖം ഉണ്ടാകുന്നതും. അതിനാൽ ഈ ദുഃഖവും വേദനയും പരിഹരിക്കാൻ നശ്വരതാബോധം പഠിപ്പിക്കുന്ന സ്കൂളുകൾ സ്ഥാപിച്ചാൽ മതി. ബോധം ഉയർന്ന് തുരീയാവസ്ഥയിലേക്ക് ഉണർന്നവനെ സംബന്ധിച്ച് ഈ ഭൂമി യിൽ താനുണ്ടാക്കുന്നതും മറ്റുള്ളവരുമായി വികാരങ്ങളിൽ ബന്ധപ്പെ ടുമ്പോൾ തനിക്കുണ്ടാകുന്നതുമായ പ്രശ്നങ്ങളല്ലാതെ മറ്റൊന്നും ഇല്ല.

**75. ശി:-** തുരീയത്തിലേക്ക് പൂർണ്ണമായി ഉണർന്നവന് പിന്നീടൊരി ക്കലും ജാഗ്രത്തിലേക്ക് ഉണരാൻ സാദ്ധ്യമല്ലെ?

**മാസ്റ്റർ:-** നീന്തൽ അഭ്യസിച്ചവന് മുങ്ങിച്ചാകാൻ കഴിയില്ല എന്ന് പറയുന്നതുപോലെ തുരീയത്തിലേക്ക് ഉണർന്നവന് പിന്നീടൊരിക്കലും ജാഗ്രത്തിലേക്ക് ഉണരാൻ സാദ്ധ്യമല്ല, കാരണം ഉയർന്ന ബോധാനു ഭവം അഥവാ അഖണ്ഢ-നിശ്ചല-നിസ്സംഗത അനന്തമായ പരമാന ന്ദമാണ്. ഭ്രമം നശ്വരമാണെന്ന് അനുഭവിച്ചവന് ദുഃഖവും വേദനയും ജനന-മരണങ്ങളും ഉള്ള ഭ്രമാനുഭവത്തിലേക്ക് ഉണരാൻ കഴിയില്ല.

പറുദീസയിൽ നിന്നും ആരെങ്കിലും ആളിക്കത്തുന്ന നരകത്തിലേക്ക് പോകുമോ? അങ്ങിനെ പോകണമെന്ന് സങ്കൽപ്പിക്കാൻ കൂടി കഴിയു കയില്ല.

കഠിനമായ ദുഃഖവും വേദനയും ഉണ്ടാകുമ്പോൾ ഒന്നുറങ്ങിയാൽ മതിയായിരുന്നുവെന്ന് ചിന്തിക്കാത്ത ആരും ഉണ്ടാകുകയില്ല. ഉറക്കം സ്വയം ഉണ്ടാക്കാനും അതിൽ നമുക്കിഷ്ടമുള്ളത്ര സമയം നില നിൽക്കാനും ആർക്കും കഴിയുകയില്ല. അതുകൊണ്ടാണ് അത്തരം സന്ദർഭങ്ങളിൽ ഉറക്ക മരുന്നുകൾ കുത്തിവയ്ക്കുന്നത്.

വിഭ്രമ-മതിഭ്രമ-വികാരാനുഭവങ്ങൾ നൽകുന്ന ദുഃഖവും ഭ്രമാനു ഭവം നൽകുന്ന വേദനയും അനുഭവിക്കാൻ മാത്രം വിധിക്കപ്പെടുകയും അവയിൽ നിന്ന് താൽക്കാലികമായോ എന്നന്നേയ്ക്കുമായോ രക്ഷ പ്പെടാനുള്ള മാർഗ്ഗം അറിയാതിരിക്കുകയും ചെയ്താൽ അത്തരം ഭ്രമ ത്തിൽ നിന്നുണർന്നവൻ പിന്നീട് ആ ഭ്രമത്തിലേക്ക് പോകാൻ ആഗ്ര ഹിക്കുകയില്ല എന്നത് യുക്തിയല്ലെ?

തുരീയത്തിലേക്ക് പൂർണ്ണമായി ഉണർന്നവൻ ആ അവസ്ഥയെ മരണംവരെ ഓർമ്മയിൽ സൂക്ഷിച്ചു കൊണ്ടിരിക്കും. അങ്ങിനെ മരണ സമയത്ത് നിസ്സംഗനായി മരിക്കുകയും ചെയ്യും. ആ മരണം യാഥാർത്ഥ്യ മല്ല എന്ന് അയാൾ അറിയുന്നു. അതിനാൽ അയാൾക്ക് ജനനമെന്ന ഭ്രമത്തിലേക്ക് പിന്നീടൊരിക്കലും ഉണരാൻ കഴിയുകയില്ല. അതാണ് അതിന്റെ ശാസ്ത്രീയത.

**76. ശി:-** ജാഗ്രത്തിൽ നിന്ന് തുരീയം അഥവാ മോക്ഷാവസ്ഥയിലേക്ക് ജീവിച്ചിരിക്കെ തന്നെ ഉണരാമെന്നാണ് ബോധശാസ്ത്രം ഉറപ്പു നൽകുന്നത്, അങ്ങിനെ ഉണരാൻ ഒരു വ്യക്തിക്ക് ഉണ്ടാകേണ്ട ഏറ്റവും വലിയ കഴിവ് എന്താണ്?

**മാസ്റ്റർ:-** ഏകദേശം ഏഴ്-എട്ട് വയസ്സാകുമ്പോഴാണ് ഒരു മനുഷ്യന്റെ വ്യക്തിബോധം രൂപം കൊള്ളാൻ തുടങ്ങുന്നത്. ബാല്യവും കൗമാരവും കടന്ന് യൗവനത്തിൽ എത്തുന്നതുവരെയുള്ള വികാരങ്ങൾക്ക് യാഥാർത്ഥ്യാനുഭവം കുറവായിരിക്കും. അതുകൊണ്ടാണ് കുട്ടികളും ചെറുപ്പക്കാരും മരണത്തെപ്പോലും അവഗണിച്ചു കൊണ്ടുള്ള സാഹസികത കാണിക്കുന്നത്.

ഉത്തരവാദിത്തങ്ങളും കടമകളും കടപ്പാടുകളും ധർമ്മങ്ങളും ഇല്ലാത്ത ജീവിതം അദ്വൈതാനുഭവത്തിന് വളരെ അടുത്താണ്. അൽപ്പം ബോധം ഉയർത്തിയാൽ വിഭ്രമ-മതിഭ്രമ വികാരങ്ങൾക്ക് സാക്ഷിയാകാനും നിയമങ്ങൾ കൊണ്ട് ബന്ധിക്കപ്പെടാതിരിക്കാനും ആത്മീയവിശ്വാസങ്ങളെ യുക്തി കൊണ്ട് നിരാകരിക്കാനും അവരെ വളരെ എളുപ്പത്തിൽ പ്രാപ്തരാക്കാം. മരണംവരെ അടിസ്ഥാന ആവശ്യങ്ങളിൽ ജീവിക്കാനുള്ള അൽപ്പം ധനവും സൗകര്യങ്ങളും ഒരുക്കേണ്ട ആവശ്യമെയുള്ളു.

എന്നാൽ മാതാ-പിതാക്കളും മത പുരോഹിതരും ആൾദൈവങ്ങളും കുട്ടികളുടെ മനസ്സിലേക്ക് ആത്മീയതയുടെയും സദാചാരബോധത്തിന്റെയും തെറ്റായ വിശ്വാസങ്ങളെ മതിഭ്രമ വികാരങ്ങളായി കുത്തിവയ്ക്കുന്നു. അതോടെ അവരുടെ മനസ്സിൽ ഉറങ്ങിക്കിടക്കുന്ന വാസന-ആരാധന-സാധനാദോഷങ്ങളുടെ വികാരങ്ങൾ ഉണരുകയും ആത്മീയ-ഭൗതികാനുഭവങ്ങൾ ഹോർമോണുകളെന്ന രാസവസ്തുക്കളിലൂടെ യാഥാർത്ഥ്യാനുഭവങ്ങളായി മാറുകയും ചെയ്യുന്നു.

അതിന്റെ കൂടെ വിവാഹമെന്ന ബന്ധനവും കുടുംബമെന്ന പ്രാരബ്ധവും അടിച്ചേൽപ്പിക്കുമ്പോൾ ബോധം വീണ്ടും താഴ്ന്ന് പോകുകയും പ്രപഞ്ചവും ജീവനും ജീവിതവും ശക്തിയേറിയ വിഭ്രമ-മതിഭ്രമ അനുഭവങ്ങളിലൂടെ സത്യമെന്ന് വിശ്വസിക്കാൻ ഇടയാകുകയും ചെയ്യും.

പിന്നീട് എന്തെല്ലാം അറിവുകളും യുക്തികളും അനുഭവങ്ങളും നൽകിയാലും ജാഗ്രത് ഭ്രമമാണെന്നും നശ്വരമാണെന്നും അനുഭവിക്കാൻ അവർക്ക് കഴിയാതാകുന്നു.

സത്യത്തെ നിസ്സാരമായി ബോദ്ധ്യപ്പെടാൻ തക്ക തെളിഞ്ഞ കണ്ണുകളുമായി ജനിക്കുന്ന കുട്ടികളുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് അന്ധ

രാക്കിയതിനു ശേഷം കണ്ണുള്ളവനെപ്പോലെ ജീവിക്കണമെന്ന് പറയുന്നതിൽ എന്താണർത്ഥം?

കേവല യാഥാർത്ഥ്യത്തിന്റെ വെളിച്ചം അവബോധമായി എന്നും ഇവിടെയുണ്ട്. അതു കാണാനുള്ള കണ്ണാണ് ഇല്ലാത്തത്. അതിനാൽ തുരീയത്തിലേക്കുണരാൻ എന്ത് കഴിവാണ് വേണ്ടത് എന്ന ചോദ്യം അസംബന്ധമാണ്.

കോടാനുകോടി പൊട്ടക്കണ്ണന്മാരിൽ ചിലർ അവബോധമെന്ന അകക്കണ്ണു കൊണ്ടും സാഹചര്യങ്ങൾ കൊണ്ടും സൂക്ഷ്മത കൊണ്ടും അസ്തിത്വത്തിന്റെ അർത്ഥം അന്വേഷിക്കാനും ഭ്രമ വസ്തുക്കൾ നശ്വരമാണെന്ന് അനുഭവിക്കാനുമുള്ള ധൈര്യം കാണിക്കും. അവരിൽ ചിലർ ഉണർന്ന് രക്ഷപ്പെടും.

തന്നിൽ ഉറങ്ങുന്ന ദൈവത്തെ ഉണർത്താനും നശ്വരമായ ദേഹത്തെ നശ്വരമാണെന്ന് അനുഭവിച്ച് നശ്വരത വാസ്തവമാണെന്ന ഭ്രമത്തിൽ നിന്ന് ഉണരാൻ ഒരു കഴിവും ആവശ്യമില്ല. സാമാന്യബുദ്ധിയും അവ-ബോധവും മാത്രം മതി.

വിവാഹബന്ധത്തിൽ ഏർപ്പെടാത്ത സത്യാന്വേഷികളായ ബ്രഹ്മചാരികൾ പോലും ജന്മനായുള്ള വാസന ആരാധന ദോഷങ്ങളുടെ അനുഭവങ്ങൾ യാഥാർത്ഥ്യമാണെന്ന് വിശ്വസിച്ച് അവയിൽ കുടുങ്ങിക്കിടക്കുന്നത് കാണാം. അവരിൽ ചിലർ അവദൂതന്മാരായും സന്യാസിനി-സന്യാസികളായും മഞ്ഞു മൂടിയ ഹിമാലയത്തിൽ പോലും കിടന്നു നരകിക്കുന്നു. എന്നാൽ നരകിക്കുന്നു എന്ന് അവർക്ക് തോന്നുന്നുമില്ല.

ജന്മം കൊണ്ട് മനുഷ്യന് മാത്രം കിട്ടിയ സ്വതന്ത്രമായ അവബോധവും (free will) ശ്രദ്ധയും, ഓർമ്മയും ബുദ്ധിയിൽ വസ്തുനിഷ്ഠമായി പ്രയോഗിച്ച് നന്മ തിന്മകളുടെ സ്രോതസ്സിനെ അന്വേഷിക്കുവാനും കണ്ടെത്തുവാനുമുള്ള ബോധശാസ്ത്ര ശിക്ഷണം വളരെ ചെറുപ്പത്തിൽ നൽകാൻ നല്ലവരായ മാതാപിതാക്കൾ ശ്രമിക്കണം. പ്രായപൂർത്തിയാകുമ്പോൾ അവർ സ്വതന്ത്രമായ അവബോധത്തെ സ്വതന്ത്രമായിത്തന്നെ ഉപയോഗിക്കാൻ പഠിക്കുകയും അസ്തിത്വത്തിന്റെ അർത്ഥം അവർ കണ്ടെത്തുകയും നശ്വരതയുടെ അനുഭവത്തിൽ എത്തുകയും അതോടെ അവരുടെ ബോധം ഉയരുകയും ജീവിതം പരമാനന്ദം കൊണ്ട് നിറയുകയും ചെയ്യും. അത്തരം ചെറുപ്പക്കാർ തങ്ങളുടെ ബോധം ഉയർത്താൻ സഹായിച്ച മാതാ-പിതാക്കളെ എന്തു വില

കൊടുത്തും വാർദ്ധക്യത്തിൽ സംരക്ഷിക്കും. അവരെ ആനന്ദത്തോടെ മരിക്കാൻ അനുവദിക്കുകയും ചെയ്യും.

അത്തരത്തിൽ ബോധം ഉയർന്ന പുരുഷനും സ്ത്രീയും ഒരാചാരത്തിന്റെയും നിയമത്തിന്റെയും പിൻബലമില്ലാതെ ഒരു സമൂഹമായി സുഖമായി ജീവിക്കും.

സ്വാർത്ഥതയിൽ കെട്ടിപ്പടുക്കുന്ന കുടുംബജീവിതം സൃഷ്ടിക്കുന്ന ദുഃഖങ്ങളും വേദനകളും അവർക്കുണ്ടാകുകയില്ല. അതിനുപകരം ഓർമ്മ വയ്ക്കുന്ന നാൾ മുതൽ സ്വാർത്ഥ വികാരങ്ങൾ ഉണരാൻ പഠിപ്പിച്ചാൽ അവർ വലുതാകുമ്പോൾ ദുഷ്ടതയും, ക്രൂരതയും, ചതിയും, വഞ്ചനയും അല്ലാതെ മറ്റെന്താണ് അവരിൽ നിന്ന് ഉണ്ടാകുക?

**77. ശി:-** ദൈവം തുരീയമെന്ന ബോധാവസ്ഥയിൽ നിന്ന് അധഃപതിച്ച് ജാഗ്രത്തിൽ വ്യക്തിബോധമായി ഉണർന്നു എന്ന് അംഗീകരിക്കാൻ സെമറ്റിക് മതക്കാർക്ക് ഒരു കാരണവശാലും സാദ്ധ്യമല്ല.

പ്രപഞ്ചത്തെയും തന്നെയും സൃഷ്ടിച്ച ദൈവം മഹത്വമുള്ളവനാണെന്നും അതിനാൽ ദൈവത്തെ ആരാധിക്കണമെന്നുമാണ് അവർ വിശ്വാസികളെ പഠിപ്പിക്കുന്നത്.

വേദാന്തികളിൽ ചിലർ ബോധം ദൈവമാണെന്ന് സമ്മതിക്കുമെങ്കിലും മനുഷ്യനായി അധഃപതിച്ചു എന്ന് സമ്മതിക്കുകയില്ല. അത് സൃഷ്ടിയുടെ ചൈതന്യമാണ് എന്നാണ് അവരുടെ മനോഭാവം. സാക്ഷാൽ ദൈവം ഒരു വ്യക്തിബോധമായി ഭ്രമിക്കുകയാണ് എന്ന ബോധശാസ്ത്രത്തിന്റെ കണ്ടെത്തൽ എത്രമാത്രം ശരിയാണെന്ന് വിശദീകരിക്കാമോ?

**മാസ്റ്റർ:-** ദൈവം പുറത്തു നിൽക്കുന്ന ഒരു ഏക ശക്തിയാണെന്നും ആ ദൈവത്തിന്റെ ശക്തി കൊണ്ടാണ് സൃഷ്ടി കർമ്മം നടന്നതും പ്രപഞ്ചവും മനുഷ്യനും ഉണ്ടായതും എന്നാണ് സെമറ്റിക് മതക്കാർ വിശ്വസിക്കുന്നത്. ബോധം ബ്രഹ്മമെന്ന ജീവശക്തിയായി അകത്തും പുറത്തും നിൽക്കുന്നു എന്നും സൃഷ്ടിയുടെ ചൈതന്യമാണ് ബ്രഹ്മം എന്നുമാണ് വേദാന്തികൾ പ്രചരിപ്പിക്കുന്നത്. അതുകൊണ്ടാണ് വിവിധ അതീന്ദ്രിയ ശക്തികളുള്ള അനേകം ദൈവങ്ങൾ ഹിന്ദു മതത്തിൽ രൂപം കൊണ്ടത്.

ഭൗതിക ശാസ്ത്രവും മതങ്ങളും വേദാന്തവും പ്രപഞ്ചത്തിന്റെയും ജീവന്റെയും നശ്വരതയെ തീരെ അവഗണിച്ചു കളഞ്ഞു. അനശ്വരനായ

ദൈവത്തിൽ നിന്ന് നശ്വരമായ പ്രപഞ്ച വസ്തുക്കളും ഊർജ്ജവും ജീവനും ഉണ്ടാകുന്നത് യുക്തിക്ക് നിരക്കുന്നതല്ല എന്ന് ഇവരാരും കണ്ടെത്തിയില്ല. അനസ്യൂതമായി മാറിക്കൊണ്ടിരിക്കുന്ന വസ്തുവിനെയും ജീവനെയും കുറിച്ച് പഠിക്കാൻ ഉപയോഗിക്കുന്ന മസ്തിഷ്ക്കം പോലും അനസ്യൂതമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുമെന്നും ആരും ചിന്തിക്കുന്നില്ല.

കഴിഞ്ഞ നൂറ്റാണ്ട് വരെ ഭൗതിക ശാസ്ത്രം ഊർജ്ജത്തിന്റെ ഉറവിടം പുറമേ നിൽക്കുന്ന ദൈവത്തിൽ തന്നെയാണ് ആരോപിച്ചിരുന്നതെങ്കിലും ഇപ്പോൾ അവർ ദൈവത്തിന്റെ ഒരിടപെടൽ പ്രപഞ്ച സൃഷ്ടിക്ക് ആവശ്യമില്ല എന്ന് തെളിയിച്ചിരിക്കുന്നു.

സെമറ്റിക് മതക്കാർ പത്തൊമ്പതാം നൂറ്റാണ്ടിലെ ഭൗതിക ശാസ്ത്ര കണ്ടെത്തലുകൾ ദൈവത്തിന്റെ ശക്തിക്ക് തെളിവായും നിരീശ്വരവാദികൾ ദൈവത്തിനെതിരായും ഇപ്പോഴും ഉപയോഗിക്കുന്നു.

ദൈവം പുറമേയുള്ള ശക്തിയാണെന്ന് തെളിയിക്കാൻ ഒരു കാരണവശാലും സാദ്ധ്യമല്ല. കാരണം അവബോധം അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾക്ക് നൽകുന്ന തിരിച്ചറിവിന്റെയും അനുഭവങ്ങളുടെയും ഉള്ളിൽ മാത്രമെ പ്രപഞ്ചത്തിനും ജീവനും നിലനിൽപ്പുള്ളു എന്നത് ഒരു തരത്തിലും നിഷേധിക്കാൻ കഴിയാത്ത സത്യമാണ്. ബോധം ഞാൻ എന്ന അവബോധമായും ശ്രദ്ധയായും ഓർമ്മയായും അനുഭവമായും നിലനിൽക്കാത്ത ജീവികൾക്ക് സൃഷ്ടിയും സ്ഥിതിയും സംഹാരവും അനുഭവമല്ല എന്ന് തെളിയിക്കാൻ ഒരു ബുദ്ധിമുട്ടും ഇല്ല.

നശ്വരമായ വസ്തുക്കളും ജീവനും കൊണ്ട് ഒരു യഥാർത്ഥ പ്രപഞ്ചം സൃഷ്ടിച്ചു എന്ന് ചിന്തിക്കുന്നത് പരമ വിഡ്ഢിത്തമാണ്. ഉറങ്ങുമ്പോൾ നാം ഇല്ലാത്ത വസ്തുക്കളും ജീവനും കൊണ്ട് സ്വപ്നമെന്ന ബോധമണ്ഡലത്തിൽ പ്രപഞ്ചത്തെയും ജീവനെയും സൃഷ്ടിക്കുന്നതു പോലെ തന്നെ ജാഗ്രത് എന്ന മറ്റൊരു ബോധമണ്ഡലത്തിൽ ഭ്രമം കൊണ്ട് അഥവാ നശ്വരമായ വസ്തുക്കളും ജീവനും കൊണ്ട് ഒരു പ്രപഞ്ചത്തെയും ജീവനെയും സൃഷ്ടിക്കുകയാണ് ചെയ്തത്. ഒരേ ഒരു ബോധം പല ദേഹങ്ങളിൽ ഒരുപോലെ ഭ്രമിച്ചതു കൊണ്ടാണ് എല്ലാവർക്കും പ്രപഞ്ചവും ജീവനും ഒരുപോലെ അനുഭവപ്പെട്ടത്.

വികാരാനുഭവങ്ങൾ പോയാൽ ഭ്രമം പോകും. അതോടെ പ്രപഞ്ചവും ജീവനും ബോധമണ്ഡലത്തിൽ നശ്വരമെന്ന് അനുഭവിക്കും.

എന്നാൽ അനുഭവങ്ങളെ ഇല്ലാതാക്കാൻ അവയുടെ യാഥാർത്ഥ്യത അനുവദിക്കുകയില്ല. കാരണം ഈ യാഥാർത്ഥ്യത രാസവസ്തുക്കൾ കൊണ്ടാണ് ഉണ്ടാക്കപ്പെടുന്നത്.

ബോധശാസ്ത്ര രീതികൾ ഉപയോഗിച്ച് ഈ രാസവസ്തുക്കളെ ഇല്ലാതാക്കിയാൽ അനുഭവങ്ങളും അവ നൽകിയ യാഥാർത്ഥ്യതയും 90%-ത്തോളം ഇല്ലാതാകും. അതോടെ അദ്വൈതാനുഭവം ലഭിക്കുകയും സൃഷ്ടിയുടെ രഹസ്യം ആർക്കും ബോദ്ധ്യപ്പെടുകയും ചെയ്യും. ദൈവം പുറത്താണോ അകത്താണോ ശക്തിയാണോ ഊർജ്ജമാണോ താൻ തന്നെയാണോ എന്നെല്ലാം വ്യക്തമായി മനസ്സിലാകും.

*"പദാർത്ഥങ്ങൾക്കോ ജീവനോ ഒരു കാരണവശാലും 'ഞാൻ' എന്നും 'എന്റേത്' എന്നും പറയാൻ കഴിയില്ല. പല ആവർത്തിയും ആയതിയും ഉള്ള പ്രകമ്പനങ്ങളെ നാമരൂപങ്ങളായി കാണുമ്പോഴാണ് അവ പദാർത്ഥങ്ങളും ജീവനുമായി തോന്നുന്നത്. ഇതിൽ നിന്ന് 'ഞാൻ' എന്നും 'എന്റേത്' എന്നും പറയുന്നത് മസ്തിഷ്കം അല്ല ബോധമാണെന്ന് വ്യക്തം."*

അദ്ധ്യായം പതിനഞ്ച്

# ജീവിതം ഒരു രാസ യാഥാർത്ഥ്യം

**78. ശി:-** യുക്തിവിചാരം, ജപങ്ങൾ, മന്ത്രങ്ങൾ, സാധനകൾ, ധ്യാനം, നിഷ്ക്കാമ-കർമ്മങ്ങൾ ഇവ കൊണ്ട് പരബ്രഹ്മത്തിൽ ലയിക്കാമെന്ന് വേദാന്തങ്ങളും; സ്നേഹം, സേവനം, നന്മ, പുണ്യം ഇവകൊണ്ട് മോക്ഷം പ്രാപിക്കാമെന്ന് സെമറ്റിക് മതങ്ങളും പ്രഖ്യാപിക്കുന്നുണ്ടല്ലോ, അത് സാദ്ധ്യമാണോ?

**മാസ്റ്റർ:-** യുക്തിവിചാരം കൊണ്ട് എല്ലാം നശ്വരമാണെന്ന് മനസ്സിലാക്കാം. എന്നാൽ ആ നശ്വരതയെ, നശ്വരതയെന്ന് അനുഭവിക്കാൻ യുക്തികൊണ്ട് സാദ്ധ്യമല്ല.

പരബ്രഹ്മത്തിൽ നിന്ന് വിട്ടുപോന്നു എന്ന അറിവുള്ളതു കൊണ്ടാണ് പരബ്രഹ്മത്തിൽ ലയിച്ചു ചേരുന്നത് മോക്ഷമാണെന്ന് മനസ്സിലാക്കുന്നത്. പരബ്രഹ്മത്തിൽ നിന്ന് എന്തു കൊണ്ട് വിട്ടുപോന്നു അല്ലെങ്കിൽ എന്ത് കാരണം കൊണ്ടാണ് പ്രപഞ്ചവും ജീവനും നിലനിൽക്കുന്നു എന്ന അനുഭവം ഉണ്ടാകുന്നു എന്ന് മനസ്സിലാക്കിയാലെ തിരിച്ചു ലയിക്കുവാനുള്ള മാർഗ്ഗം കണ്ടെത്താൻ കഴിയുകയുള്ളു.

ജപങ്ങളും മന്ത്രങ്ങളും വെറും ശബ്ദങ്ങളുടെ അഭ്യാസവും സാധനകൾ ഭൗതിക അഭ്യാസങ്ങളുമാണ്. ധ്യാനം, ശ്രദ്ധയെ ഒരു വിഷയത്തിൽ കേന്ദ്രീകരിക്കലാണ്.

എന്തെങ്കിലും ആഗ്രഹിക്കാതെ കർമ്മം ചെയ്യാൻ ആർക്കും സാദ്ധ്യമല്ല. അപ്പോൾ നിഷ്കാമകർമ്മം എന്നതും വികാരങ്ങളുടെ അഭ്യാസമാണ്. മേൽപ്പറഞ്ഞവയെല്ലാം വെറും ഭ്രമാനുഭവങ്ങൾ നൽകുന്നവയാണ്. ഇത്തരം അനുഭവങ്ങളെല്ലാം ഇല്ലാത്തവയെന്ന അനുഭവമാണ് മോക്ഷം അഥവാ ജാഗ്രത്തിൽ നിന്നുള്ള ഉണർവ്വ്.

ഒരു സംഭവമോ അനുഭവമോ എന്തു കൊണ്ടാണ് ഉണ്ടാകുന്നത് എന്നറിഞ്ഞാലെ ആ കാരണത്തെ നീക്കം ചെയ്ത് അത് ഇല്ലാതാക്കാൻ കഴിയുകയുള്ളു. ദഹനക്കേടിന് പനിയുടെ മരുന്നു കഴിച്ചതു കൊണ്ട് കാര്യമില്ല. അതുപോലെ പല വേദാന്ത കൃതികളിലും പറയുന്ന ഈ മാർഗ്ഗങ്ങളൊന്നും മോക്ഷമാർഗ്ഗമല്ല എന്ന് വ്യക്തമാണ്. ' അഷ്ടാവക്ര ഗീത'

എന്ന വേദാന്തകൃതിയിൽ ഈ മാർഗ്ഗമൊന്നും പറഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

ബുദ്ധിയിലും സമ്പന്നതയിലും ഉച്ചനീചത്വങ്ങൾ ഉണ്ടാകുകയും ജന പ്പെരുപ്പം കൊണ്ടും സ്വാർത്ഥത കൊണ്ടും നിലനിൽപ്പിന്റെ ആവശ്യ സാധനങ്ങൾ പരിതാപകരമാം വണ്ണം ഒരു കൂട്ടം ജനങ്ങൾക്ക് നിഷേധി ച്ചത് കൊണ്ടുമാണ് സ്നേഹം, നന്മ, നീതി, സേവനം, പുണ്യം ഇവ യെല്ലാം ദൈവീകമായ വികാരങ്ങളാണെന്ന് തോന്നിപ്പിച്ചത്.

ജനസംഖ്യയും കുടുംബ സംവിധാനത്തിന്റെ സ്വാർത്ഥതയും കുറ ഞ്ഞാൽ എല്ലാവർക്കും സുഖമായി നിലനിൽക്കാൻ കഴിയും. അതിനുള്ള വസ്തുവഹകൾ ഭൂമിക്ക് നിരുപാധികം നൽകാനും കഴിയും. അതി നാൽ ഇത്തരം വികാരങ്ങളുടെ ആവശ്യം ഇല്ലാതാകും.

ഇല്ലാത്ത വികാരങ്ങൾ കൊണ്ട് യഥാർത്ഥത്തിൽ ഉള്ള മോക്ഷം എങ്ങിനെ നേടാൻ കഴിയും?

മനുഷ്യ മസ്തിഷ്ക്കത്തിന്റെ ഏതോ ഒരു ഭാഗം ബോധവുമായി ലിങ്ക് ചെയ്ത് ബോധത്തിന്റെ നിസ്സംഗതയെ വിഭജിച്ച് വികാരങ്ങളും അനുഭവങ്ങളും സൃഷ്ടിച്ച് നിലനിൽപ്പ് യാഥാർത്ഥ്യമാണ് എന്ന അനു ഭവം ഉണ്ടാക്കുന്നു. ഈ അനുഭവത്തിൽ വേദനയും ദുഃഖവും വന്നതു കൊണ്ടാണ് എല്ലാവരും അതിന് ഭൗതിക-ആത്മീയ പരിഹാരങ്ങൾ ഉണ്ടോ എന്ന് അന്വേഷിച്ചത്.

മെഡിക്കൽ സയൻസ് ഭൗതിക പരിഹാരങ്ങളും മതങ്ങൾ ആത്മീയ പരിഹാരങ്ങളും നിർദ്ദേശിക്കുന്നു. എന്നാൽ ഈ പരിഹാരങ്ങൾക്ക് ദുഃഖത്തെ ഇല്ലാതാക്കാൻ കഴിഞ്ഞാലും വേദനയെ ഇല്ലാതാക്കാൻ കഴി യില്ല.

ദുഃഖത്തിൽ നിന്നും വേദനയിൽ നിന്നുമല്ല ഉണ്മാനുഭവം അഥവാ ഞാൻ നിലനിൽക്കുന്നു എന്ന അനുഭവം ഉണ്ടായത്. മറിച്ച് 'ഞാൻ' ദേഹത്തിൽ ഉണ്മയായി നിലനിൽക്കുന്നത് കൊണ്ടാണ് ഇവയെല്ലാം ഉണ്ടായത്.

ബോധം അവബോധമായി താഴ്ന്ന് വ്യക്തിബോധമായപ്പോൾ ഉണ്ടായ ഭ്രമമാണ് വേദനയും ദുഃഖവും സുഖവും സന്തോഷവും. തുരീ യാവസ്ഥയിലുള്ള ബോധം ഭ്രമിച്ച് ജാഗ്രത്തിലേക്ക് ഉണർന്നപ്പോഴാണ് ഈ അനുഭവങ്ങൾ ഉണ്ടായത്. ഈ അനുഭവത്തിന്റെ സ്വാഭാവികത യാണ് സ്വാർത്ഥതയും അതുമൂലമുള്ള വേദനയും ദുഃഖവും. അതി നാൽ മേൽപ്പറഞ്ഞവയൊന്നും യഥാർത്ഥ മോക്ഷമാർഗ്ഗങ്ങൾ അല്ല.

**79. ശി:-** ജീവനിൽ നിന്നുള്ള മോചനമാണ് അഥവാ മസ്തിഷ്ക്കവുമായുള്ള ബോധത്തിന്റെ ലിങ്ക് എന്നന്നേയ്ക്കുമായി ഇല്ലാതാകുന്നതിനെയാണ് ബോധശാസ്ത്രം മോക്ഷം, നിർവ്വാണ, ജീവന്മുക്തി, നിത്യജീവൻ എന്നെല്ലാം നിർവ്വചിച്ചിരിക്കുന്നത്. മനുഷ്യദേഹം ഇല്ലാതായാൽ മാത്രമെ അത് പൂർണ്ണമാകുകയുള്ളു എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്. അങ്ങിനെയെങ്കിൽ മനുഷ്യകുലം അന്യം നിന്ന് പോകുകയില്ലെ?

**മാസ്റ്റർ:-** നശിക്കുന്ന ദേഹത്തിന്റെ സാന്നിദ്ധ്യം കൊണ്ട് നശിക്കാത്ത എന്തോ ഒന്ന് നിലനിൽക്കുന്നു എന്ന് മനസ്സിലാക്കുന്നതു കൊണ്ടല്ലെ നശിച്ചു പോകുകയില്ലെ അഥവാ അന്യം നിന്ന് പോകുകയില്ലെ എന്ന് ചോദിക്കുന്നത്? സ്വന്തം ദേഹം പോലും നശിച്ചു പോകുമെന്ന് അറിയു ന്ന നിരീക്ഷകൻ ഒരിക്കലും ദേഹമായിരിക്കുകയില്ല എന്ന് വ്യക്തമാണ്.

അപ്പോൾ നശിക്കാത്തത് എന്തോ മനുഷ്യ ബുദ്ധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു എന്ന് സംശയാതീതമായി തെളിയുന്നു.

തങ്ങൾ അന്യം നിന്ന് പോകുമോ എന്ന് നിരീക്ഷിക്കാൻ കഴിയാത്ത എത്രയോ ജീവജാലങ്ങളെ മനുഷ്യർ പൂർണ്ണമായി ഇല്ലാതാക്കി കളഞ്ഞു. എന്നിട്ടും ആ ജീവജാലങ്ങളൊന്നും തങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായ മനുഷ്യർക്കെതിരെ യുദ്ധം ചെയ്തില്ല. കാരണം അവയുടെ ബുദ്ധിയോട് എന്നെന്നും നിലനിൽക്കാൻ കഴിവുള്ള എന്തോ ഒന്ന് നിരീക്ഷകനായി ലിങ്ക് ചെയ്തിട്ടില്ല എന്നല്ലേ അർത്ഥം?

ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങളാണ് സ്വന്തം വർഗ്ഗനാശത്തെ സത്യമെന്ന് ബോദ്ധ്യപ്പെടുത്തുന്നത്. ഈ ഭ്രമവികാരങ്ങളില്ലാതായാൽ അന്യം നിന്നു പോകുമെന്ന ഭ്രമവും ഇല്ലാതാകും. സ്വപ്നത്തിൽ കാണുന്ന പ്രപഞ്ചവും അതിലെ ജീവജാലങ്ങളും മനുഷ്യനും സ്വപ്നത്തിൽ നിന്നും ജാഗ്രത്തിലേക്ക് ഉണരുമ്പോൾ അന്യം നിന്നു പോയി എന്നാരും സമ്മതിക്കുകയില്ലല്ലൊ? അതുപോലെ ഭ്രമത്തിൽ നിന്ന് അഖണ്ഢ-നിശ്ചല-നിസ്സംഗമായ ബോധത്തിലേക്കുണരുമ്പോൾ മനുഷ്യവർഗ്ഗം അന്യം നിന്നു പോയി എന്നാർക്കും പറയാൻ കഴിയുകയില്ല.

മോക്ഷം പ്രാപിക്കുന്നത് ദേഹപദാർത്ഥമല്ല. ആത്മാവെന്നും, വ്യക്തിബോധമെന്നും നിരീക്ഷകനെന്നും വിളിക്കപ്പെടുന്നതും ബുദ്ധിയുമായി ലിങ്ക് ചെയ്തു നിൽക്കുന്നതുമായ ബോധമാണ് മോക്ഷം പ്രാപി

ക്കുന്നത്. ഭ്രമത്തെ അഥവാ നശ്വരതയെ ബുദ്ധി ഉപയോഗിച്ച് ഭ്രമമാണെന്ന് തിരിച്ചറിഞ്ഞ് താനും ദേഹവും രണ്ടാണെന്നും അതിൽ താൻ നശിക്കാത്തതും ദേഹം നശിക്കുന്നതാണെന്നും തിരിച്ചറിഞ്ഞ് അനുഭവിക്കുക മാത്രമാണ് ചെയ്യുന്നത്. ആത്മാവായ വ്യക്തിബോധത്തിൽ നിന്ന് വ്യക്തിത്വമെന്ന അഹങ്കാരത്തേയും, അഹങ്കാരം സ്വന്തം എന്ന് വിശ്വസിച്ച നശ്വരമായ വസ്തുക്കളെയും ജീവനെയും ഉപേക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. അതോടെ ആത്മാവ് അഥവാ നിരീക്ഷകൻ ഇല്ലാതാകുന്നു. വ്യക്തിത്വം നഷ്ടപ്പെട്ട ബോധം നിരീക്ഷണം ഉപേക്ഷിച്ച് സ്വതന്ത്ര സാക്ഷിയായി മാറുന്നു.

എല്ലാ ജീവജാലങ്ങളും സ്വാഭാവികമായി വന്നുചേരുന്നതിലാണ് ജീവിക്കുന്നത്. എന്നാൽ ആത്മാവില്ലാത്തതിനാൽ (തിരിച്ചറിവ്) അങ്ങിനെയാണ് ജീവിക്കുന്നതെന്ന് അവ അറിയുന്നില്ല.

അതുപോലെ ജീവിക്കാൻ കഴിയുന്ന ആത്മാവുള്ള ഒരു വ്യക്തിക്കു മാത്രമെ ബോധത്തിന് ദേഹവുമായി ബന്ധമില്ല എന്ന് തിരിച്ചറിയാൻ കഴിയുകയുള്ളു.

ഈ ഭൂമിയിൽ സുഖമായി നിലനിൽക്കാൻ പ്രകൃതി സ്വാഭാവികമായി നൽകുന്ന വസ്തുവഹകൾ മാത്രം മതി. ആരാധനയും പ്രാർത്ഥനയും ഉപവാസവും ധ്യാനവും കലാപങ്ങളും യുദ്ധവും വിപ്ലവവും ഒന്നും നിലനിൽപ്പിന് ആവശ്യമില്ല. മറ്റു ജീവജാലങ്ങളിൽ നിലനിൽപ്പിനായുള്ള പോരാട്ടങ്ങൾ കാണാമെങ്കിലും ആരാധനയും പ്രാർത്ഥനയും ജപവും ഉപവാസവും ധ്യാനവും ഒന്നും കാണാറില്ല.

അപ്പോൾ വിഭ്രമ-മതിഭ്രമമുള്ള മനുഷ്യരാണ് സ്വാർത്ഥത കൊണ്ടും പ്രത്യുൽപ്പാദനവർദ്ധനവു കൊണ്ടും ഈ ഭൂമിയെ ഒരു ഭ്രാന്താലയമാക്കി മാറ്റിയത്.

സ്വാർത്ഥത കൊണ്ട് ഭ്രാന്ത് പിടിച്ചത് ദേഹപദാർത്ഥത്തിനല്ല മറിച്ച് വ്യക്തിബോധത്തിനാണ്. സ്വാർത്ഥത മറ്റു ജീവജാലങ്ങളിലുമുണ്ട്. ജീവന്റെ സ്വാഭാവികതയാണത്. എന്നാൽ അവയിൽ അത് ഭ്രാന്തായി മാറുന്നില്ല.

ദേഹപദാർത്ഥം ഒരു നശ്വര വസ്തുവാണ്, അഥവാ ഭ്രമമാണ്. തനിയെ നശിക്കുകയും ഉണ്ടാകുകയും ചെയ്യുക എന്നതാണ് അതിന്റെ പ്രത്യേകത. അതുകൊണ്ടാണ് ജീവനും പദാർത്ഥങ്ങളും ചാക്രികമാണ് എന്ന് പറയുന്നത്. നിരീക്ഷകനായി ദേഹത്തോട് ലിങ്ക് ചെയ്യുന്ന ബോധം

താൻ ജീവനാണെന്ന് ധരിച്ചാൽ നിരീക്ഷകനും ചാക്രികതയിൽ പെടും. ഈ ചാക്രികതയെയാണ് പുനർജന്മം എന്ന് വിളിക്കുന്നത്.

ദേഹത്തെ ഇല്ലാതാക്കിയല്ല മോക്ഷം നേടുന്നത്. ദേഹം താനാണെന്ന് ഭ്രമിക്കുന്ന വ്യക്തിബോധം തന്റെ ഭ്രമത്തിൽ നിന്നും പുറത്തു കടക്കുന്നതാണ് മോക്ഷം. അതിനാൽ മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പും നാശവുമായി തുരീയാനുഭവത്തിന് യാതൊരു ബന്ധവുമില്ല.

സ്വന്തം ബോധമണ്ഡലത്തിൽ ഉണ്ടായ ഭ്രമ-വിഭ്രമ-മതിഭ്രമങ്ങളെ ഇല്ലാതാക്കിയാൽ അഥവാ അവയ്ക്ക് സാക്ഷിയായാൽ മനുഷ്യദേഹം മറ്റു മൃഗങ്ങളെപ്പോലെ നിലനിൽക്കും. അതിനാൽ അന്യം നിന്നു പോകുമെന്ന ആശങ്ക വേണ്ട.

അദ്വൈതാനുഭവം അഥവാ മോക്ഷാനുഭവം ദേഹത്തെ ഇല്ലാതാക്കലല്ല. ദേഹവുമായി ലിങ്ക് ചെയ്ത് വ്യക്തിബോധമായി നിൽക്കുന്ന ഞാൻ എന്ന ബോധം, ദേഹവും താനുമായി യാതൊരു ബന്ധവുമില്ല എന്നനുഭവിക്കുന്നതാണ് മോക്ഷം.

ദേഹം ഉണ്ടെങ്കിലും ഇല്ലെങ്കിലും മോക്ഷാനുഭവം സാദ്ധ്യമാണ്.

ആപേക്ഷികതയുടെ ഭ്രമാനുഭവത്തിൽ നിന്നു കൊണ്ട് മോക്ഷം അനുഭവിക്കുക സാദ്ധ്യമല്ല. അതിനാൽ ആപേക്ഷികാനുഭവത്തിൽ നിന്നും പുറത്തു കടക്കണം. നിർവ്വാണയും മോക്ഷവും നിത്യജീവനും, അറിവോ, നേട്ടമോ അല്ല. ആപേക്ഷിക അനുഭവത്തിന് അതീതമായ യാഥാർത്ഥ്യം കൂടിയ അസ്തിത്വ അനുഭവമാണ് എന്നാണ് ബോധ ശാസ്ത്രം തെളിയിക്കുന്നത്.

**80. ശി:-** എന്താണ് മോക്ഷാനുഭവം? നിർവ്വാണ, നിത്യജീവൻ, സ്വർഗ്ഗം എന്നീ പദങ്ങൾ കൊണ്ട് അർത്ഥമാക്കുന്നത് ഇത് തന്നെയാണോ?

**മാസ്റ്റർ:-** ദേഹം ഉണ്ടെങ്കിലും ഇല്ലെങ്കിലും 'ഞാൻ നിലനിൽക്കുന്നു' എന്ന അനുഭവം ആണ് മോക്ഷാനുഭവം. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളെ ഉപയോഗിച്ച് താൻ നിരീക്ഷകനാണ് എന്ന് തെറ്റിദ്ധരിക്കുന്ന ബോധത്തെ, താൻ നിരീക്ഷകനല്ല വെറും ഒരു സാക്ഷി മാത്രമാണ് അഥവാ അനുഭവങ്ങൾ ബാധിക്കാത്ത ശുദ്ധ ബോധമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനെയാണ് മോക്ഷം എന്ന് പറയുന്നത്.

ഞാനല്ലാതെ മറ്റൊന്നും നിലനിൽക്കുന്നില്ല എന്നതാണ് മറ്റൊരനുഭവം. സ്വന്തം ഭാര്യയും മക്കളും വീടും വയലും ഒക്കെ എത്രത്തോളം യാഥാർത്ഥ്യാനുഭവങ്ങളാണോ അതിനേക്കാൾ ആയിരം മടങ്ങ് യാഥാർത്ഥ്യമാണ് 'ഞാൻ' മാത്രം നിലനിൽക്കുന്നു എന്ന മോക്ഷാനുഭവം.

ജാഗ്രത് എന്ന ബോധതലത്തിലെ അനുഭവങ്ങളിൽ നിന്നുള്ള ഉണർച്ചയാണ് മോക്ഷം. അല്ലാതെ ദേഹത്തിന്റെയോ ജീവന്റെയോ വേദനയുടെയോ ഭൂമിയുടെയോ തടവറയിൽ നിന്നുള്ള മോചനമല്ല. ഒന്നിലും നിന്നുള്ള സ്വാതന്ത്ര്യവുമല്ല.

ജാഗ്രത് ഉള്ളത് നശിച്ചു പോകുന്നു എന്ന് അനുഭവപ്പെടുത്തുന്നു. സ്വപ്നം ഇല്ലാത്തത് ഉണ്ട് എന്ന് അനുഭവപ്പെടുത്തുന്നു. സുഷുപ്തി അനുഭവങ്ങളൊന്നും ഇല്ല എന്ന് അനുഭവപ്പെടുത്തുന്നു.

സുഷുപ്തി ഒഴിച്ചുള്ള എല്ലാ അനുഭവങ്ങളിലും 'ഞാൻ നിലനിൽക്കുന്നു' എന്ന അറിവും അനുഭവവും ഉണ്ട്. എന്നാൽ മോക്ഷാനുഭവത്തിൽ മാത്രം 'ഞാൻ നിലനിൽക്കുന്നു' എന്ന അനുഭവമല്ലാതെ മറ്റെന്തെങ്കിലും നിലനിൽക്കുന്നുണ്ട് എന്ന അനുഭവം തീരെ ഇല്ല. ഇതുകൊണ്ടാണ് മോക്ഷാനുഭവത്തെ ഉണർച്ച എന്ന വാക്കു കൊണ്ട് വിശേഷിപ്പിച്ചത്.

നിർവ്വാണയും നിത്യജീവനും ഏകദേശം മോക്ഷത്തിന്റെ അർത്ഥം തന്നെയാണ് ഉൾക്കൊള്ളുന്നത്. എന്നാൽ സ്വർഗ്ഗവും പറുദീസയും പൊസിറ്റീവായ അനുഭവങ്ങൾ മാത്രമുള്ള ഒരു സാങ്കൽപ്പിക ഇടമായിട്ടാണ് എല്ലാ മതക്കാരും കാണുന്നത്. അതുകൊണ്ടത് ഭ്രമം തന്നെയാണ്.

**81. ശി:-** വികാരങ്ങളും അനുഭവങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്താണ്? എന്തുകൊണ്ടാണ് അങ്ങ് എല്ലാ അനുഭവങ്ങളെയും വികാരാനുഭവങ്ങൾ എന്ന് വിളിക്കുന്നത്? വികാരങ്ങളുടെ പ്രധാനപ്പെട്ട പ്രവർത്തനം എന്തെല്ലാമാണ് ?

**മാസ്റ്റർ:-** വികാരങ്ങൾ അനുഭവത്തെയും അനുഭവങ്ങൾ വികാരങ്ങളെയും സൃഷ്ടിക്കുന്നതു കൊണ്ടാണ് രണ്ടിനേയും കൂട്ടിച്ചേർത്ത് വികാരാനുഭവങ്ങൾ എന്ന് പറയുന്നത്.

അഖണ്ഡ-നിശ്ചല-നിസ്സംഗ ബോധത്തെ ആവരണം ചെയ്യുക; വിക്ഷേപണം എന്ന പ്രതിഭാസം കൊണ്ട് ഇല്ലാത്തതിനെ ഉണ്ടെന്ന്

തോന്നിപ്പിക്കുക ഇവയാണ് വികാരങ്ങളുടെ പ്രവർത്തനം. ഈ പ്രവർത്തനത്തെ വേദാന്തം മായ എന്നാണ് വിളിക്കുന്നത്. മായ ഒരു ശക്തിയാണെന്ന് കരുതിയാൽ മായ ശക്തി തന്നെയാണ്. അല്ലെങ്കിൽ കാനൽ ജലംപോലെ ഇല്ലാത്തതാണ്.

വികാരങ്ങൾ ശക്തമായാൽ അനുഭവങ്ങൾ ശക്തമാകും, അനുഭവങ്ങൾ ശക്തമായാൽ സംഭവങ്ങളുടെ യാഥാർത്ഥ്യത കൂടും. സംഭവങ്ങളുടെ യാഥാർത്ഥ്യത കൂടിയാൽ ഭ്രമവസ്തുക്കൾ നശ്വരമല്ല എന്ന് തോന്നും. അതിനാൽ ഭ്രമത്തിൽ നിന്നും ഒരു കാലത്തും ഒരു ജന്മത്തിലും ഉണരാൻ സാദ്ധ്യമല്ലാതാകും.

**82. ശി:-** ദുഃഖവും സന്തോഷവും മാനസിക അനുഭവങ്ങളും; വേദനയും സുഖവും ശാരീരിക അനുഭവങ്ങളുമാണ്. അവയിൽ ദുഃഖവും സന്തോഷവും യാഥാർത്ഥ്യം കുറഞ്ഞ അനുഭവങ്ങളും; വേദനയും സുഖവും യാഥാർത്ഥ്യം കൂടിയ അനുഭവങ്ങളുമാണ് എന്ന് വ്യക്തമാണ്. യാഥാർത്ഥ്യം കൂടിയ വേദനയുടെയും സുഖത്തിന്റെയും 85%-ത്തോളം വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ട് വിഘടിപ്പിച്ചാണ് ദുഃഖവും സന്തോഷവും അനുഭവിക്കുന്നത് എന്നാണ് ബോധശാസ്ത്രം പറയുന്നത്. മനുഷ്യന്റെ ജീവിതത്തെ മൃഗങ്ങളെക്കാൾ അധഃപതിപ്പിക്കുന്നത് ഈ വ്യത്യാസമാണ്. അതുകൊണ്ടാണ് മനുഷ്യരിൽ പ്രതികാരവും ഭയവും മരണംവരെ മാറാതെ നിൽക്കുന്നത് എന്നാണ് അങ്ങ് പറയുന്നത്.

അവബോധത്തിന്റെ സാന്നിദ്ധ്യം കൊണ്ടുണ്ടായ ഈ ഭ്രമാനുഭവങ്ങൾ രാസ യാഥാർത്ഥ്യമാണെങ്കിൽ സന്തോഷവും സുഖവും രാസ യാഥാർത്ഥ്യങ്ങളാണെന്ന് വരും. ദുഃഖത്തിന്റെ അഭാവം സന്തോഷവും വേദനയുടെ അഭാവം സുഖവുമാണെന്നാണ് 'ബോധശാസ്ത്രത്തിന് ഒരു പാഠപുസ്തകത്തിൽ' പറഞ്ഞിരിക്കുന്നത്. ഇവ വൈരുദ്ധ്യമാകുകയില്ലെ?

**മാസ്റ്റർ:-** ദുഃഖം മാനസിക അനുഭവമാണ്. ദുഃഖത്തിന്റെ അഭാവം സന്തോഷം തന്നെയാണ്. സന്തോഷം രാസവസ്തുക്കൾ കൊണ്ട് ഉണ്ടാകുന്നതുമല്ല. അത്തരം സന്തോഷത്തെയാണ് നിസ്സംഗത അഥവാ പരമാനന്ദം എന്ന് പറയുന്നത്.

ദുഃഖത്തിന്റെ സ്രോതസ്സിൽ ചെന്ന് ദുഃഖം താൻ സങ്കൽപ്പിച്ച് ഉണ്ടാക്കിയതാണെന്ന് മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് മനസ്സ് നിസ്സംഗമാകുന്നത്.

അതുപോലെ നിസ്സംഗതയെ ഉന്മാദമെന്ന വൈകാരിക സന്തോഷമാക്കി മാറ്റാൻ നമുക്കു കഴിയും. ടി.വി., സിനിമ, വായന, വിവിധ തരം വിനോധോപാദികൾ ഇവയെല്ലാം ഉപയോഗപ്പെടുത്തി നിസ്സംഗതയെ വിഭജിച്ച് ഉന്മാദത്തിന്റെ രാസവസ്തുക്കളെ ഉൽപ്പാദിപ്പിക്കാം, ഉന്മാദം അനുഭവിക്കാം. എന്നാൽ ഉന്മാദത്തിന് ഉപയോഗപ്പെടുത്തിയ ഉപാധിയെ പിൻവലിച്ചാൽ ഉന്മാദം ഇല്ലാതാകും. അതുകൊണ്ടാണ് ആസ്വദിച്ചു കൊണ്ടിരുന്ന സംഗീതം നിന്ന് പോയാൽ സന്തോഷമില്ലാതാകുന്നത്.

വേദനയില്ലാത്ത അവസ്ഥ (പൂർണ്ണ ആരോഗ്യം) ശരീരത്തിന്റെ നിസ്സംഗതയാണ്, അത് പരമാനന്ദം തന്നെയാണ്. ലൈംഗിക പ്രവൃത്തികൾ കൊണ്ട് ഈ പരമാനന്ദത്തെ ലൈംഗിക ഉന്മാദമെന്ന സുഖത്തിലേക്ക് ഉയർത്താൻ കഴിയും. ഇതാണ് രതിസുഖം. ഇത് രാസ വസ്തുക്കൾ കൊണ്ടുള്ള സുഖം തന്നെയാണ്. ചില ലൈംഗിക ഹോർമോണുകളുടെ സ്രവങ്ങളാണ് ഈ സുഖത്തെ അനുഭവപ്പെടുത്തുന്നത്.

ബോധത്തിന്റെ നിസ്സംഗത എന്ന പരമാനന്ദം ഒരനുഭവമല്ല. പരമാനന്ദത്തെ അനുഭവമാക്കി മാറ്റണമെങ്കിൽ വികാരങ്ങൾ കൊണ്ട് നിസ്സംഗത യെ വിഭജിക്കണം. അതിന് വിഭജിക്കാനാവശ്യമായ ഒരു ഉപകരണം വേണം. ആ ഉപകരണമാണ് മനുഷ്യമസ്തിഷ്കം. ഈ മസ്തിഷ്കത്തെ ബോധം യഥാർത്ഥത്തിൽ സൃഷ്ടിക്കുകയല്ല ചെയ്യുന്നത്, മറിച്ച് ഭ്രമത്തിലൂടെ ഉണ്ടാക്കി കാണിക്കുകയാണ്. അതുകൊണ്ടാണ് മസ്തിഷ്കം എന്നെന്നും നിലനിൽക്കാത്തത്. ഭ്രമം എന്നാൽ നശ്വര വസ്തുക്കൾ കൊണ്ട് ഉണ്ടാക്കുന്ന അനുഭവം എന്നാണ് അർത്ഥം. ഖരവസ്തുക്കളും ദ്രാവക-വാതക തന്മാത്രകളും,വൈദ്യുത കാന്തിക തരംഗങ്ങളും നാഢീകോശങ്ങളിൽ ഉണ്ടാക്കുന്ന മർദ്ധവും പ്രകമ്പനങ്ങളും മസ്തിഷ്കം ബോധത്തിന് നൽകുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങളാണ് പ്രപഞ്ചവും ജീവജാലങ്ങളും. മസ്തിഷ്കവും ബോധവും ഒരുമിച്ചു നിന്നാൽ മാത്രമെ പ്രപഞ്ചാനുഭവം ഉണ്ടാകുകയുള്ളു. അവയിൽ ഏതെങ്കിലും ഒന്ന് അപ്രത്യക്ഷമായാൽ എല്ലാം നിലനിൽക്കുന്നു എന്ന അനുഭവം ഇല്ലാതാകും.

ഭ്രമത്തിലൂടെ ഉണ്ടാക്കി കാണിക്കുന്നു എന്ന് പറയുമ്പോൾ അത് ഉള്ളത് തന്നെയാണ്. കാരണം അത് ഉണ്മയുടെ അനുഭവമാണ്. സ്ഥല

-കാലങ്ങളിൽ നിലനിൽക്കുന്ന പദാർത്ഥവും ഊർജ്ജവുമാണത്. സ്വപ്നം പോലെ ഇല്ലാത്തത് ഉണ്ട് എന്ന തോന്നലല്ല.

ദുഃഖവും സന്തോഷവും ഉണർന്നിരിക്കുമ്പോഴുള്ള സ്വപ്നമാണ്. അവ മനസ്സിന്റെ പ്രകമ്പന അനുഭവങ്ങളാണ്. ബുദ്ധി ബോധത്തെ അവബോധമായും ശ്രദ്ധയായും ഓർമ്മയായും അനുഭവമായും സ്വീകരിച്ച്, ഇല്ലാത്ത ദുഖത്തെയും സന്തോഷത്തെയും സങ്കൽപ്പിച്ച് ഉണ്ടാക്കി അനുഭവിക്കുകയാണ്. ഇത് ഉയർന്ന ബോധാനുഭവമായ പരമാനന്ദത്തെ മറച്ചുപിടിക്കുന്ന താഴ്ന്ന ബോധത്തിന്റെ ആവരണം ചെയ്യുക എന്ന സ്വഭാവമാണ്. അതിനാൽ ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും വികാരങ്ങളെ നിസ്സംഗമാക്കിയാൽ അഥവാ ഈ ആവരണം നീക്കം ചെയ്താൽ മാത്രമെ ബോധത്തെ ദൈവമായി അനുഭവിക്കാൻ കഴിയു. അതിന് ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും സ്രോതസ്സിനെക്കുറിച്ചുള്ള അറിവു മാത്രം മതി.

വിഭ്രമ മതിഭ്രമ വികാരങ്ങളാണ് ഈ ആവരണത്തെ ഉണ്ടാക്കുന്നതും ഏത് ബുദ്ധിമാനെയും നൈമിഷിക വികാരങ്ങൾ കൊണ്ട് കബളിപ്പിക്കുന്നതും. വിഭ്രമ-മതിഭ്രമ വികാരങ്ങളെന്ന ആവരണത്തെ നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന അനുഭവത്തെയാണ് യഥാർത്ഥ ബോധോദയം അഥവാ ആത്മസാക്ഷാത്ക്കാരം എന്ന് പറയുന്നത്.

വേദനയും സുഖവും ഭ്രമ വികാരാനുഭവങ്ങളാണ്. ഇത് താഴ്ന്ന ബോധത്തിന്റെ പ്രക്ഷേപണമെന്ന കഴിവിൽ നിന്ന് ഉണ്ടാകുന്നതാണ്. അതായത് കേവല യാഥാർത്ഥ്യമായ മഹാബോധത്തെ മറച്ചുപിടിച്ച് മറ്റു പലതാക്കി കാണിക്കുന്ന താഴ്ന്ന ബോധത്തിലുള്ള ബുദ്ധിയുടെ സൂത്രമാണത്. അത് നാഢീകോശങ്ങളിൽ ചെലുത്തുന്ന മർദ്ദത്തിന്റെ പ്രകമ്പനങ്ങൾ മൂലം ഉണ്ടാകുന്നവയാണ്. അഥവാ ബോധത്തെ ദേഹപദാർത്ഥവും പ്രപഞ്ചവുമാണെന്ന് മർദ്ദം കൊണ്ട് തോന്നിപ്പിക്കലാണത്.

'അഹം ബ്രഹ്മാസ്മി', 'തത്ത്വമസി', 'ഞാൻ തന്നെ അത്'. എല്ലാ ചരാചരങ്ങളിലും ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ട് എന്ന തത്വശാസ്ത്രങ്ങൾ ബോധത്തിന്റെ പ്രക്ഷേപണമെന്ന പ്രത്യേകതയെ തിരിച്ചറിയാൻ കഴിയാതിരുന്ന ജ്ഞാനികൾക്കു പറ്റിയ അബദ്ധങ്ങളാണ്. താൻ ഒരു വ്യക്തിയാണെന്ന് തോന്നുന്നവന് മാത്രമെ 'ഞാൻ' എന്നും 'നീ' എന്നും 'എന്റേത്'എന്നും പറയാൻ കഴിയുകയുള്ളു.

തന്നിൽ തിരിച്ചറിവും ശ്രദ്ധയും ഓർമ്മയും അനുഭവവുമായി നിൽക്കുന്ന ബോധം എന്താണെന്ന് മനസ്സിലാക്കാതെ ബോധം പ്രക്ഷേ

പണത്തിലൂടെ കാണിച്ചു തരുന്ന ഭ്രമവസ്തുക്കളായ ദേഹവും പ്രപഞ്ചവും വ്യക്തിത്വവും എല്ലാം യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കുകയും; താൻ തിരിച്ചറിയുന്നവയെല്ലാം നശ്വരമാണെന്ന് അറിഞ്ഞിട്ടും അവയെല്ലാം യാഥാർത്ഥ്യങ്ങളാണെന്ന രീതിയിൽ ജീവിക്കുകയും ചെയ്തപ്പോഴാണ് ദൈവത്തെക്കുറിച്ച് ഇത്തരം അറിവുകൾ രൂപം കൊണ്ടത്. നശ്വരവസ്തുക്കളിലും ജീവനിലും അനശ്വരനായ ദൈവത്തിന് എങ്ങിനെ നിലനിൽക്കാൻ കഴിയും? പ്രകമ്പനം കൊണ്ടും മർദ്ദം കൊണ്ടും ബോധം ഭ്രമിച്ചു കാണുകയും അനുഭവിക്കുകയും ചെയ്യുന്ന പ്രപഞ്ചവും വസ്തുക്കളും ജീവനും എങ്ങിനെ യാഥാർത്ഥ്യമാകും?

അതുകൊണ്ടാണ് ഇന്നുവരെയുള്ള ഒരു ബുദ്ധിമാനും ബോധത്തെക്കുറിച്ച് അന്വേഷിക്കാതെ ബോധത്തെ ആവരണം ചെയ്തപ്പോഴുണ്ടായ അഥവാ ബോധം പ്രകമ്പിതമായപ്പോഴുണ്ടായ ദുഃഖത്തെയും സന്തോഷത്തേയും കുറിച്ച് പഠിക്കുകയും അതിൽ ദുഃഖത്തിന്റെ പ്രകമ്പനത്തെ എങ്ങിനെ ഇല്ലാതാക്കി സന്തോഷത്തിന്റെ പ്രകമ്പനങ്ങളെ വർദ്ധിപ്പിക്കാനുള്ള ഉപാധികളും തത്വശാസ്ത്രങ്ങളും കണ്ടെത്തിയത്. ഇവരെയാണ് ജ്ഞാനികൾ അഥവാ ആൾദൈവങ്ങൾ എന്ന് വിളിക്കുന്നത്.

ബോധം പ്രക്ഷേപണം കൊണ്ട് സത്യമെന്ന് ബോദ്ധ്യപ്പെടുത്തുന്ന ദേഹത്തെയും പ്രപഞ്ചത്തെയും കുറിച്ച് പഠിക്കുകയും അന്വേഷിക്കുകയും ചെയ്തവരെയാണ് ശാസ്ത്രജ്ഞരെന്ന് വിളിക്കുന്നത്.

വേദനയുടെ മർദ്ദത്തെ കുറച്ച് സുഖത്തിന്റെ മർദ്ദത്തെ വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നടത്തുകയും മരണത്തെ അതിജീവിക്കാൻ മാർഗ്ഗങ്ങൾ ഉണ്ടോയെന്ന് അന്വേഷിക്കുന്നതും ഇവരാണ്. ഭ്രമവികാരാനുഭവങ്ങൾ ഉണ്ടാക്കുന്ന മർദ്ദത്തിന്റെ പ്രക്ഷേപണസ്വഭാവത്തെ തിരിച്ചറിയാൻ ഇവർ കൂട്ടാക്കിയില്ല. ഇവയെല്ലാം പ്രക്ഷേപണമാണെന്നതിന്റെ ഏറ്റവും വലിയ തെളിവ് അവയുടെ നശ്വരത തന്നെയാണ്.

ഭ്രമം പ്രക്ഷേപണം ആണെന്ന് തിരിച്ചറിയാൻ എളുപ്പമാണ്. നാം കാണുന്ന സിനിമ ഇല്ലാത്തത് ഉണ്ടാക്കി കാണിക്കുന്നതാണെന്ന് അറിയാൻ പ്രത്യേകിച്ചൊരറിവും ആവശ്യമില്ല. സിനിമാപ്രക്ഷേപണം നിൽക്കുമ്പോൾ സ്ക്രീൻ കാലിയാകുന്നത് ശ്രദ്ധിച്ചാൽ മതി. അതുപോലെ ഉറങ്ങുമ്പോൾ അഥവാ ബോധം മസ്തിഷ്ക്കത്തോട് ലിങ്ക് ചെയ്യാത്തപ്പോൾ

അനുഭവങ്ങളൊന്നും ഇല്ലായെന്ന് ദിവസവും നാം അനുഭവിക്കുന്നത് തന്നെ ജാഗ്രത് എന്ന ഭ്രമം പ്രക്ഷേപണമാണെന്നതിന്റെ തെളിവാണ്.

വികാരങ്ങൾ നിസ്സംഗമായാൽ ബോധം ആവരണം നീക്കി പുറത്തുവരും. അതായത് പ്രകമ്പനമില്ലാത്ത ബോധം ബാക്കിയാകും. പിന്നീട് ഉള്ളത് ഭ്രമാനുഭവം എന്ന പ്രക്ഷേപണമാണ്. പ്രക്ഷേപണമെന്ന ഭ്രമാവസ്ഥയിൽ ദേഹവും പ്രപഞ്ചവും നശ്വരമായ രണ്ട് വസ്തുക്കളാണെന്ന് തിരിച്ചറിഞ്ഞ് അനുഭവിക്കാൻ വളരെ എളുപ്പമാണ്. കാരണം അവിടെ നശ്വരതയെ യാഥാർത്ഥ്യമാക്കി തോന്നിപ്പിക്കുന്ന വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ പ്രകമ്പനങ്ങൾ ഇല്ല.

അതായത് യഥാർത്ഥ ബോധോദയം അഥവാ ആത്മസാക്ഷാത്ക്കാരം ലഭിച്ചവന് ജനന-മരണ ഭ്രമങ്ങളിൽ നിന്നുണരാൻ വളരെ എളുപ്പം കഴിയുമെന്നർത്ഥം.

*“പ്രകമ്പനങ്ങൾ ഒരു പ്രത്യേക സ്ഥലകാലത്തിൽ സാന്ദ്രമാകുമ്പോഴാണ് അവ പദാർത്ഥങ്ങളും ജീവനുമായി തോന്നുന്നത്. ബോധം തന്റെ തന്നെ ബോധമണ്ഢലത്തിൽ ഉണ്ടാക്കുന്ന പ്രകമ്പനങ്ങളെ പദാർത്ഥങ്ങളായും ഊർജ്ജമായും ജീവനായും ഭ്രമിച്ച് അനുഭവിക്കുകയാണ്. ഇവ പ്രകമ്പനമായി തിരിച്ചറിഞ്ഞ് സാക്ഷിയായാൽ ഇവയെല്ലാം സ്വപ്നത്തിൽ നിന്ന് ഉണരുന്നതുപോലെ അപ്രത്യക്ഷമാകും.”*

### അദ്ധ്യായം പതിനാറ്

## ബോധത്തിലെ ചതുർമാന സിനിമ

**83 ശി:-** ബോധത്തിന്റെ ആവരണം, പ്രക്ഷേപണം എന്നീ രണ്ട് പ്രത്യേകതകളാണ് പ്രപഞ്ചാനുഭവം എന്ന് വേദാന്തത്തിൽ പറഞ്ഞിട്ടുണ്ട്. ബോധശാസ്ത്രം അതിൽ നിന്ന് എങ്ങിനെയാണ് വ്യത്യസ്തമാകുന്നത്?

**മാസ്റ്റർ:-** ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ടാണ് ബോധം തന്നെത്തന്നെ ആവരണം ചെയ്യുന്നതെന്നും തന്നെ ദേഹമായും പ്രപഞ്ചമായും പ്രക്ഷേപണം ചെയ്യുന്നത് എന്നും ഇന്ന് ലഭ്യമായ വേദാന്തത്തിൽ പറഞ്ഞതായി കാണുന്നില്ല. വേദാന്തത്തിൽ കാര്യകാരണമുണ്ട് അത് യുക്തിയാണ്. സൂക്ഷ്മ നിരീക്ഷണമാണത്, ബുദ്ധിക്കത് സ്വീകാര്യവുമാണ്. എന്നാൽ അതിന്റെ സ്രോതസ്സിനെക്കുറിച്ചുള്ള അറിവില്ല. അതുകൊണ്ടു തന്നെ കാര്യകാരണത്തെ ഇല്ലാതാക്കി മോക്ഷം നേടാൻ കഴിയുകയില്ല.

ബോധശാസ്ത്രം ഒരു പുതിയ ശാസ്ത്രമല്ല. മതങ്ങളും വേദാന്തങ്ങളും പറയാൻ വിട്ടുപോയതോ അഥവാ കാലപ്പഴക്കം കൊണ്ട് നഷ്ടപ്പെട്ടുപോയതോ ആയ സത്യങ്ങളെ യുക്തിയിലും വ്യക്തതയിലും പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന ശാസ്ത്രമാണിത്. വിശ്വാസത്തെ ഉപയോഗപ്പെടുത്തി കാര്യകാരണങ്ങളിൽ നശ്വരതയെ യാഥാർത്ഥ്യമെന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചാൽ ആശയങ്ങൾ വികലമായി, ബുദ്ധി സത്യം കണ്ടെത്തുന്നതിൽ പരാജയപ്പെടും. അതുകൊണ്ടാണ് വേദാന്തങ്ങളെപ്പോലും ഭൗതിക ശാസ്ത്രം അംഗീകരിക്കാതെ പോയത്.

ആത്മീയ ശാസ്ത്രങ്ങളിലും വേദാന്തങ്ങളിലും കയറിക്കൂടിയ മിത്തുകളും വിശ്വാസങ്ങളും മൂലകൃതികളിൽ കാണണമെന്ന് നിർബ്ബന്ധമില്ല. പലതും പിന്നീട് കൂട്ടി ചേർക്കപ്പെട്ടവയായിരിക്കണം.

കേവല യാഥാർത്ഥ്യത്തിലെത്തിയ ഒരു അദ്വൈത അനുഭവി സത്യത്തെ ബോദ്ധ്യപ്പെടുത്താൻ ഒരിക്കലും മിത്തുകളും വിശ്വാസങ്ങളും ഉപയോഗിക്കുകയില്ല. യാഥാർത്ഥ്യത്തെ തെറ്റിദ്ധരിപ്പിക്കാൻ മാത്രമെ ഇവയ്ക്ക് കഴിയുകയുള്ളു.

മിസ്റ്റിക് അനുഭൂതികളുടെയും അനുഭവങ്ങളുടെയും ഒരു ശാസ്ത്ര മല്ല വേദാന്തങ്ങളെന്ന് 'അഷ്ടാവക്ര ഗീത' വ്യക്തമാക്കുന്നുണ്ട്. നിസ്വാർത്ഥതയിലും നിസ്സംഗതയിലും നിന്നു കൊണ്ടാണ് വേദാന്തികൾ അസ്തിത്വത്തിന്റെ അർത്ഥം ഗ്രഹിച്ചത്. അതിന് അവർ ഉപയോഗിച്ച മാർഗ്ഗം സൂക്ഷ്മ നിരീക്ഷണമാണ്. ഈ നിരീക്ഷണത്തെയാണ് അവർ ധ്യാനം എന്ന് വിളിച്ചത്. അല്ലാതെ കുണ്ഢലിനി ശക്തികളും അതീന്ദ്രിയ ശക്തികളും നിഗൂഢ ഊർജ്ജവും ഉണർത്തുന്ന ധ്യാന രീതികൾ വേദാന്തികൾ ഉപയോഗിച്ചിട്ടില്ല. അവയെല്ലാം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാകാം.

നശ്വരതയെ മറന്നു, ഭ്രമ-വിഭ്രമ-മതിഭ്രമ വികാരങ്ങൾ ഉണ്ടാക്കി കാണിച്ച യാഥാർത്ഥ്യത്തിൽ നിന്നു കൊണ്ട് സത്യം കണ്ടെത്താൻ ശ്രമിച്ചപ്പോഴാണ് ഭൗതിക ശാസ്ത്രവും വേദങ്ങളും മതങ്ങളും രൂപം കൊണ്ടത്. നശ്വരതയെ യാഥാർത്ഥ്യമെന്ന് ബോദ്ധ്യപ്പെടുത്താൻ കഴിവുള്ള ശക്തമായ ആയുധമാണ് വിശ്വാസവും പൊസിറ്റീവായ ചിന്തകളും പ്രവൃത്തികളും. അതുകൊണ്ടാണ് സെമറ്റിക് മതങ്ങൾ അവയെ പ്രോൽസാഹിപ്പിക്കുന്നത്.

ഭൗതിക ശാസ്ത്രത്തിന് വിശ്വാസത്തെ സ്വീകരിക്കാൻ സാദ്ധ്യമല്ല. അതിനാൽ അവർ വിശ്വാസത്തിന്റെ സ്ഥാനത്ത് യുക്തി ഉപയോഗപ്പെടുത്തി. യുക്തി കാര്യകാരണ ബന്ധമാണെങ്കിലും ആപേക്ഷികവും ഉപാധികളിൽ അധിഷ്ഠിതവുമാണ് എന്ന കാര്യം ഭൗതിക ശാസ്ത്രം സൗകര്യപൂർവ്വം മറന്നു കളഞ്ഞു.

ആപേക്ഷിക യാഥാർത്ഥ്യത്തിൽ നിന്ന് ജീവിത സൗകര്യങ്ങൾക്കാവശ്യമായ ഉപകരണങ്ങളും പ്രതികാരത്തിന് ഉപയോഗിക്കാവുന്ന ആയുധങ്ങളും ഉണ്ടാക്കാമെന്ന് അവർ മനസ്സിലാക്കിയിരുന്നു.

യുക്തിയും അനുഭവങ്ങളും ആപേക്ഷികമായാൽ അത് അന്ധവിശ്വാസം പോലെ തന്നെ അപകടകാരിയാണ്. കാരണം അത് വിഭ്രമ-മതിഭ്രമ-വികാരാനുഭവങ്ങളെ കൂടുതൽ കൂടുതൽ യാഥാർത്ഥ്യമാക്കി മാറ്റും. ബോധത്തെ മറച്ചു പിടിക്കുന്ന ആവരണത്തിന്റെ കട്ടി കൂട്ടുകയും പ്രക്ഷേപണത്തിന്റെ വ്യക്തത വർദ്ധിപ്പിക്കുകയും ചെയ്യും.

ഇവയൊന്നും തെറ്റാണെന്നല്ല ഇതിനർത്ഥം. ഇവയെല്ലാം നമുക്ക് ജീവിത സൗകര്യങ്ങൾക്കായി ഉപയോഗിക്കാം. ആയുധങ്ങൾ കൊണ്ട് പരസ്പരം തല്ലി മരിക്കാം. എന്നാൽ ഇവ ഭ്രമ-വിഭ്രമ-മതിഭ്രമ വികാര

ങ്ങളാണെന്ന തിരിച്ചറിവ് ഓരോ നിമിഷവും മറക്കാതെ നിലനിർത്താൻ നമുക്കു കഴിയണം. അല്ലെങ്കിൽ ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഒരു കാലത്തും ഉണർന്ന് നിത്യത പ്രാപിക്കാൻ സാദ്ധ്യമല്ലാതാകും.

**84. ശി:-** പിന്നെയും ഒരു ചോദ്യം ഉത്തരമില്ലാതെ ബാക്കിയാകുന്നു. ദേഹത്തിന്റെ നിലനിൽപ്പിനെ ഉപാധികൾക്കതീതമായോ, ജീവിതം പരിഹരിക്കാനാകാത്ത ശാരീരിക വേദനയാണെന്നോ, എല്ലാം നശ്വരമാണെന്നോ ഉള്ള അറിവുകൊണ്ട് തള്ളിയാൽ ആ നിമിഷം തുരീയാനുഭവത്തിലേക്ക് ഉണരാമെന്നാണ് അങ്ങ് പറയുന്നത്. അങ്ങിനെയായിരുന്നുവെങ്കിൽ ഇത് മനസ്സിലാക്കിയ ഈ നിമിഷം ഞാൻ ബോധം ഉയർന്ന് തുരീയാവസ്ഥയിൽ എത്തുമായിരുന്നു, എന്തു കൊണ്ടാണ് അങ്ങിനെ സംഭവിക്കാത്തത് ?

**മാസ്റ്റർ:-** നിലനിൽപ്പിനെ സത്യമെന്ന് ബോധിപ്പിക്കുന്ന വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങളും വേദനയെന്ന ഭ്രമാനുഭവവും ജാഗ്രത് എന്ന ഭ്രമത്തെ സത്യമെന്ന് ബോധിപ്പിക്കുന്ന അനുഭവങ്ങളാണ്. ഈ അനുഭവങ്ങൾ ഇല്ലാത്തവയെന്നോ നശ്വരമെന്നോ ചിന്തകൾ കൊണ്ടും യുക്തി കൊണ്ടും അറിയാമെന്നല്ലാതെ അനുഭവിക്കാൻ കഴിയുകയില്ല,

ഒരു ബോധ തലത്തിലെ അറിവുകളും അനുഭവങ്ങളും ആ ബോധ തലത്തിൽ വച്ചുതന്നെ ഇല്ലാതാക്കാനോ തള്ളാനോ സാദ്ധ്യമല്ല.

കാര്യകാരണങ്ങളിൽ അഥവാ ഉപാധികളിൽ അല്ല താൻ ജീവിക്കുന്നത് എന്ന് കർമ്മ-ധർമ്മങ്ങൾ കൊണ്ട് മനസ്സിനെ ബോദ്ധ്യപ്പെടുത്തിയും വേദനയിൽ ഭയപ്പെടാതിരിക്കുകയും നശ്വരതയെ അംഗീകരിക്കുന്ന പ്രവർത്തികളിൽ ഏർപ്പെട്ട് മനസ്സിനെ നശ്വരത ബോദ്ധ്യപ്പെടുത്തുകയും ചെയ്യുമ്പോൾ മനസ്സ് സാവധാനം ചുരുങ്ങി ഇല്ലാതാകുകയും ജാഗ്രത്തിൽ നിന്നും ഉണരാൻ തുടങ്ങുകയും ചെയ്യുന്നു. കാര്യകാരണങ്ങൾ നഷ്ടപ്പെട്ടാൽ നിസ്സംഗനാകും, നിസ്സംഗനായാൽ നശ്വരത അനുഭവമാകും. നശ്വരത അനുഭവപ്പെട്ടാൽ ദുഃഖം അപ്രത്യക്ഷമാകുകയും ആകസ്മികമായ ശാരീരിക വേദനയിൽ സന്തോഷമായി നിലനിൽക്കാൻ കഴിയുകയും ചെയ്യും. അതോടെ അനുഭവങ്ങൾ ഒന്നും ഇല്ല അഥവാ അനുഭവങ്ങൾ തന്നെ ബാധിക്കുന്നില്ല എന്ന അദ്വൈത അനുഭവം ഉണ്ടാകും.

ഇത് കാര്യകാരണങ്ങൾക്ക് അതീതമായ ഒരു മഹാസംഭവമാണ്. ഇത് അനുഭവിക്കുന്നവന് പിന്നീട് ആരോടും സംസാരിക്കാനും ഇടപഴകാനും സാദ്ധ്യമല്ലാതാകും. അതുകൊണ്ടാണ് മുക്തനെ ആളുകൾ

ഭ്രാന്തനെന്നും വിഡ്ഢിയെന്നും കണക്കാക്കുന്നത്. അങ്ങിനെ കണക്കാക്കാതിരിക്കാൻ ചില മുക്തന്മാർ കാര്യകാരണങ്ങളെ അംഗീകരിച്ച് ജീവിക്കുന്നതായി അഭിനയിക്കുന്നു.

തന്നോടുതന്നെ പൂർണ്ണ ആത്മാർത്ഥതയുള്ളവന് മനസ്സിനെ നിസ്സംഗതയും നശ്വരതയും ബോദ്ധ്യപ്പെടുത്താൻ നിമിഷങ്ങൾ മതി. അതില്ലാത്തവന് എത്രായിരം വർഷം കഴിഞ്ഞാലും അത് സാദ്ധ്യമല്ല.

നിന്നോട് തന്നെയുള്ള നിന്റെ ആത്മാർത്ഥത പൂർണ്ണമല്ലാത്തതുകൊണ്ടാണ് ഇതെല്ലാം അറിഞ്ഞിട്ടും ഒന്നും സംഭവിക്കാത്തത്.

പണം, പ്രശസ്തി, ലൈംഗിക സുഖം ഇവയെല്ലാം വെറുതെ ലഭിച്ചാലും കർമ്മപ്രാരബ്ധങ്ങൾ കൊണ്ട് നേടിയാലും അവയോട് നിരുപാധികം നിസ്സംഗത പുലർത്തിയാൽ മനസ്സ് ജാഗ്രത്, ഭ്രമമാണെന്ന് അനുഭവിച്ച് അംഗീകരിക്കും. ജീവിതത്തിലെ വലുതെന്ന് തോന്നുന്ന കാര്യങ്ങളിൽ ഇവ പ്രായോഗികമാക്കിയാൽ മനസ്സ് ജാഗ്രത്തിൽ നിന്ന് ഉണർന്ന് ഭ്രമത്തെ ഭ്രമമെന്ന് അനുഭവിക്കും. മനസ്സിൽ നിന്നും അറിവുകളെയല്ല തള്ളേണ്ടത് അനുഭവങ്ങളെയാണ്. അറിവും അനുഭവവും രണ്ടാണ്. അറിവ് വെറും ചിന്തകളും യുക്തിയുമാണ്.

ശരീരം നശ്വരമാണെങ്കിലും അത് ബോധത്തിൽ അനുഭവപ്പെടുത്തുന്ന വേദന നശിച്ചുപോകുന്ന ഒന്നല്ല. ഓരോ ജന്മങ്ങളിലും അത് നിലനിൽപ്പിന്റെയും രോഗങ്ങളുടെയും വേദന അനുഭവിച്ചു കൊണ്ടേയിരിക്കും. അതായത് ഓരോ ശരീരത്തിനും നാശമുണ്ട്, എന്നാൽ വേദനയ്ക്ക് നാശമില്ല. കാരണം വേദന അനുഭവിക്കുന്നു എന്നറിയുന്ന ബോധം അനശ്വരനാണ്. അതിന് ജനിക്കാനോ മരിക്കാനോ ഇല്ലാതാകാനോ സാദ്ധ്യമല്ല. വേദനയുടെ ഈ അനശ്വരതയാണ് മനുഷ്യൻ എങ്ങിനെയും മോക്ഷം നേടണമെന്നതിന്റെ യുക്തി. അഥവാ ബോധം ഭ്രമത്തിന് വിധേയമാകരുത് എന്നതിന്റെ യുക്തി.

മരണത്തെ ഭയപ്പെട്ട് നിസ്സാരമായ രോഗങ്ങൾക്ക് പോലും മരുന്നന്വേഷിച്ചു പോകുന്നവൻ മരണം യാഥാർത്ഥ്യമാണെന്ന് അംഗീകരിക്കുന്നവനാണ്.

ഏത് വേദനയും മരണത്തോളം നീണ്ടു പോകട്ടെയെന്ന് തീരുമാനിച്ച് ഉപാധികളില്ലാതെ സഹിച്ചാൽ മനസ്സ് മരണമെന്ന ഭ്രമത്തിൽ നിന്നും ഉണരാനുള്ള സാദ്ധ്യത തെളിയും.

താങ്ങാനാവാത്ത വേദനയിൽ മാത്രമെ ആശുപത്രിയെ ആശ്രയിക്കാൻ പാടുള്ളു. എന്നാൽ അസ്സഹനീയമായ വേദന സഹിക്കുന്നത് മോക്ഷമാർഗ്ഗമല്ല, വിഡ്ഢിത്തമാണ്.

മരണത്തെ നിർഭയം സ്വീകരിക്കുന്നതും അസ്സഹനീയമായ വേദന സഹിക്കുന്നതും രണ്ടാണ്. എന്നാൽ മരണഭയം ഇല്ലായെന്ന് പറയുകയും നിസ്സാരമായ വേദനകളെ ഭയന്ന് ആശുപത്രിയിൽ പോകുന്നവൻ വിഭ്രമ വികാരം കൊണ്ട് സ്വയം കമ്പളിപ്പിക്കപ്പെടുകയാണ്.

**85. ശി:-** റിയൽ-വെർച്വൽ ഹോർമോണുകളും എൻസൈമുകളുമാണ് അനുഭവങ്ങളെ സൃഷ്ടിക്കുന്നത് എന്നാണ് ബോധശാസ്ത്രം പറയുന്നത്. ഇതൊന്ന് വ്യക്തമാക്കാമോ?

**മാസ്റ്റർ:-** തുരീയമെന്ന മഹാബോധം ഒരു ദേഹത്തിൽ ഉണരുന്നത് സ്വയം ഭ്രമിച്ചാണ്. ആ ഭ്രമത്തിൽ തന്റെ തുരീയാവസ്ഥ അത് മറന്ന് പോകുന്നത് ഭ്രമ-വിഭ്രമ-മതിഭ്രമ വികാരാനുഭവങ്ങൾ കൊണ്ടുണ്ടാകുന്ന ആവരണവും പ്രക്ഷേപണവും കൊണ്ടാണ്. ഇവയിൽ ഭ്രമവികാരം പുറപ്പെടുവിക്കുന്ന രാസവസ്തുക്കളെ റിയൽ ഹോർമോണുകൾ, എൻസൈമുകൾ എന്ന് പറയുന്നു. ഇവ പൊസിറ്റീവ് പദാർത്ഥങ്ങൾ കൊണ്ട് ഉണ്ടാക്കപ്പെടുന്നതിനാൽ ഇതിനെ വേർതിരിക്കുവാനും പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അറിയാനും കഴിയും. ഈ രാസവസ്തുക്കളാണ് പ്രക്ഷേപണമെന്ന ഭ്രമത്തെ സൃഷ്ടിച്ച് ഈ പ്രപഞ്ചവും അതിലെ ചരാചരങ്ങളും ജീവനും; ഭ്രമത്തിനായി ഉപയോഗപ്പെടുത്തിയ സ്വന്തം ദേഹം പോലും; യഥാർത്ഥമെന്ന് അനുഭവപ്പെടുത്തുന്നത്.

ഇവയെല്ലാം നശ്വരമാണെന്ന് അറിയാമായിരുന്നിട്ടും ഓരോ നിമിഷവും ഈ ഭ്രമവികാരം നൽകുന്ന അനുഭവങ്ങൾ കൊണ്ട് ആ നശ്വരതയെ ബോധം തന്നെ മറന്നു കൊണ്ടിരിക്കുന്നു. ഈ മറവി ഒരു ദേഹത്തിന്റെ മരണംവരെ തുടരുകയും വീണ്ടും അടുത്ത ദേഹത്തിൽ ആരംഭിക്കുകയും ചെയ്യുന്നു.

അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ട് മസ്തിഷ്ക്കത്തിൽ പതിക്കുന്ന പ്രകമ്പനങ്ങളെ സുഖം-വേദന എന്നിങ്ങനെ വിഭജിച്ചാണ് ബോധം 'ഞാൻ അനുഭവിക്കുന്നു' എന്ന രീതിയിൽ അനുഭവിക്കുന്നത്. ലൈംഗിക സുഖം, രോഗങ്ങളും മുറിവുകളും കൊണ്ടുള്ള വേദന ഇവ ഇതിന് ഉദാഹരണങ്ങളാണ്.

തുരീയാവസ്ഥയിലുള്ള ബോധം ദേഹത്തിലുണരുമ്പോൾ അത് അവബോധം, ശ്രദ്ധ, ഓർമ്മ, അനുഭവം എന്നിവയായി താഴ്ന്ന് പോകുന്നു. ഇവയിൽ ഓർമ്മ അനുഭവങ്ങളുടെ പ്രകമ്പനങ്ങളെ ഓരോ സെക്കന്റിലും തുടർച്ചയായി ഓർമ്മിക്കുന്നതു കൊണ്ടാണ് 'ഞാൻ അനുഭവിക്കുന്നു' എന്ന് തോന്നുന്നത്. ഇത്തരം ഒരു ഓർമ്മ മറ്റു ജീവജാലങ്ങൾക്ക് ഇല്ലാത്തതിനാൽ അവയുടെ വേദന സഹജാവബോധമായി നിലനിൽക്കുന്നു.

വിഭ്രമ-മതിഭ്രമ വികാരങ്ങൾ ഉണ്ടാക്കുന്ന രാസവസ്തുക്കളെയാണ് വെർച്വൽ അഥവാ നെഗറ്റീവ് ഹോർമോണുകളെന്നും എൻസൈമുകളെന്നും പറയുന്നത്. ഈ രാസവസ്തുക്കളെ വേർതിരിക്കുവാനോ കാണുവാനോ കഴിയുകയില്ല കാരണം അവ നെഗറ്റീവ് പദാർത്ഥങ്ങൾ കൊണ്ട് ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണ്. അതിനാൽ ബോധശാസ്ത്രം ഇവയെ മിനറോണുകളെന്നാണ് വിളിക്കുന്നത്. മനസ്സിൽ നിന്നും രൂപപ്പെട്ടവ എന്ന അർത്ഥത്തിലാണ് അവയ്ക്ക് മിനറോണുകളെന്ന പേര് നൽകിയത്. ഈ രാസവസ്തുക്കളെ അനുഭവിക്കാൻ മാത്രമെ കഴിയുകയുള്ളു. പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവമാകുകയില്ല. ദേഷ്യം, പ്രതികാരം, അനുകമ്പ, സ്നേഹം, അസൂയ, ആസക്തി എന്നീ വികാരാനുഭവങ്ങൾ ഇതിൽ പെടുന്നു.

മനുഷ്യരെ സംബന്ധിച്ച് വെർച്ച്വൽ ഹോർമോണുകൾക്കാണ് കൂടുതൽ പ്രാധാന്യം. നന്മ-തിന്മ, പാപം-പുണ്യം, നീതി-അനീതി എന്നീ വിരുദ്ധ ബോധാവസ്ഥകൾ ഈ വെർച്ച്വൽ ഹോർമോണുകളിൽ നിന്നാണ് രൂപം കൊള്ളുന്നത്. യാഥാർത്ഥ്യമല്ലാത്ത ഇവയെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യമെന്ന് ധരിച്ചാൽ ഇവയെ ഇല്ലാതാക്കാൻ ഒരുതരത്തിലും സാദ്ധ്യമല്ലാതാകും.

റിയൽ ഹോർമോണിൽ പ്രവർത്തിക്കുകയും ഉണ്ടായി നിലനിന്നു മറയുകയും ചെയ്യുന്ന (നശ്വരം) ദേഹപദാർത്ഥത്തെ വാസ്തവമെന്ന് തോന്നിപ്പിക്കുന്നത് വെർച്ച്വൽ ഹോർമോണുകളുടെ സാന്നിദ്ധ്യമാണ്. ഈ ഹോർമോണുകൾ ഇല്ലായിരുന്നുവെങ്കിൽ തിരിച്ചറിവു വയ്ക്കുന്ന കാലം മുതൽ ഒരു മനുഷ്യൻ നശ്വരതയെ നശ്വരമെന്ന് അനുഭവിക്കുകയും അതുകൊണ്ടു തന്നെ ബോധവും ദേഹവും രണ്ട് എന്ന അദ്വൈത അനുഭവം നേരിട്ട് അനുഭവിക്കുന്നവനായി മാറുകയും ചെയ്യുമായിരുന്നു.

വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ സാന്നിദ്ധ്യം ഈ അനുഭവത്തെ ഒരാവരണമെന്നവിധം മൂടിക്കളയുന്നു. അതിജീവനത്തിന്റെ സ്വാർത്ഥതയും നിലനിൽപ്പിനായുള്ള പോരാട്ടവും മനുഷ്യനിൽ മാത്രം ഇത്രയ്ക്ക് ക്രൂരമായതും വേദനാജനകമായതും ഈ ആവരണത്തിന്റെ കട്ടിയും ശക്തിയും മറവിയും കൊണ്ടാണ്. എന്തിനേയും ഭയക്കുകയും സംശയിക്കുകയും ചെയ്യുക എന്നതാണ് ഈ വികാരങ്ങളുടെ ഏറ്റവും ശക്തമായ പ്രവർത്തനം.

വികാരങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം ഒരു മനുഷ്യനും സമാധാനവും സന്തോഷവും സുഖവും സ്വതന്ത്രമായ സമ്പന്നതയും ലഭിക്കുകയില്ല.

വികാരങ്ങൾക്ക് സാക്ഷിയായി പുറത്തു കടന്നാൽ മാത്രമെ ജീവിതത്തിന്റെ അർത്ഥം എന്തെന്ന് അനുഭവമാകുകയുള്ളു.

**86. ശി:**-ദേഹം നിലനിൽക്കേയുള്ള മോക്ഷാനുഭവം അഥവാ അദ്വൈതാനുഭവം ഭ്രമ വികാരാനുഭവത്തിലേക്ക് അധഃപതിക്കാം എന്ന് പറയുന്നത് എന്തു കൊണ്ടാണ് ?

**മാസ്റ്റർ:**- പൂർണ്ണമായ നിസ്സംഗത, അനുഭവങ്ങൾ ഒന്നും, തന്നെ ബാധിക്കുന്നില്ല എന്ന അനുഭവമാണ്. അഥവാ ബോധവും ദേഹവും രണ്ടാണെന്ന് അനുഭവിക്കുന്നതാണിത്. ഇതാണ് മോക്ഷാനുഭവം.

അദ്വൈതാനുഭവം പ്രകൃത്യാലുണ്ടായാൽ അത് ചില വൈകാരിക സങ്കൽപ്പങ്ങൾക്ക് കാരണമാകും. ഈ സങ്കൽപ്പങ്ങൾ ഒരു വ്യക്തിയെ പൂർണ്ണമായ നിസ്സംഗതയിലേക്കോ അല്ലെങ്കിൽ മതിഭ്രമാനുഭവമുള്ള ഒരു മനുഷ്യദൈവമായോ ജ്ഞാനിയായോ ഒക്കെ മാറ്റിയേക്കാം. അതെന്തായി മാറണമെന്ന് തീരുമാനിക്കുന്നത് അയാളുടെ സഹജാവബോധമാണ് അഥവാ ബുദ്ധിയാണ്.

അദ്വൈതാനുഭവത്തെ ആത്മാർത്ഥതയോടെ ശക്തമായി സങ്കൽപ്പിച്ചാൽ, വികാരങ്ങൾ കൊണ്ട് മനസ്സ് അത് ഉണ്ടാക്കി കാണിച്ചു തരും. അതായത് പ്രകൃത്യാലോ സങ്കൽപ്പങ്ങൾ കൊണ്ടോ അദ്വൈതാനുഭവം ഉണ്ടായാൽ, അത് വികാരങ്ങൾ കൊണ്ടുള്ള ഭ്രമാനുഭവം മാത്രമാണ്. ഈ ഭ്രമവികാരത്തെ യാഥാർത്ഥ്യം എന്ന് കണക്കാക്കാതെ നശ്വരം എന്ന് തിരിച്ചറിഞ്ഞു കൊണ്ടിരുന്നാൽ അയാൾ ജാഗ്രത് എന്ന ഭ്രമാനുഭവത്തിൽ നിന്ന് ഉണരും.

ദേഹം നിലനിൽക്കെയുള്ള ഈ ഉണർച്ചയെയാണ് മോക്ഷം എന്ന് പറയുന്നത്. അത് ഒരനുഭവമല്ല, അനുഭവങ്ങൾ ഒന്നും തന്നെ ബാധിക്കുന്നില്ല എന്ന അനുഭവമാണ്, ഇതാണ് ഭ്രമം. ഭ്രമത്തിൽ വികാരങ്ങൾ വന്നാൽ അത് ആപേക്ഷിക അനുഭവങ്ങളായി അധഃപതിക്കും. അതിനാൽ ഭ്രമവും ഭ്രമവികാരാനുഭവും രണ്ടും രണ്ടാണ് എന്ന് മനസ്സിലാക്കാം. അതായത് ഭ്രമം, അനുഭവങ്ങളൊന്നും തന്നെ ബാധിക്കുന്നില്ല എന്ന അനുഭവവും; അനുഭവങ്ങളെല്ലാം തന്നെ ബാധിക്കുന്നു എന്ന അനുഭവം ഭ്രമവികാരാനുഭവവുമാണ്. അദ്വൈതാനുഭവത്തെ മരണം വരെ സ്ഥായിയായി നിലനിർത്തിയാൽ മരണശേഷം ബോധത്തിന് ഉണ്ടാകുന്ന അവസ്ഥയാണ് മോക്ഷാവസ്ഥ.

**87. ശി:-** അനുഭവങ്ങൾ ഒന്നും തന്നെ ബാധിക്കുന്നില്ല എന്ന് പറയുമ്പോൾ മാനസിക വേദന ഇല്ല എന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ ശാരീരിക വേദന ഇല്ലാതാകുന്നില്ല അഥവാ അത് തന്നെ ബാധിക്കുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതൊന്ന് വ്യക്തമാക്കാമോ?

**മാസ്റ്റർ:-** വിശപ്പ്, ദാഹം, അമിതമായ ചൂട്, തണുപ്പ്, രോഗങ്ങളും അപകടങ്ങളും കൊണ്ടുണ്ടാകുന്ന വേദനകൾ ഇവ അദ്വൈതാനുഭവിയെ ബാധിക്കുന്നില്ല എന്ന് പറയുമ്പോൾ വേദന അനുഭവപ്പെടുന്നില്ല എന്നല്ല അർത്ഥം. വേദന തന്നെ ബാധിക്കുന്നില്ല എന്നാണ്.

ശാരീരിക വേദന നിരാശയായും മാനസിക ദുഃഖമായും മാറുന്നതിനെയാണ് ബാധിക്കുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. "വേദന നിലനിൽക്കുന്നു എന്നാൽ ഞാൻ വേദനിക്കുന്നില്ല" എന്ന് രമണ മഹർഷി പറഞ്ഞതിന്റെ അർത്ഥം അതാണ്.

ഭ്രമത്തിൽ നിന്ന് ഉണർന്ന് മരണം ഇല്ല എന്ന് അനുഭവിക്കുന്ന എന്നെ ശാരീരിക വേദനയാണ് ഏറ്റവും കൂടുതൽ ഭയപ്പെടുത്തുന്നത്. ശാരീരിക വേദനയെ ഇല്ലാതാക്കാൻ ജ്ഞാനത്തിനോ സാധനകൾക്കോ സൂക്ഷ്മ നിരീക്ഷണത്തിനോ സാക്ഷിത്വത്തിനോ കഴിയില്ല. ഒരു ബോധതലത്തിൽ നിന്നും മറ്റൊരു ബോധതലത്തിലേക്ക് ദേഹം നിലനിൽക്കെ ഉണർന്നത് കൊണ്ടും കാര്യമില്ല. മയക്ക് മരുന്നുകൾ മാത്രമാണ് അതിന്റെ ഏക പ്രതിവിധി. അത് താൽക്കാലികവും ശരീരത്തെ പിന്നീട് കൂടുതൽ പീഢിപ്പിക്കുകയും ചെയ്യും എന്നാണ് മെഡിക്കൽ സയൻസ് തെളിയിച്ചിട്ടുള്ളത്.

ജനന-മരണ ഭ്രമങ്ങളിൽ നിന്നും ജീവിച്ചിരിക്കെ മോക്ഷം നേടുന്നവന് അപ്പോൾ തന്നെ തന്റെ ദേഹത്തിൽ നിലനിൽക്കുന്ന ജീവനെ ഇല്ലാതാക്കാൻ ഒരു മാർഗ്ഗവും ഇല്ല. കാരണം ജീവൻ സഹജാവബോധം എന്ന ബുദ്ധിയിൽ നിന്നാണ് രൂപം കൊള്ളുന്നത്. അതും ബോധം തന്നെയാണെങ്കിലും സഹജാവബോധത്തിന്റെ സ്വയം പ്രവർത്തനത്തിൽ ഇടപെടാൻ അവബോധത്തിന് കഴിവ് നൽകപ്പെട്ടിട്ടില്ല. ആത്മഹത്യ മാത്രമാണ് ഏക പോംവഴി. എന്നാൽ അതും സാദ്ധ്യമല്ല കാരണം ആത്മഹത്യ ചെയ്താൽ അവിടെ മോക്ഷം ഒരു ഉപാധി അഥവാ കാരണമായി പ്രത്യക്ഷപ്പെടും. കാരണം എന്നാൽ ആഗ്രഹം എന്നാണ് അർത്ഥം. ആഗ്രഹം വന്നാൽ ബോധം ആത്മാവായി അധഃപതിച്ച് വീണ്ടും ദേഹം സ്വീകരിക്കും. നിത്യമായ മോക്ഷം നഷ്ടപ്പെടുകയും ചെയ്യും.

അതുകൊണ്ട് മുക്തൻ ദേഹത്തെ അമിതമായ ചൂടിൽ നിന്നും തണുപ്പിൽ നിന്നും വിശപ്പിൽ നിന്നും ദാഹത്തിൽ നിന്നും സംരക്ഷിച്ച് അപകടങ്ങളും രോഗങ്ങളും വരാതെ ശ്രദ്ധയോടെ സൂക്ഷിക്കുന്നു. ഒരു വേദനയും ഇല്ലാതെ പെട്ടെന്നോ അല്ലെങ്കിൽ സാവധാനമോ ശരീരം മരണത്തിലേക്ക് പരിണമിക്കുവാൻ ആകാംഷയോടും സന്തോഷത്തോടും കാത്തിരിക്കുന്നു. എന്നെ സംബന്ധിച്ച് മരണം എന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ ആഘോഷമായിരിക്കും.

*"ഇല്ലായ്മയിൽ നിന്ന് പ്രകമ്പനങ്ങൾ കൊണ്ട് പ്രപഞ്ചവസ്തുക്കളേയും ജീവനേയും ഉണ്ടാക്കികാണിക്കാൻ ബോധത്തിന് കഴിയുമെന്നതിന്റെ തെളിവാണ് സ്വപ്നം. സ്വപ്നം ജാഗ്രത്തിനേക്കാൾ താഴ്ന്ന ബോധതലമായതുകൊണ്ടാണ് അനുഭവങ്ങളെ ഉണ്ടാക്കാൻ ജ്ഞാനേന്ദ്രിയങ്ങൾ ആവശ്യമില്ലാ എന്ന് കാണുന്നത്. ജാഗ്രത്ത് സ്വപ്നത്തേക്കാൾ ഉയർന്ന ബോധതലമായതിനാൽ അവിടെ പ്രകമ്പനങ്ങൾ സ്ഥലകാലങ്ങളിൽ വ്യക്തമായി നിലനിൽക്കുന്നു. ആ വ്യക്തതയെ വരുത്തുന്നത് അഞ്ച് ജ്ഞാനേന്ദ്രിയങ്ങളേയും മസ്തിഷ്കത്തേയും പ്രകമ്പനങ്ങൾകൊണ്ട് സൃഷ്ടിച്ച് അതിലൂടെ ഭ്രമിച്ചാണ്. അതിനാൽ ജാഗ്രത്തിലെ എല്ലാ അനുഭവങ്ങളും സ്ഥലകാലങ്ങളിൽ പരിണാമവിധേയമാകുന്നുവെന്ന് തോന്നുന്നു".*

അദ്ധ്യായം പതിനേഴ്

## ജ്ഞാനിയുടെ അധഃപതനം

**88. ശി:-** ദുശ്ശാഠ്യം ഉപാധികൾക്കതീതമാകുകയും അതിൽ സ്വാർത്ഥ ലാഭങ്ങൾ ഇല്ലാതിരിക്കുകയും വസ്തുനിഷ്ഠമായിരിക്കുകയും മുക്തിയിലേക്ക് തിരിച്ചുപിടിക്കുകയും ചെയ്താൽ ബോധം ഉയരുകയും അനുഭവങ്ങൾ വ്യത്യസ്തമാകുകയും ജാഗ്രത്തിൽ നിന്ന് ഉണർന്നുവെന്ന് ജീവിച്ചിരിക്കെ അനുഭവിക്കാൻ കഴിയുകയും ചെയ്യുമെന്നാണ് അങ്ങ് പറയുന്നത്. അങ്ങിനെയാണെങ്കിൽ ദുശ്ശാഠ്യം ആത്മീയതയുടെ ഒരു മാർഗ്ഗമാണെന്നു വരും. ഇതൊന്ന് വ്യക്തമാക്കാമോ?

**മാസ്റ്റർ:-** ഒരു യുക്തിയും കാര്യകാരണ ബന്ധവും വസ്തുനിഷ്ഠവുമല്ലാതെ ഒരു തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിനെയാണ് ദുശ്ശാഠ്യം, പിടിവാശി, ധാർഷ്ഠ്യം എന്നെല്ലാം പറയുന്നത്. വിഭ്രമ-മതിഭ്രമ വികാരങ്ങളായ സ്വാർത്ഥ താൽഷര്യങ്ങളുടെ രാസവസ്തുക്കളാണ് ഇത്തരം ദുശ്ശാഠ്യത്തെ സൃഷ്ടിക്കുന്നത്. ഈ ദുശ്ശാഠ്യം ഒരു നെഗറ്റീവ് വികാരമാണ്. ബോധവും ബുദ്ധിയും കൊണ്ട് ഈ വികാരങ്ങൾ പിന്നീട് തെറ്റാണെന്ന് അറിയുന്നതു കൊണ്ടാണ് (രാസവസ്തുവിന്റെ ശക്തി കുറയുമ്പോൾ) മനുഷ്യർ പശ്ചാത്തപിക്കുകയും യുക്തികൊണ്ട് ന്യായീകരിക്കാൻ ശ്രമിക്കുകയും ആപേക്ഷികമായ കാര്യകാരണങ്ങൾ കൊണ്ട് തന്റെ ധാർഷ്ഠ്യം ശരിയാണെന്ന് മറ്റുള്ളവരെയും സ്വയവും ബോദ്ധ്യഷെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നത്.

തന്റെ ദുശ്ശാഠ്യം മറ്റുള്ളവർക്ക് ദോഷമാകുന്നുവെന്ന് തിരിച്ചറിയുമ്പോഴാണ് കുറ്റബോധവും പാപബോധവും തിന്മബോധവും കർമ്മഫലവും ഒക്കെ നിലനിൽക്കുന്നു എന്ന് അറിയുന്നത്. ഇവയെ ഇല്ലാതാക്കാൻ മനസ്സ് കണ്ടുപിടിച്ച സൂത്രമാണ് ധ്യാനവും, പ്രാർത്ഥനയും, ഉപവാസവും, നന്മയും, സ്നേഹവും, ദാന-ധർമ്മങ്ങളും ഒക്കെയായി ആധുനിക മനുഷ്യന്റെ ആത്മീയതയായി പരിണമിച്ചത്.

ഉപാധിക്കും യുക്തിക്കും അതീതമായ ആത്മാർത്ഥത എതിർ ദുശ്ശാഠ്യമായി കൊണ്ടുവന്ന് നെഗറ്റീവ് ആയ ദുശ്ശാഠ്യത്തെ നിസ്സംഗമാക്കിയാൽ മാത്രമെ താഴ്ന്ന ബോധമായ മനസ്സ് ഉയർന്ന ബോധമായി പരിണമിക്കുകയുള്ളു. അതുകൊണ്ടാണ് ജാഗ്രത്തിൽ നിന്ന് ഉണരണം അഥവാ

സത്യം അറിയണം എന്ന പൊസിറ്റീവായ ഈ ദുശ്ശാഠ്യം മുക്തിയുടെ മാർഗ്ഗമായി മാറിയത്. ഇതിന്റെ മറ്റൊരു പേരാണ് നൂറു ശതമാനം ആത്മാർത്ഥത.

സ്വന്തം വ്യക്തിബോധത്തെപ്പോലും തള്ളിക്കളയുന്ന ആത്മാർത്ഥതയാണത്. ജാഗ്രത്, സ്വപ്ന സമാനമായ നശ്വരതയാണെന്ന് സ്വന്തം മനസ്സിനെ ബോദ്ധ്യപ്പെടുത്തുന്ന ആത്മാർത്ഥതയാണത്.

ജനക മഹാരാജാവിനും ഭരത മഹാരാജാവിനും ശ്രീ ബുദ്ധനും മാത്രം കഴിയുന്ന ആത്മാർത്ഥതയാണത്. ഈ ആത്മാർത്ഥത ഉപയോഗപ്പെടുത്തിയാണ് അഷ്ടാവക്ര മുനി വെറും എട്ടു മണിക്കൂർ കൊണ്ട് ജനക മഹാരാജാവിനെ മുക്തനാക്കുന്നത്.

**89. ശി:-** ദുശ്ശാഠ്യം ധാർഷ്ഠ്യം വാശി പ്രതികാരം ദുഷ്ടത ഇവയെല്ലാം സഹജാവബോധമല്ലേ? പിന്നെ എങ്ങിനെ ദുശ്ശാഠ്യം മുക്തിയുടെ മാർഗ്ഗമായ ആത്മാർത്ഥതയെ രൂപപ്പെടുത്തുന്നു?

**മാസ്റ്റർ:-** ഒന്ന് മറ്റൊന്നിനെ ഹിംസയിലൂടെ ഭക്ഷണമാക്കി നിലനിർത്തുന്ന ഒരു ലോകത്തെയാണ് ബോധം ഭ്രമത്തിലൂടെ സൃഷ്ടിച്ചിരിക്കുന്നത്. അതുതന്നെയാണ് സൃഷ്ടിയിലെ ഏറ്റവും വലിയ ദുഷ്ടത. അപ്പോൾ സൃഷ്ടികർമ്മം ദൈവമാണ് നടത്തിയതെന്ന് വിശ്വസിക്കുന്നവർ ദൈവം ദുഷ്ടനാണെന്ന് അംഗീകരിക്കേണ്ടി വരും.

അതു കൊണ്ട് ദുശ്ശാഠ്യം വാശി പ്രതികാരം ധാർഷ്ഠ്യം ദുഷ്ടത ഇവയെല്ലാം മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ചലിക്കുന്ന ജീവജാലങ്ങളുടെയും സ്വാഭാവികതയാണ്. ഈ സഹജാവബോധത്തെ മനുഷ്യന്റെ ആത്മാവ് ( അവബോധം) തിരിച്ചറിയുമ്പോൾ, തിരിച്ചറിയുന്ന വ്യക്തിബോധത്തിന്റെ (ആത്മാവിന്റെ) ബോധം വളരെ താഴ്ന്നതാണെങ്കിൽ ദുശ്ശാഠ്യത്തെയും വാശിയെയും പ്രതികാരത്തെയും ദുഷ്ടതയെയും ബുദ്ധി കൊണ്ട് ഒന്നു കൂടി ശക്തമാക്കും. അൽപ്പം ബോധം ഉയർന്നാൽ തന്റെ സഹജാവബോധത്തിന്റെ സ്വയം പ്രവർത്തനത്തിൽ പശ്ചാത്തപിക്കുകയും നന്മ കൊണ്ട് മറച്ചു പിടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. കുറെക്കൂടി ബോധം ഉയർന്നാൽ ഇവയ്ക്ക് സാക്ഷിയായി അവയിൽ നിന്നും പുറത്തു കടക്കുന്നു. സാക്ഷിയാകുന്നവന്റെ ദുശ്ശാഠ്യം 100% ആത്മാർത്ഥതയായി മാറ്റപ്പെടുന്നു. അതുകൊണ്ട് തന്നെ അയാൾ അസ്തിത്വത്തിന്റെ രഹസ്യം അറിയുകയും ഭ്രമത്തിൽ നിന്ന് ഉണർന്ന് മോക്ഷം പ്രാപിക്കുകയും ചെയ്യുന്നു.

**90. ശി:-** അഷ്ടാവക്ര മുനി ജനക മഹാരാജാവിനെ ഇത്രയും കുറഞ്ഞ സമയം കൊണ്ട് മുക്തനാക്കിയതെങ്ങിനെയെന്ന് വിശദീകരിക്കാമോ?

**മാസ്റ്റർ:-** പണ്ഡിതനും ജ്ഞാനിയുമായ ഒരാൾ ജനക മഹാരാജാവിനെ ആത്മസാക്ഷാത്ക്കാരം അഥവാ ബോധോദയം നേടുന്നതിനു വേണ്ട സമയത്തെക്കുറിച്ച് വേദാന്തങ്ങളിൽ പറഞ്ഞിട്ടുള്ള ഭാഗം കേൾപ്പിച്ചു.

കുതിരയുടെ ഒരു പാദാധാരം ചവുട്ടി മുകളിലേക്കുയർന്ന് രണ്ടാമത്തെ പാദാധാരം ചവിട്ടുന്ന സമയം കൊണ്ട് ആത്മ സാക്ഷാത്ക്കാരം സംഭവിക്കുമെന്നായിരുന്നു അത്.

ജനകൻ വളരെ ബുദ്ധിയും ആത്മാർത്ഥതയും ഉള്ള രാജാവായിരുന്നു. ഉടൻ അദ്ദേഹം ഒരു കുതിരയെ കൊണ്ടുവരാൻ കൽപ്പിച്ചു. എന്നിട്ട് താൻ പാദാധാരത്തിൽ ചവിട്ടി കയറുന്ന സമയം കൊണ്ട് ആത്മസാക്ഷാത്ക്കാരം അനുഭവപ്പെടുത്താൻ ആവശ്യപ്പെട്ടു.

ജ്ഞാനി തന്റെ പരിമിതി രാജാവിനെ ബോദ്ധ്യപ്പെടുത്തി. പ്രായോഗികമല്ലാത്ത ഒരു തത്വശാസ്ത്രം പറഞ്ഞു നടന്ന ജ്ഞാനിയെ അദ്ദേഹം ജയിലിലടച്ചു. ജ്ഞാനികളെന്ന് പറഞ്ഞു നടന്ന പലരേയും വിളിച്ചു വരുത്തി ഇത് പ്രായോഗികമാക്കി കാണിക്കാൻ ആവശ്യപ്പെടുകയും പരാജയപ്പെട്ട അവരെ എല്ലാവരെയും ജയിലിലടയ്ക്കുകയും ചെയ്തു.

അങ്ങിനെയിരിക്കെ ആ രാജ്യത്തുകൂടി കടന്നുപോകാൻ ഇടയായ അഷ്ടാവക്ര മുനി കാര്യങ്ങൾ ഗ്രഹിച്ച് രാജാവിന്റെ സംശയങ്ങൾ തീർത്തുകൊടുക്കാനായി കൊട്ടാരത്തിലെത്തി. അഷ്ടാവക്രമുനിയുടെ ആത്മധൈര്യം കണ്ട് രാജാവ് ആത്മസാക്ഷാത്ക്കാരം നേടാൻ തിടുക്കം കൂട്ടി. എന്നാൽ കൊട്ടാരത്തിൽ വച്ച് അത് നൽകാൻ കഴിയില്ല എന്നും വനത്തിനരികിൽ തന്നെയും രാജാവിനെയും വിട്ടിട്ട് മറ്റുള്ളവരോട് പോകാൻ കൽപ്പിക്കണമെന്നും മുനി രാജാവിനോട് ആവശ്യപ്പെട്ടു.

അപ്രകാരം ചെയ്ത് രണ്ട് പേരും മാത്രമായപ്പോൾ, കുതിരയുടെ പുറത്തുകയറുന്ന അത്രയും ചുരുങ്ങിയ സമയം കൊണ്ട് ആത്മസാക്ഷാത്ക്കാരം ലഭിക്കുമെന്ന് പറഞ്ഞിരിക്കുന്ന വേദാന്ത ഭാഗത്തിന്റെ അടുത്ത ഭാഗം കൂടി മുനി രാജാവിനെ കേൾപ്പിച്ചു. ഒരു ഉത്തമ ശിഷ്യനു മാത്രമെ അത്രയും സമയം കൊണ്ട് ആത്മസാക്ഷാത്ക്കാരം നൽകാൻ കഴിയുകയുള്ളു എന്നായിരുന്നു അത്.

ഉത്തമ ശിഷ്യനാകാൻ താൻ എന്താണ് ചെയ്യേണ്ടതെന്ന് രാജാവ് തിരിച്ചു ചോദിച്ചു.

രാജാവ് എന്ന അഹങ്കാരവും രാജ്യവും തനിക്ക് അടിയറവെച്ച് ഗുരുവായ തന്നിൽ പൂർണ്ണമായി കീഴടങ്ങണമെന്ന് മുനി ആവശ്യപ്പെട്ടു. രണ്ട് വാചകങ്ങൾ കൊണ്ട് രാജാവ് തന്റെ രാജപദവിയും രാജ്യവും അഷ്ടാവക്രമുനിക്ക് കാഴ്ചവെച്ചു കീഴടങ്ങി.

“കൊള്ളാം” എന്ന് മുനി പ്രതിവചിച്ചതോടെ ആത്മസാക്ഷാത്ക്കാരം എന്ന ഭ്രമാനുഭവത്തിന്റെ പരമാനന്ദത്തിൽ രാജാവ് ഒരു പ്രതിമയെപ്പോലെ നിശ്ചലനായി അവിടെ നിന്നു. മുനി അപ്രത്യക്ഷനാകുകയും ചെയ്തു.

സമയം ഏറെ കഴിഞ്ഞിട്ടും രാജാവിനെ കാണാതായപ്പോൾ പ്രധാന മന്ത്രിക്കും മറ്റും വേവലാതിയായി. അവർ രാജാവിനെ വിട്ടിട്ടു പോയ സ്ഥലത്തെത്തി. ഒന്നും സംസാരിക്കാതെ പ്രതിമയെപ്പോലെ നിൽക്കുന്ന രാജാവിനെ അവർ കൊട്ടാരത്തിലെത്തിച്ചു. ഇതിന് കാരണക്കാരനായ അഷ്ടാവക്രമുനിയെ കണ്ടെത്തി രാജാവിന്റെ മുന്നിൽ എത്തിക്കാൻ മന്ത്രി കൽപ്പന കൊടുത്തു.

അങ്ങിനെ രാജസദസ്സിൽ കൊണ്ടുവന്ന അഷ്ടാവക്രനോട് മന്ത്രിക്ക് ദേഷ്യം തോന്നിയെങ്കിലും രാജാവിന്റെ ഇപ്പോഴത്തെ നിലയിൽ നിന്ന് പുറത്തു കൊണ്ടുവരുവാൻ മുനിക്കല്ലാതെ മറ്റാർക്കും കഴിയില്ലായെന്ന് തിരിച്ചറിഞ്ഞ്, തങ്ങളുടെ പ്രിയപ്പെട്ട രാജാവിനെ പഴയ അവസ്ഥയിൽ തിരിച്ച് നൽകാൻ വളരെ ബഹുമാനത്തോടെ മുനിയോട് അപേക്ഷിച്ചു.

രാജാവ് ഇങ്ങനെ ആയതിൽ തനിക്ക് യാതൊരു പങ്കും ഇല്ലായെന്നും അതിൽ സംശയം ഉണ്ടെങ്കിൽ രാജാവിനോട് തന്നെ ചോദിക്കുവാനും മുനി മന്ത്രിയോടാവശ്യപ്പെട്ടു. മന്ത്രി എത്ര ചോദിച്ചിട്ടും രാജാവ് അനങ്ങിയില്ല. ഇത് കണ്ട് മന്ത്രി മുനിയോട് തന്നെ അദ്ദേഹത്തെ ഉണർത്താൻ ആവശ്യപ്പെട്ടു.

മുനി രാജാവിനെ പേരുവിളിച്ചു, വിളികേട്ടയുടനെ രാജാവ് മുനിയെ നമസ്ക്കരിച്ചു “ഗുരോ” എന്ന് പ്രതിവചിച്ചു. രാജാവിനെ ഈ സ്ഥിതിയിൽ ആക്കിയത് താനാണെന്ന് മറ്റുള്ളവർ കുറ്റപ്പെടുത്തുന്നുവെന്ന് മുനി രാജാവിനെ ബോധിപ്പിച്ചു. ഇത് കേട്ടയുടൻ രാജാവ് കോപിച്ച്, ആരാണ് അങ്ങിനെ തന്റെ ഗുരുവിനോട് ചോദിച്ചതെന്ന്

ആക്രോശിച്ചു. പേടിച്ചു വിറച്ച മന്ത്രി രാജാവിനെ പഴയ അവസ്ഥയിൽ തിരിച്ചു കൊണ്ടുവരുവാൻ മുനിയോട് വീണ്ടും അപേക്ഷിച്ചു.

എല്ലാവരോടും അവിടെനിന്ന് പോകുവാൻ മുനി ആവശ്യപ്പെട്ടു. അവർ പോയതിനു ശേഷം മുനി ജനകനോട് ചോദിച്ചു "ജനകാ നീ എന്താണിങ്ങനെ? നീ ആരോടും വ്യത്യസ്തമായി പെരുമാറേണ്ട ആവശ്യമില്ല. നീ ഈ രാജ്യത്തിന്റെ രാജാവു തന്നെയാണ്. രാജാവായി തന്നെ ആത്മസാക്ഷാത്ക്കാരവും മുക്താവസ്ഥയും തുടരാം."

മറുപടിയായി ജനകൻ പറഞ്ഞു "ഗുരോ ഞാൻ അങ്ങയുടേതാണ്, അങ്ങു പറയുന്നതുപോലെ ഞാൻ അഭിനയിക്കാം".

അഷ്ടാവക്രൻ തുടർന്നു "ബ്രഹ്മജ്ഞാനം, ആത്മാർത്ഥതയും ധൈര്യവും പ്രാപ്തിയും ഉള്ളവനു മാത്രമെ ലഭിക്കുകയുള്ളു. അത് ഉണ്ടോ എന്ന് പരീക്ഷിക്കുക മാത്രമെ ഞാൻ ചെയ്തുള്ളു. നന്നായി ഭക്ഷണം കഴിച്ചു വരിക, രാത്രി മുഴുവൻ ഞാൻ നിന്നെ ബ്രഹ്മജ്ഞാനം ബോദ്ധ്യപ്പെടുത്തി മുക്തനാക്കാം".

അങ്ങിനെ പിറ്റേദിവസം രാജസദസ്സിൽ വച്ച് രാജാവ് വേദാന്ത സാരം സത്യമെന്ന് പ്രഖ്യാപിച്ചു. ഒരു കുതിരയുടെ മുകളിൽ കയറുന്ന സമയം കൊണ്ട് ബോധോദയവും (ആത്മസാക്ഷാത്ക്കാരം) ഒരു രാത്രി കൊണ്ട് ജീവന്മുക്തിയും ലഭിക്കുമെന്ന് രാജാവ് പ്രഖ്യാപിക്കുകയും ചെയ്തു.

**91. ശി:-** ജനക മഹാരാജാവിന് അദ്വൈതാനുഭവം ലഭിച്ചതുപോലെ എന്തുകൊണ്ടാണ് ഇത്രയും കുറഞ്ഞ സമയം കൊണ്ട് എനിക്ക് അത് ലഭിക്കാത്തത്?

**മാസ്റ്റർ:-** വെറും രണ്ടോ മൂന്നോ മിനിറ്റു കൊണ്ടാണ് അഷ്ടാവക്ര മുനി ജനക മഹാരാജാവിന് ബോധോദയം അനുഭവമാക്കുന്നത്. രണ്ട് പ്രതിജ്ഞകൾ കൊണ്ടാണ് രാജാവ് തന്റെ അധികാരവും സമ്പത്തും അഷ്ടാവക്രമുനിക്കു നൽകിയത്.

വാക്കു പാലിക്കാൻ വേണ്ടി സ്വന്തം ജീവൻ പോലും നൽകുന്നവരാണ് ക്ഷത്രിയർ. മരണത്തോളം നീണ്ടു പോകുന്ന ആത്മാർത്ഥതയാണത്. അതുകൊണ്ടാണ് അവർക്ക് രാജാവാകാൻ കഴിയുന്നത്.

ഈ കഴിവ് ആധുനിക മനുഷ്യന് വികസിപ്പിക്കാൻ എളുപ്പമല്ല. കാരണം അനേകായിരം ബന്ധങ്ങളുടെയും ബന്ധനങ്ങളുടെയും സ്വാർത്ഥതാൽപര്യങ്ങളും വാസനാദോഷങ്ങളും വെർച്ച്വൽ വികാരങ്ങ

ളായി, രാസവസ്തുക്കളെ പുറപ്പെടുവിക്കുമ്പോൾ മനസ്സ് ചതിയും വഞ്ച നയും നുണയും പ്രതികാരവും കൊണ്ട് പ്രകമ്പനം കൊള്ളും. ചെറിയ കാര്യങ്ങൾ പറയുന്നതുപോലെ പ്രവർത്തിക്കാനും പ്രവർത്തിക്കു ന്നതുപോലെ പറയാനും കഴിഞ്ഞാൽ തന്നെ വലിയ കാര്യങ്ങൾ അങ്ങിനെ സാദ്ധ്യമല്ല.

അഷ്ടാവക്രമുനി രാജാവിന് ബോധോദയം നൽകുകയല്ല മറിച്ച് ബോധോദയം സംഭവിക്കാനുള്ള ആത്മാർത്ഥതയും ധീരതയും ഉണ്ടോ എന്ന് സ്വയം പരിശോധിക്കുവാനുള്ള അവസരം നൽകുകയാണ് ചെയ്യു ന്നത്.

ആ പരിശോധന കൊണ്ടു തന്നെയാണ് രാജാവിന് ബോധോ ദയം ഉണ്ടാകുന്നത്. പിന്നീട് ഒരു രാത്രി കൊണ്ട് ജീവനുള്ള ജീവന്മു ക്തന്റെ ലക്ഷണം മാത്രമാണ് അഷ്ടാവക്രൻ രാജാവിനെ പറഞ്ഞു കേൾപ്പിക്കുന്നത്. അതാണ് 'അഷ്ടാവക്ര ഗീത' എന്ന മനോഹരമായ കാവ്യം. അഷ്ടാവക്ര ഗീത മുക്തിയുടെ മാർഗ്ഗമല്ല, മുക്തിയുടെ ലക്ഷ ണമാണ് വ്യക്തമാക്കിയിരിക്കുന്നത്.

മുക്തിയുടെ ഏക മാർഗ്ഗം ഉപാധികൾക്കതീതമായ ആത്മാർത്ഥത മാത്രമാണ്. ആധുനിക മനുഷ്യന് ബോധശാസ്ത്രത്തിലൂടെ മാത്രമെ അത് നേടാൻ കഴിയുകയുള്ളു.

അതൊരു കീഴടങ്ങലാണ്. വ്യക്തിത്വം എന്ന അഹങ്കാരത്തെ ഇല്ലാ താക്കലാണ്. മുക്തിയുടെ ലക്ഷണങ്ങൾ പറഞ്ഞു കേൾക്കുന്ന സമയം തന്നെ ബോധോദയം ഉള്ള രാജാവിന്റെ മനസ്സ് അത് ഉൾക്കൊണ്ട് ആ രാത്രി തന്നെ മുക്തിയിലേക്ക് പരിണമിക്കുകയാണ് ചെയ്യുന്നത്.

ആധുനിക മനുഷ്യനും ആത്മാർത്ഥതയുണ്ട്, എന്നാൽ സ്വാർത്ഥ താൽപര്യങ്ങൾ നേടാനുള്ള ആത്മാർത്ഥതയായി അത് മാറ്റപ്പെട്ടു കഴി ഞ്ഞു. ഉപാധികളില്ലാതെ ആത്മാർത്ഥതയുള്ളവനാകാൻ ആധുനിക മനു ഷ്യന് സാദ്ധ്യമല്ല. കാരണം നശ്വരത അവനെ സംബന്ധിച്ച് അത്രയ്ക്ക് യാഥാർത്ഥ്യമായ ഒന്നാണ്.

വേദാന്തങ്ങളെയും മതങ്ങളെയും ഉപയോഗപ്പെടുത്തി പുരോഹി തരും ജ്ഞാനികളും ഉണ്ടാക്കിവെച്ച ആരാധന സാധനാദോഷങ്ങ ളൊന്നും ഇല്ലാത്ത ബുദ്ധിമാനായ ഒരു രാജാവായിരുന്നു ജനകൻ. പുണ്യഗ്രന്ഥത്തിലെ വചനങ്ങളെ സ്വന്തം അനുഭവമാക്കാതെ ഉപദേശിച്ച ജ്ഞാനികളെ അദ്ദേഹം ജയിലിലടച്ചത് ഇതിന്റെ തെളിവാണ്.

ആരാധന സാധനാദോഷമില്ലാത്ത ഒരു വ്യക്തി പുരോഹിതരുടെയും ജ്ഞാനികളുടെയും വ്യാജഗുരുക്കന്മാരുടെയും അടിമയാകുകയില്ല.

ഏതൊരറിവും അനുഭവമാകണമെങ്കിൽ അതിനൊരു സന്ദർഭം ഉണ്ടാകണം. ആ സന്ദർഭം അനുസരിച്ച് അതിൽ ആത്മാർത്ഥതയും ഉണ്ടാകണം. അപ്പോൾ മാത്രമെ അറിവ് അനുഭവമാകുകയുള്ളു. സന്ദർഭവും സാഹചര്യവും മാറിയാൽ അറിവ് അസ്ഥാനത്താകും. സ്ഥാനം തെറ്റിയ അറിവ് അനുഭവമാകുകയില്ല.

വേദാന്തം ജനിച്ച ഭാരതത്തിൽ ആത്മസാക്ഷാത്ക്കാരവും മുക്തിയും അപഹാസ്യമാക്കപ്പെടുകയാണ്. കാരണം സന്ദർഭവും സാഹചര്യവും മാറ്റുകയും മാറുകയും ചെയ്തിരിക്കുന്നു.

സമ്പത്തില്ലായ്മ ജീവിതത്തിലെ ദുഃഖമായി മാറിയാൽ അവിടെ വേദാന്തസാരങ്ങൾക്ക് പ്രസക്തിയില്ല. അവകൊണ്ട് ദുഃഖം മാറ്റാനും കഴിയില്ല. ആ ദുഃഖം മാറ്റുന്നതിന് ബോധോദയത്തിന്റെയും മുക്തിയുടെയും അറിവല്ല മറിച്ച് സമ്പത്താണ് അവന് നൽകേണ്ടത്. അപ്പോൾ അവന്റെ ദുഃഖം സന്തോഷമായി മാറും.

അതിന് പകരം ജ്ഞാനികളും എഴുത്തുകാരും മനുഷ്യദൈവങ്ങളും വേദാന്ത സാരത്തെ പ്രശ്നപരിഹാരങ്ങളാക്കുകയും ആസ്വാദനങ്ങളും വിമർശനങ്ങളും വ്യാഖ്യാനങ്ങളും വികലമായ സന്ദർഭങ്ങളും എഴുതി ഭാരതീയരേയും അന്യദേശത്തിലുള്ളവരേയും ചൂഷണം ചെയ്യുകയും സ്വയം കബളിപ്പിക്കുകയും ചെയ്യുന്നു.

**92. ശി:-** ആത്മസാക്ഷാത്ക്കാരം ലഭിക്കണമെന്നത് ജനകന്റെ ആഗ്രഹമായിരുന്നില്ലെ? അതിനുവേണ്ടി കാണിച്ച ആത്മാർത്ഥത ഉപാധികളോടു കൂടിയതല്ലെ?

**മാസ്റ്റർ**:- ബോധോദയവും മുക്തിയും അഥവാ ജാഗ്രത്തിൽ നിന്നുള്ള ഉണർച്ചയും ഉപാധിക്ക് വിധേയമായി ഉണ്ടാകുന്നതോ ഉണ്ടാക്കാൻ കഴിയുന്നതോ അല്ല.

ഭീകരവും വേദനിക്കുന്നതുമായ ഒരു സ്വപ്നം കണ്ട് നിലവിളിക്കുന്നവനെ മറ്റൊരാൾ വന്ന് തട്ടി ഉണർത്തി സ്വപ്നം മിഥ്യയാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ, അയാളുടെ ഭയവും വേദനയും മാറ്റിയത് അയാളെ ഉണർത്തിയ ആളുടെ കഴിവാണെന്ന് നാം അംഗീകരിക്കുമോ?

അതിൽ എവിടെയാണ് ഉപാധി നിലനിൽക്കുന്നത് ? ഉണർത്തുന്നവനും ഉണരുന്നവനും നേട്ടവും നഷ്ടവുമില്ല. നേട്ടമുണ്ടെന്നും നഷ്ടമുണ്ടെന്നും വിചാരിക്കുന്നതിനെയാണ് ഉപാധികൾ എന്ന് പറയുന്നത്.

ജനകൻ അഷ്ടാവക്രമുനിയോട് ബോധോദയം അനുഭവപ്പെടുത്താനാണ് ആവശ്യപ്പെട്ടത്. അതിന് അദ്ദേഹം വലിയ വിലയും കൊടുത്തു. എന്നാൽ അഷ്ടാവക്രൻ രാജാവിന് അനുഭവങ്ങൾ നൽകുന്നതിനു പകരം അദ്ദേഹത്തിന്റെ രാജപദവിയും രാജ്യം എന്ന സമ്പത്തും നശ്വരമായ അനുഭവമാണെന്നും അതിനേക്കാൾ വലുതായി അനശ്വരമായ ഒരു യാഥാർത്ഥ്യം ഉണ്ടെന്ന് ബോദ്ധ്യപ്പെടുത്തി, അത് ഉപേക്ഷിക്കാൻ മാത്രമെ ഉപദേശിച്ചുള്ളു.

അതിന് രാജാവ് കാണിച്ച ആത്മാർത്ഥതയാണ് അദ്ദേഹത്തെ ഭ്രമവികാരങ്ങളിൽ നിന്ന് ഉണർത്തിയത് അഥവാ അദ്ദേഹത്തിന് ബോധോദയം സംഭവിച്ചതിന് കാരണമായത്.

അങ്ങിനെ ഉണരാനുള്ള ആത്മാർത്ഥ ആ രാജാവിന് ഉണ്ടായിരുന്നു. കാരണം ജനകൻ ദുശ്ശാഠ്യക്കാരനായ രാജാവായിരുന്നു. താൻ വിചാരിക്കുന്ന കാര്യം എന്ത് വില കൊടുത്തും അദ്ദേഹം നടത്തുന്ന സ്വഭാവക്കാരനായിരുന്നു. ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് ഉണർന്നപ്പോഴാണ് താൻ തന്റെ ഗുരുവിന് ഒന്നും കൊടുത്തില്ല എന്നും രാജ്യത്തിനും രാജപദവിക്കും ഒന്നും സംഭവിച്ചില്ലായെന്നും രാജാവ് എന്ന തന്റെ അഹങ്കാരമാണ് നഷ്ടപ്പെട്ടതെന്നും ജനകൻ തിരിച്ചറിയുന്നത്. കൊടുത്തുവെന്നും ലഭിച്ചുവെന്നും തോന്നിയത് താഴ്ന്ന ബോധത്തിൽ നിൽക്കുന്ന നിന്നേപ്പോലുള്ള ജ്ഞാനികൾക്കാണ്. തുരീയമെന്ന ബോധാവസ്ഥയിലേക്ക് ജനകൻ എത്തിയപ്പോൾ അവിടെ കൊടുക്കലും ലഭിക്കലും നടന്നിട്ടില്ലായെന്ന് അദ്ദേഹം മനസ്സിലാക്കി. രാജാവ് മുനിയോടല്ല ആത്മാർത്ഥത കാണിച്ചത്. തന്നോടു തന്നെയാണെന്ന് ഉയർന്ന ബോധത്തിലെത്തിയപ്പോഴാണ് മനസ്സിലായത്.

ഉയർന്ന ബോധത്തിലെ ആത്മാർത്ഥത താഴ്ന്ന ബോധത്തിൽ പ്രായോഗികമാക്കാൻ കഴിഞ്ഞാൽ മാത്രമെ ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് ഉണരാൻ കഴിയുകയുള്ളു. നാം മറ്റുള്ളവരോടാണ് ആത്മാർത്ഥത കാണിക്കുന്നത്. നമ്മുടെ സ്വാർത്ഥ താൽപര്യങ്ങൾ നേടാനുള്ള ആത്മാർത്ഥത മാത്രമാണത്. അതുകൊണ്ടാണ് അതിനെ സൂത്രം എന്ന്

വിളിക്കുന്നത്. അത്തരം ഒരാത്മാർത്ഥത കൊണ്ട് ജാഗ്രത്തിൽ നിന്നും ഉണർന്ന് മോക്ഷം പ്രാപിക്കാൻ കഴിയില്ല. അഥവാ കേവല യാഥാർത്ഥ്യത്തിൽ എത്താൻ കഴിയില്ല.

ഉണർച്ചയിൽ നേട്ടമൊന്നുമില്ല. സ്വപ്നത്തിൽ നിന്നുണരുന്ന ഒരാൾ ജാഗ്രത് നേടിയെന്നു പറയുകയില്ല.

തന്നോടു തന്നെയുള്ള ആത്മാർത്ഥത കൊണ്ട് ജാഗ്രത്തിൽ നിന്ന് തുരീയത്തിലേക്ക് ഉണരാൻ കഴിയുമെന്ന് പഠിപ്പിച്ച ഏക വേദാന്ത കൃതിയാണ് 'അഷ്ടാവക്ര ഗീത'. ഇത്രയും ശക്തമായി നിസ്സംഗതയുടെ അനുഭവമാണ് മോക്ഷം അഥവാ ജീവന്മുക്തി അഥവാ നിർവ്വാണ എന്ന് പറഞ്ഞിട്ടുള്ള മറ്റൊരു കൃതിയും ലോകത്തുണ്ടായിട്ടില്ല. ബോധശാസ്ത്രം പോലും അഷ്ടാവക്ര ഗീതയുടെ അനുബന്ധം മാത്രമാണ്.

ആധുനിക മനുഷ്യനെ ശാസ്ത്രീയമായ രീതിയിൽ പൂർണ്ണമായ ആത്മാർത്ഥതയിലേക്ക് നയിക്കുന്ന മാർഗ്ഗങ്ങൾ മാത്രമാണ് ബോധശാസ്ത്രം.

ഇന്ന് ലഭ്യമായ എല്ലാ അഷ്ടാവക്ര ഗീതയുടെ പതിപ്പിലും ജനക മഹാരാജാവ് മുക്തി നേടുന്ന കഥാസന്ദർഭം യുക്തിക്ക് നിരക്കാത്തവിധവും സന്ദർഭോചിതവുമല്ലാതെയുമാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ടാണ് ഈ കൃതി അവഗണിക്കപ്പെട്ടത്. ഇതിന്റെ കാരണം ആരാധനകൾക്കും സാധനകൾക്കും വിശ്വാസങ്ങൾക്കും അഷ്ടാവക്ര ഗീതയുടെ ആശയങ്ങൾ എതിരായതു കൊണ്ടാണ്.

അതിനാൽ സൂത്രശാലികളായ ജ്ഞാനികളും പുരോഹിതരും അതിൽ ആപേക്ഷിക യുക്തി കൊണ്ട് ഇല്ലാത്ത കഥാഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഭാവിതലമുറയെ വഞ്ചിച്ചു. ദൈവം അകത്തും പുറത്തും നിലനിൽക്കുന്ന ശക്തിയാണെന്ന് പറയാതിരുന്നതും ജ്ഞാനവും ധ്യാനവും ആത്മീയസാധനകളും ആത്മസാക്ഷാത്ക്കാരത്തിനും മുക്തിക്കും എതിരാണെന്ന് പറഞ്ഞതും 'അഷ്ടാവക്ര ഗീത' എന്ന രത്നത്തെ കുഴിച്ചു മൂടാൻ ഇടയാക്കി.

**93. ശി:-** 'അഷ്ടാവക്ര ഗീത'യും ബോധശാസ്ത്രവും തമ്മിലുള്ള വ്യത്യാസമെന്താണ്?

**മാസ്റ്റർ:-** ജീവിച്ചിരിക്കെ മോക്ഷാവസ്ഥ പ്രാപിക്കുന്ന ഒരാളുടെ അനുഭവം എന്തായിരിക്കും, അയാളുടെ പിന്നീടുള്ള ജീവിതം എങ്ങിനെയായിരിക്കും എന്ന് പ്രതിപാദിക്കുന്ന കൃതിയാണ് 'അഷ്ടാവക്ര ഗീത'.

ബോധോദയം വളരെ നിസ്സാരമായ കാര്യമാണെന്നാണ് 'അഷ്ടാവക്ര ഗീത' പ്രഖ്യാപിക്കുന്നത്. എന്നിട്ട് പോലും ശ്രീ ബുദ്ധന് ബോധോദയത്തിലെത്താൻ പന്ത്രണ്ട് വർഷം വേണ്ടി വന്നു. ബോധോദയമുള്ള ഒരു വ്യക്തി 'അഷ്ടാവക്ര ഗീത' ഒരുതവണയോ രണ്ടു തവണയോ വായിച്ചാൽ അയാൾ ജാഗ്രത് എന്ന ഭ്രമത്തിൽ നിന്നുണർന്ന് മുക്തനാകും.

അഷ്ടാവക്രൻ ജനകനെ ബോധോദയത്തിനായി ഒരുക്കുന്ന സന്ദർഭം നിസ്സാരമല്ല. രാജാവെന്ന അഹങ്കാരത്തെ തെണ്ടിയോളം താഴ്ത്തുകയാണ് ചെയ്തത്. ഇത്തരം ഒരു താഴ്ത്തലിന് ആവശ്യമായ ആത്മാർത്ഥത രാജാവിൽ ഉണ്ടാക്കിയത് അഷ്ടാവക്ര മുനിയല്ല. രാജാവിന്റെ ആത്മാർത്ഥത രാജാവിന് തന്നെ പരിശോധിക്കാനുള്ള അവസരം ഉണ്ടാക്കുക മാത്രമെ ചെയ്തുള്ളു.

ഏതൊരു സാധാരണക്കാരനിലും ഇത്തരം ഒരാത്മാർത്ഥത ഉണ്ടാക്കാൻ ആവശ്യമായ സത്യങ്ങളെ ശാസ്ത്രീയമായി ബോധ്യപ്പെടുത്തുകയാണ് ബോധശാസ്ത്രം ചെയ്യുന്നത്. വിഭ്രമ-മതിഭ്രമ വികാരങ്ങളുടെ വാസനകൾ കൊണ്ട് നഷ്ടപ്പെട്ടുപോയ ആധുനിക മനുഷ്യന്റെ ഉപാധികൾക്കതീതമായ അവനവനോട് തന്നെയുള്ള ആത്മാർത്ഥത, അനുസരണം, വിശ്വാസം അനേക വർഷങ്ങൾ കൊണ്ട് സാവധാനം രൂപപ്പെടുത്തുന്ന ശാസ്ത്രീയ മാർഗ്ഗമാണ് ബോധശാസ്ത്രം.

*" എല്ലാ ആഗ്രഹങ്ങളും അവ നടപ്പിലാക്കാൻ ആവശ്യമായ യുക്തികളും ചിന്തകളും വികാരങ്ങളിൽ നിന്നാണ് ഉണ്ടാകുന്നത്. എനിക്ക് ചിന്തകളും ആഗ്രഹങ്ങളും ഇല്ല എന്ന് ഒരുവന് തോന്നുന്നത് പോലും വികാരങ്ങളുടെ ശക്തി കൊണ്ടാണ്. അതിനാൽ നിസ്സംഗൻ ആകണമെന്ന് ആഗ്രഹിക്കുകയും ചിന്തിക്കുകയും ചെയ്തത് കൊണ്ട് നിസ്സംഗൻ ആകാൻ സാദ്ധ്യമല്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. സൂക്ഷ്മ നിരീക്ഷണം കൊണ്ട് ബോധത്തെ സാക്ഷിയാക്കി മാറ്റി വികാരങ്ങളിൽ നിന്നും പുറത്തു കടക്കാൻ ശ്രമിക്കണം" .*

### അദ്ധ്യായം പതിനെട്ട്

## ദൈവം ഭ്രമിക്കുമ്പോൾ ആൾദൈവം

**94. ശി:-** ഇത്രയും നാളത്തെ എന്റെ ആത്മീയതയും അവയുടെ അനുഭവങ്ങളും മതിഭ്രമങ്ങളായിരുന്നുവെന്നുള്ള എന്റെ ഇപ്പോഴത്തെ അറിവ് എനിക്ക് താങ്ങാവുന്നതിലും അപ്പുറമാണ്. പക്ഷെ സത്യത്തിന്റെ നേരെ കണ്ണടച്ചിട്ട് കാര്യമില്ലല്ലോ. അങ്ങനുഭവിക്കുന്ന ദൈവം മതിഭ്രമമല്ല അഥവാ അതീന്ദ്രിയ അനുഭവങ്ങളല്ല എന്നതിന് എന്താണ് തെളിവ്?

**മാസ്റ്റർ:-** നീന്തലറിയാത്തവൻ നീന്തലറിയുന്നു എന്നതിന് എന്താണ് തെളിവെന്ന് ചോദിക്കുന്നതുപോലെയാണിത്. നീന്തൽ അറിവല്ല, അനുഭവമാണ്. പരിശ്രമം കൊണ്ട് ആർക്കും ഈ അനുഭവം സ്വന്തമാക്കാം. അതിന് അറിവ് മാത്രം പോരാ, കഠിനമായ പരിശീലനവും വേണം.

അതുപോലെ അനുഭവങ്ങളൊന്നുമില്ല എന്ന അനുഭവത്തിൽ എത്തണമെങ്കിൽ അനുഭവങ്ങൾക്ക് സാക്ഷിയാകാൻ പരിശ്രമിക്കണം.

പുരോഹിതരും ആൾദൈവങ്ങളും മന്ത്രവാദികളും നൽകുന്ന അറിവും പരിശീലനവും കൊണ്ട് ലഭിക്കുന്ന ദൈവീക അനുഭവങ്ങൾ മതിഭ്രമാനുഭവങ്ങളാണ്. അവ നിലനിൽക്കുന്നതല്ല എന്നത് എല്ലാവരുടെയും അനുഭവമാണ്. അത് തന്നെയാണ് അത് യാഥാർത്ഥ്യമല്ല എന്നതിന്റെ തെളിവും. എന്നാൽ അദ്വൈതാനുഭവത്തിലൂടെ ഉണ്ടാകുന്ന ദൈവീകാനുഭവം എന്നെന്നും നിലനിൽക്കുന്നതാണോ എന്ന് അറിയുകയും അനുഭവിക്കുകയും ചെയ്യണമെങ്കിൽ ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് ഉണരണം.

സ്വപ്നത്തിൽ നിന്നുണരാതെ ജാഗ്രത്തിലെ ഭ്രമാവസ്ഥ എന്താണെന്ന് ആർക്കെങ്കിലും ഇന്നുവരെ അനുഭവപ്പെട്ടിട്ടുണ്ടോ? ജാഗ്രത് എന്ന ബോധാവസ്ഥയിലെ ചില അനുഭവങ്ങൾക്ക് അറിവും കഠിനമായ പരിശ്രമവും ആവശ്യമാണെന്ന് നീന്തൽ തെളിയിക്കുന്നു. അപ്പോൾ ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയിൽ നിന്നും തുരീയം എന്ന ഉയർന്ന ബോധാവസ്ഥയിലേക്ക് ഉണരുമ്പോഴുണ്ടാകുന്ന അനുഭവം എന്തെന്നറിയാൻ എത്രമാത്രം അറിവും പരിശ്രമവും ആവശ്യമാണെന്ന് ഊഹിച്ചു നോക്കുക.

പറഞ്ഞു കേൾക്കുന്ന തെളിവിനെക്കാൾ ശക്തമായത് അനുഭവിക്കുന്ന തെളിവുകളാണ്. അനുഭവങ്ങളൊന്നും ഇല്ല എന്ന അനുഭവത്തിന് തെളിവുകൾ സാദ്ധ്യമല്ല. വികാരാനുഭവങ്ങൾക്കു മാത്രമെ തെളിവുകൾ നൽകാൻ കഴിയുകയുള്ളു. അത്തരം തെളിവുകൾ ആപേക്ഷീകമായിരിക്കുകയും ചെയ്യും.

**95. ശി:-** സഹജാവബോധത്തെ അവബോധം കൊണ്ട് തിരിച്ചറിയുമ്പോൾ ഉണ്ടാകുന്ന വികാരങ്ങൾക്ക് സാക്ഷിയായി നിസ്സംഗമാകുമ്പോൾ അദ്വൈതാനുഭവം ലഭിക്കുകയും ജീവൻ നഷ്ടപ്പെടുമ്പോൾ ജീവനിൽ നിന്ന് മുക്തി നേടാൻ കഴിയുകയും ചെയ്യുമെന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്.

തിന്മയുടെ വികാരങ്ങളെ നന്മയുടെ വികാരങ്ങൾ കൊണ്ട് ബുദ്ധിപൂർവ്വം മറച്ചു പിടിച്ചും; ദുശ്ശാഠ്യത്തെ ഉറച്ച തീരുമാനം, ലക്ഷ്യബോധം എന്നീ പൊസിറ്റീവ് വികാരങ്ങളാക്കി മാറ്റിയും വ്യക്തിബോധം നശിക്കാതെ എന്നെന്നും നിലനിൽക്കുകയും വർദ്ധിക്കുകയും ചെയ്യുകയാണെന്ന് വ്യക്തമാണ്.

സമൂഹവും മതങ്ങളും വളരെ ഗൗരവത്തോടെ വിദ്യാഭ്യാസത്തിലൂടെ പഠിപ്പിക്കുവാനും വളർത്തുവാനും ശ്രമിക്കുന്നവയാണ് നന്മബോധവും ലക്ഷ്യബോധവും. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും ഐശ്വര്യ സമ്പന്നമാക്കുന്ന ഗുണങ്ങളാണ് ഇവയെല്ലാം എന്നാണ് എല്ലാവരുടെയും വിശ്വാസം. ഈ വിശ്വാസം പോലും വികാരങ്ങളാണെന്ന് വ്യക്തമാണ്. അതിനാൽ ഇവയ്ക്കെതിരെ സഞ്ചരിച്ച് കേവലയാഥാർത്ഥ്യത്തിലെത്താൻ അത്രയ്ക്ക് എളുപ്പമല്ല.

ഭ്രമ- വിഭ്രമ-മതിഭ്രമ വികാരങ്ങളാകുന്നതെല്ലാം പൊസിറ്റീവ് നെഗറ്റീവ് രാസയാഥാർത്ഥ്യമാകുമെന്നതിനാൽ വ്യക്തിബോധത്തിൽ നിന്നും വ്യക്തിത്വത്തെ നീക്കം ചെയ്യുന്നത് വളരെ ദുഷ്ക്കരമായി മാറുന്നു.

തനിക്കെന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്ന് തനിക്കു പോലും മനസ്സിലാവാത്ത അവസ്ഥയാണിത്. അതുകൊണ്ട് താൻ ഒഴിച്ച് മറ്റുള്ളവർക്കെല്ലാം എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്നാണ് എല്ലാവരുടെയും നിരീക്ഷണം.

സ്വന്തം ആത്മാവിനെയും ജീവിതത്തെയും നിരീക്ഷിക്കാൻ ഉതകുന്ന ബോധം കൊണ്ട് മറ്റുള്ളവരുടെ ആത്മാവിനെയും ജീവിതത്തെയും എല്ലാവരും നിരീക്ഷിച്ചാൽ, കേവല യാഥാർത്ഥ്യം ആപേക്ഷിക

യാഥാർത്ഥ്യമായി മാറും. മനുഷ്യരുടെ എല്ലാ ദുഃഖവും വേദനയും ആപേക്ഷിക യാഥാർത്ഥ്യങ്ങളാണ്. അതുകൊണ്ടുതന്നെ കേവല യാഥാർത്ഥ്യത്തിലെത്തിയാൽ അവയൊന്നും ഇല്ലാത്തവയെന്ന് അനുഭവിക്കുമെന്നാണ് അങ്ങ് പറയുന്നത്.

തന്നെത്തന്നെ ശ്രദ്ധിക്കാനുള്ള ഒരു വാസന മനുഷ്യരിൽ രൂപം കൊണ്ടിട്ടില്ല എന്നത് ഏറ്റവും അത്ഭുതകരമായ ഒരു സത്യമാണ്. അത്തരം വാസനയെ വികസിപ്പിക്കുന്ന ഒരു സ്കൂൾ ലോകത്ത് ഒരിടത്തും ഉണ്ടായിട്ടില്ല എന്നതും ആശ്ചര്യകരമാണ്.

തന്നെ ഒഴിച്ച് ബാക്കിയുള്ളവയെ ശ്രദ്ധിക്കാനും പഠിക്കുവാനും ആയിരക്കണക്കിന് വിഷയങ്ങളാണ് മനുഷ്യർ രൂപപ്പെടുത്തിയിരിക്കുന്നത്. അവയെല്ലാം ആപേക്ഷിക യാഥാർത്ഥ്യത്തെക്കുറിച്ചുള്ളവയാണ്. ഇതെല്ലാം പഠിച്ചിട്ടും സ്വന്തം മനസ്സിന്റെ അസ്വസ്ഥതയും ശാരീരിക വേദനയും എന്തുകൊണ്ടാണ് എന്ന് പഠിപ്പിക്കുന്ന ഒരു സ്കൂൾ എന്തുകൊണ്ട് സ്ഥാപിക്കപ്പെട്ടില്ല എന്ന അറിവ് വിരൽചൂണ്ടുന്നത് മറ്റൊരു സത്യത്തിലേക്കാണ്.

ലോകത്ത് ഇന്ന് ജീവിക്കുന്ന എല്ലാ മനുഷ്യരുടെയും വികാരങ്ങൾ ഒന്നാണെന്നും വികാരങ്ങൾക്ക് സ്വയം നിർണ്ണയ ശേഷിയുണ്ടെന്നും ബുദ്ധിയുടെ വ്യത്യാസം ഉപരിപ്ലവമാണെന്നും അല്ലെങ്കിൽ ഈ വികാരങ്ങളിൽ ബുദ്ധിക്ക് യാതൊരു സ്വാധീനവുമില്ല എന്നല്ലെ ഇതിന്റെയെല്ലാം അർത്ഥം?

എല്ലാവരുടെയും വികാരങ്ങൾ യഥാർത്ഥ മോക്ഷത്തിനും നിർവ്വാണയ്ക്കും എതിരായി നിൽക്കുന്നതിന് പിന്നിൽ ഒരു ഏക ശക്തിയാണെന്നും അത് എഴുന്നൂറ്റി അമ്പതിൽപ്പരം കോടി മനുഷ്യരെ ഒരുപോലെ ബുദ്ധിക്കതീതമായി കബളിപ്പിക്കുന്നു എന്നുമല്ലെ ഇതിനർത്ഥം? ഈ രഹസ്യമൊന്ന് അനാവരണം ചെയ്യാമോ?

**മാസ്റ്റർ:-** നാം നമ്മെ ശ്രദ്ധിക്കാതെ മറ്റുള്ളവയെയും മറ്റുള്ളവരെയും ശ്രദ്ധിക്കുമ്പോഴുണ്ടാകുന്ന ഒരു ഭ്രമമാണിത്.

മനഃശാസ്ത്രത്തിൽ കളക്റ്റീവ് കോൺഷിയസ്നസ് എന്ന ആശയം ഇത്തരം നിരീക്ഷണത്തിൽ നിന്ന് ഉണ്ടായതാണ്. തന്നിൽ നിന്ന് അന്യമായ ശക്തികൾ പ്രപഞ്ചത്തിൽ നിലനിൽക്കുന്നു എന്ന ഭ്രമാനുഭവമാണിത്. അഥവാ ചതുർമാന പ്രക്ഷേപണമാണിത്.

ചതുർമാനത്തിൽ സ്ഥലവും കാലവും കേവല യാഥാർത്ഥ്യങ്ങളല്ല. അവ ആപേക്ഷിക യാഥാർത്ഥ്യമാണ്, അതായത് സ്ഥലവും കാലവും

നിരീക്ഷകന്റെ ചലനത്തെ ആശ്രയിച്ച് മാറിപ്പോകുമെന്നാണ് ആധുനിക ഭൗതിക ശാസ്ത്രം തെളിയിച്ചത്.

ഓരോ വ്യക്തിയും ബോധത്തെ ഉപയോഗപ്പെടുത്തി ഓരോ പ്രപഞ്ചത്തെ പ്രക്ഷേപണം ചെയ്ത് അതിൽ തന്റെ ദേഹവും ഒരു ഭാഗമാണെന്ന് അനുഭവിക്കുകയും അങ്ങിനെ ചതുർമാനത്തിൽ ആപേക്ഷികമായ സ്ഥല-കാലത്തെ ത്രിമാനത്തിൽ യാഥാർത്ഥ്യമാണെന്ന് തെറ്റിദ്ധരിക്കുകയുമാണ് ചെയ്യുന്നത്. അതായത് ദ്വിമാന സിനിമ കാണുമ്പോൾ നാം നമ്മെ തന്നെ മറന്നു പോകുന്നതുപോലെ.

സ്വപ്നത്തിലും ജാഗ്രത്തിലും എന്ത് കാണണമെന്നും അനുഭവിക്കണമെന്നും അത്തരം ഏതെങ്കിലും ഒരു അവസ്ഥയിൽ നിൽക്കുമ്പോൾ നമുക്ക് തീരുമാനിക്കാൻ സാദ്ധ്യമല്ല.

ഒരു ബോധാവസ്ഥയിലെ സങ്കൽപ്പങ്ങളാണ് മറ്റൊരു ബോധാവസ്ഥയിൽ ഭ്രമമായോ സ്വപ്നമായോ പ്രത്യക്ഷപ്പെടുന്നത്.

പകൽ സമയത്ത് നാം അറിഞ്ഞോ അറിയാതെയോ സങ്കൽപ്പിക്കുന്നവയും ശരീര കോശങ്ങളിൽ വാസനാദോഷങ്ങളായി വച്ചിരിക്കുന്ന സങ്കൽപ്പങ്ങളുമാണ് രാത്രിയിൽ സ്വപ്നമായി നാം അനുഭവിക്കുന്നത്. അതുപോലെ തുരീയമെന്ന അഖണ്ഡ-നിശ്ചല-നിസ്സംഗമായ ബോധം സങ്കൽപ്പിച്ചവയാണ് നമുക്ക് ജാഗ്രത്തിൽ അനുഭവമാകുന്ന പ്രപഞ്ചവും ജീവനും ജീവിതവും എല്ലാം. ഇവയെല്ലാം സങ്കൽപ്പമാണ് എന്നതിന്റെ തെളിവാണ് അവയുടെ പരിണാമവും നശ്വരതയും. ഇതാണ് സൃഷ്ടിയുടെ രഹസ്യം. നശ്വരമായ വസ്തുക്കൾ കൊണ്ട് മനുഷ്യദേഹത്തെയും മറ്റു ചരാചരങ്ങളെയും പ്രപഞ്ചത്തെയും സൃഷ്ടിച്ച് അതിൽ 750-കോടിയിൽപ്പരം ദേഹങ്ങളുടെ ജ്ഞാനേന്ദ്രിയങ്ങളിൽ കൂടി ഒരേ ഒരു ബോധം പുറത്തേക്കു നോക്കിയപ്പോൾ ഉണ്ടായ അനുഭവമാണ് സൃഷ്ടി.

സ്വപ്നത്തിലെ സംഭവങ്ങൾ എവിടെ നിന്നു വന്നുവെന്ന് അറിയണമെങ്കിൽ സ്വപ്നം കാണുന്നവൻ ജാഗ്രത്തിലേക്ക് ഉണരണം. അതുപോലെ ജാഗ്രത്തിലെ പ്രപഞ്ചാനുഭവങ്ങളും ജീവനും ജീവിതവും ദേഹവും എവിടെ നിന്നാണ് വരുന്നതെന്ന് അറിയണമെങ്കിൽ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരണം.

തുരീയത്തിൽ ബോധത്തിന് രൂപഭാവ അനുഭവങ്ങൾ ഒന്നും ഇല്ല. വെറും സങ്കൽപ്പങ്ങൾ മാത്രമെയുള്ളു. പ്രപഞ്ചവും ജീവനും ജീവിതവും

എല്ലാം തുരീയമെന്ന ബോധത്തിന്റെ വെറും സങ്കൽപ്പങ്ങൾ മാത്രമാണ്. ആ സങ്കൽപ്പങ്ങളിൽ തുരീയമെന്ന ബോധം ' ഉറങ്ങുമ്പോഴാണ് ' അഥവാ മറവി ബാധിക്കുമ്പോഴാണ് സങ്കൽപ്പങ്ങൾ രൂപഭാവം കൈക്കൊണ്ട് പദാർത്ഥങ്ങളും ജീവനും ജീവിതവുമായി ജാഗ്രത്തിൽ ഉണരുന്നത്. ഇവ ഇല്ലാത്തവയാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് അവയുടെ നശ്വരത. എന്നാൽ അവ നശ്വരമാണെന്നും സങ്കൽപ്പങ്ങളാണെന്നും അനുഭവിക്കണമെങ്കിൽ തുരീയത്തിലേക്ക് വീണ്ടും ഉണരണം അഥവാ മറവി മാറണം.

സങ്കൽപ്പങ്ങളും അവയുണ്ടാക്കുന്ന ഭ്രമാനുഭവങ്ങളും ഇല്ലാത്തതും നശ്വരവുമാണ്. അതിനാൽ എപ്പോൾ വേണമെങ്കിലും നശ്വരതയിൽ നിന്ന് നമുക്കു പുറത്തു കടക്കാം. പുറത്തു കടന്നാൽ മാത്രമെ അവ നശ്വരങ്ങളായി അനുഭവപ്പെടുകയുള്ളു. അങ്ങിനെ പുറത്തു കടക്കാൻ കഴിയാത്തതു കൊണ്ടാണ് നശ്വരമായ വസ്തുക്കൾക്കും ജീവനും നിലനിൽപ്പിനും വേണ്ടി നാം യുദ്ധം ചെയ്യുന്നത്.

ഒരു വ്യക്തിയുടെയൊ സമൂഹത്തിന്റെയൊ നിലനിൽപ്പിനെ എതിർക്കുന്ന മറ്റൊരു വ്യക്തിക്കും സമൂഹത്തിനും, തങ്ങൾ ജയിച്ചാലും നശ്വരത കൊണ്ട് അൽപ്പനാൾ കഴിയുമ്പോൾ നശിച്ചു പോകുമെന്നറിയാമെങ്കിലും യുദ്ധത്തിൽ നിന്നും വഴക്കിൽ നിന്നും പിന്മാറുകയില്ല. ഇതാണ് ഭ്രമ വികാരങ്ങളുടെ കഴിവ്. ഇവിടെ യുദ്ധമെന്ന് പറയുമ്പോൾ രണ്ടു വ്യക്തികൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം മുതൽ രാജ്യാന്തര യുദ്ധം വരെ അതിൽപ്പെടും. എല്ലാ യുദ്ധങ്ങൾക്കും നാം പറയുന്ന കാരണം വരും തലമുറയുടെ അല്ലെങ്കിൽ ഇപ്പോൾ നിലനിൽക്കുന്നവരുടെ സുഖവും സമാധാനപരവുമായ നിലനിൽപ്പാണ് ഏക മറുപടി. എന്നാൽ എന്നെങ്കിലും ഈ ഭാവി തലമുറയോ ഇപ്പോഴുള്ളവരോ സമാധാനമായി ജീവിക്കുന്നത് കണ്ടിട്ടുണ്ടോ?

ഇന്ന് ലോകത്തിന്റെ കിഴക്കും തെക്കുമാണ് യുദ്ധവും പട്ടിണിയുമെങ്കിൽ നാളെ പടിഞ്ഞാറും വടക്കുമായിരിക്കും എന്ന വ്യത്യാസമെയുള്ളു.

ചില അറിവുകൾ അനുഭവമാക്കാൻ ഭ്രമവികാരങ്ങൾ അനുവദിക്കുകയില്ല. നശ്വരനായ താൻ എന്തിനാണ് നിലനിൽക്കാനും നിലനിൽപ്പിനു വേണ്ടി പോരാടാനും തയ്യാറാകുന്നതെന്ന് ചോദിക്കാൻ ആരുടെയും വികാരങ്ങൾ സമ്മതിക്കുകയില്ല. ജീവിതത്തിന് എന്തെകിലും ലക്ഷ്യമുണ്ടോ? എന്ന് ചിന്തിക്കാൻ ആർക്കും കഴിയുകയില്ല. മനു

ഷ്യരുടെ സ്വാർത്ഥതയും ജനസംഖ്യാവർദ്ധനവുമാണ് ജാഗ്രത്തിലെ ആകെ രണ്ട് പ്രശ്നങ്ങൾ. ഇവ രണ്ടും ഇല്ലാതാക്കാൻ മനുഷ്യർ വിചാരിച്ചാൽ സാധിക്കും എന്നാൽ ആരും അങ്ങിനെ വിചാരിക്കാറില്ല എന്ന് മാത്രമല്ല അതാണ് മനുഷ്യരുടെ എല്ലാ പ്രശ്നങ്ങളുടെയും മൂല കാരണമെന്ന് ബുദ്ധിയുള്ളവർക്കു പോലും തോന്നുന്നില്ല. ഇവയിൽ നിന്നാണ് ഇന്ന് മനുഷ്യർ അനുഭവിക്കുന്ന നൂറായിരം പ്രശ്നങ്ങൾ ഉണ്ടായത്.

അപ്പോൾ നശ്വരതയെ അനുഭവമാക്കാൻ ബോധത്തെ ഉയർത്തുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല. ബോധത്തെ ഉയർത്തുന്നതിന് ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചാൽ പോലും ഭ്രമ വികാരങ്ങളിൽ നിന്ന് ഉണരുക എളുപ്പമല്ല.

ഭ്രമവികാരങ്ങൾ ബോധത്തിന്റെ കാൻസറാണ്. കാൻസറിനെ പ്പോലെ അതിന് സ്വയം നിർണ്ണയ ശേഷിയുണ്ട്. സ്വയം നിർണ്ണയ ശേഷിയുള്ള ഒന്നിനേയും നശിപ്പിക്കുക എളുപ്പമല്ല. നാശത്തെ അതിജീവിക്കാനുള്ള ബുദ്ധി സഹജാവബോധമായി അവയിൽ ഉള്ളതിനാൽ സമയാസമയങ്ങളിൽ അത് ബുദ്ധിയെ മാറ്റി കൊണ്ടിരിക്കും.

നശ്വരതയും, ഇല്ലാത്തത് ഉണ്ട് എന്ന തോന്നലും (സ്വപ്നം) രണ്ടും രണ്ടാണ്. ജാഗ്രത്തിലെ സങ്കൽപ്പങ്ങൾ സ്വപ്നത്തിൽ അനുഭവമായി വരുമ്പോൾ അവ ഇല്ലാത്തവയാണെന്ന് സ്വപ്നത്തിൽ നിലനിൽക്കുമ്പോൾ ഒരു കാരണവശാലും തോന്നുകയില്ല. ജാഗ്രത്തിലേക്കുണരുമ്പോൾ മാത്രമെ അവ ഇല്ലാത്തവയെന്ന് തോന്നുകയും അനുഭവപ്പെടുകയും ചെയ്യുകയുള്ളു.

നശ്വരതയ്ക്ക് ഇല്ലാത്തത്, തോന്നൽ, മായ എന്നീ അർത്ഥങ്ങൾ കൊടുക്കുന്നത് തെറ്റാണ്. അവ ഉള്ളത് തന്നെയാണ്. സ്വപ്നത്തെക്കാൾ യാഥാർത്ഥ്യം കൂടിയ അനുഭവങ്ങളാണ്. അതുകൊണ്ട് നശ്വരത അറിവായി നിൽക്കുമ്പോൾ ആർക്കും അത് നശ്വരമാണെന്ന് അനുഭവപ്പെടില്ല. സ്വപ്നം ജാഗ്രത് എന്നീ രണ്ട് ബോധാവസ്ഥകൾ അനുഭവിക്കുന്നിടത്തോളം സമയം അവ യാഥാർത്ഥ്യമല്ല എന്ന് ഒരു കാരണവശാലും ബോധ്യപ്പെടുകയില്ല.

ഈ പ്രപഞ്ചവും ജീവനും ജീവിതവുമെല്ലാം നശ്വരമായിരുന്നിട്ടും നശ്വരമായ ജീവന്റെയും പ്രപഞ്ചത്തിന്റെയും രഹസ്യം അന്വേഷിക്കുന്നതും ഇവയെല്ലാം മഹാസംഭവമാണെന്നും അത് ദൈവത്തിന്റെ സൃഷ്ടിയാണെന്നും വേദാന്തങ്ങളും മതങ്ങളും ശാസ്ത്രങ്ങളും ഉദ്ഘോഷിക്കുന്നതിന്റെ അർത്ഥം എന്താണ് ?

നശ്വരതയെ യാഥാർത്ഥ്യമാണെന്ന് ഭ്രമിപ്പിക്കുകയും നിലനിൽക്കാൻ ഉപയോഗിക്കുന്ന ഹിംസയെയും ദുഷ്ടതയെയും സ്വാർത്ഥതയെയും മറക്കുകയും അവ ജീവിതമായി തെറ്റിദ്ധരിപ്പിക്കുകയുമാണ് വികാരങ്ങളുടെ ജോലി. ഭൗതിക ശാസ്ത്രവും വേദാന്തങ്ങളും സെമറ്റിക് മതങ്ങളും ഇവിടെയാണ് പരാജയപ്പെട്ടത്. മാനസിക ദുഃഖമില്ലാതാക്കാൻ ആത്മീയ ശാസ്ത്രങ്ങൾക്കും; വേദനയില്ലാതാക്കാൻ ഭൗതിക ശാസ്ത്രത്തിനും പ്രയത്നിക്കാം, അതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാം. അത് നശ്വരതയെ മറന്നു കൊണ്ടായിരിക്കരുത്.

ദുഃഖനിവാരണത്തിനുള്ള മാർഗ്ഗങ്ങളും വേദനയെ ഇല്ലാതാക്കുന്ന ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ പ്രയോജനവും ലോകത്തുള്ള എല്ലാ മനുഷ്യർക്കും വെറുതെ ലഭിക്കുന്ന സാഹചര്യം ഉണ്ടായാലെ നശ്വരതയെ അംഗീകരിക്കാനും ഹിംസയിൽ പശ്ചാത്തപിക്കാനും എല്ലാ മനുഷ്യർക്കും കഴിയുകയുള്ളു. അല്ലെങ്കിൽ വേദനയും ദുഃഖവും യാഥാർത്ഥ്യമാണെന്നും അവയെക്കാൾ വലിയ ഒരു യാഥാർത്ഥ്യം ഇല്ലായെന്നും വേദനയെയും ദുഃഖത്തെയും വിറ്റ് കാശാക്കുന്നവനും വേദനയുടെയും ദുഃഖത്തിന്റെയും പരിഹാരം പണം കൊടുത്ത് വാങ്ങുന്നവനും ഒരുപോലെ ധരിക്കും.

സ്വന്തം സങ്കൽപങ്ങൾ കൊണ്ട് ഉണ്ടാക്കിയെടുത്ത ഈ ഭ്രമലോകത്തിൽ എന്നെന്നും നരകയാതന അനുഭവിച്ചു കൊണ്ടിരിക്കുകയും അവ എവിടെ നിന്ന് വരുന്നുവെന്ന് അറിയാതെ ജീവിക്കുവാനും അത് ഇടയാക്കുകയും ചെയ്യും.

ഭ്രമ വികാരം കൊണ്ട് നശ്വരതയെ യാഥാർത്ഥ്യമെന്ന് പ്രക്ഷേപണം ചെയ്തും വിഭ്രമ-മതിഭ്രമ വികാരങ്ങൾ കൊണ്ട് നശ്വരതയെ ആവരണം ചെയ്തും നശ്വരതയെ ബോധം തന്നെ മറച്ചു പിടിക്കുക മാത്രമല്ല നിലനിൽപ്പിന്റെ ഹിംസയും സ്വാർത്ഥതയും മറക്കാനും ജീവിതം വീണ്ടും ആവർത്തിക്കാനും ആഗ്രഹിപ്പിക്കുകയും ചെയ്യുന്നു. അത് ബോധത്തിന്റെ അജ്ഞതയല്ല. ഏതൊരു സാധാരണ മനുഷ്യനും സൂക്ഷ്മ നിരീക്ഷണം കൊണ്ടും വികാരങ്ങൾ കൊണ്ടുണ്ടാകുന്ന ദുശ്ശാഠ്യത്തെ ഇല്ലാതാക്കിയും കേവല യാഥാർത്ഥ്യമെന്ന അനശ്വരതയെ അനുഭവിക്കാനും ഹിംസയിൽ നിന്നും സ്വാർത്ഥതയിൽ നിന്നും എന്നന്നേയ്ക്കുമായി രക്ഷപ്പെടാനും കഴിയും. അതുതന്നെയാണ് മോക്ഷവും.

മോക്ഷത്തിന് നശ്വരമായ ജീവനും ജീവിതവും പ്രപഞ്ചവുമായി യാതൊരുവിധ ബന്ധവുമില്ല. കാരണം മോക്ഷം നേടുന്നത് ജീവനും

ജീവിതവും പ്രപഞ്ചവുമല്ല, മറിച്ച് പ്രക്ഷേപണം കൊണ്ടും ആവരണം കൊണ്ടും ഭ്രമിച്ച ബോധം തന്റെ ഭ്രമത്തിൽ നിന്നും ഉണരുന്നതാണ് മോക്ഷം.

യഥാർത്ഥ മോക്ഷത്തിനും നിർവ്വാണയ്ക്കും തടസ്സമായി വികാരങ്ങൾ നിലനിൽക്കുന്നുവെന്നും അവ മനുഷ്യരെ കബളിപ്പിക്കുന്നുവെന്നും വെറുതെ തോന്നുകയാണ്.

ഭ്രമത്തിന്റെ ഏത് പൊസിറ്റീവ് നെഗറ്റീവ് വികാരാനുഭവങ്ങളിൽ നിന്നും എപ്പോൾ വേണമെങ്കിലും ഉണരാനുള്ള കഴിവ് എല്ലാവരുടെയും ബോധത്തിനുള്ളതിനാൽ ആരും കബളിപ്പിക്കപ്പെടുന്നില്ല. ഭ്രമത്തെ യാഥാർത്ഥ്യമെന്ന് വിചാരിക്കുമ്പോൾ മാത്രമാണ് ഇത്തരം കബളിപ്പിക്കലുകൾ ഉണ്ടെന്ന് തോന്നുന്നത്.

പ്രപഞ്ചസൃഷ്ടിക്ക് അടിസ്ഥാനമായ ഊർജ്ജവും സ്ഥലവും കാലവും പോലും ഭ്രമമാണെങ്കിൽ പിന്നെ എന്താണ് ഭ്രമമല്ലാതെ ബാക്കിയുള്ളത് ?

എല്ലാം തനിയെ ഉണ്ടാകുന്നു തനിയെ ഇല്ലാതാകുന്നു. സൂര്യൻ തനിയെ ഉദിക്കുന്നു തനിയെ അസ്തമിക്കുന്നു. നാം ആവശ്യപ്പെടാതെ ജനിക്കുന്നു, ആവശ്യപ്പെടാതെ മരിക്കുന്നു, ഇവയിലൊന്നിലും നമുക്ക് സ്വാധീനമില്ല. ഭ്രമവും സ്വപ്നവും ഒന്നുതന്നെയാണ്. രണ്ടിലും ഉള്ള എല്ലാ അനുഭവങ്ങളെയും മാറ്റാനോ ഇല്ലാതാക്കാനോ എളുപ്പമല്ല. ഇവയെല്ലാം എല്ലാവരുടെയും അനുഭവമാണ്. ഈ അനുഭവങ്ങൾ തന്നെയാണ് ജാഗ്രത്, സ്വപ്ന സമാനമായ ഭ്രമമാണെന്നതിന്റെ ഏറ്റവും വലിയ തെളിവ്.

ജാഗ്രത് ഭ്രമമല്ല, വാസ്തവമായിരുന്നുവെങ്കിൽ സംഭവങ്ങൾ എവിടെ നിന്ന് എന്തുകൊണ്ട് ഉണ്ടാകുന്നുവെന്നും ഇല്ലാതാകുന്നുവെന്നും; എവിടെനിന്ന് എന്തുകൊണ്ട് ജനിക്കുന്നു, മരിക്കുന്നു എന്നും നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുമായിരുന്നു.

സ്വപ്നത്തിൽ കാണുന്ന പ്രപഞ്ചവും ജീവനും വസ്തുക്കളും ഇല്ലാത്തതായിരുന്നു എന്നും ജാഗ്രത്തിലെ പ്രപഞ്ചവും ജീവനുമാണ് യഥാർത്ഥത്തിൽ സ്വപ്നത്തിൽ അനുഭവപ്പെട്ടത് എന്നും നാം ഉണരുമ്പോഴാണ് മനസ്സിലാക്കുന്നത്. അതുപോലെ ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്കുണരുമ്പോൾ മാത്രമാണ് നമ്മൾ അനുഭവിച്ച പ്രപഞ്ചവും നമ്മുടെ ജനനവും മരണവും എല്ലാം അഖണ്ഡ-നിശ്ചല-നിസ്സംഗമായ ബോധത്തിന്റെ വെറും സങ്കൽപ്പങ്ങളും അവയുടെ ഭ്രമങ്ങളും മാത്രമായിരുന്നു എന്ന് അനുഭവമാകുന്നത്.

**96.ശി:-** ജീവിച്ചിരിക്കെ മോക്ഷാവസ്ഥയിലെത്തിയ അങ്ങിൽ നിന്ന് മോക്ഷത്തിന്റെ അഥവാ നിർവ്വാണയുടെ അഥവാ നിത്യജീവന്റെ രഹസ്യം അറിയാൻ ഭാഗ്യം നൽകുകയും അതിനായി വികാരങ്ങളിലൂടെ അങ്ങയുടെ അടുക്കൽ എത്തിച്ച എന്റെ തന്നെ ബോധത്തിനും; ബോധത്തെ തിരിച്ചറിവായി ശരിയാംവിധം ഉപയോഗിച്ച എന്റെ ബുദ്ധിക്കും നന്ദി.

എന്നെപ്പോലെ ബുദ്ധിയും ബോധവും ഉള്ള അനേകം മനുഷ്യർ ഈ ഭൂമിയിൽ ഉണ്ട്. അവരാരും എന്തുകൊണ്ടാണ് അങ്ങയുടെ അടുക്കൽ സത്യം അന്വേഷിച്ച് വരാത്തത് ? വിരലിൽ എണ്ണാവുന്നത്ര ശിഷ്യന്മാരെ മാത്രമെ ഞാൻ അങ്ങയുടെ ഒപ്പം കാണുന്നുള്ളു. മരണത്തെ അതിജീവിക്കുന്ന സൂത്രം ബോദ്ധ്യപ്പെടാൻ എല്ലാവർക്കും താൽപര്യമുണ്ടാകും. മരണത്തെ എങ്ങിനെ അതിജീവിച്ച് നിത്യത നേടാമെന്നാണ് ഭൗതിക ആത്മീയ ശാസ്ത്രങ്ങൾ  അന്വേഷിക്കുന്നത്. എന്നിട്ടും അത്തരക്കാരെ ഒന്നും ഇവിടെ കാൺമാനില്ല. മാത്രമല്ല ബോധശാസ്ത്രം പഠിക്കാൻ തുടങ്ങുന്നവന് ചിലവും താമസ സൗകര്യവും വെറുതെ നൽകുകയും മുക്തിനേടാൻ കഴിവുണ്ടെന്ന് തെളിയിക്കുന്ന പുരുഷന് ഓരോ വർഷവും ഒരു ലക്ഷം രൂപ വീതവും സ്ത്രീക്ക് 50,000 രൂപയും അവരുടെ പേരിൽ നിക്ഷേപിക്കും എന്ന് വാഗ്ദാനം നൽകിയിട്ടുപോലും ആരും ബോധശാസ്ത്രം പഠിക്കാൻ വരുന്നതായി കാണുന്നില്ല. എന്നാൽ എത്ര ഫീസ് കൊടുത്തും ഭൗതിക വിഷയങ്ങൾ പഠിക്കാൻ യുവാക്കൾ തയ്യാറാകുന്നു. ഇതിന്റെ രഹസ്യം ഒന്ന് ബോദ്ധ്യപ്പെടുത്താമോ?

**മാസ്റ്റർ:-** (പുഞ്ചിരിച്ചു കൊണ്ട്) ജീവിതത്തിന്റെയും ജീവന്റെയും അസ്തിത്വവും ഉദ്ദേശവും ലക്ഷ്യവും എന്ത്? എന്ന് ചിന്തിക്കുവാനാണ് ഞാൻ എല്ലാവരോടും ആവശ്യപ്പെടുന്നത്. അനേകായിരം സംശയങ്ങളുമായി നാൽപ്പത്തി അഞ്ച് വർഷം ജീവിച്ചിട്ടും ആരും എന്നോട് സ്വന്തം അസ്തിത്വത്തിന്റെ അർത്ഥം അന്വേഷിച്ചാൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭിക്കുമെന്ന് പറഞ്ഞു തന്നില്ല. അതിനു പകരം പുരോഹിതരും ജ്ഞാനികളും പ്രഫസർമാരും സംശയങ്ങളെ കൂടുതലായി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ബോധവും ബുദ്ധിയും വിപരീത അനുപാതത്തിലാണ് കാണപ്പെടുന്നത്, ബുദ്ധി കൂടുന്തോറും ബോധം താഴുകയാണ്

ചെയ്യുന്നത്. നാൽപ്പത്തി അഞ്ച് വർഷത്തോളം ഞാൻ ബുദ്ധി വർദ്ധിപ്പി ക്കാനാണ് ശ്രമിച്ചത്. അതുകൊണ്ടാണ് സംശയങ്ങളും വർദ്ധിച്ചത്.

മൂന്ന് തരം മനുഷ്യരെയാണ് നാം ഈ ലോകത്ത് കാണുന്നത്. 1.നന്മബോധം ഉള്ള ആത്മീയർ 2.തിന്മ ബോധം ഉള്ളവർ 3. ഇവ സമ്മി ശ്രമായി കാണുന്ന സാധാരണക്കാർ. ഇവരിൽ നന്മ ബോധം ഉള്ളവ രാണ് എന്റെ അടുക്കൽ വരുന്നത്.

ഉപാധികളും വികാരങ്ങളും ഉള്ള നന്മ, സ്നേഹം, സേവനം, അനു കമ്പ ഇവ ദൈവീകമല്ല എന്നും ഉപാധികൾക്കും വികാരങ്ങൾക്കും അതീ തമായ നന്മ, സ്നേഹം, സേവനം, അനുകമ്പ ഇവയാണ് ദൈവീകം എന്നാണ് ഞാൻ പഠിപ്പിക്കുന്നത്.

നന്മയുടെയും തിന്മയുടെയും സ്രോതസ്സിലേക്ക് നോക്കാനാണ് ഞാൻ എല്ലാവരെയും പ്രേരിപ്പിക്കുന്നത്.

നശ്വരമായ വസ്തുക്കളും ജീവനും കൊണ്ട് പ്രപഞ്ചവും അതിൽ ജീവനെ നിലനിർത്താൻ ഹിംസയും സ്വാർത്ഥതയും ആവശ്യമായി വരുന്ന ഒരു സംവിധാനം അനശ്വരനായ ദൈവം സൃഷ്ടിക്കുകയില്ല എന്നാണ് എല്ലാ വരെയും യുക്തി കൊണ്ട് ഞാൻ ബോദ്ധ്യപ്പെടുത്തുന്നത്.

ദൈവം പുറത്തോ അകത്തോ ഉള്ള ഒരു ശക്തിയല്ല എന്നും എല്ലാ ശക്തികളും ഭ്രമത്തിലൂടെ ഒരു വ്യക്തിയുടെ ബോധമണ്ഡലത്തിൽ ഉണ്ടായി നിലനിന്നു മറയുന്നു എന്ന് തോന്നുകയാണെന്നാണ് ഞാൻ പഠിപ്പിക്കുന്നത്.

സഹജാവബോധം എന്ന ബുദ്ധി കൊണ്ട് സൃഷ്ടിച്ച പ്രപഞ്ച ത്തെയും ജീവനെയും അവബോധം കൊണ്ട് യാഥാർത്ഥ്യമെന്ന് ദൈവം തന്നെ തെറ്റിദ്ധരിക്കുകയാണെന്നും അങ്ങിനെ ജഢത്തിന്റെ ജനന-മ രണങ്ങൾ യാഥാർത്ഥ്യമാണെന്നും താൻ ജീവനാണെന്നും തെറ്റിദ്ധരി ക്കുകയാണെന്നുമാണ് ഞാൻ തെളിയിക്കാൻ ശ്രമിക്കുന്നത്.

അതിനാൽ ജനന-മരണങ്ങളിൽ നിന്നും; ദുഃഖവും വേദനയും കൊണ്ട് നിറഞ്ഞ ജീവന്റെ തടവറയിൽ നിന്നും എന്നന്നേയ്ക്കുമായി ഉണർന്ന് പരമമായ സ്വാതന്ത്ര്യം അനുഭവിക്കുക എന്നാണ് ഞാൻ പഠിപ്പിക്കുന്നത്.

ഇവയെല്ലാം ഏത് സാധാരണക്കാരനെയും തെളിവു സഹിതം ബോദ്ധ്യപ്പെടുത്താൻ ഏതാനും മണിക്കൂറുകൾ മാത്രം മതി. സാമാന്യ ബുദ്ധിയും അഹങ്കാരം അല്പം കുറവുള്ള ഒരാളിൽ പിന്നീട് ചോദ്യ ങ്ങളൊന്നും അവശേഷിക്കുകയില്ല. എന്നാൽ വിഭ്രമ-മതിഭ്രമ വികാര

ങ്ങളുടെ ശക്തിയും ഭ്രമ വികാരത്തിന്റെ പ്രക്ഷേപണവും മറവിയും ഉള്ള തിനാൽ കേട്ടതെല്ലാം ഒരുനിമിഷം കൊണ്ടു തന്നെ മറന്ന് പോകുകയും എന്തെല്ലാം വാഗ്ദാനങ്ങൾ നൽകിയാലും അവയെ അവഗണിച്ച് പിന്നീ ടൊരിക്കലും അയാൾ തിരിച്ച് വരാതിരിക്കുകയും ചെയ്യും.

നിസ്സംഗതയും നശ്വരതാബോധവും സഹജാവബോധമായ ബുദ്ധിക്കും ഓർമ്മയ്ക്കും നിലനിർത്താനുള്ള കഴിവില്ല. ബോധം ജന്മനാ ഉയർന്നവനോ, ബോധത്തെ ഉയർത്താൻ കരുത്തു കാണിക്കുന്നവനോ മാത്രമെ അത് കഴിയുകയുള്ളു.

അസ്തിത്വത്തിന്റെ അർത്ഥം ബോദ്ധ്യപ്പെടുത്താൻ കഴിവുള്ള വസ്തുനിഷ്ഠമായ അറിവ് സാമാന്യ ബുദ്ധിയുള്ള മനുഷ്യർക്ക് നെഗ റ്റീവായി അനുഭവപ്പെടുന്നതിനാൽ നിസ്സംഗമായി ജീവിക്കുകയും നെഗ റ്റീവായി സംസാരിക്കുകയും ചെയ്യുന്ന ആൾ എന്നാണ് എല്ലാവരും എന്നെക്കുറിച്ച് പറയാൻ ഇഷ്ടപ്പെടുന്നത്.

നന്മയും പുണ്യവും നീതിയും ആത്മീയ സൂത്രമായി ഉപയോഗിച്ച് സഹജാവബോധത്തിന്റെ തിന്മയെയും ഹിംസയേയും അനീതിയെയും പാപത്തെയും മറച്ചു പിടിച്ച് ജീവിക്കാനാണ് എല്ലാവർക്കും ഇഷ്ടം. സഹ ജാവബോധത്തെ അവബോധം കൊണ്ട് തിരിച്ചറിയാൻ പ്രേരിപ്പിക്കുന്ന എന്റെ ഉപദേശം എല്ലാവരിലും മനഃസ്സാക്ഷിക്കുത്ത് ഉണ്ടാക്കുന്നതിനാൽ അവർ എന്നെയും ബോധശാസ്ത്രത്തെയും ഉപേക്ഷിക്കുന്നു.

എല്ലാവരുടെയും ഉള്ളിൽ 'ഞാൻ നല്ലവൻ' എന്ന് 24-മണിക്കൂറും മന്ത്രിക്കുന്ന ഒരു അഹങ്കാര ശബ്ദം നിലനിൽക്കുന്നുണ്ട്. സൃഷ്ട ജീവ ജാലങ്ങളെല്ലാം നിലനിൽപ്പിനായി ഉപയോഗിക്കുന്ന തന്ത്രം ഹിംസയാ ണ്. അത് സൃഷ്ടിയുടെ സ്വാഭാവികതയാണ്. ബോധത്തെ അവബോ ധമായി മനുഷ്യന്റെ മസ്തിഷ്കം സ്വീകരിക്കുന്ന നാൾ മുതൽ ഈ ഹിംസയെ മനുഷ്യർ തിരിച്ചറിയും. ഒരു കുറ്റബോധം തനിയെ എല്ലാവ രിലും രൂപീകൃതമാകുകയും ചെയ്യും. ജ്ഞാനികളും പുരോഹിതരും ആൾദൈവങ്ങളും ഈ കുറ്റബോധത്തെ മറച്ചു പിടിക്കാനുള്ള തന്ത്ര ങ്ങളാണ് മനുഷ്യരെ പഠിപ്പിക്കുന്നത് . അതുകൊണ്ട് ഈ കുറ്റബോധ ത്തിന് ഒരു ആശ്വാസം അനുഭവപ്പെടുകയും എല്ലാവരും അവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യും. ഹിംസ സഹജാവബോ ധമായതിനാലും നിലനിൽപ്പിന്റെ അടിസ്ഥാനമായതിനാലും ഇവയ്ക്ക് ശാശ്വത പരിഹാരം ആർക്കും കണ്ടുപിടിക്കാൻ കഴിയില്ല.

ബോധശാസ്ത്രം പഠിക്കാൻ വരുന്ന ഒരു വ്യക്തിയെ ഞാൻ ആദ്യം ബോദ്ധ്യപ്പെടുത്തുന്നത് ഇത്തരം കാര്യങ്ങളാണ്. അതിനാൽ താൻ ഒരു ഹീന ജീവിയാണെന്ന് അയാൾ സ്വയം മനസ്സിലാക്കാൻ ഇടയാകുന്നു. സ്വന്തം അസ്തിത്വത്തെക്കുറിച്ച് ഇങ്ങനെയല്ലാതെ മറ്റൊരു രീതിയിൽ പഠിപ്പിക്കാൻ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. സൃഷ്ടിയുടെ ശക്തമായ വൈകല്യമാണ് മനുഷ്യൻ. അത് നിഷേധിക്കാൻ കഴിയാത്ത സത്യവുമാണ്. ഞാൻ നല്ലവൻ എന്നെ സൃഷ്ടിച്ച ദൈവം നല്ലവൻ എന്നെല്ലാം വിശ്വസിച്ചു വരുന്നവന്റെ വിശ്വാസമെല്ലാം തകർന്ന് തരിപ്പണമാകും. അതിനാൽ ഭീരുക്കളായവർ തകരാൻ പോകുന്ന തന്റെ വിശ്വാസവും കൈയ്യിലെടുത്ത് സ്ഥലം വിടും. പിന്നീട് ഈ വഴിക്ക് വരികയുമില്ല.

ദൈവത്തെ വികാരമായി അനുഭവിക്കാൻ അന്വേഷിക്കുന്നവരെയല്ല ഞാൻ സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നത്. ജാഗ്രത് എന്ന ഭ്രമത്തിൽ നിന്ന് എന്നന്നേയ്ക്കുമായി ഉണർന്ന് നിത്യത നേടാൻ സ്വന്തം വിശ്വാസങ്ങളെയും വികാരങ്ങളെയും വ്യക്തിത്വത്തെപ്പോലും ഇല്ലാതാക്കാൻ എന്തും സഹിക്കുവാനും ത്യജിക്കുവാനും തയ്യാറാകുന്നവനെയാണ് ഞാൻ സ്വീകരിക്കുന്നത്. അവനാണ് എനിക്ക് പ്രിയപ്പെട്ടവൻ. അവനും ഞാനുമായി ഭൗതിക തലത്തിലോ ആത്മീയ തലത്തിലൊ ഒരു ബന്ധവും ഉണ്ടായിരിക്കുകയില്ല.

ജാഗ്രത് എന്ന ഭ്രമത്തിൽ വേദനയും ദുഃഖവും കൊണ്ട് വീർപ്പുമുട്ടുന്നവനെ തട്ടിയുണർത്തി യാഥാർത്ഥ്യം ബോദ്ധ്യപ്പെടുത്തുക മാത്രമാണ് ഞാൻ ചെയ്യുന്നത്. അത്തരം ഒരു ഉണർത്തലിൽ ഇന്നു നാം കണ്ടുവരുന്ന ഗുരു-ശിഷ്യ ബന്ധത്തിന്റെയും ലാഭ-നഷ്ടത്തിന്റെ കണക്കും ആവശ്യമില്ല. ഗുരുവും ശിഷ്യരും പൂർണ്ണമായും സ്വതന്ത്രരും സ്വയംപര്യാപ്തതയുള്ളവരുമായിരിക്കണം.

ഇവിടെ രക്ഷകനും രക്ഷിക്കപ്പെടുന്നവനുമില്ല. അവയെല്ലാം ആത്മീയതയുടെ ചൂഷണ തന്ത്രങ്ങൾ മാത്രമാണ്. അതുകൊണ്ടാണ് ഞാൻ ഗുരുവും രക്ഷകനും അല്ലാതാകുന്നത്. നശ്വരമായ ഈ ഭൂമിയിൽ എന്തൊക്കെ നേടിയാലും നേടുന്നവ നശ്വരമാണെന്നറിയുന്നവരെ തീരെ കാൺമാനില്ല. അതുകൊണ്ടാണ് എന്റെ അടുക്കൽ വിരലിൽ എണ്ണാവുന്നവരെ മാത്രം കാണുന്നത്. അവരിൽ തന്നെ പലരും ഉണരാൻ കൂട്ടാക്കുന്നവരല്ല.

സാഹചര്യങ്ങൾ സൃഷ്ടിച്ച് ഞാൻ അവർക്കു നൽകിയ അറിവും അനുഭവവും സ്വയംപര്യാപ്തതയും സ്വാതന്ത്ര്യവും കൊണ്ട് ഉണ്ടായ

സന്തോഷവും സുഖവും ആത്മീയാനുഭവങ്ങളാണ് എന്ന് തെറ്റിദ്ധരിച്ച വരാണ് അവരിൽ ഭൂരിഭാഗവും. അതിനാൽ ഞാൻ വികസിപ്പിച്ച മോക്ഷ ത്തിന്റെ മാർഗ്ഗം എളുപ്പമല്ലാതാകുന്നു. ഇത്രയും വാഗ്ദാനങ്ങൾ നൽകി യിട്ടു പോലും സ്വന്തം അസ്തിത്വത്തിന്റെ അർത്ഥം അന്വേഷിക്കാൻ കൂട്ടാക്കാത്തതിന് കാരണം വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷിയാണ്. അതാണ് പലവിധ തടസ്സങ്ങളായി എന്റെ അടുക്കൽ വരാൻ ആഗ്രഹിക്കുന്നവരെ തടയുന്നത്.

ആത്മീയരാണ് എന്റെ അടുക്കൽ വരാൻ കൂടുതലായി ആഗ്രഹി ക്കുന്നത്. എന്നാൽ ഇന്നുള്ള എല്ലാ ആത്മീയരും ദൈവം പുറത്തു നിൽക്കുന്നതോ അകത്തു നിൽക്കുന്നതോ ആയ ശക്തിയാണ് എന്ന് വിശ്വസിക്കുന്നവരാണ്. അതിനാൽ അവരെല്ലാം മതിഭ്രമം ബാധിച്ചവ രാണ് എന്നാണ് ബോധശാസ്ത്രം തെളിയിക്കുന്നത്. ആത്മീയ അന്ധത കൊണ്ട് ദൈവത്തിന് തങ്ങളുടെ ദാരിദ്ര്യത്തിൽ നിന്ന് പോലും സംഭാ വന കൊടുക്കുന്നവരാണ് ഇന്നത്തെ ആത്മീയർ. അതുകൊണ്ടാണ് ആൾദൈവങ്ങളും അവരെ ആരാധിക്കുന്ന പുരോഹിതരും കോടീശ്വ രന്മാരായത്. പട്ടിണി കിടന്ന് ചത്താൽ പോലും ദൈവത്തെ അന്വേഷി ക്കാൻ ഞാൻ വാഗ്ദാനം ചെയ്യുന്ന സൗകര്യവും പണവും അവർ സ്വീക രിക്കുകയുമില്ല. ദൈവം അകത്തും ഇല്ല പുറത്തും ഇല്ല, അത് ശക്തി യുമല്ല എന്ന് യുക്തി-യുക്തമായി പഠിപ്പിക്കുന്ന എന്റെ അടുത്ത് അവർ ഒന്നിൽ കൂടുതൽ പ്രാവശ്യം വരില്ല. യുക്തിവാദികൾ തീരെ വരാറില്ല കാരണം ദൈവത്തെ അനുഭവിക്കാൻ കഴിയുമെന്ന് പഠിപ്പിക്കുന്ന എന്നെ അവർ ഭയപ്പെടുന്നു. പദാർത്ഥത്തിന്റെ ഒരു ഗുണമാണ് ബോധം എന്നാണ് അവരുടെ സങ്കൽപം. പദാർത്ഥത്തിൽ നിന്ന് ദൈവത്തെ വേർതിരിക്കാൻ അവർക്ക് ഇന്നുവരെ കഴിഞ്ഞിട്ടില്ല. പദാർത്ഥങ്ങളെ നിർമ്മിച്ചിരിക്കുന്ന ഏറ്റവും അടിസ്ഥാന കണികകളെപ്പോലും ശാസ്ത്രം കണ്ടെത്തിക്കഴിഞ്ഞു. എന്നാൽ സ്വന്തം ബോധത്തെ മാത്രം ആരും കണ്ടെത്തിയില്ല. ഇനിയുള്ളവർ സാധാരണക്കാരാണ്. ജീവിത പ്രാരബ്ധ ങ്ങൾ കൊണ്ട് മരണംവരെ ഓടിക്കൊണ്ടിരിക്കുന്ന അവർക്ക് സത്യത്തെ അന്വേഷിക്കാൻ തീരെ സമയം കിട്ടുകയില്ല.

**97. ശി**:- വികാരങ്ങളുടെ സ്വയം നിർണ്ണയശേഷി എങ്ങിനെയാണ് അങ്ങയുടെ അടുക്കൽ വരുന്നവരെ തടയുന്നത്? അത് തെളിയിക്കാൻ കഴിയാത്ത ഒരു വിശ്വാസമല്ലെ? വികാരങ്ങൾക്ക് അതീന്ദ്രിയ ശക്തി ഉണ്ടെന്നുള്ളതിന്റെ സൂചനയല്ലെ അത്?

**മാസ്റ്റർ**:- വികാരങ്ങളുടെ സ്വയം നിർണ്ണയശേഷിയെക്കുറിച്ച് ഞാൻ ഇതിനു മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. സഹജാവബോധം എന്ന ഭ്രമം കൊണ്ട് സൃഷ്ടിക്കപ്പെട്ട പ്രപഞ്ചവും ജീവനും നശ്വരമായിരുന്നിട്ടും അത് യാഥാർത്ഥ്യമെന്ന് എഴുന്നൂറ്റമ്പത് കോടിയിൽപ്പരം മനുഷ്യരെ ബോദ്ധ്യപ്പെടുത്താൻ വികാരങ്ങൾക്ക് കഴിയുമെങ്കിൽ, വികാരങ്ങളുടെ സ്വയം നിർണ്ണയ ശക്തിക്ക് മറ്റെന്ത് തെളിവാണ് വേണ്ടത്.

വികാരങ്ങൾക്ക് അതീന്ദ്രിയ ശക്തിയുണ്ടെന്നത് വിശ്വാസമല്ല, തെളിയിക്കാൻ കഴിയുന്ന യാഥാർത്ഥ്യമാണ്. മതിഭ്രമ വികാരാനുഭവത്തിൽ നിന്നാണ് അതീന്ദ്രിയ ശക്തിയും നിഗൂഢ ഊർജ്ജവും രൂപം കൊള്ളുന്നത്. ഭൗതിക ശാസ്ത്രം തെളിയിച്ചിട്ടുള്ള ശക്തിയും ഊർജ്ജവും അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾക്ക് എത്രമാത്രം യാഥാർത്ഥ്യമായി അനുഭവപ്പെടുന്നുവോ അത്രമാത്രം യാഥാർത്ഥ്യമായി തന്നെ മതിഭ്രമം ബാധിച്ച ഒരു വ്യക്തിക്ക് അതീന്ദ്രിയ ശക്തികൾ അനുഭവപ്പെടുന്നതായി തോന്നും. ഇന്ന് നിലവിലുള്ള ആൾദൈവങ്ങൾ എല്ലാവരും തന്നെ കോടീശ്വരന്മാരായതിന്റെ കാരണം ഇതാണ്. ആൾദൈവങ്ങൾക്ക് അതീന്ദ്രിയ ശക്തി ഉണ്ടെന്നല്ല ഇതിനർത്ഥം. അവരുടെ അടുക്കൽ ചെല്ലുന്ന സ്വാർത്ഥരായ ബുദ്ധിയുള്ള മനുഷ്യർ സ്വന്തം മതിഭ്രമം കൊണ്ട് തന്റെ മുന്നിൽ നിൽക്കുന്ന ആൾദൈവത്തിന് ദൈവീക ശക്തി ഉണ്ടെന്ന് വിശ്വസിക്കുകയാണ് ചെയ്യുന്നത്. അങ്ങിനെ വിശ്വസിപ്പിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ സൂത്രക്കാരായ ആൾദൈവങ്ങൾ ഒരുക്കുകയും ചെയ്യും. മതിഭ്രമം കൊണ്ട് അനുഭവപ്പെടുന്ന അതീന്ദ്രിയ ശക്തികൾ ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്ക് പകർത്താൻ സാദ്ധ്യമല്ല. ഇല്ലാത്തത് ഉണ്ട് എന്ന് തോന്നിപ്പിക്കുന്ന ശക്തിയാണത്. ആൾദൈവങ്ങളെ വിശ്വസിക്കുന്നവർ സ്വന്തം മതിഭ്രമത്തിലാണ് ചതിക്കപ്പെടുന്നത്. അല്ലാതെ ആരും ആരേയും ചതിക്കുന്നതല്ല. ഇത് മനസ്സിലാക്കിയാൽ ആൾദൈവങ്ങളെ കുറ്റപ്പെടുത്താൻ നമുക്ക് സാദ്ധ്യമല്ലാതാകും.

ഭ്രമ-വിഭ്രമ-മതിഭ്രമവികാരാനുഭവങ്ങളാണ് നശ്വരമായ ജീവനെയും ജീവിതത്തെയും പ്രപഞ്ചത്തെയും യഥാർത്ഥമെന്ന് അനുഭവപ്പെടുത്തുന്നത്. തിരിച്ചറിവുകൊണ്ട് നശ്വരമാണെന്ന് അറിഞ്ഞിട്ടും നശ്വരതയെ നിഷേധിച്ചും അവഗണിച്ചും ജീവിക്കുന്നതിനു കാരണം ഈ വികാരങ്ങളുടെ സ്വയം നിർണ്ണയശേഷി കൊണ്ടാണ്.

നശ്വരതയെ അവഗണിച്ചും മറന്നും നിലനിൽക്കാൻ ശ്രമിക്കുന്ന മനുഷ്യർ നശ്വരതയെ നശ്വരം എന്ന് അനുഭവമാക്കാൻ കഴിവുള്ള എന്റെ അടുക്കലേക്ക് വരികയില്ല. നശ്വരതയിൽ സ്വയം ഇറങ്ങി അത് നൽകുന്ന വികാരങ്ങളുടെ കുളിരിൽ ജീവിക്കുവാനാണ് എല്ലാവർക്കും ഇഷ്ടം.

നശ്വരമായ വസ്തുക്കൾക്കും വ്യക്തികൾക്കും വേണ്ടി ജീവിതകാലം മുഴുവനും എല്ലാവരും തിരക്കു പിടിച്ച് ഓടുകയാണ്. പ്രശ്നങ്ങളെയും സംഭവങ്ങളെയും അനസ്യൂതമായി സൃഷ്ടിച്ച് ബുദ്ധിയുള്ളവനെയും ബുദ്ധിയില്ലാത്തവനെയും ഒരുപോലെ എന്നും ഓടിച്ചു കൊണ്ടിരിക്കാൻ വികാരങ്ങൾക്ക് കഴിയും. അതിൽ കുറച്ചുപേർ വഴിതെറ്റി എന്റെ അടുക്കലേക്ക് വരും. അവരിൽ ഒന്നോ രണ്ടോ പേർ തങ്ങും. ബാക്കിയുള്ളവർ നശ്വരത അനുഭവമാകുന്ന ഘട്ടത്തിന് തൊട്ടു മുമ്പ് കിട്ടിയതും കൊണ്ട് സ്ഥലം വിടും.

ബോധശാസ്ത്ര പുസ്തകം വായിച്ച് ആവേശം കൊണ്ട സത്യാന്വേഷികൾ അത് വായിച്ചു തീരുന്നതിനു മുമ്പ് തന്നെ എന്നെ ഫോണിൽ വിളിക്കും. "ഞാൻ ഒരു സത്യാന്വേഷിയാണ്, മാസ്റ്ററെ കാണാൻ നാളെ വരുന്നു" എന്ന് പറയും. "ശരി" എന്ന് ഞാൻ സമ്മതിക്കും. ആഴ്ചകളും മാസങ്ങളും കഴിഞ്ഞാലും അവരെ കാണാറില്ല. ഭാര്യയുടെയും മക്കളുടെയും സഹോദരങ്ങളുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളും ചെറിയ അസുഖങ്ങളും ആയിരിക്കും തടസ്സമായി അവർക്ക് പറയാനുള്ളത്. ഇതെല്ലാം തീർത്ത് വരുമ്പോഴേക്കും സത്യാന്വേഷണം മറന്നു പോകും . നശ്വരമായ പ്രശ്നങ്ങൾ അവസാനിപ്പിച്ചേ മനുഷ്യർ അനശ്വരതയെ അന്വേഷിക്കുകയുള്ളൂ. അനശ്വരതയെക്കാൾ പ്രാധാന്യം നശ്വരതയ്ക്ക് നൽകുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നതിന്റെ പിന്നിൽ വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷി എന്ന ശക്തിയാണ് പ്രവർത്തിക്കുന്നത്. ഇതാണ് വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷിയുടെ ഒന്നാമത്തെ തെളിവ്.

കുടുംബത്തിൽ പെട്ടെന്നുണ്ടായ പ്രശ്നവും അസുഖങ്ങളും സ്വന്തം ബോധമണ്ഡലത്തിൽ ഭ്രമം കൊണ്ട് സൃഷ്ടിക്കുന്ന സംഭവങ്ങളാണെന്ന് ബോദ്ധ്യപ്പെടണമെങ്കിൽ അൽപമെങ്കിലും ബോധശാസ്ത്രം പഠിച്ച് ബോധത്തെ ഉയർത്തണം. കുടുംബത്തിലെ പ്രശ്നവും അസുഖവും മാറുമ്പോഴേക്കും സത്യാന്വേഷണം മറന്നു പോകുകയും അവഗണിക്കുകയും ചെയ്യും. ഈ അവഗണനയും മറവിയുമാണ് വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷിയുടെ രണ്ടാമത്തെ തെളിവ്.

എന്റെ അടുക്കൽ വരുന്നവന് താമസവും ആഹാരവും സൗജന്യമാണ്, ആവശ്യപ്പെട്ടാൽ യാത്രക്കൂലിയും നൽകാൻ ഞാൻ തയ്യാറാണ്. അടുത്ത ആഴ്ച വരും, അടുത്ത മാസം വരും എന്ന് അഞ്ച് വർഷമായി പറഞ്ഞു കൊണ്ടിരിക്കുന്ന ഒരാളെ എനിക്കറിയാം. വികാരങ്ങളുടെ സ്വയംനിർണ്ണയ ശേഷിയുടെ മൂന്നാമത്തെ തെളിവാണിത്.

സ്വന്തം ഹൃദയത്തിൽ ഉറങ്ങിക്കിടക്കുന്ന ദൈവത്തെ ഉണർത്തുവാനും വേദനയും ദുഃഖവും മാത്രം നൽകുന്ന ജനന-മരണ ഭ്രമങ്ങളിൽ നിന്ന് ഉണർന്ന് മോക്ഷം നേടാനുമാണ് ഞാൻ ബോധശാസ്ത്രം രൂപപ്പെടുത്തിയത്. അതിൽ എന്തെങ്കിലും കാര്യമുണ്ടോ എന്ന് നോക്കാനും പഠിക്കാനുമാണ് ഞാൻ എല്ലാവരെയും ക്ഷണിക്കുന്നത്. സ്വന്തം ഭാര്യക്കും മക്കൾക്കും പോലും അത് മനസ്സിലാക്കാൻ കഴിയാത്ത വിധം മറയ്ക്കപ്പെട്ടെങ്കിൽ വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷിയുടെ ശക്തി അതീന്ദ്രിയ ശക്തിയെക്കാൾ വലുതല്ലെ?

അസാധാരണ ബുദ്ധിയും തിരിച്ചറിവും ഉള്ള എത്രയോ ചെറുപ്പക്കാർ വികാരങ്ങൾ കൊണ്ടുള്ള മതിഭ്രമങ്ങൾക്ക് വിധേയമായി മാനസിക രോഗാശുപത്രികളിൽ ഇപ്പോഴും കഴിയുന്നു. വികാരങ്ങളുടെ അസാധാരണമായ ശക്തി കൊണ്ടാണ് അവർക്ക് മതിഭ്രമാനുഭവം രോഗമായി മാറിയത്. ഏറ്റവും താഴ്ന്ന ബോധാവസ്ഥയിലാണ് മതിഭ്രമാനുഭവം രോഗമാകുന്നത്. അല്ലാതെ മസ്തിഷ്ക്കത്തെ കൂടുതലായി ഉപയോഗിച്ചതു കൊണ്ടല്ല. ഉയർന്ന ബോധത്തിൽ ആരുടെയും മനസ്സിന്റെ സമനില തെറ്റുകയില്ല. അതായത് ഉയർന്ന ബോധമുള്ള ഒരു സമൂഹത്തിൽ മാനസിക രോഗാശുപത്രികളും ആരാധനാലയങ്ങളും ഉണ്ടാവുകയില്ല.

**ബോധശാസ്ത്രത്തിന്റെ** സഹായത്തോടെ മതിഭ്രമാനുഭവങ്ങളിൽ നിന്ന് വളരെ എളുപ്പത്തിൽ പുറത്തു കടക്കാം. മരുന്നും ചികിത്സയും ഇല്ലാതെ മതിഭ്രമ രോഗാവസ്ഥയിൽ നിന്ന് ബോധശാസ്ത്രം ഉപയോഗിച്ച് രക്ഷപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

ഭൗതിക ശാസ്ത്രത്തിൽ അതിബുദ്ധിമാനായ ഒരുവന് മതിഭ്രമം രോഗമായി പിടിപെട്ടാൽ, വികാരങ്ങൾക്ക് ഭൗതിക ശാസ്ത്രത്തെക്കാൾ ശക്തി ഉണ്ട് എന്നല്ലെ അത് തെളിയിക്കുന്നത്. ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് ഒരു രീതിയിലും ശാസ്ത്രീയമായി പകർത്താനും അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ ഉപയോഗിച്ച് സത്യമെന്ന് ബോധ്യപ്പെടുത്താൻ കഴിയാത്തതുമായ അനുഭവത്തെയാണ് മതിഭ്രമാനുഭവം എന്ന് പറയുന്നത്. മതിഭ്രമം ശക്തമായ നെഗറ്റീവ് വികാരമാകുമ്പോൾ ഭ്രാന്തായി പോകുകയും ശക്തമായ പൊസിറ്റീവ് വികാരമാകുമ്പോൾ അത് അതീന്ദ്രിയ ശക്തിയായി വളർന്ന് ആൾദൈവങ്ങളെ (പ്രത്യേക അവതാരങ്ങളെ) സൃഷ്ടിക്കുകയും ചെയ്യുന്നു.

ഈശ്വരവാദവും നിരീശ്വരവാദവും ഈശ്വര അവഗണനയും മതി ഭ്രമ വികാരങ്ങളിൽ നിന്നാണ് ഉണ്ടാകുന്നത്.

മതിഭ്രമാനുഭവങ്ങൾ ഒരു പരിധി വിട്ടാൽ ദേവിയും, പുണ്യാളനും, പിശാചും, പ്രേതവും ഒക്കെ ദേഹത്ത് കൂടിയെന്ന് പ്രകടിപ്പിക്കും. അവയിൽ ദേവിയും പുണ്യാളനും കൂടിയവരെ സാധാരണ രീതിയിൽ മതിഭ്രമം ബാധിച്ച സാധാരണക്കാർ ആരാധിക്കും, സംഭാവനകളും നൽകും, ഇവരെയാണ് നാം ആൾദൈവങ്ങൾ എന്ന് വിളിക്കുന്നത്. എന്നാൽ പിശാചും പ്രേതവും ബാധിച്ചവരെ മാനസിക രോഗാശുപത്രിയിൽ പ്രവേശിപ്പിക്കും. അല്ലെങ്കിൽ മന്ത്രവാദികളുടെയൊ പുരോഹിതരുടെയൊ അടുക്കൽ കൊണ്ടുപോകും. ഇവയെല്ലാം വികാരങ്ങളുടെ സ്വയം നിർണ്ണയ ശക്തിക്ക് വ്യക്തമായ തെളിവുകളാണ്.

**98. ശി:-** ജീവനിൽ നിന്നും മുക്തിനേടിയ ശ്രീ ബുദ്ധനെപ്പോലെയുള്ള ഗുരുക്കന്മാർക്ക് അവരുടേതായ ചില മാർഗ്ഗങ്ങൾ അവർ രൂപപ്പെടുത്തിയിട്ടുണ്ടാകും. അതുപോലെ അങ്ങ് മുക്തി നേടാൻ അഥവാ ജാഗ്രത്തിൽ നിന്നുണരാൻ ഉപയോഗിച്ച മാർഗ്ഗം എന്തായിരുന്നു?

**മാസ്റ്റർ:-** ഭ്രമ-വിഭ്രമ-മതിഭ്രമവികാരങ്ങൾ നശ്വരതയെ നശ്വരമല്ല എന്ന് അനുഭവപ്പെടുത്തുന്നത് രണ്ട് കാരണങ്ങൾ കൊണ്ടാണെന്ന് ഞാൻ സൂക്ഷ്മമായ നിരീക്ഷണം കൊണ്ട് മനസ്സിലാക്കിയിരുന്നു.

1. സാഹചര്യങ്ങളെ സംഭവങ്ങളിലൂടെ സൃഷ്ടിച്ചും 2. മനസ്സിലും ദേഹത്തിലും പ്രോഗ്രാം ചെയ്തു വച്ചിരിക്കുകയും സ്വയം പ്രവർത്തിക്കുകയും ചെയ്യുന്ന വാസനാദോഷങ്ങളുടെ രാസാനുഭവങ്ങളും ആണ് നശ്വരതയെ നശ്വരമല്ല എന്ന് അനുഭവപ്പെടുത്തുന്നത്. ഇവയിൽ ആദ്യത്തേത് ഇല്ലാതാക്കാനാണ് ഞാൻ ശ്രമിച്ചത്. അതിനായി രാപകൽ അദ്ധ്വാനിച്ച് കർമ്മങ്ങൾ ചെയ്തില്ലെങ്കിലും മരണംവരെ ജീവിക്കാനാവശ്യമായ പണം സമ്പാദിക്കുകയും ആ സമ്പാദ്യം കൊണ്ട് നിലനിൽപ്പിന്റെ മിനിമം ആഗ്രഹങ്ങളിൽ ജീവിക്കാൻ പരിശീലിക്കുകയും ചെയ്തു.

അനേക വർഷങ്ങളുടെ പരിശീലനം കൊണ്ടാണ് അത് സാധിച്ചത്. ഈ കാലയളവിനുള്ളിൽ എന്റെ രണ്ട് കുട്ടികളെയും ഭാര്യയെയും സ്വയം പര്യാപ്തതയിൽ ജീവിക്കാൻ ആവശ്യമായ അവസ്ഥയിൽ എത്തിക്കുകയും ചെയ്തു. വിവാഹം കഴിച്ച് കുട്ടികളുള്ള ഒരു അച്ഛനെ സംബന്ധിച്ച് ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് ഉണരാൻ അത്രയ്ക്ക് എളുപ്പമല്ല എന്നാണ് എന്റെ ജീവിതം കൊണ്ട് മനസ്സിലാക്കിയത്.

സത്യം അന്വേഷിക്കുന്നവൻ വിവാഹബന്ധങ്ങളിൽ ഏർപ്പെടുന്നതും വിവാഹബന്ധത്തിൽ ഏർപ്പെട്ടവൻ സത്യം അന്വേഷിക്കുന്നതും അഭി കാമ്യമല്ല.

ബന്ധിത കർമ്മങ്ങളിൽ നിന്ന് സ്വതന്ത്ര കർമ്മത്തിൽ എത്തിയ തോടെ വിഭ്രമ-മതിഭ്രമ വികാരങ്ങൾക്ക് എന്റെ ബോധം സാക്ഷിയായി മാറി. അതിനുള്ള പരിശീലനവും ഈ കാലയളവിൽ ഞാൻ നടത്തിയി രുന്നു. മനസ്സിൽ തനിയെ ഉയർന്നു താഴുന്ന വികാരങ്ങളെ സൂക്ഷ്മത യോടെ നിരീക്ഷിച്ചു കൊണ്ടായിരുന്നു അത്. ആ നിരീക്ഷണം വികാര ങ്ങളെ നിഷ്പ്രഭമാക്കി. അങ്ങിനെ എന്റെ വ്യക്തിബോധം വ്യക്തിത്വ അഹ കാരത്തിന്റെ മറ നീക്കി ശുദ്ധബോധമായി പുറത്തുവരികയും വ്യക്തിത്വം ഇല്ലാത്ത ശുദ്ധമായ ബോധം എന്തെന്ന് അനുഭവമാകുകയും ചെയ്തു.

ബോധം സാവധാനം എന്നിൽ ഉയരുന്നതായി ഞാൻ മനസ്സിലാ ക്കി. എന്റെ കൂടെയുള്ളവർ ചിന്തിക്കുകയും അനുഭവിക്കുകയും ചെയ്യു ന്നതിൽ നിന്ന് വളരെ വ്യത്യസ്തമായ ചിന്തകളും വേറിട്ട അനുഭവ ങ്ങളും തനിയെ ഉണ്ടാകുകയും ചെയ്തു.

ആത്മ സാക്ഷാത്ക്കാരത്തിനും ബോധോദയത്തിനും ആത്മീയ സാധനകളും സേവനങ്ങളും സ്നേഹവും ജ്ഞാനവും ഒന്നുമല്ല ആവശ്യം, നശ്വരതയെ നശ്വരതയെന്ന് അനുഭവിക്കാനുള്ള സാഹചര്യമാണ് വേണ്ടത്.

നിലനിൽപ്പിന്റെയും, ഒരിക്കലും പൂർത്തീകരിക്കാനാവാത്ത മോഹ ങ്ങളുടെയും ആഗ്രഹങ്ങളാണ് നമ്മെ മരണംവരെ കർമ്മ പ്രാരബ്ധ ങ്ങളിൽ നിലനിർത്തുന്നത്. ഈ കർമ്മ പ്രാരബ്ധങ്ങളാണ് നശ്വരതയെ മറന്ന് നശ്വരമായ വസ്തുക്കളും ബന്ധങ്ങളും യാഥാർത്ഥ്യമാണെന്ന് അനുഭവപ്പെടുത്തുന്നത്.

അനേകം തലമുറകൾക്ക് നിലനിൽക്കാനാവശ്യമായ ധനമുള്ള സമ്പ ന്നർ നമ്മുടെ സമൂഹത്തിലുണ്ട് എന്നാൽ ജീവിക്കാൻ ഇത്രയ്ക്ക് ധനം മതി എന്ന് ചിന്തിക്കാൻ കഴിവുള്ള ഒരാളും അതിലില്ല. അങ്ങിനെ ചിന്തി ക്കുന്നു എന്ന് അഭിനയിക്കുന്നവർ ധാരാളം പേർ ഉണ്ട്.

ശ്രീ ബുദ്ധനെപ്പോലെ ഭിക്ഷാപാത്രമെടുത്ത് കർമ്മ പ്രാരബ്ധങ്ങ ളിൽ നിന്ന് സ്വതന്ത്രമാകാനും വ്യക്തിത്വത്തെ അതുമൂലം ഇല്ലാതാ ക്കാനും ആധുനിക മനുഷ്യന് സാദ്ധ്യമല്ല. കാരണം രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പുള്ള സാഹചര്യമല്ല ഇന്നുള്ളത്. ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു.

നിലനിൽപ്പിന്റെ അത്യാവശ്യ വസ്തുക്കളായ വെള്ളവും മണ്ണും പോലും ഏറ്റവും വിലയുള്ളതായി മാറിയിരിക്കുന്നു. അതിനാൽ അന്തി ഉറങ്ങാൻ അൽപ്പം മണ്ണും സ്വതന്ത്രകർമ്മത്തിൽ ജീവിക്കാൻ ആവശ്യ മായ അൽപ്പം പണവും മിച്ചമുള്ളവന് നശ്വരതയെ നശ്വരതയെന്ന് അനു ഭവിക്കാൻ കഴിയുന്ന ബോധതലത്തിലേക്ക് സാക്ഷിത്വത്തിലൂടെ ഉയ രാൻ എളുപ്പമാണ്. അത് തന്നെയാണ് ആധുനിക മനുഷ്യന്റെ മുന്നി ലുള്ള ഒരേഒരു വഴിയും. അല്ലാത്തവരെ സംബന്ധിച്ച് നശ്വരത വെറും അറിവായിരിക്കുകയും നശ്വരതയിലെ ജനന-മരണ പ്രതിഭാസങ്ങളും അതിനിടയിലെ ജീവിതവും കണ്ട് ദുഃഖിച്ചും കരഞ്ഞും ഭ്രാന്ത് പിടിച്ചും ജാഗ്രത്തിൽ നിന്ന് ഒരിക്കലും ഉണരാതെ എന്നും ദേഹം സ്വീകരിച്ച് ഭ്രമിച്ചു കൊണ്ടിരിക്കും.

മനസ്സിലും ശരീരത്തിലും സാഹചര്യങ്ങൾ കൊണ്ടും തനിയെയും ഉയർന്നു താഴുന്ന വികാരങ്ങളുടെ രാസ യാഥാർത്ഥ്യങ്ങളെ നശ്വരത യുടെ അറിവു കൊണ്ട് സാക്ഷിയായി, ജാഗ്രത് എന്ന ബോധതലത്തിൽ നിന്നും തുരീയമെന്ന ബോധതലത്തിലേക്കുണരാനുള്ള സാഹചര്യങ്ങളെ ഏതൊരു സാധാരണക്കാരനും ഏങ്ങിനെ സൃഷ്ടിക്കാമെന്നാണ് ബോധ ശാസ്ത്രം പഠിപ്പിക്കുന്നത്.

ഞാൻ സഞ്ചരിച്ചതും ഇപ്പോഴും സഞ്ചരിച്ചു കൊണ്ടിരിക്കുന്നതു മായ മാർഗ്ഗമാണത്. ഇത് ആധുനിക ബുദ്ധന്റെ മാർഗ്ഗമായി മാറണം. അപ്പോൾ ഇന്നുള്ള മതിഭ്രമാനുഭവങ്ങളുടെ ആത്മീയത അപ്രത്യക്ഷമായി നിസ്സംഗതയുടെയും നശ്വരതാബോധത്തിന്റെയും യഥാർത്ഥ ആത്മീയ അനുഭവം എന്തെന്ന് എല്ലാവർക്കും ബോദ്ധ്യമാകും.

*“ ബോധം എന്താണെന്നോ അതിനെ എങ്ങിനെ ഉയർത്താ മെന്നോ നിങ്ങൾ എന്നോട് ചോദിക്കരുത്. കാരണം അതിന് ഉത്തരം നൽകാൻ ശ്രമിക്കുന്നവനെ എല്ലാവരും വെറുക്കുകയും അവഗണി ക്കുകയും ശത്രുവായി കാണുകയും ചെയ്യുന്നു. ഇത് ബോധപൂർവ്വം നടക്കുന്ന ഒരു പ്രതിഭാസമല്ല. ജീവനും ജീവിതാനുഭവങ്ങളും സത്യ മെന്ന് വിശ്വസിക്കുന്നവനിൽ താഴ്ന്ന ബോധം കൊണ്ട് ഉണ്ടാകുന്ന പ്രത്യേകതയാണ് അത്. ജീവനെയും പ്രപഞ്ചത്തെയും സങ്കൽപ്പങ്ങൾ കൊണ്ട് സൃഷ്ടിച്ചവന്റെ അധഃപതനമാണ് ഇത്. ഇതിൽ നിന്ന് ഉണ രുക എളുപ്പമല്ല ”.*

### അദ്ധ്യായം പത്തൊമ്പത്

## തുരീയത്തിലേക്കുള്ള എളുപ്പ വഴി

**99. ശി:-** ജാഗ്രത്തിൽ നിന്നും തുരീയത്തിലേക്ക് അഥവാ മോക്ഷത്തിലേക്ക് ഉണരാനുള്ള ഏറ്റവും എളുപ്പമാർഗ്ഗം പറയാമോ? അങ്ങിനെ ഉണരാൻ മിസ്റ്റിക് ഊർജ്ജം ആവശ്യമാണെന്ന് പറയുന്നു. മിസ്റ്റിക് ഊർജ്ജം എന്നാൽ നിഗൂഢ ഊർജ്ജമാണ്. ഈ നിഗൂഢ ഊർജ്ജമാണ് കുണ്ഡലിനി ശക്തിയെയും അതീന്ദ്രിയ ശക്തികളെയും സൃഷ്ടിക്കുന്നത് എന്നല്ലെ അങ്ങ് പറയുന്നത്. ഇത് വൈരുദ്ധ്യമല്ലെ?

**മാസ്റ്റർ:-** സ്വന്തവും ബന്ധവും അന്യവുമായവർ എന്തു പ്രകോപനങ്ങളും പ്രലോഭനങ്ങളും നൽകിയാലും അതിനോട് മനസ്സുകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ പ്രതികരിക്കാതിരിക്കുന്നതാണ് മോക്ഷത്തിലേക്കുള്ള അഥവാ ജാഗ്രത് എന്ന താഴ്ന്ന ബോധാവസ്ഥയിൽ നിന്ന് തുരീയമെന്ന ഉയർന്ന ബോധതലത്തിലേക്ക് ഉയരാനുള്ള ഏറ്റവും എളുപ്പവഴി. ഇതിൽ എല്ലാം അടങ്ങിയിരിക്കുന്നു. ഇതാണ് ഏറ്റവും പൂർണ്ണവും കുലീനവുമായ മാർഗ്ഗം (Noble Path). ഈ മാർഗ്ഗം മറന്നു പോകുന്നതു കൊണ്ടാണ് ജാഗ്രത് യാഥാർത്ഥ്യമായി അനുഭവപ്പെടുന്നത്. ഇത് ഓരോ നിമിഷവും ഓർത്തു കൊണ്ടിരിക്കുന്നവനാണ് തുരീയമെന്ന മോക്ഷാവസ്ഥയിൽ ജീവിക്കുന്ന ജീവൻമുക്തൻ.

പ്രതികരിക്കാത്ത മനസ്സ് സാവധാനം നിസ്സംഗതയിലേക്ക് പരിണമിക്കുന്നു. നിസ്സംഗതയിലേക്ക് പരിണമിക്കുന്ന മനസ്സ് താനൊഴിച്ച് സ്വന്തം ദേഹം ഉൾപ്പെടെ മറ്റുള്ളവയെല്ലാം നശ്വരമെന്ന് അനുഭവിക്കുന്നു. ഈ അനുഭവത്തെയാണ് മോക്ഷം അഥവാ അദ്വൈതാനുഭവം അഥവാ നിർവ്വാണ അഥവാ നിത്യജീവൻ അഥവാ ജീവനിൽ നിന്നുള്ള എന്നെന്നേക്കുമുള്ള മുക്തി എന്ന് പറയുന്നത്. പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാത്ത ഏത് സാധാരണക്കാരനും മനസ്സുവച്ചാൽ ഓർക്കാൻ കഴിയുന്ന സത്യമാണിത്.

സ്വപ്നത്തിലും നിദ്രയിലും ശേഖരിക്കപ്പെടുന്നതും ജാഗ്രത്തിലേക്ക് ഉണരാൻ സഹായിക്കുന്നതും പിന്നീട് ജാഗ്രത്തിൽ നിന്ന് തുരീയത്തിലേക്ക് ഉണർത്തുന്നതുമായ മിസ്റ്റിക് ഊർജ്ജത്തെ പൊസിറ്റീവ് മിസ്റ്റിക് ഊർജ്ജം എന്നു പറയുന്നു. അതിനെ നെഗറ്റീവായി മാറ്റുമ്പോഴാണ് കുണ്ഢലിനി ശക്തിയും അതീന്ദ്രിയ ശക്തിയും വികാരങ്ങളുടെ സ്വയം നിർണ്ണയ ശക്തിയും ഒക്കെയായി മാറുന്നത്.

മേൽപ്പറഞ്ഞ രണ്ട് മിസ്റ്റിക് ഊർജ്ജങ്ങളും യഥാർത്ഥത്തിൽ ഉള്ളവയല്ല. അനുഭവങ്ങൾ കൊണ്ടുണ്ടാകുന്ന തോന്നലുകൾ മാത്രമാണവ. ബോധത്തിന്റെ സങ്കൽപത്തിൽ നിന്നാണ് ഇവ വരുന്നത്. ദേഹം നില

നിൽക്കുന്നിടത്തോളമേ ഇവയ്ക്കു പ്രസക്തിയുള്ളു. തന്നിൽ ഏതു തരം മിസ്റ്റിക് ഊർജ്ജമാണോ പ്രവർത്തിക്കുന്നത് എന്ന് അറിയുന്നത് ഒരുവൻ അനുഭവിക്കുന്ന പരമാനന്ദ സുഖത്തെ ആധാരമാക്കിയാണ്. ഒരുവൻ തന്റെ സങ്കൽപ്പങ്ങൾ കൊണ്ട് നൈമിഷിക സന്തോഷവും സുഖവും നിരന്തരമായ ദുഃഖവും വേദനയുമാണ് അനുഭവിക്കുന്നതെങ്കിൽ അയാൾ മിസ്റ്റിക് ഊർജ്ജത്തെ നെഗറ്റീവായി മാറ്റുന്നു എന്നാണ് അർത്ഥം. എന്നാൽ ബോധവും ദേഹവും രണ്ടാണെന്ന അദ്വൈതാനുഭവത്തിൽ നിലനിൽക്കുകയും 24-മണിക്കൂറും നീണ്ടു നിൽക്കുന്ന സന്തോഷവും സുഖവും സമാധാനവും അനുഭവപ്പെടുന്നുവെങ്കിൽ അയാൾ മിസ്റ്റിക് ഊർജ്ജത്തെ പൊസിറ്റീവായി നിലനിർത്തുന്നു എന്നർത്ഥം.

എല്ലാ മനുഷ്യരിലും ഒരുപോലെ അറിവ് അനുഭവമായി മാറുന്നത് കാണാറില്ല. സ്വാർത്ഥതയെയും നശ്വരതയെയും തിരിച്ചറിയാനുള്ള അറിവ് എല്ലാവർക്കും ഉണ്ടെങ്കിലും അത് പ്രായോഗികമാക്കാൻ കഴിവുള്ളവരെ തീരെ കാണുന്നില്ല. ജ്ഞാനികളും ആൾ ദൈവങ്ങളും പോലും അവ അനുഭവമാക്കാൻ ശ്രമിക്കുന്നില്ല എന്ന് കാണാം. അതുകൊണ്ടാണ് മിസ്റ്റിക് ഊർജ്ജം പൊസിറ്റീവും നെഗറ്റീവും ഉണ്ടെന്ന് പറയേണ്ടി വന്നത്. ലോകത്തിന്റെ ഇന്നത്തെ ആത്മീയത പരിശോധിച്ചാൽ അന്ധവിശ്വാസങ്ങളെയും ദുരാചാരങ്ങളെയും ക്രൂരതയെയും വർദ്ധിപ്പിക്കുന്ന ഒരു നെഗറ്റീവ് മിസ്റ്റിക് ഊർജ്ജം വളർന്നു കൊണ്ടിരിക്കുന്നതായാണ് മനസ്സിലാകുന്നത്.

എന്നും രാത്രിയാകുമ്പോൾ നമ്മുടെ മിസ്റ്റിക് ഊർജ്ജം വല്ലാതെ നെഗറ്റീവായി മാറുന്നു. അതുകൊണ്ടാണ് പകൽ അനുഭവപ്പെടുന്നതിനേക്കാൾ കൂടുതൽ ഭയം രാത്രി അനുഭവപ്പെടുന്നത്. തനിയെയും സാഹചര്യങ്ങൾ കൊണ്ടും പ്രവർത്തിക്കുന്ന വികാരാനുഭവങ്ങളാണ് ഈ ഊർജ്ജത്തെ കൂടുതൽ നെഗറ്റീവ് ആക്കുന്നത്. ഉറക്കത്തിൽ അത് തനിയെ വർദ്ധിക്കുകയും പൂജ്യത്തിൽ എത്തുകയും അതോടെ നാം തനിയെ ഉണരുകയും ഇത് മരണംവരെ ആവർത്തിക്കുകയും ചെയ്യുന്നു. സ്വാർത്ഥതയ്ക്കും വികാരങ്ങൾക്കും സാക്ഷിയായാൽ ഈ ഊർജ്ജം പൂജ്യത്തിൽ നിന്നും പൊസിറ്റീവായി ഉയരുന്നു. ഇങ്ങനെ ഉയരുന്ന മിസ്റ്റിക് ഊർജ്ജം കൊണ്ടാണ് ജാഗ്രത്തിൽ നിന്നും തനിയെ ഉണരാൻ കഴിയുന്നത്. മറ്റ് ജീവജാലങ്ങൾക്ക് ഇത്തരം ഒരു ഊർജ്ജം ഉള്ളതായി കാണുന്നില്ല. 'ഞാൻ' എന്നും 'എന്റേത് 'എന്നും നമ്മെ കൊണ്ട് പറയിപ്പിക്കുന്ന ശക്തിയുടെ ഉറവിടമാണ് ഈ ഊർജ്ജം. കൂടുതലായ നെഗറ്റീവ് ഊർജ്ജം കൊണ്ട് മറ്റുള്ളവരെ ഭ്രമിപ്പിക്കുവാൻ കഴിവുള്ളവരെ ജ്ഞാനികൾ എന്നും ആൾദൈവങ്ങൾ എന്നും പൊസിറ്റീവ് മിസ്റ്റിക് ഊർജ്ജം ഉള്ളവരെ ബുദ്ധന്മാർ എന്നും വിളിക്കുന്നു. ഭ്രമം ഇല്ലാത്ത ബുദ്ധൻ ആരെയും ഭ്രമിപ്പിക്കുകയില്ല എന്ന് മാത്രമല്ല വസ്തുനിഷ്ഠത കൊണ്ട് യാഥാർത്ഥ്യത്തെ കൂടുതൽ ശക്തിയായി ബോദ്ധ്യപ്പെടുത്തുകയും ചെയ്യും. ശ്രീ ബുദ്ധൻ അതിന്റെ ഏറ്റവും

വലിയ ഉദാഹരണമാണ്. സ്വന്തം മകനെ നഷ്ടപ്പെട്ട അമ്മയുടെ ദുഃഖം മാറ്റാൻ, മരിച്ച മകനെ ഉയർപ്പിക്കാം എന്നല്ല അദ്ദേഹം പറഞ്ഞത്, മറിച്ച് മരണം എന്ന യാഥാർത്ഥ്യത്തെ ആ അമ്മയെ വസ്തുനിഷ്ഠത കൊണ്ട് ബോദ്ധ്യപ്പെടുത്തുകയാണ് ചെയ്തത്.

**100. ശിഃ**-എന്തുകൊണ്ടാണ് മനുഷ്യർക്ക് അപ്രതീക്ഷിതമായ ദുരന്തങ്ങളും മാരകമായ രോഗങ്ങളും ഉണ്ടാകുന്നത് ? നന്മകൾ ചെയ്യുന്ന മഹാത്മാവിന് കഠിനമായ വേദനകളും തിന്മകൾ ചെയ്യുന്ന ദുഷ്ടന് സുഖവും സമ്പന്നതയും ഉണ്ടാകുന്നതായി കാണാറുണ്ട്. എന്തുകൊണ്ടാണ് അങ്ങിനെ സംഭവിക്കുന്നത്?

**മാസ്റ്റർഃ-** താഴ്ന്ന ബോധത്തിൽ നാം തിന്മകൾ ചെയ്യുന്നത് മിക്കവാറും മറന്നു പോകുന്നു. ചില തിന്മകളെ നന്മകളായി ന്യായീകരിക്കുകയും ചെയ്യുന്നു. ഭ്രമം കൊണ്ട് തിന്മ ചെയ്യുമ്പോൾ അതിന്റെ ഫലം തിന്മയായി അനുഭവിക്കുന്നു എന്ന് ഭ്രമിക്കും. അതാണതിന്റെ നിയമം. അതുകൊണ്ടാണ് അപ്രതീക്ഷിതമായ ദുരന്തങ്ങളും മാരകമായ രോഗങ്ങളും ഉണ്ടാകുന്നത്. തിന്മകൾ നാം മറ്റുള്ളവരോട് മാത്രമല്ല ചെയ്യുന്നത്. സ്വന്തം ദേഹത്തോട് പോലും നാം അത് ചെയ്യാറുണ്ട്. അതാണ് രോഗങ്ങളായി മാറുന്നത്. അതുകൊണ്ടു തന്നെയാണ് രോഗങ്ങളുടെ ഉറവിടം പലപ്പോഴും കണ്ടെത്താൻ കഴിയാതെ പോകുന്നതും.

വളരെ ബുദ്ധി കൂടിയവരും ജ്ഞാനികളും ആൾദൈവങ്ങളും തിന്മയെ സൂത്രം കൊണ്ട് നന്മയാണെന്ന് ബോധിപ്പിക്കാൻ കഴിവുള്ളവരാണ്. അത്തരം ആൾദൈവങ്ങളും മഹാത്മാക്കളും ആണ് ക്രൂശിക്കപ്പെടുന്നതും ദുരന്തങ്ങൾ ഏറ്റുവാങ്ങുന്നതും.

നന്മയും തിന്മയും ബോധത്തിലെ സങ്കൽപ്പങ്ങളാണ്. എങ്കിലും അവ നശ്വരതയിലെ തീവ്രമായ അനുഭവങ്ങളായതിനാൽ അവയ്ക്ക് പ്രതിപ്രവർത്തനങ്ങൾ ഉണ്ടാകുന്നു എന്ന് ഭ്രമിക്കും. ഈ പ്രതിപ്രവർത്തനത്തെയാണ് കർമ്മ ഫലങ്ങൾ എന്ന് വേദാന്തങ്ങൾ വിളിച്ചത്. താഴ്ന്ന ബോധത്തിൽ ഇവയെല്ലാം സത്യങ്ങളും അനുഭവങ്ങളുമാണ്. ബോധം ഉയർന്നവൻ നന്മ-തിന്മകൾക്കും അവയുടെ പ്രതിപ്രവർത്തനങ്ങൾക്കും അതീതനായി മാറുന്നു. ഒന്നിനോടും പ്രതികരിക്കാത്ത നിസ്സംഗനെ നന്മ -തിന്മകളൊ കർമ്മ ഫലങ്ങളൊ ബാധിക്കുകയില്ല. അത് ഉയർന്ന ബോധത്തിന്റെ സ്വാഭാവികതയാണ്.

**101 .ശിഃ-** മൂന്ന് ബോധതലങ്ങളിൽക്കൂടി (ജാഗ്രത്,സ്വപ്നം,സുഷുപ്തി) നാം എല്ലാ ദിവസവും കടന്നു പോകുന്നുണ്ട്. എന്നാൽ ഒന്നാമത്തെ ബോധതലം അങ്ങയെപ്പോലുള്ള മിസ്റ്റിക്കുകൾക്കേ അനുഭവമാകുകയുള്ളു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എങ്കിലും സാധാരണക്കാർക്ക് അവരുടെ താഴ്ന്ന ബോധതലത്തിൽ നിന്നു കൊണ്ട് ഏതെങ്കിലും മാർഗ്ഗത്തിൽ ഉയർന്ന ബോധതലം എന്തെന്ന് അറിയാൻ വഴിയുണ്ടോ?

**മാസ്റ്റർഃ-** യഥാർത്ഥത്തിൽ നാല് ബോധതലങ്ങൾ ഇല്ല. ഒന്നാമത്തെ ബോധതലം അഥവാ ദൈവം മാത്രമെ ഉള്ളു. ദൈവം സങ്കൽപ്പങ്ങൾ

കൊണ്ട് ഭ്രമിക്കുമ്പോഴാണ് ബാക്കി മൂന്ന് ബോധതലങ്ങൾ ഉണ്ടാകുന്നുവെന്ന് ദൈവത്തിനു തന്നെ തോന്നുന്നത്. ഭ്രമം പോയാൽ ബാക്കി മൂന്ന് ബോധതലങ്ങളും ഇല്ലാത്തത് എന്ന് മനസ്സിലാകും. സ്വപ്നവും സുഷുപ്തിയും ജാഗ്രത്തിനെ നിലനിർത്തുന്ന ബോധതലങ്ങളാണ് എന്ന് ഞാൻ ഇതിനു മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. ദേഹം പരിണാമ സ്വഭാവമുള്ള പദാർത്ഥവും ജീവനും കൊണ്ട് നിർമ്മിച്ചിരിക്കുന്നതിനാൽ ജീവന്മുക്തന് ഭ്രമം ഇല്ലാതാകാൻ ദേഹത്തിന്റെ മരണംവരെ കാത്തു നിൽക്കേണ്ടി വരുന്നു.

'ഞാൻ' എന്നും 'എന്റേത്' എന്നും പറയുന്നത് ദേഹമല്ല. ദേഹമായിരുന്നുവെങ്കിൽ എല്ലാ ജീവികളും 'ഞാൻ'എന്നും 'എന്റേത്' എന്നും പറയുകയും മനുഷ്യർ ചെയ്യുന്നതെല്ലാം അവർ ചെയ്യുകയും ചെയ്യുമായിരുന്നു. അതായത് ആരാണോ? എന്താണോ? ഒരു മനുഷ്യനെ കൊണ്ട് 'ഞാൻ' എന്നും 'എന്റേത്' എന്നും പറയിപ്പിക്കുന്നത്, അതിനെയാണ് ദൈവം എന്ന് ബോധശാസ്ത്രം പറയുന്നത്. എന്നാൽ ഒരു മനുഷ്യനും താൻ ദൈവമാണെന്ന് ചിന്തിക്കുവാനും അനുഭവിക്കുവാനും കഴിയുന്നില്ല എന്ന് കാണാം. കാരണം ദൈവം എന്ന മഹാബോധം ഒരു ദേഹത്തിന്റെ ബുദ്ധിയോളം ചുരുങ്ങിപ്പോയി. അങ്ങിനെ ചുരുങ്ങിയ ബോധമാണ് ഭ്രമിക്കുന്നത്. അതിനാൽ ഒരു ദേഹത്തിന്റെ അഞ്ച് ജ്ഞാനേന്ദ്രിയങ്ങളിലൂടെ തന്റെ സങ്കൽപ്പസൃഷ്ടിയെ 'നോക്കിയപ്പോൾ' അത് ഭീമാകാരമായ പ്രപഞ്ചവും അതിലെ സൃഷ്ടികളും തന്റെ സങ്കൽപ്പമാകാൻ ഒരു സാദ്ധ്യതയും ഇല്ല എന്ന് മനസ്സിലാക്കുകയും അങ്ങിനെ മനസ്സിലാക്കാൻ ഉപയോഗിച്ച ഉപകരണത്തെ (ദേഹവും,ബുദ്ധിയും) 'ഞാൻ' എന്ന് തെറ്റിദ്ധരിക്കുകയും ചെയ്തു. പരിമിതികൾ ഉള്ള ദേഹത്തിൽ താനും പരിമിതികൾ അനുഭവിക്കുന്നു എന്ന് അറിഞ്ഞതോടെ സ്വാർത്ഥനായി മാറുകയും; തനിക്ക് 'നഷ്ടപ്പെട്ടതെല്ലാം' ഭൗതിക വസ്തുക്കളിലൂടെയും ഊർജ്ജത്തിലൂടെയും നേടാൻ ശ്രമിക്കുകയും ചെയ്യുന്നു.

രാവിലെ എഴുന്നേൽക്കുമ്പോൾ ബോധം ഇല്ലെങ്കിൽ ഒരാൾക്കും 'ഞാൻ' എന്നും 'എന്റേത്' എന്നും പറയാൻ കഴിയുകയില്ല, എന്നു കരുതി ജീവൻ നഷ്ടപ്പെടണമെന്ന് നിർബന്ധമില്ല. അത്തരക്കാരെയാണ് ഭ്രാന്തൻ എന്നും കോമാ അവസ്ഥയിൽ ഉള്ളവനെന്നും വിളിക്കുന്നത്. അതായത് തുരീയം എന്ന ബോധം ദേഹത്തോട് ബന്ധപ്പെടാതെ ആർക്കും 'ഞാൻ' എന്നും 'എന്റേതെന്നും' പറയുക സാദ്ധ്യമല്ല. അതായത് നാം എല്ലാം എന്നും തുരീയം എന്ന ബോധതലത്തിലാണ് ദേഹത്തിൽ ഉണരുന്നത്. അത് അറിയുന്നവനെയും അനുഭവിക്കുന്നവനെയും യഥാർത്ഥ മിസ്റ്റിക് അഥവാ ജീവന്മുക്തൻ എന്നും അത് അറിയാത്തവരെ സാധാരണ മനുഷ്യർ എന്നും വിളിക്കുന്നത്.

**102. ശിഷ്യൻ:-** പ്രപഞ്ചവും ജീവനും ജീവിതവും മായയാണെന്ന് വേദാന്തികളും; ഇപ്പോൾ ആധുനിക ശാസ്ത്രജ്ഞരും തെളിയിച്ചിരിക്കുന്നു. അതു തന്നെയാണോ ബോധശാസ്ത്രവും പറയുന്നത്?

**മാസ്റ്റർ:-** പതിനായിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ വേദാന്തങ്ങൾ മായയെ സംശയ രഹിതമായി തെളിയിച്ചിട്ടുണ്ട്. ഇപ്പോൾ ആധുനിക ഭൗതികശാസ്ത്രജ്ഞരും അത് ശരിവയ്ക്കുന്നു. എന്നാൽ ബോധശാസ്ത്രം ഇതിൽ നിന്നും വളരെ വ്യത്യസ്തമാണ്. ബോധശാസ്ത്രത്തിൽ അനുഭവങ്ങളെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. അവയിൽ മാനസിക ദുഃഖങ്ങൾ നൽകുന്ന വിഭ്രമ മതിഭ്രമ അനുഭവങ്ങൾ മായയാണെന്ന് സമ്മതിക്കാം. എന്നാൽ ഭ്രമാനുഭവം മായയാണെന്ന് തെളിയിക്കാൻ ആധുനിക ഭൗതിക ശാസ്ത്രത്തിന് സിദ്ധാന്തങ്ങളും തെളിവുകളും കൊണ്ട് കഴിഞ്ഞാലും അനുഭവത്തിന്റെ തീവ്രതയുടെ അടിസ്ഥാനത്തിൽ അത് മായയാണെന്ന് അനുഭവപ്പെടുത്താൻ സാദ്ധ്യമല്ല.

ഭ്രമം എന്ന വാക്കിന്റെ അർത്ഥം തന്നെ ഇല്ലാത്തത് ഉണ്ട് എന്ന തോന്നൽ എന്നാണ്. അപ്പോൾ ബോധശാസ്ത്രത്തിലുംപ്രപഞ്ചവും ജീവനും ജീവിതവും മായ തന്നെയാണ്. എന്നാൽ മനുഷ്യദേഹമെന്ന പദാർത്ഥത്തിലൂടെ ബോധം അനുഭവിക്കുന്ന വേദന-ദുഃഖം എന്നീ രണ്ട് അനുഭവങ്ങൾ മായയെന്ന് തെളിയിക്കാൻ കഴിയില്ല. അങ്ങിനെ തെളിയിക്കണമെങ്കിൽ ഒരു വ്യക്തിയെ കോമ അവസ്ഥയിൽ ആക്കേണ്ടി വരും. നിരീക്ഷകനായി നിലനിർത്തിക്കൊണ്ട് അത് സാദ്ധ്യമല്ല. അതിനാൽ ബോധശാസ്ത്രത്തിൽ വേദനയും സുഖവും മായയല്ല. ആപേക്ഷിക അനുഭവങ്ങളിലെ ഏറ്റവും ശക്തിയേറിയ വാസ്തവമാണത്. മയക്കുമരുന്നുകൾ ഉപയോഗിക്കാതെ വേദനകളെ പൂർണ്ണമായി ഇല്ലാതാക്കി സുഖം മാത്രം നൽകാനുള്ള ശാസ്ത്രീയ കണ്ടെത്തലുകളും ജ്ഞാനവും ധ്യാനവും സാധനാരീതികളും ഇവരെല്ലാം കണ്ടുപിടിച്ചിരുന്നുവെങ്കിൽ മായാവാദത്തിന് അർത്ഥം ഉണ്ടാകുമായിരുന്നു.

ആധുനിക ഭൗതിക ശാസ്ത്രജ്ഞരോ വേദാന്തികളോ ആൾദൈവങ്ങളോ ശാരീരിക വേദന എന്ന അനുഭവത്തെ തീരെ സ്പർശിക്കുന്നില്ല എന്ന് കാണാം. കാരണം വേദനയിലാണ് കേവല യാഥാർത്ഥ്യത്തെ ഒളിപ്പിച്ചു വച്ചിരിക്കുന്നത്. വേദനയുടെ ഉറവിടം, അതിന്റെ വ്യാപനം, പ്രവർത്തനം, ആവർ ത്തന സ്വഭാവം ഇവയെല്ലാം പഠന വിഷയമാക്കണം. എത്രയോ ആയിരം വർഷങ്ങളായി മനുഷ്യർ ഭൂമിയിൽ വന്നിട്ട്. ബുദ്ധിയുള്ള എത്രയോ തലമുറകൾ കടന്നു പോയി, എന്നിട്ടും ആരും ശാരീരിക വേദനയെക്കുറിച്ച് മാത്രം പഠിച്ചില്ല. വേദനയെ താൽക്കാലികമായി പരിഹരിക്കുന്ന രാസവസ്തുക്കൾ പല രീതിയിൽ എല്ലാ കാലത്തും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്,ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ വേദനയുടെ ഉറവിടം മാത്രം ആരും അന്വേഷിച്ചില്ല.

വേദന മായയല്ല. അതുകൊണ്ടാണ് മായാവാദം മനുഷ്യരിൽ ഇന്നും വെറും സിദ്ധാന്തമായി നിലനിൽക്കുന്നത്. അത് പ്രത്യേകിച്ച് ഒരു ഗുണവും മനുഷ്യന് ചെയ്തിട്ടില്ല. അതുപോലെ തന്നെ ഈ ചോദ്യങ്ങൾ ചോദിക്കുന്ന " ഞാൻ" ആരെന്നും അന്വേഷിച്ചിട്ടും കാര്യമില്ല. സ്പർശ ജ്ഞാനേന്ദ്രിയമായ മാംസം മുഴുവനും വേദനയുടെയും സുഖ

ത്തിന്റെയും മാദ്ധ്യമമാണ്. അവയിൽ വേദനയുടെ ഉറവിടം അന്വേഷിക്കുകയും സുഖത്തെ നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുക. ബോധോദയം ലഭിച്ച ബുദ്ധൻ ഇത് മാത്രമാണ് ചെയ്യുന്നത്. അല്ലെങ്കിൽ ഈ അന്വേഷണം മാത്രമാണ് ഒരുവനെ ബുദ്ധനാക്കുന്നത്. മറ്റ് നാല് ജ്ഞാനേന്ദ്രിയങ്ങൾ നൽകുന്ന അനുഭവങ്ങളുടെ പിന്നാലെ ഒരിക്കലും പോവുകയില്ല. കാരണം അവ മായയാണ്. എന്നാൽ വേദന മായയാണെന്ന് തെളിയിക്കാൻ ഒരു കാലത്തും ഒരു ജന്മത്തിലും മനുഷ്യന് കഴിയില്ല. ഇവിടെയാണ് ബോധശാസ്ത്രം മറ്റു ശാസ്ത്രങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നത്. ഭൗതികശാസ്ത്രങ്ങളും ആത്മീയ ശാസ്ത്രങ്ങളും വേദന എന്താണെന്നും അവയെ എങ്ങിനെ അടിച്ചമർത്താമെന്നുമാണ് അന്വേഷിക്കുന്നത്. എന്നാൽ ബോധശാസ്ത്രം അതിന്റെ സ്രോതസ്സാണ് അന്വേഷിക്കുന്നത്. സ്രോതസ്സ് കണ്ടെത്തിയാൽ മാത്രമെ അതിനെ എന്നന്നേയ്ക്കുമായി ഇല്ലാതാക്കാൻ കഴിയുകയുള്ളു. വേദനയുടെ ഉറവിടം അന്വേഷിക്കുന്നവന്റെ പ്രതിഫലമാണ് മോക്ഷം. ബാക്കി എന്ത് അന്വേഷിച്ചാലും അതിനൊന്നിനും ഒരു പ്രതിഫലവും ലഭിക്കുകയില്ല.

**103. ശി:**-അഞ്ച് ജ്ഞാനേന്ദ്രിയങ്ങളിൽ കൂടി ബോധം തിരിച്ചറിവായി പ്രവർത്തിക്കുമ്പോഴാണ് ജാഗ്രത് എന്ന ഉണർവ്വ് യാഥാർത്ഥ്യമാകുന്നത് എന്നാണ് അങ്ങ് പറയുന്നത്. അവയിൽ കണ്ണ്,മൂക്ക്, നാക്ക്,ചെവി എന്നീ നാല് ജ്ഞാനേന്ദ്രിയങ്ങൾ നൽകുന്ന അനുഭവങ്ങളിൽ നിന്ന് ഉണരാൻ എളുപ്പമാണെന്നും എന്നാൽ മാംസം എന്ന ജ്ഞാനേന്ദ്രിയം നൽകുന്ന വേദനയിൽ നിന്നും സുഖത്തിൽ നിന്നും മാത്രം ഉണരാൻ ബോധോദയം ലഭിച്ച ബുദ്ധന് പോലും കഴിയുകയില്ല എന്നുമാണ് അങ്ങ് പറയുന്നു. ബോധോദയം സംഭവിച്ച ആർക്കും അത് കഴിഞ്ഞിട്ടില്ല എന്ന് അങ്ങ് തെളിയിക്കുകയും ചെയ്യുന്നു. അതായത് ശാരീരിക വേദന മാത്രം മായയല്ല എന്ന് വ്യക്തമാകുന്നു. ഇത് ഒന്നുകൂടി വിശദീകരിക്കാമോ?

**മാസ്റ്റർ:-** മാംസം (സ്പർശേന്ദ്രിയം) ഒഴിച്ച് മറ്റ് നാല് ജ്ഞാനേന്ദ്രിയങ്ങൾ നൽകുന്ന അറിവിൽ നിന്നും അനുഭവങ്ങളിൽ നിന്നും ഉണരാൻ എളുപ്പം തന്നെയാണ്. വികാരങ്ങളെ നിസ്സംഗമാക്കി ബോധത്തെ ഉയർത്തുക. അപ്പോൾ നശ്വരത അനുഭവമാകുകയും അതോടെ താൻ നേടിയ സമ്പത്തുക്കളെല്ലാം നന്ദിയും വിശ്വസ്തതയും ഉള്ളവരും ബന്ധുക്കളല്ലാത്തവരുമായ വ്യക്തികളെ ഏൽപ്പിച്ച് സ്വതന്ത്രനാകുക. അതോടെ ബോധോദയം ലഭിക്കുകയും ബുദ്ധനായി മാറുകയും മേൽപ്പറഞ്ഞ നാല് ജ്ഞാനേന്ദ്രിയങ്ങളുടെ മായയിൽ നിന്ന് പുറത്തുകടക്കാൻ കഴിയുകയും ചെയ്യും. അതിന് ക്വാണ്ടം ബലതന്ത്രത്തിന്റെ പരീക്ഷണ നിരീക്ഷണങ്ങളോ വേദാന്ത പഠനങ്ങളുടെയോ ആവശ്യമില്ല. എന്നാൽ ബോധം ഉയർത്താൻ അഥവാ വികാരങ്ങളെ നിസ്സംഗമാക്കാൻ അഭിമാനം എന്ന ഈഗോ അനുവദിക്കുകയില്ല. അഭിമാന ത്തിന് പൊസിറ്റീവ് നെഗറ്റീവ് അവസ്ഥകളില്ല. ഏറ്റവും ശക്തിയേറിയ സ്വാർത്ഥതയു

ടെയും ദുരാഗ്രഹത്തിന്റെയും പ്രോഗ്രാമാണ് അഭിമാനം. അഭിമാനം ഇല്ലാതാക്കിയാലെ ബോധം ഉയരുകയുള്ളു. മനുഷ്യനെ സംബന്ധിച്ച് ഏത് ദരിദ്രനിൽ പോലും ശക്തമായി നിലനിൽക്കുന്ന അഭിമാനത്തെ ഇല്ലാതാക്കാൻ എളുപ്പമല്ല. അതുകൊണ്ടാണ് ബോധം ഉയർത്താൻ ഞാൻ സ്ഥാപിച്ച സ്കൂൾ ഒരു പരാജയമായി മാറിയത്. എന്തെല്ലാം വെറുതെ കൊടുത്താൽ പോലും അത് സ്വീകരിച്ച് അഭിമാനത്തെ ഇല്ലാതാക്കാൻ ആർക്കും കഴിയുകയില്ല. പട്ടിണികിടന്ന് മരിക്കേണ്ടി വന്നാലും ക്രൂരമായ വേദനകൾ സഹിച്ച് ജീവിക്കേണ്ടി വന്നാലും അഭിമാനത്തെ മനുഷ്യർക്ക് കൈവെടിയാൻ കഴിയുകയില്ല. മരണ സമയത്ത് പോലും ഞാൻ ഒരു വ്യക്തിയാണെന്ന അഭിമാനം നിലനിൽക്കുന്നതു കൊണ്ടാണ് വീണ്ടും മാംസത്തിൽ പ്രത്യക്ഷപ്പെടേണ്ടി വരുന്നതും ബോധത്തെ ലികായി സ്വീകരിക്കേണ്ടി വരുന്നതും.

ധീരനായ ഒരുവൻ അഭിമാനത്തെ ഇല്ലാതാക്കി ബുദ്ധനായാൽ പോലും അഞ്ചാമത്തെ ജ്ഞാനേന്ദ്രിയമായ മാംസം കൊണ്ട് ഉണ്ടാകുന്ന വേദനയിൽ നിന്നും സുഖത്തിൽ നിന്നും എങ്ങിനെ ഉണരും? എല്ലാ ആൾദൈവങ്ങളും മിസ്റ്റിക്കുകളും പരാജയപ്പെട്ടത് ഇവിടെയാണ്. ഉയർന്ന ബോധം കൊണ്ടോ, നിസ്സംഗത കൊണ്ടോ, ത്യാഗം കൊണ്ടോ വേദനയെയും സുഖത്തെയും സ്പർ ശിക്കാൻ കഴിയില്ല. അതായത് ബുദ്ധൻ ആയതുകൊണ്ട് മോക്ഷം കിട്ടണമെന്നോ നിർവ്വാണ പ്രാപിക്കണമെന്നോ ഇല്ല. സെന്റ് ഫ്രാൻസീസ് അസ്സീസിയെപ്പോലെ ലൈംഗിക സുഖം വന്നാൽ റോസമുള്ളിൽ കിടന്ന് ഉരുണ്ട് ലൈംഗിക സുഖത്തെ വേദനയാക്കി മാറ്റാം. എന്നാൽ എന്തിൽ കിടന്ന് ഉരുണ്ടാൽ വേദന **ഇല്ലാതാകും** എന്നതാണ് പ്രശ്നം.

വേദനയെ ബോധശാസ്ത്ര ബ്രഹ്മചര്യം കൊണ്ട് ഒരു പരിധിവരെ സുഖമാക്കി മാറ്റാം. വിശപ്പിന്റെയും ദാഹത്തിന്റെയും വേദനയെ ഭക്ഷണം കൊണ്ടും ജലം കൊണ്ടും പരിഹരിക്കാം. അമിതമായ ചൂടും തണുപ്പും ആധുനിക ശാസ്ത്രം ഉപയോഗപ്പെടുത്തി പരിഹരിക്കാം. മാരകമായ രോഗങ്ങൾ കൊണ്ടും അപകടങ്ങൾ കൊണ്ടും ഉണ്ടാകുന്ന വേദനയെ ശാശ്വതമായി എങ്ങിനെ ഇല്ലാതാക്കും? വീണ്ടും വീണ്ടും ദേഹത്തോട് ലിങ്ക് ചെയ്യുന്ന ബോധം വേദനയെ എന്നെന്നും തുടർന്നു കൊണ്ടു പോകുന്നുവെന്ന് തിരിച്ചറിയുകയും; നമുക്ക് ഇഷ്ടമുള്ള രീതിയിൽ ആരോഗ്യവും സമ്പന്നതയും ജാതിയും മതവും ഉള്ള ദേഹത്തെ തിരഞ്ഞെടുക്കാൻ അനുവദിക്കപ്പെടാതിരിക്കുകയും ചെയ്താൽ ; ജീവന്റെ വിഷമവൃത്തത്തിൽ നിന്നും എങ്ങിനെ പുറത്തുകടന്ന് ദേഹം സ്വീകരിക്കാതെ എന്നെന്നും നിലനിൽക്കാമെന്ന രീതി കണ്ടെത്തേണ്ടത് നമ്മുടെ ആവശ്യവും ലക്ഷ്യവുമായി മാറുന്നു. അതിനായി ജ്ഞാനികളും ശാസ്ത്രജ്ഞരും പരിശ്രമിക്കണം. ബോധശാസ്ത്ര രീതികൾ അതിനായി ഉപയോഗിക്കാൻ കഴിയുമോ എന്ന് ചിന്തിക്കണം. അല്ലാതെ പ്രപഞ്ചവും

ജീവനും ജീവിതവും മായയാണെന്ന് പറഞ്ഞതു കൊണ്ടോ തെളിയിച്ചതു കൊണ്ടോ കാര്യമില്ല.

സങ്കൽപ്പങ്ങളെ സങ്കൽപ്പങ്ങൾ കൊണ്ട് യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കാനും തെളിയിക്കാനും ഏത് കാലത്തും മനുഷ്യന് കഴിഞ്ഞിരുന്നു എന്ന് കാണാം. എന്നാൽ സങ്കൽപ്പങ്ങളെ ഇല്ലാതാക്കാൻ ഒരു കാലത്തും മനുഷ്യർക്കു കഴിഞ്ഞിട്ടില്ല. അതിനുള്ള മാർഗ്ഗം കണ്ടെത്തിയിട്ടുമില്ല.

ബോധശാസ്ത്രം ഇന്ന് നിലവിലുള്ള മറ്റു ശാസ്ത്രങ്ങളുമായി വ്യത്യസ്തമാകുന്നത് അവിടെയാണ്. സങ്കൽപ്പങ്ങൾ നൽകുന്ന അനുഭവങ്ങൾ എന്താണെന്നും അവ എത്രത്തോളം യാഥാർത്ഥ്യമാണ് എന്ന് പഠിക്കുന്നതു കൊണ്ട് അൽപ്പം ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞേക്കാം. അല്ലാതെ അത്തരം അന്വേഷണം കൊണ്ടും പഠനങ്ങൾ കൊണ്ടും ജീവിതത്തെ എന്നെന്നും സുഖത്തിലും സന്തോഷത്തിലും നിലനിർത്താൻ കഴിയുകയില്ല. അങ്ങിനെയാണെങ്കിൽ അവയുടെ പുറകേ പോയിട്ടും കാര്യമില്ല. വേദനയും ദുഃഖവും പ്രശ്നങ്ങളും മനുഷ്യന്റെ ജീവിതത്തെ മിക്കവാറും കീഴടക്കുകയും സുഖവും സന്തോഷവും സ്വർഗ്ഗവും സാന്ത്വനത്തിന്റെ വിശ്വാസമായി മാറുകയും ചെയ്തു കൊണ്ടിരിക്കും.

ഒരു വേദനയെ മാറ്റി മറ്റൊരു വേദനയെ നൽകുന്ന ഇന്നത്തെ ആധുനിക ചികിൽസാ രീതിയും വേദന സംഹാരികളും വേദനയുടെ ശാസ്ത്രീയമായ പരിഹാരമല്ല എന്നും മനസ്സിലാക്കാനുള്ള സാമാന്യ ബുദ്ധി ഇന്നത്തെ ഗവേഷകർക്കും അവ ഉപയോഗിക്കുന്ന സാധാരണ മനുഷ്യർക്കും ഉണ്ടാകണം. അല്ലെങ്കിൽ നിസ്സാരമായ പനിക്കും തലവേദനയ്ക്കും മരുന്നു കഴിച്ച് വൃക്കയും കരളും ഹൃദയവും നഷ്ടപ്പെട്ട് ധനസഹായം തേടുന്ന മനുഷ്യരുടെ എണ്ണം വർദ്ധിച്ചു കൊണ്ടേയിരിക്കും.

സ്വാർത്ഥതയും ജനസംഖ്യാവർദ്ധനവും നിയന്ത്രിക്കാൻ ജന്മനാ കഴിവില്ലാത്ത മനുഷ്യരെ സംബന്ധിച്ച് വേദനയെയും ദുഃഖത്തെയും ഇല്ലാതാക്കാൻ ബോധശാസ്ത്രത്തിലൂടെയുള്ള മോക്ഷമല്ലാതെ മറ്റൊരു മാർഗ്ഗമുണ്ടോ എന്ന് ശാസ്ത്രീയമായി ധാരാളം ഗവേഷണ പരീക്ഷണങ്ങൾ നടത്തിയ ശേഷമാണ് അനുഭവങ്ങൾക്ക് സാക്ഷിയായി മോക്ഷം നേടുന്ന മാർഗ്ഗം ബോധശാസ്ത്രമായി അവതരിപ്പിച്ചത്. വേദനയും ദുഃഖവും ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കുന്നവർക്ക് പ്രപഞ്ചവും ജീവനും ജീവിതവും മായയാണെന്ന് പറഞ്ഞു നടക്കാം, വിശ്വസിക്കാം വേദന വരുമ്പോൾ മാരകമായ വിഷം മരുന്നായി കഴിക്കാം മായാബോധം മറന്നുകളയുകയും ചെയ്യാം. എന്നാൽ ബുദ്ധിയുള്ളവന് അത് കഴിയുകയില്ല.

രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് ക്വാണ്ടം ബലതന്ത്രത്തിന്റെ സഹായമില്ലാതെ തന്നെ പ്രപഞ്ചവും ജീവനും ജീവിതവും മായ

യാണെന്ന് ശ്രീ ബുദ്ധൻ കണ്ടെത്തിയതു കൊണ്ടാണ് കൊട്ടാരവും കുടുംബജീവിതവും ഉപേക്ഷിച്ച് മായയിൽ നിന്നും എന്നന്നേയ്ക്കുമായി പുറത്തു കടക്കാൻ നിർവ്വാണ എന്ന മാർഗ്ഗം കണ്ടു പിടിച്ചത്. എന്നാൽ അദ്ദേഹം കണ്ടെത്തിയ മാർഗ്ഗത്തിന്റെ യഥാർത്ഥ ബ്ലൂ പ്രിന്റ് നമുക്ക് ലഭിച്ചില്ല. പുരോഹിതവർഗ്ഗം അത് നശിപ്പിച്ച് നിർവ്വാണയെ ഒരു അഭിപ്രായമാക്കി (മതം) മാറ്റി.

പ്രപഞ്ചവും ജീവനും ജീവിതവും മായയാണെന്ന് തെളിയിച്ച പ്രഗത്ഭരായ ഭൗതിക ശാസ്ത്രജ്ഞർക്ക് ഈ മായയിൽ നിന്ന് എങ്ങിനെ പുറത്തു കടക്കാമെന്ന് മാത്രം അറിയില്ല. അവർക്കതിൽ താൽപ്പര്യവുമില്ല. മായയിലെ മായ കണ്ടെത്തുകയാണ് അവരുടെ ലക്ഷ്യം. അതിനെ അവർ **Theory of Everything** എന്നാണ് പേരിട്ടിരിക്കുന്നത്. എന്താണ് ഇവയുടെയെല്ലാം പ്രയോജനമെന്ന് അവർക്ക് ചിന്തിക്കാൻ കഴിയുന്നില്ല.

മായയെ വീണ്ടും ശക്തമാക്കുക എന്ന ജോലിയാണ് ഇന്നത്തെ ശാസ്ത്രജ്ഞരും ആത്മീയ ജ്ഞാനികളും പുരോഹിതരും ചെയ്തു കൊണ്ടിരിക്കുന്നത്. അതിൽ എല്ലാവരും വിജയിക്കുകയും നോബൽ സമ്മാനം പങ്കിട്ടു നൽകുന്ന അവസ്ഥയിൽ എത്തുകയും ചെയ്യുന്നു.

ബോധോദയവും നിർവ്വാണയും മോക്ഷവുമെല്ലാം ഒരു തരം ഉണർവ്വാണ് **(awakening)** സ്വപ്നത്തിൽ നിന്നം ജാഗ്രത്തിലേക്ക് ഉണരുന്നതു പോലെ. ഉണർവ്വിന് ഒരിക്കലും മതമാകാനും ശാസ്ത്രമാകാനും പ്രസ്ഥാനമാകാനും പരിണാമമാകാനും മാറ്റമാകാനും യുക്തിയാകാനും പ്രതിഭാസമാകാനും സംഭവമാകാനും കഴിയില്ല. എന്നാൽ അതിന് അനുഭവമാകാൻ കഴിയും. സ്വപ്നത്തിൽ നിന്നും ഉണരുമ്പോൾ സ്വപ്നാനുഭവങ്ങൾ ഇല്ലാത്തതായിരുന്നുവെന്ന് മനസ്സിലാക്കാനും ജാഗ്രത് എന്ന മറ്റൊരു അനുഭവം ഉണ്ട് എന്ന് അറിയാനും കഴിയും. അതുപോലെ ജാഗ്രത്തിൽ നിന്ന് വീണ്ടും ഒന്നുകൂടി ഉണരാൻ കഴിയുമെന്നാണ് ബോധശാസ്ത്രം തെളിയിക്കുന്നത്. സ്വാർത്ഥതയ്ക്കും ആഗ്രഹങ്ങൾക്കും സാക്ഷിയാകുന്ന നിമിഷം അഥവാ അഭിമാനത്തെ ഇല്ലാതാക്കുന്ന നിമിഷം ജാഗ്രത്തിൽ നിന്നും ബോധം ഉയരുകയും വീണ്ടും ഒന്നു കൂടി തനിയെ ഉണരുകയും ചെയ്യും. അപ്പോൾ ജാഗ്രത്തിലെ അനുഭവങ്ങൾ നശ്വരമാണെന്നും മായയാണെന്നും അറിയുന്നതിനുപകരം അനുഭവമാകുകയും തുരീയമെന്ന ഏറ്റവും ഉയർന്ന ബോധതലത്തിലെ അനുഭവങ്ങൾ എന്താണെന്ന് തിരിച്ചറിയുകയും ചെയ്യും. വേദന നശ്വരമാണെന്നും ദുഃഖം മായയാണെന്നും അനുഭവപ്പെടുന്ന ഈ ബോധാവസ്ഥ ദേഹമുള്ളപ്പോൾ തന്നെ സാദ്ധ്യമാണ്.

ദേഹമുള്ളപ്പോൾ തന്നെയാണ് നാം നിദ്രയും സ്വപ്നവും ജാഗ്രതും അനുഭവിക്കുന്നത്. അതുപോലെ തന്നെ തുരീയവും ദേഹമുള്ളപ്പോൾ തന്നെ അനുഭവിക്കാൻ സാധിക്കുമെന്നാണ് ബോധശാസ്ത്രം തെളിയിക്കുന്നത്. അതിനാൽ ഏത് ബോധാവസ്ഥയിലാണ് നിലനിൽക്കേ

ണ്ടത് എന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദേഹം നിലനിൽക്കെയുള്ള മോക്ഷാവസ്ഥ നൽകുന്നു. ദേഹവും അതിന്റെ വേദനയും ദുഃഖവും ഇല്ലാത്ത ഒരു ബോധാവസ്ഥ മനുഷ്യൻ തിരിച്ചറിഞ്ഞാൽ അതിൽ നിലനിൽക്കാനല്ലാതെ വേദനയും ദുഃഖവും കൊണ്ട് സുഷുപ്തി പോലും നഷ്ടപ്പെടുന്ന ഒരു ബോധാവസ്ഥയിൽ നിലനിൽക്കാൻ ആരും ആഗ്രഹിക്കുകയില്ല. എന്നാൽ തുരീയമെന്ന ബോധാവസ്ഥയിലേക്ക് ഉണരാൻ കഴിഞ്ഞാൽ മാത്രമെ ഇത് സാദ്ധ്യമാകുകയുള്ളു.

ലൈംഗിക സുഖം മായയാണെന്ന് നമുക്ക് കണ്ടെത്താം. അതിനുള്ള കഴിവ് നമുക്കുണ്ട്. "ഷണ്ഡരായി ജനിക്കുന്നവരുണ്ട് ; മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുണ്ട് ; സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്." (മത്തായി 19,12) എന്ന് ബൈബിളിൽ ജീസസ് പറയുന്നുണ്ട്, അത് സത്യവുമാണ്. അങ്ങിനെ ഷണ്ഡനാകുന്നവനെ സംബന്ധിച്ച് ലൈംഗിക സുഖം മായയാണ്. എന്നാൽ ഷണ്ഡനുൾപ്പെടെ ആർക്കും വേദന മായയാണെന്ന് അനുഭവപ്പെടുകയില്ല. ഏത് മായയെയും യാഥാർത്ഥ്യമാണെന്ന് തോന്നിപ്പിക്കാനുള്ള കഴിവ് വേദനയ്ക്കുണ്ട്. എന്തെല്ലാം മായയാണെന്ന് തെളിയിച്ചാലും വേദന മാത്രം മായയാണെന്ന് തെളിയിക്കാൻ ഒരുകാലത്തും മനുഷ്യർക്ക് കഴിഞ്ഞിട്ടില്ല. ആവശ്യമുള്ളപ്പോൾ മാത്രം ശരീരത്തോട് ബോധത്തെ ലിങ്ക് ചെയ്യിക്കാൻ കഴിവുള്ള ഒരു യന്ത്രം കണ്ടെത്തേണ്ടിയിരിക്കുന്നു. എന്നാൽ അത് ശരീരത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനെ ബാധിക്കാനും പാടില്ല. എന്നാൽ മാത്രമെ വേദന മായയാണെന്ന് തെളിയിക്കാൻ കഴിയുകയുള്ളു. തത്വത്തിൽ ഇത് എളുപ്പമല്ല. കാരണം ലിങ്ക് നഷ്ടപ്പെടുത്തിയാൽ ബുദ്ധിക്ക് തിരിച്ചറിവ് നഷ്ടപ്പെടുകയും ലിങ്കിനെ പുനഃസ്ഥാപിക്കാൻ കഴിയാതാക്കുകയും ബുദ്ധി മൃഗാവസ്ഥയിൽ എത്തുകയും ചെയ്യുമെന്നർത്ഥം.

**104. ശി:-** ഒരു മനുഷ്യന്റെ വ്യക്തിത്വമാണ് അഭിമാനമായി മാറുന്നത്. അഭിമാനത്തെ പൊസിറ്റീവായാണ് എല്ലാവരും കണക്കാക്കുന്നത്. മനസ്സ് എന്ന് പറയുന്നതു തന്നെയാണ് അഭിമാനം. അഭിമാനത്തെ നിലനിർത്തുവാനും വർദ്ധിപ്പിക്കുവാനുമാണ് ഇന്നുവരെയുള്ള സമൂഹങ്ങൾ ശ്രമിച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള പോരാട്ടത്തെയാണ് ജീവിതം എന്ന് വിളിക്കുന്നത്. ജീവൻ പോലും അഭിമാനത്തിന്റെ മുന്നിൽ ഒന്നുമല്ല എന്ന് കാലം ഇന്നും തെളിയിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ബോധം ഉയർത്താനും അതിലൂടെ ജനന-മരണങ്ങളിൽ നിന്നും സ്വതന്ത്രമാകാനും അഭിമാനമാണ് തടസ്സം എന്ന് പറയുന്നത് എങ്ങിനെ ഉൾക്കൊള്ളാൻ കഴിയും. ഇതൊന്ന് വിശദീകരിക്കാമോ?

**മാസ്റ്റർ:-** അഭിമാനം ഒരു മാനസിക രോഗമാണ്. അതുകൊണ്ടാണ് മനസ്സ് ബോധത്തിലെ കാൻസറാണ് എന്ന് പറയുന്നത്. അഭിമാനം ശക്തമാകുമ്പോഴാണ് ആത്മഹത്യയും ഭ്രാന്തും സംഭവിക്കുന്നത്. മൃഗങ്ങളെക്കാൾ ക്രൂരന്മാരാകുന്നതും. മൃഗങ്ങളിൽ പോലും കാണാത്ത എല്ലാ

നെഗറ്റീവ് സ്വഭാവങ്ങളും മനുഷ്യരിൽ നിലനിൽക്കുന്നതും ദുഃഖം ഒരു തീരാശാപമായി ജീവിതാവസാനം വരെ തുടരുന്നതും അഭിമാനം എന്ന പിശാചിന്റെ പ്രവർത്തനം കൊണ്ടാണ്. മനുഷ്യരിൽ ഇന്നുവരെ വളർന്നിട്ടുള്ള എല്ലാ പൈശാചിക ശക്തികളും അഭിമാനത്തിൽ നിന്നാണ് ഉണ്ടായത്. ഇന്നു ലോകത്തുള്ള മുക്കാൽ ഭാഗം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പൈശാചിക ശക്തികളെ വളർത്തുന്ന കേന്ദ്രങ്ങളാണ്.

ഈ ഭൂമിയിൽ സുഖമായി ജീവിക്കാൻ അഭിമാനത്തിന്റെ ആവശ്യമില്ല എന്ന് മറ്റു ജീവജാലങ്ങളെ ശ്രദ്ധിച്ചാൽ മനസ്സിലാകും. സ്വന്തം അഭിമാനം മാത്രമല്ല ഭാര്യയുടെയും മക്കളുടെയും അഭിമാനം പോലും സംരക്ഷിക്കേണ്ട ഗതികേടാണ് മനുഷ്യർക്കുള്ളത്. അഭിമാനം ഇല്ലാത്തവന് മാനസിക ദുഃഖവും ഭയവും തീരെ ഉണ്ടാകുകയില്ല. അവനെ ചൂഷണം ചെയ്യുവാനും വഞ്ചിക്കുവാനും ആർക്കും സാദ്ധ്യമല്ല. അഭിമാനം കൂടുന്തോറും ബുദ്ധി നേരെ പ്രവർത്തിക്കുകയില്ല. അഭിമാനത്തെ ഉയർത്താൻ ശ്രമിക്കുമ്പോൾ ബുദ്ധി വികലമാകുന്നതു കാണാം. അഭിമാനത്തിന്റെ പേരിൽ നടന്ന എത്രയോ യുദ്ധങ്ങളും കൂട്ടക്കുരുതികളും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

ബോധം സ്വതന്ത്രമാണ്. സ്വതന്ത്രമായ ബോധത്തെയാണ് ഫ്രീ വിൽ എന്ന് പറയുന്നത്. മനുഷ്യനു മാത്രമെ ഫ്രീ വില്ലിനെ തിരിച്ചറിവായി ബുദ്ധിയിൽ പ്രയോഗിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ ഫ്രീ വിൽ മനുഷ്യർ അഭിമാനത്തെ നിലനിർത്തുവാനും ഉയർത്തുവാനുമാണ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. സ്വതന്ത്രമായ ബോധത്തെ സ്വതന്ത്രമായി അനുഭവിക്കാൻ കഴിയുമായിരുന്നിട്ടും എല്ലാവരും ഇതിനെ ആഗ്രഹപൂർത്തീകരണത്തിനായി ബുദ്ധിയിൽ സദാസമയവും ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

സ്വതന്ത്രമായ ബോധത്തെ നാം എന്തിനെങ്കിലും ഉപയോഗപ്പെടുത്തിയാൽ ആ നിമിഷം അതിന്റെ സ്വാഭാവികതയായ പരമാനന്ദം നഷ്ടപ്പെട്ട് അത് നമ്മുടെ സങ്കൽപ്പങ്ങളായി മാറുന്നു. അതായത് ബോധം സങ്കൽപ്പമായി അനുഭവപ്പെടും എന്നർത്ഥം. അഭിമാനവും ആഗ്രഹങ്ങളും സ്വാർത്ഥതയുമെല്ലാം അത്തരം സങ്കൽപ്പങ്ങളാണ്. ഈ സങ്കൽപ്പങ്ങൾ നാമരൂപങ്ങളാകുമ്പോഴാണ് അവയെ മായ എന്ന് വിളിക്കുന്നത്. മായയ്ക്ക് ഒരിക്കലും യാഥാർത്ഥ്യമാകാൻ കഴിയുകയില്ല. നാം അതിനെ മായ എന്ന് തിരിച്ചറിയാതെ യാഥാർത്ഥ്യമെന്ന് എത്രത്തോളം ശക്തമായി തിരിച്ചറിയുന്നുവോ അത്രത്തോളം മനസ്സിന്റെ സമനില തെറ്റാനുള്ള സാദ്ധ്യത വർദ്ധിക്കുകയാണ് ചെയ്യുന്നത്.

ശാരീരിക വേദനയാണ് ഈ മായയെ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്നത്. അതിനാൽ മായയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ വേദനയുടെ സ്രോതസ്സ് അന്വേഷിക്കണം. അപ്പോൾ വേദനയുടെ മുമ്പിൽ അഭിമാനവും സ്വാർത്ഥതയും ആഗ്രഹങ്ങളും മായയാണെന്ന് അനുഭവപ്പെടും. സ്ഥല-കാലങ്ങൾ ഇല്ലാത്തവയും ആപേക്ഷികവുമാണെന്ന്

മനസ്സിലാകും. ജനന-മരണങ്ങൾ വെറും തോന്നലുകളായിരുന്നുവെന്ന് ബോദ്ധ്യപ്പെടും. അതാണ് ജീവിച്ചിരിക്കേയുള്ള മോക്ഷം അഥവാ നിർവ്വാണ. ഈ സത്യം അനുഭവപ്പെട്ടില്ലെങ്കിൽ ദേഹത്തിന്റെ വിയോഗംവരെ ബോധം അഭിമാനമായി വേഷം മാറി നിലനിൽക്കും.

സ്വതന്ത്രമായ ബോധത്തെ സ്വതന്ത്രമായി നിലനിർത്തിയുള്ള ജീവിതത്തെ ബൗദ്ധ ജീവിതം എന്നും ബോധത്തെ സ്വാർത്ഥതക്കായി ഉപയോഗപ്പെടുത്തിയുള്ള ജീവിതത്തെ ഭൗതിക ജീവിതമെന്നും വിളിക്കാം. ബുദ്ധനായി ജീവിക്കുന്ന ഒരു മനുഷ്യനെ സംബന്ധിച്ച് ഈ ഭൂമി പറുദീസയാണ്. ബുദ്ധന്മാർ ജീവിക്കുന്ന ഏതു ഭൂമിയും പറുദീസയായി മാറും. സ്വതന്ത്രമായ ബോധത്തെ എന്തിനെങ്കിലും ഉപയോഗപ്പെടുത്തുന്നവൻ പിശാചിനു തുല്യമാണ്. കാരണം ഈ ജീവിത്തെ നിലനിർത്താൻ ബോധം ആവശ്യമില്ലായെന്ന് മറ്റു ജീവജാലങ്ങളെ ശ്രദ്ധിച്ചാൽ മനസ്സിലാകും സ്വാർത്ഥൻ പറുദീസയിൽ ജീവിച്ചാൽപ്പോലും അത് നരകമായി മാറും. ഒരിക്കലും നശിപ്പിക്കുവാനും ബുദ്ധികൊണ്ട് നേരെയാക്കാൻ കഴിയാത്തതുമായ ഒന്നാണ് നരകം. അതിൽ ആവർത്തിക്കുന്ന ജീവിതം ഇല്ലാതാക്കാൻ സാദ്ധ്യമല്ല. കാരണം അത് സങ്കൽപ്പമാണ്. സങ്കൽപ്പത്തെ ഇല്ലാതാക്കിയാൽ മാത്രമേ ആ നരകത്തിൽനിന്നും മോചനമുള്ളൂ.

സ്വതന്ത്രമായ ബോധം ദേഹത്തോട് ലിങ്ക് ചെയ്യപ്പെട്ടിരിക്കുന്നത് അതിനെ ഉപയോഗപ്പെടുത്താനല്ല മറിച്ച് അതിന്റെ പരമാനന്ദം മാംസത്തിൽ അനുഭവിക്കാനാണ്. ബോധം തന്നെ സങ്കൽപ്പിച്ച ദേഹത്തോട് ബോധം തന്നെ വീണ്ടും ലിങ്ക് ചെയ്യുമ്പോൾ എന്താണ് അനുഭവമെന്ന് നോക്കാനാണ്. ബോധത്തെ അഭിമാനത്തിനും സ്വാർത്ഥതയ്ക്കും ആഗ്രഹങ്ങൾക്കുമായും ഉപയോഗപ്പെടുത്താൻ അറിയാത്ത ഒരു പിഞ്ചു കുഞ്ഞ് ഭൂമിയെയും അതിലെ ജീവജാലങ്ങളെയും നക്ഷത്രങ്ങളെയും ചന്ദ്രനെയും സൂര്യനെയും കാണുമ്പോൾ അനുഭവിക്കുന്ന ആഹ്ലാദം എന്താണോ ആ നിഷ്കളങ്ക അനുഭവത്തിനു വേണ്ടിയാണ് ബോധം ദേഹത്തെ സങ്കൽപ്പിച്ചത്.

അഭിമാനം കൊണ്ടും സ്വാർത്ഥത കൊണ്ടും ദുരാഗ്രഹങ്ങൾ കൊണ്ടും കുട്ടികളെ **Condition** ചെയ്തില്ലായിരുന്നുവെങ്കിൽ അവർ എത്ര വലുതായാലും ആദത്തെയും ഹൗവയെയും പോലെ നിഷ്കളങ്കരായി ജീവിച്ചു മരിക്കുമായിരുന്നു. കൊച്ചുകുട്ടികൾ ജനന-മരണങ്ങൾ എന്തെന്ന് അറിയാത്തതു പോലെ അവരും ജനന-മരണങ്ങൾ അറിയുകയില്ല.

നിഷ്ക്കളങ്കരായ കുട്ടികളുടെ മനസ്സിലേക്ക് ആസക്തിയുടെ പ്രോഗ്രാം ആരാണ് കയറ്റിവിടുന്നത്? പുറമേ നിന്നുള്ള ഒരു ശക്തിയല്ല. ബോധം ബുദ്ധിയുമായി ലിങ്ക് ചെയ്യുമ്പോൾ ബുദ്ധിക്ക് ലഭിക്കുന്ന തിരിച്ചറിവ് ഒരാകാംഷയെ സൃഷ്ടിക്കും. സ്വന്തം സങ്കൽപ്പ സൃഷ്ടികളുടെ അർത്ഥം എന്തെന്ന് അറിയാനുള്ള ജിജ്ഞാസ അഥവാ ഒരു

വിഡ്ഢിത്തം അഥവാ ഒരു വിവരക്കേട്, അതാണ് വേദനയെ സൃഷ്ടിച്ച മായയെ യാഥാർത്ഥ്യമാക്കി മാറ്റിയത് ! രണ്ട് വയസ്സ് പ്രായമുള്ള ഒരു കുഞ്ഞ് ഒരിക്കലും ഇത് എന്താണ് അത് എന്താണ് എന്ന് ചോദിക്കാറില്ല. ഭംഗിയുള്ളതും ഇല്ലാത്തതുമായ എന്തു കണ്ടാലും അതിനെ വിടർന്ന കണ്ണുകളോടെ നോക്കി സന്തോഷിക്കും. പ്രായമാകുന്തോറും എന്തും അറിയാനുള്ള ആകാംഷ കുട്ടികളിൽ നിറഞ്ഞു തുടങ്ങുന്നു. മായയെ അഥവാ നശ്വരതയുടെ അർത്ഥം അന്വേഷിക്കുവാനുള്ള ഒരു ഭ്രാന്ത്.

ബുദ്ധൻ രണ്ട് വയസ്സുള്ള കുട്ടിയെപ്പോലെയാണ്. അയാൾ സ്വതന്ത്രമായ ബോധത്തിന്റെ പരമാനന്ദം മാത്രം അനുഭവിക്കുന്നവനാണ്. ബോധത്തെ ബുദ്ധൻ ഒന്നിനായും ബുദ്ധിയിൽ ഉപയോഗപ്പെടുത്തുകയില്ല. അതുകൊണ്ടാണ് അയാൾ നിസ്സംഗനായിരിക്കുന്നത്. പിഞ്ചു കുഞ്ഞിൽ നിഷ്ക്കളങ്കത സ്വാഭാവികമാണെങ്കിൽ ബുദ്ധനിൽ നിഷ്ക്കളങ്കത നിസ്സംഗതയായി പരിണമിക്കുന്നു എന്ന വ്യത്യാസമേയുള്ളു. സാമാന്യ ബുദ്ധിയുള്ള ആർക്കും ഈ പരിണാമത്തിനു വിധേയമാകാൻ കഴിയും. അഭിമാനം എന്ന പൈശാചിക ശക്തിയെ അഥവാ അധമത്വത്തെ ഉപേക്ഷിക്കാനുള്ള ചങ്കൂറ്റം മാത്രം മതി.

**ശി:-** എന്റെ മനസ്സ് ബോധോദയത്തിലേക്കും അവിടെ നിന്ന് മോക്ഷത്തിലേക്കും പരിണമിക്കാൻ പാകമായി എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ വാസന-ആരാധന-സാധനാദോഷങ്ങൾക്ക് സാക്ഷിയാകാൻ അറപ്പ്, വെറുപ്പ്, ലജ്ജ എന്നീ വികാരങ്ങളെ ഇല്ലാതാക്കാനും വികാരങ്ങളെ സൂക്ഷ്മമായി പരിശോധിക്കാനും ഞാൻ തീരുമാനിച്ചു കഴിഞ്ഞു.

വികാരാനുഭവങ്ങൾ പൂർണ്ണമായും ഇല്ല എന്നനുഭവപ്പെടുത്താൻ അങ്ങയുടെ സഹായം കൂടിയെ തീരു എന്ന് ഞാൻ അറിയുന്നു. ബുദ്ധി കൊണ്ട് സൂത്രത്തെ മെനഞ്ഞ് വികാരങ്ങളെ നിലനിർത്താനുള്ള മനസ്സിന്റെ കഴിവ് അപാരമാണെന്ന് എനിക്കറിയാം. തികഞ്ഞ ഒരു ഗുരുവിനു മാത്രമെ അത്തരം സൂത്രങ്ങളെ ബോദ്ധ്യപ്പെടുത്തിത്തരാൻ കഴിയുകയുള്ളു.

അനുഭവിക്കുന്നു എന്നും അനുഭവിക്കുന്നില്ല എന്നും ഭ്രമിപ്പിക്കുവാൻ മനസ്സിന് കഴിയും. അതായത് അനുഭവിക്കുന്നു എന്ന ഒരു വികാരം അനുഭവിക്കുന്നില്ല എന്നും തിരിച്ചും ഭ്രമത്തിലൂടെ ബോദ്ധ്യപ്പെടുത്തി തരാൻ മനസ്സിന് നിഷ്പ്രയാസം കഴിയുമെന്നർത്ഥം. അത്തരം ചതിക്കുഴികളിലാണ് ജ്ഞാനികൾ എന്നും പതിച്ചിട്ടുള്ളത്.

മറ്റൊരു രീതിയിൽ പറഞ്ഞാൽ മസ്തിഷ്കം ഒരു മെമ്മറി കാർഡാണ്. അത് സ്വയം റീഡ് ചെയ്യുകയും കോഡ് ചെയ്യുകയും ചെയ്യുന്നു. അതിനാൽ അതിനെ സഹജാവബോധം എന്ന് വിളിക്കാം. എല്ലാ ജീവജാലങ്ങളിലും ബോധം ഇങ്ങനെ സഹജാവബോധമായി പ്രവർത്തിക്കു

ന്നു. എന്നാൽ മനുഷ്യനിൽ മാത്രം ഈ മെമ്മറി കാർഡ് റീഡ് ചെയ്യാൻ സാക്ഷാൽ ബോധം (ദൈവം) തന്നെ ലിങ്കായി വരുന്നു. അങ്ങിനെ ദൈവം താൻ തന്നെ സങ്കൽപ്പിച്ച് ഉണ്ടാക്കിയ സഹജാവബോധത്തിന്റെ പ്രവർത്തനത്തെ സ്വയം തിരിച്ചറിയുകയും ദേഹം 'ഞാൻ' ആണെന്നും 'എന്റേത്" ആണെന്നും തെറ്റായി ധരിക്കുകയും ചെയ്യുക മാത്രമല്ല സ്വാർത്ഥത കൊണ്ടും വികാരങ്ങൾ കൊണ്ടും ഈ അനുഭവത്തെ ശക്ത മാക്കുകയും ചെയ്യുന്നു. അങ്ങിനെ സ്വന്തം സങ്കൽപ്പ സൃഷ്ടിയിൽ തന്നെ കുടുങ്ങിപ്പോകുന്നു.

മനസ്സു കൊണ്ട് മനസ്സിനെ എന്നന്നേയ്ക്കുമായി ഇല്ലാതാക്കാൻ കഴിയുമെന്നാണ് വേദാന്തങ്ങൾ പഠിപ്പിക്കുന്നത്. എന്നാൽ മനസ്സു കൊണ്ട് മനസ്സിനെ ഇല്ലാതാക്കാൻ കഴിയണമെങ്കിൽ ബുദ്ധി നൽകുന്ന ആജ്ഞകൾ വ്യക്തവും കൃത്യവുമായിരിക്കണം.

ബുദ്ധി, കമ്പ്യൂട്ടർ ഹാർഡ്‌വെയർ പോലെ ഒരു ഉപകരണമാണ്. നിസ്സംഗതയെ പൊസിറ്റീവ് നെഗറ്റീവ് വികാരങ്ങളായി വിഭജിക്കുക യാണ് അതിന്റെ ജോലി. ദേഹകോശങ്ങളിലും മനസ്സിലും വച്ചിരിക്കുന്ന ഡി-ഫോൾട്ട് പ്രോഗ്രാമുകളെ (സഹജ വാസനകളെ) വികാരങ്ങളായി ബുദ്ധി തനിയെ വിഭജിച്ചു കൊണ്ടിരിക്കുന്ന രീതിയിലാണ് എല്ലാ ജീവ ജാലങ്ങളെയും സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ മനുഷ്യനിൽ മാത്രം സഹജാവബോധം കൂടാതെ അവബോധം കൂടി ഉള്ളതിനാൽ" ഞാൻ അനുഭവിക്കുന്നു" അതുകൊണ്ട് "ഞാൻ നിലനിൽക്കുന്നു" എന്ന് ഭ്രമി ക്കുന്നതിനാൽ മനുഷ്യന്റെ ജീവിതം മറ്റു ജീവജാലങ്ങളേക്കാൾ കൂടു തൽ അനുകമ്പാർഹമാകുന്നു. ഉയർന്ന ബോധത്തിൽ നിന്നു കൊണ്ടു നൽകുന്ന ആജ്ഞകൾ മാത്രമെ വ്യക്തവും കൃത്യവും ആയിരിക്കുകയു ള്ളു. അവയ്ക്കു മാത്രമെ നശ്വരത,നശ്വരതയെന്നും സ്വാർത്ഥതയെ സ്വാർത്ഥതയെന്നും അനുഭവപ്പെടുത്താൻ കഴിയുകയുള്ളു.

ഉയർന്ന ബോധതലമായ തുരീയത്തിൽ എത്തിയാൽ മാത്രമെ, അതായത് വികാരങ്ങൾ ഇല്ലാതായാൽ മാത്രമെ ഇത്തരം ആജ്ഞകൾ നൽകാൻ കഴിയുകയുള്ളു എന്ന് ഞാൻ മനസ്സിലാക്കുന്നു. താഴ്ന്ന ബോധത്തിലെ വൈറസാണ് വികാരങ്ങൾ. വികാരങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് അവബോധത്തിന് ശരിയായ വിധത്തിൽ ആജ്ഞകൾ നൽകാൻ കഴിയില്ല. അതുകൊണ്ട് ഏത് ബുദ്ധിജീവിയുടെയും ബുദ്ധി സത്യത്തെ കണ്ടെത്തുകയില്ല.

വികാരങ്ങളെന്ന 'വൈറസ്" ജീവിതത്തിന് ആവശ്യമാണെന്നാണ് സമൂ ഹവും മതങ്ങളും പഠിപ്പിക്കുന്നത്. അതിനാൽ വികാരങ്ങളെന്ന 'വൈറസ്" ബാധിച്ച ബോധം താൻ ഭ്രമിക്കുന്നു എന്ന് മനസ്സിലാക്കുകയില്ല.

മനസ്സു തന്നെയാണ് ബോധം. വികാരാനുഭവങ്ങളാണ് ബോധത്തെ മനസ്സാക്കി മാറ്റുന്നത്. വികാരങ്ങൾ അനുഭവമാകണമെ ങ്കിൽ രാസവസ്തുക്കൾ ഉണ്ടാകണം. അതിന് ദേഹമെന്ന മാധ്യമം

കൂടിയെ തീരൂ. അതിനാൽ മനസ്സു കൊണ്ട് മനസ്സിനെ ഇല്ലാതാക്കുക എന്ന് പറഞ്ഞാൽ വികാരങ്ങൾ കൊണ്ട് വികാരങ്ങളെ ഇല്ലാതാക്കുക എന്നാണർത്ഥം. അതൊരിക്കലും സാദ്ധ്യമല്ല എന്ന് ബോധശാസ്ത്രം തെളിയിച്ചിട്ടുണ്ട്. മാത്രമല്ല നെഗറ്റീവ് മിസ്റ്റിക് ഊർജ്ജത്തിന്റെ സാന്നിദ്ധ്യവും വികാരങ്ങളുടെ സ്വയം നിർണ്ണയ ശേഷിയും കൂടിച്ചേർന്നാൽ അനുഭവങ്ങൾ യാഥാർത്ഥ്യമല്ല എന്ന് ഒരു ജ്ഞാനിക്കും ബുദ്ധിമാനും ഒരു കാലത്തും ഒരു ജന്മത്തിലും തോന്നുകയില്ല. കാരണം ബോധത്തിന്റെ നാല് ഗുണങ്ങളിൽ ഒന്നായ ശ്രദ്ധയെ ഉപാധികളില്ലാതെ ഉപയോഗപ്പെടുത്തുവാൻ മനുഷ്യന് സ്വാഭാവികമായി കഴിവില്ല. അതിന് കഠിനവും ത്യാഗപൂർണ്ണവും ആത്മാർത്ഥതയുമുള്ള പരിശീലനം ആവശ്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

അനേകായിരം വാസനകളുടെ പ്രോഗ്രാമുകൾ കൊണ്ട് നിറഞ്ഞ മനസ്സ് റീ-പ്രോഗ്രാമിങ്ങിലൂടെ ആത്മീയതയുടെ ഏതനുഭവവും ഉണ്ടാക്കി കാണിക്കും. അതിൽ അനുഭവങ്ങളില്ല എന്ന അനുഭവം പോലും ഉണ്ടാക്കി കാണിക്കാൻ അതിനു കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

അങ്ങു പഠിപ്പിക്കുന്നത് ഡി-പ്രോഗ്രാമിങ്ങ് എന്ന സാക്ഷിത്വമാണ്. മനസ്സിനെ ഏർപ്പെടുത്താത്ത ഒന്നാണത്. മനസ്സിനെ അവഗണിക്കുന്ന രീതിയാണ് അത്. വാസനകളെന്ന പ്രോഗ്രാമുകളുണ്ടാക്കുന്ന വികാരങ്ങളെ ഡിലീറ്റ് ചെയ്ത് മനസ്സിനെ എന്നന്നേക്കുമായി ഇല്ലാതാക്കുന്ന രീതിയാണത്. ബോധശാസ്ത്രം അത്തരം ഒരു രീതിയിൽ നിന്ന് വികസിപ്പിച്ചെടുത്തതാണ്. അതിനാൽ ഈ പുതിയ ശാസ്ത്രത്തിലൂടെ ജനന-മരണ ഭ്രമങ്ങളിൽ നിന്നും മോചിപ്പിക്കപ്പെട്ട് നിത്യമായ പരമാനന്ദ സുഖമെന്ന ഉയർന്ന ബോധാവസ്ഥയിലേക്ക് (തുരീയം) എന്റെ ബോധത്തെ ഉണർത്തുവാൻ എന്നെ സഹായിക്കണമെന്ന പ്രാർത്ഥനയോടെ അങ്ങയെ നമസ്കരിക്കുന്നു.

NB:- അനേക വർഷത്തെ സൂക്ഷ്മമായ പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ രൂപപ്പെടുത്തിയ ആധുനിക മനുഷ്യന്റെ ആത്മീയതയാണ് ബോധശാസ്ത്രം. അതിനാവശ്യമായ ധാരാളം തെളിവുകളും ശേഖരിക്കപ്പെട്ടിട്ടുണ്ട്. അവയെല്ലാം കൂടുതലായി അറിയണം എന്നാഗ്രഹിക്കുന്നവർക്ക് **നാൻസെൻ സ്കൂൾ ഓഫ് എവേയ്റോളജിയെ** സമീപിക്കുകയോ 'ബോധശാസ്ത്രത്തിന് ഒരു പാഠ പുസ്തകം' എന്ന കൃതി വായിക്കുകയോ ചെയ്യാം. നിങ്ങളുടെ ഏത് സംശയങ്ങൾക്കും താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാം.

Tel : 09496520103, 09496520108